
Rs.2/-

ദക്ഷിണ ഭാഷാ ഗ്രന്ഥമണ്ഡലത്തിന്റെ
ആദിമധ്യത്തിൽ പ്രസിദ്ധപ്പെടുത്തുന്നത്



ഫിഫിസ്റ്റ്യൂകിഫ്

...ഗമായ പ്രതിഭയും വിശാലമായ ഉ...
ഇണങ്ങുന്നതോന്ന ഒര... മസ്പർശി കൃത...

LS
Em

ആൽബർട്ട് ഐൻസ്റ്റയിൻ




ALBERT EINSTEIN

by
CATHERINE PEARE

Translated by
S. PARAMESWARAN

Published under the auspices of the Southern Languages Book Trust



Published by
ULLUR PUBLISHERS,
Jagathy, Trivandrum.

ആൽബർട്ട് ഐൻസ്റ്റയിൻ

ഗ്രന്ഥകർത്രി
കതെറയിൻ പീയറി



വിവർത്തകൻ
എസ്. പരമേശ്വരൻ

DHARMARAM COLLEGE LIBRARY, BANGALORE. 9914

പ്രസാധകന്മാർ
ഉള്ളൂർ പബ്ലിഷേർസ്,
ജഗതി, തിരുവനന്തപുരം.

ഒന്നാംപതിപ്പ് 5000 കോപ്പി
അക്ടോബർ 1957
വില 2 ക.

Original in English published by
HENRY HOLT & Co. Inc ... NEW YORK
Copy right 1949 by Henry Holt & Co. Inc., N. Y.

Printed at
The E. S. D. Printing House,
Trivandrum.

ആമുഖം

ദക്ഷിണഭാഷാ ഗ്രന്ഥമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ പുറത്തുവരുന്ന ആദ്യത്തെ പ്രസിദ്ധീകരണങ്ങളെ ദക്ഷിണേന്ത്യക്കാക്കു പരിചയപ്പെടുത്തുകയാണു് ഈ ആമുഖത്തിന്റെ ഉദ്ദേശം. ''ഫോർഡ് ഫൌണ്ടേഷന്റെ'' ഔദാര്യത്തിന്റെയും ദീർഘദൃഷ്ടിയുടേയും ഫലമായിട്ടാണു് ഈ ഗ്രന്ഥമണ്ഡലം ആവിർഭവിച്ചതു്. തമിഴു്, തെലുങ്കു്, മലയാളം, കണ്ണാടകം എന്നീ ദാക്ഷിണാത്യഭാഷകളിൽ നല്ല പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതിനു വേണ്ട പ്രോത്സാഹനം നൽകുവാൻ ഫോർഡ് ഫൌണ്ടേഷൻ തീരുമാനിച്ചു. സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഗുണമേറിയവയും, സാമാന്യേന വിലകുറഞ്ഞവയുമായ പുസ്തകങ്ങളെയാണു് നല്ല പുസ്തകങ്ങൾ എന്നതുകൊണ്ടിവിടെ വിവക്ഷിച്ചിട്ടുള്ളതു്. ഫോർഡ് ഫൌണ്ടേഷന്റെ പ്രതിനിധികളും ദക്ഷിണേന്ത്യയിലെ എട്ടു യൂണിവേഴ്സിറ്റികളുടെ വൈസ് ചാൻസലർമാരും കൂടിയാലോചനകൾ നടത്തിയതിനു ശേഷമാണു് ഗ്രന്ഥമണ്ഡലം രൂപവൽക്കരിച്ചതു്. പലേയിനത്തിൽപ്പെട്ട മേത്തരം വിലകുറഞ്ഞ പുസ്തകങ്ങൾ ദാക്ഷിണാത്യഭാഷകളിൽ വിപുലമായ തോതിൽ പ്രസിദ്ധീകരിയ്ക്കുന്നതിനെ സഹായിക്കുകയാണു് മണ്ഡലത്തിന്റെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യത്തെ മുൻനിർത്തി ഒരു ത്രിവത്സരപദ്ധതി ആവിഷ്കരിക്കപ്പെട്ടു. അതിന്റെ പ്രഥമഫലമാണു് ഈ പ്രസിദ്ധീകരണങ്ങൾ. പുസ്തകങ്ങൾ തിരഞ്ഞെടുക്കുന്ന വിഷയത്തിൽ പാണ്ഡിത്യപരമായ കൃതികൾ ഒഴിച്ചുനിർത്തുവാൻ

ശ്രമിച്ചിട്ടുണ്ട്. കാരണം വ്യക്തമാണ്. അത്തരം കൃതികളിൽ ചുരുക്കംപേക്കേ താല്പര്യംകാണൂ. ഇംഗ്ലീഷു നിശ്ചയമില്ലാത്ത മാതൃഭാഷാപരിജ്ഞാനമുള്ള അനവധിപേർ പൊതുജനങ്ങളുടെ ഇടയിലുണ്ട്. ലളിതമായ രീതിയിൽ എഴുതിയിട്ടുള്ള പുസ്തകങ്ങൾ അവർക്കു വായിക്കുവാൻ കൊടുക്കുകയാണ് ഗ്രന്ഥമണ്ഡലത്തിന്റെ പ്രധാന ലക്ഷ്യം. അത്തരം പുസ്തകങ്ങൾ സാധാരണക്കരനു വായിച്ചാൽ മനസ്സിലാവണം; വായിക്കുന്നതുകൊണ്ട് ഗുണവും വായിക്കുന്നതിൽ രസവും കാണണം; തന്നെയല്ല, വായിച്ചാൽ അറിവു വർദ്ധിക്കുകയും അതോടുകൂടി മാനസികോല്ലാസം വളത്തുവാൻ കഴിയുകയും വേണം.

സാഹിത്യഗുണമുള്ള നൂതനകൃതികൾ; സാംസ്കാരികവും ശാസ്ത്രീയവുമായ വിഷയങ്ങളെപ്പറ്റി പ്രത്യേകം എഴുതപ്പെട്ട ഗ്രന്ഥങ്ങൾ; ലോകത്തിലെ ഇതരഭാഷകളിലെ പല മഹൽ ഗ്രന്ഥങ്ങളുടേയും തർജ്ജമകൾ—ഇവയെല്ലാം നാല്പ ഭാഷകളിലും പ്രസിദ്ധപ്പെടുത്തുന്നതിനുവേണ്ട ഒത്താശകൾ പദ്ധതിയിലടങ്ങിയിട്ടുണ്ട്.

"കുറഞ്ഞ വിലയ്ക്കു മേത്തരം പുസ്തകങ്ങൾ"—ഇതാണ് ചുരുക്കത്തിൽ ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിന്റെ മുദ്രാവാക്യം, ആദ്യമായി പുറത്തുവരുന്ന ഈ പ്രസിദ്ധീകരണങ്ങൾ ഇപ്പറഞ്ഞ ലക്ഷ്യത്തിലെത്തിയിട്ടുണ്ടോ എന്നു തീർച്ചപ്പെടുത്തേണ്ടതു പൊതുജനങ്ങളാണ്. ഈ ഉദ്യമത്തിന്റെ ഫലവും പ്രയോജനവും അനുഭവപ്പെടണമെങ്കിൽ ഒരു പത്തുകൊല്ലം കഴിയണം. പക്ഷെ, ദീർഘദൃഷ്ടിയുള്ള ഏതൊ

രാൾക്കും ഇതിന്റെ പ്രാധാന്യം കണ്ടറിയാൻ കഴിയും. ഇതിന്റെ സാദ്ധ്യതകൾ അപാരമാണ്. വിപുലമായ തോതിൽ പ്രവർത്തിക്കുന്ന ഒരു വിതരണപദ്ധതിയുടെ സഹായമുണ്ടെങ്കിൽ കുറഞ്ഞ വിലയുള്ള ഈ പുസ്തകങ്ങൾക്കു ദക്ഷിണേന്ത്യയുടെ ഓണം കേറാ മൂലയിൽക്കൂടി എത്താൻ കഴിയും. നാട്ടിന്റെ നട്ടെല്ലായ നാട്ടുകാരുടെ ദൈനംദിനജീവിതത്തിൽ കാന്തിയും കുളിർമയും വിളമ്പുവാൻ അവയ്ക്കു സാധിക്കുകയും ചെയ്യും.

തമിഴ്, തെലുങ്ക്, മലയാളം, കന്നഡം എന്നീ നാലു ഭാഷകളിൽ മാത്രം പ്രസിദ്ധീകരണങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഗ്രന്ഥമണ്ഡലം തീർച്ചപ്പെടുത്തിയതിനു കേവലം അർത്ഥമില്ലായ്കയില്ല. മേല്പറഞ്ഞവയാണ് ദാക്ഷിണാത്യഭാഷകൾ. വിന്ധ്യനു തെക്കുള്ള ഭാഗങ്ങളെല്ലാം പണ്ടു ദക്ഷിണപാദമെന്ന പേരിലറിയപ്പെട്ടിരുന്നതാണ്. പക്ഷെ, സാംസ്കാരികമായി നോക്കുകയാണെങ്കിൽ ആ പേരുകൊണ്ടു സൂചിപ്പിക്കുന്നതു മേല്പറഞ്ഞ നാലു ദ്രാവിഡഭാഷകൾ സംസാരിക്കുന്നവരെയാണ്. ഈ ഭാഷകൾ ഒരു പ്രത്യേക വിഭാഗമായിത്തീർന്നിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. ദ്രാവിഡം എന്ന സംജ്ഞ ഉപയോഗിക്കുവാൻ എനിക്കു നന്നേ മടിയുണ്ട്. കാരണം ആ വാക്കു ഭാഷാപരമായും നരവംശശാസ്ത്രസംബന്ധമായും ഉള്ള ബന്ധങ്ങളെ കാണിക്കുന്നതിനു പകരം രാഷ്ട്രീയമനോഭാവങ്ങളെ കാണിക്കാനാണിപ്പോൾ ഉപയോഗപ്പെടുത്തുന്നതു്. ഈ നാലുഭാഷകളും തമ്മിലുള്ള യോജിപ്പിനപ്പുറമെ, ഇന്ത്യയിലെ ഇതരഭാഗങ്ങളിൽനിന്നു ദക്ഷിണദേശത്തെ വേർതിരിക്കുന്ന ഒരു പൊതുസംസ്കാരവും നിലവിലു

ണ്ടെന്നു പറയാം. കണ്ണാടകരീതി എന്നു പൊതുവിലറിയപ്പെട്ടുന്ന ഒരു പ്രത്യേക സംഗീതസമ്പ്രദായംതന്നെയുണ്ട്. അതുപോലെതന്നെ, ദക്ഷിണേന്ത്യയിലെ തച്ചുശാസ്ത്രത്തിനും കൊത്തുപണിക്കും പ്രത്യേകതകളുണ്ട്. നാട്ടനടപ്പ്, കർമ്മക്രിയാദികൾ, ആചാരാനുഷ്ഠാനങ്ങൾ എന്നിവക്കും ശ്രദ്ധേയമായ ഐകരൂപ്യമുണ്ട്.

ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിന്റെ പ്രസിദ്ധീകരണങ്ങൾ ദക്ഷിണേന്ത്യയിലെ വ്യത്യസ്തമായ ഈ സാംസ്കാരിക മൂല്യത്തെ ദർപ്പണംചെയ്യുമെന്നു ഞാനാശിക്കുന്നു. അതേ സമയത്തുതന്നെ, പൊതുവിൽ ഭാരതീയസംസ്കാരത്തെപ്പറ്റിയും, അന്യഭാഷകളിലുള്ള മഹൽഗ്രന്ഥങ്ങളുടെ ഭാഷാന്തരങ്ങൾ വഴി ലോകസംസ്കാരത്തെപ്പറ്റിയും ഉള്ള ഗ്രന്ഥങ്ങൾ പദ്ധതിയിലുൾപ്പെടുത്തി പ്രാദേശികതപ്പമെന്ന ആപത്തിനെ വർജ്ജിക്കുകയും ചെയ്യുമെന്നു ഞാനാശിക്കുന്നു.

പി. വി. രാജമന്നാർ

അവതാരിക

ഐൻസ്റ്റയിന്റെ മഹത്വത്തിനു് ലോകം നൽകീട്ടുള്ള ഏറ്റവും ഹൃദയാവർജ്ജകമായ ബഹുമതി ന്യൂയാക്കുനഗരത്തിൽ ഈയിടെ പ്രതിഷ്ഠിക്കപ്പെട്ട റിവർസൈഡ് ചർച്ച് (Riverside Church) എന്ന ദേവാലയത്തിൽ മതമോ വർഗ്ഗമോ പരിഗണിക്കാതെ, നാളിതുവരെ സാവ്കാലിക പ്രശസ്തിയാർജ്ജിച്ചിട്ടുള്ള പതിനാല്യ മഹാശാസ്ത്രജ്ഞന്മാരിൽ ഒരുവനായി ഐൻസ്റ്റയിനെ ഉൾപ്പെടുത്തി അദ്ദേഹത്തിന്റെ രൂപം കൊത്തിയെടുത്തുവെച്ചിട്ടുണ്ടെന്നുള്ളതാണു്. അതുവരെ അജ്ഞാതനായിരുന്ന ഐൻസ്റ്റയിന്റെ ആദ്യത്തെ ശാസ്ത്രസിദ്ധാന്തം (സാപേക്ഷതാവാദതത്വത്തിന്റെ പ്രഥമാവിഷ്കരണം) പ്രസിദ്ധപ്പെടുത്തിക്കണ്ടപ്പോൾ, ഈ സിദ്ധാന്തം ശരിയാണെന്നു് തെളിയുന്നപക്ഷം ഇതിന്റെ ഉപജ്ഞാതാവിനെ ഇരുപതാംനൂറ്റാണ്ടിലെ കോപ്പർനിക്കസ് (Copernicus) എന്ന അഭിധാനത്തിലായിരിക്കും ഭാവിതലമുറകൾ പ്രകീർത്തിക്കുന്നതെന്നു് അതിപ്രശസ്തനായ ഭൗതികശാസ്ത്രജ്ഞനും നോബൽസമ്മാനത്താൽ ബഹുമാനിതനുമായ മാക്സ് പ്ലാങ്ക് (Max plank) ജനതാമദ്ധ്യത്തിൽ പ്രഖ്യാപിച്ചു. 1921-ൽ ലണ്ടനിലെ ഒരു ബ്രിട്ടിഷുസദസ്സിൽവെച്ചു് ലാഡ് ഹാൽഡെയിൻ (Lord Haldane) ഐൻസ്റ്റയിനെ ശ്രോതാക്കൾക്കു് പരിചയപ്പെടുത്തിക്കൊടുക്കവാൻ ചെയ്ത പ്രസ്താവനയിൽ, ഈ ശാസ്ത്രജ്ഞനെ ബ്രിട്ടീഷുശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യനായ സർ. ഐസക്കു് ന്യൂട്ടനോടു് സാമ്യപ്പെടുത്തി പ്രശംസിക്കുകയുണ്ടായി. അദ്ദേഹത്തിനു തനിയെ

വന്നുചേർന്ന ഈ സംഭാവനകൾ, ജാതി, മതം, വർണ്ണം കാലം ഇവയുടെ അതിരുകളെ, ശാസ്ത്രം അതിലംഘിക്കുന്ന എന്നു് നമ്മെ ഓർമ്മപ്പെടുത്തുവാൻ പര്യാപ്തങ്ങളാണു്.

നമ്മുടെ കാലത്തു ജീവിച്ചിരുന്ന ഇത്ര പ്രഗത്ഭമതിയായ ഒരു മഹാനെക്കുറിച്ചു് അറിയുന്നതിനുള്ള ആഗ്രഹം സർവ്വത്ര എല്ലാവർക്കും ഉണ്ടാകുന്നതാണു്. അവരുടെ ജിജ്ഞാസ ശമിപ്പിക്കുന്നതിനു് ഈ മഹാന്റെ ജീവചരിത്രം ഇത്രയും ആനന്ദസന്ദായകമായ വിധത്തിൽ എഴുതിത്തന്ന ഗ്രന്ഥകർത്രിയോടു് അവർക്കുള്ള കടപ്പാടു് അവാച്യവുമായിരിക്കും. മഹാനായ ഐൻസ്റ്റയിന്റെ ഭാവനകളുടെ കലവറയെ പരിശോധിക്കുന്നതിനും, സപ്രജീവിതത്തിൽ അദ്ദേഹത്തിനു് താല്പര്യം ജനിപ്പിച്ച വസ്തുതകളെ രൂപപ്പെടുത്തുന്നതിൽ സഹായിച്ച പരിതസ്ഥിതികളെ വിവേചിച്ചറിയുവാനും, വേണ്ട ശാസ്ത്രകാര്യങ്ങളെപ്പറ്റി മാത്രമേ ഈ ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുള്ളു; ശാസ്ത്രജ്ഞന്റെ സമഗ്രമായ വ്യക്തിമഹാത്മ്യത്തെയാണു് ഈ ജീവചരിത്രത്തിൽ പ്രധാനമായി പ്രതിപാദിച്ചിരിക്കുന്നതു്. ഗണിതസൂത്രങ്ങൾ (Equations, Formulas) ആവുന്നിടത്തോളം ഇതിൽ ഒഴിവാക്കിയിരിക്കുന്നതു് ഉചിതമായിട്ടുണ്ടു്. അതിനാൽ ഗണിതപരമായ ഉപരിപാഠങ്ങൾ (Higher Mathematics) കൈകാര്യം ചെയ്യാൻ കെല്പില്ലാത്ത സാധാരണ വായനക്കാർക്കും ഇതു് സുഗ്രഹമായിരിക്കും. ഇതിന്റെ ഫലമായി പ്രചോദനാത്മകമായ മാതൃകാജീവിതം നയിക്കുന്നവനും കഷ്ടപ്പെടുന്ന മനുഷ്യരാശിയോടു് പൂർണ്ണമായ കാരുണ്യത്തോടുകൂടിയവനും ഏറ്റവും പ്രിയപ്പെട്ടവനും ആയ ഒരു

മഹാത്മാവിന്റെ ജീവിതചിത്രം, ഗ്രന്ഥകർത്തൃയുടെ തൂലികാഗ്രത്തിൽനിന്നും രൂപം പ്രാപിച്ചിരിക്കുന്നു.

ഷില്ലർ(Schiller) ഹൈനെ (Heine) ഗേഥേ(Goethe) എന്നീ ജർമ്മൻകവികളുടെ ക്ലാസ്സിക്കുകളിൽ നിഷ്ണാതനും, സ്വതന്ത്രചിന്തകനുമായ പിതാവ്, സംഗീതത്തിൽ അതീവ തല്പരയും സ്നേഹനിധിയുമായ മാതാവ്, തന്റെ പിതാവിന്റെ വ്യവസായത്തിൽ പങ്കുകാരനും, ഗണിതത്തിലും ശാസ്ത്രത്തിലും തത്പരനുമായ പിതൃവ്യൻ, എന്നീ മൂന്നു പ്രമുഖ വ്യക്തികളുടെ സാഹചര്യമുണ്ടായിരുന്ന മ്യൂണിക്കിലെ (Munich) മനോരഞ്ജകമായ സ്വഭവനംതന്നെയാണ്, ഐൻസ്റ്റയിന്റെ ബാല്യകാലത്തു് പ്രചോദനമരുളിയ ചുറുപാടുകളിൽവെച്ചു് ഏറ്റവും പ്രാധാന്യമർഹിക്കുന്നതു്. ബീജഗണിതത്തെപ്പറ്റിയുള്ള കൂട്ടിയുടെ ജിജ്ഞാസയ്ക്കു്, "ബീജഗണിതം ഉദാസീനമായ ഒരു കണക്കുശാസ്ത്രമാണു്; ഒരാൾക്കു് വല്ലതും ഒന്നു് അറിയുകവയ്യാതെ വരുമ്പോൾ "x" എന്നു് സങ്കൽപിക്കുക; പിന്നീടു് അതു കണ്ടുപിടിക്കുവാൻ ശ്രമിക്കുകയായി" എന്ന പിതൃവ്യന്റെ സമർത്ഥമായ മറുപടി ബാലനായ ഐൻസ്റ്റയിനിൽ സാഹസം നിറഞ്ഞതും അത്ഭുതാവഹവുമായ ഒരു പുതിയ ലോകത്തെക്കുറിച്ചുള്ള പ്രഥമസംസ്പുരണം ഉളവാക്കി. സംഗീതം സാഹിത്യം ഗണിതം എന്നീ മൂന്നു കലകളിൽ ഐൻസ്റ്റയിനു് വിപുലമായ ഔത്സുക്യം ജനിച്ചതു് ശൈശവകാലത്തു് ഈ മൂന്നു വ്യക്തികൾ നൽകിയ പ്രചോദനത്തിന്റെ പരിണതഫലമാണെന്നുള്ളതു് അനിഷേദ്ധ്യമാകുന്നു.

വിദ്യാർത്ഥിയായിരുന്ന കാലത്തു് ഐൻസ്റ്റയിന്റെ സ്വഭാവത്തിൽ അധികാരത്തേയും ശിക്ഷണനിയമത്തേയും സമാ

ധാനപരമായി എതിർക്കുന്നതിനുള്ള വാസന പ്രകടമായിരുന്നു. ഇതു തന്റെ സർഗ്ഗാത്മകമായ പ്രതിഭയെ തളച്ചുകെട്ടുന്ന ക്രൂരവും അയവില്ലാത്തതുമായ ചട്ടങ്ങളുടെ നേർക്കുള്ള ആ ബാലവിദ്യാർത്ഥിയുടെ എതിർപ്പായി കരുതി വിലമതിക്കപ്പെടേണ്ടതാണു്. ജർമ്മൻസ്കൂളുകളിൽ കാണാപ്പാഠം പഠിക്കുക എന്നതു് നിയമമായിരുന്നപ്പോൾ തന്റെ സൂക്ഷ്മമായ ഭാവന അദ്ദേഹത്തെ അതിൽനിന്നും വിലക്കി. ഇക്കാര്യത്തിൽ തങ്ങളുടെ ബാല്യകാലചരിത്രങ്ങൾ രേഖപ്പെടുത്തിത്തന്നിട്ടുള്ള ചില ലോകമേധാവികളുടെ കൂട്ടത്തിൽ ഐൻസ്റ്റയിനെ ചേർക്കാം. ഏറ്റവും വലിയ ഒരു മഹാകവിയും, തന്റെ സമകാലികരെക്കാൾ വളരെയധികം ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള ആളുമായ ടാഗോർ അദ്ധ്യയനം ചെയ്തിരുന്ന ബാല്യകാലത്തു് പഠിച്ചാനന്ദിക്കുവാൻ കഴിയാത്തതൊന്നും, അഭ്യസിക്കുവാൻ കൂട്ടാക്കിയിട്ടില്ല. ടാഗോർ തന്റെ ആത്മകഥയിൽ "കൌമാരദിനങ്ങൾ" എന്ന ഭാഗത്തു് ബാല്യകാലവിദ്യാലയാനുഭവത്തെ ഇങ്ങനെ വിവരിച്ചിരിക്കുന്നു:— "എല്ലാത്തരം പാഠങ്ങളും ഒരുമിച്ചു് പഠിക്കുവാൻ എന്നെ കെട്ടിയേൽപിച്ചു. എന്നാൽ ഭാരം വർദ്ധിച്ചപ്പോൾ, എന്റെ മനസ്സു് അതിലെ ചില ശകലങ്ങളെ പുറത്തുകളയുവാൻ പഴുതുനോക്കി. ആവരണംചെയ്തിരുന്ന നിയമവലയിൽ ഒരു സുഷിരം ഉണ്ടാക്കി, അതിൽക്കൂടി എന്റെ പഠിത്തമാകുന്ന കിളി പുറത്തുകടന്നു രക്ഷപ്പെട്ടു." കഠിനവും കർശനവുമായ ഏതു സ്കൂൾനിയമത്തേയും എതിർക്കുക, കാണാപ്പാഠം പഠിക്കേണ്ട വിഷയങ്ങളെ പരസ്യമായി നിരസിക്കുക എന്നി കാര്യങ്ങളിൽ ഐൻസ്റ്റയിൻ, ടാഗോർ എന്നി മഹാന്മാർ രണ്ടുപേരും ഒന്നുപോലെയായിരുന്നു.

ഐൻസ്റ്റയിനെ ഏറ്റവും കണ്ടിതപ്പെട്ടത്തിയതു്, ജർമ്മനിയിലെ പട്ടാളവ്യവസ്ഥയുടെ വേലിയേറ്റവും, അധികാരത്തിലും ശക്തിയിലും ദിനംപ്രതി വർദ്ധിച്ചുവന്ന പ്രഷ്യൻസൈന്യത്തിൽ സേവനമനുഷ്ഠിക്കുവാനുള്ള തന്റെ സ്നേഹിതന്മാരുടെ വെമ്പൽകൊള്ളലുമായിരുന്നു. അദ്ദേഹമാകട്ടെ, യുദ്ധം ന്യായവിരുദ്ധമാണെന്നു് വിശ്വസിക്കുകയും, സൈന്യസേവനത്തെ വെറുക്കുകയും ചെയ്തിരുന്നു. ഒരദ്ധ്യാപകനാകണമെന്നതായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. സൂറിക്കി(Zurick)ലെ പോളിടെക്നിക്കു സ്കൂളി (Poly Technic School)ലെ പഠിത്തം പൂർത്തിയാക്കിയിരുന്നിട്ടും സെക്കൻഡറിസ്കൂളിലെ ഒരദ്ധ്യാപകന്റെ പണിപോലും കിട്ടുവാൻ, ജൂതവംശത്തിൽ ജനിച്ചുപോയതുകൊണ്ടു് അദ്ദേഹത്തിനു് സാധിക്കാതെപോയി. ആ ജോലിക്കുവേണ്ടി അദ്ദേഹം വളരെയധികം കഷ്ടപ്പെടുകയും ഒടുവിൽ നിരാശപ്പെടുകയും ഉണ്ടായി. ഉദ്യോഗാന്വേഷണാർത്ഥം, കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ചും, മിക്കവാറും പട്ടിണികിടന്നും എത്രയോ ദിവസം അക്ഷീണമായി നടന്നതിനുശേഷമാണു് ഐൻസ്റ്റയിനു് ആർദ്രഹൃദയനായ ഒരു സുഹൃത്തിന്റെ സഹായത്താൽ ബേണി (Berne) ലുള്ള സ്വിസ്സു് ഗവൺമെൻറിന്റെ സ്വകാര്യാവകാശകച്ചേരി (Patent Office) യിൽ ഒരു ഗുമസ്ഥാപണി ലഭിച്ചതു്. ഇതു് ഒരു മഹാനുഗ്രഹമായിരുന്നു. എന്തുകൊണ്ടെന്നാൽ സ്വകാര്യാവകാശകച്ചേരിയിലെ ജോലി അതിശ്രമം ചെയ്യേണ്ടതിക്കത്തക്കവണ്ണം ഐൻസ്റ്റയിനു് അത്രലഘുവായിരുന്നതിനാൽ ഗുമസ്തന്റെ ഇരിപ്പിടത്തിലിരുന്നുകൊണ്ടു്, കിട്ടിയ ബാക്കിസമയം മുഴുവൻ തനിക്കു ഇഷ്ടംതോന്നിയ ഗണിതപ്രവർത്തനങ്ങൾക്കു് വിനി

യോഗിക്കുവാനും, തൽഫലമായി ലോകരെ അത്ഭുതപ്പെട്ടുത്തിയ "സ്പെഷൽ സാപേക്ഷതാവാദതത്വം (Special theory of Relativity) ആവിഷ്കരിക്കുവാനും ഈ സന്ദർഭത്തിൽ അദ്ദേഹത്തിനു് ഭാഗ്യമുണ്ടായി. ആപ്പീസിലെ മേലധികാരി വരുന്നുവെന്നറിയുമ്പോൾ, ഗണിതപത്രങ്ങളെ (Mathematical papers) അദ്ദേഹം മേശവലിപ്പിനുള്ളിൽ വെച്ചിട്ടു് തന്റെ ജോലിയിൽത്തന്നെ മുഴുകിയിരിക്കുന്നവനെപ്പോലെ നടിക്കുമായിരുന്നു. ഐൻസ്റ്റയിന്റെ ജീവചരിത്രത്തിൽ ഈ ഘട്ടം വായിക്കുമ്പോൾ, നമ്മുടെ ഗണിതശാസ്ത്രവിദഗ്ധനായ രാമാനുജത്തിന്റെ ജീവിതത്തിലും ഇതേമാതിരിയില്ലുള്ള ഒരു കഥയുള്ളതു് ഓർമ്മിക്കാതിരിക്കുവാൻ നിവൃത്തിയില്ല. രാമാനുജം മദിരാശിയിലെ പോർട്ടകമ്മിഷണറുടെ ആപ്പീസിൽ ഒരു താണതരം ഗുമസ്തനായിരുന്ന കാലത്തു്, തന്റെ ജോലിസ്ഥലത്തിടയിൽ കിട്ടിവന്ന ഒഴിവുസമയങ്ങൾ ഉപയോഗിച്ചു്, ശുദ്ധഗണിതത്തിലെ (Pure Mathematics) മഹത്തായ ചില വിഷമപ്രശ്നങ്ങൾക്കു ഉത്തരം കണ്ടുപിടിക്കുവാൻ യത്നിക്കുകയും അതിൽ അദ്ദേഹം വിജയിക്കുകയും ചെയ്തിട്ടുണ്ടു്. രാമാനുജത്തിന്റെ മേലധികാരികളിൽ ഭാവനാസമ്പന്നനും, ഹൃദയാലുവുമായ, ഒരാളില്ലായിരുന്നുവെങ്കിൽ രാമാനുജത്തിന്റെ പുഷ്പാലയങ്ങളിൽ പലതും ലോകത്തിനു് നഷ്ടപ്പെട്ടുപോകുമായിരുന്നു. പഴയ ആപ്പീസുകടലാസ്സുകളുടെ മറുവശത്തു് രാമാനുജം പലപ്പോഴായി കുത്തിക്കുറിച്ച രേഖകൾ പ്രസ്തുത മേലധികാരിയുടെ ശ്രദ്ധയിൽപ്പെടുകയും, അദ്ദേഹം അവയെല്ലാം ശേഖരിച്ചു് കേംബ്രിഡ്ജിലെ (Cambrige) പ്രൊഫസ്സർ

ഹാർഡി (Hardy) ക്കു് അഭിപ്രായത്തിന്നായി അയച്ചുകൊടുക്കുകയും ചെയ്തു. വിദഗ്ധന്മാരുടെ സൂക്ഷ്മപരിശോധനയ്ക്കു വിധേയങ്ങളായ രാമാനുജത്തിന്റെ ലേഖനങ്ങൾ മഹത്തായ ഗണിതതത്വരത്നങ്ങളെ കണ്ടെത്തുവാനും, ഗണിതശാസ്ത്രലോകത്തിനു അത്ഭുതാവഹമായ വെളിപാടുണ്ടാക്കുവാനും പര്യാപ്തങ്ങളായി.

"ചെരിപ്പുകുത്തുപണി" എന്നു് ഐൻസ്റ്റയിൻ വിളിച്ചുവന്ന സചകാര്യാവകാശക്കച്ചേരിയിലെ ജോലി അദ്ദേഹത്തിനു് ഗണിതപരമായ പ്രവർത്തനങ്ങൾക്കു് ധാരാളം ഒഴിവു സമയം കൊടുത്തിരുന്നു. അതിനാൽ മറ്റു സർവ്വകലാശാലകൾ കൂടുതൽ ശമ്പളമുള്ള പ്രൊഫ്സ്സർ ജോലിക്കു് അദ്ദേഹത്തെ ക്ഷണിച്ചപ്പോൾ തന്റെ പഴയ ലാവണം വിട്ടുപോകുന്നതിനു് ആദ്യം അദ്ദേഹം വൈമുഖ്യം പ്രദർശിപ്പിച്ചു. ഐൻസ്റ്റയിന്റെ ഗവേഷണം പരീക്ഷണങ്ങൾ ഉൾക്കൊണ്ടതായിരുന്നില്ല എന്നറിയുമ്പോൾ പലർക്കും അത്ഭുതം തോന്നും. സചകാര്യാവകാശക്കച്ചേരിയിൽ ഗ്രമസ്സന്റെ ഇരിപ്പുടത്തിലിരുന്നുകൊണ്ടുതന്നെ, അദ്ദേഹം മറ്റുള്ള ശാസ്ത്രജ്ഞന്മാരുടെ അടിസ്ഥാനതത്വങ്ങൾ അവലംബമാക്കി തന്റെ ആശയങ്ങൾ വികസിപ്പിക്കുകയാണു് ചെയ്തതു്. സ്വന്തം ആശയങ്ങൾക്കു് ശ്രുവഭദ്രതവന്നതോടുകൂടി ഉന്മേഷം ഉപര്യുപരി വർദ്ധിക്കുകയും അദ്ദേഹം അക്ഷീണമായ യത്നം തുടരുകയും ചെയ്തു. തൽഫലമായി സാപേക്ഷതാവാദതത്വം ശ്രുവം പ്രാപിച്ചു. അനന്തരം അദ്ദേഹം ഒന്നാമത്തെ ഗവേഷണോപന്യാസം എഴുതി മുഴുപ്പിക്കുകയും 1905-ൽ 26-ാമത്തെ വയസ്സിൽ ആ ഉപന്യാസം പ്രസിദ്ധപ്പെടുത്തുവാൻ അയക്കുകയും

ചെയ്യ. അദ്ദേഹത്തിന്റെ രണ്ടാമത്തെ പ്രബന്ധം പ്രസിദ്ധീകരിച്ചതു് പത്തുസംവത്സരങ്ങൾക്കു് ശേഷമാണു്. ഗവേഷണഗ്രന്ഥങ്ങളിൽ സാധാരണ കാണാറുള്ളതുപോലെ ഇതര ശാസ്ത്രജ്ഞന്മാരുടെ നിരീക്ഷണപരീക്ഷണങ്ങളെ പരത്തിപ്പറയുകയോ, ആപേക്ഷികമായി പരാമർശിക്കുകയോ ചെയ്യാതെ മൌലികങ്ങളായ ശവേഷണഫലങ്ങളെമാത്രം ഉൾക്കൊള്ളിച്ചു തയ്യാറാക്കിയതുകൊണ്ടാണു് ഈ രണ്ടു പ്രബന്ധങ്ങളും അദ്ദേഹത്തിനു് ആഗോളപ്രശസ്തി ആർജ്ജിച്ചുകൊടുത്തതു്.

ഇതോടുകൂടി ഐൻസ്റ്റയിന്റെ നാമധേയം സാപേക്ഷതാവാദതത്വത്തിൽനിന്നു് വേർപെടുത്തുവാൻ പാടില്ലാതായി. അദ്ദേഹത്തിന്റെ ജീവിതകഥ എഴുതുവാൻ ഉദ്യമിക്കുന്നവക്കെല്ലാം ഈ ശാസ്ത്രസിദ്ധാന്തത്തെ വിശദപ്പെടുത്തേണ്ടതുമതലയും വന്നുചേർന്നു. ഗ്രന്ഥകർത്താ പ്രസ്തുത തത്വത്തെ സാധാരണ വായനക്കാക്കു മനസ്സിലാകുംവിധം വളരെ ലളിതമായ ഭാഷയിൽ വിവരിച്ചിട്ടുണ്ടു്. സ്പേസു്, ദൂരം, വേഗം ഇവ ഓരോന്നിനേറെയും പൊരുൾ വ്യക്തമായി വിവരിച്ചുതന്നിട്ടു്, ആകാശത്തിലെ ഒരു നക്ഷത്രത്തിന്റെ സ്ഥാനനിർണ്ണയം ചെയ്യുന്നതിനു് അതിന്റെ തെക്കുവടക്കു ദൂരം, അതിന്റെ കിഴക്കു പടിഞ്ഞാറു ദൂരം, അതിന്റെ പൊക്കം എന്നീ മൂന്നളവുകൾ (ത്രിമാനങ്ങൾ)ക്കു പുറമെ സമയം എന്ന ചതുർത്ഥമാനം (തുരീയമാനം) കൂടെ വേണമെന്നു്, സമയനിരൂപണം ചെയ്തുകൊണ്ടു്, ഗ്രഹിപ്പിച്ചിരിക്കുന്നു. എല്ലാ വസ്തുക്കളും അനുസ്യൂതം ചലിച്ചുകൊണ്ടിരിക്കുന്നു; അവയുടെ സ്ഥാനങ്ങൾ നിമിഷംപ്രതി മാറിക്കൊണ്ടിരിക്കുന്നു; അതിനാൽ ഒരു ഗ്രഹത്തിന്റെ സ്ഥാനം നിർണ്ണയിക്കാൻ വളരെ

കൃത്യമായി ‘‘സമയം’’ അറിയുകതന്നെവേണം. ഭൂമി സൂര്യനെ ചുറ്റി സഞ്ചരിക്കുന്നു. സൂര്യനെ അപേക്ഷിച്ച് ഭൂമിയുടെ വേഗം എളുപ്പത്തിൽ തിട്ടപ്പെടുത്താം. എന്നാൽ ആശ്രിതഗ്രഹങ്ങളോടുകൂടി സൂര്യനും സ്വേസിലൂടെ ചലിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ദൂരം, വേഗം, സമയം ഇവ മൂന്നും ആപേക്ഷികങ്ങളാണെന്നും, അവ ചലനത്തെ ആശ്രയിച്ചിരിക്കുമെന്നുള്ള നിഗമനത്തിൽ നാം എത്തിച്ചേരുന്നു. ഒരു പ്രകാശകിരണം സൂര്യനെപ്പോലെ ശക്തിമത്തായ ഗുരുത്വാകർഷണക്ഷേത്രമുള്ള ഒരു ഖഗോളത്തിന്റെ സ്വാധീനവലയത്തിൽപ്പെട്ടുപോൾ അതിന്റെ നേരായ ഗതിമാർഗ്ഗത്തിനു് വ്യതിചലനമുണ്ടാകുന്നുവെന്നുള്ള പ്രസ്തുത സിദ്ധാന്തത്തിന്റെ മറ്റൊരു വിപ്ലവപരമായ ആശയമാണ്. പൂർണ്ണസൂര്യഗ്രഹണവേളയിൽ പകൽ സമയത്തു് സൂര്യന്റെ സമീപം ദൃശ്യമായി വരുന്ന നക്ഷത്രങ്ങൾ, രാത്രിയിൽ അവയെ കണ്ടറിഞ്ഞിരുന്ന സ്ഥാനങ്ങളിൽനിന്നും അല്പാല്പം മാറിയിരിക്കുന്നതായി തോന്നുമെന്നു് ഐൻസ്റ്റയിൻ പ്രവചിച്ചു. അതിന്റെ കാരണം ആ നക്ഷത്രങ്ങളുടെ പ്രകാശകിരണങ്ങളെല്ലാം രാത്രിയിലെന്നപോലെ ഭൂമണ്ഡലത്തിൽ എത്തുന്നതുവരെ ഒരേചൊവ്വിനു് തടസ്സം കൂടാതെ സഞ്ചരിക്കാത്തതാണു്; അവയിൽ ചിലവയ്ക്കു ഭൂമണ്ഡലത്തിൽ എത്തുന്നതിനുമുൻപു്, സൂര്യന്റെ ശക്തിമത്തായ ഗുരുത്വാകർഷണക്ഷേത്രത്തിന്റെ സ്വാധീനശക്തിയാൽ ‘ചരിവു്’ സംഭവിക്കുന്നു. 1919 മാർച്ചു് 29-നു് ഉണ്ടായ പൂർണ്ണസൂര്യഗ്രഹണദിവസം ലോകത്തിന്റെ ഭിന്നഭിന്നങ്ങളായ രണ്ടു സ്ഥലങ്ങളിൽവെച്ചു് രണ്ടു ശാസ്ത്രജ്ഞസംഘത്തിന്റെ നിരീക്ഷണഫലമായി ഈ സാരവത്തായ പ്രവചനം ശരിയാണെന്നു്

പ്രഖ്യാപിക്കപ്പെട്ട. ഐൻസ്റ്റയിൻ ചെയ്തതിന്റെ പ്രവൃത്തിയുടെ ഗൌരവം മനസ്സിലാക്കുവാൻ അപൂർവ്വം ആളുകളെ ഉണ്ടായിരുന്നുള്ളുവെങ്കിലും ഈ സംഭവം, സാപേക്ഷതാവാദത്തിന്റെ പ്രശസ്തവിജയമായി പരിഗണിക്കപ്പെട്ടിരിക്കുന്നു.

ഐൻസ്റ്റയിന്റെ നാമധേയം കാരണമില്ലാതെയല്ലാ ആരംഭാംബു കണ്ടുപിടിത്തവുമായി ഘടിപ്പിച്ചിരിക്കുന്നതു്. രണ്ടാംലോകമഹായുദ്ധം ആരംഭിക്കുന്നതിനു കൃത്യം മുപ്പത്തിനാല്യ സംവത്സരങ്ങൾക്കു മുൻപാണു് പിണ്ഡം (Mass), ഊർജ്ജം (Energy) ഇവ തമ്മിലുള്ള ബന്ധം വെളിവാക്കുന്ന പ്രസിദ്ധ ഗണിതസൂത്രം (*Formula*, $E = M \cdot c^2$) ഐൻസ്റ്റയിൻ അവതരിപ്പിച്ചതു്. ഈ സൂത്രത്തിൽ E, M ഇവ ഊർജ്ജത്തേയും പിണ്ഡത്തേയും കുറിക്കുന്നു; c പ്രകാശത്തിന്റെ വേഗതയേയും. പ്രകാശത്തിന്റെ വേഗത (Velocity) സെക്കൻറാന്നിനു് 186000 മൈലാണു്. ഭാവിയിൽ ഒരു കാലത്തു് മനുഷ്യൻ പരമാണുവിനെ തകർക്കുവാൻ പ്രായോഗികമായ പന്ഥാവു് കണ്ടെത്തുമ്പോൾ, പദാർത്ഥത്തിനുള്ളിൽ ശക്തിയോടെ ബന്ധനത്തിൽ പെട്ടുകിടക്കുന്ന അവധിയില്ലാത്ത ഊർജ്ജത്തെ വിമോചിപ്പിക്കുവാൻ തന്റെ ഗണിതസൂത്രം അടിസ്ഥാനമായി ഭവിക്കുമെന്നു് ഐൻസ്റ്റയിൻ കരുതിയിരുന്നില്ല.

1938-ൽ ബർലിനടുത്തു് ഡാഹ്ലേം (Dahlem) എന്ന സ്ഥലത്തുള്ള കൈസർ വില്ഹേം Kaiser Wilhelm) ഇൻസ്റ്റിട്ട്യൂട്ടിൽ ഗവേഷണപ്രവർത്തനം നടത്തി

ക്കൊണ്ടിരുന്ന ലിസെമെയിറ്റനർ (Lise Meitner), ഓട്ടോ ഹാൻ (Otto Hahn), സ്ട്ര്രാസ്മാൻ (Strassmann) എന്നീ മൂന്നു ശാസ്ത്രജ്ഞന്മാർ ന്യൂടൺ വെടിയുണ്ടകൾ പ്രയോഗിച്ച് യുറേനിയം പരമാണുക്കളെ മർദ്ദിച്ചപ്പോൾ യുറേനിയത്തേക്കാൾ ശക്തിയേറിയതും റേഡിയോപ്രസരമുള്ളതുമായ ഒരു ധാതു ആവിർഭവിക്കുന്നതായി കണ്ടെത്തി. അനന്തരം ഈ ശാസ്ത്രജ്ഞന്മാർക്ക് ജീവരക്ഷാർത്ഥം നാടുവിട്ടോടിപ്പോയ് ഐക്യനാട്ടുകളിൽ അഭയംപ്രാപിക്കേണ്ടിവന്നു. അവിടെവച്ച് അവർ അവരുടെ ഗവേഷണഫലങ്ങൾ പ്രസിദ്ധപ്പെടുത്തി. ആ പരീക്ഷണങ്ങളെപ്പറ്റി ഐൻസ്റ്റയിൻ അറിഞ്ഞപ്പോൾ, അവിടെ സംഭവിച്ച കാര്യം എന്താണെന്നു അദ്ദേഹത്തിനു് വ്യക്തമായി ധരിക്കാൻ കഴിഞ്ഞു. ബന്ധനത്തിൽപ്പെട്ട കിടക്കുന്ന ഊർജ്ജമല്ലാതെ മറ്റൊന്നുമല്ലാ ''പിണ്ഡം'' എന്ന തന്റെ ഗണിതസൂത്രത്തിൽ മറഞ്ഞുകിടക്കുന്ന 'അടിസ്ഥാനസത്യം' അവസാനമായി പരീക്ഷണത്തിനു് വിധേയമാകുവാൻ പോകുന്നതായി അദ്ദേഹം മനസ്സിലാക്കി. 1939 ആഗസ്റ്റ് 2-ാംതീയതി പ്രസിഡൻറു് റൂസ്വെൽട്ടിനു് (Roosevelt) ഐൻസ്റ്റയിൻ അയച്ച പ്രസിദ്ധമായ കത്തിൽ, വലിയ തോതിലുള്ള യുറേനിയത്തിൽ ഒരു ന്യൂക്ലിയർ ശൃംഖലാപ്രവർത്തനം ഉണ്ടാക്കാൻ കഴിയുമെന്നു കണ്ടുപിടുത്തത്തിന്റെ ഫലമായി സൈനികസാദ്ധ്യതകൾ അപകടം നിറഞ്ഞവയായിത്തീരുമെന്നും വളരെയധികം ശക്തിയുള്ളതായ ഒരുതരം ബാംബു് നൂതനമായി നിർമ്മിക്കുവാൻ സാധിക്കുമെന്നും മുന്നറിയിപ്പു നല്കിയിരുന്നു. ആറ്റംബാംബു നിർമ്മിക്കുന്നതിനുള്ള സാധ്യതയെപ്പറ്റി

അനേഷണം നടത്തിക്കൊണ്ടിരുന്ന ഒരു ശാസ്ത്രജ്ഞസംഘത്തിൽ അംഗമാകുവാൻ ഐൻസ്റ്റയിൻ ക്ഷണിക്കപ്പെട്ടപ്പോൾ മനുഷ്യരാശിയെ ധ്വംസനം ചെയ്യുന്ന ഒരായുധം പൂത്തിയാക്കാനുള്ള ആ ക്ഷണം അദ്ദേഹം നിരസിക്കയാണുണ്ടായതു്. ഏഴു സംവത്സരശേഷം ഹിരോഷിമാ (Hiroshima) യിൽ ആറ്റംബാംബു് ഇട്ടതായി കേട്ടപ്പോൾ അദ്ദേഹം അത്യന്തം സന്തപിച്ചു. എന്തുകൊണ്ടെന്നാൽ പരമാണുശക്തി അവസാനമായി മനുഷ്യവർഗ്ഗത്തെ ഇല്ലാതാക്കുമെന്നു് മറ്റാരേയുംകാൾ നേരത്തെ ഐൻസ്റ്റയിൻ അറിഞ്ഞിരുന്നു. അറ്റോമിക്ക ശാസ്ത്രജ്ഞന്മാരുടെ അടിയന്തിരക്കമ്മറ്റി പ്രസിഡൻറു് എന്ന നിലയിൽ ഐൻസ്റ്റയിൻ ചെയ്ത പ്രഖ്യാപനം ഇന്നും സനാതനസത്യമായി മുഴങ്ങിക്കൊണ്ടിരിക്കുന്നു.

"യുദ്ധത്തെ എല്ലാവിധത്തിലും തടുക്കുവാൻ ജനത തയ്യാറാകണമെന്നുള്ള മൌലികതത്വം അവരെ ധരിപ്പിക്കണം; അല്ലെങ്കിൽ ഓരോ രാജ്യവും അവരവർക്കു കൈയിൽ കിട്ടാവുന്ന ആയുധങ്ങൾ പ്രയോഗിച്ചു് മാനവസംസ്കാരത്തെ നിർമ്മൂലനം ചെയ്യും."

ഐൻസ്റ്റയിൻ പൊതുവെ ഒരു സമാധാനവാദിയായി ജീവിതം നയിച്ചു. പ്രായംകൂടിവന്നതോടുകൂടി അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ മാറിക്കൊണ്ടിരുന്നു. ജീവിതത്തിൽ ആദ്യകാലത്തു് ഏതുതരത്തിലുള്ള ഹിംസയും പാപമാണെന്നും എത്ര വൈഷമ്യമേറിയ ഘട്ടത്തിലും ആയുധമെടുക്കുന്നതും യുദ്ധം ചെയ്യുന്നതും ന്യായവിരുദ്ധമാണെന്നും മഹാത്മാഗാന്ധിയെപ്പോലെ അദ്ദേഹവും വിശ്വസിച്ചിരുന്നു. രണ്ടു

ലോകമഹായുദ്ധങ്ങളിൽക്കൂടി കടന്നുവന്നപ്പോൾ, അദ്ദേഹത്തിന്റെ വീക്ഷണഗതി മാറുകയുണ്ടായി. യുദ്ധം ന്യായവിരുദ്ധവും തടയേണ്ടതുമാണെന്നു് വിശ്വസിച്ചിരുന്ന ഐൻസ്റ്റയിൻ തന്നെ, ഏതെങ്കിലും ഒരു അന്താരാഷ്ട്രീയ ഗവണ്മെൻറു മുഖേന യുദ്ധംചെയ്തിട്ടെങ്കിലും സമാധാനം പാലിക്കേണ്ടതാണെന്നു് അഭിപ്രായപ്പെട്ടു. "ആയുധശേഖരണത്തിലും ശാസ്ത്രത്തിലുമല്ല, പിന്നയോ നിയമപരിപാലനത്തിലും സമാധാനത്തിലുമാണു് നമ്മുടെ രക്ഷ സ്ഥിതിചെയ്യുന്നതു്" എന്നു് ഐൻസ്റ്റയിൻ സമ്മതിച്ചു. എങ്കിലും, ഈ ക്രമപരിപാലനത്തിനു്, ഐക്യരാഷ്ട്രസഭ (U. N. O.) യെപോലെ ഒരു അഖിലരാഷ്ട്രസംഘടന, സൈനികസജ്ജീകരണങ്ങളോടുകൂടി, ഉണ്ടായിരിക്കണമെന്നും അദ്ദേഹം വിശ്വസിച്ചു.

ഐൻസ്റ്റയിന്റെ ജീവിതസംഭവങ്ങളും പ്രവർത്തനങ്ങളും വിവരിക്കുന്ന ഈ പ്രബന്ധം മുഖേന അദ്ദേഹത്തിന്റെ തെളിവാന്നതും ആകർഷകവുമായ ഒരു യഥാർത്ഥചിത്രം തന്നെയാണു് നമുക്കു ലഭിച്ചിരിക്കുന്നതു്. അദ്ദേഹത്തിന്റെ വിശ്രമവിനോദങ്ങൾ വളരെ സരളങ്ങളായിരുന്നു. നഗരവീഥികളിലൂടെ വളരെദൂരം നടക്കുക, വീട്ടിൽ ഇരിക്കുമ്പോൾ വയലിൻ വായിക്കുക, സിനിമാ നാടകം ഇവ കാണുക, സ്നേഹിതരും സഹപ്രവർത്തകരുമായി വെടിപറയുക എന്നിവയാണു് അവ. ഇതെഴുതുന്നയാൾ 1927–28-ൽ ബർളിനിൽ (Berlin) താമസിച്ചിരുന്ന കാലത്തു്, ഐൻസ്റ്റയിൻ ഒരു സാധാരണ പൗരനെപ്പോലെ തൊപ്പിവെയ്ക്കാതെ തന്റെ പ്രത്യേക ചപ്രത്തലമുടി വെളിക്കാട്ടിക്കൊണ്ടു്, തെരുവീ

ഥികളിൽ നടക്കുന്നതും ബർലീനർ നാടകശാല (Berliner Opera)യിൽനിന്നു് നാടകം കണ്ടിട്ടവരുന്ന ആൾക്കൂട്ടത്തിനിടയിൽകൂടി പോകുന്നതും അനേകം സന്ദർഭങ്ങളിൽ കണ്ടിട്ടുണ്ടു്. അദ്ദേഹത്തിനെ ഏറ്റവും കൂടുതൽ ആകർഷിച്ചിട്ടുള്ള വിശ്രമസങ്കേതം ഷാർബ്രായി (Schorrbreu) എന്ന വിശ്രുത ബീയർശാലയിൽ ഒരു ഒഴിഞ്ഞ മൂലയായിരുന്നു. ഒരു കപ്പു കാപ്പിയൊ, ഒരു പാത്രം ബീയറൊ കുടിച്ചുകൊണ്ടു്, ഐൻസ്റ്റയിൻ തന്റെ സ്നേഹിതരുമായി സംസാരിക്കുകയും ചിരിക്കുകയും ചെയ്യാറുള്ളതു് മിക്കവാറും എല്ലാ രാത്രികളിലും അവിടെ കാണാമായിരുന്നു. സൂറിക്കു് (Zurich), പ്രേഗു് (Prague),ബർളിൻ (Berlin),പ്രിൻസ്ടൺ (Princeton) എന്നല്ല എവിടെയെല്ലാം അദ്ദേഹം ജോലിചെയ്യുന്നു താമസിച്ചിരുന്നുവോ അവിടെയെല്ലാം വെച്ചു് അദ്ദേഹവുമായി ഇടപെട്ടു് പരിചയം നേടിയവരെല്ലാം അദ്ദേഹത്തെ അതിയായി സ്നേഹിച്ചു. അദ്ദേഹം അത്ര ശുദ്ധഹൃദയനും സ്നേഹസമ്പൂർണ്ണനുമായിരുന്നു. ഫലിതരസികനായ ഐൻസ്റ്റയിൻ നേരംപോക്കിനു്, ചില്ലും ഒരുവക കിട്ടുമ്പോഴെല്ലാം ഹൃദയംഗമമായി പൊട്ടിച്ചിരിക്കുമായിരുന്നു.

ഐൻസ്റ്റയിൻ ഒരു ഉത്തമ അദ്ധ്യാപകനായി ശോഭിച്ചു. തന്റെ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളേയും പങ്കുകാരാക്കി, അവരിൽ വിശ്വാസം ജനിപ്പിച്ചു് അവരുടെ സ്നേഹാദരങ്ങൾ സമ്പാദിക്കുന്നതിനു് അദ്ദേഹത്തിനു ഒരു പ്രത്യേക സാമർത്ഥ്യം ഉണ്ടായിരുന്നു. ഏതു സന്ദർഭത്തിലായാലും മുറപ്രകാരമുള്ള കൃത്യത്തെ മാറ്റിവച്ചിട്ടു് വിദ്യാർത്ഥികളെ

തന്റെ കണ്ടുപിടുത്തങ്ങളിൽ ഭാഗഭാക്കുകളാക്കുന്ന ഭാവേന, തന്റെ ശ്രദ്ധയെ തത്സമയം ആകർഷിച്ചിട്ടുള്ള ഏതു ഗവേഷണപ്രശ്നവും ക്ലാസ്സുമുറിയിൽ ഐൻസ്റ്റയിൻ ഉന്നയിച്ചിരുന്നു. മറ്റു ശാസ്ത്രഗവേഷണപ്രൊഫസ്സറന്മാരുടെ വിജയരഹസ്യവും ഇതുതന്നെയാണു്. ഉദ്ദേശം അൻപതു സംവത്സരങ്ങൾക്കു മുൻപു്, കല്ക്കട്ടാ പ്രസിഡൻസി കോളേജിൽ ഗ്രന്ഥകർത്താവായിരുന്ന ആചാര്യ പ്രഫുല്ലചന്ദ്രറെ (Acharya Praffulla Chandra Ray), ആചാര്യ ജഗദീശു് ചന്ദ്രബോസു് (Acharya Jagadish Chandra Bose) എന്നിവർ ക്ലാസ്സുമുറികളിൽ പ്രസംഗിച്ചുകൊണ്ടിരുന്നതിനിടയ്ക്കു് അവരുടെ മനസ്സിൽ പൊട്ടുന്നനവേ ഉദിക്കുന്ന ഗവേഷണപരമായ ഹിതപ്രശ്നങ്ങളെ (Intimate problems) യുവവിദ്യാർത്ഥികളോടു പറയുന്നതിനുവേണ്ടി കൂടക്കൂടെ വിഷയാന്തരപ്രവേശം ചെയ്യാറുണ്ടായിരുന്നതു് ഇതെഴുന്നയാൾ ഇപ്പോഴും ഓർമ്മിക്കുന്നുണ്ടു്.

അങ്ങനെ സൌമ്യനും മഹാത്മാവായ പണ്ഡിതനും ആയിരുന്ന ഐൻസ്റ്റയിൻ. എളിയ ജീവിതത്തിന്റെയും ഉയർന്ന ചിന്തയുടേയും യഥാർത്ഥമായ മാതൃകയായിരുന്നു. കഷ്ടപ്പെടുന്ന മനുഷ്യരാശിക്കുവേണ്ടി വേലചെയ്യാം വിഷമിച്ചും അദ്ദേഹം കൃതാർത്ഥതയടഞ്ഞു. ഐൻസ്റ്റയിന്റെ മിത്രവും ചികിത്സകനുമായ ഡാക്ടർ ഹെർമാൻ (Dr. Ehrmann) തന്റെ സുഹൃത്തിനെ ചിത്രീകരിച്ചതുപോലെ ഐൻസ്റ്റയിന്റെ ജീവിതത്തിനോടു് വിശ്വാസ്യത പാലിക്കുന്ന ഒരു ചിത്രം ലോകത്തിനു് നൽകുന്നതിൽ തിച്ചയായും ഈ ജീവ

ചരിത്രം വിജയിച്ചിട്ടുണ്ട്. ഡാക്ടർ ഹെർമാന്റെ ചിത്രീകരണമിങ്ങനെയാണ്:—"ഓജസ്സും ഉന്മേഷവും പ്രസന്നതയും തികഞ്ഞ അരോഗദൃഢഗാത്രൻ, തമാശകളും ചെറിയ കഥകളും ഇഷ്ടപ്പെടുന്നവൻ, ആനന്ദാനുഭൂതിയിൽ ഉള്ളുതുറന്നു ചിരിക്കുന്നവൻ, നിസ്സീമമായ ദയ നിമിത്തം കഷ്ടപ്പെടുന്നവൻ എന്ന സംഗതിയിൽമാത്രം ഒരപരാധി."

ബി. ബി. ഡെ,
(വിദ്യാഭ്യാസഡയറക്ടർ റിട്ടയാർഡ്)
മദ്രാസ്

അദ്ധ്യായം ഒന്ന്

നാവികന്റെ വടക്കുനോക്കി യന്ത്രം

അഞ്ചു വയസ്സായ ഒരു ബാലൻ ശയ്യയിൽ ഉന്മേഷ രഹിതനായി കിടക്കുകയായിരുന്നു. ആയിടയ്ക്കു പിടിപ്പെട്ട ദീനത്തിൽനിന്ന് സുഖംപ്രാപിച്ചുവരികയാണു്. അപ്പോഴും മുഖത്തു് പനിയുടെ ഛായ നിഴലിച്ചിട്ടുണ്ടു്. വളരെയധികം വ്യാകുലനായ, ആ ബാലന്റെ പിതാവു്, രോഗിക്കു് താല്പര്യം ജനിപ്പിക്കുന്നതും എന്നാൽ അയാൾക്കു് ആയാസം വരുത്താത്തതുമായ ഒരു കളിപ്പാട്ടം കണ്ടെത്തുവാൻ ശ്രമിച്ചു. ഒരു നാവികന്റെ വടക്കുനോക്കിയന്ത്രം അദ്ദേഹത്തിനു കണ്ടുകിട്ടി. പേടകത്തിനകത്തുള്ള കറങ്ങുന്ന സൂചി കൌതുകപ്രദമായിരിക്കുമെന്ന വിശ്വാസത്തോടുകൂടി അദ്ദേഹം അതു് മകനു് നല്കി. തന്റെ ആ പ്രവൃത്തിയുടെ ഗൌരവം എത്രമാത്രമാണെന്നു് അദ്ദേഹം അപ്പോൾ മനസ്സിലാക്കിയിരുന്നില്ല. ബാലൻ ആ കളിപ്പാട്ടത്തെ ആദ്യം അലസമായ മട്ടിൽ വീക്ഷിച്ചു; ക്രമേണ സദാ ചലിച്ചുകൊണ്ടിരിക്കുന്ന, സജീവമായ ആ വസ്തുവാൽ അവൻ ആകൃഷ്ടനായി. അതിനെ നിഷ്കർഷിച്ചു പരിശോധിക്കുന്നതിനുവേണ്ടി ആ രോഗി എണീറ്റിരുന്നു.

ആ പൊടിപേടകം കൈയിലേന്തിക്കൊണ്ടു് സൂചിയുടെ അത്ഭുതമായ—ആ മുറിക്കു പുറത്തു മാത്രമല്ല വീട്ടിനും പുറത്തായി, ഭൂമിയുടെ ഒരറ്റത്തുള്ള ശക്തിക്കു് വിധേയമായ—ചലനം നിരീക്ഷിച്ചപ്പോൾ ആ പൈതൽ സന്തോഷാധിക്യംകൊണ്ടു ചാഞ്ചാടി. സയൻസിന്റെ മാന്ത്രിക

ലോകത്തിൽ ആൽബർട്ട് ഐൻസ്റ്റയിനുണ്ടായ ഒന്നാമത്തെ അനുഭവമാണിതു്. അയാളുടെ ഉന്മേഷരാഹിത്യം തിരോഭവിച്ചു; അയാൾ വീണ്ടും കിടന്നു; തലയിണയിൽ അങ്ങോട്ടുമിങ്ങോട്ടും മറിഞ്ഞു. ഭയവിഹ്വലനായ പിതാവു് വടക്കുനോക്കിയന്ത്രം ബാലനെ പരിഭ്രമിപ്പിച്ചതിന്റെ കാരണമറിയാതെ, തന്നോട് ആ ബാലൻ ചോദിച്ച ചോദ്യപരമ്പരയ്ക്കു മറുപടിപറയാൻ ശ്രമിച്ചു.

പ്രകൃതിയിലെ അത്ഭുതങ്ങൾ ആൽബർട്ടിനെ വളരെ ചെറുപ്പംമുതല്ക്കുതന്നെ വശീകരിച്ചിരുന്നു. ഓടിച്ചാടിക്കളിച്ചു നടന്ന മറ്റു കുട്ടികളിൽനിന്ന് ആൽബർട്ടിനെ മാറ്റിനിർത്തുവാനും ഈ വശീകരണശക്തിക്കു സാധിച്ചു. അവരുടെ കോലാഹലങ്ങളെ ഗണ്യമാക്കാതെ, ശാന്തമായി മനോരാജ്യത്തിൽ മുഴുകി, ഒറ്റയ്ക്കു ചുറ്റി നടക്കുകയായിരുന്ന ആ കുട്ടിക്ക് ക്രൂരതൽ ഇഷ്ടം. വളരെച്ചെറുപ്പത്തിൽത്തന്നെ ശാസ്ത്രീയജിജ്ഞാസ ജ്വലിച്ചുവിളങ്ങിയ ആ ബാലനിൽ മറ്റു ചില കാര്യങ്ങളിൽ ഒരു പിന്നോക്കമെട്ടാണ് ദൃശ്യമായതു്. അയാൾ വർത്തമാനം പറയാനും വിചാരങ്ങൾ പ്രകാശിപ്പിക്കുവാനും ആരംഭിച്ചതു് താമസിച്ചായിരുന്നു; ക്രൂരതൽ കരചരണാദി ചലനങ്ങളിലും ഈ അമാന്തം പ്രത്യക്ഷപ്പെട്ടിരുന്നു. ഭാഗ്യവശാൽ, ആൽബർട്ടിന്റെ അച്ഛനമ്മമാർക്ക് ശിശുക്കളുടെ ഇംഗിതജ്ഞാനവും ക്ഷമയും വളരെയധികമുണ്ടായിരുന്നു. പള്ളിക്കൂടത്തിലേയ്ക്ക് അയയ്ക്കുക, എന്ന ഒഴിച്ചുവയ്ക്കുവാൻ പാടില്ലാത്ത ഒരു കാര്യത്തിലല്ലാതെ അയാളുടെ ഹിതത്തിനു വിപരീതമായി ആ ബാലനെ അവർ മറ്റൊരു

കാര്യത്തിലും നിർബന്ധിച്ചിട്ടില്ല. അങ്ങേയറ്റത്തെ ലജ്ജാശീലം ആൽബർട്ടിന് ആജീവനാന്തമുണ്ടായിരുന്നു, പ്രത്യേകിച്ചു കൌമാരത്തിൽ. മാതാപിതാക്കന്മാർ അയാളുടെ ഇഷ്ടംപോലെ കൂട്ടുകാരെ തെരഞ്ഞെടുക്കുവാൻ സമ്മതിച്ചതല്ലാതെ മറ്റുകുട്ടികളോടുചേർന്നു കളിക്കുവാൻ ആ ബാലനെ വളരെയൊന്നും നിർബന്ധിച്ചിരുന്നില്ല. ചിന്താശീലനും, ഭാവനാസമ്പന്നനുമായ ആ കുമാരൻ പ്രകൃതിയെ അതായതു് പുഷ്പങ്ങളെയും പക്ഷികളെയും അയാളുടെ അച്ഛന്റെ ഉദ്യാനത്തിലെ ഇതരകൌതുകവസ്തുക്കളെയും മറ്റും, കൂടുതൽ ഇഷ്ടപ്പെട്ടു. അവൻ ആ ഉദ്യാനത്തിൽ കളിച്ചുനടക്കുകയും, ചെറുഗീതങ്ങൾ രചിച്ചു് സ്വയം ആലപിക്കുകയും ചെയ്യുവന്നു.

ജർമ്മനിയുടെ തെക്കുഭാഗത്തുള്ള ബവേറിയ എന്ന സംസ്ഥാനത്തിലെ (Ulm) ഉല്മ് എന്ന പട്ടണത്തിൽ ആൽബർട്ട് ഐൻസ്റ്റയിൻ 1879 മാർച്ചു മാസം പതിനാലാം തിയതി ജനിച്ചു. ഡാന്യൂബ് നദിയുടെ ഇടതു കരയിൽ സ്ഥിതിചെയ്യുന്ന ഉല്മ് പട്ടണം മൂന്നു നദികളുടെ സംഗമസ്ഥലമാണു്. ആ പട്ടണത്തിന്റെ ഉത്തരഭാഗത്തായി ഇല്ലർ നദി ഡാന്യൂബിൽ ചെന്നു വീഴുന്നു. കരയിൽ പതിനാറാം ശതകത്തിൽ നിർമ്മിതങ്ങളായ ഭംഗിയേറിയ കെട്ടിടങ്ങളുള്ള ബ്ലൌ എന്ന ചെറുനദി ഉല്മ് പട്ടണത്തിന്റെ മദ്ധ്യത്തിലൂടെ ഒഴുകി ദക്ഷിണഭാഗത്തായി ഡാന്യൂബിൽ ചെന്നുചേരുന്നു.

ഒൻപതാം ശതകം മുതൽ ഉല്മ് പട്ടണത്തിലെ തെരുവീഥികളും പല ചരിത്രസംഭവങ്ങൾക്കും സാക്ഷ്യം

വഹിച്ചിട്ടുണ്ട്. ഗാനരചയിതാക്കളുടെ സംഘങ്ങൾ, ഗാനോത്സവങ്ങളും മത്സരങ്ങളും, യൂറോപ്പിലെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് വളരെയധികം കാലത്തേയ്ക്ക്, അവിടെ നടത്തിവന്നിരുന്നു. പ്രസിദ്ധനായ ഹാൻസാഹ്സ് പോലും ആ സംഘത്തിലെ അംഗമായിരുന്നിരിക്കണം. ആ പട്ടണത്തിൽവച്ചായിരുന്ന ആസ്ട്രിയൻ പട്ടാളത്തലവനായിരുന്ന മാക്കും അദ്ദേഹത്തിന്റെ ഭടന്മാരും നെപ്പോളിയന് കീഴടങ്ങിയതു്. ഭൂലോകത്തിലെ ഏറ്റവും മനോഹരമായ ഒരു ഗോതിക് ദേവാലയം അവിടെ സ്ഥിതിചെയ്യുന്നു; അതിന്റെ ഗോപുരാഗ്രത്തിനു് ആ പട്ടണത്തിലെ മറ്റു കെട്ടിടങ്ങളുടെ മേൽക്കൂരകളെക്കാൾ വളരെയധികം പൊക്കമുണ്ടു്. ചരിത്രപരമായ ഈ പശ്ചാത്തലത്തിലാണു് ആൽബെർട്ടു് ഐൻസ്റ്റയിന്റെ ജനനം.

അയൽക്കാർ ആ അച്ഛനമ്മമാരെ, അവരുടെ പുത്രലാഭത്തിലാണു് അഭിനന്ദിക്കാൻ എത്തിയതു്, അല്ലാതെ മാനവസംസ്കാരത്തിനു് സംഭാവനചെയ്യാൻ കഴിഞ്ഞിട്ടുള്ള ഏറ്റവും വലിയ മഹാന്മാരിൽ ഒരാളുടെ ആവിർഭാവത്തിലാണെന്നു് അവർ അന്നു് മനസ്സിലാക്കിയിരുന്നില്ല. ആ പഴയകുടുംബഭിഷഗ്വരൻ അദ്ദേഹത്തിന്റെ കൃത്യം വേണ്ടപോലെ നിർവ്വഹിച്ചതിൽ കൃതാർത്ഥനായി; പക്ഷെ അദ്ദേഹം മാനവസമുദായത്തിനു് എത്ര മഹത്തായ സേവനമാണു് അനുഷ്ഠിച്ചതെന്നു് മനസ്സിലാക്കിയിരുന്നിരിക്കാൻ ഇടയില്ല.

ആൽബർട്ടിനു് ഒരു വയസ്സു പ്രായമായ കാലത്തു് ആ കുടുംബം ബഴവറിയയിൽത്തന്നെയുള്ള മറെറാരു

പട്ടണത്തിലേയ്ക്ക് താമസംമാറ്റി. മ്യൂണിക് (Munich) എന്ന ആ പട്ടണം ഉല്പ്പട്ടണത്തെപ്പോലെതന്നെ ചരിത്രപ്രധാനവും മനോഹരവുമാണ്. മ്യൂണികിൽവച്ച്, ആൽബൽട്ടിന് രണ്ടു വയസ്സു പ്രായമായപ്പോൾ, അയാളുടെ സഹോദരിയായ മാജാ ജനിച്ചു. അതോടുകൂടി ആ കുടുംബാംഗങ്ങളുടെ എണ്ണം തികഞ്ഞു.

കുടുംബനാഥനായ ഐൻസ്റ്റയിന്റെ ജീവിതവൃത്തിയാണ് ആ കുടുംബത്തെ മ്യൂണികിലേയ്ക്കു കൊണ്ടുവന്നത്. പിതാവായ ഹെർമാൻ ഐൻസ്റ്റയിൻ അദ്ദേഹത്തിന്റെ അനുജനായ ജേക്കബ്ബ് ഐൻസ്റ്റയിനുമായിചേർന്ന് ഒരു ചെറിയ എലക്ട്രോകെമിക്കൽവ്യവസായശാല സ്ഥാപിക്കുന്നതിനുവേണ്ടി കുറേതൽ പുരോഗമിച്ചിട്ടുള്ളതും വിസ്തൃതവുമായ മ്യൂണിക് പട്ടണത്തിലേക്കു പോകുവാൻ തീരുമാനിച്ചു. അത് ബുദ്ധിപൂർവ്വകമായ ഒരു തീരുമാനമായിരുന്നു. ആ കുടുംബം അഭിവൃദ്ധിയെ പ്രാപിച്ചുവന്നു; ഏഴാമാം സംവത്സരങ്ങൾക്കുശേഷം അതായത് ആൽബർട്ടിന് അഞ്ചു വയസ്സും അയാളുടെ സഹോദരിക്ക് മൂന്നു വയസ്സും പ്രായമായ കാലത്ത് അവർ വാടകകെട്ടിടത്തിൽനിന്ന് ആ പട്ടണപ്രാന്തത്തിലുള്ള ഒരു വലിയ (സ്വന്തം) കെട്ടിടത്തിലേയ്ക്ക് താമസംമാറുവാൻ സാധിച്ചു. ആ ബാലന് കൂടുതൽ സന്തോഷം നൽകുന്നതായിരുന്നു ആ പുതിയ വീട്; എന്തെന്നാൽ വിസ്തൃതങ്ങളായ ഉദ്യാനങ്ങളുടേയും വൻവൃക്ഷങ്ങളുടേയും ഇടയ്ക്കാണ് ആ ഗൃഹം സ്ഥിതിചെയ്തിരുന്നത്. ഈ ശാന്തതയും കൌതുകകരമായ ഏകാന്തതയും പതിനാറാം വയസ്സുവരെ ആ കുമാരന് ആവോളമനുഭവിക്കാൻകിട്ടിയിരുന്നു.

വ്യവസായശാലയുടെ പങ്കുകാരനായ ആൽബർട്ടിന്റെ പിതൃവ്യൻ ജേക്കബ്ബ് ആ കുടുംബമൊന്നിച്ചു താമസിക്കുകയും ആ ബാലന്റെ ജീവിതനിയന്ത്രണത്തിൽ സുപ്രധാനമായ ഒരു പങ്കു വഹിക്കുകയും ചെയ്തിട്ടുണ്ട്. യാദൃശ്ചികമായി പുറപ്പെടുവിച്ച ഒരഭിപ്രായത്തിലൂടെ അദ്ദേഹമാണ് ആൽബർട്ടിനെ ഗണിതരംഗത്തിൽ പ്രവേശിപ്പിച്ചതു്.

തനിക്ക് പത്തു വയസ്സുള്ളപ്പോഴാണ് ആൽബർട്ട്, ഒരു ദിവസം അയാളുടെ പിതൃവ്യനോട് "ബീജഗണിതമെന്നാൽ എന്തു് ?" എന്നു ചോദിച്ചു.

ആ ബാലനിൽനിന്ന് നിത്യവുമുണ്ടാകാവുള്ള ചോദ്യാവലി കേട്ടു പരിചയിച്ചിട്ടുള്ള ആ മതിന്ന വ്യക്തി ഉപായത്തിൽ ഇങ്ങനെ മറുപടിപറഞ്ഞു:—"ബീജഗണിതം ഒരുതരം ഉദാസീനമായ കണക്കുശാസ്ത്രമാണ്. ഒരാൾക്ക് വല്ലതും അറിയാൻ വയ്യാതെ വരുമ്പോൾ അതിനെ 'x' എന്നു സങ്കല്പിക്കും; പിന്നീട് അതു കണ്ടുപിടിക്കുവാൻ ശ്രമിക്കുകയായി."

ക്രമേണ സങ്കീർണ്ണങ്ങളായ തത്വങ്ങളെ ഗ്രഹിക്കുവാൻ ഇഷ്ടപ്പെട്ടിരുന്ന ആൽബർട്ടിന്ന്, വിനോദപരമായ ഈ ഉത്തരം, ക്ലേശഭൂയിഷ്ഠമായ ഒരു നൂതനരംഗത്തിലേയ്ക്ക് പ്രവേശിക്കുവാനുള്ള സോപാനത്തിന്റെ ആദ്യത്തെ പടിയായി വർത്തിച്ചു. x, y, z എന്നിവയുടെ രഹസ്യങ്ങളെ പരിശോധിച്ചറിവാനും ബീജഗണിതത്തെക്കുറിച്ചു ക്രമേണ ഗ്രഹിക്കുവാനും ആ ബാലൻ വെമ്പൽകൊണ്ടു. ബീജഗണിതത്തിലോ ക്ഷേത്രഗണിതത്തിലോ ഉള്ള ഗ്രന്ഥം കൊടുക്കുന്നയാളുകളെ ആ ബാലൻ തന്റെ സ്നേഹിത

രായി കണക്കാക്കി. മിക്ക കുട്ടികളും വായിച്ചാസ്വാദം കൊള്ളുന്ന സാഹസികകഥാഗ്രന്ഥങ്ങളെക്കാൾ അയാൾക്കു പ്രിയതരങ്ങളായിരുന്നതു് ഗണിതഗ്രന്ഥങ്ങളാണു്. അത്തരംപുസ്തകങ്ങൾ പഠിച്ചുതീർക്കുന്നതുവരെ, അല്ല സഹപാഠികളെക്കാൾ വളരെയധികം മുൻപിലാകുന്നതുവരെ, തദേകതാനനായി അയാൾ വളരെയധികം ബുദ്ധിമുട്ടി ജോലി ചെയ്യുവന്നു. ഐൻസ്റ്റയിന്റെ ബാല്യകാലത്തു് ജർമ്മനിയിലെ പാഠശാലകളിൽ ക്ഷേത്രഗണിതം പഠിപ്പിച്ചിരുന്നില്ല. പക്ഷെ ഷ്പീക്കറുടെ ക്ഷേത്രഗണിതഗ്രന്ഥം*ത്തിന്റെ ഒരു പ്രതി ലഭിച്ചപ്പോൾ, അതിലെ രണ്ടോമൂന്നോ കണക്കുകളൊഴികെ, ആ ഗ്രന്ഥം മുഴുവൻ ഏതാണ്ടം ആഴ്ചകൾകൊണ്ടു് ആ വിദ്യാർത്ഥി പഠിച്ചുതീർത്തു. ആ കുമാരന്റെ ഗണിതപരമായ സാമർത്ഥ്യംകണ്ടു് അദ്ധ്യാപകന്മാർ അദ്ഭുതപ്പെട്ടു; ഇതരവിഷയങ്ങൾക്കും അയാളുടെ മഹത്തായ കഴിവിന്റെ ഒരംശം വിനിയോഗിച്ചിരുന്നാൽ നന്നായിരിക്കുമായിരുന്നു എന്നു് അവർ അഭിപ്രായപ്പെട്ടു.

ഐൻസ്റ്റയിന്റെ ബാല്യകാലജീവിതത്തിൽ ഏറ്റവുമധികം സ്വാധീനശക്തിചെലുത്തിയിരുന്നതു് സന്തോഷപ്രദവും സുഖകരവുമായ അയാളുടെ ഗൃഹജീവിതമാണു്. അയാളുടെ പിതാവിനു് സംഗീതത്തിൽ വലിയ ശ്രദ്ധയുണ്ടായിരുന്നില്ലെങ്കിലും അദ്ദേഹം സാഹിത്യത്തിൽ അത്യന്തതത്പരനായിരുന്നു. ഓരോ ദിവസത്തെയും ജോലികഴിഞ്ഞു്, ആ കുടുംബാംഗങ്ങൾ രാത്രിയിൽ വിളക്കിനു ചുറ്റും ഒന്നിച്ചുകൂടുമായിരുന്നു. അപ്പോൾ പിതാവു് ഷില്ലർ, ഹൈനു്, ഗെഥേ മുതലായവരുടെ

* Lehrbuch Der Ebenen Geometrie by Prof. Dr. Spieker.

സുപ്രസിദ്ധ കൃതികളും വായിച്ചു് അവരെ കേൾപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു.

ആൽബർട്ടിന്റെ മാതാവു് സംഗീതപ്രീയയായിരുന്നു; ബീഥോവന്റെ ഗാനങ്ങളിൽ പ്രത്യേകിച്ചു താത്പര്യം പ്രദർശിപ്പിച്ചിരുന്നു. ആൽബർട്ടിന്റെ പിതാവിന്റെയും പിതൃവ്യന്റെയും വ്യവസായരംഗത്തിലെ സഹപ്രവർത്തകർ വീട്ടിൽ വരുന്ന സായാഹ്നങ്ങളിൽ അവിടെ സംഗീതസഭ കൂടുന്നതു് സാധാരണമായിരുന്നു.

ആൽബർട്ടിനു് പില്ക്കാലജീവിതത്തിൽ അഭിനിവേശമുണ്ടായ മൂന്നു വിഷയങ്ങളിൽ താത്പര്യം ജനിപ്പിച്ചതും പോഷിപ്പിച്ചതും അയാളുടെ ബാല്യകാലത്തു് മാർഗ്ഗദർശികളായിരുന്ന ഈ മൂന്നു പേരാണു്. അച്ഛൻ സാഹിത്യപരവും, അമ്മ സംഗീതപരവും, പിതൃവ്യൻ (ഗണിതമുഖേന) ശാസ്ത്രപരവുമായ താത്പര്യം ആ ബാലനിൽ അങ്കുരിപ്പിച്ചു.

ആൽബർട്ടു് വളർന്നു് പാഠശാലയിൽ പോകുവാൻ ആരംഭിച്ചതോടുകൂടി ബാഹ്യലോകത്തിലെ ക്രൂരതകളിൽ നിന്നു് രക്ഷനേടാനുള്ള കേന്ദ്രമെന്ന നിലയ്ക്കു് അയാളുടെ ഗൃഹം കൂടുതൽ പ്രാധാന്യമർഹിച്ചുതുടങ്ങി. വിദ്യാലയജീവിതം എത്രതന്നെ ക്ലേശകരമായിരുന്നാലും, അവിടത്തെ ചുറുചുറുപ്പാർന്ന എതിരേറ്റങ്ങളായി തോന്നിയിരുന്നാലും വൈകുന്നേരമാകുമ്പോൾ അയാളുടെ ഭവനം (അയാൾക്കു്) സന്തോഷം നൽകുന്ന സങ്കേതമായി വർത്തിച്ചുവന്നു.

അദ്ധ്യായം രണ്ട്.

കാണാപ്പാഠം പഠിക്കുവാൻ വയ്യാത്ത ബാലൻ

ആൽബർട്ടിന് ആറു വയസ്സു പ്രായമായപ്പോൾ പ്രധാനപ്പെട്ട രണ്ടു സംഭവങ്ങൾ നടന്നു. ഒന്ന് അയാൾക്കു എപ്പോഴും സന്തോഷം കൈവരുത്തുന്നതും മറേറത് വളരെക്കാലത്തേയ്ക്ക് അയാൾക്കു മനോവേദനയും ഖേദവും ഉള്ളവാക്കുന്നതുമായിരുന്നു. അയാളുടെ വയലിൻ ശിക്ഷണത്തിൻെറ പ്രാരംഭവും അയാളുടെ വിദ്യാലയപ്രവേശവുമായിരുന്ന അവ.

സംഗീതം ഇഷ്ടപ്പെടുകയും രസിക്കുകയും ചെയ്തുവരുന്ന കുടുംബത്തിലെ കുട്ടികൾക്ക് ഏതെങ്കിലും തരത്തിലുള്ള സംഗീതാഭ്യസനം നല്കപ്പെടുന്നതു സാധാരണമാകുന്നു. ആൽബർട്ടിൻെറ അച്ഛനമ്മമാർ അയാളെ വയലിൻ പരിശീലിപ്പിക്കുവാനാണു നിശ്ചയിച്ചതു്. അച്ചടക്കത്തെ ഏതു സമയത്തും ശക്തിയായി എതിർത്തിരുന്ന ആ പ്രൌഢബാലൻ വയലിൻപരിശീലനത്തിൻെറ പ്രാരംഭഘട്ടത്തിലും വല്ലാതെ പെരുമാറുകയുണ്ടായി. തന്നെ നിർബ്ബന്ധിച്ചു് എന്തെങ്കിലും ചെയ്യിക്കുന്നതിനെ ആ ബാലൻ എതിർത്തു; വയലിൻപാഠങ്ങളും തന്നെക്കൊണ്ടു് അഭ്യസിപ്പിക്കുന്നതും അയാൾ വെറുത്തു. എങ്കിലും സംഗീതത്തിനു് അയാളുടെ ഉള്ളിൽ ചില വികാരങ്ങളെ ഉണർത്തുവാൻ കഴിഞ്ഞു. വിഷമമായതും മുഷിവുതോന്നുന്നതുമായ പ്രാരംഭപാഠങ്ങൾ അഭ്യസിച്ചു കഴിഞ്ഞതോടുകൂടി. വയലിനിൽ ഒരു രാഗം ആലപിക്കാ

കമന്ന നില പ്രാപിച്ചതോടുകൂടി, ആൽബർട്ട് വയലിൻ വായനയിൽ രസിച്ചുതുടങ്ങി. ഉദ്ദേശം പതിന്നാലു വയസ്സു പ്രായമായപ്പോഴേ അയാൾ മൊസാർട്ടിനെക്കുറിച്ചു അറിയുകയും, അതിനുശേഷം അയാളുടെ വയലിൻ—സംഗീതം—അയാൾക്ക് ജീവിതോല്ലാസങ്ങളിലൊന്നായിത്തീരുകയും ചെയ്തു. തനിക്ക് ഏറ്റവും ഇഷ്ടമുള്ള ഗാനശകലങ്ങൾ ആലപിക്കുന്നതിനു വേണ്ട വൈദഗ്ധ്യം നേടുന്നതിനായി അയാൾ കൂടുതൽ ക്ലേശിച്ചു് അഭ്യസനം നടത്തി.

ആയുഷ്കാലം മുഴുവൻ ഉല്ലാസത്തിനും വിനോദത്തിനും ആൽബർട്ട് സ്വീകരിച്ചതു് വയലിൻവായനയായിരുന്നു. അന്നത്തെ കർശനമായ ജർമ്മൻ അഭ്യസനരീതിയിലെ ക്ലിഷ്ടവും ഖണ്ഡിതവുമായ വ്യവസ്ഥകളോടു് യോജിക്കുവാൻ അയാൾക്ക് ഒരിക്കലും സാധിച്ചിരുന്നില്ല. ആൽബർട്ടിന്റെ മാതാപിതാക്കന്മാർ അയാളെ അയച്ച വിദ്യാലയങ്ങൾ, പട്ടാളസാജ്ജൻറന്മാരെപ്പോലെ നിർദ്ദയന്മാരും ഉഗ്രന്മാരുമായ അദ്ധ്യാപകന്മാരാൽ, ജർമ്മൻ പട്ടാളച്ചിട്ടയ്ക്കൊത്തു നടത്തപ്പെട്ടുന്നവയായിരുന്നു. കാണാപ്പാഠം പഠിക്കുകയായിരുന്നു അവിടത്തെ വ്യവസ്ഥ. അയവില്ലാത്ത അച്ചടക്കപാലനമായിരുന്നു ക്ലാസ്സുമുറിയിലെ നിയമം. അദ്ധ്യാപകൻ, പഠിക്കേണ്ട ഭാഗം നിശ്ചയിച്ചുകൊടുക്കും; വിദ്യാർത്ഥികൾ അതു് ഒരക്ഷരംപോലും മാറാതെ കാണാപ്പാഠം ചൊല്ലണം. ചോദിച്ചാൽ മാത്രമേ വായ തുറക്കാവൂ. ആൽബർട്ട് ഐൻസ്റ്റയിന്റെ സ്വതന്ത്രവും സചേതനവുമായ ഭാവനാശക്തിക്ക് കാണാപ്പാഠം

പഠിക്കുവാൻ സാദ്ധ്യമായിരുന്നില്ല. അയാൾക്ക് വിദ്യാലയജീവിതം അടിമത്തമല്ലാതെ മറെറാന്നുമായിത്തോന്നിയില്ല. ലജ്ജാലുവും, ശാന്തസ്വഭാവിയും, ഭയന്ന പ്രകൃതക്കാരൻപോലുമായ ആ ബാലനെ ചൂരലിളക്കിക്കൊണ്ടു പഠിപ്പിക്കുന്നതിനെയും, കുത്തുവാക്കുകൾകൊണ്ടു ക്രൂരമായി ശാസിക്കുന്നതിനെയുംകുറിച്ച് ഒന്നു സങ്കല്പിച്ചുനോക്കുക!

ആൽബർട്ട് ശൈശവത്തിൽ സംസാരിക്കുവാൻ തുടങ്ങിയതു വളരെ താമസിച്ചായിരുന്നുവെന്നു പറഞ്ഞിട്ടുണ്ടല്ലോ. വിചാരങ്ങളെ പ്രകാശിപ്പിക്കുന്നതിനുള്ള ഈ കഴിവുകേട് അഥവാ മാന്ദ്യം ആ ബാലനെ പ്രാഥമിക പാഠശാലയിൽ ചേർത്തപ്പോഴും അയാളിൽ അവശേഷിച്ചിരുന്നു.

അന്ന് ജർമ്മനിയിലെ പ്രാഥമികപാഠശാലകൾ മതപരമായ അടിസ്ഥാനത്തിലാണ് നടത്തിവന്നിരുന്നതു; ഓരോ കുട്ടിയെയും അയാളുടെ വീട്ടുകാരുടെ മതത്തിന്റെ നിയമങ്ങൾക്കനുയോജ്യമായി നടത്തിവന്ന പാഠശാലയിൽ ചേർത്തുവന്നു. മ്യൂണികിലെ ജനങ്ങളിലധികവും റോമൻ കത്തോലിക്കരായിരുന്നു. അതിനാൽ ആൽബർട്ടിന്റെ അച്ഛനമ്മമാർക്ക് അയാളെ ഒരു കത്തോലിക്കാ വിദ്യാലയത്തിൽ അയയ്ക്കേണ്ടിവന്നു. അവിടെ പതിവുപാഠങ്ങളുടെ അംശമായി റോമൻ കത്തോലിക്കാമതപരിശീലനവും നല്കിവന്നു. കത്തോലിക്കാമതത്തിലെ വിശ്വാസപ്രമാണങ്ങളിൽ അയാൾക്ക് സഹപാഠികളെക്കാൾ പരിചയം സിദ്ധിച്ചു.

പാരമ്പര്യംകൊണ്ടും വിശ്വാസംകൊണ്ടും ഐൻസ്റ്റയിൻകുടുംബക്കാർ യൂദരായിരുന്നു. പക്ഷെ ആൽബർട്ടിന്റെ പിതാവു് ഒരു സ്വതന്ത്രചിന്തകനായിട്ടാണു് സ്വയം കരുതിപ്പോന്നിരുന്നതു്. മതപരമായ ചടങ്ങുകളൊന്നും അവരുടെ വീട്ടിൽ നടത്തിവന്നിരുന്നില്ല. ആൽബർട്ടിന്റെ അച്ഛന്റെയും അമ്മയുടേയും കുടുംബക്കാർ തലമുറതലമുറയായി താമസിച്ചിരുന്നതു് ബവേറിയായിലെ ഗ്രാമപ്രദേശത്താണു്. അയൽക്കാരിൽനിന്നോ സ്നേഹിതരിൽനിന്നോ തങ്ങൾ വ്യത്യസ്തരാണെന്നു് ഐൻസ്റ്റയിൻകുടുംബക്കാർ വിചാരിച്ചിരുന്നില്ല. അവർ താമസിച്ചിരുന്ന പ്രദേശത്തിലെ സംസ്കാരത്തോടു് സ്വാഭാവികമായി അവർ ഇണങ്ങിച്ചേർന്നു. വിദ്യാലയത്തിലേയ്ക്കു പോകുന്നതുവരെ, ആൽബർട്ടു് അയാളുടെ വീട്ടുകാരുടെ മതം അയൽക്കാരുടേതിൽനിന്നു് ഭിന്നമാണെന്നു് ധരിച്ചിരുന്നില്ല.

ഭൂലോകവാസികളെല്ലാവരും ഒരേ മതത്തിൽപ്പെട്ടവരായിരിക്കുമെന്നു വിചാരിച്ചിരുന്ന ഒരധ്യാപകൻ ഒരു ദിവസം ഒരു വലിയ ഇരുമ്പാണി വിദ്യാർത്ഥികളെ പ്രദർശിപ്പിച്ചു. എല്ലാവർക്കും കാണത്തക്കവണ്ണം അതിനെ പൊക്കിപ്പിടിച്ചുകൊണ്ടു് "ക്രിസ്തുവിനെ കുരിശിൽ തറയ്ക്കുവാൻ ഉപയോഗിച്ച ആണി ഇത്തരത്തിലുള്ളതായിരുന്നു" എന്നാദ്ധ്യാപകൻ പ്രസ്താവിച്ചു.

ആ ക്ലാസ്സിൽ യൂദവിദ്യാർത്ഥിയായി ഉണ്ടായിരുന്നതു് ആൽബർട്ടു് മാത്രമായിരുന്നതിനാൽ ഈ നിഷ്ഠൂരമായ കഥ ലജ്ജാശീലനായിരുന്ന ആ വിദ്യാർത്ഥിയെ

ക്കൂടുതൽ ലജ്ജിപ്പിച്ചു. അയാൾക്ക് അന്ന് ഒൻപതുവയസ്സു പോലും ആയിരുന്നില്ല എങ്കിലും അക്കാര്യം അയാൾ ഒരിക്കലും മറന്നില്ല. പെറുപ്പക്കാരുടെ ഒരു 'നല്ല ചങ്ങാതി' യായിരിപ്പാൻ ആൽബർട്ടിനു ഒരിക്കലും കഴിഞ്ഞിരുന്നില്ല. അയാളുടെ, കായികാഭ്യാസത്തിലുള്ള കഴിവുകേടും ആയാസകരമായ കളികളോടുള്ള വെറുപ്പുമാണ് കാരണം. തൽഫലമായി ഏകനായിക്കഴിഞ്ഞിരുന്ന ആ ബാലന് കൂടുതൽ ഏകാന്തതയിൽ കഴിയേണ്ടിവന്നു.

വളർന്നുവന്നതോടുകൂടി ആൽബർട്ട്, തന്റെ ചുറ്റുപാടുമുള്ള അനീതികളെക്കുറിച്ചു അധികമധികം മനസ്സിലാക്കി. വിദ്യാലയത്തിൽ ധനികബാലന്മാരോട് വളരെ സ്നേഹത്തോടും ദരിദ്രബാലന്മാരോട് വെറുപ്പോടുമുള്ള പെരുമാറ്റം അയാളുടെ ദൃഷ്ടിയിൽപ്പെട്ടു. ദരിദ്രർ പട്ടണത്തിലെ അനാരോഗ്യകരമായ ചുറ്റുപാടുകളിൽ വൃത്തികെട്ട ജീവിതം നയിക്കുന്നതും അതേ സമയം പണക്കാർ സുഖസൌകര്യങ്ങളോടുകൂടി കഴിയുന്നതും ആ ബാലൻ കണ്ടറിഞ്ഞു. അയാൾക്ക് വിദ്യാലയത്തിലെ ക്ലിഷ്ടതയിൽനിന്ന് മോചനം നേടാൻ തന്റേതായ സാമാന്യം ഭേദപ്പെട്ട ഒരു ഭവനമുണ്ടായിരുന്നു. ദരിദ്രബാലന്മാരാകട്ടെ വീട്ടിലെ അരിഷ്ടതയിൽനിന്നു സ്കൂളിലെ ക്ലിഷ്ടതയിലേയ്ക്കും വീണ്ടും വീട്ടിലെ അരിഷ്ടതയിലേയ്ക്കും നിത്യവും പോകേണ്ടിയിരുന്നു.

മൂണികിലെ ഇതരപൌരന്മാരുടെ സ്വാർത്ഥതയ്ക്കു വിപരീതമായി ആൽബർട്ടിന്റെ മാതാപിതാക്കന്മാർ നിർഭാഗ്യവാന്മാരോട് ഔദാര്യം പ്രദർശിപ്പിച്ചുവന്നു.

ഇതു്, തന്നോളം ഭാഗ്യം ലഭിച്ചിട്ടില്ലാത്തവരിൽ ആൽബർട്ടിനു് കനിവു ജനിപ്പിക്കുവാൻ പ്രേരകമായിത്തീർന്നു. മാനവസ്വാതന്ത്ര്യത്തിന്റെയും മതസ്വാതന്ത്ര്യത്തിന്റെയും, ലോകത്തിലെ ഏറ്റവും മഹാനായ ഒരു വക്താവായിത്തീരേണ്ടവനായിരുന്നല്ലൊ ആ ബാലൻ. പിൽക്കാല ജീവിതത്തിൽ സമ്മർദ്ദത്തിനു കീഴടങ്ങി ജീവിക്കുവാൻ അയാൾക്കു് ഒരിക്കലും കഴിഞ്ഞിട്ടില്ല. ജീവിതത്തിൽ രണ്ടു പ്രാവശ്യം ആൽബർട്ടിനു് ജന്മദേശത്തിൽനിന്നു ഭിന്നങ്ങളായ രാജ്യങ്ങളിൽ പൌരത്വം സ്വീകരിക്കേണ്ടിവന്നു. യൗവ്വനകാലത്തു് അദ്ദേഹം സ്വിറ്റ്സർലണ്ടിലെ പൌരനായി; രണ്ടാമത്തെ ആഗോളയുദ്ധകാലത്തു് അദ്ദേഹം അമേരിക്കൻ പൌരത്വം വരിച്ചു. സന്തോഷത്തോടുകൂടി ജീവിക്കുന്നതിനും ജോലിചെയ്യുന്നതിനും അദ്ദേഹത്തിനു് സ്വാതന്ത്ര്യം അത്യന്താപേക്ഷിതമായിരുന്നു.

പത്തുവയസ്സായപ്പോൾ ആൽബർട്ട പ്രാഥമികവിദ്യാലയത്തിലെ പഠിത്തം പൂർത്തിയാക്കി. പിന്നീടു് മ്യൂണികിലെ ലുയ്ത്പോൾഡ് ജിമ്നീഷ്യത്തിൽ ചേർന്നു. അമേരിക്കൻ ഐക്യനാടുകളിലെ ജൂനിയർ ഹൈസ്കൂൾ, ഹൈസ്കൂൾ, ജൂനിയർ കാളേജ് എന്നിവയ്ക്കു് സമാനമാണു് ജിമ്നീഷ്യം. എട്ടുകൊല്ലം വേണം ആ വിദ്യാലയത്തിലെ പഠിത്തം പൂർത്തിയാക്കാൻ. ലാറ്റിൻ, ഗ്രീക്കു്, ഗണിതശാസ്ത്രം എന്നീ വിഷയങ്ങളാണു് പ്രധാനമായി അവിടെ പഠിപ്പിക്കുന്നു.

ശാന്തനും ഏകാകിയുമായ ആ കുമാരൻ ജിമ്നീഷ്യത്തിലെ അദ്ധ്യാപകന്മാർക്കു് ഒരു 'വിഷമബാല'നായിരുന്നു.

നല്ല ഓമ്മശക്തി ആവശ്യമുള്ള വിഷയങ്ങളിൽ അതായത് ഭാഷകളിലും മറ്റും അയാൾ തീരെ മോശമായിരുന്നു; ഗണിതശാസ്ത്രത്തിൽ വളരെ സമർത്ഥനും അദ്ധ്യാപകന്മാരെപ്പോലും മികച്ചു നിൽക്കുന്നവനുമായിരുന്നു. ആൽബർട്ട് അച്ചടക്കം തീരെ പാലിച്ചിരുന്നില്ല. ജീവകാരുണ്യത്തോടും സൗഹൃദത്തോടുംകൂടിയാണ് ആ ബാലൻ സാധാരണ പെരുമാറിവന്നതെങ്കിലും അയാൾക്ക് അധികാരഭാവത്തെ സഹനശീലത്തോടുകൂടി എതിർക്കുന്ന സ്വഭാവവും ഉണ്ടായിരുന്നു.

ഒടുവിൽ ആൽബർട്ടിന്റെ വിദ്യാലയത്തിൽ ബുദ്ധിമാനും ഇംഗിതജ്ഞനുമായ ഒരു അദ്ധ്യാപകൻ വന്നുചേർന്നു. റൂസ് (Ruess) എന്നു പേരുള്ള അദ്ദേഹം ആ അസാധാരണബാലനെ വേണ്ടപോലെ മനസ്സിലാക്കുകയുണ്ടായി. ആ വിദ്യാർത്ഥിക്ക് ചില വിഷയങ്ങൾ പഠിക്കുവാൻ അദ്ദേഹത്തിന്റെ അദ്ധ്യാപനം പ്രചോദനം നല്കി. കുഴങ്ങിയിരുന്ന ആ കുമാരന്റെ കൈയ്ക്കു പിടിച്ചുകൊണ്ട് റൂസ് ഇപ്രകാരം പറഞ്ഞു:—"കർക്കശമായ അച്ചടക്കമെന്ന വിസ്മിത്തത്തിനു ബന്ധിച്ചുനിർത്തുവാൻ കഴിയാത്ത സർഗ്ഗശക്തിയോടുകൂടിയ ഗൊഥേ തുടങ്ങിയ ജർമ്മൻകവികളുടേയും ഷേക്സ്പീയറുടേയും നൂതനലോകത്തിലേയ്ക്ക് എന്നോടൊന്നിച്ചുവരിക. നിന്റെ അത്ഭുതകരമായ ഭാവനയെ മാനിക്കുന്നവരാണ് ആ കലാകാരന്മാർ." ആൽബർട്ട് ആ മഹാവിദ്വാന്മാരുടെ നൂതനലോകത്തിൽ പ്രവേശിച്ചു; അവരെ ആരാധിച്ചുതുടങ്ങി. അതോടുകൂടി അയാളുടെ ഏകാകിത്വവും ഏകാന്തതയും കുറെയൊക്കെ കുറഞ്ഞു.

ഒത്താശതേടിവന്ന ഏതൊരാൾക്കും മൃണികിലുള്ള ഐൻസ്റ്റയിൻകുടുംബത്തിന്റെ സഹായം ലഭിച്ചിട്ടുണ്ട്. വ്യാഴാഴ്ചതോറും ഒരു ദരിദ്രബാലനെ വിരുന്നിനു ക്ഷണിക്കുക അവരുടെ പതിവുകളിലൊന്നായിരുന്നു. അന്നത്തെ 'ദരിദ്രവിദ്യാർത്ഥി' യഥാർത്ഥത്തിൽ വളരെയധികം നിർഭാഗനായിരുന്നു. വളരെ ചുരുങ്ങിയ ആഹാരം കൊണ്ടു വിഷമിച്ചു കഴിഞ്ഞിരുന്ന വിദ്യാർത്ഥികളിൽ ഒന്നിലധികം പേർക്ക് അവരുടെ വിദ്യാലയജീവിതത്തിനിടയ്ക്ക് ഈ വിരുന്നൂണുകൾ ഒരു അനുഗ്രഹമായിരുന്നിരിക്കണം.

ഫലേച്ഛകൂടാതെ നടത്തിവന്ന ഈ പ്രവൃത്തിയിൽ നിന്ന് ഐൻസ്റ്റയിൻകുടുംബത്തിന്, അല്ലാ ആൽബർട്ടിന്, അപ്രതീക്ഷിതമായി ഒരു ഗുണം സിദ്ധിച്ചു. എന്തെന്നാൽ അന്ന് ഡോക്ടർ പരീക്ഷയ്ക്കു പഠിച്ചുകൊണ്ടിരുന്ന മാക്സ് ടാൽമൈ എന്ന യുവാവ് ഒരു ദരിദ്രവിദ്യാർത്ഥിയായിരുന്നു. ആൽബർട്ടിനെക്കാൾ പതിനൊന്നു വയസ്സു പ്രായക്കുട്ടതലുള്ള മാക്സ്, ആൽബർട്ടിന്റെ മഹത്തായ മേധാശക്തിയെക്കുറിച്ച്, ആ ബാലന്റെ അച്ഛനമ്മമാരെക്കാൾ കൂടുതലായി ഗ്രഹിച്ചു. അയാൾ ആൽബർട്ടിനെ പഠിത്തത്തിൽ പ്രോത്സാഹിപ്പിക്കുകയും, തനിക്കു സഹായിക്കുവാൻ വയ്യാത്ത നിലയിൽ ആൽബർട്ട് എത്തുന്നതുവരെ ഗണിതശാസ്ത്രം പഠിപ്പിക്കുകയും ചെയ്തു. ആൽബർട്ടിനെ സ്ഥിരക്കുടെ ക്ഷേത്രഗണിതഗ്രന്ഥം നല്കിയതും മാക്സായിരുന്നു. ആ ഗ്രന്ഥത്തിന്, ആൽബർട്ടിനെ വശീകരിച്ചു് ഏതാനും മണിക്കൂറുകളിലേയ്ക്ക് ഒരു ഇരുപ്പിൽ ഇരുത്തുവാൻ പല പ്രാവശ്യവും കഴിഞ്ഞിട്ടുണ്ട്.

വളരെക്കൊല്ലങ്ങൾക്കുശേഷം, ഐൻസ്റ്റീനിന്റെ സാപേക്ഷതാവാദങ്ങൾ പുറത്തായപ്പോൾ, ആ വിഷയത്തിലൊരു ഗ്രന്ഥം രചിക്കുന്നതിനു വേണ്ട വിവരങ്ങൾ സമ്പാദിക്കുന്നതിനായി ഡോക്ടർ ടാൽമൈ ന്യൂയാക്കിലെ പബ്ളിക്ക് ലൈബ്രറിയിൽ വളരെയധികം സമയം ചെലവുചെയ്യുകയുണ്ടായി. അന്ന്, ഡാക്ടർ എന്ന നിലയിൽ നല്ല പേരും പെരുമയും ആർജ്ജിച്ചിരുന്ന മാക്സ് ടാൽമൈ, വിദ്യാർത്ഥിജീവിതത്തിൽ നിർദ്ധനനായ തന്നെ സഹായിച്ച ആ ഉദാരകുടുംബത്തെ മറന്നില്ല.

മാക്സും ആൽബർട്ടും അവരുടെ ചെറുപ്പകാലത്ത് എന്തെല്ലാ സന്തോഷജനകങ്ങളായ സംഭാഷണങ്ങൾ നടത്തിയിരുന്നിരിക്കണം! അവരുടെ ചില വാദമുഖങ്ങളിൽ അവർ എത്രമാത്രം ആവേശം കൊണ്ടിരുന്നിരിക്കണം! ആൽബർട്ടിന്, ജീവിതത്തിൽ ആദ്യമായി തനിക്കു തുല്യനെന്നു കരുതാവുന്ന ഒരു ക്രട്ടുകാരനെ, ഏകാകിതപത്തിൽ നിന്നു തന്നെ പിടിച്ചു മാറ്റുവാൻ പ്രാപ്തനായ ഒരു ചങ്ങാതിയെ, കിട്ടി. ആൽബർട്ടിനു പത്തരവയസ്സു പ്രായമുണ്ടായിരുന്നപ്പോഴാണ് അയാളും മാക്സും സുഹൃത്തുക്കളായതു്. ആ ക്രട്ടുകെട്ട് അഞ്ചു കൊല്ലത്തേയ്ക്കു് അതായതു് ആൽബർട്ടിന്റെ ജീമ്നീഷ്യത്തിലെ ജീവിതകാലത്തിലേറിയ ഭാഗത്തേയ്ക്കു് നീണ്ടുനിന്നു. പിന്നീടു് മാക്സ് അയാളുടെ ഭാവിജീവിതം ശുഭവല്ക്കരിക്കുന്നതിനുവേണ്ടി അമേരിക്കയിലേയ്ക്കു യാത്രയായി.

പതിനാലു വയസ്സായപ്പോൾ ആൽബർട്ട് അയാളുടെ അദ്ധ്യാപകന്മാരെ വളരെയധികം വിഷമിപ്പിക്കുന്ന

ണ്ടായിരുന്നു. ആ വിദ്യാർത്ഥിക്ക് താല്പര്യമില്ലാത്ത വിഷയങ്ങൾ അയാളെ പഠിപ്പിക്കുവാൻ അവർക്ക് സാദ്ധ്യമായിരുന്നില്ല; ഗണിതശാസ്ത്രത്തിന്റെ കാര്യത്തിൽ അയാളും അദ്ധ്യാപകനും അവർ വിദ്യാർത്ഥികളുമാകേണ്ടിയിരുന്നു. അയാളെപ്പോലെ ധീരനും തുറന്ന സംസാരിക്കുന്ന പ്രകൃതക്കാരനുമായി അദ്ധ്യാപകന്മാർ കരുതിയിരുന്നിരിക്കണം; പക്ഷെ വാസ്തവം അങ്ങനെയായിരുന്നില്ലെന്നുവേണം പറയാൻ. ആൽബർട്ടിനു് ആത്മബോധമുണ്ടായിരുന്നു, എങ്കിലും ആത്മവിശ്വാസം തീരെ കുറവായിരുന്നു. ക്ലാസ്സിൽവച്ചു് ചോദ്യങ്ങൾക്കുമേൽ ചോദ്യങ്ങൾ വർഷിക്കുന്നതിനു് അയാളെ പ്രേരിപ്പിക്കത്തക്കവണ്ണം അത്രയും ശക്തിയേറിയതായിരുന്ന അയാളുടെ വിജ്ഞാനാസക്തി. ഒരു വിഷയത്തിൽ അഭിനിവേശം ഉണ്ടായാൽ തന്നെക്കുറിച്ചു മാത്രമല്ല ക്ലാസ്സിലെ മറ്റുള്ളവരെക്കുറിച്ചും മറക്കത്തക്കവണ്ണം അയാൾ ആവേശഭരിതനാവുകയും നിസ്സഹായനായ അദ്ധ്യാപകനെ ചോദ്യപരമ്പരയാൽ വിഷമിപ്പിക്കുകയും ചെയ്യുമായിരുന്നു. ആ ചോദ്യങ്ങൾക്കു് അദ്ധ്യാപകനുമാത്രമല്ല, ലോകത്തിലാർക്കുംതന്നെ ഉത്തരം നൽകുവാൻ സാദ്ധ്യമായിരുന്നില്ല. ആ ചോദ്യങ്ങളിൽ പലതിനും ഐൻസ്റ്റയിൻതന്നെ പിന്നീടു് ഉത്തരം കണ്ടെത്തിയിട്ടുണ്ടു്.

മറ്റുള്ളവരെക്കാൾ, സത്യസന്ധനും, ഒരു പക്ഷെ ക്രൂരതൽ നിരാശനുമായ ഒരദ്ധ്യാപകൻ ഒരു ദിവസം അദ്ധ്യയനസമയം കഴിഞ്ഞു് ആൽബർട്ടിനോടു് ഇങ്ങനെ

പറഞ്ഞു:—"ആൽബർട്ട്! എനിക്ക് നിന്നോട് ഒരു രഹസ്യം പറയാനുണ്ട്"

"ആകട്ടെ, സാർ"

"എനിക്കെന്നല്ല ലോകത്തിൽ ആർക്കും ഉത്തരം പറയാൻ വയ്യാത്ത ചോദ്യങ്ങളും ഇത്രയധികം നീ ചോദിക്കുന്നതു് എന്നെ ക്രമത്തിലധികം വിമ്മിട്ടപ്പെടുത്തുന്നുണ്ടു്."

"ക്ഷമിക്കണം സാർ. ഞാൻ അറിവാൻ ആഗ്രഹിക്കുന്ന....."

"ശരിതന്നെ! നിന്റെ ചോദ്യങ്ങൾക്കുള്ള സമാധാനം അറിയാൻ ലോകർക്കെല്ലാം ഉല്ക്കണ്ഠയുണ്ടു്. എന്നെ കൂടുതൽ വിഷമിപ്പിക്കാതിരിക്കുവാൻ അപേക്ഷ; ദയവു ചെയ്തു ക്ലാസ്സിൽവച്ചു മേലാൽ നീ ചോദ്യം ചോദിക്കാതിരിക്കണം"

ഈ അപേക്ഷ ആ വിദ്യാർത്ഥി സ്വീകരിച്ചോ ഇല്ലയോ എന്നു് നമുക്കറിവില്ല. ഒരു പക്ഷെ, ഈ പ്രൊഫസ്സർ, റ്റ്യൂസിനെപ്പോലെ അത്ര വ്യക്തമായിട്ടല്ലെങ്കിലും, ഐൻസ്റ്റയിന്റെ ശോഭനമായ ഭാവിയെക്കുറിച്ചൊരു ദിങ്മാത്രദർശനം ലഭിച്ചിരിക്കാം.

അദ്ധ്യായം മൂന്ന്

ജർമ്മൻപടുതാളത്തിന്റെ നിഴലാട്ടം

ഇരുപതാം ശതകത്തിൽ ജർമ്മനി ഒരൊറ്റ രാജ്യമായി എപ്പോഴും ഇരിക്കുക ഉണ്ടായിട്ടില്ല. ഐൻസ്റ്റയിന്റെ ജനനകാലത്തു് അവിടത്തെ ദേശീയവികാസം എതാണ്ടു് ആരംഭിച്ചിരുന്നതേയുള്ളു; അദ്ദേഹത്തിന്റെ ബാല്യകാലത്തു് ബിസ്മർക്ക് എന്ന സൈനിക സർവ്വാധിപതി പ്രാബല്യത്തിൽ വർത്തിക്കുകയായിരുന്നു.

ഐൻസ്റ്റയിന്റെ ജനനത്തിനു് മുപ്പതിലധികം കൊല്ലങ്ങൾക്കു മുൻപു് 'ഓട്ടോ ഫാൺ ബിസ്മർക്കി'ന്റെ പ്രവർത്തനജീവിതം ആരംഭിച്ചു. പ്രഷ്യക്കാരനായ ബിസ്മർക്ക് ജനനംകൊണ്ടു് ഒരു രാജകുമാരനായിരുന്നു. പ്രഷ്യയിലെ കാൺഗ്രസ്സിന്റെ അഥവാ പൊതു അസംബ്ളിയിലെ ഒരു സാമാജികനായി രാഷ്ട്രീയജീവിതം സമാരംഭിച്ച അദ്ദേഹം, പിന്നീടു് ഉഗ്രനായ സർവ്വാധിപതിയായിത്തീരുന്നതിനു വേണ്ട വാശിയോടും വീറോടുംകൂടി ക്രമേണ ഉയർന്നുവന്നു. സ്വതന്ത്രങ്ങളായി വർത്തിച്ചിരുന്ന കുറെ സംസ്ഥാനങ്ങളെ പ്രഷ്യയുടെ അധികാരത്തിൻകീഴിൽ കൊണ്ടുവന്നു് ഒരു 'സംയുക്ത ജർമ്മൻരാഷ്ട്രം' കെട്ടിപ്പടുക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതലക്ഷ്യം. 1860-നോടടുപ്പിച്ചു്, പ്രഷ്യൻ രാജാവായ വില്യം ഒന്നാമനു് പ്രഷ്യൻ കാൺഗ്രസ്സുമായി രസക്ഷയം ഉണ്ടായി; അതു് ബിസ്മർക്കിന്റെ ഉദ്ദേശസാധ്യത്തിനു് പറ്റിയ ഒരവസരമായി. ഏകച്ഛത്രാധിപത്യം സ്വയം കൈയ്യേൽ

ക്കുവാൻ മോഹിച്ചുകൊണ്ട് വില്യം ഒന്നാമൻ ഗവർണ്മെ
ന്ററിനെ ദുർബലമാക്കിത്തീർത്തു. ഇത്തരമൊരു സന്ദർഭ
ത്തിനുവേണ്ടി കാത്തിരിക്കുകയായിരുന്ന ബിസ്മർക്ക്.
കിട്ടിയ അവസരം പാഴാക്കാതെ ബിസ്മർക്ക് അവരെ
(രാജാവിനെയും ഗവണ്മെൻറിനെയും) തമ്മിൽ പിണക്കി.
ഒടുവിൽ 'മിനിസ്റ്റർ പ്രസിഡൻറായി' സ്വയം അവരോഹ
ണംചെയ്തു പ്രഷ്യയുടെ ഭരണം ഏറെറടുത്തു. പിന്നീട്
ജർമ്മനിയെ സംയോജിപ്പിക്കുവാനും അതിൻെറ അതിർത്തി
കളെ വികസിപ്പിക്കുവാനുമുള്ള അദ്ദേഹത്തിൻെറ പ്രവ
ർത്തനം ശ്രദ്ധാപൂർവമായാണ് ആരംഭിക്കപ്പെട്ടത്.

ബിസ്മർക്ക് നല്ല കരുത്തും വാശിയുമുള്ള വനും അതേ
സമയംതന്നെ വികാരാധീനനുമായ ഒരു തികഞ്ഞ സൈന്യ
മേധാവിയായിരുന്നു. തൻെറ ഉദ്ദേശസാധ്യത്തിനുവേണ്ടി
മനുഷ്യരുടെ സുഖസൌകര്യങ്ങളെയും ജീവനെപ്പോലും
ബലികഴിക്കുന്നതിന് അദ്ദേഹം മടിച്ചിരുന്നില്ല. ഐൻ
സ്റ്റയിൻ ജനിക്കുന്നതിനു് അല്പകാലം മുൻപു മുതല്ക്കുതന്നെ
ബിസ്മർക്കിൻെറ പ്രാബല്യം വർദ്ധിച്ചുവരികയായിരുന്നു.
ഡെൻമാർക്ക് എന്ന ചെറുരാജ്യവുമായി ബിസ്മർക്ക് യുദ്ധ
ത്തിലർപ്പെടുകയും ഷ്ളേസ്വിഗ്(1), ഹോൾസ്റ്റയിൻ(2)
എന്ന പ്രദേശങ്ങളം പിടിച്ചടക്കുകയും ചെയ്തു. അദ്ദേഹം
വളരെ പ്രബലനായി; ജർമ്മൻ രാജ്യത്തെ വളരെയധികം
ശക്തിയുള്ളതാക്കിത്തീർത്തു. തൽഫലമായി ഫ്രാൻസിൽ
യുദ്ധഭീതി ജനിച്ചു. ബിസ്മർക്ക്, ഒരു ജർമ്മൻ രാജാവിനെ
പ്രുയിനിലെ സിംഹാസനത്തിൽ ആരൂഢനാക്കിയപ്പോഠം

(1) Schleswig, (2) Holstein

ഫ്രാൻസ്സ് ജർമ്മനിയുമായി യുദ്ധമാരംഭിച്ചു. അങ്ങനെയുണ്ടായതാണ് 1870-ലെ ഫ്രഞ്ചു-ജർമ്മൻ യുദ്ധം. അതിൽ ജർമ്മനി ജയിക്കുകയും ലോകനേതൃത്വത്തിൽനിന്ന് ഫ്രാൻസിനെ തള്ളിമാറ്റുകയും ചെയ്തു. അൽസ്സ്യയിൻകൂട്ടം ബക്കാരുടെ നാടായ ബവേറിയ എന്ന സ്വതന്ത്രരാജ്യത്തിന് ജർമ്മൻ ഫെഡറേഷനിൽ ചേരേണ്ടിവന്നു എന്നതും ഈ യുദ്ധത്തിന്റെ ഫലമായി ഉണ്ടായ മറ്റൊരു കാര്യമാണ്. അങ്ങിനെ, അൽസ്സ്യയിന്റെ ജനനത്തിനു് എട്ടുകൊല്ലം മുൻപു് ബവേറിയയുടെ സ്വാതന്ത്ര്യം നഷ്ടപ്പെട്ടു.

ആൽബർട്ട് ബാല്യകാലമെത്തിയപ്പോഴേക്കും, ജർമ്മൻ സൈനികശക്തി ബവേറിയ ഒട്ടുക്കു വ്യാപിച്ചു കഴിഞ്ഞിരുന്നു. തൽഫലമായി അയവില്ലാത്ത അച്ചടക്കം വിദ്യാലയങ്ങളിലും പാലിക്കപ്പെട്ടുവന്നു. നിർബന്ധിതമായ സൈനികപരിശീലനം ഒരു കടുത്ത യാഥാർത്ഥ്യമായിരുന്നു.

സൈനികവീര്യം അന്തരീക്ഷത്തിൽ തങ്ങിനില്ക്കുന്നുണ്ടായിരുന്നു. ചെറുപ്പക്കാർ പട്ടാളത്തിൽ ചേർന്നു. സൈനികവേഷത്തെയും പദവികളെയും യുവതികൾ ആദരിച്ചു. കൊച്ചുകുട്ടികൾ 'പട്ടാളക്കാരാ'യി അഭിനയിച്ചു കളിച്ചുവന്നു. ഈ പരിതഃസ്ഥിതിയിൽ ജീവിച്ച ഏതൊരു ബാലനും, തേച്ചുമിനുക്കിയ പട്ടാളക്കുപ്പായവും, ഉച്ചിയിൽ മുനയുള്ളതും തിളങ്ങുന്നതുമായ തൊപ്പിയും ധരിച്ചുകൊണ്ടുള്ള സൈനികരുടെ ചിട്ടയൊത്തുള്ള കാൽവയ്പു കാണുമ്പോൾ രോമാഞ്ചം കൊണ്ടിരിക്കുവാനിടയുണ്ട്.

പക്ഷെ ആൽബർട്ട് അതിൽനിന്നു വ്യത്യസ്തനായിട്ടാണു് കാണപ്പെട്ടതു്. സൈന്യവ്യവസ്ഥ എന്നാൽ എന്തെന്നു് ആ ബാലൻ ഗ്രഹിച്ചിരുന്നു. അയാൾ അതു് വിദ്യാലയത്തിൽവച്ചു് അനുഭവിച്ചറിഞ്ഞതാണല്ലൊ. അയാൾക്കു് ആ വിദ്യാലയത്തെപ്പോലെയായിരുന്ന പട്ടാളവും. അതായതു്, പരുഷമായ പെരുമാറ്റം, പരിപൂർണ്ണമായ അനുസരണം. ഓരോരുത്തരെയും മറ്റുള്ളവരെപ്പോലെയാക്കുന്നതിനുള്ള 'കവാത്തു്'—വീണ്ടും വീണ്ടുമുള്ള 'കവാത്തു്'.

അയാളുടെ സഹപാഠികൾ പട്ടാളക്കാരായി അഭിനയിച്ചു ചിട്ടയൊത്തു കാൽവച്ചു കളിക്കുമ്പോൾ ആ ബാലൻ അവരെ വിട്ടുമാറി, അല്പം അകലെയായി നിലകൊള്ളുമായിരുന്നു. ഭാവിയിൽ എന്നെങ്കിലും പട്ടാളക്കാരനായിത്തീരുമെന്ന ചിന്തതന്നെ അയാൾക്കു് ഉത്സാഹമായിരുന്നു. പ്രുഷ്യൻ സൈന്യത്തിന്റെ വേലിയേറ്റം സൃഷ്ടിച്ച അന്തരീക്ഷമതാണു്. അതിൽനിന്നൊഴിഞ്ഞു മാറുവാൻ ആർക്കുകഴിയും ?

"നമുക്കു് താമസിക്കുവാൻ മറ്റു വല്ല ദേശത്തേയ്ക്കും പോകാം." അയാൾ അച്ഛനമ്മമാരോടു് അപേക്ഷിച്ചു.

അയാളുടെ അച്ഛനമ്മമാർ ദയാശീലരും ഇംഗിതജ്ഞരുമായിരുന്നു. ആൽബർട്ടിനെപ്പോലെ അവിടംവിട്ടു പോകണമെന്നു് അവർക്കു് തോന്നിയില്ല. ആ ബാലനു് സൈനികസേവനത്തിലേർപ്പെടാനുള്ള പ്രായമായില്ലെന്നും അവർക്കു് അറിയാമായിരുന്നു.

സൈനികസേവനമെന്ന 'ശൈത്താനെ' ആൽബർട്ട് നേരിട്ടറിഞ്ഞിരുന്നു. വിദ്യാലയജീവിതംതന്നെ വിഷ

മമായിരുന്നു: ജമ്മൻ പട്ടാളജീവിതത്തിന്റെ കാര്യം പറയേണ്ടതുമില്ലല്ലോ. തന്നെ ഒരു പട്ടാളക്കാരനാക്കുകയാണെങ്കിൽ പിന്നീട് ജീവിച്ചിരിക്കുകയില്ലെന്ന് അയാൾ മനസ്സിൽ കരുതി. ലജ്ജാശീലനും സമർത്ഥനുമായ ആ കുമാരൻ പട്ടാളക്കാരനാകേണ്ടവനല്ലതന്നെ. മറ്റുള്ളവർക്ക് പട്ടാളജീവിതം ഇഷ്ടമായിരുന്നിരിക്കാം; പക്ഷെ ആൽബർട്ട് ഗണിതശാസ്ത്രത്തോടും പുസ്തകങ്ങളോടും സംഗീതത്തോടും നന്നേ ബന്ധപ്പെട്ട കഴിഞ്ഞു. അയാളുടെ പേടി പോക്കുന്നതിനുവേണ്ടി, വളരെ വൈകുന്നതിനുമുൻപ് അയാളെ ആ നാട്ടിൽ നിന്നുകൊണ്ടുപോകാമെന്ന് അയാളുടെ മാതാപിതാക്കന്മാർ വാഗ്ദാനം ചെയ്തു.

ബാലനായിരുന്നുവെങ്കിലും, തന്റെ അച്ഛനമ്മമാർക്ക് മറ്റു പലേ ജീവിതക്ലേശങ്ങളുമുണ്ടെന്നു മനസ്സിലാക്കുവാൻ പോരുന്ന പ്രായത്തിലെത്തിയിരുന്നു അയാൾ. നിർദ്ധനനാരെ നിർല്ലോഭം സഹായിച്ചുവന്ന ഐൻസ്റ്റയിൻകുടുംബത്തിൽ ചില വൈഷ്യങ്ങളാവിർഭവിച്ചു. ആൽബർട്ടിന് ഒരു വയസ്സായിരുന്നപ്പോൾ മ്യൂണിക്കിലേയ്ക്ക് മാറ്റപ്പെട്ട വ്യവസായശാല, പതിമൂന്നു കൊല്ലത്തിലധികം കാലം ഉത്തരോത്തരം അഭിവൃദ്ധിയെ പ്രാപിച്ചുവന്നു. ആ കുടുംബം സമ്പൽസമൃദ്ധിയിലെത്തുകയും ചെയ്തു. അതിനുശേഷം കാര്യങ്ങൾ തകരാറിലായിത്തുടങ്ങി. പിതാവായ ഐൻസ്റ്റയിന്റെ തൊഴിൽക്ഷയിച്ചുവരുന്നതായി കാണപ്പെട്ടു.

അച്ഛനമ്മമാരുടേയും പിതൃവ്യന്റേയും മുഖങ്ങളിലെ വ്യാകുലഭാവം ആൽബർട്ട് കണ്ടറിഞ്ഞു. തങ്ങൾക്കേർ

രപ്പെട്ട വിഷമാവസ്ഥയെക്കുറിച്ച് അവർ തമ്മിൽ നടത്തിയ നീണ്ട ആലോചനായോഗങ്ങളിലെ ചർച്ചകളും ആ ബാലൻ കേട്ടു. ദൈർഭാഗ്യംകൊണ്ട് പരിതഃസ്ഥിതികളിലുണ്ടായ ഈ മാറ്റം ഗ്രഹാന്തരീക്ഷത്തിൽ ഒരു ശ്മശാനസ്തബ്ധത സൃഷ്ടിച്ചു. കുറെക്കാലത്തേയ്ക്ക് ജർമ്മൻ പട്ടാളത്തിൽനിന്നു രക്ഷപ്പെടുന്ന കാര്യത്തെപ്പറ്റി ആ ബാലൻ പറഞ്ഞതേയില്ല.

'മിലാൻ, ഇറാലി' എന്നു മുദ്ര കുത്തിയിരുന്ന ഒരു കത്ത് അവർക്ക് ആയിടയ്ക്ക് ഒരു ദിവസം കിട്ടി. ആ ഗ്രഹസഭ ക്രൂരന്മാരിൽനിന്നും എല്ലാവരെയും ബാധിക്കുന്ന ചില പ്രധാന തീരുമാനങ്ങളിലെത്തുന്നതിനും ആ കത്ത് ഇടവരുത്തി. അവരുടെ ദീർഘസംഭാഷണങ്ങളുടെ ഫലമായി ഉണ്ടായ തീരുമാനം ആൽബർട്ടിന്റെ അച്ഛൻ അയാളെ അറിയിച്ചു : "ആൽബർട്ട് ! എന്റെ തൊഴിൽ ക്ഷയിച്ചുവരികയാണെന്ന് നീ അറിയുമല്ലോ. നമുക്ക് ഈ വലിയ വീട്ടിൽ താമസിക്കുവാൻ മേലാൽ സാദ്ധ്യമല്ല. മിലാൻ പട്ടണത്തിലേയ്ക്ക് പോവുകതന്നെ. അവിടെ എനിക്ക് തൊഴിൽ സംബന്ധിച്ച് ചില ഇടപാടുകളുണ്ട്. നമുക്ക് വീണ്ടും (തൊഴിൽ) ആദ്യംമുതൽ ആരംഭിക്കാം."

പ്രഷ്യൻ വിദ്യാലയങ്ങളിൽനിന്നു മാത്രമല്ല, പ്രഷ്യൻ പട്ടാളസേവനത്തിൽനിന്നും രക്ഷനേടുവാൻ ആശിച്ചിരുന്ന ആ ബാലന് ഈ വിവരം ഖേദകരമായി തോന്നുകയില്ലല്ലോ. ഈ വാർത്താശ്രവണത്തിൽ അയാൾ ഉത്സുകനായി സന്തോഷിച്ചു.

അയാളുടെ മാതാവു് തല കുലുക്കിക്കൊണ്ടു പറഞ്ഞു: "ആൽബർട്ട്! നിന്റെ പഠിത്തം നീ പൂർത്തിയാക്കണം."

സർവ്വകലാശാലാപ്രവേശനത്തിനു ജിം നീഷ്യത്തിൽ നിന്നുള്ള സർട്ടിഫിക്കേറ്റു് അനപേക്ഷണീയമായിരുന്നു. ജിം നീഷ്യത്തിലെ പഠിത്തം പൂർത്തിയാക്കി സർട്ടിഫിക്കേറ്റു നേടുന്നതുവരെ ആൽബർട്ട് മ്യൂണികിൽത്തന്നെ താമസിക്കേണ്ടതാണെന്നു പറഞ്ഞപ്പോൾ അ ബാലന്റെ സന്തോഷം അയാളെ വിട്ടുപിരിഞ്ഞു; എങ്കിലും അയാളുടെ അച്ഛനമ്മമാർ പറഞ്ഞതു് ശരിയാണെന്നു് അയാൾക്കു് തോന്നി. ആൽബർട്ട് മ്യൂണികിൽത്തന്നെ താമസിക്കുന്നതിനും അയാളുടെ അച്ഛനമ്മമാരും സഹോദരിയും പിതൃവ്യനും ഇറ്റലിയിലേയ്ക്കു യാത്രയാകുന്നതിനും വേണ്ട ഏർപ്പാടുകൾ നടന്നു.

ആൽബർട്ടിനു് ജീവിതത്തിൽ ആദ്യമായി തനിയെ താമസിക്കേണ്ടിവന്നു. അയാളുടെ രക്ഷാകേന്ദ്രമായി വർത്തിച്ച മനോഹരമായ വീടു് നഷ്ടപ്പെട്ടുകഴിഞ്ഞിരുന്നു. ഫ്രഷ്യൻ ക്ലാസ്സുമുറിയിലേയ്ക്കല്ലാതെ മറ്റൊരു സ്ഥലത്തേയ്ക്കും അയാൾക്കു പോകാനുണ്ടായിരുന്നില്ല. ദുസ്സഹമായ ഹൃദയഭാരത്തോടുകൂടിയായിരുന്നു അയാൾ വീണ്ടും പഠനത്തിലർപ്പെട്ടതു്. ആ ബാലനു് വീട്ടിലാകട്ടെ വിദ്യാലയത്തിലാകട്ടെ സ്നേഹിതന്മാരായി ആരും ഉണ്ടായിരുന്നില്ല.

ആൽപ്സ് പർവ്വതത്തിൽനിന്നു് ഇരുപത്തഞ്ചു മൈൽ അകലെ ഇസാർനദിക്കരയിലായി സ്ഥിതി ചെയ്തിരുന്ന മ്യൂണിക് എന്ന മനോഹരനഗരം മനോഹരമായി ആൽബർട്ടിനു തോന്നിയില്ല. ഒരുപക്ഷേ മാറിക്കൊണ്ടിരുന്ന

അവിടത്തെ കാലാവസ്ഥ അയാളെ ക്ലേശിപ്പിച്ചിരിക്കാം. പർവ്വതനിരകളുടെ സാമീപ്യംകൊണ്ടും ആയിരത്തിഴന്നടി പൊക്കത്തിലുള്ള പീഠഭൂമിയിൽ സ്ഥിതിചെയ്യുന്നതുകൊണ്ടും ആ നഗരത്തിലെ ശീതോഷ്ണാവസ്ഥയ്ക്ക് പെട്ടെന്ന് മാറ്റമുണ്ടാകാറുണ്ട്. പൊടുന്നനവെ തണുത്ത കാറ്റടിക്കാറുള്ളതുകാരണം പുറപ്പായമില്ലാതെ വെളിയിൽ പോകുന്നതു് സുരക്ഷിതമല്ല. ജനുവരി മാസത്തിൽ മരം കോച്ചുന്ന തണുപ്പുണ്ടാവും. വയറുകടി മുതലായ സുഖക്കേടുകളും പടർന്നുപിടിക്കുന്നതും അക്കാലത്താണ്. ഇങ്ങനെയുള്ള അവസ്ഥയിൽ കഴിഞ്ഞുകൂടിയ ആ ബാലന് ഇറ്റലിയിൽ താമസിക്കുന്ന അയാളുടെ കുടുംബക്കാരുടെ എഴുത്തു കിട്ടുമ്പോളുണ്ടാകുന്ന ആനന്ദവുംകൂടി ചേർത്താലോചിച്ചുനോക്കുക.

ഒഴിവുകാലങ്ങളിൽ ആൽബർട്ട് പർവ്വതനിരകളിലേയ്ക്ക് വിനോദയാത്ര പോയിരുന്നിരിക്കാം. കുറെ പണച്ചെലവുള്ള കാര്യമായിരുന്നു അതു്. അഥവാ പതിനഞ്ചുലക്ഷത്തിലധികം ഗ്രന്ഥങ്ങൾ സംഭരിച്ചുവച്ചിട്ടുള്ള ഗവർമെൻറ് ഗ്രന്ഥാലയത്തിൽ കുറെ സമയം ചെലവാക്കിയിരുന്നിരിക്കാം. ഇരട്ടക്കുതിരവണ്ടി കടന്നുപോകുന്നതു കാണുമ്പോഠം ആ ബാലന് ഓമ്മ വരുന്നതു് ജർമ്മൻ കുതിരപ്പട്ടാളത്തെക്കുറിച്ചായിരിക്കും.

മ്യൂണികിലെ ജനങ്ങളിലധികംപേരും റോമൻ കത്തോലിക്കരായിരുന്നതിനാൽ, ഉത്സവദിവസങ്ങളിൽ തെരുവുകളിൽക്കൂടി മതപരമായ ഘോഷയാത്രകളും നടത്താറുണ്ടായിരുന്നു. അപ്പോഠം വാതായനങ്ങളും, മണ്ഡപ

ങ്ങളും മുതലായവ കൊടിതോരണങ്ങളാലും മറ്റും അലങ്കരിച്ചിരിക്കും. പള്ളിയിലെ മേലധികാരികളും, പാതിരിമാർ എന്നിവരോടൊത്തു് 'തിരുഗായകസംഘ'ത്തിന്റെ പുറകെ സഭാംഗങ്ങളും മറ്റും അണിയണിയായി മുന്നോട്ടു നീങ്ങും.

കാലാവസ്ഥയും, ഏകാന്തതയും, പുറപാട്ടുള്ള പട്ടാളച്ചിട്ടയും ആൽബർട്ടിനു് അസഹ്യമായിത്തോന്നി. അയാൾ ആദ്യം ചിന്താകുലനായി; പിന്നീടു് ചില ഉപായങ്ങളെക്കുറിച്ചു് ആലോചനയാരംഭിച്ചു. തന്റെ ജീവിതത്തിൽ ഒരൊറ്റ വ്യക്തിയേയും കബളിപ്പിക്കുവാൻ കഴിയാത്ത ആൽബർട്ടു് അവിടത്തെ ജീവിതത്തിൽനിന്നു രക്ഷനേടുവാൻ ഒരു മാർഗ്ഗം കണ്ടുപിടിച്ചു. ഐൻസ്റ്റയിന്റെ കുടുംബസ്നേഹിതനായിരുന്ന (മ്യൂണികിലെ) ഒരു ഡോക്ടറെ കാണുവാൻ ആ ബാലൻ ചെന്നു.

ഡോക്ടറുമായി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ആൽബർട്ടിന്റെ ആത്മബോധവും ലജ്ജയും തലപൊക്കി. ആ ബാലന്റെ സങ്കടംകേട്ടിട്ടു് ഡോക്ടർക്കു് വിശ്വാസം തോന്നിയില്ലെങ്കിലും അദ്ദേഹം ഒരക്ഷരംപോലും സംസാരിക്കാതെ മേശകിടന്ന ഭാഗത്തേയ്ക്കു് തിരിഞ്ഞു; ആൽബർട്ടു് സുഖക്കേടുകാരനാണെന്നു് ഒരു സർട്ടിഫിക്കേറു് എഴുതുവാനാരംഭിച്ചു. ആൽബർട്ടിൽ നാഡിജ്വരത്തിന്റെ പ്രാരംഭലക്ഷണം കാണാമെന്നായിരുന്ന ആ സർട്ടിഫിക്കേറിന്റെ ഉള്ളടക്കം. അയാൾ ആ വിദ്യാലയം ഉപേക്ഷിച്ചിട്ടു് ഇറാലിയിൽ അയാളുടെ കുടുംബത്തിൽ ചെന്നു പരിപൂർണ്ണവിശ്രമമനുഭവിക്കേണ്ടതു് ആവശ്യ

മാണെന്നും അതിൽ രേഖപ്പെടുത്തിയിരുന്നു. ആ സർട്ടി ഫിക്കേറ്റിൽ ഒപ്പുവച്ചിട്ട് ഡോക്ടർ അതു് ആൽബർ ട്ടിനെ ഏല്പിച്ചു.

"ഇതാ നിനക്കുള്ള സർട്ടിഫിക്കേറ്റു്"

"നന്ദി" ആൽബർട്ട് ഡോക്ടരോട് യാത്രപറഞ്ഞു. തന്റെ അനാരോഗ്യസാക്ഷിപത്രവുംകൊണ്ടു് ആ ബാലൻ തെരുവിൽക്കൂടി ഓട്ടം തുടങ്ങി. ഡോക്ടർ അയാളെ പുറകെ വിളിച്ചു. "ആൽബർട്ട്! ഇങ്ങോട്ട മടങ്ങിവരൂ."

ആ കുമാരൻ അദ്ദേഹത്തെ അനുസരിച്ചു. ഡോക്ടർ ഇപ്രകാരം ഉപദേശിച്ചു. "ആൽബർട്ട്! നീ സൂക്ഷിച്ചു വേണം പെരുമാറുവാൻ. വിദ്യാലയം വരെ ഓടി, രക്തം തുളുമ്പുന്ന കവിളുമായി അവിടെ ചെന്നെത്തരുതു്. പതുക്കെപോവുക. നിനക്കു സുഖമില്ലെന്ന കാര്യം ഓർമ്മയിരിക്കട്ടെ. അല്പം വിളറിയിരിക്കുന്നുവെന്നു തോന്നിക്കുവാൻ ശ്രമിക്കുക."

ആൽബർട്ടിന്റെ മുഖത്തു് ഒരു കുറ്റവാളിയുടെ ഭാവം നിഴലിച്ചു. അയാൾ ഡോക്ടറെ നോക്കി പല്ലു കാണിച്ചുകൊണ്ടു തിരിഞ്ഞു. പിന്നീട് പതുക്കെ സൂക്ഷിച്ചു് വിദ്യാലയത്തിലേയ്ക്കു നടന്നു. ഒരു സുഖക്കേടുകാരൻ തന്റെ അനാരോഗ്യത്തിനുള്ള സർട്ടിഫിക്കേറ്റു് ഏല്പി ക്കുവാൻ പോവുകയല്ലെ!

ഏതാനും ദിവസങ്ങൾക്കുശേഷം ആ വിദ്യാലയ ത്തിലെ ഒരു അദ്ധ്യാപകൻ ആൽബട്ടിനെ വിളിച്ചു

വരുത്തി. ഡോക്ടറുടെ സർട്ടിഫിക്കറിനെക്കുറിച്ച് സൂചിപ്പിക്കുകപോലും ചെയ്യാതെ അദ്ദേഹം പറഞ്ഞു.—

'ആൽബർട്ട, നീ ഈ വിദ്യാലയം വിട്ട് പോകുന്നതു നല്ലതുതന്നെയെന്നാണ് എനിക്കു തോന്നുന്നതു്''

''ഞാൻ— അതിനു വല്ലകുറവും ചെയ്തിട്ടുണ്ടോ ? ആൽബർട്ട പരിഭ്രമത്തോടുകൂടി ചോദിച്ചു.

''ക്ലാസ്സിലെ നിന്റെ സാന്നിദ്ധ്യം വിദ്യാർത്ഥികളുടെ ആദരവിനു് ഹാനികരമാണു് ''

ഈ മറുപടി കേട്ട് ആൽബർട്ട് അന്ധാളിച്ചുപോയി. എന്തെന്നാൽ മനഃപൂർവ്വം അയാളം ആരെയും ഉപദ്രവിച്ചിട്ടില്ല. അയാളുടെ അച്ചടക്കത്തോടുള്ള എതിർപ്പും, കാണാപ്പാഠം പഠിക്കേണ്ട വിഷയങ്ങളോടുള്ള വെറുപ്പും, ശാന്തമായി ഒതുങ്ങിക്കഴിയുന്ന പ്രകൃതവും അയാളം വിചാരിച്ചിരുന്നതിൽ അധികം വൈഷമ്യങ്ങളം അദ്ധ്യാപകർക്കു നൽകുകയുണ്ടായി. അയാളുടെ പെരുമാറ്റം മറ്റു കുട്ടികളുടെ പെരുമാറ്റത്തെയും അല്പം ബാധിച്ചു. എന്നിട്ടും അയാൾക്ക് വളരെയൊന്നും ശ്രദ്ധിച്ചു പെരുമാറുവാൻ കഴിഞ്ഞില്ല. വല്ലവിധേനയും വിദ്യാലയത്തിൽനിന്നു് അയാൾക്ക് അവധി കിട്ടി. അല്പസമയത്തിനുള്ളിൽ സ്വമാനങ്ങളുംകൊണ്ടു് അയാൾ മിലാനിലേയ്ക്കുള്ള തീവണ്ടിയിൽ സ്ഥലം പിടിച്ചുകഴിഞ്ഞു. തീവണ്ടിയുടെ ജനാലയിൽക്കൂടി പിന്നിലേയ്ക്ക് പാഞ്ഞുപോകുന്നതായി തോന്നുന്ന ദൃശ്യങ്ങളെയും നോക്കിക്കൊണ്ടു് ഏതാനും മണിക്കൂറുകളം കഴിച്ചു. ആ യാത്ര നീണ്ടതും മുഷിപ്പുന

മായിരുന്നു. ഒന്നാംക്ലാസ്സിൽ സഞ്ചരിക്കുവാൻ വേണ്ട പണം ആൽബർട്ടിനു് ഉണ്ടായിരുന്നില്ലെങ്കിലും അയാൾ സന്തോഷവാനായിത്തന്നെ കാണപ്പെട്ടു. തീവണ്ടിയിൽ എത്ര കൂടുതൽ സമയം ഇരിക്കുന്നോ അത്രയധികം മൂന്നിക് വിട്ടകലുകയല്ലെ; അതേ സമയംതന്നെ മിലാൻപട്ടണത്തെ സമീപിക്കുകയുമാണല്ലൊ.

ആൽബർട്ടിനെ കണ്ടപ്പോൾ അയാളുടെ അമ്മൂന മ്മമാരും സഹോദരിയും അദ്ഭുതവും സന്തോഷവും പ്രകടിപ്പിച്ചു. അയാളെ കുറെ ഗുണദോഷിച്ചിരിക്കാം; എങ്കിലും അയാളോടു് ദ്വേഷ്യപ്പെട്ടില്ല. കുടുംബത്തിലെ അംഗങ്ങളെല്ലാം ഒരുമിച്ചുകൂടിയതിലുള്ള സന്തോഷമായിരിക്കണം അതിനു കാരണം. ആൽപ്സ് പർവ്വതത്തിന്റെ താഴ്വാരത്തിൽ, ഇറ്റലിയുടെ വടക്കുഭാഗത്തായി കിടക്കുന്ന ലൊംബാർഡ്യ് സമതലത്തിന്റെ മദ്ധ്യഭാഗത്താണു് മിലാൻപട്ടണം സ്ഥിതിചെയ്യുന്നതു്. ആ സമതലത്തിനു് സമുദ്രനിരപ്പിൽനിന്നു് വളരെ പൊക്കമില്ല. തൽഫലമായി അവിടെ വേനൽക്കാലത്തു് സാമാന്യമായ ചൂടുണ്ടായിരിക്കും. പോ, ഒലോനാ എന്ന നദികളിൽക്കൂടി എക്കലും വണ്ടലും വന്നടിയുക കാരണം നല്ല ഫലപുഷ്ടിയുള്ളതാണു് ആ പ്രദേശം. 'ലൊംബാർഡ് പോപ്പ്ലർ' എന്ന പേരിൽ പ്രസിദ്ധിപെറ്റ മരങ്ങൾ വളരുന്നതു് അവിടെയാണു്.

മിലാൻ ഒരു പുരാതനനഗരമാണു്. ആ നഗരത്തിലെ മിക്ക കെട്ടിടങ്ങളെയും മൂകം, ദേവദൂതന്മാർ, വിചിത്രജീവികം എന്നിവയുടെ രൂപങ്ങൾ കൊത്തി

വച്ചും മറ്റും അലങ്കരിച്ചിരിക്കുന്നതു കാണാം. ആ നഗരത്തിലെ തെരുവുകളിൽ ശാന്തിയും സമാധാനവും കളിയാടിയിരുന്നു. സുഖലോലുപരും അലസജീവിതം നയിക്കുന്നവരുമായിരുന്ന അവിടത്തെ ജനങ്ങളും. ചുരുക്കത്തിൽ മൂണികിലെ സൈനീകഭീകരതയുടെ വിപരീതമായ ഒരു അന്തരീക്ഷം, അതായതു് വിനോദവും ആഘോഷവും നിറഞ്ഞതു്, അവിടെ നിലനിന്നു.

അവിടെ ആറു മാസത്തോളം 'ആൽബർട്ട്' സ്വാതന്ത്ര്യവും സന്തോഷവുമനുഭവിച്ചു; വിചിത്രങ്ങളും അസാധാരണങ്ങളുമായ മിലാനിലെ തെരുവുകളിൽ ചുറ്റിനടന്നു. കോച്ചുന്ന തണുപ്പിൽ കഴിഞ്ഞുകൂടിയശേഷം ലഭിച്ച സൂര്യപ്രകാശവും ചൂടും അയാൾ ഇഷ്ടപ്പെട്ടു. കലാസങ്കേതങ്ങളും സന്ദർശിച്ചും, പ്രഖ്യാതരായ ഇറ്റാലിയൻ കലാകാരന്മാർ എഴുതിയ ചിത്രങ്ങളെ നോക്കി രസിച്ചും, ഇറ്റാലിയൻ ഭാഷ അഭ്യസിച്ചും അയാൾ കാലം കഴിച്ചു.

അയാളുടെ അപ്പോഴത്തെ സ്വാതന്ത്ര്യത്തെക്കുറിച്ചു് ചിന്തിക്കുവാൻ തുടങ്ങിയതോടുകൂടി റോമാഞ്ചമുളവാക്കുന്ന ഒരു പുതിയ ആശയം അയാളിൽ അങ്കുരിച്ചു. "ഞാൻ ഒരു ജർമ്മൻകാരനല്ല" സ്വാതന്ത്ര്യബോധത്തോടുകൂടി അയാൾക്കു് ഉണ്ടായ തോന്നലാണതു്.

പ്രഷ്യക്കാരനെപ്പോലെ പെരുമാറുന്നതിനോ ചിന്തിക്കുന്നതിനോ അയാളെ ആർക്കും എന്നല്ല, ഒരു ശക്തിക്കും പ്രേരിപ്പിക്കുവാൻ വയ്യതന്നെ. അയാളുടെ ജന്മദേശം ബവേറിയ ആണെന്നയാൾ ഓർമ്മിച്ചു; അയാൾ അതനെക്കുറിച്ചു വേണ്ടപോലെ ചിന്തിച്ചിരുന്നില്ല. ഒരു

പ്രഷ്യൻ സമ്രാധിപതി പിടിച്ചടക്കി അയാളുടെ അധികാരത്തിലമന്ന ഭൂഭാഗങ്ങളെ മുഴവൻ 'ജർമ്മനി' എന്ന പറയുന്നതുവരെ സ്വതന്ത്രമായി വർത്തിച്ച ഒരു രാജ്യമാണു് ബവേറിയ.

അച്ഛനമായി സഗൌരവം ആലോചിച്ചശേഷം ആൽബർട്ട് അയാളുടെ ജർമ്മൻ പൌരത്വം ഉപേക്ഷിക്കുവാൻ തിരുമാനിച്ചു. പിന്നീടു് വളരെക്കാലത്തേയ്ക്കു് ആ ബാലൻ ഒരു ദേശത്തിലെയും പൌരനല്ലാതെ കഴിഞ്ഞു; അയാൾക്കു് പൌരത്വത്തിനു് അപേക്ഷിക്കുവാൻ വേണ്ട പ്രായമായിരുന്നില്ല എന്നതായിരുന്നു അതിനു കാരണം.

കറുത്തിരുണ്ട തലമുടി, ശ്യാമവർണ്ണത്തോടുകൂടിയ വലിയ കണ്ണുകൾ തുടങ്ങിയ ആകർഷകങ്ങളായ ലക്ഷണങ്ങളോടുകൂടിയ ഒരു കുമാരനായിരുന്നു ആൽബർട്ട്. പൂതു നിറത്തോടുകൂടിയ ആ ബാലനെ കണ്ടാൽ ഇറ്റലിക്കാരനാണെന്നു തോന്നുവാനിടയുണ്ടു്. അയാൾ പ്രത്യേകമായി ഒരു രാജ്യത്തിലുമുള്ളവനല്ലെന്നു വിചാരിച്ചിരുന്നു. സ്വതന്ത്രമായി എവിടെ കഴിഞ്ഞുകൂട്ടുന്നതും അയാൾക്കു് സന്തോഷംതന്നെ. കുറെക്കാലങ്ങൾക്കുശേഷം, ആൽബർട്ടിനു് പ്രായമായപ്പോൾ, മറെറാരു സമ്രാധിപതി യൂറോപ്പു മുഴവൻ പിടിച്ചടക്കാൻ ശ്രമിക്കുകയുണ്ടായി. അന്നു് സ്വാതന്ത്ര്യമന്വേഷിച്ചു് ദേശാന്തരത്തിലേയ്ക്കു് ഐൻസ്റ്റയിൻ വീണ്ടും പലായനം ചെയ്തതായി ഉപരി പ്രസ്താവിക്കും.

———

അദ്ധ്യായം നാല്

"ഞാൻ ആരാകണം"

"ഞാൻ ആരാകണം?" ഇതു് ഓരോ ചെറുപ്പക്കാരനും എന്നെങ്കിലുമൊരു ദിവസം ഉത്തരം പറയേണ്ട ഒരു ചോദ്യമാണു്.

ആൽബർട്ട് ഐൻസ്റ്റയിനു് ആരാകാൻ കഴിയും? ഉത്തരവാദിത്വമില്ലാതെ മിലാൻപട്ടണത്തിലും പരിസരങ്ങളിലും ചുറ്റിനടന്നുകൊണ്ടിരുന്ന പതിനഞ്ചു വയസ്സായ ആ ബാലൻ അയാളുടെ ഭാവിമഹത്വത്തിന്റെ ലക്ഷണങ്ങളൊന്നും അന്നു പ്രദർശിപ്പിച്ചില്ല. അയാളുടെ പ്രായത്തിലുള്ള മിക്ക കുട്ടികൾക്കും രസം തോന്നാത്ത കാര്യങ്ങൾ ചെയ്യാൻ അയാൾ ഇഷ്ടപ്പെട്ടു. ഉർഗ്രഹങ്ങളായ ഗ്രന്ഥങ്ങൾ വായിക്കുക, അയാളുടെ പ്രായത്തിലുള്ളവർക്കു് തീരെ അസാദ്ധ്യങ്ങളായിരുന്ന കണക്കുകൾ ചെയ്യുക മുതലായവ അക്കൂട്ടത്തിൽപെട്ടിരുന്നു. ദൃശ്യകല, സംഗീതം എന്നിവയും അയാൾ ആസ്വദിച്ചുവന്നു.

ആയുഷ്കാലം മുഴുവൻ സിദ്ധാന്തപരമായ ഊർജ്ജതന്ത്രത്തിലും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള ഗണിതശാസ്ത്രത്തിലും പ്രവർത്തിക്കേണ്ടിവരുമെന്നും ആ കുമാരൻ മനസ്സിൽ നിരൂപിച്ചിരിക്കുവാനിടയില്ല. കാലയാപനത്തിനുവേണ്ട ധനസമ്പാദനവുമായി ഇതെങ്ങനെ പൊരുത്തപ്പെടും? അയാൾ എന്നെങ്കിലും വിവാഹം കഴിക്കും; അയാളുടെ ഭാര്യയെയും കുട്ടികളെയും പുല

ത്താൻ അയാഠംക്ക് എങ്ങിനെ കഴിയും ? അയാളുടെ പിതാവിൽനിന്നു ധനസഹായം പ്രതീക്ഷിക്കുവാൻ സാദ്ധ്യമായിരുന്നില്ല ; ഇറാലിയിൽ ചെന്നശേഷം അവരുടെ തൊഴിൽ വേണ്ടപോലെ അഭിവൃദ്ധിയെ പ്രാപിച്ചില്ല. മ്യൂണിക്കിൽ കഴിഞ്ഞതുപോലെ സമ്പൽസമൃദ്ധിയോടുകൂടി കഴിയുവാൻ മേലാൽ ഒരുപക്ഷെ ഒരിക്കലും സാദ്ധ്യമാവുകയില്ലെന്ന് ആ കുടുംബക്കാർക്കു തോന്നി.

ശരിയായ വിദ്യാഭ്യാസംകൂടാതെ ശാസ്ത്രരംഗത്തിൽ ഒരു സുവർണ്ണഭാവി കൈവരുന്നതല്ലെന്നും ജിമ്നേഷ്യത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റു ഇല്ലാതെ ഒരു നല്ല സാങ്കേതികശാലയിൽ പ്രവേശിക്കുവാൻ കഴിയുന്നതല്ലെന്നും ആൽബർട്ടിന് അറിയാമായിരുന്നു. എങ്കിലും ജർമ്മനിയിലേയ്ക്കു മടങ്ങിപ്പോവുക എന്ന ചിന്ത അയാളിൽ ഉത്സാഹമായിത്തന്നെ അവശേഷിച്ചു. അയാൾ കൂടുതൽ ക്ഷമ കാണിക്കേണ്ടിയിരുന്നോ ? മ്യൂണിക്കിൽനിന്ന് ഓടിപ്പോവാൻ അയാൾ വളരെയധികം തിടുക്കപ്പെട്ടോ ? പശ്ചാത്താപത്തിനുള്ള കാലം കഴിഞ്ഞിരുന്നു. ഗണിതശാസ്ത്രത്തിലും ഊർജ്ജതന്ത്രത്തിലുമുള്ള അയാളുടെ താത്പര്യത്തിന്റെ കൂടുതൽ വല്ല സാങ്കേതികവിദ്യാലയത്തിലും അയാൾക്ക് പ്രവേശനം നല്കാൻ ഇടയില്ലേ ?

സൂറിക്കിലുള്ള സ്വിസ് ഫെഡറൽ പോളിടെക്നിക്കു പാഠശാലയ്ക്ക് ആൽബർട്ട് ഐൻസ്റ്റയിനെ സംബന്ധിച്ചിടത്തോളം രണ്ടു മേന്മകളുണ്ടായിരുന്നു. അതു ജർമ്മനിയിലായിരുന്നില്ല ; യൂറോപ്പിലെ ഏറ്റവും നല്ല സാങ്കേതികപാഠശാലകളോടു കിടപിടിക്കുന്നതായിരുന്നു അതു.

അവിടെ പ്രവേശനത്തിന് അപേക്ഷിക്കുവാൻ ആൽബർട്ട് നിശ്ചയിച്ചു. സർട്ടിഫിക്കേറ്റ് ഒന്നും ഉണ്ടായിരുന്നില്ല എന്ന കാരണത്താൽ അയാൾക്ക് ഒരു പ്രവേശന പരീക്ഷ എഴുതേണ്ടിവന്നു. 'സാപേക്ഷതാവാദങ്ങൾ സംഭാവന ചെയ്യുവാൻ പോകുന്ന' ആ അതിബുദ്ധിമാൻ അയാളുടെ ഉത്തരക്കടലാസ്സിൽ അയാളുടെ സാമർത്ഥ്യം പ്രകടിപ്പിച്ചു പരീക്ഷകന്മാരെ അന്ധാളിപ്പിച്ചിരിക്കുമെന്ന് നിങ്ങൾ പ്രതീക്ഷിക്കുന്നുണ്ടാവും. പക്ഷെ കാര്യം അങ്ങനെയല്ല നടന്നത്; മറിച്ച് നമ്മെ അമ്പരപ്പിക്കുവാൻ പോരുന്ന തരത്തിലായിരുന്നു. ആൽബർട്ട് ഐൻസ്റ്റയിൻ എന്ന ഭാവി ശാസ്ത്രജ്ഞൻ, മാനവചരിത്രത്തിന്റെ ഗതി മാറ്റുവാൻ വിധിക്കപ്പെട്ടിരുന്ന മനുഷ്യൻ, ഭാഷകളിലും, ജന്തുശാസ്ത്രത്തിലും, സസ്യശാസ്ത്രത്തിലും പരാജയമടഞ്ഞു.

പള്ളിക്കൂടത്തിലെ അധികാരികൾ നിഷേധാർത്ഥത്തിൽ തലയാട്ടി. വല്ല സെക്കണ്ടറി വിദ്യാലയത്തിലും ചേർന്നു പഠിച്ചുവന്നാലല്ലാതെ അയാളെ അവിടെ ചേർക്കുവാൻ അവർക്ക് സാധ്യമല്ലെന്നു വന്നു. നേരെമറിച്ച്, അയാൾ ഗണിതശാസ്ത്രത്തിൽ എത്ര കേമമായി ഉത്തരമെഴുതിയിരുന്നുവെന്നു കണ്ടപ്പോൾ അയാൾക്ക് പ്രവേശനം നൽകുന്നതു അവരുടെ വിദ്യാലയത്തിനുതന്നെ ബഹുമാനമായിരിക്കുമെന്ന് അവർക്ക് ബോധ്യമായി. അയാളെ സഹായിക്കുവാൻ അവർ ആകുന്നതും ശ്രമിച്ചു. സൂറിക്കിലെ ഫെഡറൽ പോളിടെക്നിക്ക് പാഠശാലയുടെ ഡയറക്ടർ ആ ബാലനോട് ആറാ (Aarau) എന്ന

സ്വിസ് പട്ടണത്തിലുള്ള ഒരു വിദ്യാലയത്തിൽ ചെന്ന് അന്വേഷിക്കുവാൻ ഉപദേശിച്ചു.

ആൽബർട്ട് അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചു പ്രവർത്തിച്ചു കാണാപ്പാഠം വളരെയേറെ പഠിക്കുകയും അയവില്ലാത്ത അച്ചടക്കം പാലിക്കുകയും വേണ്ടിവരുമെന്നു വിചാരിച്ച് അയാൾ ആദ്യം അല്പം ശങ്കിച്ചു. പക്ഷെ ആറായിൽവച്ച് ആൽബർട്ടിന് ഒരു പുതുജീവിതമാണനുഭവപ്പെട്ടതു്. ഇറ്റലിയിൽ ആറുമാസം കഴിച്ചതു പോലെ സന്തോഷവും ഉല്ലാസവും കലർന്ന ഒരു ജീവിതമായിരുന്നു അവിടത്തേതു്. കഷ്ടപ്പാടുകളിൽനിന്ന് മോചനവും ആവശ്യമായിത്തീർന്ന ഒരു വിശ്രമകാലവുമായിരുന്നു മിലാൻജീവിതം. എന്നാൽ ആറായിൽ—പവ്വ്തപങ്തികളോടുകൂടിയതും മനോഹരവുമായ ആ നാട്ടിൻപുറത്തു്—അയാൾ കൂടുതൽ സന്തോഷമായി കഴിഞ്ഞു. പഠിത്തത്തിൽ അയാൾക്കു രസം തോന്നി. വിദ്യാലയം വെറുക്കത്തക്കതല്ലെന്നും, സഹപാഠികൾ സുഹൃത്തുക്കളായിരിക്കുമെന്നും അയാൾ കണ്ടെത്തി.

തന്റെ പ്രായത്തിലുള്ളവരെക്കാൾ കൂടുതൽ പ്രായമുള്ളവരോടു് അധികം അടുത്തു പെരുമാറിവന്ന ആൽബർട്ടിന്റെ ഉറ്റസ്നേഹിതൻ അയാളുടെ അദ്ധ്യാപകന്മാരിൽ ഒരാളായിരുന്ന ആ പാഠശാലയിലെ മേധാവിയായ പ്രൊഫസർ വിൻറലറി (1)ന് അസാധാരണനായിരുന്ന ആ യുവവിദ്യാർത്ഥിയിൽ വളരെ പ്രേമം തോന്നി.

(1) Winteler.

അ വിദ്യാർത്ഥിയും അ പ്രൊഫസറും ആത്മാർത്ഥ സുഹൃത്തുക്കളായിത്തീർന്നു.

"ആൽബർട്ട്! ഇന്നു രാത്രി എന്നോടൊന്നിച്ചു് അത്താഴം കഴിക്കാൻ നീ വീട്ടിൽ വരണം. എനിക്കു് ഏഴു കുട്ടികളുണ്ടു്. അവരെയും നിന്നെയും തമ്മിൽ പരിചയപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു." പ്രൊഫസർ വിൻറലർ ഒരു ദിവസം പറഞ്ഞതാണിതു്.

പ്രൊഫസ്സറുടെ വീട്ടു കണ്ടപ്പോൾ, മൂന്നികിൽ സമ്പൽസമൃദ്ധിയോടുകൂടി കഴിഞ്ഞ തൻറെ കുടുംബത്തെക്കുറിച്ചു് ആൽബർട്ടു് ഓർമ്മിച്ചു. സൌഹൃദവും ഉന്മേഷവും കലർന്ന അന്തരീക്ഷം മാത്രമല്ല ആഹാരം കഴിക്കുന്നതിനിടയ്ക്കു് ഉണ്ടാകാറുള്ള സംഭാഷണങ്ങളും കളിയും ചിരിയും എല്ലാം അയാളുടെ സ്മൃതിപഥത്തിലെത്തി.

പ്രൊഫസർ വിൻറലറുടെ ഒരു മകൾ ആൽബർട്ടിൻെറ നേരെ എതിരെയാണു് സ്ഥലം പിടിച്ചിരുന്നതു്. തൻെറ ആവിഷ്കാരങ്ങളെക്കൊണ്ടു് ലോകരെ അകമാനം വിസ്മയിപ്പിക്കുവാൻ പോകുന്ന ആൽബർട്ടിൻെറ ഒന്നാമത്തെ കണ്ടുപിടിത്തം അന്നു രാത്രിയിലാണുണ്ടായതു്. അ പെൺകുട്ടിക്കാരി അഴകുള്ളവളാണെന്നും അവരുടെ (ആൽബർട്ടിൻെറയും അ പെൺകുട്ടിക്കാരിയുടെയും) ഇടയ്ക്കായി മേശപ്പുറത്തു വച്ചിരുന്ന മെഴുകുതിരിവിളക്കിൻെറ പ്രഭയിൽ അവളുടെ തലമുടി തിളങ്ങുന്നുണ്ടെന്നുമായിരുന്നു അ കണ്ടുപിടിത്തം. പെൺകുട്ടികളെക്കുറിച്ചുള്ള ബോധം പെൺകുട്ടിക്കാരനായ ആൽബർട്ടിനു് ആദ്യമായി ഉണ്ടായതു്

ഒരു പക്ഷെ, അപ്പോഴായിരിക്കണം. സ്വന്തം സഹോദരിയായ മാജായുടെ ചങ്ങാതിത്തം മാത്രമേ അയാൾ അതുവരെ അനുഭവിച്ചിരുന്നുള്ളൂ. പെൺകുട്ടികളുടെ ക്രൂരകാരനാവുന്നതെങ്ങിനെ എന്നതു് അയാൾക്കു് പിടികിട്ടാത്ത ഒരു വിഷയമായിരുന്നു.

പ്രൊഫസ്സർ വിൻറലറുടെ കുടുംബാംഗങ്ങളുടെ എല്ലാം സൗഹൃത്തായ്മാറുവാൻ ആൽബർട്ടിനു് സൌകര്യം ലഭിച്ചു. ആൽബർട്ടിനെ അവരുടെകൂടെ താമസിക്കുവാൻ പ്രൊഫസ്സർ ക്ഷണിക്കുകയുണ്ടായി. പട്ടണത്തിൽനിന്നു വരുന്ന ചില വിദ്യാർത്ഥികളെ തന്റെ കൂടെ താമസിപ്പിക്കുന്നതു് ആ പ്രൊഫസ്സറുടെ ഒരു പതിവായിരുന്നു. ആൽബർട്ടു് അങ്ങോട്ടു താമസം മാറ്റി. വിൻറലർകുടുംബവുമൊത്തു് ഏതാനും മാസമേ അയാൾ താമസിച്ചിരുന്നുള്ളുവെങ്കിലും അവർ വളരെക്കൊല്ലത്തേയ്ക്കു് സ്നേഹിതരായിത്തന്നെ വർത്തിച്ചു. പ്രൊഫസ്സർ വിൻറലർ ആൽബർട്ടിനെ ഭാഷാപഠനത്തിൽ സഹായിച്ചുവന്നു. പ്രൊഫസറുടെ പുത്രന്മാരിൽ, ആൽബർട്ടിനോളംതന്നെ പ്രായമുണ്ടായിരുന്ന ഒരുവൻ പിന്നീടു് ആൽബർട്ടിന്റെ സഹോദരിയിൽ അനുരക്തനാവുകയും അവളെ വിവാഹം കഴിക്കുകയും ചെയ്തു.

ചില അവസരങ്ങളിൽ പ്രൊഫസ്സർ അദ്ദേഹത്തിന്റെ കുട്ടികളെയും ആൽബർട്ടിനെയും കൂട്ടിക്കൊണ്ടു് പുറപ്പെട്ടങ്ങളുടെ ഇടയിൽക്കൂടി ഒരു വിനോദയാത്ര പോകും. ഉന്മേഷദായകമായ മലങ്കാറ്റു് ഏറ്റും സ്വിറ്റ്സർലണ്ടിലെ പ്രകൃതിരമണീയത ആസ്വദിച്ചും കൊണ്ടുള്ള ഈ

യാത്രകൾ ആൽബർട്ടിന്റെ ആരോഗ്യത്തിനും മനസ്സിനും വളരെയധികം ഗുണം ചെയ്തിരിക്കണം. വലിയ തടാകങ്ങൾ, വെള്ളച്ചാട്ടങ്ങളോടുകൂടിയ മലഞ്ചെരിവുകൾ, പൈൻ മരക്കൂട്ടങ്ങൾ, ഹിമപ്പരപ്പുകൾ എന്നിവയുടെ നാടാണ് സ്വിറ്റ്സർലണ്ട്. ഉത്സാഹത്തോടുകൂടി യാത്രചെയ്യുന്ന ആ ചെറുസംഘം വളരെ ഉയരത്തിലുള്ള വീതി കുറഞ്ഞ പാറത്തട്ടുകളിൽനിന്ന് പുല്ലുമേയുന്ന ആട്ടിൻപറ്റത്തെയോ മലഞ്ചെരിവുകളിൽ നിന്നുകൊണ്ട് പുല്ലുപറിക്കുന്ന കൃഷിക്കാരെയൊ നോക്കിക്കൊണ്ടായിരിക്കും നടക്കുന്നത്. പർവ്വതങ്ങളും താഴ്വരകളും, മഞ്ഞുമൂടിയ ഗിരിശൃംഗങ്ങളും സസ്യശ്യാമളങ്ങളായ മലഞ്ചെരിവുകളും കുത്തിപ്പായുന്ന നദികളും നിറഞ്ഞതാണ് സ്വിറ്റ്സർലണ്ട്.

ആറായിലെ വിദ്യാഭ്യാസം ആൽബർട്ടിന്റെ കണ്ണു തുറപ്പിച്ചു. അയാൾ ജോലിചെയ്യാൻ ആരംഭിച്ചു. അധികം താമസിച്ചില്ല ക്ലാസ്സിലേയ്ക്കു വേണ്ടതു പഠിച്ചുതീർത്തു. പിന്നീട് ഉപരിജ്ഞതന്ത്രപഠനത്തിൽ വ്യാപൃതനായി. ശണിതശാസ്ത്രത്തെപ്പോലെ, അയാൾക്ക് താത്പര്യം തോന്നിയ മറ്റൊരു വിഷയമാണ് ഉപജ്ഞതന്ത്രം. അയാളുടെ ജീവിതത്തിൽ ഏറ്റവും സർഗ്ഗാത്മകമായ നേട്ടം കൈവരിക്കുവാനിടയായ വിഷയവുമതുതന്നെയാണല്ലൊ. എട്ടു പത്തു മാസംകൊണ്ട് ആറായിലെ വിദ്യാലയത്തിലെ പഠിത്തം അയാൾ പൂർത്തിയാക്കി. പ്രവേശനപരീക്ഷ കൂടാതെതന്നെ സൂറിക്കിലെ സ്വിസ് ഫെഡറൽ പോളിടെക്നിക്ക് പാഠശാലയിൽ ചേരാമെന്ന നില പ്രാപിച്ചു.

വിൻറ്റർകൂട്ടുംബത്തിൽനിന്ന് യാത്രയാകുവാനുള്ള സമയമെത്തിയപ്പോൾ, വീണ്ടും മിലാനിലെ സ്വന്തം കൂട്ടും

ബത്തിലേയ്ക്ക് മടങ്ങുവാനായപ്പോൾ, ആൽബർട്ടിന്റെ പഴയ ലജ്ജാശീലം അയാളിൽ പ്രത്യക്ഷപ്പെട്ടു. എങ്ങിനെയാണ് യാത്ര പറയേണ്ടതെന്ന് അറിയാതെ അയാൾ കുഴങ്ങി. എന്തെന്നാൽ വിൻറലർകുടുംബം അയാൾക്ക് ഒരു അന്യകുടുംബമല്ലാതായിക്കഴിഞ്ഞിരുന്നു. യാത്ര പറയുന്നതിന് ആൽബർട്ട് എത്രമാത്രം വിഷമിക്കുമെന്ന് അവർ അറിഞ്ഞിരുന്നു. അതുകൊണ്ട് തീവണ്ടി പ്ലാറ്റ്ഫാറത്തിലെത്തുന്നതുവരെ അവർ അയാളോടൊത്ത് ചിരിച്ചുകളിച്ചു കഴിച്ചുകൊണ്ടിരുന്നു.

ആറായിലെ ജീവിതം വളരെ സന്തോഷകരമായിരുന്നു. അവിടെ അച്ചടക്കപരിപാലനമെന്ന ശല്യമില്ലാതിരുന്നതുകൊണ്ട് അദ്ധ്യയനസമയം ആൽബർട്ടിന് അത്യുത്പ്രേരകമായിത്തോന്നി. വിദ്യാർത്ഥികൾ ഒരു ക്ലാസ്സിൽ നിന്ന് മറെറാരു ക്ലാസ്സിലേയ്ക്ക് പോകുമ്പോൾ എല്ലാവരും വന്നിട്ടുണ്ടോ എന്ന് ഹാജർ വച്ചിരുന്നില്ല. 'ആറാ' എന്ന പദത്തിന്റെ അർത്ഥം 'ആർ എന്ന നദിയിലെ പുൽത്തകിടി' എന്നാകുന്നു. ആ പേരിനൊത്തതായിരുന്നു ആൽബർട്ടിന്റെ അവിടത്തെ ജീവിതവും; വലിയ നദിയുടെ കരയിലുള്ള പുൽത്തകിടിയിലെ ശാന്തവും ക്ലേശരഹിതവുമായ ജീവിതം.

ഏതാണ്ട് ഒരു കൊല്ലത്തിനുശേഷം ആൽബർട്ടിനെ കണ്ടപ്പോൾ അയാളുടെ കുടുംബാംഗങ്ങൾ സന്തോഷനിമഗ്നരായി. മുൻപിരുന്നതിനെക്കാൾ ആൽബർട്ടിന് പൊക്കംമാത്രമല്ല ആരോഗ്യവും കൂടിയിരുന്നു. പർവ്വതങ്ങളുടെ ഇടയിൽക്കൂടിയുള്ള സഞ്ചാരമായിരുന്നു അയാളുടെ ആരോ

ഗൃത്തിന് ആവശ്യമായിരുന്നതു്. അയാളുടെ മാതാപിതാക്കന്മാർ അയാളെ അഭിമാനത്തോടുകൂടി വീക്ഷിച്ചു. അയാളുടെ ഇരുണ്ട കണ്ണുകൾ തിളങ്ങി; കറുത്തു മിനുങ്ങുന്ന തലമുടി ചുരുണ്ടു് തരംഗങ്ങൾ സൃഷ്ടിച്ചുകൊണ്ടു കിടന്നു. അവരുടെ പുത്രൻ രൂപലാവണ്യത്തോടുകൂടിയ ഒരു ചെറുപ്പക്കാരനായി വളർന്നുവരികയാണു്.

ഇത്തവണ ആൽബർട്ടു് മിലാനിൽ അധികകാലം തങ്ങിയില്ല. അയാളുടെ വീട്ടിൽനിന്നു് കൂടുതൽ സഹായം പ്രതീക്ഷിക്കരുതെന്നു് അയാൾക്കു് ബോദ്ധ്യമായി. അതിനുള്ള മാർഗ്ഗം അയാളുടെ അച്ഛനമ്മമാർക്കുണ്ടായിരുന്നില്ല. സ്വന്തം കാലിൽ നില്ക്കേണ്ട കാലമെത്തി എന്നയാൾ മനസ്സിലാക്കി. അച്ഛന്റെ തൊഴിലിൽ പ്രവേശിച്ചു് അതിൽ അഭ്യാഹത്തെ സഹായിക്കണം അല്ലെങ്കിൽ സ്ഥലം വിടണം. ഇതിലൊന്നു ചെയ്യുവാൻ തയ്യാറാകണം. അതായിരുന്നു അയാളുടെ അവസ്ഥ. തൊഴിൽ ചെയ്യാനുള്ള സാമർത്ഥ്യമോ വാസനയോ അയാൾക്കുണ്ടായിരുന്നില്ല. അയാളുടെ അച്ഛന്റെ ഇടപാടുകൾ നേരെയാക്കുവാൻ സാധിക്കാത്തവണ്ണം തകർന്നുകഴിഞ്ഞുവെന്നും അയാൾക്കു തോന്നി. സ്വിസ്സ് ഫെഡറൽ പോളിടെക്നിക്കു് പാഠശാലയിലേയ്ക്കു് പോകണമെന്ന ആഗ്രഹം അയാളിൽ ശുദ്ധമൂലമായിക്കഴിഞ്ഞിരുന്നു.

സ്വിറ്റ്സർലണ്ടിലേയ്ക്കു്, അല്പ മനോഹരമായ പർവ്വതങ്ങളിലേയ്ക്കും സൂറിക്കു് നഗരത്തിലേയ്ക്കും പോകുവാൻ തീവണ്ടി കയറിയപ്പോൾ അയാൾ സുപ്രധാനമായ ഒരു യാത്ര ആരംഭിക്കുകയായിരുന്നു. എന്തെന്നാൽ അയാ

യാത്ര സുഖദുഃഖസമ്മിശ്രമായ ഒരു നൂതനാദ്ധ്യായത്തിന്റെ പ്രാരംഭമായിത്തീർന്നു.

സൂറിക്ക്, ആൽബർട്ട് ഐൻസ്റ്റയിനെ സംബന്ധിച്ചിടത്തോളം, സഹിഷ്ണുതയുടെ നാടായിരുന്നു; അതായത് നാനാവർഗ്ഗത്തിലും ജാതിയിലും പെട്ട ആളുകൾ കൂടുന്ന ഒരു ലോകകേന്ദ്രമായിരുന്നു. മൃണികമായി എന്തൊരന്തരം!

ലിമ്മത്(1) എന്ന നദിയുടെ ഇരുകരയിലുമായിട്ടാണ് ആ നഗരം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. പട്ടണത്തിന്റെ രണ്ടു ഭാഗത്തെയും ധാരാളം പാലങ്ങൾകൊണ്ടു യോജിപ്പിച്ചിരുന്നു. ആ നഗരത്തിന്റെ വികാസത്തിൽ, അടുത്ത കാലത്തുണ്ടായ തെരുവുകളിൽ നല്ല ഭംഗിയുള്ള ആധുനിക ഭവനങ്ങൾ വരിവരിയായി നില്ക്കുന്നതു കാണാം. പട്ടണത്തിന്റെ പഴയ വിഭാഗങ്ങളിലെ കെട്ടിടങ്ങൾ വിലക്ഷണങ്ങളായിരുന്നു; തെരുവുകളാകട്ടെ ഇടുങ്ങിയും വളഞ്ഞുപുളഞ്ഞുമിരുന്നു. നഗരത്തിന്റെ തെക്കുകിഴക്കു ഭാഗത്താണ് സൂറിക് തടാകം. ആ തടാകത്തിൽ എപ്പോഴും വഞ്ചികൾ പാഞ്ഞുകൊണ്ടിരുന്നു.

ഒടുവിൽ ഇച്ഛയ്ക്കാത്ത വിദ്യാലയത്തിൽ പ്രവേശിച്ചപ്പോൾ എന്തൊരു സന്തോഷാധിക്യമാണ് ആൽബർട്ടിനു് അനുഭവപ്പെട്ടതു്. അന്നു് സൂറിക്ക് പട്ടണം ഒരു വിദ്യാഭ്യാസകേന്ദ്രമായിരുന്നു. സൂറിക്ക് സ്വിസ്സ് കലാശാലാമന്ദിരങ്ങളിൽ പ്രധാനങ്ങളായ പല ശാസ്ത്രീയ വികാസ

(1) Limmat

ങ്ങൾ രൂപം പ്രാപിച്ചിട്ടുണ്ട്. ഭൂലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും വിദ്യാർത്ഥികൾ അവിടെ വരിക പതിവായിരുന്നു. പോളിടെക്നിക്കിൽനിന്നു വളരെ അകലെയായിരുന്നില്ല സൂറിക്ക് സർവ്വകലാശാല. വളരെ ബുദ്ധിയും സാമർത്ഥ്യവുമുള്ള ഒരുവനു് സമപ്രായക്കാരായ ചങ്ങാതിമാരെ കണ്ടെത്തുവാൻ കഴിയുന്നതു് അത്ര എളുപ്പമല്ല; എന്തെന്നാൽ അത്തരം ആളുകൾ വിരളമാണു്. തനിക്കു യോജിച്ച കൂട്ടുകാരെ കണ്ടുപിടിക്കുവാൻ ആൽബർട്ടിനു് സൂറിക്കിൽ സാധിച്ചു. 1896-ൽ, അതായതു് അയാൾക്കു് പതിനേഴുവയസ്സായപ്പോഴുള്ള കഥയാണിതു്.

അയാളുടെ പുത്തൻ ചങ്ങാതികളിലൊന്നു് ഹങ്കറിയിൽനിന്നു വന്ന മിലെവാ മരിട്സ്ച് (Mileva Maritsch) എന്ന യുവതിയായിരുന്നു. അവളുടെ പൂർവ്വകഥ പ്രത്യേകിച്ചു രസം നൽകുന്നതാണു്. അവൾ ഹങ്കറിയിൽ നിന്നാണു് വന്നതെങ്കിലും അവളുടെ ദേശഭാഷ സെർബിയനായിരുന്നു; അവൾ ഗ്രീക്ക് പാരമ്പര്യമുള്ള മതത്തിലാണു് വിശ്വസിച്ചിരുന്നതു്. അവൾ ആൽബർട്ടിന്റെ ഒരു ഗണിതശാസ്ത്രക്ലാസ്സിൽ ചേരുകയായിരുന്നു. അവൾ ലജ്ജാശീലയായിരുന്നു; അവളാകട്ടെ തന്റെ ജോലിയിൽമാത്രം താത്പര്യമുള്ളവളും. അവരിൽ ആരു് ആദ്യം സംസാരിച്ചു? അക്കാര്യം നമുക്കറിവില്ല. ഗണിതശാസ്ത്രമാണു് അവരെ രണ്ടുപേരെയും അടുപ്പിച്ചതു്. മിസ് മരിട്സ്ച് ഗണിതശാസ്ത്രത്തിലും ഊർജ്ജതന്ത്രത്തിലും വളരെ മിടുക്കിയായിരുന്നു. അവൾ ക്ലാസ്സിൽവച്ചു പറഞ്ഞ ഉത്തരങ്ങളെ ആൽബർട്ട് ടാഗ്ഗിച്ചു. കാലവിളംബ

മെന്നു അവരിരുവരും ചേർന്നു പഠിച്ചുതുടങ്ങി. ബിരുദധാരികളാകുന്നതിനു് വളരെക്കാലം മുൻപുതന്നെ, എന്നെങ്കിലും അവർ തമ്മിൽ വിവാഹം കഴിക്കുമെന്നു്, അവർ പ്രഖ്യാപിച്ചു.

ആൽബർട്ടിന്റെ അന്നത്തെ പ്രധാനപ്പെട്ട മറ്റൊരു സ്നേഹിതൻ ആസ്ട്രിയക്കാരനായ ഫ്രെഡറിക്കു് അഡ്ലറാ (1) യിരുന്നു. പ്രധാനപ്പെട്ട എന്നു പറയാൻ കാരണം ഐൻസ്റ്റയിനെ രാഷ്ട്രീയകാര്യങ്ങളിൽ തത്പരനാക്കിയ ഒന്നാമത്തെ വ്യക്തി അഡ്ലറായിരുന്നു. അഡ്ലറുമായി പരിചയപ്പെട്ടിട്ടുള്ളവരെ ഐൻസ്റ്റയിൻ ശാസ്ത്രങ്ങളെക്കുറിച്ചു മാത്രമേ ചിന്തിച്ചിരുന്നുള്ളൂ. തുളച്ചുകയറുന്ന നീലക്കണ്ണുകളോടും, ചതുരാകൃതിയിലുള്ള മുഖത്തോടും കൂടിയ അഡ്ലർ ചുറുചുറുക്കും കോപനശീലവുമുള്ള ഒരു യുവാവായിരുന്നു. ഒരു ചോദ്യം ചോദിക്കുകയാണോ എന്നു തോന്നും അയാളുടെ നെറ്റിയിൽ എപ്പോഴുമുള്ള ചുളുക്കു കണ്ടാൽ.

ഐൻസ്റ്റയിനെപ്പോലെതന്നെ അഡ്ലറും ഒരു ശാസ്ത്രപിപഠിഷുവായിരുന്നു. അഡ്ലർ മിടുക്കനായ വിദ്യാർത്ഥിയും നല്ല ചിന്തകനുമായിരുന്നതുകൊണ്ടു് ഐൻസ്റ്റയിൽ വളരെ വേഗം അയാളുടെ സുഹൃത്തായിത്തീർന്നു. കൂടാതെ അഡ്ലർ ഒരു സമാധാനേച്ഛുവുമായിരുന്നു. യൂറോപ്പിലാകമാനം പടക്കോപ്പുകൾ ശേഖരിക്കുകയും ചെറുപടനീക്കങ്ങൾ നടക്കുകയും ആകെക്കൂടി യുദ്ധചിന്ത

---

1. Friedrich Adler

നഃഹംതോറും അധികമധികം വ്യാപിക്കുകയും ചെയ്തിരുന്ന കാലമാണത്.

സമാധാനേച്ഛയെന്നാൽ എന്തെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ആൽബർട്ട് ഐൻസ്റ്റയിൻ അതിനെക്കുറിച്ച് എന്തു വീക്ഷണഗതി അവലംബിച്ചു എന്നു മനസ്സിലാക്കുവാൻ അതു് ആവശ്യമാണു്. അദ്ദേഹം ആജീവനാന്തം ഒരുതരം സമാധാനേച്ഛുവായിരുന്നു എന്നുവേണം പറയാൻ. രണ്ടുതരം സമാധാനപ്രിയന്മാരുണ്ടെന്നു കാണാം. യുദ്ധം തിന്മയാണെന്നും അതു് ഒഴിവാക്കേണ്ടതാണെന്നും വിശ്വസിക്കുന്നവരാണു് ഒരുകൂട്ടർ. ലീഗ് ഒഫ് നേഷൻസോ, യുനൈറ്റഡ് നേഷൻസോ പോലെയുള്ള ഒരു അന്താരാഷ്ട്രീയസംഘടന സമാധാനപരിപാലനത്തിനു് അത്യാവശ്യമാണെന്നു് അവർ കരുതുന്നു. ലോകത്തെ യുദ്ധത്തിൽനിന്നു രക്ഷിക്കുവാൻ ദേശീയഗവർമ്മെൻറിന്റെ അധികാരങ്ങളോടുകൂടിയ ഒരു അന്തർദ്ദേശീയസംഘടനയോ ഗവർമ്മെന്റോ ഉണ്ടാകുന്നതിനെ ഐൻസ്റ്റയിൻ അദ്ദേഹത്തിന്റെ പില്ക്കാലജീവിതത്തിൽ അനുകൂലിക്കുകയുണ്ടായി. എന്തുതന്നെ സംഭവിച്ചാലും യുദ്ധത്തിലേർപ്പെടുന്നതു തെറ്റാണെന്നു കരുതുന്ന അങ്ങേ അറ്റത്തെ സമാധാനപ്രിയന്മാരാണു് മറ്റൊരു കൂട്ടർ. ഏതു ബലാല്ക്കാരപ്രവൃത്തിയും തെറ്റാണെന്നു് അവർ കരുതുന്നു. അവർ ആയുധമേന്തുകയോ, ആത്മരക്ഷയ്ക്കുവേണ്ടിപ്പോലും യുദ്ധത്തിലേർപ്പെടുകയോ ചെയ്യുന്നതല്ല. മിത്രസഭക്കാരും (Quakers) പരേതനായ മഹാത്മാഗാന്ധിയും രണ്ടാമത്തെ ഇനത്തിൽപ്പെട്ടവരാകുന്നു.

ഐൻസ്റ്റയിനും അഡ്‌ലറും സമാധാനേച്ഛയെക്കുറിച്ചു ദീർഘദീർഘമായി സംഭാഷണങ്ങളും നടത്തും. വാഗ്വാദത്തിൽ ഉത്സാഹംകൊള്ളും. അന്യോന്യം വിശ്വാസം കൈമാറുകയും ചെയ്യും. പുതിയ ജർമ്മൻ രാഷ്ട്രം വളർന്നുവരുന്നതു നോക്കിക്കൊണ്ടിരുന്ന ആ ചെറുപ്പക്കാർക്ക് അതു കുഴപ്പത്തിലേയ്ക്കു വഴിതെളിക്കുമെന്ന് തോന്നുകയുണ്ടായി. അന്ന്, തന്റെ ജീവിതത്തിൽ രണ്ടു ആഗോളയുദ്ധങ്ങളും നടക്കുന്നതു കാണേണ്ടിവരുമെന്ന് ഐൻസ്റ്റയിൻ ധരിച്ചിരിക്കാനിടയില്ല; ലോകസമാധാനത്തിനുവേണ്ടി വളരെയൊക്കെ ഭാവിയിലെപ്പോഴെങ്കിലും പ്രവർത്തിക്കുമെന്നും അന്ന് കരുതിയിരിക്കാനുമിടയില്ല. അഡ്‌ലറുടെ സ്വാധീനശക്തിയെക്കുറിച്ചു കൃതജ്ഞതാപുരസ്സരം ഓർമ്മിക്കാതിരിക്കുന്നതെങ്ങിനെ?

പോളിടെക്നിക്കിൽവച്ച് ആൽബർട്ടിന്റെ ഏറ്റവും പ്രധാനപ്പെട്ട കൃത്യം അയാളുടെ പഠിത്തമായിരുന്നു. രസം തോന്നുന്ന ഒരു രംഗത്തിൽ അയാൾ പ്രവേശിച്ചു. വലിയ ശാസ്ത്രജ്ഞനും, സ്വതന്ത്രചിന്തകനും, ഗവേഷകനുമായിത്തീരുമെന്നതിന് ചില ലക്ഷണങ്ങളും അയാളിൽ കണ്ടുതുടങ്ങി. അയാളുടെ ചിന്തകളും, സംശയങ്ങളും, പര്യവേക്ഷണങ്ങളും ഭാവിയിൽ ശാസ്ത്രത്തിലെ ആശയങ്ങളെത്തന്നെ പാടെ മാറുന്നതാണ്. സൂറിക്കിൽ അയാൾക്കു പഠിക്കുവാനും അദ്ധ്യേപ്പെട്ടവാനും കൂടുതൽ പഠിക്കുവാനുമേ കഴിഞ്ഞിരുന്നുള്ളൂ. ഈ അവസ്ഥ പോളിടെക്നിക്കിലെ പഠിത്തം പൂർത്തിയാക്കുന്നതുവരെ നീണ്ടുനിന്നു. ബാക്കിയുള്ള കാര്യങ്ങളും സ്വയം ആലോചിച്ചു ഗ്രഹിക്കേണ്ടിയിരുന്നു.

സ്വാതന്ത്ര്യപ്രിയനായ ആൽബർട്ട് അയാളുടെ എല്ലാ ക്ലാസ്സുകളിലും ഹാജരായിരുന്നില്ല. സൂറിക്കിൽ വളരെയൊന്നും നിബന്ധനകളുമില്ലായിരുന്നു. അയാൾ ക്രമാനുസാരം ഹാജരാകാതിരുന്നതു് അദ്ധ്യാപകർ അത്ര കാര്യമാക്കിയില്ല. അയാളെപ്പോലെ ബുദ്ധിസാമർത്ഥ്യമുള്ള ഒരു ചെറുപ്പക്കാരനു്, ഹാജരാകാതിരുന്ന ദിവസങ്ങളിലെ പാഠങ്ങൾ പഠിച്ചു് ക്ലാസ്സിലെ മറ്റുള്ളവരുടെകൂടെയാകുന്നതിനു് വിഷമമില്ലെന്നും അവർ അറിഞ്ഞിരുന്നു. ഉപേക്ഷനിമിത്തം ആ ബാലനെ അവർ ക്ലേശിപ്പിച്ചിട്ടില്ല.

ആൽബർട്ടിന്റെ അച്ഛനമ്മമാർ നിർധനർ ആയിരുന്നുവല്ലൊ; പിന്നെ എങ്ങിനെയാണു് അയാൾ പോളിടെക്നിക്കിൽ കഴിഞ്ഞുവന്നതു്? അയാൾ സുഖമായി ജീവിച്ചിരുന്നില്ല. വളരെ ചുരുങ്ങിയ വാടകയുള്ള ഒരു മുറി, വളരെക്കുറച്ചു വസ്ത്രങ്ങൾ, ചുരുങ്ങിയ ആഹാരം ഇതായിരുന്നു അയാളുടെ ജീവിതരീതി. ആൽബർട്ടിന്റെ ധനവാനായ ഒരു ബന്ധു അയാൾക്കു് അല്പം ധനസഹായം ചെയ്യുവന്നു. ആ തുക അയാളുടെ അത്യാവശ്യച്ചെലവുകൾക്കുപോലും മതിയായിരുന്നില്ല. തന്നിമിത്തം ആൽബർട്ടിനു് എത്രയോ പ്രാവശ്യം പട്ടിണി കിടക്കേണ്ടിവന്നിട്ടുണ്ടു്.

പഠിത്തത്തിൽ മോശമായിരുന്ന സഹപാഠികളെ പഠിപ്പിച്ചു കുറെ പണം സമ്പാദിക്കുവാൻ അയാൾക്കു കഴിഞ്ഞു. പക്ഷെ ആൽബർട്ടിന്റെ സഹായമന്വേഷിച്ചു വന്ന വിദ്യാർത്ഥികളുടെ പക്കൽ വളരെയൊന്നും

പണമുണ്ടായിരുന്നില്ല. അവക്ക് ക്ലേശംകൂടാതെ കൊടുക്കാവുന്നതിൽക്കൂടുതൽ ആവശ്യപ്പെട്ടന്നതിന് ആൽബർട്ടിന്റെ ഔദാര്യം അയാളെ അനുവദിച്ചതുമില്ല.

"ഇതുമേ എനിക്കു തരാൻ കഴിയൂ" എന്നൊരാം പറയും.

"അതിനെന്തു്? മതി. എന്തായാലും നിങ്ങളെ ഞാൻ സഹായിക്കാം" എന്നായിരിക്കും ആൽബർട്ടിന്റെ മറുപടി.

ആണ്ടുതോറും വസന്തകാലത്തു് വിദ്യാലയം അടയ്ക്കുമ്പോൾ, ആൽബർട്ടു് അവുധി ദിവസങ്ങളും വീട്ടുകാരുമൊത്തു കഴിക്കുന്നതിനുവേണ്ടി മിലാനിലേയ്ക്കു പോകും. കുടുംബാംഗങ്ങളെല്ലാം ഒന്നിച്ചു കൂടുന്നതു് അവർക്കോരോരുത്തർക്കും ഉല്ലാസകരമായിരുന്നു. ശാന്തവും പ്രസന്നവുമായ പട്ടണത്തിൽ താമസിച്ചിരുന്ന ആ കുടുംബക്കാർ അപ്പോൾ അവർ നിർധനരാണെന്ന കാര്യം മറക്കും.

ദാരിദ്ര്യത്തിന്റെ കാഠിന്യംകൊണ്ടു് ചിലപ്പോൾ പട്ടിണി കിടക്കേണ്ടിയിരുന്നുവെങ്കിലും സ്പിസ്ഫെഡറൽ പോളിടെക്നിക്കിൽ ചെലവാക്കിയ നാലു കൊല്ലത്തെ ജീവിതം ആൽബർട്ടു് ഇഷ്ടപ്പെട്ടു. കൂട്ടുകാരെയും ഇംഗിതങ്ങളറിഞ്ഞു പെരുമാറിയ അദ്ധ്യാപകന്മാരെയും, ഭാവിഭാര്യയെയും അയാൾക്കു കണ്ടെത്തുവാൻ സാധിച്ചതു് അവിടെവച്ചാണല്ലൊ.

ഒടുവിൽ 1900 ൽ അയാളുടെ വിദ്യാലയജീവിതം അവസാനിക്കാറായി. സങ്കടവും സന്തോഷവും തോന്നുന്ന

ആ അവസാനദിവസം അടുത്തു. പോളിടെക്നിക്ക് വിട്ടുപോകുന്നതിൽ സങ്കടവും വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ കഴിഞ്ഞതിൽ സന്തോഷവും ആൽബർട്ടിനുതോന്നി. ഇപ്പോഴാണ് അയാൾക്ക് മിലെവാ മരിട്സ്ചിനെ വിവാഹം കഴിക്കാം ; എവിടെയെങ്കിലും ചെന്ന് കാലയാപനത്തിനു വേണ്ടതു സമ്പാദിക്കുകയും ചെയ്യാം.

"ഇനി എന്തു ചെയ്യാനാണു് ഉദ്ദേശം ?" അയാളുടെ അദ്ധ്യാപകന്മാരിൽ ഒരാൾ അയാളോടു ചോദിച്ചു.

"ഞാൻ സ്വിറ്റ്സർലണ്ടിനെ ഇഷ്ടപ്പെടുന്നു. എനിക്കു് സൂറിക്ക് നഗരത്തിൽ താമസിച്ചു് വല്ല ജോലിയും ചെയ്തു് ജീവിക്കണം" എന്നായിരുന്നു മറുപടി

ആൽബർട്ടിനെ വളരെയധികം സ്നേഹിച്ചിരുന്ന ആ അദ്ധ്യാപകൻ അയാളുടെ തോളിൽ പിടിച്ചുകൊണ്ടു ചോദിച്ചു : "നീ ആരാകാനാണു് ആഗ്രഹിക്കുന്നതു് ?"

ഇപ്പോഴാണ് ആൽബർട്ടിനു് ആ ചോദ്യത്തിനു ഉത്തരം അറിയാമായിരുന്നു നാലുകൊല്ലം മുൻപു് കാലയാപനത്തിനു വേണ്ടതു സമ്പാദിക്കുവാൻ പോരുന്ന ഒരു ജോലിയും തനിക്കു ചെയ്യുവാൻ കഴിയുമെന്നു് അയാൾ വിചാരിച്ചിരുന്നില്ല. എന്നാൽ ഇപ്പോഴാണ് താൻ ആരാകണമെന്നു അയാൾക്ക് വ്യക്തമായിക്കഴിഞ്ഞിരുന്നു.

"എനിക്കു് ഒരു അദ്ധ്യാപകനാകണം" ഇതായിരുന്നു അയാളുടെ ഉത്തരം.

അദ്ധ്യായം അഞ്ച്.

"ചെരുപ്പുകുത്തുപണി"

കോളേജ് വിദ്യാഭ്യാസം അവസാനിച്ചപ്പോൾ, വശീകരണശക്തി ബുദ്ധിചാതുരി എന്നീ ഗുണവിശേഷങ്ങളാൽ അനുഗ്രഹീതനായിരുന്ന ഐൻസ്റ്റയിൻ ഒരു അദ്ധ്യാപകനാകുവാൻ ശ്രമിച്ചു. ബന്ധുക്കളുടെ ഔദാര്യത്തെ ആശ്രയിച്ചു കഴിയാതെ, കാലയാപനത്തിനു വേണ്ടതു് സ്വയം സമ്പാദിക്കുവാൻ കഴിയുമെന്ന പ്രത്യാശ അയാളിൽ അങ്കുരിച്ചു.

സൂറിക്ക് നഗരത്തിൽ അയാൾ നേടിയിരുന്ന സൌഹൃദം പെട്ടെന്നു് നഷ്ടപ്പെട്ടതുപോലെ തോന്നി. അയാൾക്ക് ഒരു ജോലിയും കിട്ടിയില്ല. പോളിടെക്നിക്കിലെ ചില വിദ്യാർത്ഥികളെ പഠിപ്പിച്ചു് അയാൾക്ക് കുറെ പണം സമ്പാദിക്കുവാൻ കഴിഞ്ഞു. പക്ഷെ അതു് ജീവിക്കുന്നതിനു് മതിയായിരുന്നില്ല. മറ്റുള്ളവക്കെല്ലാം ജോലി കിട്ടുന്നുണ്ടു്; പിന്നെ എന്തായിരുന്നു അയാൾക്കുള്ള തകരാറു് ?

തന്റെ പഴയ അദ്ധ്യാപകന്മാരെ സന്ദർശിക്കുന്നതിനുവേണ്ടി ആൽബർട്ട് പോളിടെക്നിക്കിലേയ്ക്കുപോയി. അവരുടെ ആരുടെയെങ്കിലും അസിസ്റ്റൻറായി ജോലി കിട്ടുമോ എന്നാണ് പ്രതീക്ഷിക്കുവാനായിരുന്നു അതു്. അക്കാലത്തു് ഒരു സർവ്വകലാശാലാപ്രൊഫസ്സറുടെ അസിസ്റ്റൻറായി കഴിയുന്നതു് അദ്ധ്യാപകനാകുന്നതിനുള്ള പരിശീലനമായിരുന്നു. അയാളുടെ അദ്ധ്യാപകന്മാരിൽ ചിലർക്ക്

അയാളെ കണ്ടപ്പോൾ സന്തോഷമുണ്ടായി; അവർ അയാളുടെ വിദ്യാർത്ഥിജീവിതത്തെ പ്രകീർത്തിച്ചുസംസാരിച്ചു. മറ്റു ചിലർക്ക് തോന്നിയതു് സന്തോഷമല്ല, മറിച്ച് സംഭ്രമമായിരുന്നു. ആ ചെറുപ്പക്കാരന്റെ ബുദ്ധിസാമർത്ഥ്യത്തെക്കുറിച്ചു ഗ്രഹിച്ചിരുന്ന അവർക്ക് തങ്ങളുടെ സ്ഥാനം അയാൾ അപഹരിച്ചേയ്ക്കുമോ എന്ന പേടി തോന്നി. അയാളെ അതിൽനിന്ന് തടഞ്ഞു നിർത്തുവാൻ അവർക്ക് എങ്ങിനെ കഴിയും ? അയാൾക്ക് സാമാന്യത്തിലധികം ബുദ്ധിവൈഭവമുണ്ടായിരുന്നു; കാഴ്ചയിൽ സുമുഖനുമായിരുന്നു. ക്രൂരതയെക്കാൾ ശാന്തതയും സൌഹൃദവും ഉടലെടുത്തതാണെന്നു തോന്നും അയാളെ കണ്ടാൽ. ആൽബർട്ട് ധരിച്ചിരുന്ന വസ്ത്രം മോശപ്പെട്ടതും ജീർണ്ണിച്ചതുമായിരുന്നു. അതുകാരണം ഒരുവനെ നാം അവഹേളിക്കരുതല്ലൊ ? എന്തെന്നാൽ വല്ല ജോലിയും കിട്ടിക്കഴിഞ്ഞാൽ അയാൾക്ക് നല്ല വസ്ത്രങ്ങൾ വാങ്ങുവാൻ കഴിയുന്നതാണല്ലൊ

അയാളെ ഒഴിച്ചു നിർത്തുന്നതിന് മതിയായ ഒരു ന്യായം കണ്ടെത്താൻ അവർക്ക് പ്രയാസമുണ്ടായില്ല. ഐൻസ്റ്റയിൻ ഒരു യൂദനായിരുന്നു. ഒരു ജോലി കിട്ടുന്നതു തടയാൻ അതു് മതിയായ കാരണമായിത്തീർന്നു. അങ്ങിനെ അവർ അയാൾക്ക് തടസ്സങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. ആറുമാസക്കാലത്തേയ്ക്ക്, കൈയിൽ കാശില്ലാതെയും വിശന്നു വലഞ്ഞും ആൽബർട്ട് ഐൻസ്റ്റയിൻ സൂറിക്കിലെ തെരുവുകളിൽക്കൂടി ജോലി അന്വേഷിച്ചു നടക്കുകയുണ്ടായി. അന്ന് അയാൾക്ക് ഏതു ജോലിയും അഭിലഷണീയമായിരുന്നു. തനിക്ക് ഒരു പണിയും കിട്ടാത്ത

തിന്റെ കാരണം എന്തെന്ന് അയാൾ മനസ്സിലാക്കിയപ്പോൾ അയാളുടെ ഹൃദയം വ്യസനവും പകയുംകൊണ്ടു നിറഞ്ഞു.

"ഒരു യൂദനായതുകൊണ്ട് ഞാൻ പട്ടിണികിടക്കണോ ?" അയാൾ അത്ഭുതത്തോടുകൂടി ചോദിച്ചു.

അയാളെ തടഞ്ഞു നിർത്തുവാൻ അതൊരു കാരണമായിരുന്നു. അയാൾ ഒരു യൂദനായിരുന്നില്ല, മറ്റു് ഏതെങ്കിലുമൊരു വർഗ്ഗത്തിൽപ്പെട്ട ആളായിരുന്നു എന്നിരിക്കട്ടെ. എന്നാലും അവർ അയാളെ വെറുക്കുകതന്നെ ചെയ്യുമായിരുന്നു. അയാളെ തള്ളുവാൻ മറ്റേതെങ്കിലും കാരണം കണ്ടെത്തുകതന്നെ ചെയ്യുമായിരുന്നു. ഇതിന്റെ ഉദ്ദേശ്യം ആൽബർട്ടിനു് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. തന്റെ പ്രാപ്തിവിശേഷത്തെക്കുറിച്ചു് അയാൾ ബോധവാനായിരുന്നില്ല; അത്രയ്ക്കു വിനീതനായിരുന്നു.

വിൻറർത്തർ എന്ന അടുത്തുള്ള പട്ടണത്തിലെ ഒരു സാങ്കേതിക വിദ്യാശാലയിൽ ഒരു ബദൽ, അദ്ധ്യാപകനെ ആവശ്യമുണ്ടെന്നു ആൽബർട്ട് ഗ്രഹിച്ചു. അപേക്ഷിച്ചു തന്നുനോക്കിച്ചു്, അയാൾക്കു് ആ ജോലി കിട്ടി.

ഒന്നാമത്തെ ദിവസം കാലത്തു് പഠിപ്പിക്കുവാൻ ക്ലാസ്സുമുറിയിലേക്കു കടന്നു ചെന്നപ്പോൾ അയാൾക്കു് ഉണ്ടായ അനുഭവമിതാണു്. എന്താണു് സംഭവിക്കുവാൻ പോകുന്നതെന്നു് മനസ്സു ചാഞ്ചാടുന്നുണ്ടായിരുന്നു. കതകു തുറന്നപ്പോൾ ആ മുറിയിൽ കുറെ പൊണ്ണത്തടിയന്മാർ ഇരിക്കുന്നതു കണ്ടു. ചിലർ പ്രായത്തിലും മറ്റു ചിലർ

രൂപത്തിലും അയാളെക്കാൾ വലിയവരായിരുന്നു. ഒരു വ്യവസായ കേന്ദ്രത്തിലായിരുന്ന ആ പാഠശാല സ്ഥിതി ചെയ്തിരുന്നതു്. വിദ്യാർത്ഥികൾ അയാളെ അല്പം അവജ്ഞയോടുകൂടി നോക്കിയിട്ടു്, അവരുടെ സ്ഥിരം അദ്ധ്യാപകൻ വരുന്നതുവരെ ഒട്ടും പഠിച്ചില്ലെങ്കിലും വേണ്ട, ഈ പകരക്കാരനെ കളിയാക്കിക്കൊണ്ടിരിക്കാമെന്നു തീരുമാനിച്ചു.

ആൽബർട്ടിന്റെ ഉത്സാഹം മാറി. പകരം ശങ്കസ്ഥലം പിടിച്ചു. അയാൾ ആ ക്ലാസ്സ്മുറിയുടെ മുൻവശത്തേയ്ക്കു നടന്നു.

"വന്ദനം" ദ്ധസ്വരത്തിൽ അയാൾ പറഞ്ഞു.

അവിടെ കൂടിയിരുന്നവർ മുറുമുറുത്തു.

ഒരു കഷണം ചോക്കുമായി അയാൾ ബോർഡിനടുത്തു ചെന്നുനിന്നു. ആ മുറി മുഴുവൻ ഒന്നു തിരഞ്ഞു നോക്കിയിട്ടു്, അയാൾ ജോലി തുടങ്ങി—പഠിപ്പിക്കുവാനാരംഭിച്ചു. ചിരിയും കളിയും അവസാനിച്ചു താളം ചവുട്ടിക്കൊണ്ടിരുന്ന കാലുകൾ നിശ്ചലങ്ങളായി. അയാൾ തുടർന്നു സംസാരിക്കുകയായിരുന്നു; അല്ല വിശദീകരിക്കുകയായിരുന്നു. ആൽബർട്ടു് ബോർഡിൽ പരിലേഖനങ്ങൾ വരച്ചു, വിശദീകരിക്കുന്ന ഭാഗങ്ങളിൽ സചയം തത്പരനായതോടുകൂടി വിദ്യാർത്ഥികളുടെ ശ്രദ്ധയേയും ആകർഷിക്കുവാൻ അയാൾക്കു് കഴിഞ്ഞു. വിദ്യാർത്ഥികൾ അവരുടെ ഇരിപ്പിടങ്ങളിൽ ഇരുന്നുകൊണ്ടുതന്നെ അല്പം മുന്നോട്ടാഞ്ഞു. അയാൾ പറയുന്ന ഓരോ വാക്കും വിടാതിരിക്കുവാനായിരുന്നു അവർ അങ്ങനെയിരുന്നതു്. ആ ക്ലാസ്സു്

വിജയമായിത്തന്നെ അവസാനിച്ചു. അയാൾ അവിടെ ജോലി നോക്കിയിരുന്ന കാലം മുഴുവൻ ഈ വിജയം നീണ്ടു നിന്നു. വിദ്യാർത്ഥികൾ അയാളുടെ ക്ലാസ്സുകളെ താല്പര്യത്തോടുകൂടി പ്രതീക്ഷിച്ചു തുടങ്ങി. ആറുമാസം കഴിഞ്ഞു് അയാൾക്കു് പിരിഞ്ഞു പോകേണ്ടിവന്നപ്പോൾ വിദ്യാർത്ഥികൾ സങ്കടപ്പെട്ടു.

വീണ്ടും സൂറിക്കിലെത്തിയ ഐൻസ്റ്റയിനു് ഉദ്യോഗാന്വേഷണശ്രമം പുനരാരംഭിക്കേണ്ടിവന്നു. മുഴുപ്പട്ടിണിയായിക്കഴിഞ്ഞ ആ കാലഘട്ടമാണു് അയാളുടെ ജീവിതത്തിൽ ഏറ്റവും ക്ലേശകരമായിരുന്നതു്. അന്നു് അയാളുടെ കൂപ്പായം കീറിപ്പറിഞ്ഞു പഴന്തുണിയായിരുന്നു.

പോളിടെക്നിക്കിൽ ഐൻസ്റ്റയിന്റെ സഹപാഠിയായിരുന്ന മാർസൽഗ്രാസ്മാൻ, മറ്റു സ്നേഹിതന്മാരെക്കാൾ സ്നേഹവും ആത്മാർത്ഥതയുമുള്ള ഒരു സുഹൃത്തായിരുന്നു. ഐൻസ്റ്റയിന്റെ ദയനീയാവസ്ഥയെക്കുറിച്ചു ഗ്രഹിച്ചപ്പോൾ, മറ്റു പലരും പറയാറുള്ളതുപോലെ 'അതു് വ്യസനകരമല്ലെ' എന്നു പറഞ്ഞു കൃതാർത്ഥനാവാതെ, അയാൾ തന്റെ കൂട്ടുകാരനെ സഹായിക്കുവാൻ നിശ്ചയിച്ചു. സിറ്റ്സർലണ്ടിലുള്ള ബേൺ പട്ടണത്തിലെ സർക്കാർ സ്വകാര്യാവകാശക്കച്ചേരി (Patent Office) യിലെ ഡയറക്ടറുടെ അടുത്തു് ഐൻസ്റ്റയിനെ കൊണ്ടുപോയി അയാൾ പരിചയപ്പെടുത്തുകയും ഐൻസ്റ്റയിനു് ഒരു ജോലി കൊടുക്കുവാൻ അപേക്ഷിക്കുകയും ചെയ്തു.

സ്ഥിരമായ ഒരു ജോലി കിട്ടുമെന്ന ആശയുടെ ഫലമായി ഐൻസ്റ്റയിൻ ആ മുഷിപ്പൻ സന്ദർശനം ക്ഷമ

യോടെ സഹിച്ചു; അയാളോട് ചോദിച്ച ചോദ്യങ്ങൾ
ക്കെല്ലാം വസ്തു നിഷ്ഠവും സൂക്ഷ്മവുമായ ഉത്തരം നൽകുവാൻ
ശ്രമിച്ചു. അവിടെ അയാൾക്ക് വല്ല പണിയും കൊട
ക്കുമോ? അതോ അയാൾ ഒരു യുദ്ധനാണെന്നതുകൊ
ണ്ട് അവിടെയും സാദ്ധ്യമല്ലെന്നു പറയുമോ? അയാളുടെ
വൃത്തികെട്ട വേഷം അയാളെക്കുറിച്ചു മോശമായ ഒരു അഭി
പ്രായം ഉളവാക്കിയേക്കുമെന്ന ഭയം അയാൾക്ക് തോന്നാ
തിരുന്നില്ല.

സ്വകാര്യാവകാശക്കച്ചേരിയിലെ ഡയറക്ടർ, താൻ
ലോകത്തിലെ ഏറ്റവും വലിയ ഭൌതികശാസ്ത്രജ്ഞനുമാ
യിട്ടാണ് സന്ദർശനം നടത്തുന്നതെന്ന് മനസ്സിലാക്കിയിരി
ക്കുവാൻ ന്യായമില്ല. അദ്ദേഹം ഐൻസ്റ്റയിനോട്,
അയാളുടെ ജോലി എന്തെന്ന് വിശദീകരിച്ചുതുടങ്ങി:
"ഒരാൾ ഒരു പുതിയ യന്ത്രമോ മറ്റോ ആവിഷ്കരിച്ചു
കഴിഞ്ഞാൽ, അയാളുടെ ആവിഷ്കാരത്തിന്റെ ഒരു
രൂപം സ്വകാര്യാവകാശക്കച്ചേരിക്ക് അയച്ചുകൊടുക്കണം.
തന്റെ ജോലി, അയച്ചുതന്ന ആ രൂപം പരിശോധിച്ച്,
അതു് പ്രയോഗക്ഷമമാണോ അല്ലയോ എന്നു തിട്ടപ്പെ
ടുത്തുന്നതു മാത്രമല്ല, അതു് മറ്റു വല്ലതിന്റെയും പക
ർപ്പോ മോഷണമോ അല്ലെന്നു നിർണ്ണയിക്കുന്നതുകൂടിയാണ്.
ചിലപ്പോൾ അവരുടെ അപേക്ഷകളിൽ ചില മാറ്റങ്ങൾ
വരുത്തുകയോ അവ മാറിയെഴുതുകതന്നെയോ വേണ്ടി
വരും. അതിലെ ഉള്ളുടക്കത്തിൽ ആശ്ചര്യം സംശയമുണ്ടോ
കാതിരിപ്പാനാണ് അങ്ങനെ ചെയ്യേണ്ടിവരുന്നതു്."

ആൽബർട്ടിന്റെ മികച്ച ശാസ്ത്രീയമനോഗതിക്ക് ഈ ജോലി ഒട്ടും പ്രയാസമുള്ളതായി തോന്നിയില്ല.

"എനിക്ക് അതു ചെയ്യുവാൻ കഴിയുമെന്നു തോന്നുന്നു" വിനയത്തോടുകൂടി അയാൾ മറുപടി പറഞ്ഞു.

പിന്നെയും അരമണിക്കൂർ നേരത്തേയ്ക്ക് അദ്ദേഹം ആൽബർട്ട് ഐൻസ്റ്റയിനോട് പലതും ചോദിച്ചുകൊണ്ടിരുന്നു. സ്വകാര്യാവകാശക്കച്ചേരിയിലെ ഡയറക്ടർ ഒരു വിശാലമനസ്കനായിരുന്നു. ആൽബർട്ടിനു് ആ ജോലിയിൽ മുൻപരിചയമുണ്ടായിരുന്നില്ലെങ്കിലും അയാളുടെ ഗണിതപരവും, ശാസ്ത്രസംബന്ധവുമായ ബോധം അവിടത്തെ ജോലി നിർവ്വഹിക്കുന്നതിൽ അയാളെ വളരെ സഹായിക്കുമെന്ന് അദ്ദേഹം മനസ്സിലാക്കുകയുണ്ടായി.

"ഐൻസ്റ്റയിൻ! ഇനി ഒരൊറ്റ കാര്യംകൂടി പറയാനുണ്ട്. ഒരു ഗവർണ്മെന്റു് ഉദ്യോഗസ്ഥനാകുന്നതിനു് താൻ സ്വിറ്റ്സർലണ്ടിലെ പൌരനായിരിക്കണം."

"സാർ, ഞാൻ ഇവിടത്തെ പൌരനാണു്." ആൽബർട്ട് ദൃഢസ്വരത്തിൽ പറഞ്ഞു.

അപ്പോഴും ആൽബർട്ടിന്റെ കൈയിലുണ്ടായിരുന്ന പണം പൌരത്വത്തിനുള്ള അപേക്ഷയ്ക്കും മറ്റും കൂട്ടിച്ചുമതിയാകുമായിരുന്നു. കുറെക്കാലമായി അയാൾ ഒരു രാജ്യത്തിലെയും പൌരനല്ലാതെ കഴിയുകയായിരുന്നുവല്ലൊ. താൻ ഒരു ജർമ്മൻകാരനാണെന്ന് അയാൾ കരുതിയിരുന്നില്ല. സ്വിറ്റ്സർലണ്ടിലെ പ്രകൃതിരമണീയതയും സ്വതന്ത്രജീവിതവും അയാൾ വളരെ ഇഷ്ടപ്പെട്ടിരുന്നു. തൽഫലമായി ഒരു സ്വിസ് പൌരനാകാൻ

ആൽബർട്ട് തീരുമാനിച്ചു. ഡയറക്ടർ ഇപ്രകാരം തുടർന്നു: "ശരി. താൻ ആ ജോലി എങ്ങനെ നിർവ്വഹിക്കുമെന്നു നോക്കട്ടെ"

ആഹ്ലാദകരങ്ങളായ ദിവസങ്ങൾ! അയാൾക്കു വലിയ ശമ്പളമുണ്ടായിരുന്നില്ല. എങ്കിലും; അതു മതിയായിരുന്നു. ഒടുവിൽ അയാൾക്കു സ്ഥിരമായ ജോലി കിട്ടിയല്ലൊ. ഇനി, അയാൾക്കു മിലെവായെ വിവാഹം ചെയ്യാം. അതുകൊണ്ടു ഭാവി പ്രസന്നമായിത്തോന്നി.

1902-മാണ്ടു് ശരത്കാലത്താണു് ഐൻസ്റ്റയിൻ ബേൺപട്ടണത്തിലെ പുതിയ ജോലിയിൽ പ്രവേശിച്ചതു്. അവിടത്തെ ജോലിയിൽ നിപുണനാകുവാൻ അയാൾക്കു് അധികം കാലം വേണ്ടിവന്നില്ല. ആയാസപ്പെടേണ്ടാത്ത ആ ജോലി വാസ്തവത്തിൽ ഒരു അനുഗ്രഹമായിത്തീർന്നു. മറ്റുള്ളവർക്കു് ആറും ഏഴും മണിക്കൂറുകളും വേണ്ടിവരുന്ന ജോലി ഐൻസ്റ്റയിനു് മൂന്നു മണിക്കൂർ കൊണ്ടു തീർക്കുവാൻ കഴിഞ്ഞിരുന്നു. കച്ചേരിയിലെ ജോലി വേഗം ചെയ്തുതീർത്തിട്ടു് ബാക്കി സമയം ആൽബർട്ട് ഗണിതശാസ്ത്രാഭ്യസനത്തിനു് വിനിയോഗിച്ചുവന്നു. മേലുദ്യോഗസ്ഥൻ അടുത്തു വരുന്നുവെന്നറിയുമ്പോൾ ഗണിതശാസ്ത്രസംബന്ധമായ പത്രങ്ങളും മാറും മേശവലിപ്പിനുള്ളിൽ ഇട്ടു്, അതു വലിച്ചടച്ചിട്ടു് കച്ചേരിയിലെ ജോലി ചെയ്യുന്നതായി നടിച്ചിരിക്കും. സഹകാര്യാലയകാശക്കച്ചേരിയിലെ ഇരിപ്പിടത്തിലിരുന്നു ചെയ്ത ഈ ഗൂഢപ്രവർത്തനത്തിന്റെ ഫലമാണു് ശാസ്ത്രലോകത്തെ അദ്ഭുതപ്പെടുത്തിയ സ്പെഷൽ സാപേക്ഷതാവാദമെന്നു ഐൻസ്റ്റയിന്റെ പ്രാഥമികസിദ്ധാന്തം.

ആൽബർട്ട് ഐൻസ്റ്റയിന് അയാളുടെ ജോലിയിൽ നീരസം തോന്നിയിരിക്കാമെന്നല്ലേ തോന്നുക. വാസ്തവം അങ്ങനെയായിരുന്നില്ല. പ്രത്യുത ആൽബർട്ടിന് അയാളുടെ ജോലിയിൽ വളരെ രസമാണ് തോന്നിയിരുന്നത്. അയാൾക്ക് താത്പര്യമുള്ള മറ്റു കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ട 'ഒഴിവുസമയം' ലഭിക്കുന്നുണ്ടായിരുന്നുവെന്നതാണ് അതിന്റെ കാരണം. "ചെരുപ്പുകുത്തു ജോലി" എന്നാണ് അതിനെ അയാൾ നല്ലിയിരുന്നപേരു്. വളരെ എളുപ്പമായിരുന്നതുകൊണ്ടാതെ സ്വല്പ ശ്രദ്ധമാത്രമുള്ളതുമായിരുന്നുവല്ലൊ ആ ജോലി. തനിക്കു ആ 'ചെരുപ്പുകുത്തുജോലി' കിട്ടിയതു് ഭാഗ്യമായിപ്പോയെന്ന് ആൽബർട്ട് കരുതി. ഗണിതപരമായ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ട സമയസൌകര്യങ്ങൾ നല്കിയ ആ ജോലിയിൽ ഏർപ്പെട്ടതു് അയാളുടെ ഭാഗ്യാതിരേകംതന്നെയെന്നു പറയരുതോ ?

വാസ്തവത്തിൽ ആ 'ചെരുപ്പുകുത്തുപണി' അയാൾക്കു് വിശ്രമവും വിനോദവും നല്കിവന്നു. ഗണിതപ്രവർത്തനമായിരുന്ന അയാൾക്കു ശരിയായ ജോലിയായിതോന്നിയതു്. കുറെയേറെ സമയത്തെ ഏകതാനമായ പ്രവൃത്തിക്കുശേഷം, വിനോദാർത്ഥം അയാൾ ആഫിസിലെ ആവിശ്യാരങ്ങളിലേയ്ക്ക് ശ്രദ്ധ ചെലുത്തും. ചിലർ ചീട്ടുകളിക്കുകയും മറ്റു ചിലർ റേഡിയോ കേൾക്കുകയും മറ്റും ചെയ്യാറില്ലേ. അതുപോലെതന്നെയായിരുന്നു ആ പ്രവൃത്തി.

ഏതാനും മാസങ്ങൾക്കുള്ളിൽ മിലെവാമരിട്സ് ബേൺനഗരത്തിലെത്തി ആൽബർട്ടിനോടൊത്തു താമസ

മാരംഭിച്ചു. ആപ്പോഴാണെന്നാൽ എന്തെന്ന് ആൽബർട്ട് ഐൻസ്റ്റയിൻ മനസ്സിലാക്കിയത് അപ്പോഴാണ്. വളരെ ക്ലേശിപ്പിക്കാത്ത ഒരു ജോലി ; ഗണിതപരമായ ഗവേഷണങ്ങൾക്കുവേണ്ട സമയവും സൌകര്യവും ; ഒരു വീട്ടം ഭാര്യയും; സന്ദർശനത്തിനെത്തുന്ന സ്നേഹിതന്മാർ

തെരുവുകളിൽക്കൂടി, കൈയിൽ കാശില്ലാതെയും വിശന്നു വലഞ്ഞും നടന്ന കാലം കഴിഞ്ഞു. പ്രധാനപ്പെട്ട കാര്യങ്ങളാം ഓരോന്നായി സംഭവിച്ചുതുടങ്ങി. 1902-ൽ അയാൾക്ക് ഒരു ജോലി കിട്ടി. 1903-ൽ അയാൾ മിസ് മരിട്സിചിനെ വിവാഹം കഴിച്ചു. ആൽബർട്ടിന്റെ രണ്ടു പുത്രന്മാരിൽ മൂത്തയാളുടെ ജനനം 1904-ൽ ആയിരുന്നു.

ലോകമൊട്ടുക്ക് പ്രാധാന്യമർഹിക്കുന്ന സംഭവം നടന്നതു് 1905-ലായിരുന്നു. ആൽബർട്ടിനു് ഇരുപത്താറു വയസ്സുമാത്രം പ്രായമുണ്ടായിരുന്നപ്പോഴാണു് സാക്ഷേപതാവാദത്തെക്കുറിച്ചുള്ള ശാസ്ത്രീയലേഖനങ്ങളാം അയാൾ പ്രസിദ്ധപ്പെടുത്തി തുടങ്ങിയതു്. സചകാര്യാവകാശക്കച്ചേരിയിൽവച്ചു്, ജോലിയ്ക്കിടയ്ക്കു രചിക്കപ്പെട്ടവയാണു് സുപ്രധാനങ്ങളും, ഗംഭീരങ്ങളുമായ ആ ലേഖനങ്ങളാം ; മൂന്നുകൊല്ലത്തെ ഗണിതപരമായ വിചിന്തനങ്ങളുടെ ഫലമാണു് ആ പ്രഥമലേഖനങ്ങളാം.

അദ്ധ്യായം ആറ്

ആ മഹാസിദ്ധാന്തം

പുതിയ ആശയങ്ങളും ഗംഭീരങ്ങളായ പദങ്ങളും കാണുമ്പോഴേ നിങ്ങൾ പേടിച്ചുപോകുമെങ്കിൽ ഈ അദ്ധ്യായം ഒന്നു മറിച്ചു തള്ളുകയായിരിക്കും നല്ലത്. എന്തെന്നാൽ ഈ അദ്ധ്യായത്തിൽ ഡോ. ഐൻസ്റ്റയിന്റെ പ്രാഥമികസിദ്ധാന്തത്തിലെ സരളങ്ങളായ ഭാഗങ്ങളെപ്പറ്റി വിശദീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതൊന്നു വായിക്കുന്നതിനു തന്നെയാണ് നിങ്ങൾ നിശ്ചയിക്കുന്നതെങ്കിൽ, ഡോ. ഐൻസ്റ്റയിന്റെ ആശയങ്ങൾ ആകെയും ഒരു സാമാന്യരീതിയിൽ മനസ്സിലാകുന്നതാണെന്നും പറഞ്ഞുകൊള്ളട്ടെ. ആ സിദ്ധാന്തം ഉൾക്കൊള്ളുന്ന ഗണിതക്രിയകൾ വളരെ ക്ലേശാവഹമായിത്തോന്നും; അധികംപേർക്കും ദുഗ്രഹമായും ഇരിക്കും. അക്കാര്യങ്ങളിലേയ്ക്ക് കടക്കേണ്ട ആവശ്യം ഇവിടെയില്ല.

നമുക്ക് ഉപയോഗിക്കേണ്ടിവരുന്ന പദങ്ങളെക്കുറിച്ച് ആദ്യമായി ചിന്തിക്കാം. പ്രകാശം, വിശ്വം, സമയം, ചതുർത്ഥ (തുരീയ)മാനം. ഒറ്റയ്ക്കൊറ്റയ്ക്കു നോക്കുമ്പോൾ ഈ പദങ്ങൾ ദുർഘടങ്ങളല്ലതന്നെ.

പ്രകാശമെന്നാൽ എന്ത്? പകൽ സമയത്ത് നമുക്ക് ചുറ്റുപാടും കാണുവാൻ കഴിയുന്നത് പ്രകാശമുള്ളതുകൊണ്ടാണ്. പ്രകാശം ഇല്ലാതാകുന്നതുകൊണ്ടാണ് രാത്രിയിൽ നമുക്ക് കാണ്മാൻ കഴിയാത്തത്. അപ്പോൾ, പ്രകാശമെന്നാൽ എന്താണ്? പകൽവെളിച്ചം എന്നറിയ

പ്പെട്ടന്ന പ്രകാശം സൂര്യനിൽനിന്ന് ലഭിക്കുന്നതാണ്. നമുക്ക് സൂര്യനിൽനിന്ന് ചൂടും ലഭിക്കുന്നുണ്ട്. ചുട്ടപഴത്ത ഇരുമ്പുകഷണം—ഇരുമ്പട്ടപ്പിന്റെ മുകൾ ഭാഗവും മറ്റും—തിളങ്ങുന്നതു നിങ്ങൾ കണ്ടിട്ടില്ലേ? ചൂടുകൊണ്ട് അതു 'ചുട്ടപഴുക്ക'ുന്നു. ഒരു ഇരുട്ടറയിൽ വച്ചിട്ടുള്ള ചുട്ടപഴത്ത ഇരുമ്പട്ടപ്പിന്റെ മുകൾഭാഗം ചുറുപാടും പ്രകാശം പരത്തുന്നതായി കാണാം. ചൂടും വെളിച്ചവും വളരെ ബന്ധമുള്ള രണ്ടു കാര്യങ്ങളാണ്. സൂര്യനു വളരെ ചൂടുണ്ട്. അതു വെളിച്ചവും പുറത്തുവിട്ടുകൊണ്ടിരിക്കുന്നു. സൂര്യനില്ലാത്തതുകൊണ്ട് രാത്രിസമയങ്ങളിൽ—പകൽ സമയങ്ങളെ അപേക്ഷിച്ച്—നമുക്കു തണുപ്പുതോന്നുന്നു. ചൂടും വെളിച്ചവും ഊർജ്ജത്തിന്റെ രണ്ടു ഭാവങ്ങളാകുന്നു. ഊർജ്ജമെന്നാൽ പ്രവൃത്തി ചെയ്യാനുള്ള കഴിവാണ്. ചലനയന്ത്രം ഘടിപ്പിക്കാതെതന്നെ മനുഷ്യർക്ക് സഞ്ചരിക്കുവാൻ കഴിയുന്നുണ്ട്. അതു്, അവർക്ക് ഊർജ്ജമുള്ളതുകൊണ്ടാണ്. സൂര്യനിൽനിന്ന് ചൂടും വെളിച്ചവും വിനിർഗമിക്കുന്നതു് എന്തെങ്കിലും യന്ത്രങ്ങളുടേയോ ബാഹ്യശക്തികളുടെയോ പ്രവർത്തനത്തിന്റെ ഫലമായിട്ടല്ല. ഊർജ്ജത്തിന്റെ ഒരു വലിയ കലവറയാണ് സൂര്യൻ. സദാ ഊർജ്ജം നാലുപാടും വിതറിക്കൊണ്ടിരിക്കുന്ന ഒരു കലവറയാണതു്.

പ്രകാശരൂപത്തിൽ പ്രത്യക്ഷപ്പെടുന്ന ഊർജ്ജം എപ്പോഴും ദൃഷ്ടിഗോചരമായിരിക്കുന്നില്ല. റേഡിയോതരംഗങ്ങളും എക്സ്റേസും ദൃഷ്ടിഗോചരമല്ലാത്തവയാണ് എന്നു കാണുന്നുതോ? പ്രകാശത്തിന്റെ ചില ഭാവങ്ങൾ നമുക്ക് കാണ്മാൻ കഴിയും. നമുക്കു പ്രത്യക്ഷപ്പെടുന്ന പ്രകാശം ദൃഷ്ടിക്ക് വിഷയീഭവിക്കുന്നതാണ്.

വിശ്വം എന്നാൽ എന്ത് ? കാറില്ലാത്ത രാത്രികാലങ്ങളിൽ മുകളിലേയ്ക്ക്, ആകാശത്തിലേയ്ക്ക് നോക്കുക. അവിടെ ധാരാളം നക്ഷത്രങ്ങൾ കാണാം. അപ്പോൾ നിങ്ങൾ വിശ്വത്തെയാണ് വീക്ഷിക്കുന്നത്. വിശ്വം എവിടംവരെ വ്യാപിച്ചുകിടക്കുന്നുണ്ടെന്ന് ആർക്കും അറിഞ്ഞുകൂടാ. നിങ്ങൾക്ക് കാണുവാൻ കഴിയുന്ന നക്ഷത്രങ്ങൾ കോടാനുകോടി മൈലുകൾക്കപ്പുറത്തു വർത്തിക്കുന്നവയാണ്. അവയ്ക്കപ്പുറത്തും നക്ഷത്രങ്ങളുണ്ട്. അവയെ തക്കതായ വ്യാമദർശിനിയിൽക്കൂടിയല്ലാതെ കാണുവാൻ സാദ്ധ്യമല്ല. അവയ്ക്കുമപ്പുറത്തായി സ്ഥിതിചെയ്യുന്ന നക്ഷത്രങ്ങളെ ഒരു വിധത്തിലും കാണ്മാൻ കഴിഞ്ഞിട്ടില്ല. സൂര്യൻ, ഭ്രമി, ചന്ദ്രൻ, ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ എന്നിവയെ എല്ലാം ഉൾക്കൊള്ളുന്നതാണ് വിശ്വം.

ഓരോ നക്ഷത്രവും ഓരോ സൂര്യനാണ് ; നമ്മുടെ സൂര്യനെപ്പോലെ ചൂടുള്ളതുമാകുന്നു. നക്ഷത്രങ്ങൾ പുള്ളിക്കുത്തുപോലെ ഇത്ര ചെറുതായി തോന്നുന്നത് അവ വളരെയധികം അകന്നു വർത്തിക്കുന്നതുകൊണ്ടാണ്. അവയുടെ യഥാർത്ഥരൂപം വളരെ ഭീമമാകുന്നു.

നമ്മുടെ ഭ്രമി, സൂര്യൻ, കാണുവാൻ കഴിയുന്നതും കഴിയാത്തതുമായ നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ ഇവയെ സംബന്ധിക്കുന്ന ഒരു പ്രധാനകാര്യമിതാണ്. അവയോരോന്നിന്റെയും സഞ്ചാരപഥം നിയതമാകുന്നു ഒരു ശാസ്ത്രജ്ഞന് പെൻസിലും കടലാസുമെടുത്ത്, ഒരു നക്ഷത്രമോ ഗ്രഹമോ ആകാശത്തിൽ ഇന്ന സമയത്ത് ഇന്ന സ്ഥലത്തായിരിക്കുമെന്ന് ലേഖനം ചെയ്യാൻ കഴിയും.

സമയം എന്നാൽ എന്ത് ? നാം ഘടികാരംനോക്കി സമയമറിയുന്നു. പക്ഷെ എന്താണ് ഈ സമയം ? ദൂരത്തെപ്പോലെയാണ് സമയവും. രണ്ടു നഗരങ്ങൾക്കു തമ്മിലുള്ള 'ഇട'യാണ് ദൂരം. രണ്ടു സംഭവങ്ങൾക്കു തമ്മിലുള്ള 'ഇട' സമയവും. ഉദാഹരണമായി സാൻ ഫ്രാൻസിസ്കോ പട്ടണത്തിനും ന്യൂയോർക്ക് പട്ടണത്തിനും തമ്മിലുള്ള 'ഇട' മൂവായിരം മൈൽ ദൂരമാകുന്നു. വൈകുന്നേരത്തെ കാറ്റിക്കും രാത്രിയിലെ അത്താഴത്തിനും തമ്മിലുള്ള 'ഇട' അഞ്ചു മണിക്കൂർ സമയമാകുന്നു. ദൈർഘ്യമാനവും ഘനമാനവും പോലെയുള്ള മറ്റൊരു മാപന പ്രമാണമാണ് സമയം.

ചതുർത്ഥ (തുരീയ) മാനം എന്ന പ്രയോഗം നിങ്ങൾ ഇതിനുമുൻപു കേട്ടിരിക്കാം. അതെന്താണെന്ന് അദ്ഭുതപ്പെട്ടിട്ടുണ്ടാവാം. സാധാരണക്കാരന് മനസ്സിലാകുന്നതിനെക്കാൾ വളരെയധികം കാര്യങ്ങൾ 'ചതുർത്ഥമാനം' എന്ന പ്രയോഗത്തിൽ ഒരു ഗണിതവിദഗ്ധൻ ഉദ്ദേശിക്കുന്നുണ്ട്. സാധാരണക്കാരൻ ചതുർത്ഥമാനമെന്നാൽ സമയമാണെന്നു മനസ്സിലാക്കിയാൽ മതിയാവും. ഒരിക്കൽ ഒരു പത്രപ്രതിനിധി ഐൻസ്റ്റയിനോട് 'ചതുർത്ഥമാനം' എന്ന പ്രയോഗത്തിന്റെ പൊരുൾ ഒറ്റവാക്കിൽ പറയുവാൻ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം ആ അപേക്ഷയെ ഒരു നേരംപോക്കായി കരുതി ചിരിച്ചുതള്ളുകയാണുണ്ടായത്. പത്രപ്രതിനിധി വിട്ടില്ല. അദ്ദേഹത്തെ നിർബ്ബന്ധിച്ചു. അതുമാത്രമല്ല 'ചതുർത്ഥമാന'ത്തെ 'സമയ'മെന്നു വ്യാഖ്യാനിക്കുന്നതു ശരിയല്ലേ എന്നു ചോദിച്ചു. ഡോക്ടർ

ഐൻസ്റ്റയിൻ തലകുലുക്കി; സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം ആ വ്യാഖ്യാനം മതിയെന്ന സമ്മതിക്കുകയുംചെയ്തു.

ഐൻസ്റ്റയിൻ തുരീയമാനത്തെക്കുറിച്ചു സംസാരിച്ചപ്പോഠം അദ്ദേഹം എന്താണു് അതുകൊണ്ടു് ഉദ്ദേശിച്ചതു് ? വിശ്വത്തിലെവിടെയെങ്കിലും വത്തിക്കുന്ന ഒരു ഗ്രഹത്തിന്റെ സ്ഥാനം നിഷ്കൃയിക്കുന്നതിനു് സാധാരണ വ്യവഹരിച്ചുപോരുന്ന നീളം, വീതി, പൊക്കം എന്നീ ത്രിമാനങ്ങളം മതിയാവുന്നതല്ല. ഗ്രഹം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണല്ലൊ. ഉദാഹരണമായി തലയുടെ മുകളിൽക്കൂടി പറന്നുപോകുന്ന ഒരു ആകാശവിമാനത്തിന്റെ സ്ഥാനം നിഷ്കൃയിക്കുവാൻ ശ്രമിക്കാം. ആദ്യം തെക്കുവടക്കു് എന്ന ചൊവ്വിനുള്ള ദൂരം കണ്ടുപിടിക്കുന്നു ; അടുത്തതായി കിഴക്കുപടിഞ്ഞാറു് എന്ന ചൊവ്വിനുള്ളതു്. പിന്നീടു് അതിന്റെ പൊക്കം. ഇതുയും മതിയോ ? പോരാ. നമുക്കു് സമയംകൂടി അറിയേണ്ടതുണ്ടു് ; വളരെ കൃത്യമായിത്തന്നെ സമയം അറിയേണ്ടതുണ്ടു്. കാരണം, വിമാനം സഞ്ചരിച്ചുകൊണ്ടിരിക്കുകയാണു്. അടുത്ത സെക്കൻറിൽ അതിന്റെ സ്ഥാനം മാറും. വിശ്വത്തിലുള്ള എല്ലാ വസ്തുക്കളും സദാ ചലിച്ചുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടാണു് നമുക്കു് സമയത്തെക്കുറിച്ചുകൂടി ചിന്തിക്കേണ്ടിയിരിക്കുന്നതു്.

ഇനി, നമുക്കു് സാപേക്ഷതാവാദത്തിലേയ്ക്കു കടക്കാം. ആ വാക്കിന്റെ അർത്ഥംതന്നെ എന്താണു്? വേറെ എന്തി

നെയെങ്കിലും അപേക്ഷിച്ചുള്ള അവസ്ഥ അഥവാ വേറെ എന്തിനോടെങ്കിലുമുള്ള തരതമഭാവം എന്നാകുന്നു. നാം സമയത്തെയോ ദൂരത്തെയോ പരിച്ഛേദിക്കുമ്പോൾ വേറെ ഏതെങ്കിലുമൊന്നിനെ അവധിയായി കരുതി താരതമ്യപ്പെടുത്തണം എന്നാണ് ഡോക്ടർ ഐൻസ്റ്റയിൻ അഭിപ്രായപ്പെടുന്നത്. വിശദമാക്കാം. ഒരു തീവണ്ടി മണിക്കൂറിൽ അറുപതു മൈൽ സഞ്ചരിക്കുന്നു എന്നു പറയുന്നതു് ശരിയല്ല. ഭ്രമണ്ഡലവുമായി താരതമ്യപ്പെടുത്തുമ്പോൾ തീവണ്ടി മണിക്കൂറിൽ അറുപതു മൈൽ സഞ്ചരിക്കുന്നു എന്നുവേണം പറയുവാൻ.

മണിക്കൂറിൽ അറുപതു മൈൽ വേഗത്തിൽ സഞ്ചരിക്കുന്ന ആ തീവണ്ടിക്കകത്തു് ഇരിക്കുകയാണു് നിങ്ങൾ എന്നു സങ്കല്പിച്ചുകൊള്ളുക. ജനാലയിൽക്കൂടി പുറത്തേയ്ക്കു നോക്കുക. ഭ്രമണ്ഡലം പുറകോട്ടു് ശീഘ്രത്തിൽ പോകുന്നതായി തോന്നുന്നില്ലേ? മറുഭാഗത്തുള്ള ജനാലയിൽക്കൂടി നോക്കുക. നിങ്ങളുടെ തീവണ്ടി മറെറാരു തീവണ്ടിയെ കടന്നു മുന്നോട്ടുകയാണു്; ഇഴയുന്ന രീതിയിലാണു് ആ മുന്നോറ്റം. നിങ്ങളുടെ കാലിനടിയിലേയ്ക്കു്—തീവണ്ടിയുടെ അകത്തുതന്നെ—നോക്കുക. അതു ചലിക്കുന്നേ ഇല്ല.

തീവണ്ടിയുടെ ശരിയായ വേഗം ഏതാണു്? ഡോക്ടർ ഐൻസ്റ്റയിൻ പറയുന്നു, മുന്നു വേഗവും ശരിയാണെന്നു്. ഒരു വാഹനത്തിന്റെ വേഗം മറെറാന്നുമായി താരതമ്യപ്പെടുത്തേണ്ടിയിരിക്കുന്നു എന്നതാണു് അതിനു കാരണം. നിങ്ങൾ ഇരിപ്പുറപ്പിച്ചിട്ടുള്ള തീവ

ണ്ടിക്കു് ഭ്രമണ്ഡലത്തെക്കാൾ മണിക്കൂറിൽ അറുപതു മൈൽ വേഗമുണ്ടു്. അടുത്ത പാളത്തിൽക്കൂടി സഞ്ചരിക്കുന്ന തീവണ്ടിയെ അപേക്ഷിച്ചു് അതിനു് അഞ്ചു മൈലോമറ്റോ വേഗമുള്ളതായി തോന്നുന്നു. നിങ്ങളെ അപേക്ഷിച്ചു് ആ വണ്ടിക്കു് വേഗമേ ഇല്ല.

വിശ്വത്തിലേക്കു കടന്നു് ഓരോന്നായി അളക്കുവാൻ ആരംഭിച്ചാൽ, ആ അളവുകളുടെ പിന്നിലുള്ള ഗണിതശകലങ്ങൾ വളരെ ദുർഘടങ്ങളായിരിക്കുന്നുവെന്നു കാണാം. എങ്കിലും ആശയത്തിൽ മാറ്റമൊന്നുമില്ല. ഭ്രമി സൂര്യനെ ചുറ്റിവരികയാണു്. സൂര്യനെ അപേക്ഷിച്ചു് ഭ്രമിക്കുള്ള വേഗം നമുക്കു പരിച്ഛേദിക്കുവാൻ കഴിയും. പക്ഷെ ആശ്രിതഗ്രഹങ്ങളേയും വലിച്ചുകൊണ്ടു സൂര്യൻ സ്റ്റെയ്സിലൂടെ എത്ര വേഗത്തിലാണു് സഞ്ചരിച്ചുകൊണ്ടിരിക്കുന്നതു്? നമുക്കു് അതു നിർണ്ണയിക്കുവാൻ വയ്യാ. നമുക്കു് വിശ്വത്തിന്റെ ഏതെങ്കിലും ഭാഗത്തിൽ ചെന്നു നിന്നുകൊണ്ടു് നമ്മുടെ സൌരയൂഥം നമ്മെ കടന്നുപോകുന്നതു നിരീക്ഷിക്കുവാൻ സാദ്ധ്യമല്ലല്ലോ.

ദൂരം അപേക്ഷികമാണെന്നു് ഐൻസ്റ്റയിൻ അഭിപ്രായപ്പെട്ടുന്നു. അതായതു് ഒരു തീവണ്ടിയുടേയോ, ഒരു ബോട്ടിന്റേയോ, ആകാശവിമാനത്തിന്റേയോ, സ്റ്റെയിസിൽക്കൂടി സഞ്ചരിക്കുന്ന ഗ്രഹത്തിന്റേയോ ഗതിവേഗം നിർണ്ണയിക്കുവാൻ നിങ്ങളോടാവശ്യപ്പെട്ടാൽ നിങ്ങൾ പറയേണ്ട മറുപടി ഇപ്രകാരമായിരിക്കണം. "അതു്, ഗതിവേഗം നിർണ്ണയിക്കുന്നു ആരാം എവിടെ നിന്നുകൊണ്ടാണു് അതു തിട്ടപ്പെടുത്തുന്നതു് എന്നതിനെ ആശ്രയിച്ചിരിക്കും."

നിങ്ങൾ ഭൂതലത്തിൽ സ്ഥിതിചെയ്യുകയാണെങ്കിൽ നിങ്ങൾക്ക്, തീവണ്ടിയുടെ ഗതിവേഗം ഒരുതോതിലായിരിക്കും. നിങ്ങൾ ചലിച്ചുകൊണ്ടിരിക്കുന്ന ഒരു തീവണ്ടിയിലാണ് ഇരിക്കുന്നതെങ്കിൽ അടുത്തുകൂടി പോകുന്ന തീവണ്ടിയുടെ ഗതിവേഗം വളരെ സാവധാനത്തിലാണെന്നേ നിങ്ങൾക്കു തോന്നൂ; ചിലപ്പോൾ ആ തീവണ്ടിയുടെ ഗതി പൂജ്യമാണെന്നും തോന്നിയേക്കാം. ഒരു മലയുടെ മുകളിൽനിന്നുകൊണ്ട് താഴ്വാരത്തിൽകൂടി പോകുന്ന ഒരു തീവണ്ടിയെ നിരീക്ഷിക്കുന്നതായാൽ അതു് ഇഴഞ്ഞിഴഞ്ഞു സഞ്ചരിക്കുന്നതായി തോന്നും. തീവണ്ടിപ്പാളത്തിനടുത്തു നില്ക്കുമ്പോൾ തീവണ്ടി നിങ്ങളെ കടന്നു പോകുന്നതു് വളരെ വേഗത്തിലായിരിക്കും.

ഡോ ഐൻസ്റ്റയിൻ ഇനിയും പലതും പറഞ്ഞിട്ടുണ്ട്. ദൂരം, സമയം ഇവ രണ്ടും ആപേക്ഷികമാണെന്നും, അവ ചലനത്തെ ആശ്രയിച്ചിരിക്കുമെന്നും പ്രസ്താവിക്കുകയുണ്ടായി. സമയം എങ്ങിനെ ആപേക്ഷികമാകും? ദൂരം ആപേക്ഷികമാകുന്ന രീതിയിൽ തന്നെയാണ് സമയവും ആപേക്ഷികമാവുന്നതു്. ഒരു വലിയ നദിയുടെ കരയിൽനിങ്ങൾ നില്ക്കുകയാണെന്ന് സങ്കല്പിക്കുക. നിങ്ങളുടെ കൈവശം ഒരു ഘടികാരമുണ്ടെന്നും ഇരിക്കട്ടെ. നദിയിൽക്കൂടി ഒരു ബോട്ട് പോവുകയാണ്. ബോട്ടിൽ സ്ഥിതിചെയ്യുന്ന ഒരാൾ (ഒരു ഞെക്കുവിളക്കിൽ നിന്നോ മറ്റോ) ഒരു മിന്നിട്ട് ഇടവിട്ട് രണ്ടു പ്രകാശദ്യുതി പായിക്കുന്നു. ആ രണ്ടു പ്രകാശദ്യുതിക്കും തമ്മിലുള്ള സമയവ്യത്യാസം നിങ്ങൾ പരിശോധിക്കുവാൻ ഉദ്യമിക്കുകയാണ്.

ബോട്ട് നിങ്ങളുടെ അടുത്തുകൂടി പോകുമ്പോൾ ഒരു പ്രകാശദ്യുതി ഉളവാകുന്നു. നിങ്ങൾ അപ്പോൾ സമയം കുറിക്കുന്നു. ഒരു മിന്നിട്ടുകഴിഞ്ഞു് മറൊരു ദ്യുതി പുറപ്പെടുവിക്കുന്നു. നിങ്ങളുടെ ഘടികാരത്തിലെ സമയമനുസരിച്ചു് രണ്ടു ദ്യുതികൾക്കിടയ്ക്കുള്ള സമയം കൃത്യമായി ഒരു മിന്നിട്ടല്ല, അല്പം കൂടുതലാണു്. ബോട്ട് നിങ്ങളെ വിട്ടകന്നുകൊണ്ടിരിക്കുന്നു എന്നതാണു് ഇതിനു കാരണം. ബോട്ട് നിശ്ചലമായികിടന്നിരുന്നുവെങ്കിൽ രണ്ടു ദ്യുതികൾക്കു തമ്മിലുള്ള സമയവ്യത്യാസം ഒരു മിന്നിട്ടുതന്നെയായിരിക്കും, നിങ്ങൾ ബോട്ടിൽ സ്ഥിതിചെയ്തിരുന്നാലും ശരി കരയ്ക്കു സ്ഥിതിചെയ്തിരുന്നാലും ശരി. ബോട്ട് സഞ്ചരിച്ചുകൊണ്ടിരുന്നതു കാരണമാണു് ദ്യുതികൾക്കു തമ്മിലുള്ള സമയത്തിന്റെ അന്തരം ബോട്ടിലുള്ളവർക്കു തോന്നുന്നതിൽ അല്പം കൂടുതൽ ഉണ്ടെന്നു് നിങ്ങൾക്കു തോന്നുന്നതു്. ഇതിൽനിന്നു് സമയം ചലനത്തെ ആശ്രയിച്ചിരിക്കുമെന്നു സിദ്ധിക്കുന്നു.

ഗതിവേഗം ആപേക്ഷികമാണു്. മറ്റു വല്ലതിനെയും ആധാരമാക്കിക്കൊണ്ടുവേണം അതു് നിർണ്ണയിക്കുന്നതിനു് എന്നു് മുൻപു പറഞ്ഞുവല്ലൊ. വിശ്വത്തിലാകെനോക്കുകയാണെങ്കിൽ ആപേക്ഷികമല്ലാത്ത 'ഒരു വേഗം' ഉണ്ടെന്നു് ഡോ. ഐൻസ്റ്റയിൻ അഭിപ്രായപ്പെട്ടു. എപ്പോഴും ഒരേ രീതിയിലും മറ്റൊന്നിനെയും ആശ്രയിക്കാതെയും വർത്തിക്കുന്ന ഒരു വേഗമുണ്ടു്. പ്രകാശത്തിന്റെ വേഗമാണു് അതു്. പ്രകാശത്തിന്റെ വേഗത്തിനു് ഒരിക്കലും വ്യത്യാസം സംഭവിക്കുന്നില്ല. പ്രകാശം എവിടെ

നിന്ന് എങ്ങോട്ടു സഞ്ചരിച്ചാലും ശരി; സൂര്യനിൽനിന്നു നമ്മളിലേയ്ക്കോ, വിശപത്തിലൂടെയോ, വൈദ്യുതവിളക്കിൽ നിന്നു നാം വായിക്കുന്ന പുസ്തകത്തിലേയ്ക്കോ, വിദൂരസ്ഥങ്ങളായ നക്ഷത്രങ്ങളിൽനിന്നു ഭൂമിയിലേയ്ക്കോ ആകട്ടെ അതിന്റെ വേഗം എപ്പോഴും ഒരേ ക്രമംതന്നെയാണ്. പ്രകാശം സെക്കൻറിൽ 186,000 മൈൽവീതം സഞ്ചരിക്കുന്നു. ആകാശവിമാനത്തിനും റോക്കറ്റുകൾക്കും ആ ഗതിവേഗം അപ്രാപ്യമാണ്.

പ്രകാശത്തിന്റെ വേഗം എപ്പോഴും ഒരേ കണക്കിലാണെന്നും, ആയതു നിർണ്ണയിക്കുന്നതിന് മറ്റു വല്ലതിനോടും താരതമ്യപ്പെടുത്തേണ്ടതില്ലെന്നും ഉള്ള പ്രമാണങ്ങളിൽ അധിഷ്ഠിതങ്ങളാണ് ഡോ. ഐൻസ്റ്റയിന്റെ സിദ്ധാന്തങ്ങളും.

അദ്ധ്യായം ഏഴ്

ആഫീസിൽനിന്നു് വിദ്യാലയത്തിലേയ്ക്കു്

ശാസ്ത്രജ്ഞന്മാർ രണ്ടു തരത്തിലുണ്ടു്. പ്രയോഗശാലകളിൽ പരീക്ഷണങ്ങളും നിർവ്വഹിക്കുന്നവരാണു് ഒരു ക്ലാസ്സുകാർ; പേന, കടലാസ്സു് എന്നീ സാമഗ്രികളും മാത്രം ഉപയോഗിച്ചു് ജോലിചെയ്യുന്നവരാണു് മറേറക്ലാസ്സുകാർ. ഡോക്ടർ ഐൻസ്റ്റയിൻ രണ്ടാമത്തെ ക്ലാസ്സിൽ പെടുന്ന ഒരു ശാസ്ത്രജ്ഞനാണു്. അദ്ദേഹത്തെക്കുറിച്ചു പറയുമ്പോൾ അദ്ദേഹം ഒരിക്കലും ഒരു പരീക്ഷണവും നടത്തിയിട്ടില്ലെന്നുള്ളതു് പ്രത്യേകം സ്മരിക്കേണ്ടതായ ഒരു കാര്യമാകുന്നു. മററു ശാസ്ത്രജ്ഞന്മാരുടെ അറിവിൽപ്പെട്ടിരുന്ന വിവരങ്ങളിൽ നിന്നുതന്നെയാണു് അദ്ദേഹത്തിന്റെ പുതിയ ആശയങ്ങളും ഉടലെടുത്തതു്. പിന്നെ എന്തുകൊണ്ടാണു് ഐൻസ്റ്റയിൻ വായിച്ചിരിക്കാവുന്ന ഗ്രന്ഥങ്ങളെല്ലാംതന്നെ കരഗതമായിരുന്ന ഇതര ശാസ്ത്രജ്ഞന്മാർക്കു് ആ പുതിയ ആശയങ്ങളൊന്നും ആവിഷ്കരിക്കുവാൻ വയ്യാതിരുന്നതു്; നേരെ മറിച്ചു് സഹകാര്യാവകാശക്കച്ചേരിയിലെ ജോലിയ്ക്കിടയ്ക്കു ഐൻസ്റ്റയിനു് അവ ആവിഷ്കരിക്കുവാൻ സാധിച്ചതു്. സർഗ്ഗാത്മകമായ ഭാവനാശക്തി ഉണ്ടായിരുന്നതുകൊണ്ടാണു് ആൽബർട്ടു് ഐൻസ്റ്റയിനു് അതു സാദ്ധ്യമായതു്. 'ഭാവനാശക്തി ഉപയോഗിക്കുന്നതിലും അറിവിൽപ്പെട്ട വിവരങ്ങളിൽനിന്നു് നൂതനാശയങ്ങൾ സൃഷ്ടിക്കുന്നതിലും ശങ്കിച്ചു നിൽക്കരുതു്. അതാണു് ഐൻസ്റ്റയിന്റെ വിജയരഹസ്യം.

ശാസ്ത്രീയവും ശാസ്ത്രീയമല്ലാത്തതുമായ വിഷയങ്ങളിൽപ്പെട്ട വളരെയധികം വിവരങ്ങൾ ഐൻസ്റ്റയിൻ നേടി. ആ കാലഘട്ടത്തിൽ അദ്ദേഹം കഠിനതരമായി പ്രയത്നിച്ചുവന്നു. ആ ജോലിയിൽ അദ്ദേഹത്തിന് എന്തെന്നില്ലാത്ത രസം തോന്നി. തൽഫലമായി അദ്ദേഹത്തിന് ആ പ്രവൃത്തിയിൽ ഒട്ടും മുഷിവുണ്ടായില്ലെന്നു മാത്രമല്ല കൂടുതൽ ഉന്മേഷം ഉളവാകുകയും ചെയ്തു.

ഭ്രമിക്ക് ഗോളാകൃതിയാണെങ്കിലുള്ളതെന്നു കണ്ടുപിടിത്തത്തോളം പ്രാധാന്യമർഹിക്കുന്നതാണ് ഐൻസ്റ്റയിന്റെ സ്പെഷൽ സാപേക്ഷതാവാദം. ആ ആവിഷ്കാരത്തിലേയ്ക്കു നയിച്ച ഗണിതക്രിയകളിൽ ഏർപ്പെട്ടപ്പോൾ ഐൻസ്റ്റയിന് ഉന്മേഷം മാത്രമല്ല രോമാഞ്ചവും ഉണ്ടായി. അദ്ദേഹത്തിന്റെ നയനങ്ങളുടെ മുൻപിൽ വികസിക്കുന്ന ഈ പുതിയ ആശയമെന്താണ് ? അദ്ദേഹത്തിന്റെ ഉന്മേഷം വർദ്ധിച്ചു. കൂടുതൽ ക്ലേശിച്ചു പ്രവർത്തിക്കുവാനും അദ്ദേഹം തയ്യാറായി.

സാപേക്ഷതാവാദത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഒന്നാമത്തെ പ്രബന്ധം എഴുതി തീർത്തപ്പോൾ ഐൻസ്റ്റയിൻ ആയതു് ഒരു ശാസ്ത്രപത്രിക(1)യുടെ അധിപരെ ഏല്പിച്ചു. 'എന്തു വേണമെങ്കിൽ ചെയ്തുകൊള്ളുട്ടെ' എന്നു വിചാരത്തോടുകൂടിയാണ് അദ്ദേഹം മടങ്ങിയതു്. പത്രാധിപരുടെ മുറിയിൽനിന്നു പുറത്തേയ്ക്കു കടന്നപ്പോൾ താൻ പെട്ടെന്ന് തളർന്നുപോയതായി ആൽബർട്ടിനു

(1) Annalen Dar Physik

തോന്നി. ആ പ്രബന്ധരചനയ്ക്കു വേണ്ടിവന്ന ഏകതാനമായ പ്രയത്നവും, കുറെ ദിവസങ്ങളായി അനുഭവിച്ചുവന്ന ക്ലേശവും അദ്ദേഹത്തിനു താങ്ങുവാൻ വയ്യാത്തവയായിരുന്നു. വല്ലപാടും വീട്ടിലെത്തി; വിഷമിച്ചു കോണിപ്പടികയറി, തന്റെ മുറിക്കുള്ളിൽ കടന്നു് കിടക്കയിൽ ചെന്നുവീണു.

"ഒരു ഡോക്ടറെ വിളിച്ചുകൊണ്ടുവരട്ടെ" സംഭ്രമത്തോടുകൂടി അദ്ദേഹത്തിന്റെ ഭാര്യ ചോദിച്ചു.

"വേണ്ട, വേണ്ട, എനിക്കെല്ലാം ഭേദമാകും"

"നിങ്ങൾക്കു് സുഖമില്ലല്ലോ ?"

"എനിക്കു് ക്ഷീണം മാത്രമേ ഉള്ളൂ" അദ്ദേഹം ആവത്തിച്ചു പറഞ്ഞു. അദ്ദേഹത്തിന്റെ കണ്ണടഞ്ഞു; കുറെനേരത്തേയ്ക്കു് അദ്ദേഹം മയങ്ങിക്കിടന്നു.

വീണ്ടും കച്ചേരിയിൽ പോകുന്നതിനുവേണ്ട ആരോഗ്യം പ്രാപിക്കുവാൻ ഐൻസ്റ്റയിനു് രണ്ടാഴ്ച വേണ്ടിവന്നു. അദ്ദേഹം സാപേക്ഷതാവാദത്തെ സംബന്ധിച്ചുള്ള പ്രവർത്തനം പിന്നെയും തുടരുകതന്നെ ചെയ്തു. ഏതാണ്ടു് പത്തു കൊല്ലത്തേയ്ക്കു് അതു നീണ്ടുനിന്നു. ആ കാലഘട്ടത്തിൽ അദ്ദേഹം അതിനെ വികസിപ്പിച്ചു കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം കണ്ടുപിടിച്ച ഗണിതസൂത്രങ്ങളിൽ ചിലതു് പരമാണുബോമ്പിന്റെ തത്വത്തിലേയ്ക്കു നയിച്ചു എന്നതു് രസാവഹമായ ഒരു വസ്തുതയാണു്.

1905-ാമാണ്ടു് Annalen Der Physik എന്ന പത്രികയിൽ അദ്ദേഹത്തിന്റെ സ്പെഷൽ സാപേക്ഷതാ

വാദം പ്രസിദ്ധീകൃതമായി. പ്രമാണികളായ ശാസ്ത്രജ്ഞന്മാർ, പ്രത്യേകിച്ച് സൂറിക്കിലുള്ളവർ, അദ്ദേഹം അസാധാരണമായ എന്തൊ ഒരു കാര്യം ചെയ്തിരിക്കുന്നുവെന്ന് വളരെ വേഗത്തിൽ ഗ്രഹിച്ചു. സാമാന്യജനങ്ങൾക്ക് ആൽബർട്ട് ഐൻസ്റ്റയിൻ പരിചിതനാകുന്നതിന് കാലം കുറെ വേണ്ടിവന്നു. ശാസ്ത്രജ്ഞന്മാർ പ്രസിദ്ധന്മാരാകുന്നുണ്ടെങ്കിൽത്തന്നെ അതു് അത്ര പെട്ടന്നായിരിക്കുകയില്ല. പക്ഷെ ശാസ്ത്രമണ്ഡലത്തിൽ ആൽബർട്ട്ഐൻസ്റ്റയിന്റെ പേരു് വളരെ വേഗത്തിൽ പരന്നു.

അദ്ദേഹത്തിന്റെ ഒന്നാമത്തെ പ്രബന്ധം വായിച്ച ചില ശാസ്ത്രജ്ഞന്മാർ "ആരാണു് ഈ ഐൻസ്റ്റയിൻ?" എന്നന്വേഷിച്ചു. മറ്റുചിലർ, കോപാക്രാന്തരായി 'ആരാണു് ഈ ഭ്രാന്തൻ?' എന്നു് അട്ടഹസിച്ചു; ക്രമേണ ഐൻസ്റ്റയിന്റെ അഭിപ്രായങ്ങളം തെറ്റാണെന്നു തെളിയിക്കുന്ന ഒരു ലേഖനം രചിക്കുവാൻ അവർ ഉദ്യമിക്കുകയും ചെയ്തു.

'അദ്ദേഹം എവിടെ താമസിക്കുന്നു? അദ്ദേഹം ഏതെങ്കിലും സർവ്വകലാശാലയിൽ പഠിപ്പിക്കുന്നുണ്ടോ?' പൊതുവായ അന്വേഷണം ഇത്തരത്തിലുള്ളതായിരുന്നു.

അദ്ദേഹത്തിന്റെ താമസസ്ഥലത്തെക്കുറിച്ചു മാത്രമല്ല സ്വകാര്യാവകാശക്കച്ചേരിയിൽ ഒരു ഗുമസ്തനാണു് അദ്ദേഹം എന്ന വിവരവും വെളിവായി. ഈ വിവരം ഗ്രഹിച്ചപ്പോൾ സ്വിറ്റ്സർലണ്ടിലെ ശാസ്ത്രീയവൃത്തങ്ങളിൽ, പ്രത്യേകിച്ചു് സർവ്വകലാശാലകളിലെ ശാസ്ത്രജ്ഞന്മാ

രുടെയിടയിൽ ഒരു പരിഭ്രമം ജനിച്ചു. അദ്ദേഹം സ്വകാര്യാവകാശക്കച്ചേരിയിൽ ജോലി സ്വീകരിച്ചതെന്തുകൊണ്ടെന്ന് അവർ ഓമ്മിച്ചിരിക്കാം. അദ്ദേഹം തങ്ങളെ കവച്ചുവയ്ക്കുമോ എന്ന് അവർ ഒരുകാലത്ത് പേടിച്ചിരുന്നതും ഓമ്മിച്ചിരിക്കാം. എങ്ങിനെയായാലും ആൽബർട്ട് ഐൻസ്റ്റയിൻ അവരുടെ ആദരവ് ആജ്ഞിച്ചുതുടങ്ങി. തീച്ചയായും അത് അദ്ദേഹം അർഹിക്കുന്നതുതന്നെയായിരുന്നു.

സ്വിറ്റ്സർലണ്ടിലെ സ്വിസ്കലാശാലകളിൽ ഒന്നിൽ അദ്ദേഹം ഒരു പ്രൊഫസ്സറായിരിക്കേണ്ടതാണ് എന്നതു് തക്മേറ ഒരു കാര്യമായി. അല്പകാലത്തിനുള്ളിൽ, സൂറിക്ക് സ്വിസ്കലാശാലയിൽനിന്ന്, ഒരു അദ്ധ്യാപകനാകുവാനുള്ള ക്ഷണം ഐൻസ്റ്റയിന് ലഭിച്ചു.

"വയ്യാ. നന്ദിയുണ്ട്. എനിക്ക് എന്റെ 'ചെരുപ്പുകുത്തുപണി' ഉപേക്ഷിക്കുവാൻ വയ്യാ" ഇതാണ് സൂറിക്ക് സ്വിസ്കലാശാലയിലെ അധികൃതക്കു് അദ്ദേഹത്തിൽനിന്നു ലഭിച്ച വിസ്മയജനകമായ മറുപടി.

'അദ്ദേഹത്തിന്റെ 'ചെരുപ്പുകുത്തുപണി' ഒരു അനുഗ്രഹമായിരുന്നു. അതു് ലാഭവുമേറിയതു മാത്രമല്ല ശാസ്ത്രപഠനത്തിനുവേണ്ട സമയവും സൌകര്യവും നൽകുന്നതുമായിരുന്നു' എന്നിങ്ങനെയാണ് അദ്ദേഹം അവരോട് വിശദീകരിച്ചതു്. സ്വിസ്കലാശാലയിലെ ഒരു അദ്ധ്യാപകനായിരുന്നുവെങ്കിൽ അദ്ദേഹത്തിനു്, പഠിപ്പിക്കേണ്ട ഭാഗങ്ങൾ കാലേക്കൂട്ടി നോക്കിവയ്ക്കുന്നതിനും മറ്റും സമയം

ചെലവാക്കേണ്ടിവരുമായിരുന്നു; സാപേക്ഷതാവാദത്തിനു വേണ്ടി പ്രവർത്തിക്കുവാൻ സമയം വളരെ അപൂർവ്വമായേ ലഭിച്ചിരുന്നിരിക്കുകയുള്ളൂ. സ്വകാര്യാവകാശക്കച്ചേരിയിൽ തുടരുന്നതുതന്നെയായിരുന്നു അദ്ദേഹത്തിന് ഇഷ്ടം.

"നിങ്ങൾ സ്വകാര്യാവകാശക്കച്ചേരിയിൽ കഴിഞ്ഞാൽ പോരാ. ശാസ്ത്രവൃത്തങ്ങളിൽ നിങ്ങൾ അർഹിക്കുന്ന സ്ഥാനം സ്വീകരിച്ചേ തീരൂ."

പ്രശസ്തിയെ ആൽബർട്ട് ഐൻസ്റ്റയിൻ അത്ര കാര്യമാക്കിയിരുന്നില്ല; പ്രസിദ്ധനാകുവാൻ തീരെ ഇഷ്ടവുമില്ലായിരുന്നു. തനിക്ക് ഇഷ്ടമുള്ള ജോലിയിൽ ഏർപ്പെട്ടുകൊണ്ട് സമാധാനമായി ജീവിക്കണമെന്നായിരുന്നു അദ്ദേഹം കാംക്ഷിച്ചിരുന്നത്.

സൂറിക്ക് സർവ്വകലാശാലയിലെ ഒരു പ്രൊഫസ്സറുടെ ഉപദേശത്തിന്റെയും, പ്രേരണയുടേയും ഫലമായി, ഐൻസ്റ്റയിൻ ബേൺസർവ്വകലാശാലയിൽ ഒരു 'പാർട്ട്-ടൈം ലെക്ചറർ' ഉദ്യോഗം സ്വീകരിച്ചു. സൂറിക്കിൽ പ്രൊഫസറാകുവാൻ വേണ്ട യോഗ്യത നേടുന്നതിനായിരുന്നു അദ്ദേഹം ആ ഉദ്യോഗം സ്വീകരിച്ചതു്. സ്വിറ്റ്സർലണ്ടു്, ജർമ്മനി മുതലായ യൂറോപ്യൻരാജ്യങ്ങളിൽ നിലവിലിരുന്ന സമ്പ്രദായമനുസരിച്ചു ഐൻസ്റ്റയിന് ആദ്യമേ പ്രൊഫസ്സറാകുവാൻ സാധ്യമായിരുന്നില്ല; ഒരു 'പാർട്ട്-ടൈം ലെക്ചറ'റായി ജോലി ആരംഭിക്കേണ്ടിയിരുന്നു. അദ്ദേഹം പഠിപ്പിക്കുന്ന വിദ്യാർത്ഥികൾ കൊടുക്കുന്ന ഫീസു മാത്രമായിരുന്നു ആ ജോലിക്കുള്ള ശമ്പളം. അധ്യാ

പകന്മാരായി പരിശീലിപ്പിക്കുവാൻ അക്കാലത്തു് അങ്ങ്ഗീകരിച്ചുവന്ന ഒരു രീതിയായിരുന്ന അതു്. ഒരു കാളേജിൽ നിന്നു് ഒരു വിദ്യാർത്ഥി ഒരു ബിരുദം സമ്പാദിച്ചുകഴിഞ്ഞാൽ 'പാർട്ട്-ടൈം ലെക്ചറ'റായി ജോലി നോക്കുവാൻ ഒരു സൌകര്യമനേപഷിക്കും. അധ്യാപനവൃത്തിയിൽ അയാൾം വിജയിക്കുകയാണെങ്കിൽ, ഒരുപക്ഷെ അയാൾംക്കു് സ്ഥിരമായ ശമ്പളത്തോടുകൂടിയ ഒരു പ്രൊഫസ്സറുദ്യോഗം ലഭിക്കുന്നതാണു്.

ഐൻസ്റ്റയിനെ സംബന്ധിച്ചിടത്തോളം ലെക്ചററായി കഴിയുന്നതായിരുന്ന അദ്ദേഹത്തിനു് ഇഷ്ടം. എന്തെന്നാൽ അദ്ദേഹത്തിന്റെ വിലയേറിയ സമയത്തിന്റെ കുറച്ചുഭാഗം മാത്രമേ അതു് അപഹരിച്ചിരുന്നുള്ളു.

പോളിടെക്നിക്കിൽനിന്നു് ബിരുദം നേടിക്കഴിഞ്ഞപ്പോൾ, ഐൻസ്റ്റയിൻ ഒരധ്യാപകനാകുവാൻ ആഗ്രഹിച്ചു. വിൻറർത്തറിലുള്ള പള്ളിക്കൂടത്തിലെ അനുഭവം വച്ചുനോക്കുമ്പോൾ അദ്ദേഹം ഒരു നല്ല അധ്യാപകനുമായിരുന്നു. അതിനുശേഷം വളരെയേറെ സംഭവങ്ങൾ നടന്നുകഴിഞ്ഞു ഇപ്പോൾ പഠിപ്പിക്കുന്നതിനെക്കാൾ അദ്ദേഹം ശാസ്ത്രത്തിൽ ഗവേഷണം നിർവ്വഹിക്കുന്നതിനാണു് കാംക്ഷിച്ചതു്. തന്നിമിത്തം അദ്ദേഹത്തിനു് അധ്യാപനവൃത്തിയിൽ വിജയം കൈവന്നില്ല. മനസ്സുവയ്ക്കാത്തതുകൊണ്ടുണ്ടായ തകരാറായിരുന്ന അതു്. ബുദ്ധിയും മനസ്സും രോമാഞ്ചമുളവാക്കുന്ന പുതിയ ആശയങ്ങളിൽ നിമഗ്നങ്ങളായിരുന്നു. അദ്ദേഹത്തിന്റെ പ്രസങ്ഗങ്ങൾം കേൾംക്കു

വാൻ വന്നിരുന്ന വിദ്യാർത്ഥികൾക്ക് എത്തും പിടിയും കൊടുക്കാത്തവയായിരുന്ന ആ ആശയങ്ങൾ.

പ്രാസംഗികൻ എന്ന നിലയ്ക്ക് അദ്ദേഹത്തിനുണ്ടായിക്കൊണ്ടിരുന്ന പുരോഗതിയെ, സൂറിക്ക് സർവ്വകലാശാലാധികൃതർ താത്പര്യപൂർവ്വം ശ്രദ്ധിച്ചു. അദ്ദേഹത്തിന് ഒരു പ്രൊഫസ്സറുദ്യോഗം നൽകുവാൻ അവർ ആലോചിക്കുകയായിരുന്നു. ഒരു ദിവസം സൂറിക്കിലെ ഒരു പ്രൊഫസ്സർ, ഐൻസ്റ്റയിന്റെ പ്രസങ്ഗം കേൾക്കുന്നതിനുവേണ്ടി ബേണിലേയ്ക്കു വന്നു. ശ്രോതാക്കളായി ഐൻസ്റ്റയിന്റെ രണ്ടുമൂന്നു സുഹൃത്തുക്കൾമാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും, കാളേജ് വിദ്യാർത്ഥികളെ ആകർഷിക്കുവാൻ വയ്യാത്തവണ്ണം ഗംഭീരമായിരുന്നു പ്രസങ്ഗവിഷയമെന്നും അദ്ദേഹത്തിനു ബോദ്ധ്യമായി. പ്രാസംഗികൻ പ്രഭാഷണം തുടർന്നുകൊണ്ടിരുന്നു. സന്ദർശകനായി വന്ന പ്രൊഫസ്സർക്ക് മുഷിവും ഇച്ഛാഭംഗവും തോന്നി. ഐൻസ്റ്റയിൻ പ്രസങ്ഗം കഴിഞ്ഞു, പ്രസങ്ഗവേദിയിൽ നിന്നു താഴോട്ടിറങ്ങിവന്നപ്പോൾ പ്രൊഫസ്സർ അദ്ദേഹത്തെ സമീപിച്ചു.

"ഐൻസ്റ്റയിൻ! അല്പം നില്ക്കുക."

അദ്ദേഹം നിന്നു.

"ഐൻസ്റ്റയിൻ! നിങ്ങളുടെ പ്രസങ്ഗത്തെക്കുറിച്ചു പറയാനാണു്. അവ വളരെയൊന്നും രസമുള്ളതായിരിക്കുന്നില്ല എന്നാണു് എന്റെ അഭിപ്രായം. ഒരുപക്ഷേ....."

"സൂറിക്കിൽ ഒരു പ്രൊഫസ്സറായി നിയമിക്കപ്പെടണമെന്ന് ഞാൻ ആവശ്യപ്പെട്ടന്നില്ലല്ലൊ." സൌമ്യതയില്ലാതെയുള്ള ഈ മറുപടി ആ സന്ദർശകനെ മൂകനാക്കിത്തീർത്തു.

ഏതാണ്ടു് ഈയവസരത്തിൽ, ഉൗർജ്ജതന്ത്രവകുപ്പിലുണ്ടായ ഒരു ഒഴിവിലേയ്ക്കുള്ള നിയമനത്തെപ്പറ്റി സൂറിക്കിലെ വിദ്യാഭ്യാസസമിതിയിലെ അങ്ങ്ഗങ്ങൾ തീവ്രമായി വാഗ്വാദം നടത്തുകയായിരുന്നു. അങ്ങ്ഗങ്ങളിലധികംപേരും ഫ്രഡറിക്അഡ്ലറെ നിയമിക്കണമെന്ന് അഭിപ്രായപ്പെട്ടു. മറ്റുള്ളവർ ആൽബർട്ട്ഐൻസ്റ്റയിന്റെ ഭാഗത്തായിരുന്നു. ആ ജോലി അഡ്ലർക്കുതന്നെ കിട്ടുമെന്നായി. പക്ഷെ ഈ വാഗ്വാദത്തെക്കുറിച്ചു ഗ്രഹിച്ചമാത്രയിൽത്തന്നെ അഡ്ലർ ആ സമിതിയെ ഇപ്രകാരം അറിയിച്ചു: "നിങ്ങളുടെ സർവ്വകലാശാലയ്ക്ക് ഐൻസ്റ്റയിനെപ്പോലെ ഒരാളെ കിട്ടുമെങ്കിൽ പിന്നെ എന്നെ നിയമിക്കുന്നതു് അബദ്ധമായിരിക്കും. ഒരു ഉൗർജ്ജതന്ത്രഗവേഷകൻ എന്ന നിലയ്ക്ക് ഐൻസ്റ്റയിനുമായി എന്നെ താരതമ്യപ്പെടുത്തുന്നതു് തീരെ നിരക്കാത്ത ഒരു കാര്യമാണെന്നും ഞാൻ തുറന്നു പറഞ്ഞുകൊള്ളട്ടെ."

ഈ സന്ദേശത്തിന്റെ ഫലമായി 1909-ൽ ഐൻസ്റ്റയിൻ സൂറിക്ക് സർവകലാശാലയിൽ പ്രൊഫസ്സറായി നിയമിക്കപ്പെട്ടു. തന്റെ ക്ലർക്കുകാരനും സഹപാഠിയുമായിരുന്ന ഒരാൾ തനിക്കുവേണ്ടി വഴിമാറിത്തന്നതാണെന്ന് അദ്ദേഹം ശ്രവിച്ചപ്പോൾ, ആ വിവരം അദ്ദേഹത്തെ അതിശയിപ്പിച്ചു. ഇതുപോലുള്ള സാഹചര്യങ്ങളുണ്ടായിരിക്കുന്നതു് ആശ്ചര്യജനകംതന്നെ.

വീണ്ടും സൂറിക്കിലേയ്ക്കു താമസം മാറുവാൻ ഇട വന്നതിൽ ഐൻസ്റ്റയിനും ഭാര്യയും സന്തോഷിച്ചു. സ്വന്തം വീട്ടിലേയ്ക്ക് മടങ്ങുന്നതുപോലെ അവർക്കുതോന്നി. കൈയിൽ കാശില്ലാതെയും വിശന്നു വലഞ്ഞും ജോലി അന്വേഷിച്ച് ആ പട്ടണത്തിലെ തെരുവീഥികളിൽക്കൂടി അലഞ്ഞു നടന്ന കാലത്തെക്കുറിച്ച് ഐൻസ്റ്റയിൻ ഓ മ്മിച്ചുവെങ്കിലും അക്കാര്യത്തെപ്പറ്റി പ്രസ്താവിക്കുകയുണ്ടായില്ല. ഭ്രതകാലവൈഷമ്യങ്ങളെ അയവിറക്കിക്കൊണ്ടിരിക്കുന്ന സ്വഭാവം ഐൻസ്റ്റയിനു് ഉണ്ടായിരുന്നില്ല. ഒരു വീടും രണ്ടു കുട്ടികളും മാത്രമല്ല ഉന്മേഷമരുളുന്ന ജോലിയും സങ്ഗീതവും ഇപ്പോഠം അദ്ദേഹത്തിനു് ഉണ്ടായിരുന്നു. വിദ്യാർത്ഥിജീവിതത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹിതന്മാർ അവരുടെ പഴയ പരിചയം പുതുക്കുകയും സായാഹ്നങ്ങളിൽ സന്ദർശനാർത്ഥം വരികയുംചെയ്യുപതിവായിരുന്നു. ചിലപ്പോഠം ഐൻസ്റ്റയിൻ വയലിൻ വായനയിൽ ഏർപ്പെട്ടും. ബാക്, ബീതോവൻ എന്നിവരുടെ ഗാനങ്ങളിൽ ലയിച്ച് അദ്ദേഹം മതിമറന്ന നിലപ്രാപിക്കും.

ആ കാലഘട്ടത്തിൽ ഒരു പുതിയ വൈഷമ്യമുദിച്ചു. ഒരു കാളേജ് പ്രൊഫസർ എന്ന നിലയ്ക്ക് സാമൂഹ്യികമായി അദ്ദേഹത്തിനു് ഒരു പദവി കൈവന്നുകഴിഞ്ഞു. ആൽബർട്ട് ഐൻസ്റ്റയിൻ പദവികളെ രീരെ ഇഷ്ടപ്പെട്ടിരുന്നില്ല എന്നും പ്രസ്താവിച്ചുകൊള്ളട്ടെ. ഒരു സാമൂഹ്യികപദവി ഉണ്ടായിരിക്കുക എന്നാൽ കൂടുതൽ ചെലവു ചെയ്തുകൊണ്ടു ജീവിക്കുക എന്നാണു് അർത്ഥം. സ്വകാ

ര്യാവകാശക്കച്ചേരിയിലെ ഉമസ്ഥപ്പണിയിൽനിന്ന ലഭിച്ചിരുന്ന ശമ്പളത്തിൽ ഒട്ടും കൂടുതലായിരുന്നില്ല പ്രൊഫസറെന്ന നിലയ്ക്ക് അദ്ദേഹത്തിനുണ്ടായിരുന്ന ശമ്പളം.

ജോലി ചെയ്യാൻ ഏകാന്തതയാണ് അദ്ദേഹം ആഗ്രഹിച്ചിരുന്നത്. ശാന്തസ്വഭാവിയും ഒതുങ്ങിക്കഴിയുന്ന പ്രകൃതക്കാരനുമായിരുന്ന അദ്ദേഹം. എന്നിട്ടും അദ്ദേഹത്തിന്റെ യശസ്സ് സർവ്വകലാശാലകളിൽനിന്ന സർവ്വകലാശാലകളിലേയ്ക്ക വ്യാപിച്ചു. കാലവിളംബമെന്നുമാത്രം ഹോളണ്ടിലുള്ള ലെയ്ഡൻ സർവ്വകലാശാലയിൽനിന്ന് അദ്ദേഹത്തിന് ഒരു ക്ഷണം ലഭിക്കുകയുണ്ടായി. യൂറോപ്പിലെ ഏറ്റവും പുരാതനവും പ്രധാനപ്പെട്ടതുമായ സർവ്വകലാശാലകളിലൊന്നായിരുന്ന ലെയ്ഡൻ സർവ്വകലാശാല. അദ്ദേഹം ഹോളണ്ടിൽവന്ന പ്രസംഗിക്കുകയാണെങ്കിൽ ആ സർവ്വകലാശാല മാനിക്കപ്പെട്ടതാവുമെന്നായിരുന്ന ആ കലാശാലാധികൃതർ പ്രസ്താവിച്ചത്.

ഐൻസ്റ്റയിൻ ഹോളണ്ടിലെത്തി. ആ യാത്ര കൊണ്ട് വിശിഷ്ടമായ ഒരു ഫലമുണ്ടായി. അദ്ദേഹത്തിന് ഒരു പുതിയ സുഹൃത്തിനെ ലഭിച്ചു. 1908-ൽ ഒരു ശാസ്ത്രസമ്മേളനത്തിൽവച്ച് അദ്ദേഹത്തിന് ഹെൻറിക് എ. ലോറൻറ്സ്(1)എന്ന സുപ്രസിദ്ധ ശാസ്ത്രജ്ഞനെ കാണുവാൻ കഴിഞ്ഞു. സാമാന്യത്തിലധികം പ്രായമുണ്ടായിരുന്ന ലോറൻറ്സ് അന്നത്തെ ഒന്നാംകിട ശാസ്ത്രജ്ഞന്മാരിൽ ഒരാളായിരുന്നു. ഐൻസ്റ്റയിനെപ്പോലെതന്നെ

(1) Henrik A. Lorentz

ഗണിതപരമായ ഉൗർജ്ജതന്ത്രത്തിൽ പ്രവർത്തിച്ചിരുന്ന ആളാണ് ലോറൻറ്സും. ഭ്രഗുരുതപത്തെക്കുറിച്ചും മറ്റും ലോറൻറ്സ് പ്രസിദ്ധപ്പെടുത്തിയിരുന്ന ചില പ്രബന്ധങ്ങളെ ഐൻസ്റ്റയിൻറെ സാപേക്ഷതാവാദം സംബന്ധിച്ചുള്ള പ്രവർത്തനങ്ങളുടെ മുന്നോടികളായി കരുതാം.

ആ രണ്ടു മഹാന്മാരും ലെയ്ഡൻ സർവകലാശാലയിൽവച്ചു തമ്മിൽ കണ്ടുമുട്ടി; അന്യോന്യം ആശയങ്ങൾ കൈമാറി. വയോവൃദ്ധനായിരുന്ന ലോറൻറ്സ് മുപ്പതുകാരനായ ഐൻസ്റ്റയിൻറെ ഒരു ബഹുമാന്യ സുഹൃത്തായിത്തീർന്നു.

ലോറൻറ്സ്, ഐൻസ്റ്റയിൻറെ സിദ്ധാന്തങ്ങളുടെ മാഹാത്മ്യം ഗ്രഹിച്ചതുകൂടാതെ ഐൻസ്റ്റയിനിൽനിന്ന് ശാസ്ത്രലോകത്തിന് ഇനിയുമെത്രയോ സംഭാവനകൾ ലഭിക്കുന്നതാണെന്നും മനസ്സിലാക്കി തൽഫലമായി തന്നാൽ കഴിയുന്നിടത്തോളം സഹായവും പ്രോത്സാഹനവും അദ്ദേഹം ഐൻസ്റ്റയിന് നല്കി. അവരുടെ ക്രൂടിക്കാഴ്ച കഴിഞ്ഞു് ഏതാനും സംവത്സരങ്ങൾക്കുശേഷം, സാപേക്ഷതാവാദത്തെക്കുറിച്ചുള്ള ഐൻസ്റ്റയിൻറെ ആശയങ്ങളെ പരിപൂർണ്ണമായി ആദരിച്ചുങ്ഗീകരിച്ചുകൊണ്ട് ലോറൻറ്സ് ഒരു ലേഖനം രചിച്ചു പ്രസിദ്ധപ്പെടുത്തി. സാപേക്ഷതാവാദം സാമാന്യക്കാർക്ക് പിടികിട്ടാത്ത ഒരു വിഷയമായിരുന്നതുകൊണ്ട്, അദ്ദേഹത്തിലെ ആലിസിൻറെ ചാപല്യങ്ങളോട് സാദൃശ്യം വഹിക്കുന്ന ഒരാശയത്തിന് ഡോ. ലോറൻറ്സ് അങ്ഗീകാരം നൽകിയിരി

ക്കുന്നുവെന്ന് ഐക്യനാട്ടുകളിലെ ഒരു പത്രികയിൽ ചേത്തിരുന്ന ഒരു ലേഖനത്തിൽ പ്രസ്താവിച്ചിരുന്നു.

യൂറോപ്പിന്റെ പല ഭാഗങ്ങളിൽനിന്നും ഐൻസ്റ്റയിന് ബഹുമതികരം ലഭിച്ചു. സർവ്വകലാശാലകരം ഓരോന്നായി അദ്ദേഹത്തെ പ്രസങ്ഗിക്കുവാൻ ക്ഷണിച്ചു. അവിടങ്ങളിൽ ചെന്നെത്തുന്നതിന് ചിലപ്പോരം ദീർഘയാത്രകരം വേണ്ടിവന്നിട്ടുണ്ട്. പല സർവ്വകലാശാലകളും അദ്ദേഹത്തിന് സ്ഥിരമായ ഉദ്യോഗം നൽകുവാൻ തയ്യാറായിരുന്നു; ലെയ്ഡണും അക്കൂട്ടത്തിൽപ്പെട്ടിരുന്നു. അപ്പോഴെല്ലാം ഐൻസ്റ്റയിൻ ശങ്കിച്ചു നില്ക്കുകയാണു് ചെയ്തതു്. പ്രേഗ് സർവ്വകലാശാലയിൽനിന്ന് ഒരു ക്ഷണം ലഭിക്കുന്നതുവരെ ആ നില നീണ്ടുനിന്നു.

പ്രേഗ് സർവ്വകലാശാലയിലെ ഡയറക്ടർമാർ ഐൻസ്റ്റയിനെ ക്ഷണിക്കുവാൻ കുറെക്കാലമായി ആലോചിച്ചുവരികയായിരുന്നു. സചിവത്തോവുമായി ചേർന്നു റേഡിയം കണ്ടുപിടിച്ച മാഡാം ക്യൂറി എന്ന പോളണ്ടുകാരിയായ ശാസ്ത്രജ്ഞയുംമറും ഐൻസ്റ്റയിന് ഒരു ഉദ്യോഗം കൊടുക്കുവാൻ അധികൃതരെ നിർബ്ബന്ധിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഒരു തീരുമാനത്തിലെത്തിയപ്പോരം, നല്ല ശമ്പളത്തോടുകൂടിയ ഒരു പ്രൊഫസ്സറുദ്യോഗമാണു് അവർ ഐൻസ്റ്റയിന് നൽകിയതു്. ആ നിയമനത്തിൽ സാങ്കേതികമായ ഒരൊറ്റ തടസ്സമേ ഉണ്ടായിരുന്നുള്ളൂ. അതു് ഐൻസ്റ്റയിന്റെ യൂദപാരമ്പര്യത്തെ — മതപരമായ കാര്യങ്ങളിലെ അദ്ദേഹത്തിന്റെ താത്പര്യമില്ലായ്മയെ— സംബന്ധിക്കുന്നതായിരുന്നു.

ഐൻസ്റ്റയിന്റെ സ്നേഹിതന്മാർ നൽകിയ ഉപദേശമിങ്ങനെയായിരുന്നു. "അപേക്ഷ പൂരിപ്പിക്കുമ്പോൾ, മതം ഏതെന്ന് എഴുതേണ്ട സ്ഥാനത്ത് 'ഒന്നുമില്ല' എന്നെഴുതരുത്. ഏതെങ്കിലുമൊരു മതത്തിന്റെ പേരു് എഴുതുക."

പ്രേഗ് സർവ്വകലാശാലയിലെ അദ്ധ്യാപകന്മാർ ഓരോരുത്തരും ഏതെങ്കിലുമൊരു ദേവാലയത്തിലെ അങ്ഗമായിരിക്കണമെന്നായിരുന്ന ഫ്രാൻസ് ജോസഫ് ചക്രവത്തിയുടെ അഭിപ്രായം. അക്കാലത്ത് ചക്രവത്തിയുടെ അഭിപ്രായം നിയമത്തിനു തുല്യമായിരുന്നു. ഐൻസ്റ്റയിൻ അപേക്ഷാഫാറം പൂരിപ്പിച്ചപ്പോൾ മതം എന്തെന്ന് എഴുതേണ്ട ഭാഗത്ത് 'മോശെയീകം' (Mosaic) എന്നെഴുതിയിട്ട് അടുത്ത കോളത്തിലേയ്ക്കു കടന്നു. യൂദമതത്തെ മോശെയീകം എന്നാണ് പ്രേഗിലും മറ്റും അക്കാലത്ത് വിളിച്ചുവന്നത്. അതുകൊണ്ട് വൈഷമ്യമുണ്ടായില്ല എന്നുവേണം കരുതുവാൻ. ഐൻസ്റ്റയിനു് ആ ഉദ്യോഗം ലഭിച്ചു.

ഐൻസ്റ്റയിൻ പ്രേഗിലേയ്ക്കു പോവുകയാണെന്നു കരിച്ചപ്പോൾ ഡോ. ലോറൻറ്സിനു് നൈരാശ്യം തോന്നി. ഹോളണ്ടിലുള്ള ലെയ്ഡൻ സർവ്വകലാശാലയിൽ വന്നു് തന്നോടൊത്തു ജോലി ചെയ്യാൻ അദ്ദേഹം ഐൻസ്റ്റയിനോടു് ആവശ്യപ്പെട്ടിരുന്നു. തന്റെ സുഹൃത്തായ ലോറൻറ്സിനോടുകൂടി കഴിയുവാൻ ഐൻസ്റ്റയിനും വളരെ ആശിച്ചു. പക്ഷെ ഭാര്യയേയും രണ്ടു കുട്ടി

കളെയും പുലർത്തേണ്ടിയിരുന്നതുകൊണ്ടു് ക്രൂട്ടൽ ശമ്പള മുള്ള പ്രേഗിലെ ഉദ്യോഗം സ്വീകരിക്കാതെ തരമില്ലെന്നു വന്നുകൂടി. അതുവരെ വിഷമിച്ചു കഴിഞ്ഞ ആ കുടുംബത്തിനുവേണ്ട സുഖസൗകര്യാദികളും നൽകുവാൻ പോരുന്നതായിരുന്നു പ്രേഗിലെ ഉദ്യോഗം.

അങ്ങനെ സൂറിക്കിൽ ഒന്നരക്കൊല്ലത്തോളംകാലം അദ്ധ്യാപകനായിരുന്നശേഷം ഐൻസ്റ്റയിൻ കുടുംബത്തോടുകൂടി പ്രേഗിലേയ്ക്കു താമസം മാറ്റി.

പ്രേഗ് തലസ്ഥാനമായുള്ള ചെക്കോസ്ലൊവേക്കിയാ എന്ന രാജ്യം അക്കാലത്തു് — ഒന്നാംലോകമഹായുദ്ധത്തിനു മുൻപു് — ഉണ്ടായിരുന്നില്ല. വിസ്തൃതവും പ്രബലവുമായിരുന്ന 'ആസ്ട്രിയാ-ഹങ്കറി' എന്ന രാജ്യത്തിലായിരുന്നു പ്രേഗ് പട്ടണം സ്ഥിതിചെയ്തിരുന്നതു്. ആ രാജ്യത്തിന്റെ വടക്കുഭാഗത്തായി, ജർമ്മനിയുടെ അതിർത്തിയിൽ നിന്നു വളരെ ദൂരെയല്ലാതെയായിരുന്നു ആ നഗരത്തിന്റെ കിടപ്പു്.

യൂറോപ്പിലെ ഏറ്റവും മനോഹരങ്ങളായ നഗരങ്ങളിലൊന്നാണു് പ്രേഗ്. ആകാശത്തെ ചുംബിക്കുകയാണോ എന്നു തോന്നിക്കുന്ന ഗോപുരാഗ്രങ്ങളോടുകൂടിയ ഗോതിക്ക് കെട്ടിടങ്ങളും! നഗരമദ്ധ്യത്തിലൂടെ ശാന്തമായി പ്രവഹിക്കുന്ന ഫ്ളതവാ (Vltava) എന്ന വലിയ നദി! വെൻസസ്ലാസ് രാജാവിനെക്കുറിച്ചുള്ള ഒരു ഗാനം(1) നിങ്ങളിൽ ചിലർ ഒരുപക്ഷേ കേട്ടിട്ടുണ്ടാവും. പ്രേഗ് പട്ടണ

(1) " Good king Wenceslaus looked out, on the feast ofStephen

When the snow lay round about, deep andcrisp and even "

ത്തിന്റെ കേന്ദ്രഭാഗത്തു് വെൻസസ്ലാസ് മഹാരാജാവിന്റെ പ്രതിമ നില്ക്കുന്നതു കാണാം. 925-ാമാണ്ടോടടുപ്പിച്ചുള്ള കാലഘട്ടത്തിൽ ചെക്ക (Czech) കാരുടെ നേതാവായിരുന്ന അദ്ദേഹം. യൂറോപ്പിലെ പല പട്ടണങ്ങളിലുമുള്ളതുപോലെ പ്രേഗിലും ഒരു പഴയ വിഭാഗവും ഒരു പുതിയ വിഭാഗവുമുണ്ടെന്നു കാണാം. പഴയവിഭാഗം യഥാർത്ഥത്തിൽ വളരെ പുരാതനമാണു്. അവിടത്തെ തെരുവുകൾ ഇടുങ്ങിയതും, സന്ദർശകക്കു് വഴിതെറ്റുവാനിടവരുത്തത്തക്കവണ്ണം വളഞ്ഞുപുളഞ്ഞു കിടക്കുന്നതുമാകുന്നു.

ഐൻസ്റ്റയിൻ പ്രേഗിലെ തെരുവുകളിൽക്കൂടി നടക്കുമ്പോൾ കലാപത്തിനുള്ള ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ചെക്കുകാരും ജർമ്മൻകാരും തമ്മിലുള്ള വിദ്വേഷം അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു. സാപേക്ഷതാവാദത്തിൽപ്പെട്ട ഒരു നൂതനാശയത്തെപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നതിനിടയ്ക്കു് അദ്ദേഹത്തിനു രാഷ്ട്രീയഭാരംതോന്നുകതന്നെ ചെയ്തു. അദ്ദേഹത്തിനു് ധാരാളം വരുമാനമുണ്ടായിരുന്നതുകൊണ്ടു് ആ കുടുംബം വളരെ സുഖമായി ജീവിച്ചുവരികയായിരുന്നു. അത്രയധികം വരുമാനം ആദ്യമായി അദ്ദേഹത്തിനു ലഭിച്ചുതുടങ്ങിയതു് അപ്പോഴാണു്. യൂറോപ്പിലാകമാനം യുദ്ധത്തിന്റെ കാർമേഘങ്ങൾ വന്നുകൂടുകയായി. ആൽബർട്ട് ഐൻസ്റ്റയിനു് രാഷ്ട്രീയകാര്യങ്ങളിൽ താത്പര്യമുണ്ടായിരുന്നില്ലെങ്കിലും, രാഷ്ട്രീയകാര്യങ്ങൾ അദ്ദേഹത്തിനു് വൈഷമ്യങ്ങൾ സൃഷ്ടിക്കുവാനുള്ള കാലം അടുത്തുവരികയായിരുന്നു.

അദ്ധ്യായം എട്ട്

ചരിത്രം മുന്നോട്ടു നീങ്ങുന്നു.

1911-ൽ, ഐൻസ്റ്റയിൻ പ്രേഗിൽ ചെന്ന് പഠിപ്പിക്കുവാനും ഗവേഷണപ്രവർത്തനത്തിലേർപ്പെടുവാനും തുടങ്ങിയ സന്ദർഭത്തിൽ, നിലവിലിരുന്ന സ്ഥിതിഗതികളെക്കുറിച്ചു ചിന്തിക്കാം.

1890-ൽ ഓട്ടക്കുടി സമ്രാധിപതിയായിരുന്ന ബിസ്മർക്കിന്റെ പ്രതാപം അവസാനിച്ചു. പിന്നീട് ഭരണഭാരമേറ്റെടുത്ത കൈസർ വില്യം രണ്ടാമനും ഏതാണ്ട് അതേതരത്തിലുള്ള ഒരാളായിരുന്നു. ജർമ്മൻരാജ്യം പ്രബലമാവുകയും അതിന്റെ അതിർത്തികൾ വികസിച്ചുവരികയും ചെയ്തു. സൈനികപരിശീലനം മുറയ്ക്കു നടക്കുന്നുണ്ടായിരുന്നു. ആസ്ട്രിയാ-ഹങ്കറിയിലായിരുന്ന ഐൻസ്റ്റയിൻ താമസിച്ചിരുന്നതു്. ജർമ്മനിയുടെ ദക്ഷിണഭാഗത്തു കിടന്ന ആസ്ട്രിയാ-ഹങ്കറി ജർമ്മനിയുമായി ഒരു സൈനികഉടമ്പടിയിൽ ഏർപ്പെട്ടുമിരുന്നു.

ഐൻസ്റ്റയിൻ തന്റെ ആഫീസിൽ അപായരഹിതമായും സൈരമായും ജോലിയിൽ മുഴുകിക്കഴിയുകയായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ഹൃദയവേദന നാൾക്കുനാൾ വർദ്ധിച്ചുവന്നു. യുദ്ധവും രക്തച്ചൊരിച്ചിലും നടന്നുകൊണ്ടിരിക്കുകയാണെന്നും ലോകരാഷ്ട്രമാനം കഷ്ടപ്പെടുകയാണെന്നും അദ്ദേഹം മനസ്സിലാക്കി.

യൂറോപ്പുഖണ്ഡത്തിന്റെ തെക്കുകിഴക്കൻ ഭാഗത്തു്, ഗ്രീസിനു വടക്കായി സ്ഥിതിചെയ്യുന്ന ബാൽക്കൻ രാജ്യങ്ങളിൽ 1911-ാമാണ്ടു് യുദ്ധം നടന്നുകൊണ്ടിരുന്നു. ബൽഗേറിയ എന്ന കൊച്ചുബാൽക്കൻരാജ്യം ടർക്കിയുടെ മേധാവിത്വത്തിനെതിരായി സ്വാതന്ത്ര്യം പ്രഖ്യാപിച്ചപ്പോൾ ആരംഭിച്ചതായിരുന്നു ആ യുദ്ധം. ആ കാലഘട്ടത്തിനു മുൻപു്, യൂറോപ്പിലുള്ള കുറെയേറെ പ്രദേശങ്ങൾ ടർക്കി കൈവശപ്പെടുത്തിക്കഴിഞ്ഞിരുന്നു. ടർക്കിയും ബാൽക്കൻരാജ്യങ്ങളും തമ്മിലുണ്ടായ യുദ്ധം ഒരു കുടുംബകലഹമായി മാത്രം വളരെക്കാലത്തേയ്ക്കു നീണ്ടുനിന്നില്ല. എന്തെന്നാൽ ഒരുഭാഗത്തു് ആസ്ട്രിയാ-ഹങ്കറിയും മറുഭാഗത്തു് റഷ്യയും തലയിടുകതന്നെ ചെയ്തു. അവസാനത്തിൽ ടർക്കി തോറ്റു; യൂറോപ്പിൽനിന്നു് ഓടിക്കപ്പെട്ടു.

ബാൽക്കൻയുദ്ധം തുടർന്നുകൊണ്ടിരിക്കുന്നതു കണ്ടു ലോകരാകമാനം ഭീതിപൂണ്ടു. സമാധാനം കൈവരുത്തുവാൻ ശ്രമിച്ചവർ പരാജയപ്പെട്ടു. ഈ ചെറുപടനീക്കങ്ങൾ പടർന്നുപിടിച്ചു് ഒരു ആഗോളയുദ്ധമായിത്തീർന്നേയ്ക്കുകയില്ലേ എന്നു് ചിന്താശീലരായ വ്യക്തികൾ ശങ്കിച്ചു. മൂന്നു കൊല്ലങ്ങൾക്കുശേഷം അപ്രകാരം സംഭവിക്കുകതന്നെ ചെയ്തു.”

ഐൻസ്റ്റയിൻ പ്രേഗിൽ വന്നുചേർന്നപ്പോൾ, സ്നേഹിതന്മാർ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി അവിടത്തെ ഒരു നാട്ടുനടപ്പു് ഇങ്ങനെ വിശദമാക്കി. “സർവ്വകലാശാലയിലെ അധ്യക്ഷസ്ഥാനവിഭാഗത്തിലേയ്ക്കു വന്നാ

പുതിയ അങ്ഗമെന്ന നിലയ്ക്ക്, നിങ്ങൾ അദ്ധ്യക്ഷ സഭാവിഭാഗത്തിലെ ഇതര അംഗങ്ങളെ ഓരോരുത്തരെയായി ചെന്നു കാണേണ്ടതുണ്ട്. ഇവിടത്തെ സാമൂഹായികമായ ഒരു ആചാരമാണിത്.

ഐൻസ്റ്റയിൻ സമ്മതിച്ചു. അദ്ദേഹത്തിന്റെ സഹപ്രവർത്തകരുമായി പരിചയപ്പെടുവാനുള്ള ഒരു മാർഗ്ഗമാണല്ലോ അത്. 'അങ്ങും കാണുകയുംചെയ്യാം തൊഴിയും ഒടിക്കാം' എന്ന തരത്തിലുള്ള ഒരു ആലോചനയും അദ്ദേഹത്തിനു തോന്നി. പ്രേഗ് പട്ടണത്തിന്റെ ഓരോ ഭാഗത്തു താമസിക്കുന്നവരെ ഓരോ സമയത്തായി സന്ദർശിക്കുകയാണെങ്കിൽ ആ നഗരവും കാണാൻ കഴിയുമല്ലോ. തന്നിമിത്തം കാണ്മാൻ താത്പര്യം തോന്നിക്കുന്ന ഭാഗങ്ങളിൽ താമസിച്ചിരുന്നവരാണ് ഐൻസ്റ്റയിന്റെ സന്ദർശനംകൊണ്ട് ആദ്യമാദ്യം ബഹുമാനിതരായത്. ഓരോ അദ്ധ്യക്ഷസഭാംഗത്തെയും കുടുംബത്തെയും സന്ദർശിക്കുക എന്നത് കുറെയധികം സമയം നഷ്ടപ്പെടുത്തുന്ന ഒരു കാര്യമായിരുന്നു. സന്ദർശിക്കേണ്ട അംഗങ്ങളുടെ എണ്ണമോ നീണ്ട ഒരു പട്ടികയുടെ പോരുന്നതും. ഗണിതപ്രവർത്തനങ്ങൾക്കുമാത്രം വിനിയോഗിക്കാവുന്ന വിലയേറിയ സമയം കഴമ്പില്ലാത്ത സംഭാഷണങ്ങളിൽക്കൂടി അല്പാല്പമായി നഷ്ടപ്പെട്ടുകൊണ്ടിരുന്നു.

നേരെ വാ നേരെ പോ എന്ന പ്രകൃതക്കാരനായ ഐൻസ്റ്റയിൻ അങ്ഗങ്ങളുടെ പട്ടികയുടെ അവസാനമെത്തുന്നതിനു മുൻപുതന്നെ തന്റെ സന്ദർശനം മതിയാക്കി. അദ്ദേഹം ചെന്നു കാണാത്തവർക്ക് അതിൽ

ഈർഷ്യ തോന്നി. ഐൻസ്റ്റയിൻ സാമുദായികാചാരങ്ങളെതിരെ ശ്രദ്ധിച്ചിരുന്നില്ലെന്നും, എല്ലാവരേയും ചെന്നു കാണാൻ തരപ്പെട്ടുകൂടില്ലെന്നതുകൊണ്ടു് സന്ദർശനം മതിയാക്കിയതാണെന്നും ജോലിത്തിരക്കാണു് അതിനു കാരണമെന്നും അവരെ അറിയിച്ചപ്പോൾ അവരുടെ നീരസമവസാനിച്ചു. ഐൻസ്റ്റയിൻ മനഃപൂർവ്വം തങ്ങളെ നിസ്സാരമാക്കിയതല്ലെന്നും അവർക്കു ബോദ്ധ്യമായി.

സൂറിക്കിലായിരുന്നപ്പോൾ ഐൻസ്റ്റയിന്റെ സഹപ്രവർത്തകർക്കു് പൊട്ടെന്നു് അദ്ദേഹത്തോടു പ്രിയംതോന്നി. അദ്ദേഹം പ്രദർശിപ്പിച്ച സ്വാഭാവികതയും, അഭിഗമ്യതയും, സൗഹൃദവുമായിരുന്നു അതിനു കാരണം. അദ്ദേഹത്തിനു് എന്തെങ്കിലുമൊന്നു് തമാശയായി തോന്നിയാൽ പൊട്ടെന്നു് കൂടെക്കൂടെ ചിരിച്ചുതുടങ്ങും. അദ്ദേഹത്തിന്റെ ആ ചിരി പലരും ഇഷ്ടപ്പെട്ടു. സർവ്വോപരി അദ്ദേഹത്തിന്റെ നിസ്സഹായത അവരെ കൂടുതൽ അടുപ്പിച്ചു.

ആ കാലഘട്ടത്തിലെ സംഭവവികാസങ്ങളും ഐൻസ്റ്റയിൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. മുറുപാടുമുള്ള പട്ടാളക്കാരുടെ മുന്നേറ്റം; ഫ്രെഞ്ചുകാരും ജർമ്മൻകാരും തമ്മിലുള്ള വിരോധം; ജർമ്മൻ രാജ്യത്തിനകത്തു് ഒരു സംഘമാളുകൾ ഒരു 'പ്രമാണിവർഗ്ഗം' (master race) എന്ന ആശയം സ്വയം പ്രചരിപ്പിച്ചുവരുന്നതായുള്ള കിംവദന്തി മുതലായവയെ. തന്റെ ക്ലർക്കായിരുന്ന അഡ്‌ലറുടെ ഉപദേശങ്ങളെ ഐൻസ്റ്റയിൻ ഓർമ്മിച്ചു. ഐൻസ്റ്റയിൻ പറഞ്ഞു "യുദ്ധത്തിലേർപ്പെട്ടിരുന്നതു തെറ്റാണു്. പട്ടാളക്കാർ കടന്നുവരുമ്പോൾ ആർക്കും സന്തോഷിച്ചിരിപ്പാൻ സാധ്യമല്ല."

ശാന്തസ്വഭാവിയായ ആ ശാസ്ത്രജ്ഞനും സമാധാന പ്രിയന്മാരായ ചില ക്രൈസ്തവരും ചേർന്ന് യുദ്ധത്തിനെതിരായി പ്രചരണമാരംഭിച്ചു. അവർ കത്തുകളെഴുതി; പ്രസംഗങ്ങളും നടത്തി. പക്ഷെ ഏതാനും വ്യക്തികൾക്ക് എത്ര കത്തുകൾ എഴുതുവാൻ കഴിയും ? യുദ്ധത്തിലേർപ്പെടുവാൻ കഴിഞ്ഞവർക്കുണ്ടോ സമാധാനപ്രിയന്മാരുടെ പ്രസംഗങ്ങൾ കേട്ടുനിൽക്കുവാൻ സമയം ?

പറയുന്നതു കേൾക്കുവാൻ സന്മനസ്സുകാണിച്ചുവെന്നു മാത്രം, യുദ്ധത്തിലേർപ്പെടുന്നതു തെറ്റാണെന്നും, അതു കൊണ്ടു് ഒരു ഗുണവും ലഭിക്കുന്നതല്ലെന്നും, യുദ്ധംചെയ്യാൻ ഒരുമ്പെടുന്ന രാജ്യം സ്വയം നശിക്കുമെന്നും മറ്റും ഐൻസ്റ്റയിൻ പ്രസ്താവിച്ചു. പക്ഷെ അദ്ദേഹത്തിന്റെ സ്നേഹിതന്മാരും, സഹ്വകലാശാലയുമായുണ്ടായിരുന്ന ഏതാനും അദ്ധ്യാപകരും മാത്രമേ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേട്ടിരുന്നുള്ളൂ. 1911-ൽ ഐൻസ്റ്റയിൻ ശാസ്ത്രജ്ഞനെന്നുള്ള നിലയിൽ സുപരിചിതനായിക്കഴിഞ്ഞിരുന്നു; പക്ഷെ സാമാന്യജനങ്ങളുടെയിടയിൽ അദ്ദേഹത്തിന്റെ പ്രസിദ്ധി വ്യാപിച്ചുകഴിഞ്ഞിരുന്നില്ല. ഒന്നാംലോകമഹായുദ്ധത്തിന്റെ അവസാനംവരെ അദ്ദേഹത്തിന്റെ പേരു് സാമാന്യജനങ്ങളുടെ അറിവിൽപ്പെട്ടിരുന്നില്ല അന്നു് സമാധാനപ്രിയൻ എന്ന നിലയിലുള്ള അദ്ദേഹം പ്രാപ്തിപ്പെടുവിച്ച പ്രസ്താവനകൾ, ലോകത്താകമാനം മുഖരിതമായിരുന്ന കലാപകോലാഹലത്തിൽ ലയിച്ചുപോയി.

യുദ്ധത്തെ തടയുന്നതിനുവേണ്ടിയുള്ള ഉദ്യമത്തിനു കുറെയേറെ സമയം വ്യയം ചെയ്തുകൊണ്ടിരുന്ന ആ കാല

ഘട്ടത്തിലും ഐൻസ്റ്റയിന്റെ ശാസ്ത്രപരമായ പ്രവർത്തനം മുറയ്ക്ക് നടക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഹൃദയം മാനവസൌഖ്യത്തിനുവേണ്ടിയും, മനസ്സ് ശാസ്ത്രത്തിലും പ്രവർത്തിച്ചു. സാപേക്ഷതാവാദത്തിന്റെ ഗണിതാംശങ്ങളിലാണ് അന്ന് അദ്ദേഹം അധ്വാനിച്ചുകൊണ്ടിരുന്നത്. ഒരൊറ്റ ആശയത്തെക്കുറിച്ചുള്ള ചിന്ത ആഴ്ചകളോളം മാത്രമല്ല മാസങ്ങളോളം തന്നെ നീണ്ടുനില്ക്കും. എവിടെയോ ഒരു തെറ്റു പറ്റീട്ടുണ്ട് എന്നായിരിക്കും ഒടുവിൽ കണ്ടെത്തുന്നത്. തൽഫലമായി വീണ്ടും ഹരിശ്രീ എന്നാരംഭിക്കണമെന്നും വളരെയധികം സൂക്ഷിച്ചും ക്ലേശിച്ചും മുന്നേറണമെന്നുമുള്ള നില വന്നുകൂടും. ഭ്രുരുത്വശക്തിയെപ്പറ്റിയുള്ള ഒരു പ്രധാന സിദ്ധാന്തം അദ്ദേഹം പൂർത്തിയാക്കിയതു പ്രേഗിൽവച്ചാകുന്നു. 1919 മാർച്ചു് 29-ാം തിയതി സംഭവിച്ച സൂര്യഗ്രഹണവേളയിൽ നിരീക്ഷിക്കപ്പെട്ട ഒരു പ്രതിഭാസത്തെക്കുറിച്ചു് കാലേകൂട്ടി പ്രവചിക്കുവാൻ ഐൻസ്റ്റയിനു വഴി തെളിച്ചതു് ആ സിദ്ധാന്തമാണു്. എട്ടുകൊല്ലത്തിനുശേഷം നടന്ന ആ ഗ്രഹണം ശാസ്ത്രലോകത്തിലെ ഒരു സുപ്രധാനസംഭവമാകുന്നു.

യൂറോപ്പിലുള്ള യൂദന്മാരുടെ വൈഷമ്യങ്ങളെപ്പറ്റി ഐൻസ്റ്റയിനു് അടുത്തറിയാൻ ഇടയായതും പ്രേഗിൽവച്ചാണു്. അദ്ദേഹത്തിന്റെ അസിസ്റ്റന്റു് ഒരു യൂദയുവാവായിരുന്നു. ഐൻസ്റ്റയിന്റെ നാടായ ബവേറിയായുടെ കിഴക്കുഭാഗത്തായി ജർമ്മനിക്കകത്തു സ്ഥിതിചെയ്യുന്ന ബൊഹീമിയാ എന്ന പ്രദേശത്തിൽനിന്നു വന്നവനായിരുന്നു ആ യുവാവു്. മധ്യയൂറോപ്പിൽ യൂദന്മാർ അനുഭവിച്ചുവന്ന

എതിർപ്പുകളെയും വൈഷമ്യങ്ങളെയും കുറിച്ച് അവർ ദീർഘദീർഘമായി സംഭാഷണങ്ങൾ നടത്തിവന്നു. രണ്ടാമതായി അദ്ദേഹം സിയോണിസ്റ്റുപ്രവർത്തനത്തെപ്പറ്റി അടുത്തറിഞ്ഞതും അവിടെവച്ചാണ്. ഐൻസ്റ്റയിനെ തങ്ങളുടെ പക്ഷത്തിലേയ്ക്കുകൊണ്ടുവരുവാൻ സിയോണിസ്റ്റുകൾ ആവുന്നതും നോക്കി; പക്ഷെ അന്ന് ഐൻസ്റ്റയിനു് അവരുടെ വാദഗതികളിൽ അത്രയ്ക്കു വിശ്വാസം തോന്നിയില്ല. യൂദന്മാർ ഒരു പ്രത്യേകവർഗ്ഗത്തിൽപ്പെട്ട വരാണെന്നു വിശ്വസിക്കുവാൻ അദ്ദേഹത്തിനെറ മനസ്സ് അനുവദിച്ചില്ല. സിയോണിസത്തിനു് ഇന്നുള്ളതുപോലെ രാഷ്ട്രീയമായ ഒരു ചായ്വു് അന്നുണ്ടായിരുന്നില്ല. അന്നത്തെ സിയോണിസ്റ്റുകൾ യൂദസംസ്കാരം സ്ഥാപിക്കുവാനാണ് അല്ലാതെ യൂദന്മാക്കു് ഒരു പ്രത്യേകരാഷ്ട്രം സ്ഥാപിക്കുവാനല്ല ശ്രമിച്ചുകൊണ്ടിരുന്നതു്.

ബേണിൽവച്ചു് ഐൻസ്റ്റയിൻ പഠിപ്പിക്കുവാൻ ഉദ്യമിച്ചപ്പോൾ അദ്ദേഹത്തിനു് വളരെയൊന്നും വിജയിക്കുവാൻ കഴിഞ്ഞില്ല. സാപേക്ഷതാവാദത്തെക്കുറിച്ചുള്ള പുതിയ ആശയങ്ങളാൽ നിബിഡമായിരുന്ന ആ യുവമസ്തിഷ്കം. തൽഫലമായി അദ്ദേഹത്തിനു് പഠിപ്പിക്കുന്നതിൽ വേണ്ടപോലെ മനസ്സുവയ്ക്കുവാൻ സാധിച്ചില്ല; ക്രമാതെ പഠിപ്പിച്ചുള്ള പരിചയവും കഷ്ടിയായിരുന്നു. എന്നാൽ, പിന്നീടു് പ്രേഗ് സർവ്വകലാശാലയിൽ ജോലി സ്വീകരിച്ച കാലത്തു് അദ്ദേഹം ആ പണിയിൽ പരിചയം മാത്രമല്ല, പാടവവും സമ്പാദിച്ചു കഴിഞ്ഞിരുന്നു. അതുകൊണ്ടു് അദ്ദേഹം ഒരു ഒന്നാംകിട അദ്ധ്യാപകനായി

ശോഭിച്ചു. പഠിക്കുവാൻ മുതിരുന്നവരെ സഹായിക്കുന്നതിൽ അദ്ദേഹത്തിന് രസംതോന്നി. പറയാനുള്ള കാര്യങ്ങളും യുക്തിയുക്തവും സരളവുമായ രീതിയിൽ അദ്ദേഹം പ്രതിപാദിച്ചുവന്നു. എല്ലാറ്റിനുമുപരി അദ്ദേഹം ഒരു രസികനുമായിരുന്നു. ഒരു ഫലിതമോ ചിരിയോ അനുവദിക്കുവാൻ പാടില്ലാത്തവണ്ണം അത്രയ്ക്കു ഗൌരവമുള്ളതല്ല ഒരു വിഷയവും. ജോലി സംബന്ധിച്ചിടത്തോളം തന്റെ വിദ്യാർത്ഥികളോട് യാതൊന്നും മറച്ചുവയ്ക്കാതെ പെരുമാറുന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി. അപ്പോഴപ്പോൾ താൻ നിർവ്വഹിച്ചു കൊണ്ടിരുന്ന ഗവേഷണപ്രവർത്തനങ്ങളെ വിദ്യാർത്ഥികളുടെ മുൻപിലോ ക്ലാസ്സിൽ തന്നെയോ അവതരിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹം പതിവുജോലികളെ മാറ്റിവയ്ക്കുമായിരുന്നു. അങ്ങനെ ആ യുവവിദ്യാർത്ഥികളെ അദ്ദേഹത്തിന്റെ പങ്കാളികളും സഹപ്രവർത്തകരുമാക്കിത്തീർക്കും.

പ്രേഗിൽവച്ച് ആദ്യം പഠിപ്പിക്കുവാൻ ആരംഭിച്ചപ്പോൾ അദ്ദേഹം വിദ്യാർത്ഥികളോട് പറഞ്ഞതു് ഇപ്രകാരമായിരുന്നു. "നിങ്ങൾക്ക് എന്തെങ്കിലും പ്രയാസം നേരിടുമ്പോൾ എന്റെ അടുത്തു വരിക. നിങ്ങൾക്ക് എന്നെ ഒരിക്കലും ശല്യപ്പെടുത്താവുന്നതല്ല. എന്തെന്നാൽ എന്റെ ജോലി എനിയ്ക്ക് എപ്പോൾ വേണമെങ്കിലും നിറുത്തിവയ്ക്കാം. മുടക്കം തീർന്നാൽ ഉടൻതന്നെ വീണ്ടും തുടരുകയും ചെയ്യാം."

സാപേക്ഷതാവാദത്തിനുവേണ്ടി പ്രവർത്തിച്ചിരുന്ന കാലഘട്ടത്തിൽ ഐൻസ്റ്റയിൽ വളരെക്കുറച്ചേ വിശ്രമി

ച്ചിരുന്നുള്ളൂ. അദ്ദേഹത്തിന്റെ ജീവിതത്തിൽ മികച്ചതും ഏറ്റവും സർഗ്ഗപരവുമായ കാലവും അതായിരുന്നു. അദ്ദേഹം പ്രേഗിലായിരുന്നപ്പോൾ അധ്യാപനവും, ജിജ്ഞാസുക്കളായ വിദ്യാർത്ഥികളുമായുള്ള ചർച്ചകളും, സ്വന്തം ഗവേഷണ പ്രവർത്തനവും കഴിഞ്ഞു ബാക്കിവന്ന സമയം വളരെക്കുറച്ചുമാത്രമായിരുന്നു.

വല്ലപ്പോഴും അയൽപട്ടണത്തിൽക്കൂടി അദ്ദേഹം വളരെ ദൂരം ഉലാവാൻ പോകും. ഒരു വഴിക്കു നടന്നാൽ യൂദന്മാർ അധിവസിക്കുന്ന പ്രദേശത്തും പ്രേഗിന്റെ പ്രശസ്തിക്കു കാരണമായ പഴയ യൂദശ്മശാനത്തിലും ചെന്നെത്തും. ഹീബ്രുരേഖകളോടുകൂടിയ ആയിരക്കണക്കായുള്ള സ്മാരകക്കല്ലുകളും കൂട്ടമായി നില്ക്കുന്നതു കാണുമ്പോൾ — അവയിൽ ചിലതിന് 350 കൊല്ലത്തെ പഴക്കം കാണും — അദ്ദേഹം താൻ ഒരു യൂദനാണെന്ന് ഓർമ്മിക്കും. ബിസ്മർക്കിന്റെ പ്രതാപകാലത്തുണ്ടായിരുന്നതുപോലെ, യൂദന്മാരോടുള്ള വിദ്വേഷം യൂറോപ്പിൽ വീണ്ടും വർദ്ധിച്ചുവരികയാണെന്നും അദ്ദേഹം ഓർമ്മിക്കും.

മറ്റൊരു വഴി നടന്നാൽ അദ്ദേഹം കാണുന്നതു് ചെക്കുകാരോടു് അസ്ടിയാക്കാർക്കുള്ള അവജ്ഞയായിരിക്കും. ചെക്കുകാർ എതിർത്തുനിന്നു് അവരുടെ സ്വാതന്ത്ര്യം നേടുവാൻ ആലോചിക്കുന്നതിനിടയ്ക്കു് അവരുടെ നയനങ്ങളിൽ ജ്വലിക്കുന്ന കോപവും വെറുപ്പും അദ്ദേഹംകാണും. പഴയ പട്ടണം എന്നറിയപ്പെടുന്ന (പ്രേഗിന്റെ)ഭാഗത്തേയ്ക്കു നടക്കുമ്പോൾ, ചെക്കുകാർ അവരുടെ പ്രസന്നമായ ദേശീയവേഷം ധരിച്ചുകൊണ്ടു് നൃത്തം വയ്ക്കുന്നതു

കാണുകയും, അവരുടെ പഴയ നാടൻപാട്ടുകഥ ആലപിക്കുന്നതു കേൾക്കുകയും ചെയ്യുമായിരുന്നു.

വ്യത്യസ്തരത്തോട്ടം സമാധാനകാംക്ഷയോടുംകൂടി അദ്ദേഹം വീട്ടിൽ മടങ്ങി എത്തും. പിന്നീടു് വയലിൻ കൈയിലെടുക്കുകയായി. അദ്ദേഹത്തിനു സമാധാനം കണ്ടെത്തുവാൻ കഴിഞ്ഞിരുന്നതു് സംഗീതത്തിൽക്കൂടിമാത്രമായിരുന്നു.

ശാന്തതയും സമാധാനവും കണ്ടെത്തുവാൻ ഐൻസ്റ്റയിന് അധികമധികം പ്രയാസമായിത്തീർന്നു. അദ്ദേഹം പ്രസിദ്ധം ചെയ്യുവന്ന പ്രബന്ധങ്ങളുടെ സംഖ്യയോടൊത്തു് ഔദ്യോഗികവൃത്തങ്ങളിൽ അദ്ദേഹത്തിന്റെ പ്രസിദ്ധിയും വർദ്ധമാനമായിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾ സമഞ്ജസങ്ങളാണെന്നു് കൂടുതൽ ശാസ്ത്രജ്ഞന്മാർക്കു് ബോദ്ധ്യംവന്നു. ബിസ്മർക്കും കൈസർക്കുംകൂടി സേനകളെക്കൊണ്ടു് ചരിത്രഗതി മാറുവാൻ ചെയ്തതിലധികം പ്രവൃത്തി ശാന്തനായ ആ കൊച്ചുമനുഷ്യൻ തന്റെ പേനയും കടലാസുംകൊണ്ടു നിർവഹിക്കുകയായിരുന്നു.

അദ്ദേഹത്തിന്റെ യശസ്സും സ്വാധീനശക്തിയും പരന്നതോടുകൂടി, മറു സർവകലാശാലകളും അദ്ദേഹത്തെ അദ്ധ്യാപകനായി വച്ചുകൊണ്ടിരിക്കുവാൻ താത്പര്യപ്പെട്ടു. മുൻപു പഠിച്ചിരുന്ന സ്വിസ് ഫെഡറൽ പോളിടെക്നിക്കിൽ നിന്നൊരു ക്ഷണം ഒടുവിൽ അദ്ദേഹത്തിനു ലഭിച്ചു. പോളിടെക്നിക്കിൽ സിദ്ധാന്തപരമായ ഉയർന്ന തന്ത്രത്തിൽ ഒരു പ്രൊഫസറുദ്യോഗമാണു് അദ്ദേഹത്തിനു

നല്കിയതു്. അതു് ഐൻസ്റ്റയിൻ സ്വീകരിക്കുവാൻ തീരുമാനിച്ചു. അദ്ദേഹവും ഭാര്യയും സൂറിക്കു് പട്ടണത്തിൽ മടങ്ങി ചെല്ലുന്നതിൽ സന്തോഷിച്ചു. സൂറിക്കു് സ്വന്തം നാടുപോലെയാണു് അവർക്കു തോന്നിയതു്. അവിടെ വച്ചാണല്ലൊ അവർ തമ്മിൽ കണ്ടുമുട്ടിയതു്. അവിടെ അവർക്കു് വളരെ സ്നേഹിതരുമുണ്ടായിരുന്നു.

പലപ്പോഴും ആളുകൾ ചിന്തിക്കാതെ സംസ്കരിക്കാറുണ്ടല്ലൊ. ഐൻസ്റ്റയിൻകുടുംബം പ്രേഗു് വിട്ടുപോകുന്നതു് അവർക്കു് അവിടത്തെ ജീവിതം അനിഷ്ടമായിരുന്നതുകൊണ്ടാണു് എന്നു കിംവദന്തി പരന്നു. സർക്കാരുദ്യോഗസ്ഥന്മാരുടെ യൂദവിദ്വേഷം നിമിത്തം പ്രൊ. ഐൻസ്റ്റയിൻ ഉദ്യോഗം രാജിവച്ചു എന്നതായിരുന്നു മറെറാരു ശ്രുതി. യൂദപാരമ്പര്യമുണ്ടെന്നു കാരണത്താൽ ഒരു വിശിഷ്ട വ്യക്തിയെ പ്രേഗു് പട്ടണം നഷ്ടപ്പെടണോ? ഈ കിംവദന്തികൾ ഏറെറവുമധികം അദ്ഭുതമുളവാക്കിയതു് ഐൻസ്റ്റയിനായിരുന്നു. "ഇതു മൂഢവൻ അസംബന്ധമാണു്" അദ്ദേഹം പ്രസ്താവിച്ചു. ക്രൂടാതെ ആസ്ട്രിയായിലെ അധികാരികൾക്കു് 'ഒരു കൊല്ലത്തേയ്ക്കു നീണ്ടുനിന്നുള്ളുവെങ്കിലും തന്റെ പ്രേഗിലെ താമസം സന്തോഷകരമായിരുന്നു' എന്നു് അദ്ദേഹം ഒരു കത്തെഴുതുകയും ചെയ്തു. അദ്ദേഹം സൂറിക്കു് പട്ടണത്തെ ക്രൂടുതൽ ഇഷ്ടപ്പെട്ടുന്നുണ്ടെന്നും അതിൽ വ്യക്തമാക്കി.

അവരുടെ സാമാനങ്ങളെല്ലാം ഒരുക്കിവച്ചു് യാത്രയാകുവാൻ തയ്യാറായപ്പോൾ ഒരു 'പ്രശ്നം' മുദിച്ചു. പ്രത്യേക

തരത്തിലുള്ള ഒരു കൂപ്പായമായിരുന്ന ആ 'പ്രശ്ന'കാരണം. ചില വിശേഷാവസരങ്ങളിൽ ധരിക്കുന്നതിന് ആസ്ട്രിയായിലെ പ്രൊഫസ്സറന്മാക്ക് ഒരു പ്രത്യേക വേഷമുണ്ടായിരുന്നു. തുവലുകളോടുകൂടിയും മൂന്നു കൊമ്പുള്ളതുമായ ഒരു ഹാറ്റ്, ഒരു സ്വർണ്ണപട്ട, ഒരു വാൾ. വളരെ വിലപിടിച്ച ഒരു വേഷവിധാനമായിരുന്നു അത്. ആ വേഷസാമഗ്രികളെ ഐൻസ്റ്റയിൻ എന്തു ചെയ്യും ? അദ്ദേഹം അത് ഒരൊറ്റ പ്രാവശ്യമേ ധരിച്ചിട്ടുള്ളൂ. ഒരു പക്ഷേ മറ്റു വല്ലവക്കും അത് ഉപയോഗിക്കാം.

ഐൻസ്റ്റയിന്റെ എട്ടു വയസ്സായ പുത്രൻ പറഞ്ഞു "അച്ഛാ ! ആ വേഷം വല്ലവക്കും കൊടുക്കുവാൻ വരട്ടെ. അച്ഛൻ ആ വേഷം ധരിച്ചുകൊണ്ട് സൂറിക്കിലെ തെരുവുകളിൽക്കൂടി എന്നെയും കൂട്ടിക്കൊണ്ടു നടക്കാൻ പോകണം"

ഐൻസ്റ്റയിൻ ചിരിച്ചുകൊണ്ടു സമ്മതിച്ചു. അദ്ദേഹം പറഞ്ഞു "ആളുകൾ എന്നെ ബ്രസീൽക്കാരനായ ഒരു സൈന്യമേധാവിയെന്നു വിചാരിക്കുമായിരിക്കും ഞാൻ അതത്ര കാര്യമാക്കുന്നില്ല."

അദ്ധ്യായം ഒൻപതു്

ഒരു പുതിയ ജീവിതം

മനോഹരമായ പ്രേഗ് പട്ടണം വിട്ടുപോകുന്നതിൽ ഐൻസ്റ്റയിനു് സങ്കടം തോന്നിയെങ്കിലും സൂറിക്കു് നഗരത്തെ അദ്ദേഹം ഇഷ്ടപ്പെട്ടുതുടങ്ങിയിരുന്നു. സ്വിറ്റ്സർലണ്ടിലെ ഒരു പൌരനായിരുന്നുവല്ലൊ അദ്ദേഹം. ഇത്തവണ അദ്ദേഹം സൂറിക്കു് പട്ടണത്തിലേയ്ക്കു മടങ്ങിവന്നപ്പോൾ അകപ്പാടെ ഒരു മാറ്റം കണ്ടു. സൌഹൃദവും ആദരവും അനുഭവപ്പെട്ടു. ഒന്നു രണ്ടു വ്യക്തികളും, ധാരാളം ഒഴിഞ്ഞ കസേരകളും ഉണ്ടായിരുന്ന സദസ്സുകളിലല്ലാ ഇത്തവണ അദ്ദേഹം പ്രസംഗിച്ചതു്; ശാസ്ത്രപട്ടവായ ഐൻസ്റ്റയിൻ സംസാരിക്കുന്നതു കേൾക്കുന്നതിനു് വിദ്യാർത്ഥികൾ തിങ്ങിക്കൂടിയിരുന്നു.

അദ്ദേഹത്തിനു് അല്പം രസികത്വമുണ്ടായിരുന്നതുകൊണ്ടു്, പോളിടെക്നിക്കിൽവച്ചു് മറവുള്ളവർ തന്നോടു കാണിച്ചുവന്ന ബഹുമാനാതിരേകം അദ്ദേഹത്തെ പക്ഷേ വിനോദിപ്പിച്ചിരിക്കും. തങ്ങളുടെ ഉന്നതനിലയെക്കുറിച്ചു് ആത്മബോധമുള്ളവരും, സ്വയം അഭിമാനിക്കുന്നവരുമായ വയോവൃദ്ധന്മാർ ആ യുവാവിന്റെ മുൻപിൽ നമ്രശിരസ്കരാകും. തന്റെ നേട്ടങ്ങളിൽക്കൂടി ഐൻസ്റ്റയിൻ അവരെ പിന്നിലാക്കിക്കഴിഞ്ഞിരുന്നു.

ഒരു കാലത്തു് ആ വിദ്യാലയത്തിലെ പ്രവേശനപ്പരീക്ഷയിൽ പരാജയമടഞ്ഞ ബാലൻ തന്നെയാണു് അതേ

വിദ്യാലയത്തിലെ ഏറ്റവും മികച്ച സ്ഥാനം ഇപ്പോൾ അലങ്കരിക്കുന്ന ഐൻസ്റ്റയിനെന്ന് അവർ ഗ്രഹിച്ചിരുന്നുവോ എന്തോ ? ഐൻസ്റ്റയിൻ ആവക കാര്യങ്ങളെയൊന്നും ക്ഷ്ടാക്കിയിരുന്നില്ല. അദ്ദേഹം യശസ്സിന് വില കല്പിച്ചിരുന്നില്ല; ഭ്രതകാല സംഭവങ്ങളെ ഗണിച്ചതുമില്ല. അദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ ഗണിതപ്രവർത്തനത്തിലായിരുന്നു. അപ്പോഴും അദ്ദേഹം സാപേക്ഷതാവാദത്തിൽ ഗവേഷണം നടത്തുകയായിരുന്നു. ദിവസംതോറും ഒരു നിശ്ചിത സമയം അതിനു വിനിയോഗിക്കേണ്ടതാണെന്ന് അദ്ദേഹമുറച്ചു.

അദ്ദേഹത്തിന്റെ ആഗ്രഹമനുസരിച്ച് എല്ലാം ചെയ്തു തീർക്കുന്നതിന് കുറെയേറെ സമയം അദ്ദേഹം ക്ലേശിച്ചു ജോലിചെയ്തു. പോളി ടെക്നിക്കിൽ ജോലി നോക്കിവന്ന രണ്ടു കൊല്ലത്തേയ്ക്ക് ഈ പരിപാടി നീണ്ടു നിന്നു. ഒരു പ്രൊഫസ്സറായിരുന്ന അദ്ദേഹത്തിന് പഠിപ്പിക്കേണ്ടിയിരുന്നുവെന്ന് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ ക്ലാസ്സിൽ പഠിപ്പിക്കേണ്ട ഭാഗങ്ങളും മുൻകൂട്ടി തയ്യാറാക്കുവാൻ കുറെ സമയം അദ്ദേഹത്തിനു ചെലവു ചെയ്യേണ്ടിവന്നു. അപ്പോൾ സ്വന്തം ഗവേഷണത്തിന് കൂടുതൽ സമയം നൽകുന്ന ഒരു ജോലി കിട്ടിയാൽ കൊള്ളാമെന്ന് അദ്ദേഹം ആഗ്രഹിക്കുകയുണ്ടായി. പൊടുന്നിനവെ ഒരു ദേവത പ്രത്യക്ഷപ്പെട്ട്, മന്ത്രദണ്ഡു ചലിപ്പിച്ചു കൊണ്ട്, "ഇതാ ! നീ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന സൈ്വരം" എന്നു പറഞ്ഞുവോ എന്നു തോന്നുമാറ് ഒരു സൌകര്യം വന്നുചേർന്നു.

ബർലിനിലെ പ്രഷ്യൻ സയൻസ് അക്കാഡമിയിൽ നിന്നു ലഭിച്ച ക്ഷണമായിരുന്നു ആ സൌകര്യകാരണം. ബർലിനിൽ ചെന്ന്, ഗവേഷണംമാത്രം ചെയ്തുകൊണ്ടിരിക്കുവാനുള്ള ഒരു ക്ഷണമായിരുന്നു അതു്. അവിടെ പഠിപ്പിക്കേണ്ടതായിരുന്നില്ല; പഠിപ്പിക്കേണ്ട പാഠങ്ങൾ തയ്യാറാക്കുന്നതിനു് വിലയേറിയ സമയം നഷ്ടപ്പെടുത്തേണ്ടതുമില്ലല്ലൊ.

ഈ ക്ഷണം കിട്ടുവാൻ കാരണമെന്തു്? അല്പകാലം മുൻപു്, കൃത്യമായി പറഞ്ഞാൽ 1911-ൽ, ഐൻസ്റ്റയിൻ പ്രേഗ് സർവ്വകലാശാലയിൽ അദ്ധ്യാപകനായിരുന്നപ്പോൾ അദ്ദേഹം ബ്രുസൽസിൽവച്ചു നടന്ന ഒരു അന്താരാഷ്ട്രീയ ശാസ്ത്രസമ്മേളനത്തിൽ സന്നിഹിതനായിരുന്നു. ആ സമ്മേളനത്തിനു് സോൾവേകാൺഗ്രസ്സു് എന്നായിരുന്നു പേരു്. സോൾവേ എന്നു പേരുള്ള ധനികനായ ഒരു ബൽജിയത്തുകാരൻ ആ സമ്മേളനത്തിനുവേണ്ടി വന്ന ചെലവു മുഴുവൻ വഹിച്ചതുകൊണ്ടാണു് അതിനു് ആ പേരുണ്ടായതു്. സമ്മേളനത്തിൽ ആസ്ട്രിയായെ പ്രതിനിധാനംചെയ്തതു ഐൻസ്റ്റയിനായിരുന്നു. സോൾവേ കോൺഗ്രസ്സിൽവച്ചു് അദ്ദേഹത്തിനു പോളണ്ടുകാരിയായ മാഡം കൂറി, ഫ്രഞ്ചുകാരായ ഹെൻറി പാങ്കറേ, പാൾ ലാംഗ്വെയിൻ, ഇംഗ്ലണ്ടിൽനിന്നു വന്നിരുന്ന സർ ഏൺസ്റ്റ് റതർഫോർഡ്, ജർമ്മൻകാരായ മാക്സ് പ്ലാങ്ക്, വാൽട്ടർ നേൺസ്റ്റ് എന്നീ മികച്ച ശാസ്ത്രജ്ഞരുമായി നേരിട്ടു പരിചയപ്പെടുവാൻ സൌകര്യം ലഭിച്ചു.

ഐൻസ്റ്റയിനെക്കുറിച്ച് അവക്ക് എന്തഭിപ്രായമാണുണ്ടായത് ? ഐൻസ്റ്റയിനെ എപ്പോഴെങ്കിലും ഒരിക്കൽ കണ്ടിട്ടുള്ളവക്ക് അദ്ദേഹത്തെ മറക്കുവാൻ സാദ്ധ്യമായിരുന്നില്ല. സോഫേകാൺഗ്രസ്സ് കൂടുന്നതിനു മുൻപുതന്നെ മാക്സ് പ്ലാങ്ക് ഇപ്രകാരം പ്രസ്താവിച്ചിരുന്നു. "ഐൻസ്റ്റയിന്റെ സിദ്ധാന്തം ശരിയാണെന്നു വന്നാൽ— അങ്ങിനെ വരുമെന്നുതന്നെയാണ് എന്റെ പ്രതീക്ഷ— അദ്ദേഹം ഇരുപതാം ശതകത്തിലെ കോപ്പർനിക്കസ്സായി കരുതപ്പെടുന്നതാണു്". (ഭൂമി വിശ്വത്തിന്റെ കേന്ദ്രത്തിലല്ലാ സ്ഥിതിചെയ്യുന്നതെന്നും ഭൂമിയും ഗ്രഹങ്ങളും സൂര്യനെ ചുറ്റി വരികയാണെന്നുമുള്ള സിദ്ധാന്തം ഉന്നയിച്ച, പതിനാറാം ശതകത്തിലെ ശാസ്ത്രജ്ഞനാണു്, കോപ്പർ നിക്കസ്സ്.)

കൈസറുടെ ഭക്തനായിരുന്ന ഡോ. പ്ലാങ്ക് എന്ന പ്രഷ്യൻശാസ്ത്രജ്ഞൻ ഐൻസ്റ്റയിന്റെ കാര്യം സഭാ ഓമ്മിച്ചുകൊണ്ടുതന്നെയാണിരുന്നതു്. ജർമ്മനിക്ക് സ്വന്തമായ ഒരു ശാസ്ത്രീയ ഗവേഷണശാല വേണ്ടതാണെന്ന് കൈസർ നിശ്ചയിച്ചപ്പോൾ ഡോക്ടർ പ്ലാങ്കും അദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്ന ഡോ. നേൺസ്റ്റും സൂറിക്കിൽ ചെന്ന് ആൽബർട്ട് ഐൻസ്റ്റയിനുമായി ആലോചന നടത്തി.

"നിങ്ങൾ ബർലിനിൽ വന്ന് ഞങ്ങളുടെകൂടെ ജോലി ചെയ്യണം. നിങ്ങൾക്ക് 'കൈസർ വിൽഹം ഇൻസ്റ്റിറ്റ്യൂട്ട്' എന്ന ഈ പുതിയ സ്ഥാപനത്തിലെ ഡയറക്ടറായിരിക്കാം; രാജകീയ പ്രഷ്യൻ സയൻസ്

അക്കാഡമിയിലെ ഒരു മെമ്പറുമായിരിക്കാം. നിങ്ങടം പഠിപ്പിക്കേണ്ടതായില്ല. വേണമെന്നു തോന്നുന്നപക്ഷം മാത്രം മതി പഠിപ്പിക്കുന്നതു്. ഗവേഷണംമാത്രം ചെയ്താൽ മതിയാകും."

അതൊരു മികച്ച ബഹുമതിയും അസാധാരണമായ അവസരവുമായിരുന്നു. ശമ്പളത്തിൽ ഒരു വമ്പിച്ച വർദ്ധനവും ഉണ്ടായിരുന്നു.

പുതിയ ഉദ്യോഗത്തെക്കുറിച്ചുള്ള ചിന്ത ഐൻസ്റ്റയിന്റെ ഉത്സാഹത്തെ വർദ്ധിപ്പിച്ചു. പക്ഷേ ജർമ്മനിയെക്കുറിച്ചുള്ള ഓർമ്മ ആ ഉത്സാഹത്തെ നശിപ്പിച്ചുകളഞ്ഞു. തന്റെ ബാല്യകാലം, കർശനങ്ങളായ വിദ്യാലയങ്ങടം, തന്റെ ജന്മദേശമായ ബവേറിയായെ കീഴടക്കിക്കൊണ്ടുള്ള ജർമ്മൻപട്ടാളത്തിന്റെ മുന്നേറ്റം എന്നിവ അദ്ദേഹത്തിന്റെ സ്മൃതിപഥത്തിലെത്തി. ജർമ്മൻപട്ടാളത്തിൽ ചേർന്ന് സേവനമനുഷ്ഠിക്കേണ്ടിവരുമെന്നു തോന്നിയപ്പോടം തനിക്കു് ഉണ്ടായ പേടിയും അദ്ദേഹം ഓർമ്മിക്കുകയുണ്ടായി. ഇപ്പോഴും അദ്ദേഹത്തിനു പട്ടാളസേവനത്തിനുള്ള പ്രായം കഴിഞ്ഞിരുന്നില്ല; വയസ്സു് മുപ്പത്തിനാലേ ആയിരുന്നുള്ളൂ. ഒരു യുദ്ധം പൊട്ടിപ്പുറപ്പെടുമ്പോടം അദ്ദേഹം ജർമ്മനിയിൽ ഉണ്ടായിരുന്നാൽ എന്തു സംഭവിക്കും? ഒരു സ്വിസ്സ്യുദനായ അദ്ദേഹം ജർമ്മനിയിലേയ്ക്കു പോകുവാൻ ധൈര്യപ്പെടുകയോ? അദ്ദേഹത്തിന്റെ ഉത്സാഹം മിക്കവാറും നശിച്ചു, മാത്രമല്ല അദ്ദേഹത്തിനു വ്യസനവും തോന്നി.

"മാന്യരെ, എനിക്ക് ജർമ്മനിയിൽ വന്ന് നിങ്ങളോടൊത്തു പ്രവർത്തിക്കുവാൻ സന്തോഷമുണ്ടുള്ളതു്. പക്ഷേ ഒരു സ്പിസ് പൌരനായിരിപ്പാൻ എന്നെ അനുവദിക്കണം."

അദ്ഭുതമെന്നു പറയട്ടെ. അഭിമാനികളും ഗൌരവക്കാരുമായ ജർമ്മൻകാർ ഈ വ്യവസ്ഥയ്ക്കു സമ്മതംമൂളി. ആകെക്കൂടി ഐൻസ്റ്റയിനു് സന്തോഷംതോന്നി. സാപേക്ഷതാവാദസംബന്ധമായ ഗവേഷണങ്ങൾക്ക് മേലാൽ വിനിയോഗിക്കുവാൻ കിട്ടുന്ന സമയത്തെപ്പറ്റി നിരൂപിച്ചപ്പോൾ അദ്ദേഹം സന്തോഷംകൊണ്ടു മതിമറന്നു. 1914-ാമാണ്ടു് വസന്തകാലാരംഭത്തിലായിരുന്നു ഐൻസ്റ്റയിൻ ബർലിനിലേയ്ക്കു യാത്രയായതു്.

ഇത്തവണ ഐൻസ്റ്റയിന്റെ ഭാര്യ അദ്ദേഹത്തെ അനുഗമിച്ചില്ല. കാരണമെന്തെന്നു് വ്യക്തമല്ലാ. രണ്ടു പേരും അവരവരുടെ വൈഷമ്യങ്ങളെക്കുറിച്ചു സംസാരിച്ചശേഷം പിരിഞ്ഞിരിപ്പാൻ തീരുമാനിച്ചു. ഭാര്യയെയും കുട്ടികളെയും അവിടെത്തന്നെ വിട്ടിട്ട് ഐൻസ്റ്റയിൻ തനിച്ചു് ബർലിനിനേയ്ക്കു പോയി. പിന്നീട് അവർതമ്മിലുള്ള വിവാഹമോചനത്തിനുള്ള ഏർപ്പാടു നടന്നു.

ബർലിനിൽ എത്തി ഐൻസ്റ്റയിൻ തീവണ്ടിയിറങ്ങിയപ്പോൾ കണ്ട കാഴ്ച അദ്ദേഹത്തെ അദ്ഭുതപ്പെടുത്തി. അദ്ദേഹം അതിനു മുൻപു താമസിച്ചിരുന്ന യൂറോപ്യൻ നഗരങ്ങളിൽനിന്നു് ബർലിൻ പട്ടണം വ്യത്യസ്തമായിരുന്നു. പരീതിയില്ലാത്ത സംവിധാനം ചെയ്യപ്പെ

ട്ടതും ജൂതവും ആയ തെരുവീഥികളോട് ക്രുടിയ ഒരു പുതിയ നഗരമായിരുന്നു ബർലിൻ. പ്രേഗ്, മിലാൻ എന്നീ നഗരങ്ങളെപ്പോലെ അഞ്ചാംശതകം വരെയോ ആറാംശതകം വരെയോ ബർലിൻ പട്ടണത്തിന്റെ പഴക്കം നീണ്ടുകിടന്നില്ല. മദ്ധ്യകാലത്തുണ്ടായതും ഇടുങ്ങിയതുമായ തെരുവുകളോട് ക്രുടിയ ഒരു പഴയ വിഭാഗം ആ നഗരത്തിന്റെ കേന്ദ്രത്തിനടുത്തു കാണ്മാനുണ്ടായിരുന്നു. എങ്കിലും ആകെക്രുടി ബർലിനിലെ കെട്ടിടങ്ങൾ ആധുനികങ്ങളും സുഖസൌകര്യങ്ങളോട് ക്രുടിയവയുമായിരുന്നു.

നഗരത്തിന്റെ മദ്ധ്യത്തിലൂടെ നല്ല വീതിയുള്ളതും ഇരുവശത്തും ലിൻഡൻ മരങ്ങളോടുകൂടിയതും 'ലിൻഡന്റെ ചുവട്ടിൽ' എന്നറിയപ്പെടുന്നതുമായ ഒരു മനോഹരനിരത്ത് അഥവാ ഉദ്യാനവീഥി കിടക്കുന്നുണ്ടായിരുന്നു. പടിഞ്ഞാറുനിന്നു കിഴക്കോട്ട്, അതായത് പടിഞ്ഞാറ് ബ്രാൻഡൻ ബർഗ് ഗേറ്റുമുതൽ നഗരത്തിന്റെ കിഴക്കേ അറ്റത്തുള്ള രാജകീയ കൊട്ടാരത്തിന്റെ പടിവരെ, ആയിരുന്നു അതിന്റെ കിടപ്പ്. രണ്ടാംലോക മഹായുദ്ധകാലത്ത് നാസികൾ ആ ലിൻഡൻ മരങ്ങളെ ഒന്നില്ലാതെ മുറിച്ചു കളയുകയും അങ്ങനെ ആ ഉദ്യാനവീഥിയുടെ മനോഹാരിത നശിപ്പിക്കുകയും ചെയ്തു.

ആ രാജകീയ കൊട്ടാരത്തിൽ, ബിസ്മർക്കിനെ അധികാരത്തിൽ കൊണ്ടുവന്ന വില്യം ഒന്നാമൻ പാർത്തിരുന്നു. അദ്ദേഹത്തിന്റെ പുത്രനായ കൈസർ വില്യം രണ്ടാമൻ അതേ കൊട്ടാരത്തിൽത്തന്നെയാണു അപ്പോൾ താമസിച്ചിരുന്നതു്. ഐൻസ്റ്റയിന്റെ സായാഹ്നസഞ്ചാരം ആ രാജകീയ കൊട്ടാരത്തിന്റെ പരിസരങ്ങളിലായിരുന്നില്ല.

അദ്ദേഹം 'ലിൻഡൻറെ മുവട്ടിൽ' ക്ലാടി നടക്കുകയും കടകം, ഭക്ഷണശാലകം എന്നിവയെ നോക്കുകയും ചെയ്യാറുണ്ടായിരുന്നു; അല്ലെങ്കിൽ ബ്രാൻഡൻ ബർഗ് ഗേറു കടന്ന്, നൂറുകണക്കായുള്ള ഏക്കർ വ്യാപ്തിയുള്ള രാജകീയ ഉദ്യാനത്തിലൊ മറെറാ ചുററിനടക്കാറുണ്ടായിരുന്ന ബാലനായിരുന്നപ്പോൾ കണ്ടു പരിചയിച്ചിട്ടുള്ളതും. സൂര്യപ്രകാശത്തിൽ തിളങ്ങി വിളങ്ങുന്നതുമായ ഒരു ലോഹത്തൊപ്പി (Metal helmet) ധരിച്ചുകൊണ്ടുള്ള ഒരു നിര ജർമ്മൻ പട്ടാളത്തെ കാണുന്നതുവരെ അദ്ദേഹത്തിൻറെ സന്തോഷം നീണ്ടുനില്ക്കും. പട്ടാളവും തോക്കും കാണുമ്പോൾ അദ്ദേഹം ഭയവിഹ്വലനായിത്തീരും. ഇവ യുദ്ധത്തിലേയ്ക്കും കഷ്ടതയിലേയ്ക്കുമല്ലാതെ മറെറാന്നിലേയ്ക്കും നയിക്കുന്നതല്ലല്ലോ ?

ഐൻസ്റ്റയിൻ സ്നേഹിതരില്ലാതെ ഒറയ്ക്കല്ലാ ബർലിനിൽ കഴിഞ്ഞെതു്. അദ്ദേഹത്തിൻറെ ചില ബന്ധുജനങ്ങൾ അവിടെ താമസിക്കുന്നുണ്ടായിരുന്നു. ബുദ്ധിമുട്ടുകൂടാതെ താമസിക്കുവാൻ പോരുന്ന ഒരു സ്ഥലം അവരുടെ സഹായത്തോടുകൂടി അദ്ദേഹത്തിനു കണ്ടുപിടിക്കുവാൻ കഴിഞ്ഞു. അദ്ദേഹത്തിൻറെ അവിടത്തെ ജീവിതം വളരെ സരളമായിരുന്നു. ജോലി ചെയ്യാൻ പ്രഷ്യൻ അക്കാഡമി; താമസിക്കുവാൻ ഒരു സ്ഥലം; ആഹാരം കഴിക്കുവാൻ അദ്ദേഹത്തിൻറെ ഒരു മാതുലഗൃഹവും ഉണ്ടായിരുന്നു. പണക്കാരായ ബന്ധുക്കൾ ആ പട്ടണത്തിലുണ്ടായിരുന്നതു് അദ്ദേഹത്തിൻറെ ഭാഗ്യംതന്നെ; എന്തെന്നാൽ 1914-ൽ ജർമ്മനിയിൽ 'ക്ഷാമകാലം' തുടങ്ങി; ഭക്ഷ്യദൌർല്ലഭ്യം അനുഭവിച്ചു കഴിഞ്ഞിരുന്നു. ഗാർഹിക

വൈഷമ്യങ്ങളെപ്പോലെ മറെറാരു കാര്യവും ഐൻസ്റ്റീ
യിനെ ക്ലേശിപ്പിച്ചിരുന്നില്ല.

ബർലിനിലെ ബന്ധുക്കളെ സംബന്ധിച്ചുള്ള ഒരു കാര്യം ഐൻസ്റ്റയിന് തമാശയായി തോന്നി. വിദ്യാഭ്യാസവിഷയത്തിൽ പിന്നണിയിൽ കിടന്ന ബാലൻ, വളരെയധികം സ്വപ്നം കാണുന്ന യുവാവ്, തന്നെയും തന്റെ കുടുംബത്തെയും പുലർത്തുവാൻ കഴിയാത്ത പരിണീതൻ, എന്നിങ്ങനെ ആ കുടുംബത്തിലെ ഒരു കൊള്ളരുതാത്തവനായി അദ്ദേഹത്തെ അവർ കരുതിവന്നിരുന്നു. ഇപ്പോൾ അദ്ദേഹം പ്രസിദ്ധനായിക്കൊണ്ടിരിക്കുകയാണ്. വളരെച്ചെറുപ്പത്തിൽതന്നെ പ്രഷ്യൻഅക്കാഡമിയിൽ നിയമിക്കപ്പെട്ടുകഴിഞ്ഞു. ചുരുക്കത്തിൽ അദ്ദേഹം അവരുടെ അഭിമാനഭാജമായിത്തീർന്നിരിക്കുകയാണ്. അവർ അദ്ദേഹത്തെ അവരുടെ ഗൃഹങ്ങളിലേയ്ക്ക് ക്ഷണിക്കുകയും അതിഥികളെ പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തുവന്നു. അദ്ദേഹത്തിന്റെ ബന്ധുത്വത്തിൽ അവർ അഭിമാനവിജൃംഭിതരായി. ഇക്കാര്യങ്ങളെ എല്ലാം ഐൻസ്റ്റയിൻ ചിരിച്ചു തള്ളുകയാണുണ്ടായത്.

അദ്ദേഹത്തിന്റെ അമ്മാവന് എൽസാ(1) എന്നൊരു മകളുണ്ടായിരുന്നു. അവളെ അദ്ദേഹം കുറെക്കാലമായി അറിയുക മാത്രമല്ല ഇഷ്ടപ്പെടുകയും ചെയ്തിരുന്നു. സ്വന്തം കുടുംബാംഗങ്ങളെ ക്രമേണ തനിച്ചു ബർലിനിൽ ചെന്നു താമസിക്കേണ്ടിവന്നപ്പോൾ തന്റെ ജീവിതത്തിലുണ്ടായ വിടവു നികത്താൻ എൽസായും അവളുടെ രണ്ടു പുത്രിമാരും സഹായിക്കുന്നുണ്ടെന്ന് അദ്ദേഹത്തിന് ബോദ്ധ്യ

(1) Elsa

മായി. ആൽബർട്ടും എൽസായും രണ്ടു വഴിക്കും—പിതൃ വിഭാഗത്തിന്റെ വഴിക്കും മാതാവിന്റെ വഴിക്കും—ബന്ധപ്പെട്ടവ രായിരുന്നു. അവരിരുവരുടെയും അമ്മമാർ സഹോദരികളായിരുന്നു. ആ വഴിക്ക് അവരുടെ ബന്ധം അടുത്തതായിരുന്നു. അവരിരുവരുടേയും പിതാക്കന്മാർ ജ്യേഷ്ഠാനുജ സന്തതികളായിരുന്നു. ആ വഴിക്കും അവർ ജ്ഞാതികളായിരുന്നു. ക്രടാതെ എൽസയുടേയും ആൽബർട്ടിന്റെയും കുടുംബക്കാർ തമ്മിൽ എപ്പോഴും അടുത്തു പെരുമാറിവരികയും ചെയ്തു. ഇപ്പോഠം, ആഹാരം കഴിക്കേണ്ട സമയത്തെല്ലാം അദ്ദേഹം ഹാബർലണ്ടു് തെരുവിലുള്ള അമ്മാവന്റെ വീട്ടിൽ ചെല്ലുന്നുണ്ടായിരുന്നു. അങ്ങിനെ എൽസായുമായുള്ള സ്നേഹബന്ധം പുതുക്കുവാൻ കഴിഞ്ഞു.

എൽസാ ഒരു വിധവയായിരുന്നു. ബഹുമാന്യയായ ഒരു യുവതിയായിരുന്നു അവർ. വിശാലാക്ഷിയായിരുന്ന ആ സ്ത്രീ തലമുടി നെറ്റിത്തടത്തിൽനിന്നു നേരെ പുറകോട്ടു ചീകിവയ്ക്കുകയായിരുന്നു പതിവു്. അവർ ചിരിക്കുമ്പോഠം അവളുടെ മുഖമാസകലം പ്രസന്നമാകും. അവളുമായി സംസാരിച്ചുകൊണ്ടിരിക്കുന്നതിൽ ആൽബർട്ടിനു് രസംതോന്നി. മ്യൂണിക്കിലെ അവരുടെ ബാല്യകാലദിവസങ്ങളെക്കുറിച്ചു അവൾക്കു സ്മരണ ഓമ്മിക്കുവാനും പരസ്പരം ഓമ്മിപ്പിക്കുവാനും കഴിഞ്ഞുവെന്നതാണു് അതിനു കാരണം. അദ്ദേഹം അപ്പോഴും വയലിൻ വായിക്കുന്നുണ്ടായിരുന്നോ? ഉണ്ടായിരുന്നു. വേണ്ടിടത്തോളമില്ല. വളരെക്കുറച്ചുമാത്രം. എങ്കിലും ഒരുവിധം ഭേദമായിത്തന്നെ വായിക്കുവാൻ കഴിയുമെന്നും അദ്ദേഹം അവളോടു പറ

ത്തു. അല്ബേഹത്തെ സംബന്ധിച്ചിടത്തോളം അതു് സുപ്ര ധാനമായ ഒരു കാര്യമായിരുന്നു. എന്തെന്നാൽ ക്ഷീണ മോ നൈരാശ്യമോ തോന്നിയാൽ അല്ബേഹം വയലിൻ വായനയിലേർപ്പെട്ടു് സ്വയം സാന്ത്വനപ്പെടും. ബാക്, മൊസാർട്ടു് എന്നിവരുടെ സംഗീതം അല്ബേഹം വളരെ ഇഷ്ടപ്പെട്ടു.

1917-ൽ, ഐൻസ്റ്റയിന്റെ പ്രഥമഭാര്യയിൽനി ന്നുള്ള വിവാഹമോചനം പൂർത്തിയായശേഷം, അല്ബേഹവും എൽസയുമായുള്ള വിവാഹം നടന്നു. ഹാബർലണ്ഡ് തെരുവിൽ, എൽസായുടെ കുടുംബക്കാർ താമസിച്ചിരുന്ന കെട്ടിടത്തിൽത്തന്നെ മറ്റൊരു ഭാഗം അവർ വാടകയ്ക്കു് എടുത്തു. എൽസായുടെ രണ്ടു പെൺകുട്ടികളും അവളുടെ കൂടെ പുതിയ വീട്ടിലേയ്ക്കു താമസം മാറ്റി. ആൽബർട്ടു് ആ രണ്ടു കുട്ടികളെയും നിയമപ്രകാരം ദത്തെടുത്തില്ലെങ്കിലും, അവർ അവരുടെ പേരുകളിൽ അല്ബേഹത്തിന്റെ നാമമാണു് ഘടിപ്പിച്ചതു്. അല്ബേഹത്തിന്റെ കുട്ടിക ളെന്നപോലെ പെരുമാറുകയുംചെയ്തു.

ആ പുതിയ വീട്ടിൽ, അതിനുമുൻപു് ഒരിക്കലും ലഭിച്ചിട്ടില്ലാത്ത സുഖവും സന്തോഷവും അല്ബേഹത്തിനു് അനുഭവപ്പെട്ടു. ഐൻസ്റ്റയിന്റെ ദ്വിതീയഭാര്യയ്ക്കു അല്ബേ ഹത്തോടൊത്തു് മികച്ച ഊർജ്ജതന്ത്രങ്ങൾ വായിക്കുവാൻ കഴിഞ്ഞിരുന്നില്ലെങ്കിലും, അല്ബേഹത്തിനു ജോലിചെയ്യാൻ സൈ്വരവും സമാധാനവും എത്രമാത്രം ആവശ്യമാണെന്നു് അറിയാമായിരുന്നു. തന്നിമിത്തം ആ ഇംഗിതജ്ഞ വീട്ടു കാര്യങ്ങൾ പറഞ്ഞു് അല്ബേഹത്തെ ഒരിക്കലും ശല്യപ്പെടു ത്തിയില്ല. അല്ബേഹത്തിന്റെ പ്രശസ്തി വർദ്ധിച്ചുവന്ന

തോട്ടക്കുടി, ദിവസംതോറും ഡസൻകണക്കിനു് സന്ദർശകർ വന്നുതുടങ്ങി. അദ്ദേഹത്തിന്റെ സമയത്തിൽ അല്പം ചെലവുചെയ്വാൻവേണ്ട പ്രാമാണികത്വം തങ്ങൾക്കുണ്ടെന്നു കരുതിപ്പോന്ന സന്ദർശകരിൽനിന്നു് അദ്ദേഹത്തെ സംരക്ഷിച്ചുവന്നതും എൽസായായിരുന്നു.

അവൾക്കു് കുടുംബസ്വത്തായി ലഭിച്ച പുരാതനങ്ങളും മനോഹരങ്ങളുമായ ഗാർഹികോപകരണങ്ങളെക്കൊണ്ടു് അവർ ആ ഗൃഹം അലങ്കരിച്ചു. വെളുത്ത നിറമുള്ളതും മോടിയില്ലാത്തതുമായ തിരശ്ശീലകളും കട്ടപ്പുമില്ലാത്ത നിറങ്ങളോടുകൂടിയ ചുവർക്കടലാസ്സുകളും മറ്റും തെരഞ്ഞെടുത്തു. ഐൻസ്റ്റയിന്റെ വായനമുറിക്കു് മങ്ങിയ പച്ച നിറത്തോടുകൂടിയ ചുവർക്കടലാസ്സു്; പൊതുമുറിക്കു് കട്ടപ്പുംകുറഞ്ഞ മഞ്ഞനിറത്തോടുകൂടിയ കടലാസ്സു് എന്നിങ്ങനെ. പൊതുമുറിയിൽ ഒരു പഴയ വലിയ പിയാനോ സ്ഥലംപിടിച്ചിരുന്നു. ഐൻസ്റ്റയിൻ വയലിൻ മാത്രമല്ലാ പിയാനോയും വായിച്ചിരുന്നു. അവൾക്കു രണ്ടുപേർക്കും ഇഷ്ടമുള്ളതായിരുന്നു സങ്ഗീതം. മുറിയുടെ നടുവിൽ ഇട്ടിരുന്ന മേശപ്പുറത്തു് കൈകൊണ്ടു തുന്നിയ ഒരു പിന്നൽത്തുണി വിരിച്ചിരുന്നു. മുകളിൽ മേൽത്തട്ടിനടുത്തു് പ്രഭവിതരുന്ന ഒരു സ്ഫടികബഹുശാഖാദീപവുമുണ്ടായിരുന്നു.

ഐൻസ്റ്റയിൻ ഭൌതികകാര്യങ്ങളിൽ ശ്രദ്ധപതിപ്പിച്ചിരുന്നില്ല. കട്ടിയുള്ള മെത്തയോടുകൂടിയ സോഫായും, തേച്ചുമിനുക്കിയ തീൻമേശത്തട്ടും പീപ്പുപ്പലകകൊണ്ടു് നിർമ്മിച്ചിരുന്നതായാലും അദ്ദേഹത്തിനു വിരോധമില്ല. അദ്ദേഹത്തിന്റെ വായനമുറി ഒട്ടും മോടിയില്ല.

ത്തതായിരുന്നു: ഒരു ചെറിയമുറി, വച്ചെഴുതുവാൻ ഉപ
യോഗിച്ചിരുന്ന ഒരു മേശ, ഒന്നോ രണ്ടോ ഒഴിക്കൻകസേര
കൾ, ഒരു ചാരുകസേര, മുവരുകൾക്കുള്ളത്തു് വരിവരിയായി
വച്ചിട്ടുള്ള ഗ്രന്ഥങ്ങൾ ഇത്രയുംമാത്രം. അവിടെ വച്ചി
ട്ടുള്ള പുസ്തകങ്ങളുടെ പേരുകൾ വായിച്ചുനോക്കുന്ന സന്ദ
ർശകൻ തീർച്ചയായും ഭ്രമിച്ചുപോകും; എന്തെന്നാൽ സാധാ
രണക്കാരനു് വായിക്കുവാൻ വളരെയധികം ക്ലേശംനൽകു
ന്നവയാണു് അവയിൽചിലതു്. ഉഗ്രഹങ്ങളായ ആ ഗ്രന്ഥ
ങ്ങളുടെ ഇടയ്ക്കു് 'പാകശാസ്ത്രത്തിന്റെ പ്രഥമപാഠങ്ങൾ'
എന്നൊരു ഗ്രന്ഥം കാണ്മാനിടവരുന്നതു വിചിത്രമല്ലേ?

എൽസാഐൻസ്റ്റയിൻ അദ്ദേഹത്തിനു് ഭാര്യയും,
മാതാവും, പാചകക്കാരിയും, സെക്രട്ടറിയും, സംരക്ഷകയും
എല്ലാമായിരുന്ന അവരുടെ ഭർത്താവു് വായനമുറിയ്ക്കകത്തു
കടന്നു് കതകടച്ചുകൊണ്ടു് ഗവേഷണപ്രവർത്തനത്തിൽ
ഏർപ്പെട്ടാൽ ഒരു കാരണവശാലും അദ്ദേഹത്തിന്റെ
ജോലിക്കു തടസ്സം സംഭവിക്കാതിരിക്കുന്നതിനു് അവർ
പ്രത്യേകം ശ്രദ്ധിച്ചുവന്നു അദ്ദേഹത്തിനുള്ള ആഹാര
മെല്ലാം അവർതന്നെയാണു് പാകംചെയ്തുവന്നതു്; എ
ന്തെന്നാൽ അദ്ദേഹത്തിന്റെ ദഹനേന്ദ്രിയങ്ങൾ ശരിക്കു
പ്രവർത്തിച്ചിരുന്നില്ല. സൂറിക്കിൽവച്ചു് വിദ്യാർത്ഥിയായി
രുന്നകാലത്തു് അദ്ദേഹം പലപ്പോഴും പട്ടിണികിടന്നതി
ന്റെ ഫലമായിരിക്കണമതു്. അദ്ദേഹത്തിന്റെ മേശപ്പു
റത്തു് കിടന്ന കടലാസുകളെ ആരുംതന്നെ തൊട്ടിരുന്നില്ല.
സന്ദർശകരെ തരംതിരിച്ചാണു് പ്രവേശിപ്പിച്ചിരുന്നതു്.
അദ്ദേഹത്തെക്കൊണ്ടു് എന്തെങ്കിലും കാര്യം നടത്തുന്ന
തിനു മാത്രമായിവന്നവർക്കു പ്രവേശനം നല്കിയിരുന്നില്ല.

അതിബുദ്ധിമാനായ തന്റെ ഭർത്താവിനെ സംഭ്രമിപ്പിക്കുവാൻ നിസ്സാരങ്ങളായ കാര്യങ്ങളാണ് മതിയാവും എന്ന് അവർ താമസമെന്യേ ഗ്രഹിച്ചു. ഉദാഹരണമായി പണം ഒരു കഴഞ്ചിയ വിഷയമായിരുന്നു; അതുകൊണ്ടു പെരുമാറുവാൻ അദ്ദേഹം ഒരിക്കലും പഠിച്ചില്ല. അദ്ദേഹം വെളിയിലേയ്ക്കു പോകുകയാണെങ്കിൽ ആവശ്യമുള്ള പണം അവർ അദ്ദേഹത്തിന്റെ കീശയിൽ നിക്ഷേപിച്ചിട്ട് അക്കാര്യം അദ്ദേഹത്തെ ഓർമ്മിപ്പിച്ചയയ്ക്കും: "ആൽബർട്ട്! നിങ്ങളുടെ കുപ്പായക്കീശയിൽ ഞാൻ മൂന്നു ഡാളർ ഇട്ടിട്ടുണ്ട്. അതുയും പണം നിങ്ങളുടെപക്കലുണ്ടെന്ന കാര്യം മറന്നുപോകരുതു്."

അദ്ദേഹം നിസ്സഹായനായി അവരെ നോക്കും. അതുകണ്ടാൽ "പണത്തെപ്പോലെ വിഷമമായ ഒരു കാര്യത്തെക്കുറിച്ചു് ഞാൻ എങ്ങിനെ ചിന്തിക്കാനാണു്" എന്നു പറയുകയാണോ എന്നു തോന്നും. അവർ ആ കുപ്പായം അഴിക്കുകളഞ്ഞു മടക്കിവയ്ക്കാനൊട്ടുമ്പോഠം, അതുയും പണം ആ കീശയിൽത്തന്നെ കിടക്കുന്നതു കാണും.

എല്ലാറ്റിലുംവച്ചു് വിനോദകരമായ കുഴപ്പം സോപ്പു സംബന്ധിച്ചുണ്ടാകുന്നതാണു്. ക്ഷൗരംചെയ്യാനും മേൽതേയ്ക്കാനും ഒരേതരം സോപ്പുവേണം കുളിമുറിയിൽ വയ്ക്കുന്നതിനു് എന്നു് എൽസാ പ്രത്യേകം ഓർമ്മവയ്ക്കുണ്ടായിരുന്നു. എന്തെന്നാൽ മുൻചൊന്ന കാര്യങ്ങളിൽ ഏതിനു് ഏതു സോപ്പു് ഉപയോഗിക്കണം എന്നു ഓർമ്മിച്ചിരിപ്പാൻ മഹാബുദ്ധിമാനായ ഐൻസ്റ്റയിനു് പ്രയാസമായിരുന്നു.

അദ്ധ്യായം പത്തു്

യുദ്ധമദ്ധ്യേ

ഐൻസ്റ്റയിൻ പ്രേഗിൽനിന്നു് തെക്കോട്ടുള്ള (സ്വിറ്റ്സർലണ്ടിലെ) സൂറിക്കിലേയ്ക്കു മടങ്ങിപ്പോയപ്പോഴും പടയാളികളുടെ ഘോഷാരവങ്ങളെയും മറ്റും, വിട്ടുപോവുകയായിരുന്നു. യുദ്ധത്തിന്റെ വേലിയേറ്റത്തിൽനിന്നു് അദ്ദേഹം അല്പകാലത്തേയ്ക്കു് മോചനം നേടിയിരുന്നു. പക്ഷെ ബർലിനിലേയ്ക്കു ചെന്നപ്പോഴും അദ്ദേഹത്തിനു് വീണ്ടും അതിനെത്തന്നെ അഭിമുഖീകരിക്കേണ്ടിവന്നു.

1914-ലെ വേനൽക്കാലത്തു്, ഐൻസ്റ്റയിൻ ബർലിനിലെത്തി. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോഴേക്കും ഒന്നാം ലോകമഹായുദ്ധം ഘോരമായിത്തന്നെ പൊട്ടിപ്പുറപ്പെട്ടു. തന്റെ ചുറ്റുപാടും വളർന്നുവന്നുകൊണ്ടിരുന്നതായിക്കണ്ട വിരോധവും സൈന്യസന്നാഹങ്ങളും ഒടുവിൽ മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചു. ലോകത്തിലെ ഇതര രാഷ്ട്രങ്ങളോടെല്ലാംതന്നെ യുദ്ധംചെയ്തുകൊണ്ടിരുന്ന ഒരു രാജ്യത്തിന്റെ തലസ്ഥാന നഗരത്തിലായിരുന്നു അദ്ദേഹം അന്നു് താമസിച്ചതു്.

അദ്ദേഹത്തിനു് എന്തുചെയ്യാൻ കഴിയും? ഒരു സാധാരണ മനുഷ്യനു് ഒരു യുദ്ധം അവസാനിപ്പിക്കുവാൻ സാദ്ധ്യമല്ലല്ലൊ. യുദ്ധത്തിലേർപ്പെട്ടതു തെറ്റാണെന്നും അതു് ഭീമമായ കഷ്ടനഷ്ടങ്ങൾക്കു് ഇടവരുത്തുമെന്നും അദ്ദേഹത്തിനു് അറിയാമായിരുന്നു. അദ്ദേഹം യുദ്ധത്തിലേർപ്പെടാനിഷ്ടപ്പെട്ടില്ല തന്നെ; ഒരു കക്ഷിയിലെയും

പടയാളിയാകുവാൻ അദ്ദേഹത്തിനു് ഇഷ്ടമില്ലായിരുന്നു. ഒരിക്കൽ യുദ്ധത്തെക്കുറിച്ചു് ഐൻസ്റ്റയിൻ ഇപ്രകാരം എഴുതുകയുണ്ടായി: "യുദ്ധം ബീഭത്സവും നീചവുമായ ഒരു കാര്യമാണു്. ഇത്തരം കാര്യങ്ങളിൽ പങ്കുകൊള്ളാൻ ഇടവരുന്നതിൽ ഭേദം എന്റെ ശരീരം തുണ്ടുതുണ്ടായി അരിയപ്പെട്ടുന്നതായിരിക്കും."

ഈ ചിന്തയിൽനിന്നും രക്ഷനേടുവാൻ അദ്ദേഹം ഗവേഷണ പ്രവർത്തനങ്ങളിൽ കൂടുതൽ നിമഗ്നനാവുകയും, മുറുപാട്ടം യുദ്ധം ഉഗ്രമായി ചീറിക്കൊണ്ടിരുന്നപ്പോഴും ജനറൽ സാപേക്ഷതാവാദം പൂർത്തിയാക്കുകയും ചെയ്തു. ഒന്നാമത്തെ പ്രബന്ധം പ്രസിദ്ധംചെയ്തു് പത്തുകൊല്ലത്തിനുശേഷം, 1915-ൽ അദ്ദേഹം രണ്ടാമത്തെ പ്രബന്ധം പ്രസിദ്ധീകരിച്ചു.

എല്ലാറ്റിനെയും ഗ്രസിക്കുന്നതാണല്ലൊ യുദ്ധം. ഐൻസ്റ്റയിന്റെ ജീവിതത്തെയും അതു സ്പർശിക്കാതെയിരുന്നില്ല. അദ്ദേഹം ജർമ്മനിയിൽ പാർത്തിരുന്ന ഒരു സ്വിസ് യൂദനാണു്. യൂദവിദ്വേഷം ജർമ്മനിയിൽ മാത്രമല്ലാ യൂറോപ്പാകമാനം പടർന്നുപിടിച്ചിരുന്നു.

യുദ്ധം ആരംഭിച്ചപ്പോൾ പ്രസിദ്ധന്മാരായ ഒരു സംഘം ജർമ്മൻകാർ സമ്മേളിച്ചു് ഒരു പ്രസ്താവന തയ്യാറാക്കി. "തൊണ്ണൂറിരണ്ടു ജർമ്മൻ മനീഷികളുടെ മാനിഫെസ്റ്റോ" എന്നാണതു് അറിയപ്പെട്ടുന്നതു്. ജർമ്മനിയിലെ മനീഷികളും, എഴുത്തുകാരും, കലാകാരരും, ശാസ്ത്രജ്ഞരും, ഭിഷഗ്വരരും ആ പടനീക്കത്തെ അനുകൂലിക്കുന്നു

വരാണെന്നും, കലഹാരംഭത്തെ സംബന്ധിച്ചിടത്തോളം ജർമ്മനി നിരപരാധിയാണെന്ന് അവർ കരുതുന്നുണ്ടെന്നും ആയിരുന്ന ആ പ്രസ്താവനയുടെ സാരം. ശാസ്ത്രം. കല എന്നീ വിഭാഗങ്ങളിൽപ്പെട്ട തൊണ്ണൂറിരണ്ടു ജർമ്മൻ പ്രമാണികരം ആ പ്രസ്താവനയുടെ മുവട്ടിൽ ഒപ്പുവച്ചു. പിന്നീട് അതിൽ ഒപ്പുവയ്ക്കുന്നതിന് ഐൻസ്റ്റയിനോട് അപേക്ഷിച്ചു. അവരുടെ പ്രസ്താവനയിൽ ചേർക്കാൻ എത്ര പ്രസിദ്ധമായ ഒരു പേരാണ് അദ്ദേഹത്തിന്റേത്! "നോക്കുക. മഹാശാസ്ത്രജ്ഞനും സമാധാനേച്ഛുവുമായ ഐൻസ്റ്റയിൻപോലും ജർമ്മനി ആക്രമകാരിയല്ലെന്നു വിശ്വസിക്കുന്നു" എന്നു പറയാമല്ലോ!

പക്ഷേ ശാന്തസ്വഭാവനും, മാന്യനും, സമാധാന പ്രിയനുമായ പ്രൊഫസ്സർ ഐൻസ്റ്റയിൻ ആ മാനിഫെസ്റ്റോയിൽ ഒപ്പുവയ്ക്കാൻ തന്നാൽ സാധ്യമല്ലെന്നു പ്രസ്താവിച്ചു. "യുദ്ധം ആരംഭിച്ചുകഴിഞ്ഞ സ്ഥിതിക്ക്, കുറ്റവാളിയാര് നിരപരാധിയാര് എന്നു ചിന്തിക്കുവാനുള്ള സമയം അതിക്രമിച്ചുകഴിഞ്ഞു. ലോകരാഷ്ട്രങ്ങളെയെല്ലാം ഒരുമിപ്പിച്ച് സമാധാനമുണ്ടാക്കുക എന്നതാണ് ഇപ്പോൾ അനുഷ്ഠിക്കേണ്ട പ്രധാന കൃത്യം" എന്നും അദ്ദേഹം അവരോടു പറഞ്ഞു.

ഈ അഭിപ്രായ പ്രകടനംകൊണ്ട് ഐൻസ്റ്റയിൻ തന്റെ നില വളരെയധികം അപകടത്തിലാക്കിത്തീർത്തു. രാജ്യദ്രോഹി എന്ന പേരിൽനിന്ന് അദ്ദേഹത്തെ രക്ഷിച്ചത് അദ്ദേഹത്തിന്റെ സ്വിസ് പൌരത്വം മാത്രമായിരുന്നു. അദ്ദേഹത്തിന്റെമേൽ ശകാരങ്ങൾ വർഷിക്കപ്പെട്ടു.

ഐൻസ്റ്റയിൻ അവയെ ക്രട്ടാക്കിയതേയില്ല. അദ്ദേഹത്തിന്റെ നില വളരെ ആപത്കരമായിരുന്നു; എങ്കിലും യുദ്ധകാലത്തു മാത്രമല്ല അതു കഴിഞ്ഞു കുറെ സംവത്സരങ്ങളിലേയ്ക്കുകൂടി അദ്ദേഹം തന്റെ ധൈര്യം കൈവെടിയാതെ, ഹാബർലണ്ടു് തെരുവിലുള്ള കെട്ടിടത്തിൽതന്നെ താമസിച്ചിരുന്നു.

ഒന്നാംലോക മഹായുദ്ധകാലത്തു് ബർലിനിൽ കഴിഞ്ഞുക്രട്ടുക അത്ര എളുപ്പമായിരുന്നില്ല. സാമാനങ്ങളുടെ വില വളരെയധികം വർദ്ധിച്ചിരുന്നു. പണപ്പെരുപ്പത്തിന്റെ ഫലമായി ജർമ്മൻ നാണയങ്ങളുടെ വില ഇടിഞ്ഞു. ഭക്ഷ്യങ്ങളും മറ്റു പദാർത്ഥങ്ങളും ജർമ്മൻ പട്ടാളക്കാരുടെ ആവശ്യത്തിനായി പിടിച്ചെടുക്കപ്പെട്ടു. എൽസാ ഐൻസ്റ്റയിനു് ഭക്ഷണപദാർത്ഥങ്ങൾ വാങ്ങാൻ —ആൽബർട്ടിനും, അവർക്കും അവരുടെ രണ്ടു പെൺകുട്ടികൾക്കും വേണ്ടതു വാങ്ങാൻ—പല കടകളിലും കയറി ഇറങ്ങേണ്ടിയിരുന്നു. പലപ്പോഴും അവർക്കു് വെറും കൈയോടെ മടങ്ങേണ്ടിവന്നിട്ടുണ്ടു്.

സ്വിറ്റ്സർലണ്ടിൽ താമസിച്ചിരുന്ന, ഐൻസ്റ്റയിന്റെ സ്നേഹിതന്മാർ അദ്ദേഹത്തെ മറന്നില്ല. അവർക്കു് സാധിച്ചപ്പോഴെല്ലാം അവർ ഭക്ഷണപദാർത്ഥങ്ങളും വസ്ത്രങ്ങളും മറ്റും അദ്ദേഹത്തിനു അയച്ചുകൊടുത്തു. അവരുടെ സഹായംകൊണ്ടാണു് ഐൻസ്റ്റയിൻകുടുംബം യുദ്ധകാലത്തു് ഒരുവിധം കഴിഞ്ഞുക്രടിയതു്.

1916 ാമാണ്ടു് ആൽബർട്ടു് ഐൻസ്റ്റയിനു ലഭിച്ച ഒരു വാർത്ത വളരെയധികം സങ്കടകരം മാത്രമല്ലാ അദ്ദേ

ഹത്തെ അസ്വപ്രജ്ഞനാക്കുവാൻ പോരുന്നതുകൂടിയായിരുന്നു. അദ്ദേഹത്തിന്റെ സുഹൃത്തായിരുന്ന ഫ്രഡറിക്ക് അഡ്ലറെ വെടിവെച്ചു കൊല്ലുവാൻ വിധിച്ചിരിക്കുന്നു എന്നതായിരുന്നു ആ വാർത്ത. ഐൻസ്റ്റയിനെ രാഷ്ട്രീയ കാര്യങ്ങളിൽ തല്പരനാക്കിയ ഒന്നാമത്തെ വ്യക്തി സമാധാനേച്ഛുവായ ഫ്രഡറിക്ക് അഡ്ലറായിരുന്നുവല്ലോ. സൂറിക്ക് സർവ്വകലാശാലയിലെ ഒരു ജോലിക്കുവേണ്ടി അയച്ചിരുന്ന തന്റെ അപേക്ഷയെ, ആ ജോലി കിട്ടുവാൻ തന്റെ സ്നേഹിതനായ ആൽബർട്ട് ഐൻസ്റ്റയിൻ ആഗ്രഹിക്കുന്നുവെന്നറിഞ്ഞുമാത്രയിൽ, പിൻവലിച്ച നിസ്വാർത്ഥനല്ലെ അഡ്ലർ. അദ്ദേഹം മുഷ്ക്കനും പിടിവാശിക്കാരനുമായ ഒരു കമ്മ്യൂണിസ്റ്റുകാരനായിരുന്നു. ആസ്ട്രിയൻ പ്രധാനമന്ത്രിയായിരുന്ന സ്റ്റർഗ്ക്ക് (Sturgkh) പ്രഭുവിനെ അദ്ദേഹം വെടിവച്ചുകൊന്നു.

ഡോ. അഡ്ലറെ, അദ്ദേഹത്തിന്റെ കുറ്റത്തിനു വിചാരണനടത്തി വെടിവച്ചുകൊല്ലുവാൻ വിധിച്ചപ്പോൾ, അദ്ദേഹം കോടതിയിൽവച്ചു പറഞ്ഞതു് ഇപ്രകാരമായിരുന്നു. "ഞാൻ ചെയ്യുന്നതു് എന്താണെന്നു് എനിക്കു് നല്ലവണ്ണമറിയാമായിരുന്നു." യുദ്ധം തുടങ്ങുന്നതിനു സഹായിച്ച എന്ന കാരണത്താൽ സ്റ്റർഗ്ക്ക് പ്രഭു വധാർഹനായിരുന്നു എന്നും അദ്ദേഹം അവരെ അറിയിച്ചു. അഡ്ലറുടെ ശിക്ഷ, പിന്നീടു്, പതിനെട്ടുകൊല്ലത്തെ തടവായി ഇളവുചെയ്യപ്പെട്ടു. പക്ഷെ 1918-ൽ ജർമ്മനി, യുദ്ധത്തിൽ പരാജയപ്പെട്ടപ്പോൾ അഡ്ലർ വിമോചിതനായി. ആ വാർത്ത ഐൻസ്റ്റയിനു് വളരെ ആശ്വാസം നൽകി.

യുദ്ധം, ജർമ്മനിയിൽ പാർത്തിരുന്ന എല്ലാവർക്കും വൈഷമ്യവും കഷ്ടതയും വരുത്തിവച്ചുവെങ്കിലും ഡോ. ഐൻസ്റ്റയിൻ പല കാരണങ്ങൾകൊണ്ടും സൌകര്യമായിത്തന്നെ കഴിഞ്ഞുകൂടി. അദ്ദേഹം ലൌകികകാര്യങ്ങളെക്കുറിച്ചു് ശ്രദ്ധിച്ചിരുന്നില്ല. ഭക്ഷണപദാർത്ഥങ്ങൾ സംഭരിക്കുന്നതിനു് എൽസാഐൻസ്റ്റയിൻ എത്രത്തോളം ക്ലേശിച്ചിരുന്നുവെന്നു് അദ്ദേഹം ഗ്രഹിച്ചിരുന്നില്ല. ഒരു വൈഷമ്യമേ അദ്ദേഹം അറിഞ്ഞിരുന്നുള്ളൂ. സ്വിറ്റ്സർലണ്ടിൽ താമസിച്ചിരുന്ന അദ്ദേഹത്തിന്റെ പ്രഥമഭാര്യയ്ക്കും രണ്ടു പുത്രന്മാർക്കും സുഖമായി കഴിയുന്നതിനു വേണ്ട പണം എത്തിച്ചുകൊടുക്കുക എന്നതായിരുന്നു ആ വൈഷമ്യം. ജർമ്മനിയിൽനിന്നു പുറത്തേയ്ക്കു പണം അയക്കുന്നതിനെ സംബന്ധിച്ചു് കർശനമായ നിബന്ധനകളുണ്ടായിരുന്നു. വിനിമയത്തോതിൽ കുറെയേറെ പണം നഷ്ടപ്പെട്ടുകൊണ്ടുമിരുന്നു.

ജർമ്മൻ ഗവർണ്മെന്റു് അദ്ദേഹത്തിനു് ഒരു ജർമ്മൻ 'പാസ്പോർട്ട്' കൊടുത്തിരുന്നു. തന്നിമിത്തം അദ്ദേഹത്തിനു്, തന്റെ സുഹൃത്തായ ഡോക്ടർ ലോറൻറ്സിനെ സന്ദർശിക്കുന്നതിനു് ഹോളണ്ടിലേക്കു വല്ലപ്പോഴും പോകാമായിരുന്നു. ഐൻസ്റ്റയിൻ ബർലിനിലെ ഗവേഷണപ്രവർത്തനങ്ങളെവിട്ടുപോരികയില്ലെന്നു് ലോറൻറ്സിനു് അറിയാമായിരുന്നു; എങ്കിലും ഡോക്ടർ ലോറൻറ്സ് ഐൻസ്റ്റയിനോടു് ലെയ്ഡൻ സർവ്വകലാശാലയിൽ വന്നു ജോലിചെയ്യുവാൻ അപേക്ഷിക്കുകയുണ്ടായി. ഇന്നാട്ടു ശാസ്ത്രവിചക്ഷണന്മാരും വളരെക്കാലത്തേയ്ക്കു്—ഡോ

ലോറൻറ് സിന്റെ മരണംവരെ—ആത്മമിത്രങ്ങളായി കഴിഞ്ഞു. ബർലിനിൽ തന്റെ ചുറുചുറുക്കുള്ള സംഭവങ്ങളിൽ ക്ലൈശാ തോന്നുമ്പോഴും ഐൻസ്റ്റയിൻ ലെയ്ഡനിലേക്കു പോകും; കുറെ ദിവസം ഡോ. ലോറൻറ്സുമൊത്തു കഴിച്ചുകൂട്ടും.

ഐൻസ്റ്റയിൻ എവിടെയെങ്കിലും പോയാൽ അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തെക്കുറിച്ചു വ്യാകുലയാകും. അദ്ദേഹത്തിന്റെ വയറ് ദഹനശക്തി കുറഞ്ഞതാണെന്ന് അവൾക്ക് അറിയാം. ശരിയായ സമയത്തു് സമൃക്കായ ആഹാരം കഴിക്കത്തക്കവണ്ണം അദ്ദേഹത്തിന്റെ ആഹാരക്രമം അവർ ചിട്ടപ്പെടുത്തിയിരുന്നു. വീട്ടുവിട്ടു് എവിടെയെങ്കിലും പോയാൽ താൻ എന്താണു് തിന്നുന്നതെന്നു് ശ്രദ്ധിക്കാതിരിക്കത്തക്കവണ്ണം അത്രയ്ക്കു് ഐൻസ്റ്റയിൻ അന്യമനസ്കനാണെന്നും അവർ ഗ്രഹിച്ചു. ഓരോ പ്രാവശ്യവും അദ്ദേഹം വീട്ടിലേക്കു മടങ്ങിവരുന്നതു് ദഹനക്കേടോടുകൂടിയായിരിക്കും.

"ആൽബർട്ട്! നിങ്ങൾ എന്താഹാരം കഴിക്കുകയായിരുന്നു" അവർ അദ്ദേഹത്തോടു് ശാസനാരൂപത്തിൽ ചോദിക്കും. അതു് അദ്ദേഹത്തിനു് ഓർമ്മയില്ലതന്നെ. ആഹാരം കഴിച്ചോ ഇല്ലയോ എന്നുപോലും അദ്ദേഹത്തിനു് ഓർമ്മിക്കുവാൻ കഴിഞ്ഞിരുന്നില്ല.

യുദ്ധകാലത്തു് ഹോളണ്ടിൽ ലഭിച്ചുവന്ന ഭക്ഷണം ജർമ്മനിയിലേതുപോലെ അത്രയധികം മോശമല്ലെന്നു് എൽസായ്ക്കു ബോദ്ധ്യമുണ്ടായിരുന്നു. അതിൽനിന്നു്

അതു് നല്ലതായിരുന്നുവെന്നു് അത്ഥമായില്ലല്ലൊ. ഡോ-ഐൻസ്റ്റയിനും ഡോ. ലോറൻറ്സും കൈയിൽ കിട്ടിയതു് എന്തെന്നു നോക്കാതെ ഭക്ഷിക്കത്തക്കവണ്ണം അവരുടെ ശാസ്ത്രീയസംഭാഷണങ്ങളിൽ ലയിച്ചു കഴിഞ്ഞിരിക്കും.

താനുണ്ടാക്കിയ രുചികരമായ സൂപ്പു് ഒരു പാത്രത്തിലാക്കി എൽസാ പ്രൊ. ഐൻസ്റ്റയിന്റെ മുൻപിൽ കൊണ്ടുവയ്ക്കും. അതിൽനിന്നു് ആവി പറക്കുന്നുണ്ടായിരിക്കും. 'അനുസരണയോടെ' അദ്ദേഹം ഒരു കരണ്ടികൊണ്ടു് അതു് വയറ്റിലാക്കും.

എൽസായുടെ പുത്രിമാരും ഐൻസ്റ്റയിനെ ശുശ്രൂഷിച്ചുവന്നു. അവരിരുവരും അദ്ദേഹത്തെ ആരാധിച്ചു. മൂത്തവളായ ഇൽസി(1), അവളുടെ അമ്മ ഡോ ഐൻസ്റ്റയിനെ വിവാഹം കഴിച്ച കാലത്തു് ഒരു യുവതിയായിക്കഴിഞ്ഞിരുന്നുവെന്നു പറയാം. അവളുടെ അമ്മയുടെ വിവാഹത്തിനുശേഷം ഏതാണ്ടു് ഒൻപതു കൊല്ലം കഴിഞ്ഞു് 1926-ൽ അവർ വിവാഹിതയായി ഐൻസ്റ്റയിന്റെ ഗൃഹംവിട്ടു പോയി. മാർഗാട്ടി(2)നു്, ഇൽസിയെക്കാൾ ഒന്നരവയസ്സു കുറവായിരുന്ന പ്രായം. അവൾ വളർന്നുവന്നതോടുകൂടി ഡോ-ഐൻസ്റ്റയിൻ അവളുടെ 'സാക്ഷാൽ പിതാവാ'യിത്തന്നെ കഴിഞ്ഞു.

എത്രതന്നെ സൂക്ഷിച്ചിരുന്നാലും എന്നല്ല നിർബ്ബന്ധിച്ചാലും അദ്ദേഹം ശുചിത്വം പാലിച്ചിരുന്നില്ല. മുട്ടിനു താഴെ തൂങ്ങിക്കിടന്ന ഒരു പഴയ കാലുറ, മുഷിഞ്ഞ ഒരു

(1) Ilse (2) Margot

സെപറർ, മനയുള്ള പുകക്കുഴൽ വായുമുറിയിൽ ചെന്നിരുന്ന ഗവേഷണം നിർവ്വഹിക്കുന്നതിന് ഇത്രയും മതി അദ്ദേഹത്തിന്.

അദ്ദേഹം തങ്ങളെ സ്നേഹിക്കുന്നുണ്ടെന്ന് കുടുംബാംഗങ്ങൾക്ക് നല്ലപോലെ അറിയാമായിരുന്നു. പക്ഷെ അദ്ദേഹം മറുള്ളവരോട് തനിക്കുള്ള ഭാവം സ്പഷ്ടമായി പ്രകടിപ്പിക്കുന്ന ക്രൂത്തിലായിരുന്നില്ല. ഒന്നു തലയാട്ടുന്നതോ, അല്പം ലോഹ്യം പ്രകടിപ്പിക്കുന്നതോ കണ്ട് അദ്ദേഹം അവരെ എത്രമാത്രം സ്നേഹിച്ചിരുന്നുവെന്ന് ഊഹിച്ചുകൊള്ളേണ്ടിയിരുന്നു. യുദ്ധം അവസാനിച്ചതോടുകൂടി ആളുകൾക്ക് യൂറോപ്പിൽ ഇഷ്ടംപോലെ സഞ്ചരിക്കാമെന്ന നിലവന്നു. അക്കാലത്തു് ഐൻസ്റ്റയിന്റെ പുത്രനായ എഡ്വേർഡ് അദ്ദേഹത്തെ കാണുവാൻ വരികയുണ്ടായി. അന്ന് ആ ബാലന് പതിനഞ്ചുവയസ്സു പ്രായമുണ്ടായിരുന്നു ഐൻസ്റ്റയിൻ ആ ബാലനെ ആലിംഗനം ചെയ്യുകയാകട്ടെ, മറുള്ളവർ കാണിക്കാറുള്ളതുപോലെ അയാളോട് സ്നേഹപ്രകടനം നടത്തുകയാകട്ടെ ചെയ്തില്ല. ആൽബർട്ട് ഐൻസ്റ്റയിനിൽ ശാസ്ത്രത്തിന്റെ പ്രത്യേകതകളായ ശാന്തതയും നിഷ്പക്ഷതയും കളിയാടി. വികാരാധീനനായോ ക്ഷോഭിച്ചോ അദ്ദേഹത്തെ കാണ്മാൻ പ്രയാസമാണ്. അദ്ദേഹം വല്ലപ്പോഴും ദ്വേഷ്യപ്പെട്ടിരുന്നെങ്കിൽ, അതു് അദ്ദേഹത്തിന്റെ സഹനശക്തിക്ക് ഒരു അഗ്നിപരീക്ഷ നടത്തിക്കഴിഞ്ഞിട്ടായിരിക്കും. അദ്ദേഹത്തിന്റെ കുട്ടുകുടെയുള്ള ചിരി—മറുള്ളവരെയും ചിരിപ്പിക്കുവാൻ പോരുന്ന നിഷ്കപടമായ

ആ ചിത്രം—അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട പ്രത്യേകതകളിൽ ഒന്നായിരുന്നു. ജീവിതത്തിന്റെ വിനോദപരമായ വശം കാണുവാനും കണ്ടു രസിക്കുവാനുമുള്ള സന്ദർഭം അദ്ദേഹം ഒരിക്കലും പാഴാക്കിയിരുന്നില്ല.

വളരെ ആർദ്രതയുള്ളതായിരുന്ന അദ്ദേഹത്തിന്റെ ഹൃദയം പ്രായമേറിവന്നപ്പോൾ മറ്റുള്ളവരുടെ കഷ്ടതകളിൽ പങ്കുകൊള്ളുന്നതിനും അവരുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിനും അദ്ദേഹം അധികമധികം സമയം വിനിയോഗിച്ചുവന്നു.

1918-ൽ ജർമ്മനി കീഴടങ്ങിയതോടുകൂടി ഒന്നാം ലോകമഹായുദ്ധം അവസാനിച്ചു. ജനറൽ സാപേക്ഷതാവാദത്തെക്കുറിച്ചുള്ള തന്റെ ജോലി മൂന്നു കൊല്ലം മുൻപു തന്നെ അദ്ദേഹം പൂർത്തിയാക്കിക്കഴിഞ്ഞിരുന്നു. പക്ഷെ ബഹുഭൂരിപക്ഷം സംഭ്രമിച്ചും കഴിഞ്ഞിരുന്ന ലോകർ അതറിഞ്ഞില്ല. ഏതാനും ശാസ്ത്രജ്ഞന്മാർ മാത്രമേ അതു ശ്രദ്ധിച്ചിരുന്നുള്ളൂ.

യുദ്ധം അവസാനിക്കുകയും ലോകത്തിൽ സമാധാനം കൈവരികയും ചെയ്തപ്പോൾ, ആൽബർട്ട് ഐൻസ്റ്റയിനെസംബന്ധിച്ചുള്ള വാർത്ത പരക്കുകതന്നെ ചെയ്തു. 1905-ൽ പ്രസിദ്ധപ്പെടുത്തിയ അദ്ദേഹത്തിന്റെ പ്രഥമ പ്രബന്ധത്തിന്റെ ഉള്ളടക്കം ശാസ്ത്രജ്ഞന്മാരിൽപോലും ഏതാനുംപേരേ വേണ്ടപോലെ മനസ്സിലാക്കിയിരുന്നുള്ളൂ. പത്തു കൊല്ലത്തിനു ശേഷം പ്രസിദ്ധീകൃതമായ രണ്ടാമത്തെ പ്രബന്ധത്തിലെ പ്രതിപാദ്യം മനസ്സിലാക്കിയവരുടെ സംഖ്യ അതിലും കുറവാണു്. ഐൻസ്റ്റയിന്റെ സിദ്ധാ

ന്തങ്ങളെ ഗ്രഹിക്കുവാനുള്ള ഉദ്യമത്തിൽ നേരിടേണ്ടി വരുന്ന വൈഷമ്യം ഗണിതസാമ്രാജ്യത്തിലെ ഉന്നതങ്ങളായ ചില ഗിരിശൃംഗങ്ങളുമായി പരിചയമുണ്ടായിരിക്കണം എന്നതാകുന്നു. അദ്ദേഹത്തിന്റെ 'ഗുരുത്വാകർഷണക്ഷേത്ര'സിദ്ധാന്ത (Theory of Gravitational Fields) ത്തെക്കുറിച്ചു് ഗണിതവിജ്ഞാനമില്ലാതെ, ഒരു സാമാന്യ ബോധം നേടുവാൻ കഴിഞ്ഞേയ്ക്കുമെങ്കിലും വ്യക്തമായി മനസ്സിലാക്കുവാൻ സാദ്ധ്യമല്ല.

ചിന്തിക്കുവാൻ അത്ര എളുപ്പമായ ഒരു വിഷയമല്ലാ ഗുരുത്വാകർഷണമെന്നതു്. ഐൻസ്റ്റയിന്റെ രണ്ടാമത്തെ സിദ്ധാന്തം പുറത്താകുന്നതുവരെ, സ്പെയിസിൽ വർത്തിക്കുന്ന ഗ്രഹങ്ങൾക്കും നക്ഷത്രങ്ങൾക്കുമിടയിൽ ഒരു ആകർഷണശക്തി നിലവിലിരുന്നതായി ശാസ്ത്രജ്ഞന്മാർ വിശ്വസിച്ചിരുന്നു. ഉദാഹരണമായി സൂര്യൻ പിടിച്ചു നിറുത്തിയിരിക്കുന്നതുകൊണ്ടാണു് ഭൂമി സൂര്യന്റെ സമീപത്തുതന്നെ വർത്തിക്കുന്നതു്. അതു് അത്ര ശരിയല്ലെന്നു് ഐൻസ്റ്റയിൻ അഭിപ്രായപ്പെട്ടു. ഗ്രഹങ്ങളും ഉദാസീനങ്ങളാകുന്നു. തന്നിമിത്തം ഏറ്റവും വിഷ്കൃഷ്ടമായ മാർഗ്ഗം അവലംബിക്കുകയാണു് അവയുടെ പതിവു്. സ്പെയിസിൽ അങ്ങു ദൂരത്തായി കുന്നുകളും താഴ്വരകളും നമുക്കു് അദൃശ്യങ്ങളായി വർത്തിക്കുന്നുണ്ടു്. ഒരു ഖേചരം — അതിന്റെ സഞ്ചാരത്തിനിടയ്ക്കു് ഒരു കുന്നിനു് അടുത്തെത്തിയാൽ ആ കുന്നിനെ ചുറ്റിവരികയായി. അതാണല്ലോ കൂടുതൽ എളുപ്പവും. ഒരു ഖേചരം ഒരു താഴ്വരയ്ക്കു് അടുത്തെത്തുമ്പോൾ അതിനകത്തു വീഴുന്നു; പിന്നീടു് ആ താഴ്വരയിലൂടെ സഞ്ചാരം തുടരുന്നു.

ഡോ. ഐൻസ്റ്റയിൻ ഒരു പടികൂടി മുന്നോട്ടു പോയി. സാമാന്യജനങ്ങൾക്ക് മനസ്സിലാക്കുവാൻ കഴിയുന്ന ഒരു ദീർഘദർശനം നടത്തി. അദ്ദേഹം ശാസ്ത്രലോകത്തെ അറിയിച്ചു: "അടുത്ത സൂര്യഗ്രഹണ സമയത്തു് പരിശോധിച്ചു കൊള്ളുക. ചന്ദ്രൻ സൂര്യന്റെ മുൻപിൽ വന്നു് സൂര്യബിംബത്തെ പൂർണ്ണമായി മറയ്ക്കുമ്പോഴും, സൂര്യന്റെ 'അടുത്തു സ്ഥിതിചെയ്യുന്ന' നക്ഷത്രങ്ങളെ നിങ്ങൾക്കു് കാണുവാൻ കഴിയും. എന്റെ ഗുരുത്വാകർഷണസിദ്ധാന്തം ശരിയാണെങ്കിൽ ആ നക്ഷത്രങ്ങൾക്കു് സ്ഥാനഭ്രംശം സംഭവിച്ചതായിതോന്നും"

'ആകാശത്തിൽ നക്ഷത്രങ്ങൾക്കു് സ്ഥാനമാറ്റമുണ്ടായതായി തോന്നും' എന്നു് അദ്ദേഹം ദീർഘദർശനം ചെയ്തു. ഇതിന്റെ അർത്ഥമെന്തു് ? നോക്കുക. (നമ്മിൽ നിന്നു്) സൂര്യനെക്കാൾ വളരെയധികം അകന്നു് കോടാനുകോടി മൈലുകൾക്കപ്പുറം വർത്തിക്കുന്നവയാണു് നക്ഷത്രങ്ങൾ. ഭൂമി അതിന്റെ അച്ചുതണ്ടിൽ ഭ്രമണം നിർവ്വഹിക്കുന്നതുകൊണ്ടു് നക്ഷത്രങ്ങൾ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നതായി നമുക്കു തോന്നുന്നു. ഭൂമി സൂര്യനെ പ്രദക്ഷിണം വയ്ക്കുമ്പോൾ ആകാശത്തിന്റെ ഭിന്നഭിന്നങ്ങളായ ഭാഗങ്ങളാണു് ഓരോ സംവത്സരത്തിലും പല സമയത്തു നമ്മുടെ മുൻപിൽ പ്രത്യക്ഷമാകുന്നതു്.

പ്രധാനപ്പെട്ട ഒരു കാര്യം ഇതാകുന്നു. ഒരു നിശ്ചിത സമയത്തു്—ഡിസംബർ പത്താതിയതി രാത്രി എട്ടുമണിക്കു് എന്നിരിക്കട്ടെ—ഒരേ സ്ഥാനത്തുനിന്നു നോക്കുകയാണെങ്കിൽ കൊല്ലംതോറും നിങ്ങൾ ഒരേ നക്ഷത്രനിരയാ

യിരിക്കും കാണുക. നിങ്ങൾ നില്ക്കുന്ന സ്ഥലം ഭ്രമദ്ധ്യ രേഖയ്ക്കു വടക്കാണെങ്കിൽ സപ്തർഷികൾ, ശബരഗണം മുതലായ നക്ഷത്രസ്തബകങ്ങളും കാണാം. ഈ നക്ഷത്രസ്തബകങ്ങളിലെ നക്ഷത്രങ്ങൾക്ക തമ്മിൽത്തമ്മിലുള്ള അകൽച്ചകൾക്ക് മാറ്റം വരുന്നതല്ലാ.

നക്ഷത്രങ്ങളിൽനിന്നു പുറപ്പെടുന്ന പ്രകാശകിരണങ്ങൾ, സൂര്യന്റെ സമീപത്തുകൂടി കടന്നുവന്ന് നമ്മുടെ അടുക്കലേയ്ക്ക് എത്തുമ്പോൾ ഒരേചൊവ്വിന് ഋജുവായി സഞ്ചരിക്കുന്നില്ലെന്നും അല്പം ചരിയുന്നുണ്ടെന്നും ഐൻസ്റ്റയിൻ പ്രസ്താവിച്ചു. ആ നക്ഷത്രങ്ങൾക്ക് മറ്റു നക്ഷത്രങ്ങളെ അപേക്ഷിച്ച് സ്ഥാനഭ്രംശം വന്നതായി തോന്നുവാൻ ഈ ചരിവ് ഇടവരുത്തുന്നു. അതായത് തമ്മിൽത്തമ്മിൽ എപ്പോഴും ഒരേ അകൽച്ചയിൽ വർത്തിക്കുന്നതായി തോന്നുന്ന രണ്ടു നക്ഷത്രങ്ങൾ അല്പം അടുക്കുകയോ അകലുകയോ ചെയ്തതായിതോന്നും.

സൂര്യൻ നമുക്കും നക്ഷത്രങ്ങൾക്കുമിടയ്ക്കു വർത്തിക്കുമ്പോൾ മാത്രമേ ഇപ്രകാരം സംഭവിക്കുന്നുള്ളു എന്നും പറയേണ്ടതുണ്ട്. പകൽ സമയം സൂര്യന്റെ കണ്ണഞ്ചിക്കുന്ന പ്രഭ, നക്ഷത്രങ്ങളെ കാണ്മാൻ അസാദ്ധ്യമാക്കിത്തീർക്കുന്നു. ചന്ദ്രൻ നമ്മെ സൂര്യപ്രഭയിൽനിന്നു പരിപൂർണ്ണമായി വിമോചിപ്പിക്കുന്ന സമയമായ സൂര്യന്റെ പൂർണ്ണഗ്രഹണത്തിനുവേണ്ടി കാത്തിരിക്കുവാൻ ഐൻസ്റ്റയിൻ ശാസ്ത്രജ്ഞന്മാരെ ഉപദേശിച്ചു. പൂർണ്ണഗ്രഹണവേളയിൽ നക്ഷത്രങ്ങൾ ദൃശ്യമാകുന്നതാണ്.

രാത്രി സമയങ്ങളിൽ നക്ഷത്രങ്ങളിൽനിന്ന് നമ്മുടെ അടുക്കലേയ്ക്ക വരുന്ന പ്രകാശത്തിന്, ഒരു തടസ്സവും കൂടാതെ ഋജുരേഖയിൽക്കൂടി, സഞ്ചരിക്കാം. പകൽ സമയത്ത്, ചില നക്ഷത്രങ്ങളിൽനിന്ന പുറപ്പെടുന്ന പ്രകാശം സൂര്യന്റെ അരികിൽക്കൂടി സഞ്ചരിച്ചുവേണം ഭൂമിയിൽ എത്തുവാൻ. സൂര്യന്റെ ചുറ്റിലും ഒരു ഗുരുത്വാകർഷണ ക്ഷേത്രമുണ്ട്. ആ ക്ഷേത്രത്തിനുള്ളിൽക്കൂടി കടന്ന പോരുമ്പോൾ ഒരു പ്രകാശകിരണത്തിന് അതിന്റെ മാർഗ്ഗത്തിൽ നിന്ന് അല്പം വ്യതിചലനം അഥവാ ചരിവ് സംഭവിക്കുന്നു. ഭൂമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന നാം നക്ഷത്രങ്ങളിലേയ്ക്ക നോക്കുമ്പോൾ, പ്രകാശത്തിനുണ്ടാകുന്ന ചരിവുനിമിത്തം, നക്ഷത്രങ്ങളുടെ സ്ഥാനങ്ങൾക്ക് മാറ്റം സംഭവിക്കുന്നതായി ഗ്രഹിക്കുന്നു. യഥാർത്ഥത്തിൽ അവയ്ക്ക് സ്ഥാനഭ്രംശമുണ്ടാകുന്നില്ല; അങ്ങിനെ തോന്നുന്നുവെന്നേയുള്ളൂ. അവയിൽനിന്ന വരുന്ന പ്രകാശത്തിന്റെ ഗതി അല്പം ചരിഞ്ഞു പോകുന്നതുകൊണ്ട് അങ്ങിനെ തോന്നുകയാണ്. സൂര്യനു ചുറ്റുമുള്ള ഗുരുത്വാകർഷണ ക്ഷേത്രത്തിന്റെ പ്രഭാവംകൊണ്ടുണ്ടാകുന്നതാണ് ഈ ചരിവ്.

ഐൻസ്റ്റയിൻ ദീർഘദർശനം നടത്തിയതോട്ടുകൂടി ശാസ്ത്രജ്ഞന്മാർ അദ്ദേഹത്തിന്റെ ഗണിതക്രിയകളെ പരീക്ഷണവിധേയമാക്കുവാൻ തത്പരരായി. അദ്ദേഹം പറഞ്ഞതു ശരിയാണോ എന്ന അടുത്ത പൂർണ്ണഗ്രഹണ സമയത്ത് അവർ ഒത്തുനോക്കുവാൻ തീർച്ചയാക്കി. അതോടുകൂടി അദ്ദേഹം ഒരു 'വഞ്ചക'നാണോ അതോ ഏറ്റവും മഹാനായ ശാസ്ത്രജ്ഞനാണോ എന്നും അവർക്ക് കണ്ടുപിടിക്കാമെന്ന് കാത്തിരുന്നു.

ആൽബർട്ട് ഐൻസ്റ്റയിനൊഴികെ മറെല്ലാവർക്കും ഉൽക്കണ്ഠ തോന്നി. താൻ പറഞ്ഞതു് ശരിയാണെന്നു് അദ്ദേഹത്തിനു നന്നേ ബോദ്ധ്യമായിരുന്നു. കോലാഹലങ്ങളെ ഗണ്യമാക്കാതെ അദ്ദേഹം ഹാബർലണ്ടു് തെരുവിലുള്ള തന്റെ ഭവനത്തിൽ ശാന്തനായി ഇരിക്കുകയായിരുന്നു. അദ്ദേഹം, നക്ഷത്രങ്ങളുടെ സ്ഥാനങ്ങൾക്കു മാറ്റം സംഭവിക്കുമെന്നുമാത്രം പറഞ്ഞു് അവസാനിപ്പിക്കുകയല്ലാ ചെയ്തതു്. പിന്നെയോ ഗണിതപരമായ വിചിന്തനങ്ങളിലൂടെ ആ നക്ഷത്രങ്ങൾ എത്രമാത്രം മാറിയിരിക്കുന്നതായി തോന്നുമെന്നും കൃത്യമായി പരിഷ്കരിക്കുകയുമുണ്ടായി

1919-ാമാണ്ടു് മാർച്ചുമാസമായിരുന്നു സൂര്യന്റെ അടുത്ത പൂർണ്ണഗ്രഹണം സംഭവിച്ചതു്. വടക്കേആഫ്രിക്കാ, അറ്റ്ലാന്റിക് മഹാസമുദ്രത്തിന്റെ ദക്ഷിണഭാഗം, തെക്കേ അമേരിക്കയിലെ ബ്രസീൽരാജ്യം എന്നീ ഭൂഭാഗങ്ങളിൽക്കൂടി അപ്പോൾ ഒരു ഇരുണ്ട നിഴൽ നീങ്ങി. ഭൂലോകത്തിൽവച്ചു് ഏറ്റവും പ്രധാനപ്പെട്ട ശാസ്ത്രസമിതികളിൽ ഒന്നായ ഇംഗ്ലണ്ടിലെ രാജകീയ സമാജം ഈ ഗ്രഹണസമയം പരീക്ഷണങ്ങൾ നിർവഹിക്കുന്നതിനു് കുറെ ശാസ്ത്രജ്ഞന്മാരെ നിയോഗിക്കുവാൻ തീരുമാനിച്ചു. അതിനായി രണ്ടു 'യാത്രാസംഘ'ങ്ങളെ നിയോഗിച്ചു. അവയിലൊന്നു് ആഫ്രിക്കയിലേയ്ക്കും, വേറൊന്നു് ബ്രസീലിലേയ്ക്കും പോയി. ഇംഗ്ലണ്ടും ജർമ്മനിയും തമ്മിൽ യുദ്ധം നടന്നുകൊണ്ടിരുന്നപ്പോൾത്തന്നെ ഈ യാത്രാസംഘങ്ങളെ അയയ്ക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ആരംഭി

ച്ചുകഴിഞ്ഞിരുന്നു. തല്ക്കാല സന്ധികഴിഞ്ഞു് നാലു മാസത്തിനുശേഷം ഇക്കാര്യം വെളിപ്പെടുത്തപ്പെട്ടു.

ശാസ്ത്രലോകത്തിലെ ഒരു സുപ്രധാന ദിവസമായ 1919-ാമാണ്ടു് മാർച്ചു് 29-ാം തീയതി രണ്ടു സംഘം ശാസ്ത്രജ്ഞന്മാർ ഗ്രഹണം സംഭവിക്കുന്നതു കാണാൻ കാത്തിരിക്കുകയായിരുന്നു. ബ്രസീൽ രാജ്യത്തിന്റെ പൂവ് ഭാഗത്തുള്ള സൊബ്രാൽ എന്ന സ്ഥലത്തായിരുന്നു ഒരു സംഘം ശാസ്ത്രജ്ഞന്മാർ ക്യൂടിയിരുന്നതു്; മറേറ സംഘം ആഫ്രിക്കയുടെ പടിഞ്ഞാറൻ കരയ്ക്കപ്പുറത്തായി, ഭൂമദ്ധ്യരേഖയുടെ അടുത്തു് സ്ഥിതിചെയ്യുന്ന പ്രിൻസിപ്പു് എന്ന ദ്വീപിലായിരുന്നു. ഉഷ്ണമേഖലയിൽ കിടക്കുന്ന ആ ദ്വീപിലെ അസഹനീയമായ ചൂടുകൊണ്ടു് അവർ വിയർത്തൊലിച്ചുകൊണ്ടിരുന്നു. രണ്ടുകൂട്ടരും തങ്ങളുടെ സൂക്ഷ്മങ്ങളായ ഉപകരണങ്ങളും സജ്ജമാക്കി വച്ചിരുന്നു; സൂര്യന്റെ ഉജ്ജ്വലപ്രഭയിൽനിന്നു് അവരെ മറച്ചുകൊണ്ടു് ചന്ദ്രൻ സൂര്യന്റെ മുൻപിലെത്തുമ്പോൾ സൂര്യന്റെ 'അടുത്തു സ്ഥിതി'ചെയ്യുന്ന നക്ഷത്രങ്ങളുടെ ചിത്രങ്ങളും ലേഖനം ചെയ്യാൻ പോരുന്ന ഛായാഗ്രാഹികളും ഒരുക്കിവച്ചിരുന്നു.

പൂർണ്ണഗ്രഹണം രണ്ടു മിനിട്ടു നേരത്തേയ്ക്കു ഉണ്ടായിരിക്കുകയുള്ളൂ. അതുകൊണ്ടു് പെട്ടെന്നുപെട്ടെന്നു് പ്രവർത്തിക്കുവാൻ അവർ തയ്യാറായിരുന്നു. ചന്ദ്രൻ സൂര്യനെ സമീപിച്ചുതുടങ്ങി. ക്രമേണ സൂര്യബിംബത്തിന്റെ ഒരറ്റം മറവിലായി (പകൽ) വെളിച്ചം മങ്ങിരാത്രിയായതുപോലെ തോന്നി. ചന്ദ്രൻ സൂര്യന്റെ മുൻപിൽ വന്നു

നിന്ന് അതിനെ പൂണ്ണമായി മറച്ചുകഴിഞ്ഞു. ആവുന്നതും വേഗത്തിൽ അവർ ഛായാഗ്രഹണ ചിത്രങ്ങൾ പിടിച്ചു. ഏതാനും മിനിട്ടുകൊണ്ട് ജോലി അവസാനിച്ചു.

വിലപ്പെട്ട ഛായാഗ്രഹണഫലകങ്ങളെ സൂക്ഷിച്ചു കൊണ്ടുവന്ന്, അവരുടെ പ്രയോഗശാലകളിൽവച്ച് ആ ചിത്രങ്ങളെ 'ഡെവലപ്പ്' ചെയ്തു. ആ ചിത്രങ്ങളെ മുൻപിൽ വിരിച്ചിട്ടുകൊണ്ട് സൂക്ഷ്മങ്ങളായ ഉപകരണങ്ങൾകൊണ്ട് അളക്കുവാനാരംഭിച്ചു.

ഐൻസ്റ്റയിന്റെ ദീർഘദർശനം ശരിയായിരുന്നു; വളരെ കൃത്യമായിരുന്നു. ആ നക്ഷത്രങ്ങൾക്ക് സ്ഥാനഭ്രംശം സംഭവിച്ചതായി തോന്നുകതന്നെചെയ്തു. വിദൂരസ്ഥങ്ങളായ നക്ഷത്രങ്ങളിൽനിന്നു വരുന്ന പ്രകാശകിരണങ്ങൾ സൂര്യന്റെ സമീപത്തുകൂടി കടന്നുവരുമ്പോൾ സൂര്യന്റെ ഗുരുത്വാകർഷണക്ഷേത്രം അവയെ ആകർഷിച്ച് അവയുടെ മാർഗ്ഗത്തിൽ വ്യതിചലനമുളവാക്കുന്നുണ്ട്.

"പ്രൊഫസ്സർ ഐൻസ്റ്റയിൻ! അനുമോദനങ്ങൾ" അക്കാഡമിയിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകർ വിളിച്ചുപറഞ്ഞു.

അവരിൽ ഒരാൾ പറഞ്ഞു: "നിങ്ങളുടെ സിദ്ധാന്തങ്ങൾ ശരിയാണെന്നു തെളിഞ്ഞ സ്ഥിതിക്ക് നിങ്ങൾ ഇപ്പോൾ എത്രമാത്രം സന്തോഷവാനായിത്തീർന്നിരിക്കണം."

ഡോ. ഐൻസ്റ്റയിൻ അദ്ദേഹത്തിന്റെ പുകക്കുഴൽ വായിൽനിന്നെടുത്തിട്ടു പറഞ്ഞു:—"എനിക്ക്

ഒരു തെളിവും വേണ്ടിയിരുന്നില്ല, മറവുള്ളവക്കാണല്ലൊ തെളിവു വേണ്ടിയിരുന്നത്."

ഈ വാത്ത കാട്ടുതീപോലെ പരന്നു. ഐൻസ്റ്റയിൻ പെട്ടെന്നു് ലോകപ്രസിദ്ധനായി. അദ്ദേഹത്തെക്കുറിച്ചു സകല ഭാഷകളിലും ഗ്രന്ഥങ്ങളും ലേഖനങ്ങളും പത്രക്കുറിപ്പുകളും എഴുതപ്പെട്ടു. അദ്ദേഹം എന്തു നേടി എന്നു് വളരെ കുറച്ചു് ആളുകളേ ഗ്രഹിച്ചുള്ളൂ; എങ്കിലും അദ്ദേഹം സുഗ്രഹീതനാമാവായിത്തീർന്നു.

അദ്ധ്യായം പതിനൊന്നു്.

സിയോണിസം (Zionism)

ശാന്തമായ ഒരു കോണിൽ തനിയെ ഇരുന്നു ചിന്തിക്കുവാനാണു് ഐൻസ്റ്റയിൻ കാംക്ഷിച്ചതു്. പക്ഷേ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുള്ള പത്രലേഖകന്മാരും, കൈയൊപ്പുശേഖരക്കാരും, മഹായാഗ്രാഹികളും എന്നുവേണ്ട അദ്ദേഹത്തെ സമീപിക്കുവാൻ ഒരു ന്യായവുമില്ലാത്തവരും വന്നു ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. ആരാധകന്മാരിൽനിന്നു മാത്രമല്ല മനശ്ചാപല്യമുള്ളവരിൽനിന്നും അദ്ദേഹത്തിനു കെട്ടുകെട്ടായി കത്തുകൾ ലഭിച്ചു. ലോകത്തിലുള്ള മിക്കവാറും എല്ലാ ഭാഷകളിലുമായി എഴുതപ്പെട്ടവയായിരുന്നു ആ കത്തുകൾ. ഹോളിവുഡ്ഡുകാർ അദ്ദേ

ഹത്തെ ഒരു ചലച്ചിത്രത്തിനു വിഷയമാക്കുവാൻ ആഗ്രഹിക്കുകയും ഒരു വമ്പിച്ച തുക അദ്ദേഹത്തിനു നൽകുവാൻ തയ്യാറാവുകയും ചെയ്തു.

"ലോകക്ക് ചിത്രഭ്രമം സംഭവിച്ചിരിക്കുന്നു" എന്നു മാത്രമേ ഡോ. ഐൻസ്റ്റയിനു പറയുവാനുണ്ടായിരുന്നുള്ളൂ.

ഡോ. ഐൻസ്റ്റയിനെ സംരക്ഷിക്കുക എന്ന പണി അദ്ദേഹത്തിന്റെ ഭാര്യയുടെ കഴിവുകൾക്ക് അതീതമായിത്തീർന്നു. അവരുടെ ഭർത്താവിനെ സമീപിക്കുവാൻ കഴിയാതെവന്നപ്പോൾ ആളുകൾ അവരെ പടിക്കുടി. ഐൻസ്റ്റയിന്റെ ഭാര്യ പീടികയിൽചെന്ന് സാമാനം വാങ്ങിക്കൊണ്ടു മടങ്ങിവന്ന്, അവർ താമസിക്കുന്ന വിഭാഗത്തിലെത്തുവാൻ, എലിവേറ്റർ(1)നുള്ളിൽ പ്രവേശിക്കും. അപ്പോൾ അവരോടൊത്ത് എലിവേറ്ററിനകത്ത് ആരോ ഒരാൾകൂടി കടന്നിരിക്കുന്നതായി കാണും. ആ എലിവേറ്ററിനുള്ളിൽ അവർ രണ്ടുപേർ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

"ഒരു മഹാന്റെ ഭാര്യയായിരിക്കുന്നതിനെപ്പറ്റി നിങ്ങൾക്ക് എന്തു തോന്നുന്നു."

"പ്രൊ. ഐൻസ്റ്റയിൻ കാലത്തു കാപ്പിക്കു എന്താണു കഴിക്കുന്നത്?"

"അദ്ദേഹം ജോലി ചെയ്യുന്ന സമയം ഏതാണ്?"

---

(1) ഒരു കെട്ടിടത്തിന്റെ ഒരു നിലയിൽനിന്നു മറ്റു നിലകളിലേക്ക് ആവശ്യംപോലെ പൊങ്ങുകയോ താഴുകയോ ചെയ്യുന്ന ഒരു അറയാണ് 'എലിവേറ്റർ'.

"അദ്ദേഹത്തിന് രാത്രിയിൽ ഗാഢനിദ്രയുണ്ടാകാറുണ്ടോ ?" എന്നിത്തരത്തിലുള്ള കുറെ പൊട്ടച്ചോദ്യങ്ങളിൽനിന്ന് അവക്ക് ഒഴിഞ്ഞുമാറുവാൻ സാദ്ധ്യമല്ലെന്നു വന്നുകൂടുന്നു.

ലോകരുടെ ശ്രദ്ധ കേന്ദ്രീകരിച്ചതിൽ ഐൻസ്റ്റയിനെക്കാൾ അദ്ദേഹത്തിന്റെ ഭാര്യയ്ക്കായിരുന്നു കൂടുതൽ വൈഷമ്യം. ഇത്തരത്തിലുള്ള പ്രസിദ്ധി ആർജ്ജിക്കുവാൻ അദ്ദേഹം എന്തു ചെയ്തു ?

അദ്ദേഹത്തിന് ബഹുമതികൾ എത്രയെറെ നല്കിയിട്ടും ലോകർക്ക് അലംഭാവം തോന്നിയില്ല. അദ്ദേഹത്തിന് പാരിതോഷികങ്ങൾ നല്കപ്പെട്ടു; മെഡലുകൾ ചാർത്തപ്പെട്ടു. അദ്ദേഹം വാനോളം പുകഴ്ത്തപ്പെടുകയും ചെയ്തു. അദ്ദേഹമാകട്ടെ ഇത്തരം സന്ദർഭങ്ങളെ അല്പം നീരസത്തോടുകൂടിയാണ് വീക്ഷിച്ചതു; പ്രവൃത്തിനിരതനായി കഴിയുകയുമായിരുന്നു.

ലോകത്തിൽ നടമാടുന്ന കഷ്ടതകൾ ഡോ. ഐൻസ്റ്റയിനെ കൂടുതൽ ആകുലനാക്കി. ഒന്നാം ലോകമഹായുദ്ധം അവസാനിച്ചതേയുള്ളൂ. യൂറോപ്പ് തകർന്നുകിടക്കുകയായിരുന്നു. ബോംബിട്ടു നശിപ്പിച്ചിരുന്ന കെട്ടിടങ്ങളെ പുതുക്കുകയോ വീണ്ടും പണിയുകയോ ചെയ്യേണ്ടിയിരുന്നു; അനാഥരായിത്തീർന്ന കുട്ടികളെ കണ്ടുപിടിച്ചു സംരക്ഷിക്കേണ്ടിയിരുന്നു ; കന്നുകാലികളെ കൊന്നൊടുക്കുകയും വയലുകളെ തീവച്ചു നശിപ്പിക്കുകയും ചെയ്തതുകാരണം ജനങ്ങൾ പട്ടിണികിടക്കുകയായിരുന്നു.

വളരെയധികം ശ്രോതാക്കളെ ആകർഷിക്കുവാൻ പോരുന്ന പ്രശസ്തി ഐൻസ്റ്റയിൽ ആർജ്ജിച്ചുകഴിഞ്ഞിരുന്നുവല്ലൊ. ഇപ്പോഠം രാഷ്ട്രീയകാര്യങ്ങഠം, ലോകസംഭവങ്ങഠം എന്നിവയെക്കുറിച്ചു് അദ്ദേഹം പ്രസങ്ഗിക്കുന്നതു കേഠംക്കുവാൻ ആളുകഠം തടിച്ചുകൂട്ടമായിരുന്നു. തന്റെ പ്രസിദ്ധി പരിഹാസ്യമായിട്ടാണു് അദ്ദേഹത്തിനു തോന്നിയിരുന്നതെങ്കിലും, സമാധാനേച്ഛയെപ്പറ്റിയെങ്കിലും സംസാരിക്കുവാൻ കഴിയുമല്ലൊ എന്നു് അദ്ദേഹം ആശ്വസിച്ചു. അദ്ദേഹത്തിന്റെ പ്രസങ്ഗം കേഠംക്കുവാൻ ഉത്തും തള്ളും നടത്തിയാണു് ശ്രോതാക്കഠം പ്രസങ്ഗശാലയ്ക്കുള്ളിൽ കടന്നതു്. യുദ്ധത്തിന്റെ ഫലമായി ലോകരാകമാനം ജമ്മനിയെ വെറുത്തിരുന്നു. എങ്കിലും 'ജമ്മൻകാര'നായ ഐൻസ്റ്റയിൻ ഇംഗ്ലണ്ടു്, ഫ്രാൻസു്, അമേരിക്കൻ ഐക്യനാട്ടകഠം എന്നീ രാജ്യങ്ങഠം സന്ദർശിക്കുവാൻ ക്ഷണിക്കപ്പെട്ടു. അവർ അദ്ദേഹത്തെ ഒരു സ്വിസ്യൂദനായി കരുതി. ജമ്മൻകാർ അഭിമാനപൂർസ്സരം അദ്ദേഹത്തെ ഒരു ജമ്മൻശാസ്ത്രജ്ഞനെന്നു പറഞ്ഞുവന്നു.

യുദ്ധം ആരംഭിച്ചതിൽ ജമ്മൻകാരല്ലാ കുറ്റവാളികളെന്ന പ്രസ്താവനയുടെ ചുവട്ടിൽ, തൊണ്ണൂറിരണ്ടു പ്രസിദ്ധ ജമ്മൻകാരോടൊത്തു് ഒപ്പുവയ്ക്കുന്നതിനു് അദ്ദേഹം വിസമ്മതിച്ച കാര്യം ഇംഗ്ലണ്ടിലും ഫ്രാൻസിലും അമേരിക്കൻ ഐക്യനാട്ടകളിലും ഓമ്മിക്കപ്പെട്ടു. ലോകത്തിന്റെ നാനാഭാഗത്തുനിന്നു് അദ്ദേഹത്തിനു ക്ഷണം ലഭിച്ചുകൊണ്ടിരുന്നു.

പാരീസ്സിലുള്ള നക്ഷത്രബംഗ്ലാവിൽനിന്നു ലഭിച്ച ക്ഷണം സ്വീകരിച്ചിരുന്നതനുസരിച്ചു് അദ്ദേഹം ഫ്രാൻസ് സന്ദർശിക്കുവാൻ പുറപ്പെട്ടു. താൻ ഒരു വിശിഷ്ട വ്യക്തിയായി കരുതപ്പെടുന്നുണ്ടെന്ന കാര്യം ഡോ. ഐൻസ്റ്റയിനു് ഒരിക്കലും ഓർമ്മിച്ചിരിക്കുവാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹം തീവണ്ടിയിൽ മൂന്നാംക്ലാസ്സു് മുറിയിലാണു് സഞ്ചരിച്ചതു്; ഒരു വണ്ടി ക്ലാസ്സിനും പിടിക്കാതെ നടക്കുകയാണു് ചെയ്തതു്. ഫ്രാൻസിലേക്കുള്ള യാത്രയിൽ, തീവണ്ടിയുടെ ഒരു ഇരുണ്ട കോണിൽ, ആരുടേയും ശ്രദ്ധയിൽപെടാതെ അദ്ദേഹം ഇരിക്കുകയായിരുന്നു അങ്ങിനെ ഏകനായി പാരീസ്സിലെത്തി. പരിഭ്രാന്തരായ ഒരുസംഘം ഫ്രഞ്ചുകാക്കു് എത്രമാത്രം വൈഷമ്യമാണു് ഉണ്ടാക്കുന്നതെന്നു ഗ്രഹിക്കാതെ അദ്ദേഹം നേരെ പാരീസ്സിലുള്ള നക്ഷത്രബംഗ്ലാവിൽ ചെന്നു.

ഫ്രാൻസിന്റെ അതിർത്തിയിലുള്ള ഔദ്യോഗിക സ്വാഗതസംഘാംഗങ്ങൾ കോപവും നൈരാശ്യവും കൊണ്ടു് തലമുടി വലിച്ചുചീന്തി. പാരിസിലുള്ള നക്ഷത്രബംഗ്ലാവിൽനിന്നു് അവിടത്തെ അംഗങ്ങളായ രണ്ടു പ്രധാനവ്യക്തികളെ പ്രൊ. ഐൻസ്റ്റയിനെ സ്വാഗതംചെയ്തുകൂട്ടിക്കൊണ്ടുവരുവാൻ ഫ്രാൻസ്—ജർമ്മൻ അതിർത്തിയിലേയ്ക്കു് അയച്ചിരുന്നു. അവർക്കു് അദ്ദേഹത്തെ കണ്ടെത്തുവാൻ കഴിഞ്ഞില്ല. അദ്ദേഹം എങ്ങോട്ടു പോയിരിക്കാം? ഡോ. ഐൻസ്റ്റയിനു് എന്തു സംഭവിച്ചിരിക്കാം? അവർക്കു വ്യാകുലരാകുന്നതിനു് ധാരാളം വകയുണ്ടായിരുന്നു. ജർമ്മൻപട്ടാളം ആ നാട്ടിൽ വളരെയധികം നാശവും നഷ്ടവും

സംഭവിപ്പിക്കുവാനിടവരുത്തിയ യുദ്ധം അവസാനിച്ചു കഴിഞ്ഞിരുന്നതേയുള്ളൂ. ആ അവസരത്തിൽ ഫ്രാൻസ് സന്ദർശിക്കുവാൻ ഇറങ്ങിത്തിരിച്ച ഒരു 'ജർമ്മൻകാര'നാണ് ഐൻസ്റ്റയിൻ. സ്വാഗതസമിതിയുടെ ചുമതയിലായിരുന്ന അദ്ദേഹത്തിന്റെ ബന്ധുവിസ്റ്റ്. അദ്ദേഹത്തിന് എന്തെങ്കിലും അപായമുണ്ടായാൽ പാരിസ്സിലെ നക്ഷത്ര ബംഗ്ലാവിനെയായിരിക്കും കുറ്റപ്പെടുത്തുക.

ഒടുവിൽ അവർ പാരീസ്സിലേയ്ക്ക് ഫോൺചെയ്തു, അതിഥിയിൽവച്ച് ഡോ. ഐൻസ്റ്റയിനെ കണ്ടെത്തുവാൻ കഴിഞ്ഞില്ലെന്ന് അവർ അറിയിച്ചു.

"ഓ! സാരമില്ല. ഡോ. ഐൻസ്റ്റയിൻ ഇവിടെ വന്നെത്തിക്കഴിഞ്ഞു" എന്ന മറുപടിയാണ് അവർക്ക് ലഭിച്ചത്.

അവർക്ക് ആശ്വാസമായി. കമ്മിറ്റിയിലെ അരണ്ടംഗങ്ങളും പ്രസിഡന്റും എന്നാൽ വിനീതനുമായ അവരുടെ സന്ദർശകനോട് ക്ഷമാപണം ചെയ്യാൻ പാരിസ്സിലേയ്ക്ക് ബന്ധപ്പെട്ടുമടങ്ങി.

കെട്ടും ഭാണ്ഡവുമൊന്നുംകൂടാതെയാണ് പ്രൊ. ഐൻസ്റ്റയിൻ വന്നെത്തിയത്. അദ്ദേഹം അങ്ങിനെയായിരുന്നു എപ്പോഴും സഞ്ചരിക്കാറ്. മഞ്ഞനിറത്തിലുള്ള ഒരു ചെറിയ 'യാത്രാസഞ്ചി'യും അദ്ദേഹത്തിന്റെ വയോലിനുംമാത്രം കൈയിലുണ്ടായിരുന്നു. അദ്ദേഹം ചാമ്പൽനിറത്തിലുള്ള ഒരു നീണ്ട മേൽക്കുപ്പായം ധരിച്ചിരുന്നു, മേല്പോട്ട് പൊക്കിവച്ചിരുന്ന കോളർ ചെവികളെയും മറ

ച്ചുകൊണ്ടുനില്ക്കുന്നുണ്ടായിരുന്നു. പരന്നാവക്കോട്ടുകുടിയ ഒരു ഹാറ്റ്, വെടിപ്പില്ലാത്ത തലമുടിയുടെ മുകളിൽ അമർത്തി വച്ചിരുന്നു.

ഫ്രാൻസിലേയ്ക്കുള്ള ആ സന്ദർശനം ഏപ്രിൽ മാസത്തിലാണ് അദ്ദേഹം നടത്തിയതു്. കഠിനമായ ശൈത്യമായിരുന്ന അപ്പോഴത്തെ അവസ്ഥ. ഫ്രാൻസിലെ പോർക്കളങ്ങൾ കാണുവാൻ ആഗ്രഹിക്കുന്നതായി അദ്ദേഹം പ്രസ്താവിച്ചപ്പോൾ ഫ്രഞ്ചു ശാസ്ത്രജ്ഞന്മാർക്ക് അത്ഭുതം തോന്നി. അദ്ദേഹത്തെ അങ്ങോട്ടു കൊണ്ടുപോകാം എന്നു് അവർ സമ്മതിച്ചു. അദ്ദേഹത്തെ ഒരു കാറിൽ കയറ്റി, ആ കാറു് യുദ്ധംകൊണ്ടു തകർന്നുകിടന്ന (ഫ്രാൻസിലെ) ചില ഭാഗങ്ങളിൽക്കൂടി ഓടിച്ചുകൊണ്ടുപോയി.

പാരിസിൽനിന്നു് നാട്ടുംപുറത്തേയ്ക്കുള്ള റോഡിൽക്കൂടി കാർ ഓടിക്കൊണ്ടിരുന്നപ്പോൾ, ഐൻസ്റ്റയിൻ ചുറ്റുപാടും നോക്കി. ഗോതമ്പു നിലങ്ങളിൽ നികത്തപ്പെട്ട തോട്ടകളുടെ അടയാളങ്ങൾ കാണാമായിരുന്നു. അദ്ദേഹം ഒന്നാമത്തെ സൈനികശ്മശാനഭൂമി കണ്ടു. അവിടെ വരിവരിയായി വെളുത്തനിറത്തിലുള്ള കുരിശുകൾ നില്ക്കുന്നുണ്ടായിരുന്നു. 1918-ാമാണ്ടു് ജനറൽഫോക്കി (Foch) ന്റെ പ്രധാന താവളമായിരുന്ന ഡോർമൻസ് പട്ടണവും അദ്ദേഹം സന്ദർശിച്ചു. ഇടയ്ക്കിടയ്ക്ക് ബോംബു വീണുകെട്ടിടമോ, ഗർത്തമോ, വാതകപ്രയോഗത്തിന്റെ ഫലമായി കരിഞ്ഞുനിർജ്ജീവമായ വൃക്ഷമോ പിന്നിട്ടുകൊണ്ടാണ് ആ വാഹനം മുന്നോട്ടിയതു്.

സങ്കടംകൊണ്ട് ആ വിനീതൻ തലയാട്ടി. അദ്ദേഹം പറഞ്ഞു:- "ജർമ്മനിയിലെ ഓരോ വിദ്യാർത്ഥിയേയും ഈ പ്രദേശങ്ങൾ സന്ദർശിക്കുവാൻ അയയ്ക്കണം".

അദ്ദേഹം റെയിംസ് പട്ടണത്തിലെത്തി. യുദ്ധത്തിലധികംകാലവും റെയിംസ് പട്ടണം യുദ്ധരംഗംതന്നെയായിരുന്നു. ജർമ്മൻപട്ടാളം ആ നഗരത്തെ വളയുകയും, നിർദ്ദയമായി അവിടെ ബോംബു വർഷിക്കുകയും ചെയ്തിരുന്നു. 1918-ൽ സഖ്യകക്ഷി (Allied armies) സേനകൾ ആ പട്ടണത്തെ മോചിപ്പിച്ചു. അന്ന് അതു് തകർന്നു കിടക്കുകയിയിരുന്നു. നശിച്ചുകിടന്ന കെട്ടിടനിരകളെ ഡോ. ഐൻസ്റ്റയിൻ നോക്കി. ഇത്ര മൃഗീയമായ കൃത്യം മനുഷ്യർക്കു് എങ്ങിനെ ചെയ്യാൻ കഴിഞ്ഞു ?

ആ യാത്രാസംഘം ആഹാരം കഴിക്കുന്നതിനുവേണ്ടി വഴിക്കു തങ്ങിയപ്പോൾ ഒരു വിശേഷസംഭവമുണ്ടായി. അച്ചടിച്ച പ്രസ്താവനകളെക്കാൾ, ഐൻസ്റ്റയിൻ ലോകമൊട്ടുക്കു് എത്രമാത്രം ബഹുമാനിക്കപ്പെടുന്നുണ്ടെന്നു് വ്യക്തമാക്കുന്നതായിരുന്നു ആ സംഭവം.

അദ്ദേഹവും അദ്ദേഹത്തിന്റെ ഫ്രഞ്ചു മാദ്ധ്യമികളും ഒരു സത്രത്തിലെ തീൻമേശയുടെ മുൻപിൽ സ്ഥലംപിടിച്ചു. അടുത്തുണ്ടായിരുന്ന ഒരു മേശയുടെമുറും പട്ടാളവേഷവും ബഹുമതിമുദ്രകളും ധരിച്ചിരുന്ന രണ്ടു് ഫ്രഞ്ചു് ഉദ്യോഗസ്ഥന്മാരും, ആകർഷകതയും, പ്രാമാണികത്വവും തോന്നിക്കുന്ന ഒരു യുവതിയും ഇരിക്കുകയായിരുന്നു. അവർ ഡോ. ഐൻസ്റ്റയിനെ തിരിച്ചറിഞ്ഞു. പക്ഷെ ഭക്ഷണവേള

യിൽ അദ്ദേഹത്തെ തുറിച്ചുനോക്കാതെയിരിപ്പാൻ പ്രത്യേകം ശ്രദ്ധിച്ചു. ഐൻസ്റ്റയിനും അദ്ദേഹത്തിന്റെ കൂട്ടുകാരും ഭക്ഷണം കഴിച്ചിട്ട് യാത്രയാകാൻ എണീറ്റു. അപ്പോഴും ആ രണ്ടു് ഉദ്യോഗസ്ഥന്മാരും ആ സ്ത്രീയും എണീറ്റുനിന്നു; കുടാതെ അദ്ദേഹം അവരുടെ മേശ കടന്നു പോയപ്പോഴും, അവർ തല കുനിച്ചു് അദ്ദേഹത്തെ വണങ്ങുകയും ചെയ്തു. അദ്ദേഹത്തെ, ഒരു കലീനനും മഹാനുമായി അവർ കരുതുന്നുണ്ടെന്നു് അറിയിപ്പാൻ ആഗ്രഹിച്ചു.

ജർമ്മനിയിലേക്കു മടങ്ങിവന്നപ്പോഴാം, ഫ്രാൻസിൽ കണ്ട യുദ്ധത്തിന്റെ കെട്ടതികളെ ഓർത്തു പ്പോ. ഐൻസ്റ്റയിന്റെ മനസ്സു വേദനിച്ചു. പക്ഷെ ജർമ്മനിയിൽ കാണായ്വന്ന പുതിയ വൈഷമ്യങ്ങളാം അദ്ദേഹത്തിന്റെ ഹൃദയഭാരത്തെ വർദ്ധമാനമാക്കി.

ബിസ്മാർക്കിന്റെ കാലംമുതൽ, ഐൻസ്റ്റയിൻ ജനിക്കുന്നതിനു മുൻപുതന്നെ, ജർമ്മനിയിൽ യൂദവിദ്വേഷം നിലവിലിരുന്നു. ആ വിദ്വേഷം ക്രമേണ വർദ്ധിച്ചുവരികയായിരുന്നു, ഒന്നാം ലോകമഹായുദ്ധത്തിനുശേഷം അതു വളരെ വഷളായ നിലയിലെത്തി. ലോകത്തിൽ കണ്ടുപോരുന്ന സകല തകരാറുകൾക്കും ഉത്തരവാദികൾ യൂദന്മാരാണെന്ന ആശയം രാഷ്ട്രീയപ്രവർത്തകർ പ്രചരിപ്പിച്ചു തുടങ്ങി.

ഐൻസ്റ്റയിൻ, മറ്റുപല യൂദന്മാരെപ്പോലെ, താൻ ഒരു യൂദനാണെന്നു് ഓർമ്മിക്കുമായിരുന്നില്ല; എന്നാൽ ഹിംസയുടെ ഫലമായി അദ്ദേഹം അക്കാര്യം ഓർമ്മിക്കുവാൻ നിർബ്ബന്ധിതനായിത്തീർന്നു. അദ്ദേഹത്തിന് ശാസ്ത്ര

ത്തെക്കുറിച്ചു മാത്രമേ ശ്രദ്ധയുണ്ടായിരുന്നുള്ളൂ. 'പാട്ടിനു വിട്ടിരുന്നെങ്കിൽ' താനൊരു യൂദനാണെന്ന കാര്യം അദ്ദേഹം വിസ്മരിച്ചിരിക്കുമായിരുന്നു.

വർഗ്ഗവിദ്വേഷത്തിന്റെ ഫലമായി അദ്ദേഹത്തിനുണ്ടായ ഒന്നാമത്തെ തിക്താനുഭവം, അദ്ദേഹം സൂറിക് സർവ്വകലാശാലയിൽനിന്ന് ബിരുദംനേടിയശേഷം ആറു മാസത്തോളം പട്ടിണികിടന്ന പൊരിഞ്ഞപ്പോഴായിരുന്നു. കഴിവുണ്ടായിരുന്നിട്ടും യൂദനാണെന്ന കാരണത്താൽ അദ്ദേഹത്തെ ആരും ശമ്പളംകൊടുത്തു ജോലിക്കു നിർത്തിയില്ല. അതിനുശേഷം താനൊരു യൂദനാണെന്ന കാര്യം വിസ്മരിക്കുവാൻ അദ്ദേഹത്തെ അനുവദിച്ചതുമില്ല.

അദ്ദേഹം താമസിച്ചിരുന്ന മറ്റു സ്ഥലങ്ങളിലുണ്ടായിരുന്നതിനെ അപേക്ഷിച്ചു് ബർലിനിലെ വർഗ്ഗവിദ്വേഷം അധികം വഷളായിരുന്നു; അതു കൂടുതൽ ശ്രദ്ധമായിക്കൊണ്ടുമിരുന്നു.

'നമ്മുടെ വിഷമതകൾക്കെല്ലാം കാരണക്കാർ യൂദന്മാരാണു്' എന്നു ജനങ്ങൾ പറയുന്നതു് അദ്ദേഹം കേട്ടു.

"ജർമ്മനിയിലുള്ള നാം പട്ടിണികിടന്നു മരിക്കാറായതു് യൂദന്മാർ നിമിത്തമാണു്". യുദ്ധത്തിൽ ജർമ്മനിയ്ക്കേറ്റ തോൽവിയെപ്പറ്റിയോ. അതിനു് അപ്പോഴത്തെ വിഷമഘട്ടവുമായുള്ള ബന്ധത്തെപ്പറ്റിയോ ആരും ഒരക്ഷരംപോലും ഉരിയാടിയില്ല.

അപ്പോഴത്തെ പരിതഃസ്ഥിതിയിൽ മെൻസ്റ്റയിനെപ്പോലെയുള്ള ഒരു വിശാലഹൃദയനു് ഒരൊറ്റ കാര്യമേ

കരണീയമായിരുന്നുള്ളൂ. യൂദന്മാരെ സഹായിക്കുന്നതിനു വേണ്ടി പ്രവർത്തിച്ചുവന്നവരുടെക്കൂട്ടത്തിൽ അദ്ദേഹവും കൂടി. ലോകവ്യാപകമായ അദ്ദേഹത്തിന്റെ പേരും പെരുമയും പ്രയോജനപ്പെടുത്തുവാൻ സിയോണിസ്റ്റു പ്രവർത്തകർക്ക് അനുവാദം നൽകുകയും ചെയ്തു. അദ്ദേഹം ഒരിക്കലും ഒരു രാഷ്ട്രീയ സിയോണിസ്റ്റായിരുന്നില്ല. ഐൻസ്റ്റയിൻ സിയോണിസ്റ്റു പ്രവർത്തനത്തിൽ ചേർന്നില്ലാഎങ്കിലും അവരെ പലതരത്തിലും സഹായിച്ചുവന്നു. കാരണം. അദ്ദേഹം മനുഷ്യത്വത്തെ ബഹുമാനിക്കുന്ന ഒരാളായിരുന്നു.

സിയോണിസത്തിന് ഇപ്പോഴുള്ള അർത്ഥമെന്തു? യൂദന്മാരുടെ പഴയ മാതൃദേശമായ പാലസ്തീൻ പുനഃസ്ഥാപിക്കപ്പെടണമെന്നും അങ്ങനെ മറുവർഗ്ഗക്കാർക്കുള്ളതുപോലെ അവർക്കും ഒരു സ്വന്തം രാജ്യവും ഒരു സ്വന്തം ഭാഷയുമുണ്ടായിരിക്കണമെന്നുമുള്ള വിശ്വാസമാകുന്നു.

യൂദന്മാരെല്ലാം സിയോണിസ്റ്റുകളല്ല. പ്രത്യേകം ഓർമ്മിച്ചിരിക്കേണ്ട ഒരു കാര്യമാണിതു്. 'പാലസ്തീനിലേയ്ക്കു മടങ്ങുക' എന്ന ആശയംകൊണ്ടു് ഉദ്ദേശിച്ചതു് ഇതാകുന്നു. യൂദന്മാർക്കായി പ്രത്യേകം വേർതിരിച്ചിട്ടുള്ള ഭാഗത്തിലെ മാലിന്യംകൂടാത്ത എവിടെയെങ്കിലും സ്വാതന്ത്ര്യത്തോടും സുരക്ഷിതമായും കഴിയാമെങ്കിൽ അതുതന്നെയാണു് 'പാലസ്തീൻ' എന്നു വളരെയധികം യൂദന്മാർ വിശ്വസിച്ചു. യൂദന്മാർ ഒരു പ്രത്യേകവർഗ്ഗക്കാരല്ലാ. 'യൂദൈസം' ഒരു മതംമാത്രമാണു്. ഒരു പൊതുവിശ്വാസപ്രമാണത്തിൽ കഴിഞ്ഞുപോരുന്ന ഒരു സംഘമാളുകളുടെ

മതത്തെ കത്തോലിക്കാമതം, പ്രോട്ടസ്റ്റൻറുമതം, ഹിന്ദുമതം എന്നിങ്ങനെ വിളിച്ചുപോരുന്നില്ല. ഇതുപോലെയുള്ള ഒന്നാണു് യൂദൈസം—യഹൂദമതം എന്നു് അവർ വിശ്വസിക്കുന്നു. സിയോണിസ്റ്റുകളല്ലാത്ത യൂദന്മാരെ ഐക്യനാട്ടുകളിൽ 'യൂദൈസത്തിനുള്ള അമേരിക്കൻ കൌൺസി'ലാണു് പ്രതിനിധാനം ചെയ്യുന്നതു്.

ഒന്നാം ലോകമഹായുദ്ധം അവസാനിച്ചു് ഒരുകൊല്ലം കഴിഞ്ഞു. ഹിറ്റ്ലറും അദ്ദേഹത്തിൻറെ ഏതാനും ചില അനുയായികളും പാനശാലകളിൽ സമ്മേളിച്ചുകൊണ്ടിരുന്നപ്പോൾ ഡോ. ഐൻസ്റ്റയിൻ, ഡോ. കെയിംവൈത്സ്മൻ (1) തുടങ്ങിയ യൂപ്രമാണികൾ സമ്മേളിച്ചു് യൂദന്മാർക്കുള്ള ക്ലേശങ്ങളെക്കുറിച്ചു ചർച്ചചെയ്യുകയായിരുന്നു. യൂദന്മാരുടെ ക്ലേശങ്ങൾക്കു് യഥാർത്ഥമായ പരിഹാരം കൈവരുന്നതിനു് ഇരുപത്തഞ്ചിലധികം സംവത്സരങ്ങൾ കഴിയേണ്ടിവന്നു. രണ്ടാം ലോകമഹായുദ്ധവും കഴിഞ്ഞു് 1948-ാമാണ്ടു് മേയ്മാസമാണു് ഇസ്രേൽ എന്ന സ്വയാധിപത്യറിപ്പബ്ലിക്കിൻറെ ഒന്നാമത്തെ പ്രസിഡൻറായി ഡോ. കെയിംവൈത്സ്മൻ തെരഞ്ഞെടുക്കപ്പെട്ടതു്.

ഒന്നാം ലോകമഹായുദ്ധം കഴിഞ്ഞ ആ കാലഘട്ടത്തിൽ സിയോണിസത്തെക്കുറിച്ചുള്ള ആൽബർട്ട് ഐൻസ്റ്റയിൻറെ വീക്ഷണഗതി ഇപ്രകാരമായിരുന്നു: ലോകത്തിലുള്ള യൂദന്മാരുടെ ഒരു സാംസ്കാരികകേന്ദ്രമായിരിക്കണം പാലസ്തീൻ. എല്ലാ യൂദന്മാർക്കും, അഭിമാനത്തോടു

(1) Dr. Chain Weizmenn.

ക്രടി, എടുത്തുപറയാവുന്ന ഒരു വിദ്യാപീഠവും കലാ ക്ഷേത്രവുമായിരിക്കണം അതു്. അദ്ദേഹം ഇപ്രകാരം എഴുതുകയുണ്ടായി: "സകല യൂദന്മാരുടേയും താത്പര്യങ്ങളുടെ ഒരു സാക്ഷാത്കാരം നിലവിലുണ്ടെന്നു കാരണം കൊണ്ടുതന്നെ, ഒരു യൂദ സാംസ്കാരികകേന്ദ്രത്തിന്റെ നിലനില്പു്, ലോകത്തിലുള്ള യൂദന്മാരുടെ ധാർമ്മികവും രാഷ്ട്രീയവുമായ നിലയ്ക്കു് ഉറപ്പുനൽകുമെന്നു് ഞാൻ വിശ്വസിക്കുന്നു."

തന്റെ ജീവിതാവസാനംവരെ അതിനുവേണ്ടി ഡോ. ഐൻസ്റ്റയിൻ വളരെ ക്ലേശിച്ചു പ്രവർത്തിക്കുകയുണ്ടായി. ശാസ്ത്രീയനേട്ടങ്ങളെ മുൻനിർത്തിതന്നെ ബഹുമാനിക്കുകയും അതേ സമയംതന്നെ ഒരു യൂദനാണെന്ന കാരണത്താൽ അപമാനിക്കുകയും ചെയ്യുന്നതു് എന്തു കൊണ്ടെന്നു് അദ്ദേഹത്തിനു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല.

അദ്ദേഹം പ്രഷ്യൻ അക്കാഡമിയിലെ ജോലി തുടർന്നുനോക്കുകയായിരുന്നു. പക്ഷെ ജർമ്മനിയിലെ സ്ഥിതി ക്രമേണ അപകടകരമായിത്തീർന്നു. യൂദവിദ്വേഷം പൂർവ്വാധികം ശക്തമായി വന്നു. "യൂദന്മാർ തുലയട്ടെ" "യൂദന്മാരെ ബഹിഷ്കരിക്കുക" എന്നീ മുദ്രാവാക്യങ്ങൾ മുഴക്കി വിദ്യാർത്ഥികൾ അദ്ദേഹത്തിന്റെ അക്കാഡമിയിലെ പ്രസംഗങ്ങളെ വിഘ്നപ്പെടുത്തി. ഇത്തരം മുദ്രാവാക്യങ്ങൾ മുഴക്കപ്പെടുമ്പോൾ പ്രൊ. ഐൻസ്റ്റയിൻ ബഹുമതികളെയും പ്രസിദ്ധിയെയും എങ്ങിനെ ശ്രദ്ധിക്കുവാനാണു്. 1922-ാമാണ്ടു് ഊർജ്ജതന്ത്രത്തിനുള്ള നോബൽ

സമ്മാനം അദ്ദേഹത്തിനു നൽകപ്പെട്ടപ്പോഴും അദ്ദേഹത്തിന് അതിനെക്കുറിച്ച് സന്തോഷിക്കുവാൻ കഴിഞ്ഞില്ല. ആ സമ്മാനം ലഭിച്ചപ്പോൾ ഏകദേശം അൻപതിനായിരം ഡോളർ വരുന്ന ആ തുക മുഴുവൻ ഒരൊറ്റ ചില്ലിപോലും തനിക്കുവേണ്ടി കരുതാതെ, അദ്ദേഹം പ്രഥമഭാര്യയ്ക്ക് അയച്ചുകൊടുത്തു.

അദ്ധ്യായം പന്ത്രണ്ട്

സ്വാതന്ത്ര്യകാംക്ഷിയുടെ അപായശങ്കകൾ.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം. ജർമ്മനിയിലുള്ള ജനങ്ങളിൽ വളരെയധികംപേർ ഐൻസ്റ്റയിനെപ്പറ്റി എതിരഭിപ്രായം പുറപ്പെടുവിച്ചതെന്തുകൊണ്ടെന്ന് മനസ്സിലാക്കുവാൻ പ്രയാസമുണ്ട്. ഒരു യൂദനായിരുന്നതുകൊണ്ടാണ് അദ്ദേഹത്തെ ചിലർ വെറുത്തതെങ്കിൽ, ഒരു സമാധാനേച്ഛയുള്ള എന്നതായിരുന്ന മറുചിലർക്ക് അദ്ദേഹത്തോടു വിമുഖത തോന്നുവാൻ കാരണം. യൂദനാകും സമാധാനേച്ഛയുക്കളും ചേർന്ന് ഒറ്റുകൊടുത്തതുകൊണ്ടാണ് ജർമ്മനി തോല്പിക്കപ്പെട്ടത് എന്നായിരുന്ന അവരുടെ വാദഗതി. അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങളെ അങ്ഗീകരിക്കുന്നതിന് തങ്ങളുടെ ചിന്താപഥത്തിൽ വേണ്ട വ്യതിചലനം വരുത്തുവാൻ സാധ്യമല്ലെന്ന ശഠിച്ച ശാസ്ത്രജ്ഞന്മാർപോലും ഉണ്ടായിരുന്നു. ഒരു നൂതനാ

ശയം സ്വീകരിക്കുവാൻ വയ്യാത്ത ശാസ്ത്രജ്ഞന്റെ നി
തീർച്ചയായും പിൻപന്തിയിൽത്തന്നെ. ഐൻസ്റ്റയി
നെതിരായി സമ്മേളനങ്ങൾ, പ്രസങ്ഗങ്ങൾ, പരസ്യ
ങ്ങൾ മുതലായ പ്രചരണങ്ങൾ നടത്തപ്പെട്ടു. അദ്ദേഹ
ത്തിന്റെ ആശയങ്ങൾക്ക് അങ്ഗീകാരം നൽകാതിരിക്ക
ന്നതിന് ക്ഷുദ്രങ്ങളായ മാർഗ്ഗങ്ങൾപോലും അവർ സ്വീക
രിച്ചു. പ്രസിദ്ധനായ ഒരു ജർമ്മൻശാസ്ത്രജ്ഞനും അദ്ദേഹ
ത്തിന്റെ അനുയായിവൃന്ദവും ഐൻസ്റ്റയിനെ മുട്ടുകുത്തി
ക്കണമെന്ന ഉദ്ദേശത്തോടുകൂടി, ഐൻസ്റ്റയിന്റെ ഒരു
സിദ്ധാന്തത്തെ മറ്റൊരു ശാസ്ത്രജ്ഞന്റെ പേരിൽ പ്രച
രിപ്പിച്ചു. ഊർജ്ജവും പിണ്ഡവും (Energy and
Matter) തമ്മിലുള്ള ബന്ധം വെളിവാക്കുന്ന ഐൻ
സ്റ്റയിന്റെ ഗണിതസൂത്രം(1)(Mathematical Formula)
ഉൾപ്പെട്ടന്ന ശാസ്ത്രവിഷയങ്ങളെക്കുറിച്ച് എഴുതിയ
പ്പോൾ, ആ ഗണിതസൂത്രത്തെ അവർ ഹസനോർൽ
പ്രമാണം (Hasenohrl Principle) എന്നാണ് സൂചി
പ്പിച്ചുവന്നതു്. കലർപ്പില്ലാത്ത 'ആര്യൻ' പാരമ്പര്യ
ത്തോടുകൂടിയ ഒരു ജർമ്മൻശാസ്ത്രജ്ഞനായിരുന്ന ഹസ
നോർൽ. ഹസനോർൽ സാമാന്യം ഭേദപ്പെട്ട ഒരു ശാസ്ത്ര
ജ്ഞനായിരുന്നു; അതിലും ഉപരിയായി അദ്ദേഹം ഒരു
യഥാർത്ഥ ജർമ്മൻകാരനുമായിരുന്നു. ഒന്നാം ലോകമഹാ
യുദ്ധകാലത്തു് അദ്ദേഹം ആസ്ട്രിയൻപട്ടാളത്തിൽ ചേർന്ന്
സേവനമനുഷ്ഠിച്ചിരുന്നു. നാല്പതാമത്തെ വയസ്സിൽ

(1) ഇതിനെപ്പറ്റി ഇരുപത്തൊന്നാം അദ്ധ്യായത്തിൽ ഉപരി
പ്ലവിക്കുന്നതാണ്.

ഹതനാവുകയും ചെയ്തു. ജർമ്മൻകാരായ ശാസ്ത്രവിദ്യാർത്ഥികൾക്ക് അദ്ദേഹം, യൂദനായ ഐൻസ്റ്റയിനെക്കാൾ വളരെ ഭേദപ്പെട്ട 'വീരപുരുഷ'നായിരിക്കും.

ഐൻസ്റ്റയിനെതിരായുള്ള പ്രവർത്തനം ജർമ്മനിയിലാകമാനം വ്യാപിച്ചു. എന്നാൽ ആ പ്രചരണത്തിന്റെ ഫലമായി, ലോകത്തിലുള്ള ഇതരദേശങ്ങളിൽ അദ്ദേഹത്തിന്റെ പ്രസിദ്ധി വർദ്ധിക്കുകയാണു് ചെയ്തതു്.

"ആരാണു് ഈ ഐൻസ്റ്റയിൻ? ഏതു വിഷയത്തെ സംബന്ധിച്ചുള്ളതാണു് അദ്ദേഹത്തിന്റെ സാപേക്ഷതാവാദം? അദ്ദേഹത്തെ നമ്മുടെ നാട്ടുസന്ദർശിക്കുവാൻ ക്ഷണിക്കാം. അപ്പോഴാ അദ്ദേഹത്തെ നമുക്കൊന്നു നേരിൽ കാണാമല്ലൊ" അല്ലെങ്കിൽ "സമ്മതിക്കുമെങ്കിൽ, നമ്മുടെ സാങ്കേതികശാലയിൽ വന്നു പ്രസംഗിക്കുവാൻ അദ്ദേഹത്തെ ക്ഷണിക്കാം" എന്നിങ്ങനെയുള്ള അന്വേഷണങ്ങളും, അഭിപ്രായങ്ങളും, ശാസ്ത്രത്തോടു് പ്രത്യേകതാല്പര്യമില്ലാത്ത ജനങ്ങളുടെയിടയിൽനിന്നുപോലും സഞ്ജാതമായി.

നിസ്സാരങ്ങളായ ഉപദ്രവങ്ങളും ഐൻസ്റ്റയിനെ നാട്ടവിട്ടുപോകുവാൻ പ്രേരിപ്പിച്ചേയ്ക്കുമെന്നും അങ്ങനെ ജർമ്മനിക്കു്, തന്റെ ഏറ്റവും വിലപ്പെട്ട ശാസ്ത്രജ്ഞനെ നഷ്ടപ്പെടുവാൻ ഇടയായേയ്ക്കുമെന്നും മനസ്സിലാക്കിയതോടുകൂടി ജർമ്മൻഗവർമ്മെന്റു് പരിഭ്രമിച്ചുവശായി. "താങ്കൾ ഇതിൽ ഒട്ടും സംഭ്രമിക്കേണ്ടതില്ല" എന്നു് വിദ്യാഭ്യാസമന്ത്രി ഐൻസ്റ്റയിനു് എഴുതി. അതിനു് ഐൻസ്റ്റയിന്റെ മറുപടി 'ആകെക്കൂടി താൻ വളരെയധികം അസ്വസ്ഥ

നായിക്കഴിയുകയാണ്" എന്നായിരുന്നു. ജർമ്മനിവിട്ടപോകണമെന്ന് അദ്ദേഹം ആശിച്ചില്ലതന്നെ. അദ്ദേഹത്തിന്റെ സ്നേഹിതന്മാരും, ബന്ധുക്കളും, കുടുംബവും ഇവരെല്ലാവരിലും ഉപരിയായി ശാസ്ത്രമണ്ഡലത്തിലെ പ്രധാനപ്പെട്ട സഹപ്രവർത്തകരും ജർമ്മനിയിൽതന്നെയായിരുന്നുവല്ലൊ.

വിദ്യാഭ്യാസമന്ത്രിയുമായി ഇക്കാര്യത്തെക്കുറിച്ചു ചർച്ചചെയ്തശേഷം, വൈഷമ്യത്തിനൊരു പരിഹാരമെന്ന നിലയ്ക്ക് ഡോ. ഐൻസ്റ്റയിൻ ഒരു ജർമ്മൻ പൗരനാകുവാനുള്ള നടപടികൾ മനസ്സില്ലാമനസ്സോടെ ആരംഭിച്ചു.

ഡോ. ഐൻസ്റ്റയിന് അന്യരാജ്യങ്ങളിൽനിന്നു ലഭിച്ചുകൊണ്ടിരുന്ന ക്ഷണക്കത്തുകൾ കൂന്നുകൂടിത്തുടങ്ങി. ഹോളണ്ടിലുള്ള ലെയ്ഡ് സർവ്വകലാശാലയിൽനിന്നു ലഭിച്ച ക്ഷണമായിരുന്നു അദ്ദേഹം സ്വീകരിച്ചതിൽ ആദ്യത്തേത്.

പ്രേഗ് പട്ടണം വീണ്ടും സന്ദർശിക്കുവാൻ അവസരം നൽകുന്നതായിരുന്നു അദ്ദേഹം സ്വീകരിച്ച മറ്റൊരു ക്ഷണം. അദ്ദേഹം ഒരുകാലത്തു പ്രൊഫസ്സറായിരുന്ന പ്രേഗ് സർവ്വകലാശാലയിൽ പ്രസംഗിക്കുവാൻ ചെല്ലുകയും, അദ്ദേഹത്തിനു പകരം അവിടെ നിയമിതനായ ഫിലിപ്പ് ഫ്രാങ്ക് എന്ന പ്രൊഫസ്സറെ സന്ദർശിക്കുകയും ചെയ്തു.

1921-ൽ ഐൻസ്റ്റയിൻ കണ്ട പ്രേഗ് ആസ്ട്രിയായിലെ ഒരു നഗരമായിരുന്നില്ല ; പിന്നെയോ സ്വതന്ത്ര

റിപ്പബ്ലിക്കായ ചെക്കോസ്ലവേക്കിയായുടെ തലസ്ഥാനമായിരുന്നു. ആ സ്വതന്ത്രറിപ്പബ്ലിക്ക് ഇരുപതു കൊല്ലത്തിനുശേഷം ജർമ്മൻസൈന്യം വീണ്ടും യൂറോപ്പ് ആക്രമിച്ചപ്പോഠം തിരോഭവിക്കുകയുണ്ടായി.

യുദ്ധത്തിന്റെ ഫലമായി, മറ്റുപല സ്ഥലങ്ങളിലും എന്നപോലെ പ്രേഗിലും താമസസ്ഥലം കമ്മിയായിരുന്നു. പ്രൊഫസ്സർ ഐൻസ്റ്റയിൻ മുൻപ് ആഫീസായി ഉപയോഗിച്ചിരുന്ന സ്ഥലത്തെയായിരുന്ന പ്രൊ. ഫ്രാങ്കും ആ ഭേഹത്തിന്റെ ഭാര്യയും അവരുടെ പാർപ്പിടമാക്കിത്തീർത്തിരുന്നതു്. പ്രൊ. ഐൻസ്റ്റയിൻ ഒരു ഹോട്ടലിൽ താമസിക്കുകയാണെങ്കിൽ അദ്ദേഹത്തെ അപരിചിതർ ശല്യപ്പെടുത്തും എന്നു് അവക്കു് അറിയാമായിരുന്നു. അതുകൊണ്ടു് തങ്ങളെക്കൊണ്ടു് ആകുന്ന സൌകര്യമെല്ലാം അവർ അദ്ദേഹത്തിനു നൽകുന്നതിനു തയ്യാറായി. അവരുടെ പൊതുമുറിയിലെ ഒരു സോഫ ഒഴിച്ചുകൊടുത്തു. അദ്ദേഹം അന്നുരാത്രി എവിടെയായിരുന്നു എന്ന വിവരം ആരെയും അറിയിച്ചുമില്ല. അടുത്ത ദിവസം കാലത്തു് 'അതു സ്വസ്ഥത താൻ അനുഭവിച്ചിട്ടില്ല' എന്നു് ഐൻസ്റ്റയിൻ അദ്ദേഹത്തിന്റെ ആതിഥേയരെ അറിയിച്ചു.

ഐൻസ്റ്റയിൻ, പ്രൊ. ഫ്രാങ്കിന്റെ അതിഥിയായി കഴിഞ്ഞ അവസരത്തിൽ രസകരമായ ഒരു സംഭവമുണ്ടായി. പ്രൊ. ഫ്രാങ്കിന്റെ വിവാഹം കഴിഞ്ഞു് കാലം അധികമായിരുന്നില്ല. അപ്പം വെളിയിൽ നടന്നിട്ടു് ഐൻസ്റ്റയിനും ഫ്രാങ്കും താമസസ്ഥലത്തെയ്ക്കു മടങ്ങിവരികയായിരുന്നു. ആ സംഭവത്തെക്കുറിച്ചുള്ള ബാക്കിഭാഗം,

പ്രൊ. ഫ്രാങ്ക് രചിച്ച ആൽബർട്ട് ഐൻസ്റ്റയിന്റെ ജീവ ചരിത്രത്തിൽനിന്നു് ഉദ്ധരിക്കാം:—"വീട്ടിലേയ്ക്കു മടങ്ങു മ്പോൾ ഐൻസ്റ്റയിൻ എന്നോടു് ഇപ്രകാരം പറഞ്ഞു. ഇടനേരത്തെ ഭക്ഷണത്തിനു് നമുക്കു വല്ലതും വാങ്ങിക്കൊ ണ്ടുപോകാം. അങ്ങിനെയാണെങ്കിൽ നിങ്ങളുടെ ഭാര്യയ്ക്കു് അധികം ക്ലേശിക്കാതെ കഴിയാമല്ലൊ.' പ്രയോഗശാല കളിൽ പരീക്ഷണങ്ങളം നടത്തുന്നതിനു് ഉപയോഗിച്ചു വരുന്ന ഒരുതരം ഗ്യാസ് അടുപ്പിൽ—ബുൻസൻബേർണർ എന്നു വിളിക്കാവുള്ള തരത്തിൽപ്പെട്ടതിൽ—ആയിരുന്നു ഞാനും ഭാര്യയും ആഹാരം പാകംചെയ്യുവന്നതു്. ഐൻ സ്റ്റയിൻ തലേദിവസം കിടന്നുറങ്ങിയ അതേ മുറിയിൽ വച്ചുതന്നെയാണു് ഞങ്ങളുടെ പാചകവും നടത്താറു്. കുറെ 'കന്നിന്റെ കരളും' വാങ്ങിക്കൊണ്ടാണു് ഞങ്ങളം വീട്ടിലെത്തിയതു്. എന്റെ ഭാര്യ, ഗ്യാസ് അടുപ്പിൽ വച്ചു് ആ കരളു് പാകം ചെയ്യുകയായിരുന്നു. ആ സമ യം ഞാനും ഐൻസ്റ്റയിനും ആ മുറിയിൽത്തന്നെ ഇരുന്നു പല കാര്യങ്ങളെക്കുറിച്ചും സംഭാഷണം നടത്തുകയായി രുന്നു. ഐൻസ്റ്റയിൻ അടുപ്പിൽ വച്ചിരുന്ന കരളിനെ നോക്കിയിട്ടു്, പെട്ടെന്നു് എന്റെ ഭാര്യയോടു തിരിഞ്ഞു: "നിങ്ങളം അവിടെ ചെയ്യുന്നതെന്താണു്? വെള്ളത്തിലാ ണോ കരളു് വേവിക്കുന്നതു്? വെള്ളം തിളയ്ക്കുന്ന ചൂടു്, കരളു് വേവുന്നതിനു മതിയാവുകില്ലെന്നു് നിങ്ങളം അറിയാ തിരിക്കുകയില്ല. തിളക്കുന്നതിനു് കൂടുതൽ ഉഷ്ണമാനം ആവശ്യമുള്ള നെയ്, എണ്ണ മുതലായ പദാർത്ഥങ്ങളിൽ ഏതെങ്കിലും ഒന്നുവേണം ഉപയോഗിക്കുവാൻ." എന്റെ

ഭാര്യ അടുത്തകാലംവരെ ഒരു കാളേജ് വിദ്യാത്ഥിനിയായിരുന്നു; തന്നിമിത്തം പാചകത്തെക്കുറിച്ചുള്ള അവളുടെ വിവരം കഷ്ടിയായിരുന്നു. ഐൻസ്റ്റയിന്റെ ഉപദേശം നിമിത്തം ഞങ്ങളുടെ ഭക്ഷണം തകരാറിലാകാതെ കഴിഞ്ഞു. ക്രമേണ ഞങ്ങളുടെ വിവാഹജീവിതം മുഴുവൻ അതു് ഒരു തമാശയുടെ വകയായി അവശേഷിക്കുകയും ചെയ്തു. 'ഐൻസ്റ്റയിന്റെ സിദ്ധാന്ത'ത്തെപ്പറ്റി പരാമർശം ഉണ്ടാകുമ്പോഴെല്ലാം, 'കന്നിന്റെ കരളുവേവിക്കുന്നതു സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെസിദ്ധാന്തത്തെ'ക്കുറിച്ചു് എന്റെ ഭാര്യ ഓർമ്മിക്കും."

ഐൻസ്റ്റയിന്റെ സഞ്ചാരപരിപാടി ക്രമേണ വിപുലമായി. അടുത്ത പത്തു കൊല്ലത്തിനിടയ്ക്കു് അദ്ദേഹം ലോകമൊട്ടുക്കു സഞ്ചരിച്ചു; ഇംഗ്ലണ്ടു്, തെക്കേ അമേരിക്കാ, ജപ്പാൻ, പാലസ്തീൻ, സ്പെയിൻ, ഐക്യനാടുകൾ എന്നിവിടങ്ങളിലെല്ലാം ചെന്നു. ഐക്യനാടുകളിലേയ്ക്കു പിന്നീടും അദ്ദേഹത്തിനു് യാത്രചെയ്യേണ്ടിവന്നിട്ടുണ്ടു്; അവസാനത്തെ യാത്ര നാസികളിൽനിന്നു് ഒരു അഭയാത്ഥിയായിട്ടാണെന്നു കാണാം.

അദ്ദേഹത്തിന്റെ യാത്രകളും പ്രസംഗങ്ങളും ശാസ്ത്രീയവിഷയങ്ങൾക്കു മാത്രമായി പരിമിതപ്പെട്ടിരുന്നില്ല. മാനവസമുദായത്തിന്റെ നന്മയിലും ക്ഷേമത്തിലും അദ്ദേഹത്തിന്റെ താത്പര്യം ഒട്ടും കുറവായിരുന്നില്ല. അദ്ദേഹത്തിന്റെ ധീരമായ സത്യസന്ധതയും, മറ്റുള്ളവരുടെ ക്ഷേമത്തെക്കുറിച്ചുള്ള ചിന്താതൈക്ഷ്ണ്യവും നിമിത്തം അദ്ദേഹത്തിനു് രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടേണ്ടിവന്നു

എന്നല്ലാതെ അദ്ദേഹം ഒരിക്കലും ഒരു രാഷ്ട്രീയപ്രവർത്തകനായിരുന്നില്ല. അദ്ദേഹം ഒരു വലിയ മനുഷ്യപ്രേമിയായിരുന്നു

അദ്ദേഹത്തിന്റെ ഐക്യനാടുകളിലേയ്ക്കുള്ള യാത്ര, യൂദന്മാരുടെ കാര്യത്തിനുവേണ്ടിയായിരുന്നു. സിയോണിസ്റ്റ് പ്രവർത്തനത്തിന്റെ നായകനായിരുന്ന ഡോ. കെയിം വൈത്സമൻ, പാലസ്തീനിൽ ഒരു ഹീബ്രൂസർവ്വകലാശാല സ്ഥാപിക്കുന്നതിൽ അമേരിക്കക്കാരുടെ സഹായം ലഭിക്കുന്നതിനുവേണ്ടി, തന്റെകൂടെ ചെല്ലുവാൻ ഡോ. ഐൻസ്റ്റയിനെ പ്രേരിപ്പിച്ചതിന്റെ ഫലമായിരുന്നു അതു്.

1921-ാംമാണ്ടു് ഏപ്രിൽമാസം നല്ല കുളിരുള്ള ഒരു പ്രഭാതത്തിൽ എസ്. എസ്. റോട്ടർഡം എന്ന കപ്പൽ ന്യൂയോർക്കിൽ വന്നടുത്തപ്പോൾ ഒരു സംഘം പത്രലേഖകന്മാർ ആ മഹാശാസ്ത്രജ്ഞനെ കാണുവാൻ കപ്പൽത്തട്ടിൽ കൂടി. അവരിൽ ഒട്ടുമുക്കാൽപ്പേരും അദ്ദേഹത്തെ മുൻപു് കണ്ടിരുന്നില്ല. ഐൻസ്റ്റയിൻ എങ്ങിനെയിരിക്കും ? അദ്ദേഹവുമായി സംഭാഷണത്തിൽ ഏർപ്പെടാൻ പ്രയാസമാണോ ? അദ്ദേഹത്തിന്റെ പരിപാടികൾ മുൻകൂട്ടി തയ്യാറാക്കുവാനും അതനുസരിച്ചു് അദ്ദേഹത്തെ നിയന്ത്രിക്കുവാനും ഒരു സംഘം കാര്യദർശിമാരുണ്ടായിരിക്കുമോ ?

അദ്ദേഹം കപ്പലിന്റെ കമ്പിയഴിക്കൂട്ടത്തു് നിൽക്കുകയായിരുന്നു. കാഴ്ചയിൽ ഒരു സംഗീതവിദ്വാനെന്നോ, സന്ദർശനാർത്ഥം വന്ന കലാകാരനെന്നോ തോന്നും. പൊക്കം അധികമില്ലാത്ത ഒരു മനുഷ്യൻ ! പരന്ന പുരികമുള്ള മുഖകമ ! വലിയ കറുത്ത കണ്ണുകൾ ! ഉയർന്ന

നെറ്റി! അദ്ദേഹത്തെ എവിടെവച്ചും തിരിച്ചറിയാൻ സഹായിക്കുന്ന രണ്ടു പ്രത്യേകതകളാണു് അദ്ദേഹത്തിന്റെ വലിയ തലയും 'പ്രൊഫ്യൂ'മട്ടിലുള്ള തലമുടിയും. ഐൻസ്റ്റയിൻ അല്പം മങ്ങിയ തവിട്ടുനിറത്തിലുള്ള മഴക്കുപ്പായവും, സാധാരണ വയ്ക്കാറുള്ള കുറുത്ത വലിയ ഫെൽട്ട് ഹാറ്റും ധരിച്ചിരുന്നു; ഒരു കൈയിൽ ക്രുത്യ പുകക്കുഴലും മറേറ കൈയിൽ വയോലിനും പിടിച്ചിരുന്നു.

പത്രലേഖകന്മാരുടെ ചോദ്യങ്ങൾക്കു ശരവ്യമായി, ക്ഷമയോടുകൂടി അദ്ദേഹം കുറെനേരം അവിടെ നിന്നു. 'എന്തുകൊണ്ടാണു് ഐക്യനാടുകൾ സന്ദർശിക്കുവാൻ പുറപ്പെട്ടതു്? എത്രകാലം അവിടെ താമസിക്കും? യുദ്ധത്തിനു ശേഷം ജർമ്മനിയിലെ യഥാർത്ഥസ്ഥിതിഗതികളെന്താണു്?'

"പാലസ്തീൻ പുനഃസ്ഥാപിക്കുക, അവിടെ ഒരു യൂദസർവ്വകലാശാല ആരംഭിക്കുക എന്നീ കാര്യങ്ങളിൽ അമേരിക്കൻ ജനതയെ തത്പരരാക്കുവാൻ ശ്രമിക്കുന്നതിനാണു് ഞാൻ ഇവിടെ വന്നിരിക്കുന്നതു്." അദ്ദേഹം സന്ദർശനോദ്ദേശ്യം വിശദമാക്കി.

"ഡോ. ഐൻസ്റ്റയിൻ! അങ്ങു് ഒരു ശാസ്ത്രജ്ഞനല്ലെ, ഒന്നാം സ്ഥാനം ശാസ്ത്രത്തിനാണെന്നു് അങ്ങു് കരുതുന്നില്ലേ."

ഡോക്ടർ ഐൻസ്റ്റയിൻ തലയാട്ടിക്കൊണ്ടു പറഞ്ഞു: "മനുഷ്യത്വത്തിനാണു് ഒന്നാംസ്ഥാനം. യുദ്ധം ശാസ്ത്രത്തെയും ഉപദ്രവിക്കാതിരുന്നില്ല; പക്ഷെ വളരെയധികം കഷ്ടതകൾ ഉളവാക്കിയിട്ടുള്ളതു് മനുഷ്യർക്കു്

ആകുന്നു. നാം ആദ്യമായി ശ്രദ്ധിക്കേണ്ടതു് മനുഷ്യരുടെ കഷ്ടപ്പാടുകളെയാണു്."

ഐൻസ്റ്റയിനെയും ഭാര്യയെയും കപ്പലിൽനിന്നു് ന്യൂയോർക്കു് പട്ടണത്തിലുള്ള നഗരമണ്ഡപത്തിന്റെ പടിവരെ അവർ കൂട്ടിക്കൊണ്ടു പോയി. അവിടെവച്ചു് മേജർ ഹൈലൻ അവരെ സ്വീകരിച്ചു. അവരുടെ സന്ദർശനംപ്രമാണിച്ചു് യൂദന്മാർ താമസിച്ചിരുന്ന നഗരത്തിന്റെ വിഭാഗങ്ങളും അലങ്കരിക്കപ്പെട്ടിരുന്നു.

ന്യൂയോർക്കിലെ ജനങ്ങളും ഐൻസ്റ്റയിനെ കാണുവാൻ തെരുവീഥികളിൽ കൂടിനില്ക്കുകയും, അദ്ദേഹം അവരെ കടന്നു പോയപ്പോൾ സന്തോഷിച്ചു് ആർത്തു വിളിക്കുകയും ചെയ്തു പത്രങ്ങളിലും പത്രികകളിലും അദ്ദേഹത്തെക്കുറിച്ചുള്ള ലേഖനങ്ങളും പ്രസിദ്ധീകൃതങ്ങളായി. അദ്ദേഹത്തെ സംബന്ധിച്ച ന്യൂസ്റീലുകളും പ്രദർശിപ്പിക്കപ്പെട്ടു. ഇങ്ങനെയായിരുന്ന മഹാനായ പ്രൊ. ഐൻസ്റ്റയിനെ അന്നാട്ടുകാക്കു് പരിചയപ്പെടുത്തിയതു്.

പ്രൊ. ഐൻസ്റ്റയിൻ ആരാണു് ? അദ്ദേഹം സാപേക്ഷതാവാദത്തിന്റെ ഉപജ്ഞാതാവാകുന്നു. സാപേക്ഷതാവാദമെന്നാൽ എന്താണു് ? ആർക്കും ഒരു പിടിയുമുണ്ടായിരുന്നില്ല. അക്കാര്യത്തിൽ മാത്രം മൌനം ദീക്ഷിച്ചുകൊണ്ടു്, അവർ അദ്ദേഹത്തിന്റെ സന്ദർശനത്തെ കൊണ്ടാടി.

അദ്ദേഹം ഐക്യനാട്ടുകളിൽ രണ്ടു മാസക്കാലമേ തങ്ങിയിരുന്നുള്ളു. പക്ഷെ ഒരു മിന്നിട്ടു സമയംപോലും

വെറുതെ കളഞ്ഞില്ല. അദ്ദേഹവും ഡോ. കെയിംവൈത് സമനും, തങ്ങളുടെ ഭാര്യമാരോടുകൂടി, അവിടെയുള്ള പ്രധാനപ്പെട്ട വ്യക്തികളെയും സ്ഥലങ്ങളെയും അവർക്കു കഴിഞ്ഞിടത്തോളം, സന്ദർശിച്ചു.

പ്രൊ. ഐൻസ്റ്റയിൻ കൊളംബിയാ സർവ്വകലാശാലയിൽ മൂന്നും, ന്യൂയോർക്ക് 'സിറ്റി കോളേജി'ൽ നാലും പ്രസങ്ഗങ്ങൾ നടത്തുകയുണ്ടായി. അദ്ദേഹം വാഷിങ്ടൺ നഗരത്തിൽ ചെന്ന് ഐക്യനാടുകളുടെ അന്നത്തെ പ്രസിഡൻറായിരുന്ന വാറൺ ഹാർഡിംഗിനെ സന്ദർശിച്ചു. അവിടെനിന്ന് പ്രസങ്ഗിക്കുന്നതിനു വേണ്ടി പ്രിൻസ്റ്റണിലേക്കു യാത്രയായി. അദ്ദേഹം ഒട്ടുവളരെ വിരുന്നുകളിൽ പങ്കുകൊള്ളുകയും സമ്മേളനങ്ങളിൽ പ്രസങ്ഗിക്കുകയും ചെയ്തു.

അദ്ദേഹം പോയ സ്ഥലത്തെല്ലാം വിജയംനേടി. പാലസ്തീനിലെ ഹീബ്രൂസർവ്വകലാശാലയ്ക്കുവേണ്ടി, ഒരു സ്ഥാപനത്തിൽനിന്ന് പതിനായിരം ഡോളറും, മറെറാന്നിൽനിന്ന രണ്ടരലക്ഷം ഡോളറും അദ്ദേഹത്തിനു സംഭാവന ലഭിച്ചു; ഫിലാഡൽഫിയായിലുള്ള ഒരു സംഘം ഭിഷഗ്വരന്മാർ, ഒരു വമ്പിച്ച പൊതുസമ്മേളനത്തിൽവച്ച് അഞ്ചുലക്ഷം ഡോളർ പിരിച്ചുകൊടുത്തു.

ഒടുവിൽ മേയ് മാസം അവസാനത്തോടുകൂടി ഡോ. ഐൻസ്റ്റയിനും ഭാര്യയും വീട്ടിലേയ്ക്കു തിരിച്ചു. അവർ പരിക്ഷീണിതരായിരുന്നു; എങ്കിലും ഫലസിദ്ധിയിൽ ആഹ്ലാദവും പ്രസന്നതയും പ്രദർശിപ്പിക്കുന്നുണ്ടായിരുന്നു. ആ ആഹ്ലാദവായ്പ് അധികം നാളത്തേയ്ക്കു നീണ്ടുനിന്നില്ല.

ബർലിനിൽ മടങ്ങിയെത്തിയപ്പോൾ അവിടത്തെ സ്ഥിതി ഗതികൾ സുഖകരമായിരുന്നില്ല. ഒന്നാംലോകമഹായുദ്ധത്തിന്റെ ശേഷമുണ്ടായ പട്ടിണിയും വിശപ്പും ആയിരുന്നു കുഴപ്പത്തിനു കാരണം. തെരുവുകളിൽ തോന്ന്യവാസങ്ങൾ വർദ്ധിച്ചു. രാത്രികാലം കൊള്ളക്കാരുടേയും മുട്ടാളന്മാരുടേയും അക്രമവേളകളായിത്തീർന്നു. ഒരു കോർപ്പറൽ ആയിരുന്ന ഹിറ്റ്ലർ സ്വന്തമായൊരു രാഷ്ട്രീയപാർട്ടി ആരംഭിച്ചു. 'തവിട്ടുകുപ്പായ'ക്കാരെന്നു ആ അതിക്രമണ സംഘത്തിന്റെ സംഖ്യാബലം വർദ്ധിച്ചുവരികയായിരുന്നു. 1922 ആകുമ്പോഴേക്കും ഹിറ്റ്ലറിന് ഒരായിരക്കണക്കായി അനുയായികളെ ലഭിച്ചുകഴിഞ്ഞിരുന്നു. അക്രമരീതികൾ മാത്രമേ അവരുടെ അറിവിൽപെട്ടിരുന്നുള്ളൂ.

വൈകുന്നേരം വീട്ടുവിട്ടുപോയ ഒരുവൻ മടങ്ങിവരാതെയിരുന്നുകൂടാം. പ്രഹരമേറ്റ അയാളുടെ ശരീരം അടുത്ത പ്രഭാതത്തിൽ എവിടെയെങ്കിലും കിടന്നു എന്നുവരാം. അയാൾക്ക് അപ്പോഴും ജീവനുണ്ടെന്നും വരാം, ഇല്ലെന്നുംവരാം.

ആൽബർട്ടിനെക്കുറിച്ച് എൽസായും മാർഗട്ടും വ്യാകുലചിത്തരായി. അവർ അദ്ദേഹത്തോടു പറഞ്ഞു : "ദയവുചെയ്തു സൂക്ഷിച്ചിരിക്കണം. തനിയെ പുറത്തിറങ്ങരുതേ."

അദ്ദേഹം അതൊന്നും ശ്രദ്ധിക്കുകയേയില്ല. അദ്ദേഹം മാനവസമുദായത്തെക്കുറിച്ചാണ്, അല്ലാതെ തന്നെപ്പറ്റിയല്ലാ ചിന്താക്രാന്തനായത്.

അപകടം അദ്ദേഹത്തിന്റെ വ്യക്തിപരമായ ജീവിതത്തെ പരാമർശിച്ചപ്പോൾ, അതായത് അദ്ദേഹത്തിന് സുപരിചിതനായിരുന്ന ഒരാൾക്ക് ആപത്തു പിണഞ്ഞപ്പോൾ മാത്രമേ താനും അപകടത്തിലാണെന്നാധാരണ അദ്ദേഹത്തിന് ഉദിച്ചുള്ളൂ. തവിട്ടുകുപ്പായക്കാർ ഡോക്ടർ വാൽത്തർ റത്തനാ (Walter Rathenau) യെ 'കാച്ചി'ക്കളഞ്ഞു. യുദ്ധകാലത്തു് ജർമ്മനിയിലെ ഏറ്റവും പ്രധാനപ്പെട്ട വ്യക്തികളിൽഒരാളായിരുന്ന ഡോ. റത്തനാ. അദ്ദേഹം ഒരു യൂദനായിരുന്നു എന്നതു വാസ്തവംതന്നെ. അതിലുമപരിയായി അദ്ദേഹം സപ്തദേശാഭിമാനിയായ ജർമ്മൻകാരനായിരുന്നു. യുദ്ധസാമഗ്രിസമിതി (War materials board) യിലെ ഡയറക്ടറന്മാരിൽ ഒരാളായിരുന്ന അദ്ദേഹം. ഭക്ഷണപദാർത്ഥങ്ങളും മറ്റു സാമാനങ്ങളും, പട്ടാളക്കാരുടേയും ജനങ്ങളുടേയും ആവശ്യത്തിനു സംഭരിക്കുകയും വിനിയോഗിക്കുകയും ചെയ്യുവന്നതിൽ അദ്ദേഹം കാണിച്ച പാടവം കണ്ട്, 'ഇന്ദ്രജാലക്കാരൻ' എന്നാണ് അദ്ദേഹത്തെ ജർമ്മൻകാർ വിളിച്ചുവന്നതു്.

അദ്ദേഹം ജർമ്മനിക്കുവേണ്ടി ചെയ്ത വിശിഷ്ടസേവനത്തിനു് പ്രതിഫലമെന്നോണം, യുദ്ധത്തിനുശേഷം അദ്ദേഹത്തെ ഗവർണ്മെന്റിൽനിന്നു് വിദേശകാര്യമന്ത്രിയായി നിയമിച്ചു. അതു് അസാമാന്യമായ ഒരു ബഹുമതിയായിരുന്നു; ജർമ്മൻ ഗവർണ്മെന്റിലെ ഏറ്റവും മികച്ച പദവി എന്നതന്നെ പറയാം. ആൽബർട്ട് ഐൻസ്റ്റയിനും, ഡോ. വൈത്സമനും, ഡോ. റത്തനായും ജർമനിയ്ക്കകത്തും പുറത്തുമുള്ള യൂദന്മാരുടെ വൈഷമ്യങ്ങളെക്കുറിച്ചു് വളരെനേരം ചർച്ചചെയ്യാറുണ്ടായിരുന്നു. മൂന്നു

വിശിഷ്ടവ്യക്തികൾ! മൂന്നു മഹാമനസ്കർ! മൂന്നു മികച്ച ഹൃദയാലുക്കൾ!

ഹിറ്റ്ലറും അദ്ദേഹത്തിന്റെ അനുയായികളും—നാഷണലിസ്റ്റുകൾ എന്നാണു് അവർ സ്വയം വിളിച്ചു വന്നതു്—ഡോ. റത്തനാ വിദേശകാര്യമന്ത്രിയായി നിയമിതനായെന്നു ഗ്രഹിച്ചപ്പോൾ കോപംകൊണ്ടു ജ്വലിച്ചു. ജർമ്മൻകാർക്കുള്ളതാണു് ജർമ്മനി! യൂദന്മാരെ അവർ അങ്ങേയറ്റം വെറുത്തിരുന്നു. യൂദന്മാരെ ഗവർമ്മെൻറിൽനിന്നു അകറ്റിനിർത്തണം എന്നു പക്ഷക്കാരായിരുന്ന അവർ റത്തനാ വിദേശകാര്യമന്ത്രിയായതു് അവർക്കു സഹിച്ചില്ല. പക്ഷേ ഹിറ്റ്ലറുടെ സംഘം അന്നു് ഒരു ചെറിയ ന്യൂന പക്ഷം മാത്രമായിരുന്നു. തന്നിമിത്തം നേരായ മാർഗ്ഗങ്ങളിൽക്കൂടി അദ്ദേഹത്തെ നീക്കംചെയ്യാൻ അവർക്കു് സാദ്ധ്യമായിരുന്നില്ല.

വിദേശകാര്യമന്ത്രിപദം ഉപേക്ഷിക്കുവാനുള്ള മുന്നറിയിപ്പു നൽകുന്ന ഭീഷണിക്കത്തുകൾ ഡോ. റത്തനായ്ക്കു ലഭിച്ചു തുടങ്ങി. അദ്ദേഹം ആ ഭീഷണികളെ അത്ര ഗണ്യമാക്കിയില്ല. തനിക്കുണ്ടാകാവുന്ന ആപത്തിനെക്കുറിച്ചു് അദ്ദേഹം ധരിച്ചിരുന്നതായി തോന്നിയില്ല.

വേനൽക്കാലത്തു് ഒരു ദിവസം ഡോ. റത്തനാ ഒരു സമ്മേളനത്തിൽ പങ്കുകൊള്ളുന്നതിനായി വീട്ടിൽനിന്നു ആഫീസിലേയ്ക്കു പോവുകയായിരുന്നു. അസാധാരണമായ ഒരു മോട്ടർകാർ തന്നെ അനുധാവനം ചെയ്യുന്നുണ്ടെന്നും അതിൽ മൂന്നുപേർ ഇരിക്കുന്നുണ്ടെന്നും അദ്ദേഹം പെട്ടെന്നു ഗ്രഹിച്ചു. ആ കാർ അരികിലെത്തി. തുരുതുരെ വെടിപൊട്ടുന്ന ശബ്ദം! കൈത്തോക്കുകൾ തമ്മിൽ

മുട്ടുന്ന ശബ്ദം! ജർമ്മനിയിലെ യുദ്ധവിദേശകാര്യമന്ത്രിയുടെ കഥ കഴിഞ്ഞു. അദ്ദേഹത്തിന്റെ വാഹനം നശിക്കപ്പെടുകയുംചെയ്തു. അടുത്ത നിമിഷത്തിൽ ആ മോട്ടർകാർ ഓടി അപ്രത്യക്ഷപ്പെട്ടു.

ഈ വാർത്ത കേട്ടമാത്രയിൽ ആൽബർട്ട് ഐൻസ്റ്റയിൻ സ്തബ്ധനായി. ഇത്തരത്തിലുള്ള ഒരു കാര്യം സംഭവിക്കാമെങ്കിൽ ജർമ്മനിയിലെ സ്ഥിതിഗതികൾ അദ്ദേഹം ധരിച്ചിരുന്നതിലും വളരെയധികം വഷളാണു്. തങ്ങൾക്കു് ഇഷ്ടമില്ലാത്ത ആളുകളെ കൊല്ലുന്ന രാഷ്ട്രീയസംഘടന ഏതു തരത്തിലുള്ളതാണു്? അങ്ങിനെയുള്ള സംഘടനയ്ക്കു് ഭൂരിപക്ഷം ലഭിച്ചാൽ ജർമ്മനിയിൽ എന്താണു് സംഭവിക്കാൻ പാടില്ലാത്തതു്?

എൽസായും മാർഗട്ടും പേടിച്ചാണു് കഴിഞ്ഞുകൂടിയതു്. സിയോണിസത്തിനുവേണ്ടി പ്രവർത്തിച്ചതുനിമിത്തം ആൽബർട്ട്, ഹിറ്റ്ലർസംഘത്തിന്റെ നോട്ടപ്പുള്ളിയാണെന്നു് അവർക്കു് അറിയാമായിരുന്നു. അദ്ദേഹമായിരിക്കുമോ അവരുടെ അടുത്ത ലക്ഷ്യം? നിത്യവും, പ്രഷ്യൻ സയൻസ് അക്കാഡമിയിൽ ജോലിചെയ്യാൻ 'ലിൻഡന്റെ ചുവട്ടിൽ'ക്കൂടി അദ്ദേഹം തനിയെ ശീഘ്രമായി നടന്നുപോകുമായിരുന്നു; ഒരുങ്ങാത്ത നിണ്ട തലമുടി കാറ്റിൽ പറക്കുന്നുണ്ടായിരിക്കും.

അപായരഹിതനായി കഴിയുന്നതിനും, സമാധാനമായി ജോലിചെയ്യുന്നതിനും പറ്റുന്ന പല രാജ്യങ്ങളിൽ നിന്നു് അദ്ദേഹത്തിനു ക്ഷണം ലഭിച്ചു. അദ്ദേഹമാകട്ടെ, ജർമ്മനി വിട്ടുപോകുവാൻ വിസമ്മതിക്കുകയാണുണ്ടായതു്.

അദ്ദേഹത്തെ വിദേശങ്ങളിലേയ്ക്കു പോകുവാൻ നിർബന്ധിക്കുന്ന ഏതെങ്കിലും ക്ഷണം ലഭിക്കുമ്പോഴും ആ രണ്ടു സ്ത്രീകളും ആശ്വാസനിശ്വാസത്തോടുകൂടി അന്യോന്യം നോക്കും. അദ്ദേഹം വീണ്ടും ബർലിനിലേയ്ക്കുതന്നെ മടങ്ങുമെന്ന് അവർക്ക് അറിയാമെങ്കിലും കുറെ ദിവസത്തേയ്ക്ക് അദ്ദേഹം നിർഭയാവസ്ഥയിൽ വർത്തിക്കുമല്ലോ. അദ്ദേഹം ലോകപ്രസിദ്ധനായതുകൊണ്ട്, നാഷണലിസ്റ്റുകൾ അദ്ദേഹത്തെ തൊടാൻ മടിക്കുകയില്ല? പിന്നീട് നാസികൾ എന്ന പേരിൽ അറിയപ്പെട്ട നാഷണലിസ്റ്റുകൾ എന്തും ചെയ്യാൻ മടിക്കാത്തവരാണെന്ന് അവർ വളരെവേഗംതന്നെ മനസ്സിലാക്കി. തവിട്ടുകുപ്പായക്കാർ ജൈൻസ്റ്റയിനെ വെറുത്തിരുന്നു. ഒന്നാംലോകമഹായുദ്ധത്തിനുശേഷം അന്താരാഷ്ട്രീയബഹുമതികൾ നേടിയ ഒന്നാമത്തെ ജർമ്മൻകാരൻ അദ്ദേഹമായിരുന്നു എന്നതാണ് അവർ വെറുക്കാൻ കാരണം. യുദ്ധാനന്തരം ജർമ്മനിക്ക് ബഹുമതി ആർജ്ജിച്ചുകൊടുത്ത ഒന്നാമത്തെ വ്യക്തി ഒരു യൂദനാണെന്ന കാര്യം അവർക്ക് സഹിക്കാൻ വയ്യാത്തതായിരുന്നു.

ആൽബർട്ടിന്റെ മനസ്സിൽ ക്ലേശഭാരം വർദ്ധിച്ചു; എങ്കിലും, അദ്ദേഹത്തിന്റെ ശാസ്ത്രപരമായ പ്രവർത്തനത്തെയാകട്ടെ, സിയോണിസത്തിനുവേണ്ടിയുള്ള പ്രയത്നത്തെയാകട്ടെ അതൊന്നും തടഞ്ഞില്ല. അദ്ദേഹം മറെറാരു പ്രസംഗയാത്രയ്ക്കോ സൌഹൃദസമ്മേളനത്തിനോ പുറപ്പെടുകയായി. മനുഷ്യത്വത്തിന്റെ കാര്യത്തിനായി ലോകത്തിൽ ഏതു സ്ഥലത്തേയ്ക്കും, അതെത്ര ക്ലേശഭീഷണമായിരുന്നാലും ശരി, അദ്ദേഹം ചെല്ലുവാൻ തയ്യാറായിരുന്നു.

അദ്ധ്യായം പതിമൂന്ന്

ഒരു സിസ്യൂദനും ആംഗ്ലേയ.....ശ്രോതാക്കളും.

ഐക്യനാടുകളിലെ ആദ്യത്തെ പര്യടനം കഴിഞ്ഞു മടങ്ങിവരുമ്പോൾ ഇംഗ്ലണ്ടു് സന്ദർശിക്കുവാൻ ഡോക്ടർ ഐൻസ്റ്റയിൻ ക്ഷണിക്കപ്പെട്ടിരുന്നു. അതു നിവ്വഹിക്കുവാൻ എളുപ്പമല്ലെ എന്നു തോന്നിയേയ്ക്കാം. പക്ഷെ ഒന്നാംലോകമഹായുദ്ധം അവസാനിച്ചിട്ടു് രണ്ടു കൊല്ലമേ ആയിരുന്നുള്ളൂ. ജർമ്മനിയോടും ജർമ്മൻകാരോടുമുള്ള വിരോധം ഗ്രേറ്റ് ബ്രിട്ടനിൽ തീവ്രമായിരുന്നു.

ഡോക്ടർ വൈത്സ്മനും അദ്ദേഹത്തിന്റെ ഭാര്യയും ഐക്യനാടുകളിൽ കുറെക്കാലത്തേയ്ക്കുകൂടി താമസിക്കുവാൻ തീരുമാനിച്ചു. തന്നിമിത്തം അവരെക്കൂടാതെയാണു് പ്രൊഫസ്സർ ഐൻസ്റ്റയിനും ഭാര്യയും മടങ്ങിയതു്. ബർലിനിലെത്തുവാനും സയൻസ് അക്കാഡമിയിൽ ചെന്നു പ്രവർത്തനം തുടരുവാനും ഐൻസ്റ്റയിൻ ആകാംക്ഷപൂണ്ടു. എങ്കിലും അപ്പോഴത്തെ സ്ഥിതിഗതികളെപ്പറ്റി ഐൻസ്റ്റയിനും ഭാര്യയുംകൂടി പര്യാലോചന നടത്തി. ഇംഗ്ലണ്ടു സന്ദർശിക്കുന്നതുകൊണ്ടു് സിയോണിസത്തിനു വേണ്ടി വല്ലതും നേടുവാൻ കഴിഞ്ഞേയ്ക്കുമെന്നു് അവർക്കു തോന്നാതിരുന്നില്ല.

ലണ്ടൻ ടൈംസ് എന്ന പ്രമാണപ്പെട്ട പത്രത്തിന്റെ 1921 ജൂൺ 11-ലെ ലക്കത്തിൽ ഇപ്രകാരം ഒരു സാമൂഹ്യികവാർത്തയുണ്ടായിരുന്നു : "പ്രൊഫസ്സർ ആൽ

ബർട്ട് ഐൻസ്റ്റയിനും ഭാര്യയും അവരുടെ ഇംഗ്ലണ്ടിലെ താമസകാലത്ത് ഹാൽഡേൻപ്രഭുവിന്റെ അതിഥികളായി കപീൻ ആൻസ് ഗേറ്റ് 28-ൽ വിശ്രമിക്കുന്നതാണ്."

പ്രത്യക്ഷത്തിൽ തോന്നുന്നതിൽ അധികം കാര്യങ്ങൾ ഈ വാർത്ത ഉൾക്കൊണ്ടിരുന്നു. ഇംഗ്ലണ്ടിലെ ഏറ്റവും മികച്ച വ്യക്തികളിൽ ഒരാളായിരുന്നു ഹാൽഡേൻപ്രഭു. പ്രഭു ഒരാളെ സ്വീകരിക്കുക, മറ്റുള്ളവർക്ക് പരിചയപ്പെടുത്തിക്കൊടുക്കുക എന്നതു് ഇംഗ്ലണ്ടിലെ പ്രമുഖന്മാർക്കുടി സ്വീകരിച്ചു സൽക്കരിക്കുന്നതിനു തുല്യമായിരുന്നു.

ഹാൽഡേൻപ്രഭു ഇത്ര വമ്പിച്ച പണക്കാരനാണെന്നു ഐൻസ്റ്റയിനും ഭാര്യയും അവിടെ ചെന്നെത്തുന്നതുവരെ ഗ്രഹിച്ചിരുന്നില്ല. ഒരു കൊട്ടാരത്തിലായിരുന്നു അവരെ സല്ക്കരിച്ചതു്. അവർക്ക് താമസിക്കുവാൻ സജ്ജമാക്കിയിരുന്ന മുറികൾതന്നെ ബർലിനിലെ അവരുടെ ഗൃഹത്തെക്കാൾ വലുതായിരുന്നു. തങ്ങളുടെ സുഖസൌകര്യങ്ങൾ അനേഷിക്കുന്നതിനു് യൂണിഫാറം ധരിച്ചിരുന്ന ഒരു ബട്ട്ലറെയാണു് നിയോഗിച്ചിരുന്നതെന്നു കണ്ടപ്പോൾ ഐൻസ്റ്റയിൻ സംഭ്രാന്തനായി. സമർത്ഥയും രസികയുമായിരുന്ന എൽസാ ഐൻസ്റ്റയിനാണു് അവരുടെ ഭർത്താവിനെ ആ വിഷമത്തിൽനിന്നു മോചിപ്പിച്ചതു്. അവരുടെ മുറികളിൽവച്ചു് ആ ബട്ട്ലറെ പതുക്കെ പറഞ്ഞയച്ചു.

ഹാൽഡേൻപ്രഭവും പുത്രിയുംകൂടി ഐൻസ്റ്റയിൻ ദമ്പതികളുടെ ബഹുമാനാർത്ഥം ഒരു വിരുന്നു നടത്തി. എത്ര കേമമായ ഒരു ചടങ്ങായിരുന്നിരിക്കണം അതു്! രാജകീയസമാജത്തിന്റെ അദ്ധ്യക്ഷനായിരുന്ന പ്രൊഫസ്സർ എഡ്ഡിങ്ടൺ, കാൻറർ ബറിയിലെ ആർച്ചുബിഷപ്പു തുടങ്ങിയുള്ള വളരെയേറെ പ്രമുഖന്മാർ സന്നിഹിതരായിരുന്നു. അതിൽ പങ്കുകൊള്ളാൻ കഴിയാതെപോയതിൽ ഇംഗ്ലണ്ടിലെ പ്രധാനമന്ത്രി, അദ്ദേഹത്തിന്റെ ഖേദം എഴുതി അറിയിച്ചു.

ഹാൽഡേൻപ്രഭവിന്റെ അനുഗ്രഹഫലമായി ഇംഗ്ലീഷുകാരുടെ അഭിപ്രായം മാറിത്തുടങ്ങി; ഐൻസ്റ്റയിൻകുടുംബത്തിനു് പല ഭിക്കിൽനിന്നും ക്ഷണം ലഭിച്ചു.

ഇംഗ്ലണ്ടിലെ താമസത്തിനിടയ്ക്കു് വാഥംകോളേജി (Wadham College) ലെ ഡോക്ടർ ലിൻഡെമാന്റെ (Lindeman) അതിഥിയായിരുന്നപ്പോൾ, ഐൻസ്റ്റയിൻ ഓക്സ്ഫോർഡ് സർവ്വകലാശാല സന്ദർശിക്കുകയുണ്ടായി. മാഞ്ചെസ്റ്റർ സർവ്വകലാശാലയിൽ പ്രസങ്ഗിക്കുവാൻ ഐൻസ്റ്റയിൻ ക്ഷണിക്കപ്പെട്ടു. ഇംഗ്ലണ്ടിൽവച്ചു നടത്തിയ പ്രസങ്ഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതു് ലണ്ടനിലെ 'കിങ്ങ്സ് കോളേജി'ൽവച്ചു നടത്തിയതായിരുന്നു. അവിടെവച്ചു് എന്തു സംഭവിച്ചു എന്നതിനായിരുന്നു കൂടുതൽ പ്രാധാന്യം.

ഐക്യനാടുകൾ വിടുന്നതിനു മുൻപുതന്നെ ഐൻസ്റ്റയിൻ കിങ്ങ്സ് കോളേജിലെ ക്ഷണം സ്വീകരിച്ചിരുന്നു. സാപേക്ഷതാവാദത്തിന്റെ ഉപജ്ഞാതാവു പ്രസ

ങ്ഗിക്കുന്നതു കേൾക്കുവാൻ കിങ്ങ്സ് കോളേജിൽ വള രെയധികം ആളുകൾ കൂടിയിരുന്നു. പ്രസങ്ഗവേദിയിൽ ഹാൽഡേൻപ്രഭുവും, പ്രഭുവിന്റെ പുത്രിയും, പ്രൊ. ഐൻ സ്റ്റയിനും ഐൻസ്റ്റയിന്റെ ഭാര്യയും മറ്റു കുറെ പ്രമാ ണികളും ആസനസ്ഥരായിരുന്നു. ഐൻസ്റ്റയിനെ സദ സ്സിനു പരിചയപ്പെടുത്തുന്ന ജോലി ഹാൽഡേൻപ്രഭു ഏ റ്റിരുന്നു. ആ മറിയാസകലം ഇളകിമറിഞ്ഞിരുന്നു. ഐൻസ്റ്റയിൻ ജർമ്മൻകാരനായിരുന്നതുകൊണ്ടു് വല്ല ഉപദ്രവും ഉണ്ടായേയ്ക്കുമെന്നു് പലരും ശങ്കിച്ചിരുന്നു

കൂട്ടത്തിലിരുന്ന ജർമ്മൻകാരനായ ഒരു മാന്യൻ അ ദ്ദേഹത്തിന്റെ സ്നേഹിതനോടു് ജർമ്മൻഭാഷയിൽ പറ ഞ്ഞു: "ഐൻസ്റ്റയിൻ ജർമ്മൻഭാഷയിൽ സംസാരിക്കു ന്നതുകൊണ്ടു് ഈ യോഗം അലങ്കോലപ്പെടുകയില്ലേ എന്നു ഞാൻ സംശയിക്കുന്നു."

അദ്ദേഹത്തിന്റെ സമീപത്തിരുന്ന ഒരു ആംഗ്ലേയ മാന്യൻ ജർമ്മൻഭാഷയിൽത്തന്നെ ഇപ്രകാരം പ്രതിവ ചിച്ചു. "അതുകൊണ്ടു തരക്കേടൊന്നുമുണ്ടാവുകയില്ല. പ്രസംഗം ജർമ്മൻഭാഷയിൽ ആയിരിക്കുമെന്നു് എല്ലാ വർക്കും നേരത്തെതന്നെ അറിയാമല്ലോ."

"ഇതാ, ചെറുപ്പക്കാർ കൂടിനില്ക്കുന്നതു കണ്ടില്ലേ. സാപേക്ഷതാവാദത്തെപ്പോലെ ദുർഘടമായ ഒരു വിഷയ ത്തെപ്പറ്റിയുള്ള പ്രഭാഷണം കേൾക്കുവാൻ വന്നവരാണു് അവർ എന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടോ?"

രണ്ടാമൻ മറുപടി പറഞ്ഞു: അവർ വിദ്യാർത്ഥി കളാണു്. ഒരു മഹാശാസ്ത്രജ്ഞനോടുള്ള ആദരവു് പ്രദ

ശിപ്പിക്കുവാൻ വന്നിരിക്കുകയാണു് അവർ. ക്രടാതെ ജമ്മൻ മനസ്സിലാക്കുവാൻ കഴിയുന്ന ആംഗ്ലേയവിദ്യാത്ഥി കളുടെ എണ്ണം, സാധാരണ ധരിച്ചിരിക്കുന്നതിൽനിന്നു് എത്രയോ അധികമാണു്."

ഹാൽഡേൻപ്ലേ സഭാവാസികൾക്കു് ഐൻസ്റ്റയിനെ പരിചയപ്പെടുത്തിക്കൊടുക്കുന്നതിനുവേണ്ടി എണീറു മുൻപോട്ടു വന്നപ്പോൾ കുശുകുശുപ്പും മറും അവസാനിച്ചു. ശ്രോതാക്കൾ ആദരവോടുകൂടി ശ്രദ്ധിച്ചു. പക്ഷേ അവരിൽ ഒരു തണുത്ത മട്ടാണു് കണ്ടതു്. ഈ ഐൻസ്റ്റയിൻ സാപേക്ഷതാവാദം ആവിഷ്കരിച്ചിരിക്കാം. പക്ഷേ അദ്ദേഹം ഒരു ജമ്മൻകാരനായിരുന്നില്ലേ. അവർക്കു പൊറുക്കുവാൻ വയ്യാത്ത ഒരു ഉപാധിയായിരുന്നു അതു്.

"അതിബുദ്ധിമാനായ ഒരു മനുഷ്യനു് ബ്രിട്ടീഷുകാരുടെ സഹാഗതം അരുളുന്നതിനാണു് നാം ഇവിടെ കൂടിയിരിക്കുന്നതു്." എന്നു് ഹാൽഡേൻപ്ലേ പ്രസംഗം ആരംഭിച്ചു. അദ്ദേഹം പത്തു മിന്നിട്ടനേരത്തേയ്ക്കു സംസാരിക്കുകയുണ്ടായി. ഒരൊറ്റ പ്രാവശ്യംപോലും ഐൻസ്റ്റയിൻ ഒരു ജമ്മൻകാരനാണെന്നോ ഒരു യൂദനാണെന്നോ അദ്ദേഹം പറഞ്ഞില്ല. സാപേക്ഷതാവാദത്തെപ്പറ്റി സംസാരിക്കുവാനാണു് ഐൻസ്റ്റയിൻ അവിടെ ആഗതനായിരുന്നതു്. ഐൻസ്റ്റയിൻ, 'ഇരുപതാംശതകത്തിലെ ന്യൂട്ടൻ' ആണെന്നും ഹാൽഡേൻപ്ലേ സദസ്യരെ ഓർമ്മിപ്പിച്ചു.

സദസ്സിൽനിന്നു് ഉപചാരപൂർവ്വമുള്ള കൈകൊട്ടം, അങ്ങിങ്ങായി ചില ആർപ്പുവിളികളും ഉയർന്നു. ആൽ

ബർട്ട് ഐൻസ്റ്റയിൻ സദസ്യരുടെ യഥാർത്ഥമനോഭാവത്തെക്കുറിച്ച് ഊഹിക്കാതിരുന്നില്ല. അദ്ദേഹത്തെ സല്ക്കരിക്കുന്നതിൽ അവർ വിമുഖരായിരുന്നു.

അദ്ദേഹം ഹാൽഡേൻപ്രഭുവിനെ നോക്കി ഒന്നു വണങ്ങിയിട്ട് പ്രസങ്ഗമേശയുടെ അടുത്തു ചെന്നപ്പോഠം സദസ്യരിൽനിന്ന് ഹുങ്കാരവും ഒച്ചപ്പാടും പൊങ്ങി. പ്രൊഫസ്സർ ഐൻസ്റ്റയിൻ പ്രസംഗമാരംഭിച്ചതോടുകൂടി ആ ശബ്ദഘോഷം നിലച്ചു.

ശാന്തതയും കുലീനതയും ഉടലെടുത്തതാണെന്നു തോന്നും അദ്ദേഹത്തെ കണ്ടാൽ. അദ്ദേഹം ബഹുമതികളൊന്നും പ്രതീക്ഷിച്ചിരുന്നില്ല. ശാസ്ത്രീയകാര്യങ്ങഠം പ്രതിപാദിക്കുന്നതിനായിരുന്ന ആ ജ്ഞാനൈകതത്പരൻ അവിടെ വന്നിരുന്നതു്. ശാസ്ത്രസംബന്ധമായ കാര്യങ്ങഠം സംസാരിക്കുമ്പോളെല്ലാം ആ ചിന്തകളിൽ നിമഗ്നനായി, അദ്ദേഹം, തന്നെ മറന്നമട്ടിലാവും. നോക്കുന്നവർ അദ്ദേഹം സ്വപ്നം കാണുകയാണോ എന്നു സംശയിക്കും.

ഹാൽഡേൻപ്രഭു പറഞ്ഞതുപോലെ അദ്ദേഹം ഒരു അതിബുദ്ധിമാൻ മാത്രമായിരുന്നില്ല; പിന്നെയോ ഒരു കവിയുടെ സത്പരമായ ഭാവനയും അദ്ദേഹത്തിൽ തെളിഞ്ഞുവിളങ്ങുന്നുണ്ടായിരുന്നു.

വികാരരഹിതരായ സദസ്യരോട്, സർ. ഐസക്ക് ന്യൂട്ടൻ എന്ന ഏറ്റവും മികച്ച ഭൌതികശാസ്ത്രജ്ഞന്റെ ജന്മദേശമായ ആ രാജ്യത്തിന്റെ തലസ്ഥാനനഗരത്തിൽ വച്ചു പ്രസംഗിക്കുവാൻ ഇടവന്നതിൽ തനിക്കു വളരെയ

ധികം സന്തോഷം തോന്നി എന്നും ഐൻസ്റ്റയിൻ പ്രസ്താവിച്ചു. ആംഗ്ലേയനായ ന്യൂട്ടനെക്കുറിച്ച് അദ്ദേഹം കുറെ നേരം സംസാരിച്ചുകൊണ്ടിരുന്നു. ശാസ്ത്രം അന്താരാഷ്ട്രീയമാണെന്നും, അതിന് അതിർത്തിവരമ്പുകൾ ഇല്ലെന്നും, ന്യൂട്ടൻ വിശിഷ്ടങ്ങളായ ശാസ്ത്രീയനേട്ടങ്ങൾ കൈവരിച്ചത് ലോകമൊട്ടുക്കു അവയുടെ ഫലം ആസ്വദിക്കുവാനാണെന്നും അദ്ദേഹം ശ്രോതാക്കളോട് വിശദീകരിച്ചു.

സദസ്യർക്ക് ഐൻസ്റ്റയിനോട് അലിവു തോന്നി; അവരുടെ നീരസം മാറിത്തുടങ്ങി.

ഡോ. ഐൻസ്റ്റയിന്റെ തലമുടി നരച്ചുതുടങ്ങിയിരുന്നു; നാല്പതു കഴിഞ്ഞിരുന്ന പ്രായം. ശരീരം സ്ഥൂലിച്ചുതുടങ്ങിയതായി തോന്നുമായിരുന്നു. പക്ഷെ അദ്ദേഹത്തിന്റെ മുൻപിലിരുന്ന സദസ്യർക്ക് അദ്ദേഹത്തെക്കുറിച്ചു തോന്നിയതു് മുൻപു പറഞ്ഞ തരത്തിൽ മാത്രമായിരുന്നില്ല; പിന്നെയോ അദ്ദേഹത്തിന് ഒരു വശീകരണശക്തികൂടി ഉണ്ടെന്നായിരുന്നു. അവരുടെ സൌഹൃദം നേടുവാൻ പോരുന്നതായിരുന്ന ആ വശീകരണശക്തി.

തനിക്ക് ഏറ്റവും ഇഷ്ടമുള്ള വിഷയമായ സാപേക്ഷതാവാദത്തെക്കുറിച്ചു സംസാരിക്കുവാൻ ആരംഭിച്ചതോടുകൂടി ഐൻസ്റ്റയിന് സഭാകമ്പം നിശ്ശേഷം ഇല്ലാതായി. അദ്ദേഹം വിശ്വവിഹായസ്സിലേയ്ക്കു കടന്നുകഴിഞ്ഞിരുന്നു. സദസ്യരെയും നയിച്ചുകൊണ്ടുതന്നെയായിരുന്നു അതു് നിർവ്വഹിച്ചതു്. ഒരു ജർമ്മൻകാരനാണു് പ്രസംഗിക്കുന്നതെന്നും ആംഗ്ലേയരാണു് ശ്രോതാക്കളെന്നുമുള്ള കാര്യം

അവർ വിസ്മരിച്ചിരുന്നു. സകലതും മറന്ന് സഭാവാസികൾ പ്രാസംഗികന്റെ ധിഷണാവൈഭവത്തിലും പ്രസംഗപാടവത്തിലും ലയിച്ചു. അവർ ശാസ്ത്രജ്ഞരായിരുന്നു. അദ്ദേഹം ഒരു മഹാശാസ്ത്രജ്ഞനും. അദ്ദേഹത്തിന് അവരെക്കാൾ വളരെക്കൂടുതൽ അറിവുണ്ടായിരുന്നു. അവർക്ക് അദ്ദേഹത്തിൽനിന്നു പലതും പഠിക്കുവാൻ ഉണ്ടായിരുന്നു.

പ്രൊഫസ്സർ ഐൻസ്റ്റയിൻ പ്രസംഗം അവസാനിപ്പിച്ചപ്പോൾ ആർപ്പുവിളിയും കരഘോഷവും പൊട്ടിപ്പുറപ്പെട്ടു; ശബ്ദകോലാഹലംകൊണ്ടു നിറഞ്ഞു പ്രസംഗശാല. അവരെ എല്ലാം പാട്ടിലാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തോടുണ്ടായിരുന്ന നീരസം നിർദ്ദോഷം വിട്ടകന്നിരുന്നു.

അദ്ധ്യായം പതിനാലു്

ലോകസഞ്ചാരി.

ഐൻസ്റ്റയിനെതിരായി നാസികൾ അവരുടെ പതിവിനൊത്തവണ്ണം ലഹള കൂട്ടിക്കൊണ്ടിരിക്കുകയായിരുന്നു. എത്ര വിശിഷ്ടന്മാരായ വ്യക്തികളെയാണ് തങ്ങൾ തുലയ്ക്കുന്നതെന്നു ഗൌനിക്കാതെ ജർമ്മനിയിൽ നിന്ന് യൂദന്മാരെ ആട്ടിയോടിക്കുന്നതിൽ അവർ ബദ്ധ

ശ്രദ്ധേയായിത്തീർന്നു. ഐൻസ്റ്റയിൻ ഒരു ആപൽക്കാരി യാണെന്ന് അവർ അലറി. പ്രൊഫസ്സർ ഐൻസ്റ്റയിനെ പ്പോലെ ശാന്തനും അധ്യഷ്ടനുമായ ഒരു വ്യക്തി എങ്ങിനെ ആപൽക്കാരിയാകുമെന്നു വിശദീകരിക്കുവാൻ അവർ മിനക്കെട്ടില്ല. പകരം അവർ അദ്ദേഹത്തെ ആക്രമിച്ചു.

ഒന്നിലധികം പ്രാവശ്യം പ്രാണരക്ഷാർത്ഥം പ്രൊ. ഐൻസ്റ്റയിന് ജന്മനിവിട്ട പോകേണ്ടിവന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ യാത്രകളിൽ ചിലതു് അദ്ദേഹത്തെ ഒരു രക്ഷാകേന്ദ്രത്തിൽ എത്തിക്കുന്നതിനുവേണ്ടി മറ്റുള്ളവർ കരുതിക്കൂട്ടി ഏർപ്പാടു ചെയ്തതായിരുന്നു. പക്ഷെ എല്ലാ സ്ഥലത്തും വാശിയോടുകൂടിത്തന്നെ അദ്ദേഹം ബർലിനിലേയ്ക്കു മടങ്ങുകയും ജോലി തുടരുകയും ചെയ്തു. ശാസ്ത്രത്തിനും, യുദ്ധമാക്കും, സമാധാനത്തിനുംവേണ്ടി പ്രവർത്തിക്കുക എന്നതായിരുന്നു അദ്ദേഹത്തിന് ബർലിനിൽവച്ചു ചെയ്യാനുണ്ടായിരുന്ന കൃത്യം.

ലോകത്തിൽ സമാധാനം നിലനിർത്തുവാൻ, ഒന്നാം ലോകമഹായുദ്ധം കഴിഞ്ഞു് ലീഗ് ഒഫ് നേഷൻസ് രൂപവൽക്കൃതമായി. പാരീസിൽവച്ചു കൂടിയ സമാധാന സമ്മേളനത്തിൽ, സമാധാനഉടമ്പടികളെക്കുറിച്ചും, ജർമ്മനിക്കുമേലും നല്കേണ്ട നഷ്ടപരിഹാരത്തെക്കുറിച്ചും തീരുമാനിക്കുന്നതിന് സഖ്യകക്ഷികൾ സമ്മേളിച്ചപ്പോൾ പത്തൊൻപതു പേർ അടങ്ങിയ ഒരു പ്രത്യേക സമിതി നിയമിക്കപ്പെട്ടു. ഐക്യനാടുകൾ, ഫ്രാൻസ്, ഗ്രേറ്റ് ബ്രിട്ടൻ എന്നീ വൻകിടരാജ്യങ്ങളിൽനിന്നു പത്തുപേരും സഖ്യകക്ഷിയിലെ ചെറുരാജ്യങ്ങളിൽനിന്നു് ഒൻപതു

പേരും ഉൾപ്പെട്ടതായിരുന്ന ആ സമിതി. ഈ പത്തൊൻപതുപേരും 1920-ൽ ഐക്യനാടുകളിലെ പ്രസിഡൻറായിരുന്ന (Woodrow Wilson) വുഡ്രൂവിൽസൻറെ അദ്ധ്യക്ഷതയിൽ കൂടി, 'യുദ്ധത്തിലേക്കുനയിക്കുന്ന രാഷ്ട്രീയ വഴക്കുകളെ നിവാരണംചെയ്യുന്ന'തിനായി ലീഗ് ഒഫ് നേഷൻസ് രൂപവൽക്കരിച്ചു.

സമാധാനം പാലിക്കുന്നതിനുവേണ്ടി ഒരു ലോകഗവർമ്മെൻറു സ്ഥാപിക്കുവാനുള്ള ഒന്നാമത്തെ വൻപിച്ച ഉദ്യമമായിരുന്നു 'ലീഗ് ഒഫ് നേഷൻസ്' ആ ഒരൊറ്റക്കാരണംകൊണ്ടുതന്നെ, പരിഷ്കാരസോപാനത്തിലെ സുപ്രധാനമായ ഒരു ചുവടുവയ്പായി അതിനെ കരുതാം. ലോകത്തിൽ സമാധാനം പാലിക്കുക എന്ന ഉദ്ദേശ്യത്തിൽ അതു വിജയിച്ചില്ലാ എന്നാണ് പിന്നീടുള്ള വിശകലനത്തിൽ വ്യക്തമാകുന്നതു്. അതു സംവിധാനംചെയ്ത വ്യക്തികളുടെ തെറ്റുകളും പോരായ്മകളുമെന്നപോലെതന്നെ, ആ സമിതിയുടെ പ്രാധാന്യത്തെക്കുറിച്ചു മനസ്സിലാക്കുവാനുള്ള ലോകരുടെ കഴിവുകേടും അതിനു കാരണമായിരുന്നു. രണ്ടാംലോക മഹായുദ്ധത്തിനുശേഷം ഐക്യരാഷ്ട്രസമിതി (United Nations Organisation) എന്ന പേരിൽ ഒരു ലോകഗവർമ്മെൻറു സ്ഥാപിക്കുവാൻ മറെറാരു ശ്രമം നടന്നുവരികയാണല്ലൊ. ഐക്യരാഷ്ട്രസമിതി ആസൂത്രണം ചെയ്യാനും സംവിധാനം ചെയ്യാനും സഹായിച്ച വ്യക്തികൾ, ലീഗ്ഒഫ് നേഷൻസ് പരാജയമടഞ്ഞതിൻറെ കാരണങ്ങളിൽ പലതും മനസ്സിലാക്കിയിരുന്നു. പഴയ അനുഭവങ്ങളിൽനിന്നു ലഭിച്ച അറിവു

വച്ചുകൊണ്ട് അവർ വളരെ ഭേദപ്പെട്ട നിലയിൽ പ്രവർത്തനം നടത്തിവരികയാണ്.

1919-1920 എന്നീ കാലഘട്ടത്തിൽ ഉടലെടുത്ത ലീഗിന്റെ ഗവർണ്മെന്റിന്, നിയമനിർമ്മാണപരം (Legislative), ഭരണസംബന്ധം (Executive), ന്യായസംബന്ധം (Judicial) എന്നിങ്ങനെ മൂന്നു വിഭാഗങ്ങൾ ഉണ്ടായിരുന്നു.

അസംബ്ളി ഒരു നിയമനിർമ്മാണ സഭയായിരുന്നു. ആ സഭയിലേയ്ക്ക് ഓരോ അംഗരാഷ്ട്രത്തിനും മൂന്നുവരെ പ്രതിനിധികളെ അയയ്ക്കാനും ഓരോ വോട്ട ചെയ്യാനും അവകാശമുണ്ടായിരുന്നു. കൌൺസിൽ ഒരു ചെറിയ സംഘമായിരുന്നു; ലീഗിന്റെ ഭരണസംബന്ധമായ കാര്യങ്ങൾ നടത്തുന്ന സംഘമായിരുന്നു അത്. ഫ്രാൻസ്, ജപ്പാൻ, ജർമ്മനി, ഇറ്റലി, ഗ്രേറ്റ് ബ്രിട്ടൻ എന്നീ അഞ്ചു വൻകിട രാജ്യങ്ങൾക്കു മാത്രമേ കൌൺസിലിൽ സ്ഥിരമായ അംഗത്വമുണ്ടായിരുന്നുള്ളൂ. ചെറുരാജ്യങ്ങൾക്ക് മുറയനുസരിച്ച് പ്രാതിനിധ്യം ലഭിച്ചുകൊണ്ടിരുന്നു. അഞ്ചു സ്ഥിരാംഗങ്ങളിൽ ഒന്നായി ഐക്യനാട്ടുകളെ അംഗീകരിക്കണമെന്നതായിരുന്നു ആദ്യത്തെ ആലോചന. ലീഗിൽ ചേരുന്നതിനുതന്നെ പിന്നീട് ഐക്യനാട്ടുകൾ വിസമ്മതിച്ചതുനിമിത്തം ആദ്യത്തെ പദ്ധതിയിൽ വളരെയേറെ മാറ്റങ്ങൾ വരുത്തേണ്ടിവന്നു. ന്യായാധിപകസമിതി (Judicial body), അംഗരാഷ്ട്രങ്ങളിൽനിന്നുള്ള ന്യായാധിപന്മാരെ ഉൾക്കൊള്ളുന്ന സ്ഥിരമായ ഒരു

അന്താരാഷ്ട്രീയ നീതിന്യായക്കോടതിയായിരുന്നു. ആ സ്ഥിതിക്ക് കോടതിയുടെ മുൻപാകെ രാഷ്ട്രങ്ങൾക്ക്, അതിത്തിത്തക്കം, ഉടമ്പടിത്തക്കം തുടങ്ങിയ കാര്യങ്ങൾ കൊണ്ടു വരാവുന്നതാണ്. സ്ഥിതി കോടതിയുടെ പ്ലാൻ ആസൂത്രണം ചെയ്തത് ഐക്യനാടുകളിലെ സെക്രട്ടറി ഒഫ് സ്റ്റേറ്റ് ആയിരുന്ന ഡോ. എലിഹു റൂട്ടി*ന്റെ അദ്ധ്യക്ഷതയിലുള്ള ഒരു സമിതി ആയിരുന്നു.

ലീഗിന്റെ സ്ഥാപനത്തെപ്പറ്റി ഇത്രയുംമാത്രം. ഇനി, അതെന്തുകൊണ്ട് പരാജയമടഞ്ഞു എന്നു ചിന്തിക്കാം. അതിന് പല കാരണങ്ങളുണ്ട് പ്രഥമവും പ്രധാനവുമായ കാരണം അതിന്റെ അസ്ഥിവാരംതന്നെ ശരിയായിരുന്നില്ല എന്നതാണ്. ഡെമോക്രസിയിൽ അധിഷ്ഠിതമായ ഏതൊരു സ്ഥാപനത്തിനും വേണ്ടതായ മൂന്നു വിഭാഗങ്ങളും അതിന്റെ ഗവർണ്മെന്റിന് ഉണ്ടായിരുന്നു എന്നതു വാസ്തവംതന്നെ. നിയമങ്ങൾ നിർമ്മിക്കുന്നതിനുള്ള ലെജിസ്ലേറ്റീവ്, നിയമങ്ങൾ നടപ്പിലാക്കാനുള്ള എക്സിക്യൂട്ടീവ്, നിയമങ്ങളെ വ്യാഖ്യാനിക്കാനുള്ള ജൂഡിഷ്യൽ. ഇതൊക്കെ കടലാസ്സിലുണ്ടായിരുന്നു. കാര്യത്തിൽ നിയമങ്ങൾ നടപ്പിലാക്കാനുള്ള എക്സിക്യൂട്ടീവ് ഉണ്ടായിരുന്നില്ലെന്നുവേണം പറയുവാൻ.

അസംബ്ലിക്ക് നിയമങ്ങൾ പാസ്സാക്കുവാൻ കഴിയും. പക്ഷെ അവ നടപ്പിലാക്കുന്നതിന് ആരുമില്ലായിരുന്നു. അന്താരാഷ്ട്രീയ കോടതിക്ക് ചില തീരുമാനങ്ങ

---

* Elihu Root

ളിലെത്താം; പക്ഷെ ആ കോടതിയ്ക്ക് തീരുമാനങ്ങളെ പ്രവർത്തിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിരുന്നില്ല.

ലീഗിന്റെ പരാജയത്തിനുള്ള മറ്റൊരു കാരണം അതിന്റെ അധികാരങ്ങളിൽ പലതും അപഹരിക്കപ്പെട്ട എന്നതാണ്. ഉദാഹരണമായി, ഒന്നാംലോകമഹായുദ്ധത്തിനുശേഷം നഷ്ടപരിഹാരത്തെക്കുറിച്ചോ, അതിർത്തി മാറ്റങ്ങളെക്കുറിച്ചോ അഭിപ്രായം പറയുവാൻ ആ സമിതിക്ക് അധികാരമുണ്ടായിരുന്നില്ല.

അതിന്റെ പരാജയത്തിനുള്ള മൂന്നാമത്തെ കാരണം അമേരിക്കൻ ഐക്യനാടുകൾ (അതിൽ) അംഗമായി ചേരാഞ്ഞതുതന്നെയായിരുന്നു. ഐക്യനാടുകൾ, റഷ്യ എന്നീ രണ്ടു പ്രധാനപ്പെട്ട രാജ്യങ്ങൾ മാത്രമേ ലീഗ് ഓഫ് നേഷൻസിന്റെ അംഗങ്ങളല്ലാതെയിരുന്നുള്ളൂ. ആ സംഘത്തിന്റെ സമാരംഭത്തിനുവേണ്ടി പ്രവർത്തിച്ച പ്രസിഡന്റ് വുഡ്രൂവിൽസൻ, മിസ്റ്റർ എലിഹു റൂട്ട് മുതലായ രാജ്യതന്ത്രജ്ഞന്മാരുടെ സേവനങ്ങളെ മാനം ചെയ്യുകയും, അതിന്റെ നായകസ്ഥാനത്തു വർത്തിക്കുകയും ചെയ്തശേഷം അമേരിക്കൻ ഐക്യനാട്ടിലെ ജനങ്ങൾ ലീഗിൽ അംഗമാകുവാൻ വിസമ്മതിച്ചു.

1920-ൽ ലീഗ് പരാജയപ്പെടുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. ലോകസമാധാനത്തെക്കുറിച്ചുള്ള ആഗ്രഹം വർദ്ധമാനമായി. 1922-ാമാണ്ടോടുകൂടി ലീഗ് പ്രാബല്യത്തിലെത്തി. പ്രത്യേക കാര്യങ്ങളെക്കുറിച്ചു പര്യാലോചിക്കുവാൻ ചെറിയ സമിതികൾ നിയമിക്ക

പ്പെട്ടു. സമാധാനസ്ഥാപനത്തിനുവേണ്ടി ലോകത്തിലെ മഹാന്മാരുടെ ബുദ്ധിപരമായ സഹകരണം കൈവരുത്തുവാൻ ഒരു സമിതി രൂപവത്കൃതമായി. സാഹിത്യപരവും, കലാപരവും, ശാസ്ത്രപരവുമായ ഒരു അന്താരാഷ്ട്രീയ സംയുക്ത പ്രവർത്തനം മുഖേന ഒരു നല്ല വ്യവസ്ഥയ്ക്കു വേണ്ടി ആരായുക എന്നതായിരുന്നു ബുദ്ധിപരമായ സഹകരണ സമിതിയുടെ ഉദ്ദേശ്യം. ആ സമിതിയുടെ പ്രവർത്തനങ്ങളെ സർവ്വകലാശാലാപരം, സാഹിത്യപരം, കലാപരം, നിയമപരം, ശാസ്ത്രപരം എന്നിങ്ങനെ വിഭജിച്ചിരുന്നു.

ആ സമിതിയുടെ ശാസ്ത്രവിഭാഗത്തിൽ പതിന്നാലു രാജ്യങ്ങളിൽനിന്ന് പ്രമുഖരായ വിദ്വാന്മാരെ ഉൾപ്പെടുത്തിയിരുന്നു. അവരിൽ ആൽബർട്ട് ഐൻസ്റ്റയിൻ, പോളണ്ടുകാരിയായ മാഡംക്യൂറി, കാലിഫോർണിയായിലെ ടെക്നാളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. റോബർട്ട് ഏ. മില്ലിക്കൻ, ലെയ്ഡൻ സർവ്വകലാശാലയിലെ ഡോ. ലോറൻറ്സ് എന്നിവരുടെ പേരുകൾ പ്രത്യേകം പ്രസ്താവ്യമാണ്. ഈ മൂന്നുപേരും ഡോ. ഐൻസ്റ്റയിന്റെ സുഹൃത്തുക്കളായിരുന്നു. അവർ ജനീവായിൽ വളരെക്കാലം ഒരുമിച്ചു കഴിക്കുകയുണ്ടായി.

ഐൻസ്റ്റയിന്റെ ഒരു പ്രത്യേകതയെക്കുറിച്ചു പറയേണ്ടതുണ്ട്. അതു് അദ്ദേഹത്തിന്റെ അചഞ്ചലമായ സത്യസന്ധതയാകുന്നു. ലീഗിലെ ജോലിക്കാർ അദ്ദേഹത്തിന്റെ ഈ ഗുണവിശേഷത്തെക്കുറിച്ചു് വളരെ പെട്ടെന്നു മനസ്സിലാക്കി. അതുതു് അവരെ വളരെ

പരുങ്ങലിലാക്കുകയും ചെയ്തു. ഒരു കൊല്ലത്തിനുശേഷം, അതായത് ലീഗിന്റെ സമ്മേളനങ്ങൾക്കുവേണ്ടി തന്റെ വിലയേറിയ സമയം കൂടെ ചെലവാക്കിക്കഴിഞ്ഞപ്പോൾ, ലോകത്തിൽ സമാധാനം പാലിക്കുന്നതിന് ലീഗിനുള്ള കഴിവിനെപ്പറ്റി അദ്ദേഹം അഭിപ്രായം പുറപ്പെടുവിച്ചു തുടങ്ങി.

"മൃദീയമായ രീതിയിൽ പ്രവർത്തിക്കുന്ന ഇപ്പോഴത്തെ ചില സംഘടനകൾക്ക് എതിരായി ലീഗിന് ഒരു നില സ്വീകരിക്കാമെന്നിരുന്നിട്ടും അതു് അങ്ങിനെയൊന്നും ചെയ്തുകാണുന്നില്ല". ഒരു അഭിമുഖസംഭാഷണത്തിൽ വച്ചു് അദ്ദേഹം പുറപ്പെടുവിച്ച അഭിപ്രായമാണിതു്.

സമാധാനപരിപാലനത്തിനുള്ള കഴിവു സംബന്ധിച്ചിടത്തോളം ലീഗ് ഒരു പരാജയമാണെന്ന് ഐൻസ്റ്റയിനു തോന്നി. അക്കാര്യം അതുപോലെ പറയുവാൻ അദ്ദേഹം മടിച്ചില്ല. ലീഗിന് പ്രവർത്തിക്കുവാനുള്ള അധികാരമുണ്ടായിരുന്നില്ല; അതിലെ അംഗങ്ങൾക്ക് സമ്മേളിക്കുവാനും സംസാരിക്കുവാനും മാത്രമേ കഴിഞ്ഞിരുന്നുള്ളൂ. ഒടുവിൽ ഒരു കൊല്ലത്തെ സേവനത്തിനുശേഷം, നിരാശനായി അദ്ദേഹം ലീഗ് ഓഫീസിലേക്ക് തന്റെ രാജിക്കത്തു് അയച്ചു.

"ഒരു തികഞ്ഞ സമാധാനേച്ഛു എന്ന നിലയ്ക്ക്, ലീഗുമായി എന്തെങ്കിലുംതരത്തിലുള്ള ബന്ധമുണ്ടായിരിക്കുന്നതു് നന്നല്ലാ എന്നാണ് എനിക്കു തോന്നുന്നതു്" എന്നും ആ കത്തിൽ പ്രസ്താവിച്ചിരുന്നു.

ശാസ്ത്രപരമായ പ്രവർത്തനത്തിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ വീണ്ടും തിരിഞ്ഞു. പക്ഷെ ലോകർ അദ്ദേഹത്തെ വെറുതെ വിട്ടില്ല. ലീഗിൽനിന്നുള്ള അദ്ദേഹത്തിന്റെ രാജിയെക്കുറിച്ചു കേട്ടപ്പോൾ ജർമ്മൻ നാഷണലിസ്റ്റുകൾ വളരെയേറെ സന്തോഷിച്ചു. ലീഗിനെ അപകർഷപ്പെടുത്തുവാൻ ആ വിവരം അവർക്ക് സഹായകമായിരുന്നു. നാഷണലിസ്റ്റുകളുടെ വായ് അടയ്ക്കുന്നതിനുവേണ്ടി, ഡോ. ഐൻസ്റ്റയിൻ 'ബുദ്ധിപരമായ സഹകരണസമിതി'യിൽ വീണ്ടും ചേരുന്നതാണെന്ന് 1924-ൽ പ്രഖ്യാപിക്കുകയുണ്ടായി.

ലോകത്തിൽ സമാധാനമില്ലായിരുന്നു. ജർമ്മനിയിൽ പ്രൊ. ഐൻസ്റ്റയിനും സൈ്വരമുണ്ടായിരുന്നില്ല. യുദ്ധവിദ്വേഷംനിമിത്തമുള്ള ഹിംസകളും ഭീഷണികളും തുടർന്നുകൊണ്ടിരുന്നു എന്നതാണ് അതിനു കാരണം. ജപ്പാനിൽനിന്ന് പ്രസംഗത്തിനുള്ള ഒരു ക്ഷണം ലഭിച്ചപ്പോൾ, അതു സ്വീകരിക്കുവാൻ എൽസാ അദ്ദേഹത്തെ നിർബ്ബന്ധിച്ചു. അതു് 'അദ്ദേഹത്തെ ജർമ്മനി വിട്ടു പോകുവാൻ ഇടയാക്കും; ആ സഞ്ചാരകാലത്തേക്ക് എങ്കിലും അദ്ദേഹം സുരക്ഷിതനായിരിക്കും' എന്ന ഉദ്ദേശത്തിലായിരുന്നു. സ്വന്തം നാട്ടൊഴികെ മറെറല്ലാ സ്ഥലങ്ങളിലും അദ്ദേഹത്തിനു രക്ഷയുണ്ടായിരുന്നതായി തോന്നി.

1922-ാമാണ്ടു് ശിശിരകാലത്തിന്റെ അന്തിമഘട്ടത്തിൽ പ്രൊ. ഐൻസ്റ്റയിനും ഭാര്യയും ഫ്രാൻസിൽ ചെന്നു്, മെഡിറററേനിയൻകടലിലുള്ള മാർസെയിൽസ് തുറമുഖത്തെത്തി, ജപ്പാൻകാരുടെ ഒരു കപ്പലിൽ സ്ഥലം

പിടിച്ചു. സമാധാനപരമായ ഈ യാത്രയെ, പ്രൊ: ഐൻസ്റ്റയിന്റെ ഒരു വിശ്രമാവസരമായി കണക്കാക്കാം. ആ യാത്രയിൽ അദ്ദേഹത്തിനും എൽസായ്ക്കും കപ്പലിൽ ആകാവുന്നിടത്തോളം സുഖസൌകര്യങ്ങളും ലഭിച്ചിരുന്നു.

ആ യാത്രകൊണ്ടു് അദ്ദേഹത്തിന്റെ അനുഭവങ്ങളും ഇംഗിതജ്ഞതയും വർദ്ധിച്ചു. സാവധാനത്തിലുള്ള ആ നീണ്ട യാത്രയിൽ, അതിനു മുൻപു കണ്ടിട്ടില്ലാത്ത വർഗ്ഗങ്ങളിലും വർണ്ണങ്ങളിലുമുള്ള ആളുകളെയും, വിചിത്രങ്ങളായി തോന്നിയ ആചാരങ്ങളും, വേഷവിധാനങ്ങളും എന്നിവയെയും അദ്ദേഹത്തിനു കാണുവാൻ ഇടവന്നു. അദ്ദേഹം പൌരസ്ത്യസംഗീതം കേൾക്കുകയും, ആംഗ്യത്തിരക്കും ഇരച്ചിലുമുള്ള അങ്ങാടികളും സന്ദർശിക്കുകയും ചെയ്തു.

അവർ, മെഡിറ്ററേനിയൻകടൽ, സൂയസ്കനാൽ, റെഡ്സീ ഇവ കടന്നു് ഇന്ത്യൻ മഹാസമുദ്രത്തിൽക്കൂടി യാത്രചെയ്തു; സിലോൺദ്വീപിലുള്ള കൊളമ്പോ തുറമുഖത്തിൽ അല്പം തങ്ങിയിട്ടു് കിഴക്കോട്ടു യാത്ര തുടർന്നു; സിങ്കപ്പൂർ കടന്നു് തെക്കൻചൈനാസമുദ്രത്തിൽക്കൂടി ചൈനയിലെ ഹാങ്ങ്കാങ്ങ് പട്ടണത്തിലെത്തി.

പ്രൊ ഐൻസ്റ്റയിനു് ഒരു ആവലാതിയുണ്ടായിരുന്നു. പതിവുള്ളതുതന്നെയായിരുന്നു അതു്. 'തന്നെപ്പോലെ അപ്രധാനനായ ഒരാൾക്കു് വളരെയേറെ ബഹുമതികളും സ്വീകരണങ്ങളും സമ്മാനങ്ങളുമൊന്നും നല്കപ്പെടരുതു്' എന്നതായിരുന്നു ആ ആവലാതി. അദ്ദേഹത്തിനും ഭാര്യയ്ക്കും സൈരമായി ചുറ്റിനടന്നു് കാഴ്ചകൾ കാണുവാൻ ഒരു നിമിഷംപോലും കഴിഞ്ഞിരുന്നില്ല.

എങ്ങോട്ടു തിരിഞ്ഞാലും അവരുടെ ആവശ്യത്തിനായി വാഹനങ്ങളും തയ്യാറാക്കി നിത്തിയിരുന്നു; ഛായാഗ്രാഹി കളുമുണ്ടായിരുന്നു ചുറ്റിലും. വിരുന്നുകാരുടെ മുറിയിലും ഒരു കുറവുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ചുറ്റുപാടും കൂടിയിരുന്ന ആളുകൾ സംസാരിച്ചിരുന്ന ഭാഷകളൊന്നും തന്നെ അദ്ദേഹത്തിനു വശമുണ്ടായിരുന്നില്ല. അദ്ദേഹം ജർമ്മൻഭാഷയിൽ മറുപടി പറയുകയും അടുത്തു നില ഉറപ്പിച്ചിരുന്ന ദ്വിഭാഷി ശ്രോതാക്കൾക്ക് അദ്ദേഹം പറഞ്ഞതെന്തെന്ന് വിശദീകരിക്കുകയും ചെയ്തുവന്നു.

ജപ്പാനിലെ കോബു് തുറമുഖത്തിൽ ചെന്നെത്തുന്നതിനുമുമ്പു് ചൈനയിലെ ഷാങ്ങ്ഹായ് നഗരത്തിൽ അവർ അല്പം താമസിക്കുകയുണ്ടായി. 1922 നവമ്പറിൽ ഈ തുറമുഖത്തു് എത്തിയതോടുകൂടി ആഘോഷങ്ങളും ആർഭാടങ്ങളും മറ്റും ആരംഭിച്ചു. അവരുടെ സന്ദർശനം പ്രമാണിച്ചു് ജപ്പാനിൽ ഒരു ദേശീയഒഴിവുദിവസം നൽകപ്പെട്ടു. ഐൻസ്റ്റയിനിനെയും ഭാര്യയെയും ചക്രവർത്തിനിയായിരുന്ന സചീകരിച്ചതു്. വിരുന്നും സല്ക്കാരവും മറ്റും പൊടിപൊടിച്ചു. അവർ പഗോഡാദേവാലയങ്ങളും, നെൽപ്പാടങ്ങളും, ഫുജിയാമാമല, ക്രൈസന്തിമംഉദ്യാനങ്ങളും മുതലായ കൌതുകവസ്തുക്കളും കണ്ടു. അവക്കു് ചിത്രത്തയ്യലോടുകൂടിയ പട്ടുകളും, കൊത്തുപണി ചെയ്ത ദന്തസാമാനങ്ങളും, പിഞ്ഞാണപ്രതിമകളും തുടങ്ങിയ പാരിതോഷികങ്ങളും നല്കപ്പെടുകയും ചെയ്തു.

ലോകത്തിലുള്ള ഇതരജനതയെപ്പറ്റി ആൽബർട്ട ഐൻസ്റ്റയിന് പുതിയ ധാരണ ഉളവായിത്തുടങ്ങി. യൂറോ

പ്പിലുള്ള ഓരോരുത്തർക്കും, പ്രത്യേകിച്ച് ജർമ്മനിയിലുള്ള ഓരോരുത്തർക്കും, അദ്ദേഹത്തെപ്പോലെ സഞ്ചരിക്കുവാനും കാര്യങ്ങൾ കണ്ടറിയുവാനും കഴിഞ്ഞിരുന്നെങ്കിൽ !

ടോക്കിയോവിലെ സർവ്വകലാശാലയിൽവച്ച് ഐൻസ്റ്റയിൻ അദ്ദേഹത്തിന്റെ ശാസ്ത്രീയപ്രഭാഷണങ്ങൾ സമാരംഭിച്ചു. ജർമ്മൻഭാഷയിലായിരുന്ന അദ്ദേഹം പ്രസംഗിച്ചത്. ജാപ്പനീസ് ഗവർമ്മെൻറിൽനിന്ന് അദ്ദേഹത്തിന്റെ കാര്യദർശിയും വിവർത്തകനുമായി ഒരു യുവാവിനെ നിയോഗിച്ചിരുന്നു അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ കേട്ട് ജപ്പാനിലെ ശാസ്ത്രജ്ഞന്മാർ മയങ്ങിയിരിപ്പായി. ലോകത്തിലുള്ള ഇതരഭാഗങ്ങളിലെന്നപോലെ വലിയ സമൂഹങ്ങളെയും തിങ്ങിനിറഞ്ഞ പ്രസംഗശാലകളെയും ആയിരുന്നു അവിടെയും അദ്ദേഹം അഭിസംബോധനം ചെയ്തിരുന്നത്. സംഗീതത്തെപ്പോലെതന്നെ ശാസ്ത്രവും വിഭിന്നവർഗ്ഗങ്ങളെയും ജാതികളെയും അടുപ്പിക്കുകയും ആളുകളെ സഹോദരങ്ങളാക്കിത്തീർക്കുകയും ചെയ്യുന്നു

മൂന്നു മാസത്തിനുശേഷം പ്രൊ. ഐൻസ്റ്റയിനും ഭാര്യയും വളരെയേറെ പാരിതോഷികങ്ങളോടുകൂടി ജപ്പാൻ വിട്ടു. അന്നാട്ടുകാർ പ്രദർശിപ്പിച്ച സ്നേഹാദരങ്ങൾ വിചാരിച്ച് ആ ദമ്പതികൾ ആനന്ദബാഷ്പം പൊഴിച്ചു.

അനന്തരം, നാട്ടിലേയ്ക്കുള്ള സപ്രസ്ഥമായ കപ്പൽയാത്ര ആരംഭിച്ചു. അവർ യാത്ര ചെയ്തിരുന്ന കപ്പൽ ഈജിപ്തിലുള്ള പോർട്ട് സൈഡിൽ (Port Side) 1923 ഫെബ്രുവരി ഒന്നാംതീയതി അടുത്തു. അവിടെനിന്ന്

പ്രൊഫസ്സറും ഭാര്യയും യെരുശലേം നഗരത്തിലേയ്ക്കു യാത്രയായി.

പാലസ്തീൻ ഒരു ചെറുരാജ്യമാകുന്നു. അതിന്റെ മൂന്നു വശത്തും വലിയ അറബിരാജ്യങ്ങളും, പടിഞ്ഞാറു് മെഡിറ്ററേനിയൻ കടലുമാണു് കിടക്കുന്നതു്. മെഡിറ്ററേനിയന്റെ കരയിലാകുന്ന ടെൽ അവിവു് എന്ന യൂദനഗരം. ആ രാജ്യത്തിന്റെ കേന്ദ്രഭാഗത്തിലാണു് യെരുശലേം സ്ഥിതിചെയ്യുന്നതു്.

ഒരു ചെറിയ ഭൂഭാഗം! പക്ഷേ എത്ര അസാധാരണമായ ചരിത്രത്തോടുകൂടിയതു്! ക്രിസ്തുവിന്റെ കാലത്തിനു 1700 കൊല്ലങ്ങൾക്കുമുൻപുമുതല്ക്കു യൂദന്മാർ അവിടെ പാർക്കുന്നുണ്ടായിരുന്നുവെന്നും, ഏ ഡി. എഴുപതാമാണ്ടു്, അതായതു് റോമാക്കാർ ആ പ്രദേശം പിടിച്ചടക്കിയതുവരെ അവർ അവിടെ താമസിച്ചിരുന്നുവെന്നും യൂദചരിത്രം ഉല്ഘോഷിക്കുന്നു. പാലസ്തീൻ വീണ്ടും 1517-ൽ ഓട്ടോമൻ ടർക്കികളാൽ പിടിച്ചടക്കപ്പെട്ടു. ഒന്നാംലോകമഹായുദ്ധംവരെ ടർക്കികളുടെ കൈവശത്തായിരുന്നതു്.

തങ്ങളുടെ സ്വദേശത്തേയ്ക്കു മടങ്ങണമെന്നു ഒളിച്ചോതെളിച്ചോ പ്രാർത്ഥിച്ചുകൊണ്ടിരുന്നവരായിരുന്ന യൂദന്മാരിൽ പലരും. 1917-ാമാണ്ടു് ബ്രിട്ടീഷ് വിദേശകാര്യസെക്രട്ടറിയായിരുന്ന ബാൽഫോർപ്രഭു, പാലസ്തീനിൽ യൂദന്മാക്കു് ഒരു 'ദേശീയഗൃഹം' നൽകുന്ന ആശയത്തിനു് അംഗീകാരം നല്കി. ആ ആശയത്തിനു് ഐക്യരാഷ്ട്രസംഘടനയും സമ്മതമരുളുകയും ചെയ്തു. 1923-ാമാണ്ടു് ലീഗ് ഒഫ്

നേഷൻസ് പാലസ്തീൻ രാജ്യത്തെ ഒരു ബ്രിട്ടീഷ് മാൻഡേറാക്കി, ഗ്രേറ്റ് ബ്രിട്ടനെ ഏല്പിച്ചു.

ഈ ഉപായംകൊണ്ടൊന്നും കുഴപ്പം അവസാനിച്ചില്ല. അറബികളും യൂദന്മാരും തമ്മിലുള്ള വഴക്ക് കൂടുതൽ രൂക്ഷമായിക്കൊണ്ടിരുന്നു. അറബിരാജ്യങ്ങളുടെ അധികാരാതിർത്തിക്കുള്ളിൽ വിപുലങ്ങളായ എണ്ണഖനികൾ ഉണ്ടായിരുന്നു. രണ്ടാംലോകമഹായുദ്ധത്തിന്റെ ആരംഭത്തോടുകൂടി എണ്ണ ഒരു നിർണ്ണായകഘടകമായിത്തീർന്നു. ഐക്യനാടുകളും ഗ്രേറ്റ് ബ്രിട്ടനും യൂദന്മാക്ക് നീതി നൽകുവാൻ ആഗ്രഹിക്കുകയും അതേസമയംതന്നെ യുദ്ധം നടത്തുന്നതിന് അറബികളുടെ പക്കൽനിന്ന് എണ്ണ ആവശ്യപ്പെടുകയും ചെയ്തു.

രണ്ടാംലോകമഹായുദ്ധത്തിനുശേഷം യുനൈറ്റഡ് നേഷൻസിന്റെ ഒരു പ്രത്യേക സമിതി, പാലസ്തീൻ രാജ്യത്തെ അറബികൾക്കും യൂദന്മാക്കുമായി വിഭജിക്കുവാൻ ശുപാർശ ചെയ്തു. യുനൈറ്റഡ് നേഷൻസ് അസംബ്ലി ആ പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്തു. പക്ഷെ അറബികൾക്ക് അതു സ്വീകാര്യമായി തോന്നിയില്ല; യുദ്ധം പൊട്ടിപ്പുറപ്പെട്ടു.

1947-ാമാണ്ട് നവമ്പർമാസം വിഭജനം നടപ്പിലാക്കപ്പെട്ടു. പക്ഷെ 1948 ജൂൺമാസംവരെ അവിടെ യുദ്ധം തുടർന്നു നടന്നു. യുനൈറ്റഡ് നേഷൻസിന്റെ നിർബന്ധമനുസരിച്ച് അറബികളും യൂദന്മാരും നാലാഴ്ചത്തെ തല്ക്കാലസന്ധി സ്വീകരിച്ചതോടുകൂടി അതു് അവസാനിച്ചു.

തല്ക്കാലസന്ധി നടപ്പിൽ വരുന്നതിനു രണ്ടാഴ്ചയ്ക്കുമുൻപു് അതായതു് 1948 മേയ് 15-ാം തിയതി ഇസ്രേൽ ഒരു സ്വയാധിപത്യറിപ്പബ്ലിക്കായി രൂപംപൂണ്ടു. ഡോ. കെയിം വൈത്സ്മനായിരുന്ന അതിന്റെ ഒന്നാമത്തെ പ്രസിഡന്റു്.

1923-ൽ പ്രൊ. ഐൻസ്റ്റയിനും ഭാര്യയും പാലസ്തീൻ സന്ദർശിച്ചപ്പോൾ, യുദ്ധംകൊണ്ടുള്ള നാശം ആ പ്രദേശത്തിനു സംഭവിച്ചിരുന്നില്ല. അദ്ദേഹം രണ്ടുകൊല്ലം മുൻപു് ഐക്യനാടുകൾ സന്ദർശിച്ചപ്പോൾ വളരെയേറെ പണം പിരിച്ചെടുത്തുസ്ഥാപിച്ച ഹിബ്രൂസർവ്വകലാശാല അദ്ദേഹത്തിന്റെ 'ഉയിർ' ആയിരുന്നു. പുരാതനങ്ങളായ മതിൽക്കെട്ടുകളോടുകൂടിയ പുണ്യനഗരമായ യരൂശലേത്തിന്റെ പഴയവിഭാഗത്തിന്റെ വടക്കുഭാഗത്തായി നിലകൊള്ളുന്ന ഒരു ഒലീവു് കുന്നിന്മേലാണു് — അതിനെ സ്കോപ്പസ്കുന്നു് എന്നാണു് ഇപ്പോൾ വിളിച്ചുപോരുന്നതു് — ആ സർവ്വകലാശാല സ്ഥിതിചെയ്യുന്നതു്. ആ കലാശാലയിൽ നിന്നാൽ, കാറുംകോളുമില്ലാത്ത ദിവസം കിഴക്കുഭാഗത്തു് പർവ്വതങ്ങൾ നില്ക്കുന്നതും, യോർദ്ദൻനദി തെക്കോട്ടൊഴുകി 'ഡെഡ്സീ'യിൽ ചെന്നവീഴുന്നതും കാണാം, വടക്കുഭാഗത്തു് ഹൈഫാ തുറമുഖവും, പടിഞ്ഞാറുഭാഗത്തു് മെഡിറ്ററേനിയൻ കടൽവരെ വ്യാപിച്ചുകിടക്കുന്ന വിശാലങ്ങളായ സമതലങ്ങളുമാണു് ദൃശ്യമാകുന്നതു്.

ഹിബ്രൂസർവ്വകലാശാല 1918-ൽ നടന്ന അതിന്റെ ശിലാസ്ഥാപനത്തോടുകൂടി ആരംഭിക്കപ്പെട്ടു. 1925-ൽ അതിന്റെ പണി പൂർത്തിയായതോടുകൂടി പ്രതിഷ്ഠാപിത

മായെന്നു പറയാം. പിന്നീട് അതിന്റെ വളർച്ചയ്ക്ക് ഭംഗമുണ്ടായിട്ടില്ല. ഇന്ന് അവിടെ പതിനഞ്ചിലധികം കെട്ടിടങ്ങളും, ഉദ്ദേശം ആയിരം വിദ്യാർത്ഥികളുമുണ്ട്. അവിടെ എല്ലാവർക്കുമായും, മതാന്ധയായിക്കൊണ്ടും പ്രവേശനാനുവാദമുണ്ട്. അറബികളും അവിടത്തെ വിദ്യാർത്ഥികളുടെ കൂട്ടത്തിലുണ്ട്.

ആ സർവകലാശാലയിൽ പ്രത്യേകപരിഗണനയർഹിക്കുന്ന സ്ഥാപനങ്ങളിൽ ഒന്നാണ് മെഡിക്കൽസ്കൂൾ. ആ സ്കൂളിൽ ചെറുപ്പക്കാർക്ക് ഡോക്ടറന്മാരാകുവാൻവേണ്ട അഭ്യസനം നൽകുവാൻ മാത്രമല്ല, ആ പ്രദേശങ്ങളിൽ സാധാരണയായി ഉണ്ടാകാവുള്ള വ്യാധികളെപ്പറ്റി ഗവേഷണം നിർവഹിച്ചുവരുന്നുമുണ്ട്. നിയന്ത്രിക്കുവാൻ അവർ വളരെ പണിപ്പെട്ടിട്ടുള്ള ഒരു വ്യാധിയാണ് മലമ്പനി. കുടിക്കുവാൻ ശുദ്ധജലം വിതരണംചെയ്യുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുവാനും സുഖസംരക്ഷണാർത്ഥം ഇതരമാർഗ്ഗങ്ങൾ ആരായുന്നതിനും ആ സ്ഥാപനം സഹായിച്ചിട്ടുണ്ട്. ജലസേചനത്തിനും ഭൂമിയെ ഫലഭൂയിഷ്ഠമാക്കുവാനും ചുരുക്കത്തിൽ കൃഷി നന്നാക്കുവാൻ കാർഷികസ്കൂൾ വളരെയധികം പ്രയത്നിച്ചിട്ടുണ്ട്. ഒരു കാലത്തു തരിശായികിടന്ന ഭൂമിയിൽ അധികവും ഇപ്പോൾ കൃഷിസ്ഥലങ്ങളായി രൂപാന്തരപ്പെട്ടിട്ടുണ്ട്.

'ലോകത്തിലെ ഏറ്റവും മികച്ച ഉഷ്ണതന്ത്രജ്ഞനാണ് ഒന്നാമത്തെ പ്രസംഗം നടത്തുന്നതെന്നകാര്യം ഹിബ്രൂസർവകലാശാലയെ സംബന്ധിച്ചിടത്തോളം ഒരു ശുഭശകുനമാകുന്നു' എന്നാണ് 1923-ൽ പാലസ്തീനിലെ

ബ്രിട്ടീഷ് ഫൈക്കമ്മീഷണറായിരുന്ന സർ ഹെർബർട്ട് ശാമുവൽ പ്രസ്താവിച്ചതു്. ഹീബ്രൂസവ്കലാശാലാമന്ദിരത്തിൽവച്ചു് പ്രൊഫസ്സർ ഐൻസ്റ്റയിൻ സാപേക്ഷതാവാദത്തെപ്പററി പ്രസങ്ഗിച്ചതായിരുന്ന സന്ദർഭം. സവ്കലാശാല ഔദ്യോഗികമായി ഉദ്ഘാടനംചെയ്തു് കൊല്ലം രണ്ടു തികയുന്നതിനു മുൻപു്, പ്രൊ. ഐൻസ്റ്റയിൻ പ്രസങ്ഗവേദിയിലെത്തി ഏതാനും വാക്കുകൾ ഹീബ്രൂവിൽ സംസാരിച്ചു തുടങ്ങി. അദ്ദേഹം ഹീബ്രൂവിൽ സാധാരണയായി സംസാരിച്ചിട്ടില്ലാത്തതുകൊണ്ടു് പ്രസംഗത്തിന്റെ ബാക്കിഭാഗം ഫ്രഞ്ചുഭാഷയിൽ നിർവഹിക്കുവാൻ നിർബന്ധിതനായിത്തീർന്നു.

യരൂശലേത്തിൽനിന്നു് ഐൻസ്റ്റയിനും ഭാര്യയും ടെൽ-അവിവു് എന്ന യൂദനഗരം സന്ദർശിക്കുവാൻചെന്നു. അവിടെ കണ്ട കാര്യങ്ങൾ അദ്ദേഹത്തെ സന്തോഷിപ്പിച്ചു. പുതിയ കെട്ടിടങ്ങൾ, ആധുനികസുഖസൌകര്യങ്ങൾ, വർദ്ധിച്ചുവരുന്ന കച്ചവടവും മറും, നല്ല വിദ്യാലയങ്ങൾ എന്നിവ. അദ്ദേഹം ഒരു ഹൈസ്കൂൾ സന്ദർശിക്കുകയും വിദ്യാർത്ഥികളോടൊത്തു ക്ലാസ്സിൽ ഹാജരാവുകയും ചെയ്തു. അവിടെയും അദ്ദേഹത്തിനു് ബഹുമതികളും വിരുന്നുകളും സ്വീകരിക്കേണ്ടിവന്നു.

പാലസ്തീൻ യാത്ര അവസാനിച്ചപ്പോൾ പ്രൊ. ഐൻസ്റ്റയിൻ ഇപ്രകാരം എഴുതുകയുണ്ടായി. "പാലസ്തീനിലെ എന്റെ താമസത്തിനിടയ്ക്കു് എന്നോടു് ഇത്രയധികം സൌഹൃദം പ്രദർശിപ്പിച്ചവരോടു് എന്റെ ഹൃദയംഗമമായ കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ടല്ലാതെ ഈ കുറിപ്പു്

എഴുതുവാൻ സാദ്ധ്യമല്ല. എന്റെ സ്വീകരണവേളയിൽ കണ്ട ആത്മാർത്ഥതയും ഉത്സാഹവും എനിക്കു മറക്കുവാൻ കഴിയുമെന്നു് തോന്നുന്നില്ല. അവ പാലസ്തീനിലെ യൂദജീവിതത്തിൽ കളിയാട്ടുന്ന സൌഹൃദത്തിന്റെയും ക്ഷേമത്തിന്റെയും സൂചനയായിട്ടാണു് എനിക്കു തോന്നുന്നതു്".

പാലസ്തീനിൽനിന്നു വീട്ടിലേയ്ക്കു മടങ്ങുവാനായിരുന്ന ഐൻസ്റ്റയിനും ഭാര്യയും നിശ്ചയിച്ചിരുന്നതു്; പക്ഷെ സ്പെയ്നിൽ ഇറങ്ങി മാഡ്റിഡ് സർവകലാശാല സന്ദർശിക്കുവാൻ ഒരു ക്ഷണം ലഭിച്ചു. ആൽബർട്ട് വീട്ടിലെത്തുവാൻ തിരക്കു പരിപ്പെട്ടു. എന്നാൽ അദ്ദേഹത്തിന്റെ ഭാര്യ ബെർലിനിലേയ്ക്കു മടങ്ങുവാൻ ഒരു ധിറുതിയും കാണിച്ചില്ലെന്നു മാത്രമല്ല, ആ ക്ഷണം സ്വീകരിക്കുവാൻ ഐൻസ്റ്റയിനെ പ്രേരിപ്പിക്കുകയും ചെയ്തു.

പ്രൊഫസ്സറും ഭാര്യയും ഇന്ത്യൻ, ചൈനീസ്, ജാപ്പനീസ്, ഹീബ്രു എന്നീ രീതികളിലുള്ള ആചാരങ്ങളനുസരിച്ചു് ആദരിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ഇനിയത്തെ ആഘോഷങ്ങളും മറ്റും പുരാതനസ്പെയ്നിന്റെ വകയായിരിക്കും. അതു് രാജാവായ അൽഫൻസോ പതിമൂന്നാമന്റെ അദ്ധ്യക്ഷതയിലും ആയിരിക്കും. ഐൻസ്റ്റയിൻ സയൻസ് അക്കാഡമിയിലെ ഒരു അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. ആ ചടങ്ങിൽവച്ചു് വിദ്യാഭ്യാസമന്ത്രി ചമൽക്കാരത്തോടുകൂടിയ ഒരു നീണ്ട പ്രസംഗം നടത്തി. ആ പ്രസംഗത്തിനിടയ്ക്കു് ഐൻസ്റ്റയിനും ഭാര്യയ്ക്കും ജർമ്മനിയിലെ ജീവിതം ക്ലേശകരമായി എപ്പോഴെങ്കിലും

തോന്നുകയാണെങ്കിൽ സ്വീയിനിൽ വന്നു താമസിക്കുവാൻ ഒരു പുതിയ ഭവനം സമർപ്പിക്കുകയുണ്ടായി. മാഡ്റിഡ് സർവ്വകലാശാലയിലെ റെക്ടർ, പഴയ കാലത്തെ പ്രതാപത്തിന്റെ ഭാവത്തിൽ പ്രൊ. ഐൻസ്റ്റയിനു നൽകുന്ന ബിരുദം എൽസായ്ക്കുകൂടി നല്കുണമെന്നു അഭിപ്രായപ്പെട്ടു.

ഐൻസ്റ്റയിനും ഭാര്യയും ഒടുവിൽ സ്വദേശത്തു മടങ്ങിയെത്തി. പരിക്ഷീണഗാത്രരായിരുന്ന അവർ ജർമ്മനി ഒഴിച്ചുള്ള സ്ഥലങ്ങളിൽ ലഭിച്ച സൌഹൃദത്തിലും ആശംസകളിലും കൃതജ്ഞതാനിർഭരരായിരുന്നു.

അവർ ബർലിനിൽ താമസം ആരംഭിച്ചു് അധികം ചെല്ലുന്നതിനുമുൻപു് വീണ്ടും ഭീഷണികത്തു് ആവിർഭവിച്ചു തുടങ്ങി, ഡോ. റത്തനായെ കാലന്തുക്കയച്ച അതേ സംഘക്കാരിൽനിന്നു് 'നിങ്ങളും വധിക്കപ്പെട്ടും' എന്ന പ്രതിജ്ഞ ഉൾക്കൊള്ളുന്ന കത്തുകത്തു ലഭിച്ചു.

കളയുവാൻ സമയം ഉണ്ടായിരുന്നില്ല. ഈ ഭീഷണികത്തു വളരെ ഗൌരവത്തോടുകൂടിയവയായിരുന്നു. കുറെക്കാലത്തേയ്ക്കു നാടുവിട്ടുപോകുവാൻ അദ്ദേഹത്തെ എൽസായും സ്നേഹിതന്മാരും നിർബ്ബന്ധിച്ചു. ആത്മരക്ഷാർത്ഥം കൊച്ചുമാരായിത്തോന്നിയ രണ്ടു യുവയുവാക്കളുടെ തുണയോടുകൂടി പ്രൊ. ഐൻസ്റ്റയിൻ ഹോളണ്ടിലേയ്ക്കു് രീവണ്ടികയറി. ജർമ്മനിയിൽ അദ്ദേഹത്തിനെതിരായി നിലവിലിരുന്ന ഈർഷ്യ അല്പം ശമിക്കുന്നതുവരെ ലെയ്ഡൻ സർവ്വകലാശാലയിലുള്ള സ്നേഹിതന്മാരുടെകൂടെ കഴ

യാമെന്നായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം. ഇത്തവണ ഐൻസ്റ്റീന്റെ ഭാര്യ അദ്ദേഹത്തെ അനുഗമിച്ചില്ല. ഹോളണ്ടു് വളരെ വിദൂരത്തിലായിരുന്നില്ല. ക്രൂശാതെലെയ്ഡനിൽ അദ്ദേഹം വേണ്ടപോലെ സംരക്ഷിക്കപ്പെട്ടുമെന്നും അവൾക്കു് അറിയാമായിരുന്നു.

ആൽബർട്ടു് ഐൻസ്റ്റീന്റെ ഒരു സമാധാനേച്ഛുവല്ല അങ്ങേയറ്റത്തെ സമാധാനേച്ഛുവായിരുന്നു. ലോകത്തിൽ സമാധാനം നിലവിലിരിക്കുന്നതു കാണുവാൻ അദ്ദേഹം ആശിച്ചു. അതിനുവേണ്ടി അദ്ദേഹം പ്രസംഗങ്ങളും നടത്തുകയും ലേഖനങ്ങളും രചിക്കുകയും ചെയ്തു. ഹിറ്റ്ലറുടെ ആക്രമണസേനയിൽനിന്നു ലഭിച്ചുകൊണ്ടിരുന്ന ഭീഷണികൾക്കു് അദ്ദേഹത്തെ ഈ പ്രവർത്തനങ്ങളിൽനിന്നു പിന്തിരിക്കുവാൻ കഴിഞ്ഞില്ല. നാഷണലിസ്റ്റുകൾക്കു തന്നെ വിസ്മരിക്കുവാൻ ഇടനൽകുന്നതിനു് അദ്ദേഹം ഉദ്ദേശിച്ചില്ല.

ഭാര്യയുടേയും സ്നേഹിതന്മാരുടേയും അനുമതി ലഭിക്കേണ്ട താമസം, അദ്ദേഹം ബർലിനിലേയ്ക്കു മടങ്ങിവന്നു് ജോലി തുടരുകയായി. ഉപരിശാസ്ത്രസിദ്ധാന്തങ്ങൾ പ്രസിദ്ധപ്പെടുത്തുവാൻ താൻ തയ്യാറാണെന്നും, അപ്രകാരം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അദ്ദേഹം അക്കൊല്ലം ആദ്യം പ്രഖ്യാപിച്ചു.

ബർലിനിൽ തിരിച്ചെത്തി ഒരു കൊല്ലം കഴിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ ജീവഹാനി വരുത്തുമെന്ന ഭീഷണികൾ വീണ്ടും അദ്ദേഹത്തിനു് ലഭിച്ചുതുടങ്ങി. യൂദ

പാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ മഹത്വത്തിനോ നേട്ടങ്ങൾക്കോ സ്ഥാനമില്ലായിരുന്നു

എൽസാ-ഐൻസ്റ്റീനിന്റെ ആ പത്തിനെക്കുറിച്ചു സദാ ജാഗ്രതയുള്ളവളായിത്തന്നെയിരുന്നു അവരുടെ വീട്ടിനുള്ളിൽ പ്രവേശിച്ച അപരിചിതരെ ഓരോരുത്തരെയും വളരെ സൂക്ഷിച്ചും ശ്രദ്ധിച്ചും പരിശോധിച്ചുവന്നു. അതു് ബുദ്ധിപൂർവ്വകമായ ഒരു കരുതലായിരുന്നു. എന്തെന്നാൽ, പിന്നീട് നാസികൾ എന്നറിയപ്പെട്ട സംഘത്തിലെ അംഗങ്ങൾ ചെയ്യാൻ മടിക്കുന്നതായി ഒരു കാര്യവുമുണ്ടായിരുന്നില്ല.

ഒരു ദിവസം മേരിഡിക്കിൻസൺ എന്ന പേരുള്ള ഒരു സുന്ദരിക അവരുടെ വീട്ടിനുള്ളിൽ പ്രവേശിച്ചു. അവരുടെ പെരുമാറ്റം സാധാരണ മട്ടിലായിരുന്നില്ല. ഐൻസ്റ്റീനിന്റെ ഭാര്യ സംശയാലുവായി. ആ സ്ത്രീ ഒരു 'ചല്ലാത്ത'വളാണെന്നു തോന്നി. തന്നെപ്പറ്റി ഒന്നുംതന്നെ അവർ എൽസാഐൻസ്റ്റീനിനോടു പറഞ്ഞില്ല. അതേ സമയം പ്രൊഫസ്സർ ഐൻസ്റ്റീനിനെ കാണണമെന്നു നിർബ്ബന്ധിക്കുകയും ചെയ്തു. എൽസാ വരുന്നതു വരട്ടെ എന്നു വിടുകയല്ലാ ചെയ്തതു്. നേരേമറിച്ചു് പോലീസിനു ഫോൺ ചെയ്തു.

അതോടുകൂടി ആ അസാധാരണസ്ത്രീ ഒരു വലിയ ഹാറ്റ്പിൻ (Hatpin) ഊരിയെടുത്തുകൊണ്ടു് എൽസായെ ആക്രമിച്ചു. എൽസാ അവളുടെ കണങ്കൈയ്ക്കു പിടിച്ചുകുടി. അങ്ങിനെ അവരിരുവരും ഓടിയും ചാടിയും

നടത്തിക്കൊണ്ടിരുന്നപ്പോഴാണ് പോലീസുകാർ അവിടെ എത്തിയത്. കൊലപാതകത്തിനു മുതിരുന്ന ആ സന്ദർശികയെ പോലീസുകാർ കീഴ്പെടുത്തി, ശരീരപരിശോധനയ്ക്കായി ഒരു ഭ്രാന്താലയത്തിലേയ്ക്കു കൊണ്ടുപോയി.

ആരായിരുന്നു ഈ മേരിഡിക്കിൻസൺ? അവൾ ചിത്തഭ്രമമുള്ളവളായിരുന്നിരിക്കാം. അല്പകാലംമുൻപ് അവളെ പാരീസിൽ, റഷ്യൻ സ്ഥാനപതിമന്ദിരത്തിന്റെ മുൻപിൽവച്ച് അറസ്റ്റു ചെയ്യുകയുണ്ടായി. റഷ്യൻ പ്രതിനിധി വരുന്നതു കാത്തുകൊണ്ട് കൈയിൽ ഒരു റിവാൾവറുമായി അവൾ നില്ക്കുകയായിരുന്നു. ലോകത്തെ കമ്യൂണിസത്തിൽനിന്നു മോചിപ്പിക്കുവാൻ അവൾ ആഗ്രഹിക്കുന്നതായി നിലവിളിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഫ്രഞ്ചുകാർ അവളെ മൂന്നാഴ്ചക്കാലം ജയിലിൽ പാർപ്പിച്ചിട്ട് നാടുകടത്തി. അടുത്തതായി അവൾ പ്രത്യക്ഷപ്പെട്ടതു് ഐൻസ്റ്റയിന്റെ വീട്ടിൽവച്ചാണ്.

1925 ഫെബ്രുവരിയിലാണ് ഇതു സംഭവിച്ചതു്. മാർച്ചുമാസം പ്രൊ. ഐൻസ്റ്റയിൻ ഹാംബർഗ്ഗിൽനിന്ന് അർജന്റൈനായിലുള്ള ബ്യൂണസ് അയർസിലേയ്ക്കു പോകുന്ന കപ്പലോണിയാ എന്ന കപ്പലിൽ യാത്രതിരിച്ചു. പ്രൊഫസ്സർ ഐൻസ്റ്റയിൻ ബ്യൂണസ്സ് അയർസിലെ സർവകലാശാലകൾ സന്ദർശിക്കുവാനും ശാസ്ത്രവിഷയകമായ പ്രഭാഷണങ്ങൾ നടത്തുവാനും പോകുകയാണെന്നും ഉള്ള വാർത്ത പത്രങ്ങളിൽ സ്ഥലം പിടിക്കുകയും ചെയ്തു.

അദ്ദേഹത്തിന്റെ ഭാര്യയ്ക്കും, ഭാര്യാപുത്രിയായ മർഗാട്ടിനും ആശ്വാസംതോന്നി. കുറെ ആഴ്ചകളിലേയ്ക്ക് അദ്ദേഹം സുരക്ഷിതാവസ്ഥയിൽ കഴിയുമല്ലൊ എന്നതായിരുന്നു ആശ്വാസകാരണം.

അദ്ധ്യായം പതിനഞ്ച്.

രോഗശയ്യയിൽ

വേണ്ടിടത്തോളം സുഖസൌകര്യങ്ങളോടുകൂടിത്തന്നെയാണെങ്കിലും യാത്രചെയ്യുന്നത് ആയാസകരമാകുന്നു. മനുഷ്യരുടെ, ആയാസം താങ്ങുവാനുള്ള കെല്പിനും ഒരു അതിരുണ്ടല്ലോ. വിചിത്രമെന്നു പറയട്ടെ. പ്രൊഫസ്സർ ഐൻസ്റ്റയിൻ യാത്ര ചെയ്യാൻ ഒരിക്കലും ഇഷ്ടപ്പെട്ടിരുന്നില്ല. യൂദവിദ്വേഷത്തിന്റെ ഫലമായി ജർമ്മനിയിലുണ്ടായ ഹിംസയിൽനിന്നു മോചനം നേടുന്നതിനുവേണ്ടിയായിരുന്നു അദ്ദേഹം ചില പര്യടനങ്ങളിൽ ഏർപ്പെട്ടത്, മറ്റുള്ളവരെ സഹായിക്കുന്നതിനുവേണ്ടി നിർവഹിച്ചതായിരുന്നു ഇതരപര്യടനങ്ങളിൽ അധികവും.

ആ കാലഘട്ടത്തിലും അദ്ദേഹത്തിന്റെ ഗവേഷണപ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടുതന്നെയാണിരുന്നത് വിശ്രമമെന്നോ വളരെനേരം ക്ലേശിച്ചു പ്രവർത്തിച്ചുകൊ

ണ്ടിരിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ അന്നത്തെ പതിവു്. അദ്ദേഹം ആവിഷ്കരിച്ച ശാസ്ത്രസിദ്ധാന്തങ്ങളും വളരെവികസിച്ചു. ആ സിദ്ധാന്തങ്ങളെക്കുറിച്ചു് പ്രസ ങ്ഗിക്കുവാൻ പലരും അദ്ദേഹത്തോടു് അപേക്ഷിച്ചുവന്നു.

പൌരസ്ത്യപര്യടനം കഴിഞ്ഞു മടങ്ങിയെത്തിയ ഇടയ്ക്കു്, അദ്ദേഹത്തിനു് മറ്റൊരു ബഹുമതികൂടി ലഭിച്ചു. ലോകശാസ്ത്രജ്ഞന്മാരെല്ലാം കാംക്ഷിക്കുന്ന ഒരു ബഹുമതി യാണു് അതു്. കൊല്ലംതോറും ഇംഗ്ലണ്ടിലെ രാജകീയ ജ്യോതിശ്ശാസ്ത്രസമിതിയിൽനിന്നു് ഏതെങ്കിലും ഒരു മികച്ച ശാസ്ത്രജ്ഞനു് 'കോപ്പ്ലിമെഡൽ' സമ്മാനിക്കാറുണ്ടു്. 1926-ൽ സാപേക്ഷതാവാദത്തിന്റെ ആവിഷ്കാരത്തെ മുൻനിർത്തി, ഐൻസ്റ്റയിനു് ആ മെഡൽ നല്കപ്പെട്ടു.

മാനവസമുദായത്തിന്റെ നന്മയ്ക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം ഒരിക്കലും മന്ദീഭവിച്ചില്ല. എന്തെന്നാൽ മറ്റുള്ളവർക്കുവേണ്ടി ചെയ്യാനുള്ള കാര്യം എന്തെങ്കിലും ലോകത്തിൽ എന്നുമെന്നും ഉണ്ടായിക്കൊണ്ടേ യിരുന്നു. ജർമ്മൻ കമ്യൂണിസ്റ്റുപാർട്ടിയിലെ ചില അംഗ ങ്ങളും തങ്ങളുടെ ചില സഹപ്രവർത്തകരെ ജയിലിൽനിന്നു മോചിപ്പിക്കുവാൻ അദ്ദേഹത്തിന്റെ സഹായം അഭ്യർത്ഥി ച്ചപ്പോൾ അവരെ സഹായിക്കാമെന്നു് അദ്ദേഹം സമ്മതിച്ചു.

അദ്ദേഹം നല്ല ദൃഢനിശ്ചയത്തോടുകൂടി പറഞ്ഞു:- "ഞാൻ തീർച്ചയായും ഒരു കമ്യൂണിസ്റ്റല്ല. രാഷ്ട്രീയചിന്താ ഗതിയെ മുൻനിർത്തി ഒരുവനെ ജയിലിൽ പാർപ്പിക്കേണ്ട

താണെന്ന് ഞാൻ കരുതുന്നില്ല. രാഷ്ട്രിയമായ മാപ്പുനൽകൽ ആവശ്യമാണെന്ന് ചിന്താശീലനായ ഓരോ ജർമ്മൻകാരനും ആഗ്രഹിക്കുന്നുണ്ടാവണം".

മറെറാരവസരത്തിൽ 'സ്റ്റോട്സ്ബറോകേസ്' എന്നറിയപ്പെട്ട ഒരു കേസിൽ ഉൾപ്പെട്ടിരുന്ന എട്ടു നീഗ്രോകളുടെ വധശിക്ഷ നിറുത്തിവയ്ക്കുന്നതിന് അദ്ദേഹം ഐക്യനാട്ടുകളിലെ അന്നത്തെ പ്രസിഡൻറായിരുന്ന ഹൂവറിന് എഴുതുകയുണ്ടായി. എട്ടു നീഗ്രോകളേയും വേണ്ടപോലെ വിചാരണ നടത്തിയില്ലെന്നും, വർഗ്ഗവിദ്വേഷചിന്തയാണ് അവർ കുറവാളികളായിരിക്കാമെന്നുള്ളതിനെക്കാൾ അവർക്ക് വധശിക്ഷ നൽകുവാൻ പ്രേരിപ്പിച്ചതെന്നും വളരെപ്പേർ അഭിപ്രായപ്പെട്ടു. ആൽബർട്ട് ഐൻസ്റ്റയിൻറെ ദൃഷ്ടിയിൽ മനുഷ്യരെല്ലാവരും തുല്യരാണ്; ആരുംതന്നെ മറെറാരെക്കാളും ശ്രേഷ്ഠനായിരുന്നില്ല.

പലരും ചെയ്യുതീർക്കേണ്ട ജോലി മുഴുവൻ, ഒന്നുവിടാതെ നടത്തുവാനുള്ള ഉദ്യമത്തിൽ ഐൻസ്റ്റയിൻ ഇടതടവില്ലാതെ പ്രവർത്തിച്ചുവന്നു. ശാരീരികമായ ഒരു സാഹസംതന്നെയായിരുന്നു അത്. വല്ലപ്പോഴും മാത്രമുള്ള ഒരു കാൽനട, അല്ലെങ്കിൽ ഒന്നോ രണ്ടോ മണിക്കൂർ നേരത്തെ വയോലിൻവായന ഇവയായിരുന്നു അദ്ദേഹം അനുഭവിച്ചുവന്ന വിശ്രമവും വിനോദവും.

ഡോ. ഐൻസ്റ്റയിൻറെ സുഹൃത്തും ഭിഷഗ്വരനുമായിരുന്ന ഡോക്ടർ റുഡോൾഫ് ഏർമൻ (1) ഇപ്രകാരം

(1) Rudolf Ehrmann

പ്രസ്താവിച്ചിട്ടുണ്ട് : "പ്രൊ. ഐൻസ്റ്റയിന്റെ ആരോഗ്യത്തെ സംബന്ധിച്ചുള്ള ഒരേ ഒരു തകരാറ് അദ്ദേഹത്തിന്റെ ഹൃദയം വളരെയധികം ആർദ്രതയുള്ളതാണ് എന്നതാകുന്നു. മറ്റുള്ളവർക്കുവേണ്ടി കാര്യങ്ങൾ നിവ്വഹിക്കുന്നതിനിടയ്ക്ക് അദ്ദേഹം തന്നെക്കുറിച്ചു ചിന്തിക്കുന്നതേയില്ല. എത്ര നല്ല ഒരു ഹൃദയമാണ് അദ്ദേഹത്തിനുള്ളത് ! ഉഷ്ണമേഖലയിൽപ്പെട്ട ഈസ്റ്റിന്ത്യയിലെ മലകളുടെ ഇടയ്ക്കുള്ള രമണീയമായ ഒരു പ്രദേശത്തെക്കുറിച്ചു ഒരിക്കൽ ഞങ്ങൾ സംസാരിക്കുകയുണ്ടായി. അക്കാലത്തു് യാന്ത്രികവാഹനങ്ങൾ വളരെയൊന്നും പ്രചാരത്തിലായിരുന്നില്ല. ഒരു റിക്ഷായിൽ കയറിയാണോ ആ ഭാഗത്തെയ്ക്കു പോയതു് എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം മറുപടി പറഞ്ഞതു് ഇങ്ങനെയായിരുന്നു : "ഒരിക്കലുമില്ല ഞാൻ നടന്നുപോയി." ചിരി നിറുത്തിയിട്ടു് അദ്ദേഹം തുടർന്നുപറഞ്ഞു : "ജീവനുള്ളിടത്തോളംകാലം എന്നെ ഒരു റിക്ഷായിൽ ഇരുത്തി മറ്റൊരു മനുഷ്യനെക്കൊണ്ടു്—ഒരുക്കിയ മൃഗങ്ങളെക്കൊണ്ടെന്നപോലെ—അതു വലിക്കുവാൻ ഞാൻ അനുവദിക്കുകയില്ല "

1927-ാംമാണ്ടു് പ്രൊ. ഐൻസ്റ്റയിന് വയസ്സു് അൻപതായിരുന്നില്ല. കഠിനതരമായി വളരെ നേരത്തെയ്ക്കു ജോലി ചെയ്യുകൊണ്ടിരുന്നിട്ടും അദ്ദേഹത്തിന്റെ ആരോഗ്യം നല്ലനിലയിൽത്തന്നെയായിരുന്നു. അക്കൊല്ലം അദ്ദേഹത്തിന് അല്പം വാതരോഗത്തിന്റെ ഉപദ്രവമുണ്ടായി. എൽസായുടെ വാതരോഗം അല്പം ശ്രുക്ഷമായിരുന്നുവെന്നു പറയാം. അവരിരുവരും സ്വിറ്റ്സർലണ്ടി

ന്റെ ദക്ഷിണഭാഗത്തുള്ള (Loeche les Bains, the Baths of Leuk) എന്നീ സുഖവാസകേന്ദ്രങ്ങളിലേയ്ക്ക് ഒരു പര്യടനം നടത്തി. റോൺനദി ജനീവാതടാകത്തിൽ ചെന്നുവീഴുന്നതിനുമുൻപായി പടിഞ്ഞാറോട്ട് പ്രവഹിക്കുന്നുണ്ട്. ആ നദിയുടെ വടക്കുഭാഗത്തുള്ള കരയിലാണ് ലൂക്ക (Leuk) പട്ടണം സ്ഥിതിചെയ്യുന്നത്. ഫ്രാൻസിൽവച്ച് റോൺനദിക്ക് ഉണ്ടായതായിക്കാണുന്ന വൈപുല്യം ലൂക്കപട്ടണത്തിനടുത്തുവച്ച് അതിന് ഉണ്ടായിക്കഴിഞ്ഞിട്ടില്ല. ഇവിടെ ആത്ത് ആൽപ്സ് പവ്വതനിരകളുടെ ഇടയിൽക്കൂടി വളഞ്ഞൊഴുകി, പവ്വതങ്ങളിൽനിന്നു പ്രവഹിക്കുന്ന പലേ ഉപനദികളിൽനിന്നു ശക്തി സംഭരിക്കുകയാണ്.

ലൂക്ക് പട്ടണത്തോട്ട്, പത്തുമൈൽ വടക്കായുള്ള ലൂക്ക് സ്റ്റാനഘട്ടത്തെ സിംപ്ലൻ റെയിൽവേയാണ് ഘടിപ്പിക്കുന്നത്. ലൂക്കിലെ ആരോഗ്യദായകങ്ങളായ നീരുറവകളിൽ കുളിക്കുന്നതിനു വളരെയധികം ആളുകൾ വന്നുകൂടുക പതിവായിരുന്നു. സമുദ്രനിരപ്പിൽനിന്ന് ഏകദേശം അയ്യായിരം അടി പൊക്കത്തിലിരുന്നിട്ടും ആ നീരുറവകളുടെ ഉഷ്ണമാനം 117 ഡിഗ്രിക്കും 124 ഡിഗ്രിക്കും ഇടയ്ക്കാണ് വർത്തിക്കുന്നത്. തങ്ങളുടെ വാതരോഗത്തിനു ശമനം ലഭിക്കുമെന്ന വിചാരത്തോടുകൂടി മൈൻസ്റ്റയിനും ഭാര്യയും അവിടെ എത്തി.

തന്നാട്ട്, ക്ലേശകരമായ പ്രവർത്തനങ്ങളിൽനിന്നു വിരമിക്കുവാൻ ആളുകൾ ആവശ്യപ്പെട്ടതു എന്തുകൊണ്ടാണെന്ന് മൈൻസ്റ്റയിനു മനസ്സിലാക്കുവാൻ കഴി

ഞ്ഞില്ല. അദ്ദേഹത്തിന്റെ ശാസ്ത്രപരമായ പുതിയ പ്രവ
ത്തനങ്ങളെ ഉപേക്ഷിക്കുന്നതിനു് വാതരോഗത്തിന്റെ
ഒരു ചില്ലറ ഉപദ്രവം മതിയായ കാരണമല്ലതന്നെ.
ഏതാനും മാസങ്ങൾക്കുള്ളിൽ അദ്ദേഹത്തിന്റെ ഒരു
ഗ്രന്ഥം പലേ ഭാഷകളിലുമായി ഒരേസമയം പ്രസിദ്ധീ
കൃതമാകുവാൻ പോവുകയാണു്.

അടുത്തതായി ഒരു പ്രസംഗപര്യടനം പ്രമാണിച്ചു്
അദ്ദേഹം വീണ്ടും സ്വിറ്റ്സർലണ്ടിൽ എത്തി; ഇത്ത
വണ ഡാവോസ് താഴ്വരയിൽ (Davos Valley) കൂടിയ
ഒരു ശാസ്ത്രജ്ഞസമ്മേളനത്തിൽ പ്രസംഗിക്കുവാൻ ക്ഷണി
ച്ചതനുസരിച്ചു വന്നതായിരുന്നു.

ഡാവോസ് താഴ്വര ഒരു ശീതകാലസങ്കേതമാണു്.
അവിടെ വളരെയധികം ആശുപത്രികളും ഹോട്ടലുക
ളുണ്ടു്. ക്ഷയരോഗികൾക്കു് ആശ്വാസമരുളുവാൻ ഉത
കുന്നതാണു് അവിടത്തെ വരണ്ട കാലാവസ്ഥ. രോഗിക
ളായ ചില വിദ്യാർത്ഥികൾക്കു് പ്രൊ. ഐൻസ്റ്റയിന്റെ
പ്രഭാഷണങ്ങൾ കേൾക്കുന്നതിനു് അനുവാദം നൽകപ്പെ
ട്ടിരുന്നു. ഐൻസ്റ്റയിനു് പ്രിയം തോന്നിയ ഒരു കാര്യ
മായിരുന്ന അതു്. എന്തെന്നാൽ അദ്ദേഹം യുവജനങ്ങ
ളുടെ സഹവാസത്തിൽ എപ്പോഴും ആഹ്ലാദംകൊണ്ടിരുന്നു.

ഡാവോസിലെ പ്രസങ്ഗങ്ങൾ അവസാനിപ്പിച്ച
ശേഷം അദ്ദേഹം കിഴക്കോട്ടു് എംഗഡൈൻ (Engadine)
താഴ്വരയുടെ അധോഭാഗത്തുള്ള സുവോസി (Zuoz)
ലേക്കു പോകുവാൻ നിശ്ചയിച്ചു. അദ്ദേഹത്തിന്റെ ആ
പരിപാടി തടയുവാൻ അദ്ദേഹത്തിന്റെ ഭാര്യ ശ്രമിക്കുക

യുണ്ടായി. സമുദ്രത്തെ നിശ്ചലമായിരിക്കുവാൻ അവർ ആജ്ഞാപിച്ചിരുന്നെങ്കിൽ ഇതിലും ഭേദമായിരുന്നേനേ! ഇത്തവണ തീർച്ചയായും താൻ വിശ്രമിക്കുന്നതാണെന്ന് അദ്ദേഹം അവക്ക് വാക്കുകൊടുത്തു.

എംഗഡൈന്റെ മിക്കവാറും ഭാഗങ്ങളും സമുദ്രനിരപ്പിൽനിന്നു വളരെയധികം പൊക്കമുള്ളതായിരുന്നു. യൂറോപ്പിലെ ഏറ്റവും മനോഹരമായ സ്ഥലങ്ങളിൽ ഒന്നാണ് അത്; ഇറ്റലിയിലെ നീലഗഗനത്തിൻകീഴിലുള്ള വർണ്ണശബളിതങ്ങളായ പുഷ്പങ്ങളും! മനോജ്ഞങ്ങളായ ശില്പങ്ങളെന്നു പേരുകേട്ട കെട്ടിടങ്ങളും!

വാദ്ധാനം നൽകിയിരുന്നതു വകവയ്ക്കാതെ, ആൽബർട്ട് ഐൻസ്റ്റയിൻ ഒടുവിൽ തന്നാൽ താങ്ങുവാൻ കഴിയുന്നതിൽ അധികം ആയാസം നൽകുന്ന ഒരു പ്രവൃത്തിയിൽ ഏർപ്പെട്ടു. വളരെയധികം ഭാരമുള്ള രണ്ടു പെട്ടി അവക്ക് കൊണ്ടുപോകേണ്ടിയിരുന്നു. അവയെ എടുത്തുകൊണ്ടു പോകുവാൻ ആരെങ്കിലും വരുന്നതുവരെ കാത്തിരിക്കാതെ, അദ്ദേഹംതന്നെ ആ പെട്ടികളെ എടുത്തുകൊണ്ടുപോകുവാൻ ശ്രമിച്ചു. ആ അദ്ധ്വാനം കുറെയേറെ കവിഞ്ഞതായിരുന്നു. ആ അത്യദ്ധ്വാനം പൊടുന്നനവെ ആപത്കരമായ ഒരു ഹൃദ്രോഗബാധയുടെ കാരണമായി. അവിടെനിന്ന് അദ്ദേഹത്തെ ശയ്യയിലേയ്ക്ക് എടുത്തുമാറ്റേണ്ടിവന്നു. തീവണ്ടിയിൽ യാത്ര ചെയ്യിച്ച് സൂറിക്കിലേക്കു കൊണ്ടുപോകാമെന്ന നിലപ്രാപിക്കുന്നതുവരെ അദ്ദേഹത്തിന് ശയ്യാവലംബിയായി കഴിയേണ്ടിയിരുന്നു. അന്ന് അത്രമാത്രം സഞ്ചരിക്കുവാനേ

അദ്ദേഹം കഷ്ടിച്ചു ധൈര്യപ്പെട്ടുള്ളൂ. മൃത്യുമുഖത്തിൽ നിന്നു രക്ഷ പ്രാപിക്കുന്നതുവരെ, കുറെ ആഴ്ചകൾതന്നെ, അദ്ദേഹത്തിന് സൂറിക്കിൽ കഴിച്ചുകൂട്ടേണ്ടിവന്നു. ഒടുവിൽ ബർലിനിൽ സ്വന്തം ഡോക്ടറുടെ സമീപം അദ്ദേഹം മടങ്ങിയെത്തി.

ഡോ. റുഡോൾഫ് ഏർമൻ ഇരുപത്തഞ്ചു കൊല്ലമായി പ്രൊ. ഐൻസ്റ്റയിന്റെ സുഹൃത്തും ഭിഷഗ്വരനുമായിരുന്നു. അന്ന് ഒരു ആശുപത്രിയിലെ വൈദ്യശാസ്ത്ര ഡയറക്ടറും, ബർലിൻ സർവ്വകലാശാലയിലുള്ള മെഡിക്കൽ സ്കൂളിലെ പ്രൊഫസ്സറുമായിരുന്ന അദ്ദേഹം. ഡോക്ടർ ഏർമന് 1939 വരെ ജർമ്മനി വിട്ടുപോകുവാൻ കഴിഞ്ഞില്ല. ഒടുവിൽ അവിടെനിന്നു രക്ഷപ്രാപിച്ചപ്പോഴും അദ്ദേഹം വൈദ്യശാസ്ത്രപര*മായ തന്റെ പ്രവർത്തനം തുടരുന്നതിനുവേണ്ടി സ്വയോക്ക് പട്ടണത്തിൽ എത്തി.

"സാധാരണയായി നല്ല ആരോഗ്യവും ചുറുചുറുക്കും ഉത്സാഹവും ഉന്മേഷവുമുള്ള ഒരാളാണ് പ്രൊ. ഐൻസ്റ്റയിൻ. അദ്ദേഹത്തിന് നേരമ്പോക്കും കഥാകഥനവും ഇഷ്ടമുള്ള കാര്യങ്ങളാണ്. അവ പറഞ്ഞും കേട്ടും അദ്ദേഹം രസിക്കാറുണ്ട്. കൂട്ടുകെയുള്ള ചിരിയും അദ്ദേഹം ഇഷ്ടപ്പെട്ടുവന്നു. അദ്ദേഹത്തിന് അഞ്ചെട്ടു പത്തിഞ്ചു പൊക്കവും സാമാന്യമായ കനവുമുണ്ട്." ഡോ. ഏർമന്റെ അഭിപ്രായമാണിത്.

പ്രൊ. ഐൻസ്റ്റയിൻ, തന്റെ വ്യായത്തെ ഇത്ര അധികം വിഷമിപ്പിച്ചിരുന്നില്ലെങ്കിൽ അതിന് വേണ്ടിട

* as a specialist in internal medicine,

ത്തോളം ആരോഗ്യമുണ്ടായിരുന്നിരിക്കും. വളരെയധികം അദ്ധ്വാനിച്ചു തുടങ്ങുമ്പോഴാണ് അദ്ദേഹം സാധാരണയായി തളർന്നു വീഴുന്നതു്. എംഗഡൈനിൽവച്ചു് പെട്ടികം എടുത്തുമാറുവാൻ ശ്രമിച്ചപ്പോഴും ഉണ്ടായ ഒന്നാമത്തെ ഹൃദ്രോഗബാധയ്ക്കുശേഷം, രണ്ടുമൂന്നു കൊല്ലംകഴിഞ്ഞു് വീണ്ടുംഅതു സംഭവിച്ചു. അതു് കപൂത്തു് എന്ന സ്ഥലത്തുവച്ചു് തടാകത്തിൽനിന്നു് വേനൽക്കാലവസതിയിലേക്കു് അദ്ദേഹത്തിന്റെ ബോട്ടു മുമ്പുകൊണ്ടുപോകുമ്പോഴായിരുന്നു.

എംഗഡൈനിൽവച്ചുണ്ടായ പാരവശ്യത്തിനുശേഷം, താൻ ഒരു രോഗിയാണെന്നും, കൂടുതൽ സൂക്ഷിച്ചിരിക്കേണ്ടതുണ്ടെന്നും പ്രൊ. ഐൻസ്റ്റയിൻ ധരിച്ചു. കറെക്കാലത്തേക്കു് അദ്ദേഹത്തിനു് സകലതും ത്യജിച്ചിട്ടു് ശയ്യാവലംബിയായി കഴിയേണ്ടിവന്നു. അന്നു് പ്രസങ്ഗങ്ങളാകട്ടെ, ശാസ്ത്രപ്രവർത്തനമാകട്ടെ, പര്യടനങ്ങളാകട്ടെ ഉണ്ടായിരുന്നില്ല.

എൽസാഐൻസ്റ്റയിൻ വളരെ കർശനമായും സൂക്ഷിച്ചും പെരുമാറിവന്നതുകൊണ്ടു് സാവധാനത്തിൽ അദ്ദേഹത്തിനു് ആരോഗ്യം വീണ്ടെടുക്കുവാൻ കഴിഞ്ഞു. പുകവലിക്കാൻ പാടില്ലാ എന്നതായിരുന്നു ഡോക്ടർ ഏർമന്റെ ആജ്ഞകളിലൊന്നു്. ഐൻസ്റ്റയിനെ അദ്ദേഹത്തിന്റെ പ്രിയപ്പെട്ട പുകക്കുഴലിൽനിന്നു് അകറ്റുക എന്നതായിരുന്നു എൽസാഐൻസ്റ്റയിനെ ഏറ്റവും വിഷമിപ്പിച്ച ഒരു കാര്യം. ഐൻസ്റ്റയിനെ 'വിവേകശാലി'യായിട്ടതന്നെയാണു് ഡോ. എപ്പോഴും കണ്ടിരു

ന്നത്. തന്റെ ആരോഗ്യത്തിന് പൂകവലി പാടില്ലെന്ന് ബോദ്ധ്യമായപ്പോൾ കുറെക്കാലത്തേക്ക് അദ്ദേഹം പുക വലി വേണ്ടെന്നുവച്ചു.

1929-ൽ പ്രൊ. ഐൻസ്റ്റയിന്റെ അൻപതാമത്തെ പിറന്നാൾ അടുത്തപ്പോൾ അദ്ദേഹത്തിന് വീട്ടിനുള്ളിൽ മാത്രമല്ല പുറത്തും അല്പം നടക്കാമെന്നായി; അപ്പോഴും അധ്വാനവും ഉത്സാഹവുംമറ്റും വർജ്ജിക്കേണ്ടിയിരുന്നു. അതേസമയം ലോകരാകമാനം അദ്ദേഹത്തിന്റെ അൻപതാംപിറന്നാൾ കൊണ്ടാടുവാൻ ഉത്സുകരായി ചമഞ്ഞു. അദ്ദേഹത്തിന് വളരെയധികം ആയാസംനൽകുന്ന പല പരിപാടികളെക്കുറിച്ചും അവർ ചിന്തിക്കുന്നുണ്ടായിരുന്നു. സദുദ്ദേശത്തോടുകൂടിയതുതന്നെയായിരുന്നുവെങ്കിലും അക്കാര്യങ്ങളെല്ലാം അദ്ദേഹത്തിന്റെ അപ്പോഴത്തെ ദേഹസ്ഥിതിക്കു പറ്റിയതല്ലായിരുന്നു. ഗുരുത്വാകർഷണത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പുതിയ ശാസ്ത്രീയാഭിപ്രായങ്ങളെ അഞ്ചു പേജ് ഉള്ള ഒരു പ്രബന്ധത്തിലൂടെ അദ്ദേഹം അവതരിപ്പിച്ചതു് ആയിടയ്ക്കാണ്. സങ്കീർണ്ണങ്ങളായ ഗണിതക്രിയകൾകൊണ്ടു നിറഞ്ഞതാണ് ആ അഞ്ചു പേജ്. തന്റെ സിദ്ധാന്തങ്ങൾ സാമാന്യജനങ്ങളെ മനസ്സിലാക്കുവാൻ ശ്രമിക്കുന്നതുകൊണ്ട് ഒരു വിശേഷവുമില്ലെന്ന് അദ്ദേഹം സ്വയം നിശ്ചയിച്ചുകഴിഞ്ഞിരുന്നു. പൊതുജനങ്ങൾ ഗൗനിക്കുന്നതായി തോന്നിയതുമില്ല. പ്രശസ്തനായ ആ ശാസ്ത്രജ്ഞന്റെ ജന്മദിനം ആഘോഷിക്കുവാൻ അവർ ആഗ്രഹിച്ചു.

കോലാഹലങ്ങളിൽനിന്ന് അദ്ദേഹത്തെ ഒഴിവാക്കുന്നതിന്, അദ്ദേഹത്തിന്റെ കുടുംബക്കാർ ഒരു ഉപായം സ്വീകരിച്ചു. ബർലിനിലെ ഒരു വലിയ ധനികന്റെ എസ്റ്റേറ്റിലുള്ള തോട്ടക്കാരന്റെ കുടിലിൽ അദ്ദേഹത്തെ പാർപ്പിക്കുക എന്നതായിരുന്നു ആ ഉപായം. പ്രൊ. ഐൻസ്റ്റയിൻ തനിച്ചാണ് ആ കുടിലിലേയ്ക്കു പോയത്. അദ്ദേഹത്തിന്റെ ഭാര്യയും പുത്രിമാരും സന്ദർശകരെയും പത്രപ്രതിനിധികളെയും സ്വീകരിക്കുന്നതിനു തയ്യാറായി ബർലിനിലെ പാർപ്പിടത്തിൽതന്നെ ഉണ്ടായിരുന്നു. ആഹാരം സ്വയം പാകംചെയ്തുകൊണ്ടും തന്റെ ആരോഗ്യത്തെ വേണ്ടപോലെ സൂക്ഷിച്ചുകൊണ്ടും അദ്ദേഹം ഒരു സന്ന്യാസിയെപ്പോലെ ആ കുടിലിൽ കഴിഞ്ഞു. ആ സമയം ഹാബർലണ്ടുതെരുവിലുള്ള ഗൃഹത്തിലാകട്ടെ, സ്നേഹിതന്മാർ സന്ദർശനാർത്ഥം വന്നുകൊണ്ടിരുന്നു; പാരിതോഷികങ്ങളും കത്തുകളും മറ്റും പ്രവഹിക്കുന്നുണ്ടായിരുന്നു.

"പ്രൊ. ഐൻസ്റ്റയിൻ എവിടെയാണ് ?"

എൽസായിൽനിന്നു മറുപടി ലഭിച്ചില്ല.

പ്രൊ. ഐൻസ്റ്റയിന്റെ സെക്രട്ടറി ഒരു സമാധാനം കണ്ടുപിടിച്ചുവച്ചിരുന്നു. അതു വീണ്ടും വീണ്ടും ആവർത്തിക്കപ്പെട്ടു. "ഈ ആർഭാടങ്ങളിൽനിന്ന് ഒഴിഞ്ഞുമാറുന്നതിനുവേണ്ടി കുറെ ദിവസങ്ങൾക്കുമുൻപു് അതും അറിയാതെ പ്രൊ. ഐൻസ്റ്റയിൻ ഈ നഗരംവിട്ടു പോയതാണ്. അദ്ദേഹം എങ്ങോട്ടു പോയെന്നു പറയാൻ പാടില്ല എന്ന് കർശനമായ ആജ്ഞയുമുണ്ട്."

ഐൻസ്റ്റയിന്റെ ഭാര്യയും, അവരുടെ രണ്ടു പുത്രിമാരും ജാമാതാക്കളും അദ്ദേഹത്തോടൊത്തു് ആ ദിവസം കഴിക്കുവാൻ ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിനു് ഏറ്റവും ഇഷ്ടമുള്ള വിഭവങ്ങളാം പാകംചെയ്തു. അദ്ദേഹത്തിനു് നൽകുവാൻ അവരുടെ വക പാരിതോഷികങ്ങളുമുണ്ടായിരുന്നു. ഒടുവിൽ താമസസ്ഥലത്തിലെ പിൻവാതിലിൽക്കൂടി യാത്രയാകുവാൻ അവർക്കു് സൌകര്യം കിട്ടി. അടച്ചുമൂടിയ പാത്രങ്ങളിൽ വിഭവങ്ങളും പകർന്നെടുത്തുകൊണ്ടാണു് അവർ പോയതു്.

ഐൻസ്റ്റയിന്റെ ഭാര്യ, ആ തോട്ടക്കാരന്റെ കുടിലിലെ തീൻ മേശയിൽ വിഭവങ്ങളെടുത്തുവച്ചു; അവർ എല്ലാവരും ആഹാരം കഴിക്കാനിരുന്നു. എത്രമാത്രം ശാന്തം! എത്ര സൈ്വരം! പ്രൊ. ഐൻസ്റ്റയിന്റെ അഭിപ്രായപ്രകാരമുള്ള സന്തോഷം ഇതുതന്നെയായിരുന്നു. ആഹാരം കഴിഞ്ഞു് ഐൻസ്റ്റയിന്റെ ഭാര്യ അദ്ദേഹത്തിനു് ഒരു പൊതി സമ്മാനിച്ചു.

"ആൽബർട്ടു്! ഇതു് ഇന്നത്തേയ്ക്കു മാത്രമുള്ള ഒരു പ്രത്യേകസമ്മാനമാണു്."

അതു് അദ്ദേഹത്തിന്റെ പുകക്കുഴലായിരുന്നു; ഔദ്യോഗം പിടിപെട്ടപ്പോൾ അദ്ദേഹത്തിന്റെ പക്കൽ നിന്നു് എടുത്തുമാറിയതായിരുന്നു. ഇന്നു് ജന്മദിനം പ്രമാണിച്ചു് അദ്ദേഹത്തിനു് ഒരു പുകക്കുഴൽ പുകയില ഉപയോഗിക്കുവാൻ അനുവാദം ലഭിച്ചു. അദ്ദേഹം അതെടുത്തു്, കൈകൊണ്ടു് അതിന്റെ ഒരറ്റത്തിൽ തട്ടിക്കൊണ്ടു് മറെറ അറ്റം വായിൽ വച്ചു.

കതകിൽ ആരോ മുട്ടുന്ന ശബ്ദം! അവർ അവിടെയാണെന്ന് ആരും ആറിഞ്ഞിരുന്നില്ലല്ലൊ? പിന്നെ ആരായിരിക്കാം അത്? ഐൻസ്റ്റയിന്റെ ഭാര്യ വാതിലിന്റെ അടുത്തുചെന്ന് അതു തുറന്നു. അകത്തേയ്ക്ക് ഒരാൾ കടന്നുവന്നു. അയാളെ അതിനുമുൻപു് അവർ കണ്ടിട്ടുണ്ടായിരുന്നു. അവരെ കണ്ടെത്തിയതിൽ അയാൾ ഒരു കുറവാളിയെപ്പോലെ പ്രത്യക്ഷപ്പെട്ടു. ബർലിനിൽ താമസിപ്പിച്ചിരുന്ന ഒരു അമേരിക്കൻ പത്രപ്രതിനിധിയായിരുന്നു അയാൾ.

പ്രൊഫസ്സർ ഐൻസ്റ്റയിൻ അല്പം വിഷാദത്തോടുകൂടി തലകുലുക്കി. ക്ഷണിക്കാതെ വന്ന അയാളോടു പറഞ്ഞു: "നിങ്ങൾക്ക് നല്ല ഘ്രാണശക്തിയുണ്ട്."

അദ്ധ്യായം പതിനാറ്

ബർലിനിലെ സംഭവന

പിറന്നാൾ കഴിഞ്ഞു് ഏതാണ്ടു് ഒരാഴ്ചയ്ക്കുശേഷമാണു് പ്രൊ. ഐൻസ്റ്റയിൻ, ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നു തനിക്കു ലഭിച്ച കത്തുകളും പാരിതോഷികങ്ങളും ഒരുമിച്ചു കണ്ടതു്. ഭൂലോകത്തിന്റെ പല കോണുകളിൽ നിന്നെന്നപോലെ, വിവിധങ്ങളായ ജീവിതവ്യാപാരങ്ങളിൽ ഏർപ്പെട്ടിരുന്നവരിൽനിന്നും വന്ന സന്ദേശങ്ങളും—കത്തുകളും, കാർഡുകളും. കേബിളുകളും

മറ്റും—നിറഞ്ഞ വട്ടികൾകൊണ്ടും, സോപ്പ്, തൈ, കൈലേസ്, പുകയിലപ്പൊതി, പുസ്തകങ്ങൾ എന്നിങ്ങനെയുള്ള സമ്മാനങ്ങൾകൊണ്ടും ബർലിനിലെ വീട് നിറഞ്ഞിരുന്നു. ഐൻസ്റ്റയിന് ബോട്ടിനോടുള്ള കൌതുകം മനസ്സിലാക്കിയിരുന്ന, ബർലിൻ അക്കാഡമിയിലെ അദ്ദേഹത്തിന്റെ വിദ്യാർത്ഥികൾ നല്കിയ പാരിതോഷികം വീട്ടിനുള്ളിൽ വയ്ക്കുവാൻ വയ്യാത്ത ഒരു പായ്ത്തോണി (Sailboat) ആയിരുന്നു.

ബർലിനിലെ നഗരോപദേഷ്ടാക്കൾ ഒതുങ്ങിനില്ക്കുകയല്ല ചെയ്തത്. നേരെമറിച്ച് 'അവരുടെ പ്രൊ. ഐൻസ്റ്റയിന്' ഒരു പാരിതോഷികം നൽകുവാൻതന്നെ തീരുമാനിച്ചു. ഏറ്റവും വലിയ ഒരു സമ്മാനം അതായത് വേനൽക്കാല വസതിക്കു പറ്റിയ ഒരു സ്ഥലം ആയിരുന്നു അവർ നൽകുവാൻ ഉദ്ദേശിച്ചത്. അദ്ദേഹമായിരുന്നില്ലെ അവരുടെ പ്രഥമ പൌരൻ? ബർലിൻ സംബൽസമുദ്ധിയുള്ള ഒരു പട്ടണമായിരുന്നില്ലേ? നഗരസമിതിയിലെ അംഗങ്ങൾ, അവരുടെ അഭിപ്രായം ഐൻസ്റ്റയിൻ കട്ടം ബത്തെ അറിയിച്ചു. അദ്ദേഹത്തിന് വള്ളം കളിയിൽ വളരെയധികം താത്പര്യമുണ്ടായിരുന്നതുനിമിത്തം, അവർ 'ഹാവൽ' നദിക്കരയിലുള്ള ഒരു സ്ഥലം തെരഞ്ഞെടുത്തു. അവിടെ നദിയുടെ അരികിലായി ഒരു ചെറിയ കെട്ടിടവുമുണ്ടായിരുന്നു.

തങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന നല്ലകാര്യത്തെക്കുറിച്ചു അഭിമാനത്തോടുകൂടി നഗരസമിതി പത്രക്കാരെ അറിയിക്കുകയുണ്ടായി. പ്രൊ. ഐൻസ്റ്റയിന് ഒരു വേനൽക്കാല

വസതി നല്കപ്പെട്ടന്ന എന്ന വാർത്ത ജർമ്മനി ഒട്ടുക്ക പരന്നു. അ വിവരണത്തെ അ സ്വദമാക്കിക്കൊണ്ടുള്ള ഭീർഘലേഖനങ്ങളും അ സ്ഥലത്തിന്റെ ചിത്രങ്ങളും പത്രപംങ്കതികളിൽ സ്ഥലംപിടിച്ചു. എല്ലാവക്കും അക്കാര്യത്തിൽ അഭിമാനം തോന്നി. പക്ഷെ.....

ഐൻസ്റ്റയിന്റെ ഭാര്യ സ്വാഭാവികമായ നടപടി സ്വീകരിച്ചു. അ സ്ഥലം സ്ഥിതിചെയ്തിരുന്ന ബർലിൻ പട്ടണപ്രാന്തത്തിലുള്ള ക്ലാഡൗ (Cladow) എന്ന പ്രദേശത്തയ്ക്ക അവർ യാത്രതിരിച്ചു അ സ്ഥലം ഒന്നു കാണുന്നതിനുവേണ്ടിയായിരുന്നു അവർ അങ്ങോട്ട പോയതു. പുഴവക്കത്തുകിടന്ന അ ഭ്രഭാഗം ചിത്രങ്ങളിൽ കണ്ടതിനെക്കാൾ കൌതുകകരവും രമണീയവുമായിട്ടാണു് അവക്ക തോന്നിയതു്.

അവിടെ ഉണ്ടായിരുന്ന ചെറിയ കെട്ടിടത്തിൽ അതിപാർപ്പുണ്ടെന്നു കണ്ടപ്പോൾ അവക്ക് അദ്ഭുതം തോന്നാതിരുന്നില്ല. അവർ അ വീട്ടിന്റെ മുൻവശത്തെയ്ക്ക കടന്നു് വാതിലിൽ ഒന്നുമുട്ടി. കതക് തുറന്നപ്പോൾ അവർ ഇപ്രകാരം പറഞ്ഞു. "എന്റെ ഭർത്താവിനും എനിക്കും ബർലിൻ നഗരത്തിൽനിന്നു നൽകുവാൻ പോകുന്ന ഈ സ്ഥലം ഒന്നു കാണുവാൻ വന്നിരിക്കുകയാണു് ഞാൻ"

അ ഭ്രഭാഗം ബർലിൻ നഗരത്തിന്റെ വകയല്ല എന്നായിരുന്നു പെട്ടെന്നു് അവക്ക ലഭിച്ച മറുപടി. അതു് ഫാൺബ്രാൻഡിസ് (Von Brandis) എന്ന കുടുംബക്കാ

രുടെ വകയായിരുന്നു. ഐൻസ്റ്റയിന്റെ ഭാര്യയ്ക്ക് സംഭ്രമവും നൈരാശ്യവും തോന്നി. അവർ ബർലിനിലേയ്ക്കു മടങ്ങി.

നഗരസമിതിക്കും, സംഭ്രമവും വ്യാകുലതയും ഉണ്ടായി. ഒരു പബ്ലിക്ക് പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി ബർലിൻനഗരം കുറെയേറെസ്ഥലം വിലയ്ക്കുവാങ്ങുകയും കൈയേല്ക്കുകയും ചെയ്തിരുന്നു. 'ഈ സ്ഥല'വും അതിൽപ്പെട്ടിരുന്നു എന്നാണ് അവർ വിചാരിച്ചിരുന്നത്. പഴയ പ്രമാണങ്ങളും പരിശോധിച്ചപ്പോൾ അവയ്ക്ക് തെറ്റുപറ്റി എന്ന ബോധ്യമായി. പ്രസ്തുത സ്ഥലം ബർലിൻ നഗരത്തിന്റെ വകയായിക്കഴിഞ്ഞിരുന്നില്ല.

പ്രൊ. ഐൻസ്റ്റയിനോട് ചെയ്ത തെറ്റു പരിഹരിക്കുവാനുള്ള ബദ്ധപ്പാടിൽ, ആ പ്രദേശത്തുതന്നെ ഒരു കെട്ടിടം നിർമ്മിച്ചു കൊടുക്കാമെന്ന് നഗരസമിതി വാഗ്ദാനം ചെയ്തു. പ്രൊ. ഐൻസ്റ്റയിൻ അതിനു സമ്മതം നൽകുമോ? പ്രൊ. ഐൻസ്റ്റയിൻ സമ്മതം മൂളി. കെട്ടിടം പണിചെയ്തുകൊള്ളുവാൻ പ്രൊ. ഐൻസ്റ്റയിനെ ഏല്പിച്ചിട്ട്, അതിനുള്ള ചെലവു വഹിക്കാമെന്ന് അവർ ഏറ്റു. ആ ഏർപ്പാട് യുക്തിയുക്തമായി തോന്നി. ഐൻസ്റ്റയിൻ കുടുംബക്കാർ വീട്ടിനുള്ള പ്ലാൻ തയ്യാറാക്കുന്നതിന് ഒരു ശില്പിയെ നിയോഗിക്കുകയുംചെയ്തു.

ആ ഏർപ്പാടും ശരിപ്പെട്ടുവന്നില്ല. എന്തെന്നാൽ ഒരേ എസ്റ്റേറ്റിൽ മറ്റൊരു കെട്ടിടം വയ്ക്കുവാൻ പാടില്ലെന്ന് അനുശാസിക്കുന്ന മറ്റൊരു പഴയ പ്രമാണം കണ്ടുകിട്ടി. ആകെക്കുടി അക്കാര്യം പെട്ടെന്ന് ഒരു അപവാ

ദ്ധമായി പരിണമിച്ചു. നഗരസമിതിയെ കാർട്ടൂണുകളിൽക്കൂടി പത്രങ്ങൾ കളിയാക്കി. മുഖപ്രസംഗങ്ങൾ എഴുതപ്പെട്ടു. പല രാജ്യതന്ത്രജ്ഞന്മാരുടേയും സല്പേരു് അപകടത്തിലായി. പ്രൊഫസ്സറെയും ഭാര്യയെയും ഇങ്ങനെ വിഷമിപ്പിച്ചതിൽ, അവരുടെ സ്നേഹിതരിൽ ഒട്ടുവളരെപ്പേർക്കു് രോഷം തോന്നി. ശാന്തിയും സമാധാനവും അഭിലഷിച്ചിരുന്ന പ്രൊഫസ്സറെയും ഭാര്യയെയും ഈ 'പ്രസിദ്ധി' വാസ്തവത്തിൽ വേദനിപ്പിച്ചു.

'അബദ്ധ'ന്മാരായ (ബർലിൻ) നഗരോപദേഷ്ടാക്കളുടെ അടുത്ത വാഗ്ദാനം ഇപ്രകാരമായിരുന്നു. "ഞങ്ങൾ നിങ്ങൾക്കു് ഒരു സ്ഥലം വിലയ്ക്കു വാങ്ങിത്തരുന്നുണ്ടു്"

"വളരെ നല്ലതു്" എന്നുമാത്രം പ്രൊഫസ്സർ മറുപടി പറഞ്ഞു.

ബർലിൻപട്ടണത്തിൽനിന്നു് അല്പം അകന്നു വത്തിക്കുന്നതും—ഒരു മണിക്കൂർനേരത്തെ തീവണ്ടിയാത്രകൊണ്ടു് എത്താവുന്നതും—ഹാവൽനദീതീരത്തിലുള്ളതുമായ കപൂത്തു് (Caputh) എന്ന ഗ്രാമത്തിൽപ്പെട്ട ഒരു സ്ഥലം തെരഞ്ഞെടുക്കപ്പെട്ടു. അവിടെ, പൈൻമരങ്ങൾ നിറഞ്ഞു നിന്ന ഒരു കുന്നിന്റെ മുകളിലായി, ഐൻസ്റ്റയിൻ കുടുംബക്കാർ അവരുടെ വേനൽക്കാലവസതി നിർമ്മിക്കുവാൻ തീരുമാനിച്ചു. അവർ ആ സ്ഥലം വിലയ്ക്കു വാങ്ങുന്നതിനുവേണ്ട ഏർപ്പാടു ചെയ്തിട്ടു്, വിവരം ബർലിൻ നഗരസമിതിയെ അറിയിച്ചു.

പിന്നീടു നടന്നതെന്തെന്നു നോക്കുക. സ്ഥലം വിലയ്ക്കു വാങ്ങുക എന്നതു് പണം ചെലവുചെയ്യുന്ന കാര്യ

മായതുകൊണ്ട് നഗരസമിതി സമ്മേളിച്ച് ആ തുക അനുവദിക്കേണ്ടിയിരുന്നു. നാഷണലിസ്റ്റ് പാർട്ടിയിൽപ്പെട്ട സമിതിഅംഗങ്ങൾ അയതിനെ എതിർത്തു. അതിനു് ആവശ്യമായിരുന്ന ഇരുപതിനായിരം മാർക്ക് നൽകുവാനുള്ള അഭ്യർത്ഥന അവതരിപ്പിച്ചപ്പോൾ നാഷണലിസ്റ്റുകൾ പ്രതിഷേധിക്കുവാൻ എണീറ്റു. ആ അഭ്യർത്ഥന പാസ്സാക്കുന്നതിനു് എതിരായി, ആ സമ്മേളനത്തിൽ വച്ചു് അവർ തീവ്രമായി വളരെനേരം വാദിച്ചു. ചുരുക്കത്തിൽ ആ തുക അനുവദിക്കപ്പെട്ടിട്ടില്ല. അക്കാര്യം പിന്നീടൊരു സമ്മേളനത്തിലേയ്ക്കു് മാറ്റിവയ്ക്കപ്പെട്ടു. അവരുടെ ഉദ്ദേശം എന്തായിരുന്നിരിക്കാം? അതു് വർഗ്ഗവിദ്വേഷമല്ലാതെ മറ്റൊന്നും അയിരുന്നില്ല എന്നു പലരും അഭിപ്രായപ്പെട്ടു.

പ്രൊ. ഐൻസ്റ്റയിന്റെ കൈവശം ആവശ്യത്തിനുവേണ്ട പണം ഉണ്ടായിരുന്നു. ആ സ്ഥലത്തിന്റെ ഉടമസ്ഥനോടു് അദ്ദേഹം അതു വിലയ്ക്കു വാങ്ങുമെന്നു വാക്കുകൊടുത്തിരുന്നുവല്ലൊ. ശില്പി കെട്ടിടത്തിനു പ്ലാൻ പൂർത്തിയാക്കിക്കഴിഞ്ഞിരുന്നു. ബർലിനിലെ നഗരപിതാവിനു്, മേലാൽ അക്കാര്യത്തിനുവേണ്ടി അദ്ദേഹം വിഷമിക്കേണ്ടതില്ലെന്നു കാണിച്ചു്, പ്രൊ. ഐൻസ്റ്റയിൻ ഒരു കത്തയച്ചു. ജീവിതം ഹ്രസ്വമാണു്. തന്റെ പിറന്നാൾ സമ്മാനത്തെ സംബന്ധിച്ചുള്ള വിഡ്ഢിത്തം കുറെ കടന്നുപോയി എന്നും അദ്ദേഹം ആ കത്തിൽ എഴുതിയിരുന്നു. ആ സ്ഥലത്തിനും കെട്ടിടത്തിനും വേണ്ട ചെലവു് അദ്ദേഹംതന്നെ വഹിക്കുന്നതാണെന്നും തീരുമാനിച്ചു.

"നിങ്ങളുടെ പക്കൽനിന്ന് ഒരു കെട്ടിടം സ്വീകരിക്കുവാൻ ഇപ്പോഴും എനിക്കു വയ്യാ" എന്നായിരുന്നു അദ്ദേഹം ആ കത്തു അവസാനിപ്പിച്ചിരുന്നതു്.

അക്കാര്യം അങ്ങിനെ തീർന്നു. മൈൻസ്റ്റയിൻ കുടുംബക്കാർ വലിയ പണക്കാരായിരുന്നില്ല. കപൂത്തിലെ ആ വേനൽക്കാലവസതി പൂർത്തിയാക്കുന്നതിനു് അവരുടെ അതുവരെയുണ്ടായിരുന്ന സമ്പാദ്യം മുഴുവൻ വേണ്ടിവന്നു. ഒടുവിൽ അതു പൂർത്തിയായപ്പോൾ വേണ്ടതുപോലെതന്നെയായിരുന്നു എന്നു പറയാം. ആ വീട്ടിനു പുറത്തായി ഒരു പൂന്തോട്ടമുണ്ടായിരുന്നു; പൊക്കമുള്ള പൈൻമരങ്ങൾ നില്ക്കുന്നുണ്ടായിരുന്ന ചുറ്റിലും. കലാപരമായി അലങ്കരിച്ചിരുന്ന ആ കൊച്ചുവീട്ടിൽ മൈൻസ്റ്റയിനും ഭാര്യയും മൂന്നു വേനൽക്കാലം കഴിച്ചുകൂട്ടി.

ആ കെട്ടിടത്തിൽനിന്നു കുറച്ചുദൂരം നടന്നാൽ മതി ഹാവൽനദി ഒരു തടാകമായി വികസിക്കുന്ന സ്ഥലമായി. ഷ്വീലോ (Schwielow) തടാകം എന്നാണു് അതിനു പേരു്. ഇതു് അടുത്തു് ഒരു തടാകമുണ്ടായിരുന്നതുകൊണ്ടു് ആൽബർട്ടിനു് ഒരു പുതിയ വിനോദത്തിൽ ഏർപ്പെട്ടുവാൻ കഴിഞ്ഞു. വള്ളംകളിയായിരുന്നു ആ വിനോദം. പ്രസന്നങ്ങളായ ദിവസങ്ങളിൽ അദ്ദേഹം ടംലർ (Tummler) എന്ന ബോട്ടിൽ കയറി, വിശ്വത്തെക്കുറിച്ചുള്ള ചിന്തയിൽ മുഴുകിക്കൊണ്ടു്, തുഴഞ്ഞുകൊണ്ടേയിരിക്കുമായിരുന്നു. അദ്ദേഹത്തിനു് ഏതെങ്കിലും വിഷയത്തെക്കുറിച്ചു ചിന്തിക്കുന്നതിനു് നടക്കുന്നതുപോലെ സഹായകമായിരുന്നു ബോട്ടിലിരുന്നു തുഴയുന്നതും.

അദ്ധ്യായം പതിനേഴ്

ലോകർ അദ്ദേഹത്തിന്റെ പാർപ്പിടത്തിലേയ്ക്ക് ഒരു വഴിത്താര സൃഷ്ടിക്കുന്നു.

ആൽബർട്ട് ഐൻസ്റ്റയിൻ ലോകമൊട്ടുക്കു പര്യടനം നടത്തി. എങ്കിലും പലരും അദ്ദേഹത്തെ വസതിയിൽച്ചെന്നു കാണുകതന്നെ ചെയ്തു. കത്തുകൾ, പാരിതോഷികങ്ങൾ, എന്നീ മാർഗ്ഗങ്ങളിൽക്കൂടിയും മുഖതാവിലും ആയിരുന്നു ലോകർ അദ്ദേഹത്തെ സമീപിച്ചത്. ലോകത്തിലെ നാനാഭാഷകളിൽ വിരചിതങ്ങളായ കത്തുകൾ കെട്ടുകെട്ടായി അദ്ദേഹത്തിനു ദിവസവും വന്നുകൊണ്ടിരുന്നു. ആ കത്തുകളെ അദ്ദേഹത്തിന്റെ ഭാര്യയും സെക്രട്ടറിയുംകൂടി തരംതിരിച്ചു് മറുപടികൾ അയച്ചുവന്നു. ലോകത്തിന്റെ പല കോണുകളിൽനിന്നും പാരിതോഷികങ്ങൾ ലഭിക്കുന്നുണ്ടായിരുന്നു; പ്രത്യേകിച്ചു്, അദ്ദേഹത്തെ അറിയിച്ചുവന്നവരും അല്ലാത്തവരുമായ പലേ ഗ്രന്ഥകാരന്മാരും സ്വകൃതികളുടെ ഓരോ പ്രതി അദ്ദേഹത്തിനു പാരിതോഷികമായി സമർപ്പിച്ചു. ആളുകൾ അദ്ദേഹത്തെ സന്ദർശിക്കുവാൻ ചെന്നു. പ്രൊഫസർ ഐൻസ്റ്റയിനെ ബർലിനിലോ, കപ്പൂത്തിലോ ചെന്നു കാണുവാൻ തങ്ങളുടെ ഗൌരവം അനുവദിക്കാതെ തടസ്സമായിരുന്നില്ല.

പ്രൊ. ഐൻസ്റ്റയിനെയും കുടുംബത്തെയും സന്ദർശിക്കുവാൻ ജർമ്മനിയിലേക്കു പര്യടനം നടത്തിയ ഒരു 'നാട

കീയരൂപ'മായിരുന്ന രവീന്ദ്രനാഥടാഗ്രർ എന്ന ഭാരതീയ കവിശ്രേഷ്ഠൻ.

നോബൽസമ്മാനം നേടിയ ഒരു വ്യക്തിയായിരുന്ന ടാഗ്രറും. 1913-ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനം അദ്ദേഹത്തിനാണല്ലോ ലഭിച്ചതു്. ബംഗാൾ സംസ്ഥാനത്തു്, ഗംഗാനദിയുടെ കരയിൽ സ്ഥിതിചെയ്യുന്ന കൽക്കട്ടാനഗരമാണു് അദ്ദേഹത്തിന്റെ സ്വന്ത സ്ഥലം. അദ്ദേഹം സമ്പന്നമായ ഒരു കുലീന കുടുംബത്തിൽ ജനിച്ചു. ആ പ്രദേശത്തുള്ള ഒന്നാംകിട വിദ്യാലയങ്ങളിൽ ചേർന്നു് പഠിച്ചു. വളരെച്ചെറുപ്പത്തിൽതന്നെ അദ്ദേഹം ഒരു 'സ്വപ്നശീലനും (1) 'യോഗാത്മവാദി'(2)യും ആയിരുന്നു. അദ്ദേഹത്തിന്റെ തൂലികയിൽനിന്നു് കവിതകളും നാടകങ്ങളും നോവലുകളും പ്രവഹിച്ചിട്ടുണ്ടു്. അദ്ദേഹം വിദ്യാർത്ഥിയായിരുന്ന കാലത്താണു് ആദ്യത്തെ കവിത രചിച്ചതു്. ആ ബാലൻ എവിടെനിന്നോ പകർത്തിക്കൊണ്ടു വന്നതാണു് അതു് എന്നു് അദ്ധ്യാപകൻ വിചാരിച്ചു. അത്രയ്ക്കു മെച്ചപ്പെട്ടതായിരുന്നു ആ കൃതി. അന്താരാഷ്ട്രീയ വിഖ്യാതിനേടിയ ഭാരതീയ സാഹിത്യകാരൻ ടാഗ്രറാകുന്നു. പലേ ഭാഷകളും അറിയാമായിരുന്നുവെങ്കിലും അദ്ദേഹം പഴക്കമുള്ളതും സമ്പന്നവുമായ ബംഗാളിഭാഷയിൽ മാത്രമാണു് എഴുതിവന്നിരുന്നതു്.

ഐൻസ്റ്റയിനെക്കാൾ പതിനെട്ടു വയസ്സു പ്രായക്കൂടുതലുണ്ടായിരുന്ന ടാഗ്രറിനു്. ഇംഗ്ലണ്ടു്, ജർമ്മനി, ഡെന്മാർക്കു്, റഷ്യ എന്നിവിടങ്ങളിൽ പര്യടനം നടത്തു

(1) dreamer (2) mystic

കയും മഹാനായ ആ ശാസ്ത്രജ്ഞനോടുള്ള ബഹുമാനാദര ങ്ങളം പ്രദർശിപ്പിക്കുവാൻ കപ്പൂത്തിൽ തങ്ങുകയുംചെയ്ത അക്കാലത്തു് അദ്ദേഹത്തിനു് എഴുപതോളം വയസ്സു് പ്രായ മുണ്ടായിരുന്നു.

നല്ലപൊക്കവും, അസാധാരണമായ രൂപവിശേഷ വുമുള്ള ഒരാളായിരുന്ന ആ കവിവര്യൻ. അദ്ദേഹം ധരി ച്ചിരുന്നതു് വണ്ണപ്പകിട്ടുള്ള പൌരസ്ത്യ പട്ടുവസ്ത്രങ്ങളായി രുന്നു. നീണ്ട തലമുടിയും, പട്ടുപോലെയുള്ള വെളുത്ത നീണ്ടതാടിയും അദ്ദേഹത്തിന്റെ ഭംഗിയുള്ള മുഖത്തിനും, കിനാവുകാണുന്ന കണ്ണുകൾക്കും പരിവേഷം ചാർത്തുന്നുണ്ടാ യിരുന്നു. ആ ശാസ്ത്രജ്ഞനും, ആ യോഗാത്മവാദിയും അടുത്തടുത്തു് ഇരുന്നുകൊണ്ടു് സകലതും മറന്നു് സംഭാഷ ണത്തിൽ ലയിച്ചപ്പോൾ അവരുടെ വദനങ്ങൾക്കു്, പ്ര ത്യേകിച്ചു് നയനങ്ങൾക്കു്, തമ്മിൽ ഒരു സാദൃശ്യം പ്രത്യ ക്ഷപ്പെട്ടു. മറ്റുള്ളവരുടെ ബുദ്ധിക്കു് അതീതങ്ങളായ കാര്യങ്ങൾ കാണുവാനുള്ള കല്പനയും കഴിവുമുണ്ടായിരുന്ന രണ്ടു വ്യക്തികളായിരുന്നുവല്ലൊ അവർ.

ഐൻസ്റ്റയിൻ കാലിഫോർണിയായിൽ ചെന്നിരു ന്നപ്പോൾ, അമേരിക്കൻ ചലച്ചിത്ര മണ്ഡലത്തിലെ സുപ്ര സിദ്ധ ഹാസ്യനടനായ ചാർലിചാപ്ലിൻ അദ്ദേഹത്തെ സന്ദർശിക്കുകയുണ്ടായി. പിന്നീടു് ചാർലിചാപ്ലിൻ ബർലിനിലേയ്ക്കു വരികയും ചെയ്തു. സംസാരിക്കുന്ന ചല ച്ചിത്രങ്ങളെ (Talkies) ടെ ആവിർഭാവത്തിനു മുൻപു് നി ലവിലിരുന്ന മൂകചലച്ചിത്രങ്ങളിലെ 'കോമാളി' യായിരുന്ന ചാർലിചാപ്ലിൻ. അദ്ദേഹം മൌനനാടകത്തിന്റെ കാര

ണവരായിരുന്നു. തുങ്ങിക്കിടക്കുന്ന കാലുറകൾ, സാമാന്യത്തിലധികം നീളമുള്ള വലിയ പാദങ്ങൾ, കൈയിൽ എപ്പോഴുമുള്ള ചൂരൽ, കറുത്ത കൊച്ചുമീശ എന്നിവയായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേകതകൾ

'സിറ്റി ലൈറ്റ്സ്' (1) ആയിരുന്നു അദ്ദേഹത്തിന്റെ ഒടുവിലത്തെ മൂകചലച്ചിത്രം. 1931-ൽ, സകലരും സംസാരിക്കുന്ന ചലച്ചിത്രങ്ങളുമായി പരിചയപ്പെട്ട കഴിഞ്ഞിരുന്ന കാലത്തായിരുന്നു അദ്ദേഹം അതു് നിർമ്മിച്ചതു്. അക്കാലത്തു് മൂകചലച്ചിത്രം നിർമ്മിക്കുന്നതിനു് ഹോളിവുഡ്ഡുകാർ സമ്മതം നൽകുമായിരുന്നില്ലതന്നെ. പക്ഷെ ചാർലിചാപ്ലിൻ എല്ലാവർക്കും ഇഷ്ടമുള്ള ഒരു കലാകാരനായിരുന്നു. 'സിറ്റി ലൈറ്റ്സ്' കാണുവാൻ ആളുകൾ സിനിമാശാലകളിൽ തിങ്ങിക്കൂടി. അതിലെ പ്രധാന കഥാപാത്രം 'അന്ധയായ പൂക്കാരി'യായിരുന്നു. ആ ചിത്രത്തിലെ "Who will buy my voilets" എന്ന ഗാനം (2) മൂളിക്കൊണ്ടായിരുന്നു പ്രദർശനം കഴിഞ്ഞു് പ്രേക്ഷകർ പുറത്തേയ്ക്കു വന്നതു്.

ആ ചിത്രം പുറത്തു വന്നപ്പോൾ പ്രൊ. ഐൻസ്റ്റയിൻ ഹോളിവുഡ്ഡിലായിരുന്നു. അദ്ദേഹം അതിന്റെ ആദ്യത്തെ പ്രദർശനം കാണുവാൻ ചെന്നു. സങ്കടകരങ്ങളായ സന്ദർഭങ്ങൾ കണ്ടു് അദ്ദേഹം കണ്ണീരൊഴുക്കുകയുണ്ടായി. അന്നു് കാലിഫോർണിയാ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ടെക്നാളജിയിലെ വിസിറ്റിങ്ങ് പ്രൊഫസ്സറായി

(1) City lights (2) theme Song.

അദ്ദേഹം പാസഡെനായിൽ താമസിക്കുകയായിരുന്നു. അക്കാലത്താണ് അദ്ദേഹം ആദ്യമായി ചാർലിചാപ്ലിനെ കണ്ടുമുട്ടിയത്.

ഐൻസ്റ്റയിൻ 'സിറ്റിലൈറ്റ്സി'ന്റെ പ്രഥമ പ്രദർശനം കാണുവാൻ ചെന്ന രാത്രിയിൽ സിനിമാശാലയിലേക്കു നയിക്കുന്ന തെരുവീഥികളും സിനിമാപ്രേമികളെ കൊണ്ടു നിബിഡമായിരുന്നു. ഡോ. ഐൻസ്റ്റയിനും ചാർലിചാപ്ലിനും സഞ്ചരിച്ചിരുന്ന മോട്ടർകാറു് ഇഴഞ്ഞിഴഞ്ഞാണ് മുന്നേറിയതു്. അളുകൾ ആ കാറിനു ചുറ്റും വന്നു പൊതിഞ്ഞപ്പോൾ, ഒരുവൻ കാറിന്റെ ജനാലയിൽക്കൂടി തലകടത്തി സൂക്ഷിച്ചുനോക്കിയിട്ടു് വിളിച്ചു പറഞ്ഞു:-"ഇതാ, ചാർലിയും ഐൻസ്റ്റയിനുംകൂടിയുണ്ടു്. ഇതു കുറെ കടന്നുപോയി."

പ്രൊ. ഐൻസ്റ്റയിൻ ഒരിക്കലും ഒരു സിനിമാപ്രേമിയായിരുന്നില്ല. എങ്കിലും ചാർലിചാപ്ലിൻ പ്രഭാഷിണിചിത്രങ്ങൾ നിർമ്മിക്കുവാൻ ആരംഭിച്ചപ്പോൾ 'ദി ഗ്രേറ്റ് ഡിക്റ്റേറ്റർ' (1) ഐൻസ്റ്റയിൻ ദർശിക്കുകയുണ്ടായി. അതിനെ അദ്ദേഹം ഇഷ്ടപ്പെടുകയും ചെയ്തു. അതു് ഒരു നല്ല ചിത്രമായിരുന്നു; ക്രൂടാതെ അതു് ഒരു സന്ദേശവും കൊള്ളുന്നതുമായിരുന്നു. ഹിറ്റ്ലറിനെതിരായി ലോകർക്കു ഒരു താക്കീതു നൽകുവാൻ ചാപ്ലിൻ ശ്രമിക്കുകയായിരുന്നു. തന്റേതായ ഒരു പ്രത്യേക രീതിയിൽ, അതായതു് കോമാളിയായ ഒരു 'ഇമിറ്റേഷൻ ഹിറ്റ്ലറെ' സൃഷ്ടിച്ചുകൊണ്ടായിരുന്നു ചാപ്ലിൻ അതു നിർവ്വഹിച്ചതു്. അ

(1) The Great Dictator.

ചിത്രത്തിൽ, പൊടിമീശയോടുകൂടിയ കൊച്ചു ക്ഷുരകന്റെ ഭാഗം അഭിനയിച്ചതു് അദ്ദേഹംതന്നെയായിരുന്നു. ആ കഥാപാത്രം ലോകരെ അനുസ്മരിപ്പിച്ചതു് സാക്ഷാൽ 'ജമ്മൻ സർവ്വാധിപതി'യെയായിരുന്നു.

1931-ലെ വേനൽക്കാലത്തു് അന്തരീക്ഷത്തിലെ ഉന്നതതലങ്ങളിലേയ്ക്കു്—സ്റ്റ്റാറോസ്ഫിയറി(2)ലേയ്ക്കു്—ബലൂൺയാത്രചെയ്യാൻ ധൈര്യപ്പെട്ട അഗസ്റ്റേ പിക്കാർഡ്ഡ് എന്ന സ്വിസ്ശാസ്ത്രജ്ഞൻ അക്കൊല്ലംതന്നെ ശരല്ക്കാലത്തു് വിയന്നായിൽവച്ചു് ഐൻസ്റ്റയിനെ സന്ദർശിക്കുകയുണ്ടായി. ഡോ. ഐൻസ്റ്റയിൻ ചില ക്ലൃപ്തകാരോടൊത്തു് മൊസാർട്ടിന്റെ കൃതികൾ ആലപിച്ചാസ്വദിച്ചുകൊണ്ടിരുന്ന ഒരു സായാഹ്നം. അപ്പോൾ ആരോ ഒരാൾ ഒരു കുറിമാനം ഐൻസ്റ്റയിനെ ഏല്പിച്ചു. ഡോ. ഐൻസ്റ്റയിനെ ഒന്നു കാണുന്നതിനു് അപ്പോൾ സൌകര്യംതന്നെയാണോ എന്നറിയാൻ പ്രൊ. പിക്കാർഡ്ഡ് കൊടുത്തയച്ച ഒരു കുറിപ്പായിരുന്നു അതു്. തന്റെ ബലൂൺയാത്രയെപ്പറ്റി ഒരു പ്രഭാഷണം നടത്തുന്നതിനു വേണ്ടി പ്രൊ. പിക്കാർഡ്ഡ് വിയന്നായിൽ വന്നെത്തിയിരുന്നതേയുള്ളൂ. ഡോ. ഐൻസ്റ്റയിൻ അനുമതി നല്കി. സ്റ്റ്റാറോസ്ഫിയറിലേക്കുള്ള ആ ബലൂൺയാത്രയെപ്പറ്റി അദ്ദേഹത്തിൽനിന്നുതന്നെ നേരിട്ടു വിവരങ്ങളറിയുവാൻ പ്രൊ. ഐൻസ്റ്റയിൻ ആഗ്രഹിച്ചിരിക്കുകയായിരുന്നു.

പ്രൊ. പിക്കാർഡ്ഡ് നല്ല പൊക്കമുള്ള മെലിഞ്ഞ ഒരാളായിരുന്നു. അദ്ദേഹത്തിനു് അന്നത്തെ ഫാഷൻ

(2) Staratosphere.

അനുസരിച്ചുള്ള മീശയുമുണ്ടായിരുന്നു. ഒരു ചാരുകസേരയിൽ ഇരുന്നുകൊണ്ട് അദ്ദേഹം പ്രൊ. ഐൻസ്റ്റയിനോടും അദ്ദേഹത്തിന്റെ സ്നേഹിതന്മാരോടും വായുമണ്ഡലത്തിൽ കൂടിയുള്ള തന്റെ ധീരവും അപൂർവ്വവുമായ യാത്രയെക്കുറിച്ചു പറഞ്ഞുതുടങ്ങി.

ഹൈഡ്രജൻ നിറച്ച ഒരു ബലൂണും, ഇരിപ്പിടത്തിനു ഒരു അലൂമിനിയം തോണിയുമായിരുന്നു അവർ ആ യാത്രയ്ക്കു ഉപയോഗിച്ചതു്. അവരിരുവരും—പ്രൊ. പിക്കാർഡും അദ്ദേഹത്തിന്റെ അസിസ്റ്റന്റും—ഏഴോ എട്ടോ മണിക്കൂർ നേരത്തേയ്ക്കു് ആ യാത്ര നീണ്ടുനിൽക്കുമെന്നായിരുന്നു ഉദ്ദേശിച്ചിരുന്നതു്. പതിനെട്ടു മണിക്കൂർ നേരത്തേയ്ക്കു് അവരെക്കുറിച്ചു് ഒരു വിവരവും ലഭിക്കായ്കയാൽ 'അവർ നഷ്ടപ്പെട്ടുപോയിരിക്കും' എന്നാണു് എല്ലാവരും വിചാരിച്ചിരുന്നതു്. ഒടുവിൽ അവരുടെ ബലൂൺ സ്വിറ്റ്സർലണ്ടിലെ ആൽപ്സ് പർവ്വതനിരയിലുള്ള ഒരു ഹിമസംഹതിയിൽ വന്നിറങ്ങി. ആ യാത്രയിൽ പത്തു മൈലോളം—52,000 അടി—പൊക്കത്തിൽ എത്തിയിരുന്നതായി അവയ്ക്കു് വെളിവാക്കുവാൻ കഴിഞ്ഞു. സ്റ്റ്രാറോസ്ഫിയറിലുണ്ടായിരുന്ന അത്യസഹ്യമായ തണുപ്പു് അവരെ അത്ഭുതപ്പെടുത്തി. ശാസ്ത്രജ്ഞന്റെ 'തെർമോമീറർ' (1) അനുസരിച്ചു് പൂജ്യത്തിനു നൂറു ഡിഗ്രി താഴെയായിരുന്ന അവിടത്തെ തണുപ്പു്. ഗാർഹികോപയോഗത്തിനുള്ള തെർമോമീറർ അനുസരിച്ചു് മഞ്ഞുറ

(1) Thermometer.

യുന്ന അവസ്ഥയെക്കാൾ നൂറു നാല്പത്തെട്ടു ഡിഗ്രി കൂറവായിരുന്ന അവിടത്തെ തണുപ്പ്.

എന്നെങ്കിലും ആകാശവിമാനങ്ങൾ വളരെ പൊക്കത്തിൽ പറന്ന് ഏതാനും മണിക്കൂറുകൾകൊണ്ട് അറ്റ്ലാന്റിക് മഹാസമുദ്രം തരണംചെയ്യുമെന്ന് പ്രൊ. പിക്കാർഡ് ദീർഘദർശനം ചെയ്തു. സ്റ്റ്റാറോസ്ഫീയറിൽക്കൂടി മണിക്കൂറിൽ നാന്നൂറു മൈൽ വേഗത്തിൽ സഞ്ചരിക്കുവാൻ അവക്കു കഴിയുമെന്നും പക്ഷേ പൈലറ്റുകൾ കൂടുതൽ ശ്രദ്ധവായു കരുതേണ്ടിവരുമെന്നും അദ്ദേഹം പറയുകയുണ്ടായി. അന്നദ്ദേഹം പറഞ്ഞതു് എത്ര ശരിയായിത്തീർന്നിരിക്കുന്നു.

പരീക്ഷണങ്ങൾ നടത്തുന്നതിനിടയ്ക്ക്, സപത്നീവായ പ്രൊ. പീർക്യൂറിയോടൊത്ത് റേഡിയം കണ്ടുപിടിച്ച മേരിക്യൂറി എന്ന പോളണ്ടുകാരിയായ ശാസ്ത്രജ്ഞ വളരെ സംവത്സരങ്ങൾക്കു് ഡോ. ഐൻസ്റ്റയിന്റെ സുഹൃത്തുക്കളിൽ ഒരാളായിരുന്നു. ലോകത്തിലെ ഇതര ജനങ്ങൾ ഐൻസ്റ്റയിന്റെ മഹത്വത്തെക്കുറിച്ചു മനസ്സിലാക്കുന്നതിനു് വളരെക്കാലം മുമ്പുതന്നെ അദ്ദേഹത്തിന്റെ നേട്ടങ്ങളുടെ പ്രാധാന്യത്തെപ്പറ്റി അവർ ഗ്രഹിച്ചു. 1910-ാമാണ്ടിനോടടുപ്പിച്ചു് ആൽബർട്ട് ഐൻസ്റ്റയിനു് ഒരു നല്ല ഉദ്യോഗം കൊടുക്കുവാൻ പ്രേഗ് സർവ്വകലാശാലാധികൃതരെ നിർബ്ബന്ധിച്ചവരിൽ അവരും ഉൾപ്പെട്ടിരുന്നതായി മുൻപ്രസ്താവിച്ചിട്ടുണ്ടല്ലോ.

ലീഗ് ഒഫ് നേഷൻസിലെ 'ബുദ്ധിപരമായ സഹകരണസമിതി'യിൽ മേരിക്യൂറിയും ആൽബർട്ട് ഐൻസ്റ്റയിനും സേവനമനുഷ്ഠിച്ചിരുന്നു. അതു സംബന്ധിച്ച് ക്രടക്കൂടെ ജനീവായിൽവച്ച് അവർ തമ്മിൽ കണ്ടുവന്നിരുന്നു. ചില അവസരങ്ങളിൽ അവർ ഒരുമിച്ച് ലീഗ് ഓഫീസിലെ നടപ്പുരയിൽക്രടി ഉലാത്തുകയോ, ഒരു ബഞ്ചിൽ ഇരുന്നു സംസാരിക്കുകയോ ചെയ്യുന്നതു് കാണാമായിരുന്നു. അവർ സംഭാഷണത്തിൽ ഏർപ്പെട്ടിരുന്നതായി കണ്ടാൽ മറ്റുള്ളവർ അകന്നുമാറി നില്ക്കുമായിരുന്നു ആ രണ്ടു് 'അസാമാന്യവ്യക്തി'കളുടെ സംഭാഷണത്തിനു് തടസ്സം ഉണ്ടാകാതിരിപ്പാനായിരുന്നു അവർ അങ്ങിനെ ചെയ്തുവന്നതു്.

മേരിക്യൂറിയെപ്പറ്റി പറയുമ്പോൾ, പരമാണുബോമ്പിന്റെ (ആറ്റംബോമ്പിന്റെ) നിർമ്മിതിയിൽ അവരുടെ ഗവേഷണപ്രവർത്തനങ്ങളും സുപ്രധാനങ്ങളായിരുന്നു എന്നു കാര്യം പ്രത്യേകം പ്രസ്താവ്യമാണു്. അവർ റേഡിയോ ആക്റ്റിവു് മൂലധാതുക്കളെ സംബന്ധിച്ചായിരുന്ന ഗവേഷണങ്ങൾ നടത്തിവന്നതു്. മനുഷ്യർക്കു് ഉണ്ടാകുന്ന പല രോഗങ്ങളുടെയും ശമനത്തിനും നിവാരണത്തിനും ഡോക്ടറന്മാർ ഉപയോഗിച്ചുവരുന്ന ഒരു 'അത്ഭുതമൂലധാതു'വായ റേഡിയത്തിന്റെ കണ്ടുപിടിത്തത്തിൽ പങ്കാളിയായിരുന്നു എന്നതാണു് അവരുടെ ഏറ്റവും മികച്ച നേട്ടം.

ലോകർക്കു് ആൽബർട്ട് ഐൻസ്റ്റയിനു നൽകുവാൻ കഴിഞ്ഞിട്ടുള്ള ബഹുമതികളിൽ ഏറ്റവും പ്രാധാന്യമർ

ഹിക്കുന്നത് ന്യൂയോർക്കുപട്ടണത്തിലെ റിവർസൈഡ് നിരത്തിനടുത്തു സ്ഥാപിച്ചിട്ടുള്ളതാണ്. സഹിഷ്ണുതയുടെയും മഹത്വത്തിന്റെയും ചിഹ്നമായ ഒരു ദേവാലയം അവിടെയുണ്ട്. അതിലെ ഗോപുരത്തിന്റെ മുകളിൽനിന്നു നോക്കിയാൽ ഹഡ്സൺനദിയും റിവർസൈഡ്നിരത്തും കാണാം. ആ ദേവാലയം പൂർത്തിയാക്കി സമർപ്പിച്ചത് 1930-ൽ, അതായത് ഐക്യനാടുകളിലേയ്ക്കുള്ള ഐൻസ്റ്റയിന്റെ രണ്ടാമത്തെ പര്യടനത്തിന് അല്പം മുൻപ് ആയിരുന്നു.

ആ ദേവാലയത്തിലെ പ്രവേശനസ്ഥലത്തിന്റെ മദ്ധ്യത്തിൽ, വാതിലുകളുടെ മുകളിലായി ക്രിസ്തുവിന്റെ ഒരു രൂപം വച്ചിട്ടുണ്ട്. പ്രവേശനദ്വാരത്തിന്റെ മുകളിൽ വളരെ പൊക്കത്തിലുള്ള കമാനത്തിൽ ലോകത്തിലെ ഏറ്റവും മികച്ച മതനായകന്മാരുടേയും, തത്വജ്ഞാനികളുടെയും, ശാസ്ത്രജ്ഞന്മാരുടേയും രൂപങ്ങൾ കാണാം. ഇന്നോളമുണ്ടായിട്ടുള്ള ഏറ്റവും വലിയ മഹാന്മാരുടെ രൂപങ്ങൾ ശിലയിൽ കൊത്തിവച്ചിട്ടുണ്ട്. പ്രസ്തുത കമാനത്തിൽ വസ്തുചിന്തയോ മതവിവേചനമോ ക്രൂരതയോ ഒന്നും ആ മഹാന്മാരെ തെരഞ്ഞെടുത്തിട്ടുള്ളതല്ല. അക്കൂട്ടത്തിൽ ആൽബർട്ട് ഐൻസ്റ്റയിനും ഉൾപ്പെട്ടുന്നു.

ആ കെട്ടിടത്തിന്റെ നിർമ്മിതിയുടെ മേൽനോട്ടത്തിൽ സുപ്രധാനമായ പങ്കുവഹിച്ച ഡോക്ടർ യൂഗിൻ സി. കാർഡർ(1) എന്ന പള്ളിയിലെ ഉദ്യോഗസ്ഥൻ ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട പതിനാലു ശാസ്ത്രജ്ഞന്മാരെ തെരഞ്ഞെടുക്കേണ്ടിവന്നപ്പോൾ കുറെയേറെ

(1) Engene C. Carder.

ശാസ്ത്രജ്ഞന്മാർക്ക് കത്തുകഠം അയയ്ക്കുകയുണ്ടായി. നാളിതുവരെ ഉണ്ടായിട്ടുള്ള ശാസ്ത്രജ്ഞന്മാരിൽ ഏറ്റവും മികച്ചവരെന്ന് അവർക്ക് ഓരോരുത്തർക്കും തോന്നിയ പതിനാലു പേരുടെ നാമനിർദ്ദേശം ചെയ്യാനായിരുന്നു ഡോ. കാർഡർ ആവശ്യപ്പെട്ടിരുന്നത്. നാമനിർദ്ദേശപ്പട്ടികകഠം വന്നുചേർന്നു. സ്വാഭാവികമായിത്തന്നെ അവ വ്യത്യസ്തങ്ങളുമായിരുന്നു. പക്ഷെ എല്ലാറ്റിലും ഒന്നുപോലെ ആൽബർട്ട് ഐൻസ്റ്റയിന്റെ പേരു് ഉൾപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ പേരുകൂടാതെ ആ ലിസ്റ്റു പൂർണ്ണമാവുകയില്ല എന്നായിരുന്നു അവർ ഓരോരുത്തരുടേയും അഭിപ്രായം.

ഈ മഹാദേവാലയത്തിന്റെ പ്രവേശസ്ഥലത്തും, ജനാലകളിലെ വർണ്ണക്കണ്ണാടികളിലും ചിത്രപ്പലകകളിലും മറ്റുമായി അനുനൂറുപേർ പ്രതിബിംബിക്കപ്പെട്ടിട്ടുണ്ട്. വിവിധ വർഗ്ഗക്കാരും, മതക്കാരും മാത്രമല്ല വിഭിന്നങ്ങളായ കാലഘട്ടങ്ങളിൽ ജീവിച്ചിരുന്നവരുമാണ് ആ അനുനൂറു വ്യക്തികഠം. അവർ ഓരോരുത്തരും മാനവസൗഖ്യത്തിനു് അവരവരുടേതായ രീതിയിൽ സംഭാവന നൽകിയിട്ടുള്ളവരുമാകുന്നു.

അദ്ധ്യായം പതിനെട്ട്

കാലിഫോർണിയായിലെ ടെക്നോളജി ഇൻസ്റ്റിട്ട്യൂട്ട്.

സർവ്വകലാശാലകളിൽനിന്നു മാത്രമല്ല ഗവർമെൻറുകളിൽനിന്നും ക്ഷണക്കത്തുകൾ ഹാബർലണ്ഡു് തെരുവിലും കപൂത്തിലുമുള്ള ഐൻസ്റ്റയിൻറെ വസതികളിൽ വന്നെത്താത്ത ദിവസം ഇല്ലെന്നുതന്നെ പറയാം. അവയ്ക്കെല്ലാം ഐൻസ്റ്റയിൻ വളരെ കണിശമായി മറുപടികൾ അയച്ചുവരികയും ചെയ്തു. ന്യായമുള്ള കത്തുകൾക്ക് 'വയ്യ' എന്ന മറുപടി നൽകാതെ തരമില്ലെന്നു വന്നുകൂടി. കാരണം അത്രയധികം സ്ഥലങ്ങളിൽ ചെന്നുപറുവാൻ അദ്ദേഹത്തിനു് ഒരുതരത്തിലും സാദ്ധ്യമല്ലായിരുന്നു എന്നതുതന്നെയായിരുന്നു. അദ്ദേഹത്തിനു് തൻറെ ദേഹസ്ഥിതിയെക്കുറിച്ചും ചിന്തിക്കേണ്ടിയിരുന്നുവല്ലൊ.

കാലിഫോർണിയാ സന്ദർശിക്കുന്നതിനും, അവിടത്തെ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊഫസ്സർ റോബർട്ട് ഏ. മില്ലിക്കനു(1)മൊത്തു് പ്രകാശ(2)സംബന്ധങ്ങളായ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടു് ആറാഴ്ചക്കാലം താമസിക്കുന്നതിനുമുള്ള ഒരു ക്ഷണം ലഭിച്ചപ്പോൾ, ഐൻസ്റ്റയിൻ അതിനു് പ്രത്യേക പരിഗണന നല്കി. ഒൻപതു കൊല്ലംമുമ്പു നിർഗ്ഗമിച്ച, ഐക്യനാടുകളിലേയ്ക്കുള്ള ഒന്നാമത്തെ പര്യടനത്തെക്കുറിച്ചു് അദ്ദേഹം

(1) Robert A Millikan. (2) light.

ഓമ്മിച്ചു. അപ്പോൾ ന്യൂയോർക്ക് നഗരവും അതിനടുത്തുള്ള പ്രദേശങ്ങളും മാത്രമേ അദ്ദേഹം സന്ദർശിച്ചിരുന്നുള്ളൂ. കാലിഫോർണിയായിലേക്കു പോകുന്നതായാൽ അദ്ദേഹത്തിനും എൽസായ്ക്കും പനാമാകനാലിൽക്കൂടി സഞ്ചരിക്കുവാനും അതു് ഒരു 'ഒഴിവുദിവസ'മാക്കുവാനും കഴിയുന്നതാണു്.

അദ്ദേഹത്തിനു് ഡോ. മില്ലിക്കനെ നേരത്തെ പരിചയമുണ്ടായിരുന്നു. അവർ രണ്ടുപേരും ലീഗ് ഒഫ് നേഷൻസിലെ 'ബുദ്ധിപരമായ സഹകരണസമിതി'യിൽ കുറെക്കാലം സേവനം അനുഷ്ഠിക്കുകയുണ്ടായല്ലോ. ജനീവയിൽ പലപ്പോഴും ഒരേ ഹോട്ടലിലായിരുന്ന അവർ തങ്ങിയിരുന്നതു്. പ്രൊ. ഐൻസ്റ്റയിനു് ഡോ. മില്ലിക്കനോടു് സ്നേഹവും ആദരവും തോന്നിയിരുന്നു. പുരുക്കത്തിൽ ആ ക്ഷണം സ്വീകരിക്കുന്നതിനതന്നെ ഐൻസ്റ്റയിൻ തീരുമാനിച്ചു. ആൽബർട്ട് ഐൻസ്റ്റയിന്റെ സന്ദർശനം പ്രമാണിച്ചു് കാലിഫോർണിയായിൽ ചെയ്യേണ്ടതിയിരുന്ന ഏർപ്പാടുകളിലധികവും ഡോ. മില്ലിക്കൻ സ്വയം ഏറ്റെടുത്തു നടത്തുകയാണു് ഉണ്ടായതു്.

ഐൻസ്റ്റയിൻ ഒരു അമേരിക്കൻ പര്യടനത്തെക്കുറിച്ചു് ആലോചിച്ചുവരുന്നു എന്ന വിവരം പുറത്തായപ്പോൾ ഐക്യനാടുകളിൽനിന്നു് ക്ഷണക്കത്തുകളുടെ ഒരു പ്രവാഹംതന്നെ ഉണ്ടായി. സുഹൃത്തുക്കൾ തങ്ങളുടെ ഗൃഹങ്ങളിലേക്കു് അദ്ദേഹത്തെ ക്ഷണിച്ചു. സംഘടനകൾ അദ്ദേഹത്തോടു് പ്രസംഗിക്കുവാൻ അപേക്ഷിച്ചു. സർവ്വ

കലാശാലകളും അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ലഭിക്കുന്നതിനുവേണ്ടി മത്സരബുദ്ധിയോടുകൂടി അദ്ദേഹത്തെ നിർബ്ബന്ധിച്ചു. തങ്ങളുടെ സ്ഥാപനങ്ങളിൽ വന്നു ജോലിചെയ്യുവാൻ ശാസ്ത്രസമിതികളും അദ്ദേഹത്തോടു് ആവശ്യപ്പെട്ടു. ഈ കത്തുകളെല്ലാം കണ്ടു് എൽസാ സംഭ്രമിച്ചു. ഐക്യനാടുകളിൽനിന്നു് ഒരു പത്രപ്രതിനിധി അവരെ വന്നു കണ്ടു. യാത്രയെക്കുറിച്ചുള്ള വിശദമായ പരിപാടി ഗ്രഹിക്കുവാനായിരുന്നു അയാൾ വന്നതു്. അപ്പോൾ എൽസാ അയാളോടു് ഇപ്രകാരം അപേക്ഷിച്ചു:-"ഞങ്ങളുടെ യാത്രയെക്കുറിച്ചു് നിങ്ങൾ പ്രദർശിപ്പിക്കുന്ന താൽപര്യത്തെ ഞങ്ങൾ എത്രമാത്രം വിലവയ്ക്കുന്നുണ്ടെന്നും, പക്ഷേ വിശിഷ്ടങ്ങളായ ഈ സൽക്കാരങ്ങളെ എല്ലാം സ്വീകരിക്കുന്നതിനു് എത്രമാത്രം അസാദ്ധ്യമാണെന്നും ന്യൂയോർക്കിലേക്കു് ദയവുചെയ്തു് എഴുതുക."

കപ്പൽയാത്രയിൽ താൻ ന്യൂയോർക്കിൽ എത്തുമ്പോൾ കരയ്ക്കിറങ്ങുകപോലും ചെയ്യുകയില്ലെന്നു് പ്രൊ. ഐൻസ്റ്റയിൻ തറയിൽ പാദം ഒന്നു് ആഞ്ഞുചവുട്ടിക്കൊണ്ടു് പ്രഖ്യാപിച്ചു. വിശ്രമം, ജോലി എന്നീ രണ്ടു കാര്യങ്ങൾക്കായിട്ടു് ആയിരുന്ന ഈ യാത്ര. വഴിയിൽ വിശ്രമിക്കുവാനും, പാസഡെനായിൽ എത്തിയശേഷം പ്രവൃത്തിയിൽ ഏർപ്പെട്ടുവാനും അദ്ദേഹം ഉദ്ദേശിച്ചിരുന്നു.

അദ്ദേഹത്തിന്റെ ഈ പ്രഖ്യാപനംകൊണ്ടു് ഒരു മേന്മയും ഉണ്ടായില്ല. കത്തുകളും, ടെലഫോൺ സന്ദേശങ്ങളും, കമ്പികളും, കേബിളുകളും പ്രവഹിച്ചുകൊണ്ടേയിരുന്നു. അതുകൂടാതെ പ്രൊ. ഐൻസ്റ്റയിൻ വിഷമിച്ചു

വശായി. ഛായാഗ്രാഹികളെയും പത്രലേഖകന്മാരെയും അഭിമുഖീകരിക്കണം. അതുകഴിയുമ്പോൾ പ്രസംഗങ്ങളും നടത്തണം. ക്ഷണങ്ങൾക്കു മറുപടി പറയണം. അമേരിക്കൻകമ്പനികൾ തങ്ങളുടെ ഉത്പന്നങ്ങൾക്ക് സാക്ഷ്യപത്രങ്ങൾ നേടുവാൻ അദ്ദേഹത്തിന് ലക്ഷക്കണക്കായുള്ള ഡോളർ നൽകുന്നതിനു തയ്യാറായതു് ആയിരുന്നു അദ്ദേഹത്തെ ഏറ്റവും പരിഭ്രമിച്ച കാര്യം.

അവർ അദ്ദേഹത്തോടു് അപേക്ഷിച്ചതു് ഏതാണ്ടു് ഇത്തരത്തിലായിരുന്നു: "നിങ്ങളുടെ ഒരു ചെറിയ പ്രസ്താവന മതി, നിങ്ങൾ ഞങ്ങളുടെ കൃമിനാശിനിയോ, സംഗീതോപകരണമോ, നെക്ക്ടൈയോ, ഹാറോ, ഷേവിങ്ക്രീമോ മറോ ഉപയോഗിക്കുന്നുണ്ടെന്നു" ഓരോരുത്തരുടെ ഉത്പന്നമെന്താണോ അതു് പ്രസ്താവനയിൽ ഉൾപ്പെടുത്തിയിരുന്നു.

കപ്പലിൽത്തന്നെ വർത്തിക്കുന്നതാണെന്നു് അദ്ദേഹം പ്രഖ്യാപിച്ചിരുന്നിട്ടും ന്യൂയോർക്കിൽവച്ചു് കരയ്ക്കിറങ്ങേണ്ട ആവശ്യമുണ്ടെന്നു് എൽസായ്ക്കു തോന്നുവാൻ ഒരു പ്രത്യേകകാരണമുണ്ടായിരുന്നു. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട പതിനാലു ശാസ്ത്രജ്ഞന്മാരുടെ രൂപങ്ങളുടെ ഇടയ്ക്കു് തന്റെ ഭർത്താവിന്റെ രൂപവും വച്ചിരുന്ന 'റിവർ സൈഡ് ദേവാലയം' ദർശിക്കുവാനുള്ള ആഗ്രഹമായിരുന്നു അതു്.

"എനിക്കു് അതിന്റെ ഒരു ഫോട്ടോ കൊണ്ടുവന്നുതന്നാൽ മതി" എന്നായിരുന്നു അദ്ദേഹം അവരോടു് പറഞ്ഞതു്.

അവർ അദ്ദേഹത്തെ കരക്കിറങ്ങുന്നതിന് നിർബ ന്ധിച്ചുകൊണ്ടിരുന്നു; ഒടുവിൽ റിവർസൈഡ് ദേവാലയം ദർശിക്കുന്നതിനു മാത്രമായിട്ടെങ്കിലും രണ്ടുപേർക്കും കരയ്ക്കിറ ങ്ങാമെന്ന് അദ്ദേഹത്തെക്കൊണ്ടു സമ്മതിപ്പിച്ചു.

പ്രൊ. ഐൻസ്റ്റയിന്റെ പുതിയ അസിസ്റ്റൻറായ ഡോക്ടർ വാൾത്തർ മായർ (Dr. Walther Mayer) അവരിരുവരുടേയുംകൂടെ കാലിഫോർണിയായിലേയ്ക്കു യാ ത്രചെയ്യുന്നുണ്ടായിരുന്നു. (ആസ്ത്രിയായിലെ) വിയന്നായിൽ നിന്നു വന്ന ഒരു വിദഗ്ധ ഗണിതജ്ഞനായിരുന്നു ഡോക്ടർ മായർ. പ്രൊ. ഐൻസ്റ്റയിൻ അദ്ദേഹത്തെ ബർലിൻ സർവ്വകലാശാലയിൽവച്ചു കണ്ടിട്ടുണ്ടായിരുന്നു. ഡോ. മായ റുടെ പ്രവർത്തനങ്ങളെ പ്രൊ. ഐൻസ്റ്റയിൻ ബഹുമാ നിച്ചിരുന്നതുകൊണ്ടാണ് തൻറെകൂടെ കാലിഫോർണി യായിലേയ്ക്കു യാത്രചെയ്യാൻ അദ്ദേഹത്തെ ക്ഷണിച്ചതു്.

ഒടുവിൽ, 1930 ഡിസമ്പർ രണ്ടാംതിയതി 'ബൽ ഗൻലാൻഡ്' എന്ന റെഡ്സ്റ്റാർ കപ്പൽ കടലിൽ നീങ്ങി. അധികം താമസിയാതെ ഐൻസ്റ്റയിനും ഭാര്യയ്ക്കും ശാന്തിയും സമാധാനവും കൈവന്നു. അവരെ ശല്യപ്പെ ടുത്താതെ ഇരിക്കത്തക്കവണ്ണം മറ്റു യാത്രക്കാർ പ്രത്യേകം ശ്രദ്ധിച്ചു പെരുമാറി. പ്രൊ. ഐൻസ്റ്റയിനും ഡോ. മായറും ഗണിതപരമായ വിചിന്തനങ്ങളിൽ മുഴുകി, മിക്ക വാറും ദിവസങ്ങളും അവരുടെ മുറിയിൽത്തന്നെ കഴിച്ചു കൂട്ടി.

ന്യൂയോർക്ക് പട്ടണത്തിലുള്ള നോർത്ത് റിവറിലെ 'അറുപതാം കടല്പാല' (Pier 60) ത്തിനു തെക്കുവശത്തു്

ബൽഗൻലാൻഡ് വന്നടുത്തപ്പോൾ ശാന്തിയും സമാധാനവും തിരോഭവിച്ചു. ബൽഗൻലാൻഡ് 'അറുപതാം കടപ്പാല'ത്തിനടുത്ത് എത്തുന്നതിനു മുൻപുമുതല്ലേ കോലാഹലങ്ങൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. തുറമുഖത്തിനു പുറത്തു വച്ചുതന്നെ പത്രപ്രതിനിധികളും 'ഛായാഗ്രാഹി'കളും കപ്പലിൽ പ്രവേശിക്കുകയുണ്ടായി. ഒരു അമേരിക്കൻ ബ്രാഡ്കാസ്റ്റിങ്ങ് കമ്പനി, പ്രൊ. ഐൻസ്റ്റയിന്റെ മുറിയിൽ ഒരു മൈക്രോഫോൺ സ്ഥാപിക്കുന്നതിനുവേണ്ട ഉപകരണങ്ങളോടുകൂടി ഒരു എഞ്ചിനീയറെയും അനൌൺസറെയും അയച്ചു. ഐക്യനാടുകളിലേയ്ക്കുള്ള അദ്ദേഹത്തിന്റെ ഒന്നാമത്തെ ഉപചാരപ്രസംഗത്തിനുവേണ്ടി ചെയ്ത ഏർപ്പാടായിരുന്നു അതു്.

പ്രൊ. ഐൻസ്റ്റയിനെക്കാൾ, അദ്ദേഹത്തിന്റെ ഭാര്യയ്ക്കു് ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം കുറേതലായി ഉണ്ടായിരുന്നു. പ്രൊ. ഐൻസ്റ്റയിന്റെ അംഗരക്ഷികയും ദ്വിഭാഷിയുമായി അവർ അദ്ദേഹത്തിന്റെ സമീപത്തുതന്നെ നിലകൊണ്ടു. ബുദ്ധിപൂർവ്വകങ്ങളെന്നപോലെതന്നെ വിഡ്ഢിത്തം തുളുമ്പുന്ന ചോദ്യങ്ങളും അദ്ദേഹത്തോടു ചോദിക്കപ്പെട്ടു.

ചതുരത്മാനത്തെ ഒരൊറ്റ വാക്കുകൊണ്ടു നിർവ്വചിക്കുവാൻ ആരോ ഒരാൾ അദ്ദേഹത്തോടു് ആവശ്യപ്പെടുകയുണ്ടായി.

"നിങ്ങൾ, അതു് ഒരു വേദാന്തിയോടു ചോദിക്കുക" എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

സാപേക്ഷതാവാദത്തിന്റെ പൊരുൾ ഒരൊറ്റ വാചകത്തിൽ പറയുവാൻ മറ്റൊരാൾ അപേക്ഷിച്ചു.

"സാപേക്ഷതാവാദത്തെപ്പറ്റി ഒരു ചെറിയ വിവരണം നൽകുവാൻ എനിക്ക് മൂന്നു ദിവസം വേണ്ടിവരും."

അദ്ദേഹം തന്റെ വയോലിൻ കൊണ്ടുവന്നിട്ടുണ്ടോ ?

ഇല്ല. ഉഷ്ണമേഖലയിൽപ്പെട്ട പനാമായിലെ ശീതോഷ്ണസ്ഥിതി ആ വയോലിനു വല്ല തകരാറും ഉണ്ടാക്കിയേക്കുമോ എന്നു ശങ്കിച്ച് അദ്ദേഹം അതു വീട്ടിൽത്തന്നെ വച്ചിട്ടുപോരികയാണു് ചെയ്തതു് എന്നു വിശദീകരിച്ചു.

ഫോട്ടോ എടുക്കുവാനുള്ള സൌകര്യത്തെ ഉദ്ദേശിച്ചു കപ്പലിന്റെ മുകൾത്തട്ടിലേയ്ക്കു പോകുവാൻ അദ്ദേഹം നിർബ്ബന്ധിതനായി. അദ്ദേഹം അവിടെ ചെന്നുനിന്നപ്പോൾ അദ്ദേഹത്തിന്റെ നീണ്ട തലമുടി കാറ്റിൽ നാലു പാടും പറക്കുന്നുണ്ടായിരുന്നു.

"ഇപ്പോൾ ഒരു പാവക്കൂത്തു പ്രദർശനത്തെപ്പറ്റി ഞാൻ ഓർമ്മിച്ചുപോകുന്നു" എന്നു് അദ്ദേഹം അവരോടു പറഞ്ഞു.

അദ്ദേഹത്തിന്റെ ക്ഷമ നശിച്ചു. പത്രപ്രതിനിധികളോടു സംഭാഷണം തുടരുന്നതിനു് എൽസായെ അവിടെ വിട്ടിട്ടു് അദ്ദേഹം പെട്ടെന്നു് തിരിഞ്ഞുനടന്നു.

ഒടുവിൽ ബൽഗൻലാഡിനെ 'അറുപതാം കല്ലാല'ത്തിനടുത്തു കൊണ്ടുവന്നു് ഉറപ്പിച്ചു നിറുത്തിയപ്പോൾ പ്രൊ. ഐൻസ്റ്റയിനും ഭാര്യയും കരയ്ക്കിറങ്ങി. അവരുടെ ജീവിതത്തിൽ ഏറ്റവും ക്ലേശനിർഭരമായ കാലം അവിടെ കഴിച്ചുകൂട്ടിയ അഞ്ചു ദിവസങ്ങളായിരുന്നു.

ഐൻസ്റ്റയിൻദമ്പതികളെ നഗരമണ്ഡപത്തിന്റെ പടിയ്ക്കൽവച്ചു് മായർ വാൽക്കർ(1) സ്വീകരിച്ചു. ഒരു വാഹനത്തിൽ കയറി അവർ 'ഫൈനടൌണിൽ'ക്രൂടിയാത്രചെയ്തു. ഐൻസ്റ്റയിന്റെ ഭാര്യയുടെ ആഗ്രഹാനുസാരം, അവർ റിവർസൈഡ്ദേവാലയവും സന്ദർശിക്കുകയുണ്ടായി. ആ ദേവാലയത്തിൽവച്ചു് ഡോ. ഹാരി എമേർസൺ ഫോസ്ഡിക്കും(2), ഡോ. യൂഗെൻ സി. കാർഡും അവരെ കണ്ടെത്തി. തത്വജ്ഞാനികൻ, മതനായകന്മാർ, ശാസ്ത്രജ്ഞന്മാർ എന്നിവരുടെ രൂപങ്ങളോട്ക്രൂടിയ കമാനത്തെ നോക്കിക്കൊണ്ടു് അവരെല്ലാവരും ആ ദേവാലയത്തിന്റെ മുൻവശത്തുള്ള നടപ്പാതയിൽ അല്പനേരം നിന്നു. ഐൻസ്റ്റയിനു് ഇംഗ്ലീഷിൽ സംസാരിക്കുവാൻ വിഷമമായിരുന്നതുകൊണ്ടു് അദ്ദേഹം ഒരു ദ്വിഭാഷിയുടെ സഹായത്തോട്ക്രൂടിയായിരുന്നു സംഭാഷണത്തിൽ ഏർപ്പെട്ടവന്നതു്.

അവിടെ പ്രതിനിധാനം ചെയ്തിരുന്ന വിശ്വവിഖ്യാതന്മാരെ ആലോകനംചെയ്തപ്പോൾ പ്രൊ. ഐൻസ്റ്റയിനു് അദ്ഭുതമുളവായി. കാൻറ്, പ്ലേറോ, കൺഫ്യൂഷിയസ്, ബുദ്ധൻ, മുഹമ്മദ് എന്നിവരെല്ലാം അക്രൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. ഈ മഹാന്മാരിൽ പലരും ക്രിസ്ത്യാനികളല്ലെന്നും ചിലർ യൂദന്മാർപോലുമാണെന്നും അദ്ദേഹത്തിനു ഗ്രഹിക്കുവാൻ കഴിഞ്ഞു.

മികച്ച പണ്ഡിതന്മാരായിരുന്നതുകൊണ്ടാണു് അവരെ ഉൾപ്പെട്ടുത്തിയതെന്നു് അദ്ദേഹത്തെ അറിയിക്കുകയുണ്ടായി.

---

(1) Mayer Walker (2) Dr. Harry Emerson Fosdick.

"ഇതു് യൂറോപ്പിലുള്ളവരുടെ മനഃസ്ഥിതിക്കു് അസംഭാവ്യമാണു്. ഇങ്ങനെ ഒന്നു് യൂറോപ്പിൽ ഒരുകാലത്തും സംഭവിക്കുന്നതല്ലെന്നാണു് എനിക്കു തോന്നുന്നതു്" എന്നു് ഐൻസ്റ്റയിൻ പ്രസ്താവിച്ചു.

അമേരിക്കയിൽ വ്യത്യസ്തമായ ഒരു മനോഭാവം നിലവിലിരുന്നതായി അദ്ദേഹത്തിനു മനസ്സിലായി.

അദ്ദേഹം ദേവാലയത്തിനുള്ളിൽ കടന്നു് മദ്ധ്യഭാഗത്തിൽക്കൂടി പതുക്കെ നടന്നു. ഡോ. കാർഡർ ജനാലകളിൽ ഘടിപ്പിച്ചിരുന്ന വണ്ണക്കണ്ണാടികളിലുള്ള രൂപങ്ങളെക്കുറിച്ചു് കഥ പറയുകയായിരുന്നു ദേവാലയത്തിലെ, മദ്ധ്യഭാഗത്തിലൂടെ നടന്നു് ഏകദേശം മുക്കാൽ ഭാഗം എത്തിയപ്പോൾ പ്രൊ. ഐൻസ്റ്റയിൻ അവിടെ അല്പം നിന്നു. ആ സന്ദർഭത്തിന്റെ പ്രാധാന്യം പെട്ടെന്നു് അദ്ദേഹത്തിനു് ബോദ്ധ്യമായി.

"ഇവിടെ വച്ചിട്ടുള്ള പ്രതിമകളിൽ ഇന്നു ജീവിച്ചിരിക്കുന്നവരിൽ എന്റെതുമാത്രമേ ഉള്ളോ?"

"അതേ. ചരിത്രത്തിന്റെ ഏടുകളിലുള്ള അനുപമനായകന്മാർക്കു് ഇവിടെ സ്ഥാനംനല്കിയിട്ടുണ്ടു്. അക്കൂട്ടത്തിൽ ഇന്നു ജീവിച്ചിരിക്കുന്നതായി നിങ്ങളും ഒരാളേ ഉള്ളൂ."

ഡോ. ഐൻസ്റ്റയിൻ തലയാട്ടിക്കൊണ്ടു പറഞ്ഞു. "അപ്പോൾ മേലാലുള്ള ജീവിതത്തിൽ, ഞാൻ പറയുന്നതെന്തെന്നും പ്രവർത്തിക്കുന്നതെന്തെന്നും വളരെ കരുതലോടുകൂടിവേണം ചെയ്യാൻ."

മൂന്നാംദിവസം വൈകുന്നേരം 'കാർമെൻ' എന്ന കലാപരിപാടി കാണ്മാൻ പ്രൊ. ഐൻസ്റ്റയിനും ഭാര്യയും മെട്രോപോളിട്ടൻ ഓപ്പറാശാലയിൽ സന്നിഹിതരായിരുന്നു. മറിയാ ജെരിറ്റ്സാ (Maria Jeritza) യായിരുന്നു പ്രധാന പാട്ടുകാരി. ഐൻസ്റ്റയിനോടൊത്തു് അദ്ദേഹത്തിന്റെ ഭാര്യയെക്കൂടാതെ അസിസ്റ്റൻറായിരുന്ന ഡോ. മായറും, സെക്രട്ടറിയായിരുന്ന കുമാരി ഹെലൻ ഡൂക്കാ (Miss Helen Dukas) സും ഉണ്ടായിരുന്നു.

ഒന്നാമങ്കത്തിനും രണ്ടാമങ്കത്തിനും ഇടയ്ക്കുള്ള സമയം പ്രൊ. ഐൻസ്റ്റയിൻ സന്നിഹിതനായിരിക്കുന്ന വിവരം പ്രേക്ഷകരുടെ ഇടയിൽ കണ്ണാകണ്ണികയാപരന്നു. കൂശുകുശുപ്പു വ്യാപിച്ചു. കഴുത്തുകൾ ഉയർന്നു. ശിരസ്സുകൾ പുറകോട്ടു തിരിഞ്ഞു. കൈകൊട്ട് ആരംഭിച്ചു. എൽസാ കൈക്കുപിടിച്ചു കുലുക്കിക്കൊണ്ടു് അദ്ദേഹത്തിന്റെ ശ്രദ്ധയെ അതിലേക്കു നയിക്കുന്നതുവരെ ആ പ്രകടനങ്ങൾ തന്നെ ഉദ്ദേശിച്ചാണെന്നു് ഐൻസ്റ്റയിൻ ഗ്രഹിച്ചിരുന്നില്ല. തമാശയായിത്തന്നെ ഡോ. ഐൻസ്റ്റയിൻ എണീറ്റുനിന്നു് തല കുനിച്ചു. കൈകൊട്ടുംമറ്റും പൂർവ്വാധികം ശക്തിമത്തായിത്തീർന്നു. കുറെയേറെസമയം വേണ്ടിവന്നു ഓർക്സ്ട്രാ വീണ്ടും ആരംഭിക്കുവാൻ.

അടുത്ത പ്രഭാതത്തിൽ—അതൊരു ഞായറാഴ്ചയായിരുന്നു—പ്രൊ. ഐൻസ്റ്റയിനും ഭാര്യയും ആർട്ടറോ ടൊസ്

കാനിനി (Arturo Toscanini) യുടെ പാട്ടുകച്ചേരി(1) കേൾക്കുവാൻ വീണ്ടും മെട്രോപ്പോളീട്ടനിൽ എത്തി. അടുത്തു പരിചയമുണ്ടായിരുന്നില്ലെങ്കിലും ടൊസ്കാനിനിയെ പ്രൊ. ഐൻസ്റ്റയിൻ വളരെക്കാലമായി ബഹുമാനിച്ചുവന്നിരുന്നു. ടൊസ്കാനിനി ഒരു മികച്ച കലാകാരൻ മാത്രമല്ല സൽസ്വഭാവിയും ധീരനുമായ ഒരാളും കൂടിയാണെന്ന് ഐൻസ്റ്റയിൻ വിശ്വസിച്ചിരുന്നു.

പ്രൊ. ഐൻസ്റ്റയിൻ ഒരു സാമുദായികസന്ദർശനം നടത്തുവാൻ പ്രത്യേക താത്പര്യം പ്രദർശിപ്പിക്കുകയുണ്ടായി. സർ രവീന്ദ്രനാഥടാഗ്രറിനെ കാണുന്നതിന് അദ്ദേഹം ആഗ്രഹിച്ചു. ആ ഭാരതീയ മഹാകവി, തന്നെ കപൂത്തിൽവന്നു കണ്ടതിനു പകരം ഒരു പ്രതിസന്ദർശനം നടത്തുവാൻ ഐൻസ്റ്റയിൻ തീരുമാനിച്ചു. അതിനിടയ്ക്ക് ടാഗ്രർ ബൽഗൻലാൻഡിൽ വന്ന് ഐൻസ്റ്റയിനെയും ഭാര്യയേയും കാണുവാൻ ഉദ്ദേശിക്കുന്നു എന്ന വിവരം പുറത്തായി. ടാഗ്രറിന് ഐൻസ്റ്റയിനെക്കാൾ പ്രായക്കൂടുതലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ദേഹസ്ഥിതിയും തൃപ്തികരമല്ലായിരുന്നു. അതുകൊണ്ട് അദ്ദേഹത്തെ കാണുന്നതിന് പ്രൊ. ഐൻസ്റ്റയിൻ പാക്ക് അവന്യൂവിലേക്കു യാത്രയായി.

ബൽഗൻലാൻഡ് വീണ്ടും യാത്രയാരംഭിച്ചു. പനാമായിലേക്കാണ് തിരിഞ്ഞത്. പനാമായിൽവച്ച്, പ്രൊ. ഐൻസ്റ്റയിൻ തവിട്ടുനിറത്തിലുള്ള സൂട്ടും, വള്ളിച്ചെരിപ്പും ധരിച്ചുകൊണ്ട്, ബൽഗൻലാൻഡ് ചീട്ടുകളെ

(1) Beethoven's Pastoral symphony.

കടന്നുപോകുന്നതു കാണുവാൻ, മറ്റു യാത്രക്കാരുടെകൂടെ കപ്പൽത്തട്ടിൽ ചെന്നുനിന്നു. മാറിക്കൊണ്ടിരുന്ന ജലവിതാനം അദ്ദേഹത്തിൽ കൌതുകമുളവാക്കി.

കനാൽ കിഴക്കുനിന്നു പടിഞ്ഞാറോട്ടു കിടക്കുന്നു എന്നാണ്ടു് പലരും വിശ്വസിച്ചുപോരുന്നതു്. വാസ്തവം അതല്ല. ആദ്യം തെക്കോട്ടാണ്ടു് കിടക്കുന്നതു്. ഗാട്ടൺ ചീപ്പുകൾ(1)കടന്നു ഗാട്ടൺതടാകത്തിലെത്തുന്നു. പിന്നീടു് കിഴക്കോട്ടു തിരിയുന്നു. അതിനുശേഷം തെക്കുകിഴക്കോട്ടു തിരിഞ്ഞു് പസഫിക്കു് മഹാസമുദ്രത്തിന്റെ ഭാഗത്തുള്ള പനാമ ഉൾക്കടലിൽ ചെന്നുചേരുന്നു. മൂന്നു ഗാട്ടൺ ചീപ്പുകളുണ്ടു്. അവ ജലപ്പരപ്പിനെ എൺപത്തഞ്ചടി ഉയർത്തുന്നു. അതോടുകൂടി കപ്പൽ ഗാട്ടൺതടാകത്തിലെത്തുന്നു. ഒരു കപ്പൽ ഗാട്ടൺതടാകം കടന്നുകഴിഞ്ഞാൽ ഗൈലാർഡ്തോട്ടി(2)ലും പെഡ്രോമിഗ്വലി(3)ലെ ചീപ്പുകളിലും എത്തുകയായി. പിന്നീടു് ജലവിതാനം ക്രമേണ താഴ്ത്തപ്പെടുന്നു. ഒടുവിൽ, നാൽപതിൽപരം മൈലുകൾ സഞ്ചരിച്ചശേഷം കപ്പൽ പസഫിക്കു് മഹാസമുദ്രത്തിൽ പ്രവേശിക്കുന്നു.

പനാമായിൽവച്ചും ഡോ. ഐൻസ്റ്റയിന്റെ പ്രസിദ്ധി അദ്ദേഹത്തെ വെറുതെ വിട്ടില്ല. അവിടത്തെ ഉദ്യോഗസ്ഥന്മാർ, കൈകൊണ്ടു നിർമ്മിച്ച ഒരു പനാമാഹാറു് അദ്ദേഹത്തിനു സമ്മാനിച്ചു. അവിടത്തെ ഏറ്റവും മികച്ച കൈത്തൊഴിൽ സാധനമായിരുന്നു ആ ഹാറു്.

(1) Gatun locks. (2) Gaillard cut. (3) Pedro Miguel.

ഒരു ഔൺസ് തൂക്കമേ അതിന് ഉണ്ടായിരുന്നുള്ളൂ. അതിനെ നല്ലപോലെ ചുരുട്ടിയാൽ, ഒരു മോതിരത്തിൽക്കൂടി കടത്തി എടുക്കാം; അത്രയും നേർമ്മയുള്ളതായിരുന്നു ആ ഹാറ്റ്.

നവവത്സരദിവസത്തിലായിരുന്നു ബൽഗൻലൻഡ് കാലിഫോർണിയായിലെ സാൻഡീഗോ(1) തുറമുഖത്തിൽ എത്തിയത്. ക്യാമറാകളും മൈക്രോഫോണുകളും വഹിച്ചുകൊണ്ട് പത്രപ്രതിനിധികൾ വീണ്ടും കപ്പലിൽ വന്നെത്തി. പ്രൊ. ഐൻസ്റ്റയിൻ കാലിഫോർണിയായിലെ ആളുകൾക്ക് നവവത്സരാശംസകൾ പ്രക്ഷേപണം ചെയ്തു. 'ടൂർണ്ണമെൻറ് ഒഫ് റോസസ് പരേഡ്' കാണുവാൻ തക്ക സമയത്ത് ഐൻസ്റ്റയിനും ഭാര്യയും കാലിഫോർണിയായിൽ വന്നുചേർന്നു.

അവരുടെ ലക്ഷ്യം 'പാസെഡന' ആയിരുന്നു; അതായത് കാലിഫോർണിയായിലെ ടെക്നോളജി ഇൻസ്റ്റിട്ട്യൂട്ടും, മൗൻട്വിൽസൻ നക്ഷത്രബംഗ്ലാവും.

പ്രൊ. ഐൻസ്റ്റയിൻ സന്ദർശിച്ച മറ്റു സ്ഥലങ്ങളിലെ ആളുകളെപ്പോലെതന്നെ, കാലിഫോർണിയായിലെ ജനങ്ങളും അദ്ദേഹത്തെ അവരുടെ സ്വന്തമാക്കിത്തീർക്കുവാൻ ആശിച്ചു. ഒരു ചലച്ചിത്രനിർമ്മാതാവ് ഒരു ചലച്ചിത്രം എടുക്കുവാൻ അദ്ദേഹത്തിന് ഭീമമായ ഒരു തുക വാഗ്ദാനം ചെയ്തപ്പോൾ അദ്ദേഹം തലകുലുക്കിക്കൊണ്ട് തമാശയായി പറഞ്ഞു:-"വേണ്ടാ. ഒരു നടൻ ആകണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല."

---

(1) San Diego

ബർലിനിൽവച്ച് അദ്ദേഹത്തിന്റെ ചിത്രങ്ങൾ ആലേഖനം ചെയ്യാൻ അനുവാദം നല്കിയിട്ടുണ്ടല്ലോ എന്ന് ഒരാൾ അദ്ദേഹത്തെ ഓർമ്മിപ്പിച്ചു. അതിന് അദ്ദേഹത്തിന്റെ ഭാര്യയായിരുന്ന മറുപടി പറഞ്ഞതു്. ചിത്രങ്ങളിൽനിന്നു കിട്ടുന്ന ലാഭം അനാഥരായ കുട്ടികൾക്കു വേണ്ടി വിനിയോഗിക്കുന്നതാണ് എന്ന വ്യവസ്ഥയിൽ മാത്രമേ അദ്ദേഹം ചിത്രങ്ങൾ ആലേഖനം ചെയ്വാൻ അനുവാദം നല്കിയിട്ടുള്ളൂ എന്ന് അവർ പ്രസ്താവിച്ചു.

പ്രൊ. ഐൻസ്റ്റയിൻ സാമൂഹ്യിക കാര്യങ്ങൾക്ക് വളരെയൊന്നും സമയം വിനിയോഗിച്ചില്ല. പാസഡെനായിലെ താമസകാലത്തിൽ ഏറിയകൂറും അദ്ദേഹം ശാസ്ത്രപഠനത്തിൽ മുഴകി. അദ്ദേഹത്തിന് ഡോ. മില്ലിക്കിനോടും മറു ശാസ്ത്രജ്ഞന്മാരോടുമൊത്തു പ്രവർത്തിക്കുവാൻ ആകെ ആറാഴ്ച സമയമേ ലഭിച്ചിരുന്നുള്ളൂ. അതു കഴിഞ്ഞു് ഡോക്ടർ ഐൻസ്റ്റയിന് യൂറോപ്പിലേയ്ക്കു മടങ്ങി പോകേണ്ടിവന്നു. അതുകൊണ്ട് ആ ചുരുങ്ങിയ കാലഘട്ടത്തെ ഏറെവുമധികം പ്രയോജനപ്പെടുത്തുവാൻ അവർ ശ്രമിച്ചു.

കൊല്ലംതോറും ഹേമന്തകാലത്തു് ഒരു മികച്ച മറുനാടൻ ശാസ്ത്രജ്ഞനെ 'വിസിറിങ്ങ് പ്രൊഫസറാ'യി ആ ഇൻസ്റ്റിട്ട്യൂട്ടിൽനിന്നു ക്ഷണിച്ചു വന്നിരുന്നു. അങ്ങനെ കാലിഫോർണിയാ ഇൻസ്റ്റിട്ട്യൂട്ടിലേയ്ക്കു പോയ പല യൂറോപ്യൻ ശാസ്ത്രജ്ഞന്മാരിൽ ഒരാളായിരുന്നു ഐൻസ്റ്റയിൻ. നോർവേ, ജർമ്മനി, ഇന്ത്യ, ഹാളണ്ട് ഇവിടങ്ങ

ളിൽനിന്നെല്ലാം ശാസ്ത്രജ്ഞന്മാർ അവിടെ വന്നിട്ടുണ്ട്. ഡോ. ഐൻസ്റ്റയിന്റെ ഉറ്റമിത്രമായിരുന്ന (ലെയ്ഡൻ സർവകലാശാലയിലെ) ഡോക്ടർ എച്ച്. ഏ. ലോറൻറ്സ് ഏതാനും കൊല്ലങ്ങൾക്കു മുൻപ് ആ ഇൻസ്റ്റിട്ട്യൂട്ടിൽ 'വിസിറിങ്ങ് പ്രൊഫസ്സറാ'യിരുന്നിട്ടുണ്ടെന്നും പറഞ്ഞുകൊള്ളട്ടെ.

ഡോ. ഐൻസ്റ്റയിൻ മൗൻട്ട് വിൽസണിലെ ബൃഹത്തായ വ്യോമദർശിനി (1) ചെന്നു കാണുകയുണ്ടായി. നൂറിഞ്ചു വ്യാസമുള്ള ചില്ലോട്ടക്രുടിയ ആ വ്യോമദർശിനിയായിരുന്നു അന്നു് ലോകത്തിൽവച്ചു് ഏറ്റവും വലുതു്. അതിനെ 'നൂറിഞ്ചു ചക്ഷുസ്സ്' (2) എന്നാണു് വിളിച്ചുവന്നതു്. അതിലും എത്രയോ വലുതായ—'ഇരുനൂറിഞ്ചു ചക്ഷുസ്സോ'ട്ടക്രുടിയ—ഒരു വ്യോമദർശിനി നിർമ്മിക്കുവാൻ ആ സ്ഥാപനത്തിലുള്ളവർ ഉദ്ദേശിക്കുന്നുണ്ടെന്നു് ഐൻസ്റ്റയിനെ അറിയിച്ചു. അതു പൂർത്തിയായിക്കഴിഞ്ഞാൽ, അതുവരെ കാണുവാൻ കഴിയാതെ ഇരുന്ന ആകാശവിഭാഗങ്ങൾ ദൃഷ്ടിക്കു് വിഷയീഭവിക്കുന്നതാണു്.

ഡോ. ഐൻസ്റ്റയിൻ കാലിഫോർണിയാ ഇൻസ്റ്റിട്ട്യൂട്ടിൽവച്ചു നിർവഹിച്ച പ്രവർത്തനങ്ങളുടെ മേന്മയെ മുൻനിർത്തി രണ്ടുപ്രാവശ്യംക്രുടി അദ്ദേഹത്തെ അങ്ങോട്ടു വരുത്തുന്നതിനു് വേണ്ട ഏർപ്പാടുകൾ നടന്നു. അടുത്ത രണ്ടു സംവത്സരങ്ങളിലും ഹേമന്തകാലത്തു് അദ്ദേഹം പാസഡെനായിലേയ്ക്കു ചെല്ലുകയുണ്ടായി.

---

(1) Telescope (2)The Hundred Inch Eye

ഐൻസ്റ്റയിനും ഭാര്യയും മാർച്ച് ആരംഭത്തോടുകൂടി ന്യൂയോക്കിൽനിന്ന് കപ്പൽ കയറുവാൻ ഉദ്ദേശിച്ചിരുന്നു. ഇത്തവണ പനാമാ കനാൽവഴി ആയിരുന്നില്ല അവരുടെ യാത്ര. ഐക്യനാടുകളിലെ വിസ്മൃതങ്ങളായ താഴ്വരകളും പർവ്വതപംക്തികളും കാണണമെന്ന് അവർക്കു തോന്നി. കാലിഫോർണിയായിൽനിന്നു തിരിച്ച്, പടിഞ്ഞാറൻ സംസ്ഥാനങ്ങളിൽകൂടി സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ ഒരു കാര്യം പ്രൊ. ഐൻസ്റ്റീനിന് സ്പഷ്ടമായി. അദ്ദേഹം ഐക്യനാടുകളെ ഇഷ്ടപ്പെടുന്നു എന്നതായിരുന്നു അത്.

അരിസോണായിലുള്ള കൊളറാഡോ നദീതീരത്തിൽപ്പെട്ട ഗ്രാൻഡ് കന്യോണിൽ എത്തിയപ്പോൾ വളരെയധികം വ്യത്യസ്തമായ ഒരു ബഹുമതിയാണ് അദ്ദേഹത്തിനു ലഭിച്ചത്. ഹോപി ഇന്ത്യാക്കാർ അദ്ദേഹത്തെ അവരുടെ സമുദായത്തിലെ ഒരു പ്രമാണിയാക്കി. അപ്പോൾ ഡോ. ഐൻസ്റ്റയിന് ഒരു പുതിയ പേര് നല്കേണ്ടിയിരുന്നു. ഹോപിഇന്ത്യാക്കാർ കൂഴങ്ങി. പ്രമാണിയുടെ പേരിന് അയാളുടെ പ്രവർത്തനത്തോട് ബന്ധമുണ്ടായിരിക്കണം.

ഹോപി ഇന്ത്യക്കാർ ചോദിച്ചു "എന്താണ് അദ്ദേഹത്തിന്റെ പ്രവൃത്തി?"

"അദ്ദേഹം സാപേക്ഷതാവാദം കണ്ടുപിടിച്ചു."

അവർ പ്രഖ്യാപിച്ചു:—"എന്നാൽ അദ്ദേഹത്തെ 'മഹാസാപേക്ഷം' (1) എന്നു വിളിക്കാം."

---

(1) Great Relative

അതിനുശേഷം ഗ്രാൻഡ് കന്യാൺദേശത്തെ ഹോപി ഇന്ത്യക്കാർക്ക് ഐൻസ്റ്റയിൻ 'മഹാസാപേക്ഷ'മായിത്തീർന്നു.

പൂച്ചെണ്ടുകൾ, പൂക്കൂടകൾ മറ്റു പാരിതോഷികങ്ങൾ എന്നിങ്ങനെയുള്ള ഭാണ്ഡങ്ങളോടുകൂടി ഐൻസ്റ്റയിനും ഭാര്യയും ന്യൂയോർക്കിൽചെന്ന കപ്പൽ കയറി.

"ഐക്യനാടുകളിൽവച്ച് അങ്ങേയ്ക്ക് ഉണ്ടായ ഏറ്റവും മികച്ച പരിജ്ഞാനം എന്താണ്?" എന്ന് ഒരാൾ ചോദിച്ചു.

അതിന് അദ്ദേഹം ഇപ്രകാരം മറുപടി പറഞ്ഞു:- "അമേരിക്കൻ ശാസ്ത്രജ്ഞന്മാരുമായുണ്ടായ പരിചയവും അവരുടെ വിശിഷ്ടങ്ങളായ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവുമാണ് എനിക്കു കൈവന്ന ഏറ്റവും പ്രധാനപ്പെട്ട നേട്ടം."

അദ്ധ്യായം പത്തൊൻപതു്

"അദ്ദേഹത്തിന്റെ ശിരസ്സിനു് ആയിരം പവൻ പ്രതിഫലം."

1931-ലും 1932-ലും നടത്തിയ അമേരിക്കയിലേയ്ക്കുള്ള അടുത്ത രണ്ടു യാത്രകളിൽ ആർഭാടങ്ങൾ ഒഴിവാക്കുവാൻ ഡോ. ഐൻസ്റ്റയിൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

1931-ഡിസംബറിൽ തങ്ങൾ ഒരു പര്യടനത്തിന് ഉദ്ദേശിക്കുന്നുണ്ടെന്ന വിവരം ആളുകൾ ഗ്രഹിക്കുന്നതിനുമുൻപുതന്നെ ഡോ. ഐൻസ്റ്റയിനും ഭാര്യയും അൻറ്വർപ്പിൽ ചെന്നു കപ്പൽകയറി. ഇത്തവണ അവർ ന്യൂയോർക്കിനഗരത്തിൽ തങ്ങിയില്ല; പനാമാ കനാൽ കടന്ന് നേരെ പടിഞ്ഞാറെ കരയിലെത്തി.

അദ്ദേഹത്തിന്റെ പ്രശസ്തി, പ്രൊ. ഐൻസ്റ്റയിനെ വളരെയൊന്നും ഒതുങ്ങി കഴിയുവാൻ സമ്മതിച്ചില്ല. കൊളോണിൽവച്ച് ഒരു സന്ദർശനം അദ്ദേഹത്തിനു അനുവദിക്കേണ്ടിവന്നു. മുൻസന്ദർശനവേളയിൽ പാരിതോഷികമായി ലഭിച്ച പനാമാഹാറും ധരിച്ചുകൊണ്ട് അദ്ദേഹം കപ്പൽത്തട്ടിൽ നില്ക്കുകയായിരുന്നു. ടിപിഷി എന്ന നിലയ്ക്ക് എൽസായും അടുത്തുതന്നെ ഉണ്ടായിരുന്നു.

അന്നത്തെ വാർത്തകളിലധികവും ഹിറ്റ്ലറെയും ജർമ്മനിയെയും സംബന്ധിക്കുന്നവയായിരുന്നു. പത്രപ്രതിനിധികളുടെ സംഘത്തിൽനിന്ന് എത്രയേറെ ചോദ്യങ്ങൾ ഉണ്ടായിരുന്നിട്ടും, പ്രൊ. ഐൻസ്റ്റയിൻ അന്നത്തെ രാഷ്ട്രീയകാര്യങ്ങളെ പരാമർശിച്ചു് ഒരക്ഷരംപോലും പറഞ്ഞില്ല. അദ്ദേഹം ഒരു രാജ്യതന്ത്രജ്ഞനായിരുന്നില്ല, ഒരു ശാസ്ത്രജ്ഞനായിരുന്നു.

ഐൻസ്റ്റയിന്റെയും ഭാര്യയുടേയും സൈരമായ താമസത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്യുന്ന കാര്യത്തിൽ ഡോ. മില്ലിക്കനും അദ്ദേഹത്തിന്റെ സഹപ്രവർത്തകരും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. കാലിഫോർണിയാ ഇൻസ്റ്റി

ട്ടിന്റെ സമീപത്തായിരുന്ന അവർ താമസിച്ചിരുന്നത്. ഡോ. ഐൻസ്റ്റയിന്റെ സമയം മുഴുവൻ ശാസ്ത്രവിഷയകമായ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കപ്പെട്ടു. ലോകത്തിലെ സ്ഥിതിഗതികൾ അരക്ഷിതാവസ്ഥയിലേയ്ക്ക് നീങ്ങുകയായിരുന്നു. തന്നിമിത്തം സകല വിധത്തിലുള്ള കരുതലുകളും ആവശ്യമായിത്തീർന്നു.

അവരുടെ അവിടത്തെ താമസം അവസാനിക്കാറായി. യാത്ര പുറപ്പെടുന്നതിനു തലേദിവസം വൈകുന്നേരം പത്രപ്രതിനിധികൾക്ക് ഐൻസ്റ്റയിൻദമ്പതികൾ ഒരു സന്ദർശനത്തിനു് അനുവാദം നൽകി. പത്രലേഖകന്മാർ തിങ്ങിക്കൂടി. ചിറ മുറിച്ചു പായുന്ന ജലപ്രവാഹം പോലെയുള്ള ചോദ്യപരമ്പരകളായിരുന്നു പ്രൊ. ഐൻസ്റ്റയിനു അന്നു നേരിടേണ്ടിവന്നതു്.

"ജീവികൾ പാർക്കുന്ന ഗ്രഹങ്ങൾ വേറെയുമുണ്ടോ?"

"എനിക്കറിഞ്ഞുകൂടാ. പക്ഷെ അതിനുള്ള സംഭവ്യതയെപ്പറ്റി സംശയിക്കുവാൻ സാദ്ധ്യമല്ല."

"ജർമ്മനിയിലെ തെരഞ്ഞെടുപ്പിൽ ഹിറ്റ്ലർ തെരഞ്ഞെടുക്കപ്പെടുമോ?"

"എനിക്കറിഞ്ഞുകൂടാ. എങ്കിലും പരാജയപ്പെടുകയാണെങ്കിൽ അദ്ദേഹത്തിന്റെ ഭാവി കൂടുതൽ നന്നാവുമെന്നാണു് എനിക്കു തോന്നുന്നതു്."

"നിങ്ങളുടെ ആയുഷ്കാലത്തിന്റെ ബാക്കി ഭാഗത്തിൽ ഏറിയകൂറും യൂണിഫൈഡ് ഫീൽഡ് തീയറി

(Unified field theory) യുടെ ഉപരിവികസനത്തിനു വേണ്ടിവരുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ ?"

"ആ വിഷയത്തിൽ ജീവിതാവസാനംവരെ എനിക്കു പ്രവർത്തിക്കേണ്ടിവരും."

"പത്രലേഖകന്മാരുമായി സംസാരിക്കുന്നതു് ഒരു വിനോദമായി തോന്നുന്നില്ലേ ?"

"കഴുകമരത്തിൽ പരിചയം നേടുന്നതിനു് ആക്കം കഴിയുന്നതാണു് എന്നു അർത്ഥംവരുന്ന ഒരു ജർമ്മൻപഴഞ്ചൊല്ലുണ്ടു്."

പത്രലേഖകന്മാർ ചിരിച്ചു. പ്രൊ. ഐൻസ്റ്റയിൻ ഒരു ഫലിതരസികൻകൂടി ആയിരുന്നതുനിമിത്തം അദ്ദേഹവുമായി സംഭാഷണത്തിലേർപ്പെടുന്നതിനു് അവക്കു് രസം തോന്നിയിരുന്നു.

ഡോ. എബ്രഹാം ഫ്ളെക്സ്നർ(1) ഡോ. ഐൻസ്റ്റയിനെ പാസഡെനായിൽവച്ചു കണ്ടിട്ടുണ്ടായിരുന്നു. ഡോ. ഐൻസ്റ്റയിനെ എപ്പോഴെങ്കിലും കാണുവാൻ കഴിഞ്ഞിട്ടുള്ളവരുടെ മനസ്സിൽനിന്നു് അദ്ദേഹത്തിന്റെ രൂപം ഒരിക്കലും മായുന്നതല്ലതന്നെ. ഫ്ളെക്സ്നറുടെ കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഡോ. ഫ്ളെക്സ്നർ ന്യൂജെർസിയിലുള്ള പ്രിൻസ്റ്റൺ എന്ന സ്ഥലത്തു് 'ഉപരിപഠനത്തിനായുള്ള ഒരു സ്ഥാപനം'(2) സമാരംഭിക്കുന്നതിനുള്ള ജോലിയിൽ മി. ലൂയി ബാംബർഗർ(3)

(1) Dr. Abraham Flexner. (2) Insitute For Advanced Study. (3) Louis Bamberger.

അദ്ദേഹത്തിന്റെ സഹോദരിയായ മിസിസ് ഫെലിക്സ് ഫുൾഡ്(1) എന്നിവരോടൊത്തു് ഏർപ്പെട്ടിരിക്കുകയായിരുന്നു. മി. ബാംബർഗും അദ്ദേഹത്തിന്റെ സഹോദരിയുംകൂടി ആ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപനത്തിനു് അമ്പതു ലക്ഷം ഡോളർ സംഭാവനചെയ്തു. അതിന്റെ മേൽനോട്ടം വഹിച്ചിരുന്നതു് ഡോ. ഫ്ളെക്സ്നർ ആയിരുന്നു.

ആ ഇൻസ്റ്റിറ്റ്യൂട്ട് നൂതനവും മറുള്ളവയിൽനിന്നു് വ്യത്യസ്തവുമായിരുന്നു. ഉപരിപഠനത്തിൽ ഏർപ്പെട്ടിരുന്ന വിദ്യാർത്ഥികൾക്കു് അവരവരുടെ വിജ്ഞാനവിഭാഗങ്ങളിലുള്ള പ്രമാണികളെ കാണുവാൻ സൌകര്യമുണ്ടാക്കിക്കൊടുക്കുക എന്നതായിരുന്നു ആ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യം. ആ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രവേശനത്തിനു് ഏറ്റവും കുറഞ്ഞ യോഗ്യത ഒരു ഡോക്ടർ ബിരുദമായിരുന്നു. പക്ഷെ അതുമാത്രംകൊണ്ടായില്ല. സാമാന്യത്തിലധികം സാമർത്ഥ്യവും യോഗ്യതാലക്ഷണവും പ്രദർശിപ്പിച്ചിട്ടുള്ളവർക്കുമാത്രമേ ആ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒന്നോരണ്ടോ കൊല്ലത്തേയ്ക്കു വിദ്യാർത്ഥികളായിരിക്കുവാനൊക്കൂ.

(ന്യൂജെർസിയിലുള്ള) പ്രിൻസ്റ്റണിലെ ഫുൾഡ് ഹാളിലാണു് ആ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതിചെയ്യുന്നതെങ്കിലും അതിനു് പ്രിൻസ്റ്റൺസർവ്വകലാശാലയുമായി ഒരു ബന്ധവുമില്ല. ആ ഇൻസ്റ്റിറ്റ്യൂട്ടും സർവ്വകലാശാലയും തമ്മിൽ യോജിച്ചു പ്രവർത്തിക്കുകയാണു്. ഇൻസ്റ്റിറ്റ്യൂട്ടിലെ അംഗങ്ങൾക്കു് സർവ്വകലാശാലയിലെ ഗ്രന്ഥാ

(1) Mrs Felix fuld.

ലയം ഉപയോഗിക്കുന്നതിൽ തടസ്സമില്ല. ഇൻസ്റ്റിറ്റ്യൂട്ടിലെ ഗ്രന്ഥാലയത്തെക്കാൾ കൂടുതൽ വിപുലവും സാങ്കേതികവുമാണ് അത്. 1945-ൽ പ്രിൻസ്റ്റൺ സർവ്വകലാശാലയുടെ ഗ്രന്ഥാലയത്തിനുവേണ്ടി ആ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് അഞ്ചുലക്ഷം ഡോളർ സംഭാവന ചെയ്യുകയുണ്ടായി.

ഡോ. ഐൻസ്റ്റയിനും ഡോ. ഫ്ളെക്സ്നറും കാലിഫോർണിയയിൽ ഉണ്ടായിരുന്ന സന്ദർഭത്തിൽ ഡോ. ഐൻസ്റ്റയിനോട് ഈ പുതിയ ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ച് സംസാരിക്കുവാൻ ഡോ. ഫ്ളെക്സ്നറിന് ആഗ്രഹം തോന്നി. എന്നാൽ ഡോ. ഐൻസ്റ്റയിന് സമയം കഷ്ടിയായിരുന്നുവെന്ന് ഫ്ളെക്സ്നർ അറിഞ്ഞിരുന്നു തന്നിമിത്തം ഒരു സന്ദർശനത്തിന് അനുവാദം ചോദിക്കുന്ന കാര്യത്തിൽ അദ്ദേഹം ശങ്കിച്ചുനിന്നു. ഒടുവിൽ മറ്റൊരു പ്രൊഫസ്സർ ചെലുത്തിയ നിർബ്ബന്ധത്തിന്റെ ഫലമായി അദ്ദേഹം, ഡോ. ഐൻസ്റ്റയിനെയും ഭാര്യയേയും കാലിഫോർണിയാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാന്തത്തിലുണ്ടായിരുന്ന അവരുടെ തല്ക്കാലവസതിയിൽ ചെന്നുകണ്ടു.

ഡോ. ഐൻസ്റ്റയിൻ അദ്ദേഹത്തോട് ഒരു മണിക്കൂറിലധികം സംസാരിച്ചുകൊണ്ടിരുന്നു. ഡോ. ഐൻസ്റ്റയിനും ഭാര്യയുംകൂടി ചെല്ലാമെന്ന് ഏറ്റിരുന്ന ഒരു വിരുന്നിനെപ്പറ്റി എൽസാ ഓർമ്മിപ്പിച്ചപ്പോഴാണ് അയിരുന്ന അവർ സംഭാഷണം അവസാനിപ്പിച്ചത്. ഡോ. ഫ്ളെക്സ്നർ യാത്രയായപ്പോൾ, അദ്ദേഹം യൂറോ

പ്പിൽ വരികയാണെങ്കിൽ, തന്നെ വീണ്ടും സന്ദർശിക്കുവാൻ ചെല്ലണമെന്ന് ഡോ. ഐൻസ്റ്റയിൻ നിർബ്ബന്ധിച്ചു പറഞ്ഞു.

"ഞാൻ വസന്തകാലത്ത് ഓക്സ്ഫോർഡിലും, വേനൽക്കാലത്ത് ജർമ്മനിയിലും ഉണ്ടായിരിക്കും" എന്നും ഡോ. ഐൻസ്റ്റയിൻ അദ്ദേഹത്തെ അറിയിച്ചു.

രണ്ടു സ്ഥലത്തുവച്ചും താൻ അദ്ദേഹത്തെ കാണാമെന്ന് ഡോ. ഫ്ളെക്സ്നർ വാക്കുകൊടുത്തു. സന്ദർശനത്തിനുശേഷം ഡോ. ഫ്ളെക്സ്നർ ഇപ്രകാരം എഴുതുകയുണ്ടായി. "അദ്ദേഹത്തിന്റെ കുലീനോചിതമായ പെരുമാറ്റം, സരളവും ഹൃദയാവർജ്ജകവുമായ സ്വഭാവം, നിഷ്കളങ്കമായ വിനയം എന്നിവ എന്നെ ഹഠാദാകർഷിച്ചു."

പിന്നീട് അവരിരുവരും ഓക്സ്ഫോർഡിൽവച്ച് തമ്മിൽ കാണുകയും ഇൻസ്റ്റിറ്റ്യൂട്ടിനെക്കുറിച്ചുള്ള പര്യാലോചന തുടരുകയും ചെയ്തു. ജൂൺമാസം ഡോ. ഫ്ളെക്സ്നർ കപൂത്തിൽചെന്ന് ഐൻസ്റ്റയിൻകുടുംബത്തെ സന്ദർശിച്ചു. പ്രിൻസ്റ്റണിലെ പുതിയ ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലിചെയ്യാൻ ഐൻസ്റ്റയിൻ സമ്മതം തന്നത് പരസ്യമായിരിക്കുമെന്ന് ഡോ. ഫ്ളെക്സ്നർ വിചാരിച്ചിരുന്നില്ല. എങ്കിലും ഒടുവിൽ അദ്ദേഹത്തിന് ഒരു ഉദ്യോഗം നൽകുവാൻ ഫ്ളെക്സ്നർ തയ്യാറായി. ആ ഉദ്യോഗത്തിനുള്ള വ്യവസ്ഥകളും നിശ്ചയിക്കേണ്ട ഭാരം ഐൻസ്റ്റയിനെ ഏല്പിച്ചു. കപൂത്തിൽവച്ച് തമ്മിൽ കണ്ടപ്പോൾ അവർ ആ ഏർപ്പാടുകളും പൂർത്തി

യാക്കി. ഡോ. ഐൻസ്റ്റീന്റെ 'ഒന്നാമത്തെ അദ്ധ്യക്ഷ സഭാവിഭാഗ(1)ത്തിലെ ഒരു ആജീവനാംഗമായിരിക്കുന്നതാണ്. പ്രഷ്യൻ അക്കാഡമിയിൽ അദ്ദേഹം ചെയ്തുകൊണ്ടിരുന്ന രീതിയിൽ ഉള്ള ജോലിയായിരിക്കും ആ ഇൻസ്റ്റിറ്റിയൂട്ടിലും അദ്ദേഹത്തിനു ചെയ്യാൻ ഉണ്ടായിരിക്കുക—ഗവേഷണവും പഠനവും മാത്രം.

സ്വന്തം നന്മയെ മാത്രം കരുതി ജർമ്മനി വിട്ടുപോകുവാൻ താൻ ആശിക്കുന്നില്ലെന്നും പ്രൊ. ഐൻസ്റ്റീൻ ഡോ. ഫ്രെഡ്ലണ്ടറെ അറിയിച്ചു. അദ്ദേഹം ജർമ്മനി എന്ന രാജ്യത്തുള്ള ഒരാളായിരുന്നു; ജർമ്മനിയായിരുന്നു അദ്ദേഹത്തിന്റെ നാട്ട്.

അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു. "ഞാൻ ഈ ക്ഷണം സ്വീകരിക്കാം. പക്ഷെ കൊല്ലത്തിൽ അഞ്ചു മാസക്കാലം മാത്രം ഐക്യനാടുകളിൽ ഉണ്ടായിരുന്നാൽ മതി എന്ന വ്യവസ്ഥയിലായിരിക്കും. ബാക്കി സമയം ജർമ്മനിയിൽ കഴിച്ചുകൂട്ടുവാൻ ഞാൻ ആഗ്രഹിക്കുന്നു".

1932-ൽ ഐൻസ്റ്റീനും, ജർമ്മനിയിലുണ്ടായിരുന്ന മറ്റു പല യൂദന്മാരും, അവിടത്തെ സ്ഥിതിഗതികൾ എത്ര മാത്രം ആപത്കരമായിത്തീർന്നിരിക്കുന്നുവെന്നും, ഹിറ്റ്ലർ യഥാർത്ഥത്തിൽ എത്രയധികം പ്രബലനായിരുന്നുവെന്നും ഗ്രഹിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ ശ്രദ്ധ രാഷ്ട്രിയവികാസങ്ങളിൽ വേണ്ടപോലെ പതിഞ്ഞിരുന്നില്ല. മുഴുവൻ ശാസ്ത്രവിഷയകമായിട്ടായിരുന്നു.

അടുത്തതായി ഐൻസ്റ്റീന്റെ ശമ്പളത്തെക്കുറിച്ചു കുറെ തീരുമാനത്തിൽ എത്തേണ്ടിയിരുന്നു. അദ്ദേഹം എ

(1) Original faculty.

ത്തായിരുന്ന ആവശ്യപ്പെട്ടതു് ? അദ്ദേഹം ചോദിച്ച തുക വളരെ തുച്ഛമായിരുന്നു. തൽഫലമായി ഡയറക്ടറന്മാക്കു് വിഷമംതോന്നി. അദ്ദേഹത്തിനു് ശമ്പളമായി ഒരു വമ്പിച്ച തുക നൽകുന്നതാണെന്നും, അതിൽ കുറവു വരുത്തുന്നതു് അവരുടെ നിലയ്ക്കു് മോശമാണെന്നും അവർ ഉടൻതന്നെ അദ്ദേഹത്തെ അറിയിച്ചു.

ഏർപ്പാടുകളെല്ലാം പൂർത്തിയായതുപോലെ തോന്നി. ഏതു സമയത്തും വിശ്വസ്തനായ ഒരു വ്യക്തിക്കു് വിഷമം വരുത്തിവയ്ക്കുവാൻ തയ്യാറായി ആരെങ്കിലും ഒരാൾ ഉണ്ടായിരിക്കുമല്ലോ. 'സ്വദേശാഭിമാനികളായ വനിതകളുടെ സംഘടന'(1) എന്നു വിളിച്ചുവരുന്ന, ഐക്യനാടുകളിലെ സ്ത്രീകളുടെ ഒരു സംഘം പ്രൊ. ഐൻസ്റ്റയിനു് ഐക്യനാടുകളിൽ പ്രവേശം നിഷേധിക്കണമെന്നു് പരസ്യമായി ആവശ്യപ്പെട്ടു. "അദ്ദേഹം ഒരു കമ്യൂണിസ്റ്റാണു്" എന്നു് അവർ ഉറപ്പിച്ചു പറഞ്ഞു. ക്രമേണ ഐക്യനാടുകളിലെ ഗവർമെൻറിൽ ഔദ്യോഗികമായി ഒരു അന്യായം ബോധിപ്പിക്കുകയും ചെയ്തു.

അന്നു് ആ ആവലാതിയെ ഡോ. ഐൻസ്റ്റയിൻ അത്ര കാര്യമായി ഗണിച്ചില്ല. അതു് അദ്ദേഹത്തെ ഒട്ടും വിഷമിപ്പിക്കുന്നില്ലെന്ന പ്രസ്താവന ഉൾക്കൊള്ളുന്ന ഒരു കത്തു് പത്രങ്ങൾക്കു് അയച്ചുകൊടുക്കുകയും ചെയ്തു. "എന്റെ 'മുന്നേറ്റ'(2)ങ്ങൾക്കു് സ്ത്രീകളിൽനിന്നു് ഇതുപോലെ അധികം ശക്തിമത്തായ എതിർപ്പു് ഞാൻ ഇതുവരെ അനുഭവിച്ചിട്ടില്ല; അഥവാ ഉണ്ടെങ്കിൽത്തന്നെ പെട്ടെന്നു്

(1) Women's Patriotic organization (2) advances.

ഇതുയധികം പേരിൽനിന്ന് ഒരിക്കലുമില്ല" എന്നും പ്രസ്തുതകത്തിൽ ഒരു ഭാഗത്തു പ്രസ്താവിച്ചിരുന്നു. "അതുകൊണ്ടു് സമർത്ഥകളും സ്വദേശാഭിമാനികളുമായ സ്ത്രീജനങ്ങളുടെ അഭിപ്രായം പ്രത്യേകം ശ്രദ്ധിച്ചുകൊള്ളുകശക്തിമത്തായിരുന്ന റോമിലെ നഗരമണ്ഡപം വിശ്വസ്തങ്ങളായ വൃത്തുകളുടെ പനട്ടൽകൊണ്ടാണു് പണ്ടൊരിക്കൽ രക്ഷിക്കപ്പെട്ടതെന്നും ഓർമ്മയിരിക്കട്ടെ" എന്നായിരുന്ന അദ്ദേഹം ആ കത്തു് അവസാനിപ്പിച്ചതു്.

അക്കാര്യം അതോടുകൂടി അവസാനിപ്പിക്കേണ്ടതായിരുന്നു. ഐൻസ്റ്റയിനും ഭാര്യയും ഐക്യനാട്ടകളിൽ പ്രവേശിക്കുന്നതിനു് ആവശ്യമായ വിസായ്ക്കുവേണ്ടി ബർലിനിലെ 'ഐക്യനാട്ടകളുടെ കോൺസുലേറ്റ് ജനറലി'നോടു് അപേക്ഷിച്ചു. അവർ സാമാനങ്ങളെല്ലാം കെട്ടിവച്ചുകൊണ്ടിരുന്നതിനിടയ്ക്കു് കോൺസുലേറ്റ് ജനറൽ ഓഫീസിൽനിന്നു് ഡോ. ഐൻസ്റ്റയിനെ ഫോണിൽ വിളിക്കുകയുണ്ടായി.

"പ്രൊ. ഐൻസ്റ്റയിൻ! ചില വിവരങ്ങൾ നൽകുവാൻ ഞങ്ങളുടെ ഓഫീസിലേയ്ക്കു് ഒന്നു ദയവുചെയ്തു വരാമോ?"

"വിസാ ഒന്നു് അയച്ചുതരുമെങ്കിൽ കാര്യങ്ങൾ കൂടുതൽ എളുപ്പമായിരുന്നേനേ" എന്നു് ഐൻസ്റ്റയിൻ മറുപടി പറഞ്ഞു.

കോൺസുലേറ്റ് ഓഫീസിൽനിന്നു് മുൻപു പറഞ്ഞതുതന്നെ ആവർത്തിച്ചു. എന്തുകൊണ്ടാണെന്നു് ഡോ.

ഐൻസ്റ്റീനിന് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. മുൻ പര്യടനങ്ങളിലെല്ലാം കപ്പൽക്കമ്പനിക്കാരായിരുന്നു വേണ്ടതെല്ലാം ഏർപ്പാടു ചെയ്തിരുന്നതു്. ഒടുവിൽ അദ്ദേഹം കോൺസുലേറ്റ് ഓഫീസിൽ ചെന്നു.

കുറെയേറെ ചോദ്യങ്ങൾ അദ്ദേഹത്തിന്റെമേൽ വർഷിക്കപ്പെട്ടു. അദ്ദേഹത്തിന്റെ രാഷ്ട്രിയാഭിപ്രായം എന്താണു്? അദ്ദേഹം ഏതെല്ലാം സംഘടനകളിൽ ചേർന്നിട്ടുണ്ടായിരുന്നു? അദ്ദേഹം ഐക്യനാട്ടകം സന്ദർശിക്കുന്നതു് എന്തു് ഉദ്ദേശ്യത്തിലാണു്. അവിടെവച്ചു് ഏതുതരം പ്രവർത്തനത്തിലായിരിക്കും അദ്ദേഹം ഏർപ്പെടുക? എന്നിങ്ങനെ മൂക്കാൽ മണിക്കൂർ നീണ്ടുനിന്ന ആ ചോദ്യപരമ്പര.

പ്രൊ. ഐൻസ്റ്റീനിൻ വളരെ ക്ഷമയുള്ള ആളായിരുന്നു. അദ്ദേഹത്തിനു് കോപമുണ്ടാകാൻ കുറെയധികം സമയം പിടിക്കും. വളരെയേറെ അസഹ്യപ്പെടുത്തിയാൽ അദ്ദേഹം കോപാക്രാന്തനാകുകതന്നെ ചെയ്യും. കോൺസുലേറ്റ് ഓഫീസിൽവച്ചു് അദ്ദേഹത്തിനു് ക്ഷമ നശിച്ചു. അദ്ദേഹം എണീറ്റു തന്റെ കോട്ടും ഹാറ്റും കൈയിൽ എടുത്തു.

"എനിക്കു് ഐക്യനാട്ടകളിൽ ചെല്ലേണ്ടതുണ്ടെന്നു് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? അതിന്റെ ആവശ്യമില്ല" ഇതുയും പറഞ്ഞിട്ടു് ഹാബർലണ്ടു് തെരുവിലുള്ള വീട്ടിലേയ്ക്കു് അദ്ദേഹം തിരിഞ്ഞുനടന്നു.

ഡോ. ഐൻസ്റ്റീനും ഭാര്യയ്ക്കും ഐക്യനാടുകളിൽ പ്രവേശനം നിഷേധിച്ചിരിക്കുന്നു എന്ന കിംവദന്തി പരന്നപ്പോൾ കമ്പിസന്ദേശങ്ങൾ നാലുവശത്തുനിന്നും പ്രവഹിച്ചു. ഐക്യനാടുകളിലെ ജനങ്ങളിൽനിന്ന് വാഷിങ്ടണിലേയ്ക്ക് കത്തുകളും കമ്പിസന്ദേശങ്ങളും ഇടതടവില്ലാതെ പ്രവഹിച്ചുകൊണ്ടിരുന്നു. അവർ ഐൻസ്റ്റീൻകുടുംബക്കാർക്ക് സ്വാഗതം നല്കിക്കൊണ്ട് കമ്പികളും കേബിളുകളും അയച്ചു. വാഷിങ്ടണും ബർലിനിലെ കോൺസുലേറ്റ് ഓഫിസും തമ്മിൽ വാർത്താവിനിമയങ്ങൾ നടന്നു. ഉയർന്ന ഉദ്യോഗസ്ഥന്മാരിൽ ചിലർ അകപ്പാടെ വിഷമിച്ചുവശായി.

കോൺസുലേറ്റ് ഓഫിസിൽനിന്ന് വീണ്ടും ഫോണിൽ വിളിച്ചപ്പോൾ പ്രൊ. ഐൻസ്റ്റീന് ഒരു ദീർഘസംഭാഷണത്തിൽ ഏർപ്പെടുവാൻ താത്പര്യമുണ്ടായിരുന്നില്ല. അദ്ദേഹം ഇപ്രകാരം പറഞ്ഞു:—"ഞാൻ ആറു പെട്ടി സജ്ജമാക്കിക്കഴിഞ്ഞു. നാളെ ഉച്ചയോടുകൂടി ബ്രൂമനിലേക്കു പോകുന്ന കപ്പലിൽ അവയെ കയറ്റണം. നാളെ മദ്ധ്യാഹ്നത്തോടുകൂടിയെങ്കിലും ഞങ്ങളുടെ വിസാ കിട്ടിയില്ലെങ്കിൽ അമേരിക്കയിലേക്കു ഞങ്ങൾ വീണ്ടും പോകുന്നതു് ഇനി ഒരിക്കലും ഉണ്ടാകുന്നതല്ല."

സാധാരണയായി ഒരു വിസാ ലഭിക്കുന്നതു് അത്ര പെട്ടെന്നു സാധ്യമല്ല. ഏതാനും മണിക്കൂറുകൾക്കുള്ളിൽ പ്രൊ ഐൻസ്റ്റീനും ഭാര്യക്കും വിസാ നൽകിയ വിവരം വാഷിങ്ടണിൽ എത്തി. അങ്ങിനെ അവർ യാത്രയായി.

വീണ്ടും പനാമാകനാൽവഴി പോകുവാനായിരുന്നു അവർ ഉദ്ദേശിച്ചിരുന്നതു്. മടക്കയാത്രയിൽ അവസാനത്തെ പര്യാലോചനകൾക്കുവേണ്ടി പ്രിൻസ്റ്റണിൽ തങ്ങുന്നതാണു്. ഒരുപക്ഷേ ഇതായിരുന്നോക്കാം കാലിഫോർണിയായിലേക്കു് അദ്ദേഹത്തിന്റെ അവസാനത്തെ യാത്ര. എന്തെന്നാൽ അടുത്ത കൊല്ലം ഒക്ടോബർമാസം അദ്ദേഹത്തിനു് പ്രിൻസ്റ്റണിലെ പുതിയ ജോലിയിൽ പ്രവേശിക്കേണ്ടതായിരുന്നു.

ലോകരുടെ ദൃഷ്ടിയിൽനിന്നെന്നപോലെ ആർഭാടങ്ങളിൽനിന്നും ഐൻസ്റ്റയിനും ഭാര്യയും പരമാവധി അകറ്റിനിർത്തപ്പെട്ടിരുന്നു. കാലിഫോർണിയാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാന്തത്തിൽതന്നെയായിരുന്ന അവർ അപ്പോഴും താമസിച്ചതു്. ഡോ. ഐൻസ്റ്റയിൻ ഡോ. മില്ലിക്കനോടും മറ്റുള്ളവരോടുംകൂടി ശാസ്ത്രഗവേഷണത്തിൽ ഏർപ്പെട്ടുവന്നു.

1933 മാർച്ചുമാസം, ചിക്കാഗോവഴി ന്യൂയോർക്കു നഗരത്തിലേക്കു പോകുവാൻ ഐൻസ്റ്റയിൻദമ്പതികൾ കാലിഫോർണിയായിൽനിന്നു കിഴക്കോട്ടു തിരിച്ചു. പുറമേയുള്ളവർക്കു ഗ്രഹിക്കുവാൻ വയ്യാത്ത വേഗതയോടുകൂടിയായിരുന്ന ആ കാലഘട്ടത്തിൽ സുപ്രധാനങ്ങളായ സംഭവവികാസങ്ങൾ യൂറോപ്പിൽ ഉണ്ടായിക്കൊണ്ടിരുന്നതു്.

റെയ്ഷ്ടാഗ് (1) ആയിരുന്ന ജർമ്മനിയിലെ ജനപ്രതിനിധിസഭ. 1930-ൽ അതുകെയുണ്ടായിരുന്ന 350 ലക്ഷം

(1) Reichstag.

വോട്ടുകളിൽ അരുപതുലക്ഷം വോട്ടുകൾ നാസികൾനേടി റെയ്ഷ്ടാഗിലെ കുറെ സീറുകൾ കരസ്ഥമാക്കി. അടുത്ത തെരഞ്ഞെടുപ്പിൽ അവരുടെ കക്ഷിനില കുറെക്കൂടി ഭേദപ്പെട്ടു; ആകെയുണ്ടായിരുന്ന 607 സീറിൽ 230 സീറു അവർക്കു ലഭിച്ചു. അതോടുകൂടി അവർ റെയ്ഷ്ടാഗിലെ ഏറ്റവും വലിയ പാർട്ടിയായിത്തീർന്നു. 1932 ലെ വേനൽക്കാലത്തോടുകൂടി ഹിറ്റ്ലർ പരിപൂർണ്ണാധികാരത്തിലെത്താറായിരുന്നു. ഏതാനും മാസങ്ങൾക്കുള്ളിൽ അദ്ദേഹം റെയ്ഷ്ടാഗിനെ നിശ്ശേഷം പിരിച്ചുവിട്ട്, ഭരണം സ്വയം ഏറെറടുക്കും എന്ന നില പ്രാപിച്ചു.

മേലാൽ സമ്മേളനങ്ങൾ കൂടുന്നതിനു ബദ്ധപ്പെടേണ്ടതില്ലെന്നുപറഞ്ഞു് റെയ്ഷ്ടാഗിലെ അംഗങ്ങളെയാകെയാക്കിയ വേളയിൽ ഹിറ്റ്ലർ ജർമ്മനിയിലെ ചാൻസലർ ആയിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ ആക്രമസേനയുടേയും രഹസ്യപ്പോലീസിന്റെയും ശൌര്യം വർദ്ധിച്ചുവന്നു. അക്രമങ്ങളുടേയും, ക്രൂരകൃത്യങ്ങളുടേയും, കൊലപാതകങ്ങളുടേയും മറും വാർത്തകൾ ജർമ്മനിയിൽനിന്നു വന്നുകൊണ്ടേയിരുന്നു.

1933-ാമാണ്ടു് മാർച്ചുമാസം ജർമ്മനിയിൽ ഒരു തെരഞ്ഞെടുപ്പുണ്ടായി. ആയതിൽ തന്റെ ജയം സുനിശ്ചിതമാക്കണമെന്നു് ഹിറ്റ്ലർ ആഗ്രഹിച്ചു. തന്റെ കവർച്ചസംഘത്തിനു് പൂർണ്ണാധികാരം ലഭിക്കുന്നതിനു വേണ്ടിയായിരുന്നു അതു്. പൊതുജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുവാൻ പോന്ന ഒരു 'സ്റ്റണ്ടാ'യിരുന്നു അദ്ദേഹ

ത്തിന്റെ അന്നത്തെ ആവശ്യം. പിന്നീട് 'ചരിത്രം സൃഷ്ടിച്ച'തായി ഗണിക്കപ്പെട്ട ഒരു സംഭവം അദ്ദേഹം ആസൂത്രണം ചെയ്തു.

വിജനമായിരുന്ന റെയ്ഷ്ടാഗ് മന്ദിരത്തിന് തീപിടിച്ചു. കാരണം അജ്ഞാതമായിരുന്നു. സമ്മതിദായകരെ പേടിപ്പിക്കുന്നതിനുവേണ്ടി തീവച്ചതു് കമ്യൂണിസ്റ്റുകളാണെന്ന് ഉടൻതന്നെ ഹിറ്റ്ലർ പറഞ്ഞു പരത്തി. വിചിത്രവും രസകരവുമായ സംയോഗമെന്നു പറയട്ടെ! രാത്രി ഒൻപതു മണിയോടുകൂടി തീപിടിത്തം സംഭവിച്ചപ്പോഠം ഹിറ്റ്ലർ ബർലിനിൽത്തന്നെയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആക്രമസംഘത്തിലെ അംഗങ്ങളും നാലു പാടും പാഞ്ഞു് സംശയം തോന്നിയവരെ എല്ലാം അറസ്റ്റുചെയ്തു. മൂന്നു മണിക്കൂറിനുള്ളിൽ ആയിരത്തഞ്ഞൂറുപേരെ കസ്റ്റഡിയിലാക്കിക്കഴിഞ്ഞിരുന്നു. ആ ആയിരത്തഞ്ഞൂറു നിർഭാഗ്യവാന്മാരും, പിന്നീടു പിടികൂടപ്പെട്ട നൂറുക്കണക്കായുള്ള ആളുകളും നേരത്തെതന്നെ ആക്രമസംഘത്തിന്റെ ലിസ്റ്റിൽപ്പെട്ടവരായിരുന്നു.

ഇതുനടന്നതു് 1933 ഫെബ്രുവരി 27-ാം തീയതിയായിരുന്നു. ഏതാനും ദിവസങ്ങൾക്കുശേഷം ഹിറ്റ്ലർ 'അദ്ദേഹത്തിന്റെ മാർച്ചു തിരഞ്ഞെടുപ്പു' നടത്തി; സ്വാഭാവികമെന്നപോലെ ജയിച്ചു. അതോടുകൂടി അദ്ദേഹം ജർമ്മനിയിലെ സർവ്വാധിപതിയായി!

യൂദന്മാക്ക് എതിരായുള്ള പോരു്, നിഷ്ക്രൂരമായ പ്രതികാരശക്തിയോടുകൂടി, നാടെങ്ങും നടമാടി. ഐൻസ്റ്റയിനോടുണ്ടായിരുന്ന വ്യക്തിപരമായ എതിർപ്പു്

വളരെയധികം ഊർജ്ജിതം പ്രാപിച്ചു. ഐൻസ്റ്റീയിൻ എന്ന യൂദനെ ഒരു നല്ല ജർമ്മൻകാരനായി ഗണിക്കുവാൻ സാധ്യമല്ല. അതുകൊണ്ട് അദ്ദേഹത്തിന്റെ സാപേക്ഷതാവാദം ഒരു 'കൃത്രിമ സിദ്ധാന്ത'മല്ലാതെ മറ്റൊന്നുമല്ല. ഐൻസ്റ്റീയിൻ ജർമ്മൻ ശാസ്ത്രവിജ്ഞാനത്തെ "അപകൃഷ്ട"പ്പെടുത്തിക്കളഞ്ഞു. ബുദ്ധിപരമായ വന്ധ്യതാപം അനുഭവിക്കുന്ന ഒരു വർഗ്ഗക്കാരാണ് യൂദന്മാർ. അപ്പോൾ നൂതനങ്ങളായ ശാസ്ത്രീയവാദങ്ങൾ സൃഷ്ടിക്കുവാൻ ഒരു യൂദന് എങ്ങിനെ കഴിയും ? എന്തായാലും ശാസ്ത്രവിജ്ഞാനത്തെ വളരെയധികം സ്വതന്ത്രമായി വർത്തിക്കുവാനും പിടിവിട്ടു പോകുവാനും അനുവദിക്കരുത്. രാജ്യത്തിന്റെ ഒരു ഉപകരണം അഥവാ പണിയായുധം—ഒരു രാഷ്ട്രീയ ദാസൻ—ആയിട്ടുവേണം ശാസ്ത്രം വർത്തിക്കുക.

നാസികളുടെ യുക്തിവാദം ഗ്രഹിക്കുവാൻ മെനക്കെടേണ്ടതില്ല. എന്തെന്നാൽ അതു് ബുദ്ധിയുള്ളവർ മനസ്സിലാക്കണമെന്ന് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതല്ല. ആൽബർട്ട് ഐൻസ്റ്റീയിനെതിരായി സ്വീകരിക്കപ്പെട്ട നടപടികളുടെ പിന്നിൽ ഉണ്ടായിരുന്ന ചില വാദങ്ങളും യുക്തികളുമായിരുന്നു ഇവയെല്ലാം.

ഡോ ഐൻസ്റ്റീയിനും ഭാര്യയും ചിക്കാഗോവിൽ എത്തി. അവിടെവച്ചു് നടന്ന ഒരു വിരുന്നുസല്ക്കാരവേളയിൽ തങ്ങൾ ജർമ്മനിയിലേയ്ക്കു മടങ്ങുന്നതല്ലെന്നും പകരം ബൽജിയത്തിലേയ്ക്കു പോകുന്നതാണെന്നും അവർ പ്രസ്താവിക്കുകയുണ്ടായി. അതു് ബുദ്ധിപൂർവ്വകമായ ഒരു തീരുമാ

നമായിരുന്നു. എന്തെന്നാൽ 1933-ൽ ആൽബർട്ട് ഐൻസ്റ്റീയിൻ ജർമ്മനിയിലേയ്ക്കു മടങ്ങി പോയിരുന്നെങ്കിൽ അദ്ദേഹം ജീവനോടുകൂടി പിന്നീട് പുറത്തു വരികയില്ലായിരുന്നു.

അദ്ദേഹം ന്യൂയോർക്കിലെ ഗ്രാൻഡ് സെൻട്രൽ ടെർമിനലിൽ ചെന്നെത്തിയപ്പോഠം പരശ്ശതം ആളുകഠം അദ്ദേഹത്തെ കാണുവാൻ കാത്തുനില്ക്കുന്നുണ്ടായിരുന്നു. ജനക്കൂട്ടത്തിൽനിന്ന് ഒഴിഞ്ഞു മാറുന്നതിനായി, അദ്ദേഹവും ഭാര്യയും തീവണ്ടിയിൽനിന്നു ഒരു രഹസ്യ എലിവേറ്ററിൽക്കൂടി സ്റ്റേഷനിലെ മുകളിലത്തെ നിലയിൽ എത്തി. അവിടെനിന്ന് അവർ ഒരു കാറിലേയ്ക്ക് വളരെ തിടുക്കത്തിൽ ആനയിക്കപ്പെട്ടു. 'അദ്ദേഹം കടന്നുകളഞ്ഞു' എന്ന വിവരം അദ്ദേഹത്തിന്റെ ആരാധകന്മാരുടെ ഇടയിൽ പെട്ടെന്നു പരന്നു. ജനാവലി സ്റ്റേഷനിൽനിന്ന് കാർനിന്ന സ്ഥലത്തേയ്ക്ക് ഇരച്ചു പാഞ്ഞു. അവിടെക്കൂടിയിരുന്നവർ ആർത്തുവിളിക്കുകയും, ഫോട്ടോ എടുക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോഠം ഡോ. ഐൻസ്റ്റീയിൻ ഉന്മേഷവാനായി ചിരിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. പിന്നീട് അദ്ദേഹം വാഠംഡോർഫ്-അസ്റ്റോറിയാ ഹോട്ടൽ(1)ലിലേയ്ക്ക് യാത്രയായി.

ഹോട്ടലിൽ എത്തിയപ്പോഠം അദ്ദേഹം ക്ഷീണിച്ചു തളർന്നിരുന്നു. എന്നിട്ടും പത്രലേഖകന്മാർ അദ്ദേഹത്തെ പിടിക്രൂടുകതന്നെ ചെയ്തു ജർമ്മനിയിലെ സ്ഥിതിഗതികളെക്കുറിച്ച് അദ്ദേഹത്തിന്റെ അഭിപ്രായമെന്തെന്നും,

(1) Waldorf—Astoria Hotel

അദ്ദേഹത്തിന്റെ ഭാവിപരിപാടി എന്തെന്നും അവർ അറിയുവാൻ ആശിച്ചു. എഴുതി അയയ്ക്കാമെങ്കിൽ കൂടെ ചോദ്യങ്ങൾക്കു മറുപടി നല്കാമെന്ന് അദ്ദേഹം ഒടുവിൽ സമ്മതിച്ചു. അതനുസരിച്ച് ഐൻസ്റ്റയിനിൽനിന്നു ലഭിച്ച മറുപടികളുടെ കൂട്ടത്തിൽ "ജർമ്മനിയിലെ സ്ഥിതിഗതികൾ ഇപ്പോഴുള്ളതുപോലെതന്നെ തുടരുന്ന കാലത്തോളം ആ രാജ്യത്തിൽ കാലുകുത്തുവാൻ ഞാൻ ഉദ്ദേശിക്കുന്നില്ല" എന്ന് നാടകീയരൂപത്തിലുള്ള പ്രഖ്യാപനവും ഉണ്ടായിരുന്നു.

അന്നു വൈകുന്നേരം തങ്ങളുടെ ബഹുമാനാർത്ഥം—പ്രത്യേകിച്ച് ഐൻസ്റ്റയിന്റെ 54-ാം പിറന്നാൾ പ്രമാണിച്ച്—ഹീബ്രൂസർവ്വകലാശാലയുടെ അമേരിക്കൻ അഭ്യുദയകാംക്ഷികൾ നടത്തിയ വിരുന്നിൽ ഐൻസ്റ്റയിൻ ദമ്പതികൾ പങ്കുകൊണ്ടു. ഹിറ്റ്ലറെ ഇരുപരസ്യമായി എതിർക്കുവാനുള്ള തൻപോരിമ പ്രദർശിപ്പിച്ച ആ മനുഷ്യനെ കാണുവാൻ അയിരക്കണക്കായുണ്ടായിരുന്ന അതിഥികൾ ആകാംക്ഷപൂണ്ടുനിന്നു.

ഡോ. ഐൻസ്റ്റയിനും ഭാര്യയ്ക്കും വിശ്രമം അനുവദിക്കപ്പെട്ടിരുന്നില്ല. അടുത്തദിവസം ഉച്ചതിരിഞ്ഞ്, പ്രമാണികളായ അമേരിക്കൻ സമാധാനേച്ഛുക്കൾ നടത്തിയ സല്ക്കാരത്തിൽ അവരിരുവരും സന്നിഹിതരായി. ഐൻസ്റ്റയിനും ഭാര്യയും ഒരു ഭാഗത്തുനിന്നുകൊണ്ട് അവരെ കടന്നു പൊയ്ക്കൊണ്ടിരുന്ന ആളുകൾക്ക് ഓരോരുത്തർക്കായി വിശ്രമമെന്യേ ഹസ്തദാനം ചെയ്തുകൊണ്ടിരുന്നു.

ഉപരിപഠനത്തിനായുള്ള ഇൻസ്റ്റിട്ട്യൂട്ടിൽ ഡോ. ഷ്വ്ളക്സ്നറോട്ടക്രുടി ജോലിചെയ്യാൻ അടുത്തകൊല്ലം ഒക്ടോബർമാസം താൻ തിരിച്ചുവരുന്നതു സംബന്ധിച്ച് ഐൻസ്റ്റയിനു ചില ഏർപ്പാടുകളും ചെയ്യാനുണ്ടായിരുന്നു. അതിലേയ്ക്കായി അവർ പ്രിൻസ്റ്റനിലേയ്ക്കു യാത്രയായി. പ്രിൻസ്റ്റൺ സന്ദർശനം കഴിഞ്ഞു് അവരിരുവരും സമുദ്രയാത്ര ആരംഭിച്ചു. ബൽജിയത്തിലേയ്ക്കായിരുന്നു അവർ ചെന്നതു്. അവിടെ സമുദ്രതീരത്തുള്ള കോക്-സുർ-മേർ (1) എന്ന പട്ടണത്തിൽ അവർ താമസമാരംഭിച്ചു.

അന്നു് നാസികളും പ്രബലന്മാരായിക്കഴിഞ്ഞിരുന്നു. പ്രൊ. ഐൻസ്റ്റയിന്റെ പേരിൽ 'ബുദ്ധിപരമായ വിശ്വാസവഞ്ചന' എന്ന കുറ്റം ആരോപിക്കപ്പെട്ടു. യൂദന്മാരെ ആട്ടിയോടിച്ചു് ജർമ്മനിയെ ശുദ്ധീകരിക്കണമെന്നതായിരുന്നു നാസികളുടെ മറ്റൊരു മോഹം. അതിന്റെ സാഫല്യത്തിനായി അവർ വളരെയേറെ കിണഞ്ഞു പ്രവർത്തിച്ചു. യൂദഡോക്ടറന്മാർക്കെല്ലാം 'ആശുപത്രിയിൽ ജോലിചെയ്യരുതു്' എന്ന നിരോധനാജ്ഞ നല്കപ്പെട്ടു. യൂദന്മാരായ പ്രാഡ്വിവാകന്മാരും അഭിഭാഷകന്മാരും കോടതികളിൽനിന്നു പുറന്തള്ളപ്പെട്ടു. നാസികളും യൂദന്മാരെ നായാടുകയും ഹിംസിക്കുകയും ചെയ്യുന്നതുകൂടാതെ കാലയാപനത്തിനുവേണ്ടതു സമ്പാദിക്കുന്നതിൽപോലും അവർക്കു പ്രതിബന്ധം സൃഷ്ടിച്ചുവരികയും ചെയ്തു.

ഐൻസ്റ്റയിനോടു് നാസികൾക്കു് പ്രത്യേകമായ വെറുപ്പുണ്ടായിരുന്നു. ബൽജിയത്തിലേക്കുള്ള യാത്രാമദ്ധ്യേ

(1) Coq-Sur-Mer,

തന്നെ, കപ്പൂത്തിലെ വീട് കത്തിപ്പൊളിച്ചു തിരയപ്പെട്ട എന്ന വാർത്ത ഐൻസ്റ്റയിൻദമ്പതികൾക്ക് കേൾക്കുവാനിടയായി. ഐൻസ്റ്റയിൻ ആയുധങ്ങളും പടക്കോപ്പുകളും ഒളിച്ചുവച്ചിരുന്നതായി ഒരു കുറ്റം നാസികൾ അദ്ദേഹത്തിൽ ആരോപിച്ചു. അവർ വീട് ചുറ്റി പരിശോധിച്ചു. മേശവിരിപ്പുകൾ വലിച്ചിട്ടു. അലമാരികളും മറ്റും കത്തിപ്പൊളിച്ചു. അപായകരങ്ങളായ ആയുധങ്ങൾ അന്വേഷിച്ചത് ഇത്തരത്തിലായിരുന്നു. ഒടുവിൽ അവർക്ക് ഒരായുധം കണ്ടെത്തുവാൻ കഴിഞ്ഞു. ഒരു അട്ടക്കളക്കത്തിയായിരുന്നു അത്. ഐൻസ്റ്റയിൻ രാജ്യത്തിന്റെ ഒരു ശത്രുവാണെന്ന വസ്തുതയ്ക്ക് ഒരു പ്രത്യക്ഷതെളിവായി 'അതിനെ' അവർ കൊണ്ടുപോയി.

"മുൻകാലങ്ങളിൽ എന്റെ വേനൽക്കാലവസതി സന്ദർശിച്ചിട്ടുള്ളവരിൽ ഉദ്യോഗസ്ഥന്മാരല്ലാത്ത മാന്യന്മാരുടെ വരവു കൊണ്ടു മാത്രമേ മാനിക്കപ്പെട്ടിരുന്നുള്ളൂ" എന്നു മാത്രമേ ആ ശാസ്ത്രജ്ഞനു് അപ്പോൾ പറയുവാനുണ്ടായിരുന്നുള്ളൂ.

ഐൻസ്റ്റയിനും എൽസായും ബൽജിയത്തിലെത്തിയപ്പോൾ അവർക്ക് വസ്തുതകളെക്കുറിച്ചുണ്ടായിരുന്നതിൽ അധികം വ്യാകുലത രണ്ടു പുത്രിമാരെക്കുറിച്ചായിരുന്നു. വസ്തുതകൾ അവർക്ക് ഒരിക്കലും വളരെ കാര്യമായി തോന്നിയിരുന്നില്ല. ബർലിനിലെ വീട്ടിലേയ്ക്കു ഫോൺചെയ്തപ്പോൾ ലഭിച്ച വിവരം അവർക്ക് സമാധാനം നൽകി. ഒരു ജർമ്മൻകാരനെ വിവാഹംകഴിച്ചിരുന്ന ഇൽസി ഹാളണ്ടിലേയ്ക്കും, ഒരു റഷ്യക്കാരനെ പരിണ

യിച്ചിരുന്ന ഇളയവളായ മാർഗാട്ട് ഫ്രാൻസിലേയ്ക്കും പോയി രക്ഷപ്രാപിച്ചു എന്ന് ഒരു സ്ത്രീ അവരെ അറിയിച്ചു.

ഏതാണ്ട് അയിടയ്ക്ക് ഐൻസ്റ്റയിന്റെ വക ബാങ്കുനിക്ഷേപങ്ങളെ നാസികൾ കൈയടക്കി എന്ന വാർത്തയും വന്നെത്തി. അതു വലിയ ഒരു തുകയായിരുന്നിരിക്കാൻ ഇടയില്ല; എങ്കിലും അതുമാത്രമേ അവർക്ക് ആകെക്കൂടി ഉണ്ടായിരുന്നുള്ളൂ.

ബൽജിയത്തിൽ ഇരുന്നുകൊണ്ട് ഐൻസ്റ്റയിൻ പ്രഷ്യൻ അക്കാഡമിയിലേയ്ക്കുള്ള തന്റെ രാജിക്കത്തയച്ചു. എന്തെന്നാൽ അതു സംബന്ധിച്ച് അദ്ദേഹത്തിന്റെ സഹപ്രവർത്തകരുടെ നില അത്യന്തം പരുങ്ങലിൽ ആയിക്കഴിഞ്ഞിരുന്നു. വൈകാതെ ബർലിനിൽ ചെന്നു ജോലി തുടരാമെന്ന മോഹം അസ്ഥാനത്തായെന്ന് അദ്ദേഹത്തിനു ബോദ്ധ്യമാവുകയും ചെയ്തു. ഐൻസ്റ്റയിന്റെ അന്യാദൃശമായ കഴിവുകൾക്ക് കാലേക്കൂട്ടി സാക്ഷ്യം വഹിച്ച മാക്സ് പ്ലാങ്ക്, ഡോ. നേൺസ്റ്റുമൊത്ത് സൂറിക്കിൽ ചെന്ന് പ്രൊ. ഐൻസ്റ്റയിനെ ബർലിനിൽ പുതുതായി ആരംഭിക്കുന്ന ഇൻസ്റ്റിട്യൂട്ടിൽ വന്നു ജോലി ചെയ്യുവാൻ ഒരു കാലത്തു പ്രേരിപ്പിച്ചതാണല്ലൊ. മാക്സ് പ്ലാങ്ക് എന്ന ഭക്തനും വിശ്വസ്തനുമായ ജർമ്മൻപൌരനു ഐൻസ്റ്റയിനോട് ഇപ്പോൾ രാജിവക്കുവാൻ ആവശ്യപ്പെടേണ്ടിവന്നതു വിഷമമായ ഒരു നിലയായിതോന്നി. ആ വൈഷമ്യത്തിൽനിന്ന് അദ്ദേഹത്തെ ഐൻസ്റ്റയിൻതന്നെ മോചിപ്പിക്കുകയാണുണ്ടായതു്. തന്റെ

ഖേദം അറിയിച്ചുകൊണ്ട് ഐൻസ്റ്റയിൻ അവിടത്തെ ഉദ്യോഗം അവസാനിപ്പിച്ചു.

കോക്കു-സൂർ-മേറിലെ ഐൻസ്റ്റയിന്റെ ഗൃഹത്തിൽ അല്പകാലത്തേയ്ക്ക് ശാന്തിയും സമാധാനവും വന്നതുപോലെ തോന്നി. പ്രൊ. ഐൻസ്റ്റയിന് വയലിൻ വായിക്കുവാനും, ഗണിതത്തിൽ പ്രവർത്തിക്കുവാനും, ആഹാരക്രമത്തിൽനിന്നകന്നു വർത്തിക്കുവാനും കഴിഞ്ഞു. ഐൻസ്റ്റയിന്റെ നില സുരക്ഷിതമല്ലെന്ന് അദ്ദേഹത്തിന്റെ ഭാര്യയ്ക്കും സ്നേഹിതന്മാർക്കും അറിയാമായിരുന്നു. യൂറോപ്പു വിട്ടുപോകുവാൻ അദ്ദേഹത്തെ അവർ പ്രേരിപ്പിച്ചു തുടങ്ങി.

ഇംഗ്ലണ്ടിലെ കമാൻഡർ ഒളിവർ ലോക്കർ-ലാംപ്സ(1)ന്റെ ഒരു ക്ഷണം ഐൻസ്റ്റയിനു ലഭിച്ചു. കമാൻഡറുടെ വെസ്റ്റ്മിനിസ്റ്ററിലുള്ള ഗൃഹത്തിൽവന്ന് ഒരു കൊല്ലം താമസിക്കുവാൻ സ്വാഗതമരുളുന്നതായിരുന്നു ആ ക്ഷണക്കത്ത്. ഏപ്രിൽ മാസത്തിലായിരുന്നു അതു ലഭിച്ചതു്. പ്രിൻസ്റ്റണിലേയ്ക്ക് ഒക്ടോബർമാസം പോകുവാനാണു് ഐൻസ്റ്റയിൻ നിശ്ചയിച്ചിരുന്നതു്. കമാൻഡറുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് ഐൻസ്റ്റയിൻ ഒരു കൃതജ്ഞതാ ലിഖിതം അയച്ചു. എങ്കിലും അദ്ദേഹം ബൽജിയത്തിൽതന്നെ താമസം തുടർന്നു.

ആഗസ്റ്റുമാസം അവസാനത്തിൽ ഒരു സംഭവം ഉണ്ടായി. അതോടുകൂടി താൻ എത്രമാത്രം അപായകരമായ നിലയിലാണു് വർത്തിക്കുന്നതെന്ന് ഐൻസ്റ്റയിനു

(1) Commander Oliver Locker—lampson

ബോധ്യമായി. വധിക്കപ്പെടേണ്ട ഒരുവനായി തന്നെ നാസികൾ കരുതുന്നുണ്ടെന്ന് അദ്ദേഹം ഗ്രഹിച്ചു.

'ദി ബ്രൌൺ ബുക്ക് ഒഫ് ഹിറ്റ്ലർ ടെറർ' (1) എന്നൊരു ഗ്രന്ഥം ഇംഗ്ലണ്ടിലും ഫ്രാൻസിലും പ്രസിദ്ധീകരിക്കപ്പെട്ടു. ആ ഗ്രന്ഥത്തിന്റെ രചയിതാക്കളുടെ പേരുകളുടെ ക്രൂട്ടത്തിൽ അദ്ദേഹത്തിന്റേതുമുണ്ടായിരുന്നു. പലരുടെയും പേരുകൾ ആ ഗ്രന്ഥശരീരത്തിൽ ഉൾപ്പെട്ടുത്തിയിട്ടുണ്ടായിരുന്നു. നാസികൾ നടത്തിയിട്ടുള്ള കൊലപാതകങ്ങളുടെ ഒരു നീണ്ട പട്ടിക അതിൽ ചേർത്തിരുന്നു റെയ്ഷ്ടാഗ് അഗ്നിബാധയ്ക്കു നാസികളെയാണു് അതിൽ കുറ്റപ്പെടുത്തിയിരുന്നതു്. 'ജർമ്മൻ ഫാസിസത്തിനു് ഇരയായവർക്കു വേണ്ടിയുള്ള ലോകസമിതി' (2) തയ്യാറാക്കിയതായിരുന്ന ആ ഗ്രന്ഥം. ഐൻസ്റ്റയിനായിരുന്ന ആ സമിതിയുടെ അദ്ധ്യക്ഷൻ.

ആ ഗ്രന്ഥം നാസികളെ പരിഭ്രാന്തരാക്കി. തനിക്കു് ആ ഗ്രന്ഥത്തോടു് ഒരു ബന്ധവുമുണ്ടായിരുന്നില്ലെന്നും അങ്ങിനെയൊന്നു പ്രസിദ്ധീകരിക്കുന്നുണ്ടെന്നുപോലും താൻ അറിഞ്ഞിരുന്നില്ലെന്നും പറഞ്ഞതുകൊണ്ടു് ഐൻസ്റ്റയിന്റെ നിലയ്ക്കു് അല്പംപോലും മെച്ചമുണ്ടായില്ല. കാലന്നുക്കു് അയയ്ക്കപ്പെടേണ്ട ആളുകളുടെ ലിസ്റ്റിൽ ഒന്നാം സ്ഥാനം ഐൻസ്റ്റയിനാണു് നാസികൾ നല്കിയിരുന്നതെന്നു് ഒരു ശ്രുതി പരന്നു. അദ്ദേഹത്തിന്റെ ശിരസ്സിനും

(1) The Brown book of Hitler terror

(2) World Committee for the victims of German fascism

ആയിരം പവൻ—അതായത് അദ്ദേഹത്തെ 'നിത്യശാന്ത' നാക്കുന്നവന് അയാൾ എവിടത്തുകാരനായിരുന്നായും ശരി, ആരായിരുന്നാലും ശരി ആയിരം പവൻ—പ്രതിഫലം നൽകുന്നതാണെന്നും ആ കിംവദന്തി ഉറപ്പിക്കൊണ്ടിരുന്നു.

പ്രൊ. മൈൻസ്റ്ററയിൻ തന്റെ ശിരസ്സ് തലോടി കൊണ്ട് കുറെനേരം ചിരിച്ചു. എന്നിട്ട പറഞ്ഞു "എന്റെ തല ഇത്രമാത്രം വിലയുള്ളതാണെന്ന് ഞാൻ ധരിച്ചിരുന്നില്ല".

അദ്ദേഹത്തിന്റെ ഭാര്യയും സ്നേഹിതരും ഭയാക്രാന്തരായി. നാസികൾ കളിപറയുന്നവരല്ലെന്ന് അവർക്ക് അറിയാമായിരുന്നു. അതുകൊണ്ട് ഉടൻതന്നെ ഇംഗ്ലണ്ടിലേയ്ക്കു പോകുവാൻ അദ്ദേഹത്തെ നിർബന്ധിച്ചു. സൈരമായിക്കഴിഞ്ഞുകൂടുവാൻ വയ്യാത്തവണ്ണം ബൽജിയത്തിനു ജർമ്മനിയുടെ സാമീപ്യമുണ്ടല്ലൊ.

അദ്ദേഹത്തിന് ഒന്നരണ്ടു കാര്യംകൂടി ചെയ്യുവീക്കുവാനുണ്ടായിരുന്നു. മറ്റു കാര്യങ്ങളുടെ കൂട്ടത്തിൽ അദ്ദേഹത്തിനു ലഭിച്ചിരുന്ന ഒരു സഹായാഭ്യർത്ഥനയും ഉണ്ടായിരുന്നു. ബൽജിയത്തിലെ സൈന്യത്തിൽചേർന്നു സേവനമനുഷ്ഠിക്കുവാൻ വിസമ്മതിച്ചതുകാരണം ജയിലിൽ അടക്കപ്പെട്ട രണ്ടുപേരുടെ സഹായാഭ്യർത്ഥനയായിരുന്നു അതു്. മൈൻസ്റ്ററയിൻ ഒരു സമാധാനേച്ഛുവാണെന്ന് പരക്കെ അറിയപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ സഹായത്തിനു വേണ്ടി അവർ അപേക്ഷിച്ചതു് യുക്തിക്കു യോജിച്ചതുതന്നെയാണല്ലൊ.

ഡോ. ഐൻസ്റ്റയിൻ തൽസംബന്ധമായി പുറപ്പെട്ടുവിച്ച പ്രസ്താവന വളരെയേറെപ്പേരെ അത്ഭുതപ്പെടുത്തി. സമാധാനകാംക്ഷയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായം മാറിക്കൊണ്ടിരുന്നു. ആളുകൾ യുദ്ധം ചെയ്യുന്നതിനു് വിസമ്മതിക്കുകമാത്രം ചെയ്തിരുന്നുവെങ്കിൽ യുദ്ധമൊന്നും ഉണ്ടാവുകയില്ല എന്നു് അദ്ദേഹം ഒരു കാലത്തു് വിശ്വസിച്ചിരുന്നു. ഹിറ്റ്ലറിസത്തിന്റെ വേലിയേറ്റം നോക്കിക്കൊണ്ടിരുന്നപ്പോൾ, ലോകമൊട്ടുക്കു് യുദ്ധംപൊട്ടിപ്പുറപ്പെടാറായെന്നു് അദ്ദേഹത്തിനുതോന്നി. ഫ്രാൻസിന്റെയും ബൽജിയത്തിന്റെയും നില അതീവ അപായകരമായിരുന്നു. ആസന്നഭാവിയിൽ പ്രതിരോധാർത്ഥം ആ രാജ്യത്തിലുള്ളവർക്കു് ആയുധമേന്തി അടരാടേണ്ടി വരുന്നതാണു്. അദ്ദേഹം ഒരു 'പൊരുതുന്ന സമാധാനേച്ഛു(1)വായി മാറിക്കഴിഞ്ഞിരുന്നു. ഒരു നഗരത്തിൽ, സമാധാനപരിപാലനത്തിനു് ഒരു പോലീസ് സംഘം ആവശ്യമായിരിക്കുന്നതുപോലെ ലോകത്തിന്റെ കാര്യത്തിലും അങ്ങിനെ ഒന്നു വേണ്ടതാണെന്നു് അദ്ദേഹം വിശ്വസിച്ചു.

ബൽജിയത്തിലെ സൈന്യത്തിൽചേർന്നു സേവനമനുഷ്ഠിക്കുവാൻ വിസമ്മതിച്ചതുകൊണ്ടു് ജയിലിൽ അടയ്ക്കപ്പെട്ട ആ രണ്ടുപേരെ സഹായിക്കുന്ന കാര്യത്തിൽ അദ്ദേഹത്തിനു് ഒന്നുംചെയ്യാൻ തോന്നിയില്ല. ബൽജിയത്തിന്റെ നേർക്കുള്ള ജർമ്മനിയുടെ ആക്രമണത്തെ തടുത്തുനിർത്തുന്നതിൽ തങ്ങളുടെ പങ്കു് അവർ വഹിക്കേണ്ടിയിരുന്നുവെന്നും, അവരുടെ കാര്യത്തിനുവേണ്ടി ബൽജിയത്തിലെ

(1) fighting pacifist.

അധികാരികൾക്കു് താൻ എഴുതുന്നതല്ലെന്നും അദ്ദേഹം പ്രസ്താവിച്ചു.

അക്കാലത്തു് കോങ്കു-സൂർ-മേറിൽ ഐൻസ്റ്റയിൻ കുടുംബക്കാർ എത്രമാത്രം ഭയവിഹ്വലരായി കഴിയുകയായിരുന്നു എന്നു് ഫിലിപ്പു് ഫ്രാങ്കു് നടത്തിയ സന്ദർശനത്തിന്റെ വിവരണത്തിൽനിന്നു് വെളിവാകുന്നതാണു്. ഐൻസ്റ്റയിന്റെ മേൽവിലാസം രഹസ്യമായി സൂക്ഷിക്കപ്പെട്ടിരുന്നു. അതിന്റെ ആവശ്യവുമുണ്ടായിരുന്നു. സദാ സവ്നേരത്തിലും, അംഗരക്ഷകരെ ഡ്യൂട്ടിയിൽ നിർത്തുന്നതിനു് ബൽജിയം ഗവർമ്മെൻറു് പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അവിടെ നടന്ന കാര്യങ്ങൾ ഫ്രാങ്കു് തന്നെ പറയട്ടെ: "ഒടുവിൽ ഞാൻ മണൽക്കുന്നുകളുടെ ഇടയ്ക്കുള്ള ഒരു കെട്ടിടത്തിനു് അടുത്തെത്തി. കോലായിൽ എൽസാ ഐൻസ്റ്റയിൻ ഇരിക്കുന്നതു കണ്ടപ്പോൾ ഞാൻ ലക്ഷ്യത്തിലെത്തിയതായി മനസ്സിലാക്കി. കരുത്തന്മാരായ രണ്ടു പേർ, ഐൻസ്റ്റയിന്റെ ഭാര്യയുമായി, സംഭ്രമത്തോടുകൂടി സംഭാഷണത്തിലേർപ്പെട്ടിരുന്നതു് ഞാൻ അകലത്തിൽവച്ചുതന്നെ കണ്ടു. ഈ സന്ദർശകർ എന്നെ അദ്ഭുതപ്പെടുത്തി. എന്തെന്നാൽ ഐൻസ്റ്റയിൻ കുടുംബാംഗങ്ങളുടെകൂടെ ശാസ്ത്രജ്ഞരെയും, സാഹിത്യകാരരെയും, കലാകാരരെയും മാത്രമേ സാധാരണയായി കാണാറുണ്ടായിരുന്നുള്ളൂ. ഞാൻ ആ കെട്ടിടത്തോടു് അടുത്തു. ആ രണ്ടു പേരും എന്നെ കണ്ടമാത്രയിൽത്തന്നെ എന്റെ മേൽ ചാടിവീണു; എന്നെ പിടികൂടി. ഐൻസ്റ്റയിന്റെ ഭാര്യ പെട്ടെന്നു് എണീറ്റു. പേടികൊണ്ടു് അവരുടെ മുഖം

വിളറി. ഒടുവിൽ അവർ എന്നെ തിരിച്ചറിഞ്ഞു. ക്രൂരനെ "നിങ്ങളെ അവർ ഒരു ക്ഷാതകനാണെന്ന് സംശയിച്ചു" എന്ന് എന്നോട് പറയുകയും ചെയ്തു. ആ രണ്ടു പേരുടെയും സംശയനിവൃത്തി വരുത്തിയിട്ട് എൽസാ എന്നെ വീട്ടിനുള്ളിൽ കൊണ്ടുപോയി അല്പം കഴിഞ്ഞു് ഐൻസ്റ്റയിൻ കോണിപ്പടി ഇറങ്ങി താഴത്തെ നിലയിലെത്തി. അതിനിടയ്ക്ക് എനിക്ക് ആ വീടു കണ്ടെത്തുവാൻ എങ്ങിനെ കഴിഞ്ഞു എന്ന് എൽസാ അന്വേഷിക്കുകയുണ്ടായി. അടുത്തു താമസിക്കുന്നവർ കാണിച്ചുതന്നതാണെന്ന് ഞാൻ മറുപടി പറഞ്ഞു. അതു് കർശനമായി നിരോധിക്കപ്പെട്ടിരുന്നു എന്ന് അവർ എന്നെ അറിയിച്ചു. തന്റെ രക്ഷയ്ക്കുവേണ്ടി പോലീസുകാർ സ്വീകരിച്ചിരുന്ന ഏർപ്പാടുകൾ പരാജയപ്പെട്തു വിചാരിച്ച് ഐൻസ്റ്റയിൻ കൂടുകുടെ ചിരിച്ചു."

തന്റെ രക്ഷയെപ്പറ്റി ചിന്തിയ്ക്കുവാൻ ഐൻസ്റ്റയിൻ പ്രേരിതനായിത്തീർന്നു. അദ്ദേഹത്തെ ബൽജിയത്തിൽനിന്ന് ഇംഗ്ലണ്ടിലേയ്ക്കു കടത്തിക്കൊണ്ടു പോകുവാനുള്ള ഏർപ്പാടുകൾ അത്യന്തം രഹസ്യമായി നടന്നു. സകല ഏർപ്പാടുകളിലും വളരെയധികം ജാഗ്രത പാലിക്കേണ്ടിയിരുന്നു. എന്തെന്നാൽ പണക്കൊതിയന്മാരുടെ ദൃഷ്ടിയിൽ അദ്ദേഹത്തിന്റെ ശിരസ്സ് ഒരു പണസ്സഞ്ചിക്കു തുല്യമായിരുന്നുവല്ലൊ.

ഗോപ്യത കണിശമായി പാലിക്കപ്പെട്ടു. യൂറോപ്പിൽ എവിടെയോനിന്ന് അദ്ദേഹം കപ്പൽകയറി. രാത്രിയുടെ മറവിൽ അദ്ദേഹം ലണ്ടനിലുള്ള കമാൻഡർ ലോക്കർ

ലാംപ്സന്റെ ഗൃഹത്തിലെത്തി. രഹസ്യപ്പോലീസുകാർ അദ്ദേഹം സഞ്ചരിച്ചിരുന്ന വാഹനത്തെ അനുഗമിച്ചു. കമാൻഡറുടെ വീട്ടിനുപുറത്തും അകത്തും രഹസ്യപ്പോലീസുകാർ സ്ഥലംപിടിച്ചിരുന്നു. അവർ ഒരു കാര്യത്തിലും ഭാഗ്യം പരീക്ഷിക്കുവാൻ തയ്യാറായിരുന്നില്ല.

അടുത്തദിവസം, പോലീസ് അകമ്പടിയോടുകൂടി 'നോത്തു സീ'യ്ക്കു് സമീപമുള്ള 'നോർ ഫോംക്കു്' കുറിക്കാട്ടിൽ സ്ഥിതിചെയ്യുന്ന ഒരു ചെറിയ വീട്ടിലേയ്ക്കു് ഐസ്റ്റയിൻ ആനയിക്കപ്പെട്ടു. ആ ചെറിയ വീടു് കണ്ടെത്തുവാനെന്നപോലെ ചെന്നെത്തുവാനും പ്രയാസമായിരുന്നു. ആയുധധാരികളായ പാറാവുകാർ മുറ്റത്തിലും നിന്നിരുന്നു. ഐക്യനാടുകളിലേയ്ക്കു യാത്രയാകുന്നതുവരെയുള്ള ഏതാനുംആഴ്ചകൾക്കു്, ജീവിതത്തിൽ താൻ ഇഷ്ടപ്പെട്ടിരുന്ന സൈരവും സരളതയും ഐൻസ്റ്റയിനു് സുലഭമായി.

ഇംഗ്ലീഷുകാർ അത്രയധികം ജാഗ്രതയോടുകൂടി വർത്തിച്ചതു് സമീപീനമായ ഏർപ്പാടുതന്നെയായിരുന്നു. എന്തെന്നാൽ, വധിക്കപ്പെടേണ്ടവരുടെ ലിസ്റ്റിൽ ഐൻസ്റ്റയിന്റെ പേരിനോടൊന്നു് ഉണ്ടായിരുന്ന മറെറാരു പേരുകാരനായ തിയാഡർ ലെസ്സിങ്ങ്(1) എന്ന ജർമ്മൻയൂദനെ നാസികൾ ക്രൂരമായരീതിയിൽ വധിച്ചതു് ആയിടയ്ക്കായിരുന്നു.

മുൻകൊല്ലത്തിലെ ജൂലായ് മാസത്തിലും കമാൻഡർ ലോക്കർ-ലാംപ്സൻ പ്രൊ. ഐൻസ്റ്റയിന്റെ ആതി

(1) Theodor Lessing.

ഥേയനായിരുന്നു. ഒരു രാഷ്ട്രീയപ്രവർത്തകനായിരുന്ന ലോക്കർ-ലാംപ്സൺ. കാമൺസ് സഭ സന്ദർശിക്കുവാൻ അദ്ദേഹം ക്ഷണിച്ചപ്പോൾ ഐൻസ്റ്റയിൻ സസന്തോഷം സമ്മതിച്ചു. ഇംഗ്ലണ്ടിലെ പ്രതിനിധിസഭയുടെ പ്രവർത്തനം കാണുന്നതു് വളരെയേറെ കൌതുകകരമായിരിക്കുമെന്നു് അദ്ദേഹത്തിനു തോന്നി. ഹിറ്റ്ലർ പിരിച്ചുവിട്ട ജർമ്മൻറൈയ്ഷ്ടാഗിൽനിന്നു് എത്രയേറെ വ്യത്യസ്തമായിരിക്കും അതു്!

ഐൻസ്റ്റയിൻ സന്ദർശകഗ്യാലറിയിൽ, വലിയ നാഴികമണിയുടെ കീഴിലായി, തന്റെ സ്നേഹിതൻ സഭാംഗങ്ങളെ അഭിസംബോധനംചെയ്തു നടത്തിക്കൊണ്ടിരുന്ന പ്രഭാഷണം കേട്ടുകൊണ്ടിരുന്നു.

ഗ്രേറ്റ് ബ്രിട്ടനു പുറത്തു താമസിക്കുന്ന യൂദന്മാർക്കു് ഗ്രേറ്റ് ബ്രിട്ടനിലെ പൗരന്മാരാകുവാൻ അനുവാദം നൽകുന്ന ഒരു നിയമം പാസ്സാക്കുന്നതിനു് കാമൺസ് സഭയെ കമാൻഡർ പ്രേരിപ്പിക്കുകയായിരുന്നു. ജർമ്മനി, തന്റെ ഏറ്റവും ശ്രേഷ്ഠനായ പൌരനെ തിരസ്കരിച്ചു എന്നു വെളിവാക്കുവാൻ, സന്ദർശകഗ്യാലറിയിൽ ആസനസ്ഥനായിരുന്ന പ്രൊ. ഐൻസ്റ്റയിനെ നാടകീയമായി അദ്ദേഹം ചൂണ്ടിക്കാണിച്ചു. അടുത്ത കാലത്തു് പ്രൊ. ഐൻസ്റ്റയിനോടു് ഒരു സന്ദർശകഗ്രന്ഥത്തിൽ(1) ഒപ്പുവയ്ക്കുവാൻ ആവശ്യപ്പെടുകയുണ്ടായെന്നും, അപ്പോൾ അദ്ദേഹത്തിനു് ഒരു മേൽവിലാസം കൊടുക്കുവാൻ സാധിച്ചില്ലെന്നും കമാൻഡർ ലോക്കർ-ലാംപ്സൺ കാമൺസ്-

(1) Visitors' book.

സഭയെ അറിയിച്ചു. മേൽവിലാസം എഴുതേണ്ട കോളത്തിൽ 'അങ്ങിനെയൊന്നില്ല' എന്ന് അദ്ദേഹത്തിനു രേഖപ്പെടുത്തേണ്ടിവന്നു. 'പെട്ടെന്ന് ഒരു ദേശത്തുകാരുമല്ലാതെയായിത്തീർന്ന' മറ്റു ചില വിശിഷ്ട വ്യക്തികളേയും പരാമർശിച്ചുകൊണ്ട് കമാൻഡർ കുറെ നേരത്തേയ്ക്കുകൂടി പ്രഭാഷണം തുടർന്നു.

പ്രസംഗം അവസാനിപ്പിച്ചുകൊണ്ട് അദ്ദേഹം മുകളിലേക്കു നോക്കി. അപ്പോൾ പ്രൊ. ഐൻസ്റ്റയിൻ സമ്മതിച്ചു തലകുലുക്കുന്നതും, മറ്റുള്ളവരോടൊത്തു കൈകൊട്ടുന്നതും കാണായ്വന്നു. ആ സന്ദർഭത്തിൽ ഗോപ്യതതീരെ കുറച്ചു മാത്രമെ പാലിച്ചിരുന്നുള്ളൂ.

പ്രൊ. ഐൻസ്റ്റയിൻ ഐക്യനാടുകളിലേയ്ക്കു യാത്രയാകുവാനുള്ള സമയം അടുത്തു. അദ്ദേഹത്തെ ഇംഗ്ലണ്ടിൽ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിൽ വളരെ ജാഗ്രതയും ഗോപ്യതയും പാലിക്കപ്പെട്ടു. ഉടലോടുകൂടിയോ അല്ലാതെയോ ഉള്ള അദ്ദേഹത്തിന്റെ ശിരസ്സിനു ആയിരം പവൻ വിലയുണ്ടായിരുന്നു അന്നും.

അകമ്പടിയോടുകൂടി ഒരു കൊച്ചോടത്തിൽ സഞ്ചരിച്ച് രജനിയുടെ മറവിൽ അദ്ദേഹം കപ്പൽകയറി. എൽസാ കപ്പലിൽ അദ്ദേഹത്തിനുവേണ്ടി കാത്തുനില്ക്കുകയായിരുന്നു. അവർ ബൽജിയത്തിൽ നിന്നായിരുന്നു കപ്പൽ കയറിയിരുന്നത്. ഐൻസ്റ്റയിന്റെ അസിസ്റ്റൻറായിരുന്ന ഡോ. വാൾതർ മായുമുണ്ടായിരുന്നു ആ കപ്പലിൽ. അഭിമുഖസംഭാഷണങ്ങളും, ആർപ്പു

വിളികളോ, പതുവിളംബരങ്ങളോ ഒന്നുംകൂടാതെ ഐൻസ്റ്റായിൻകുടുംബം ആരും അറിയാതെ ഇംഗ്ലണ്ടു്—അല്ല, യൂറോപ്പു്—വിട്ടു. ആരും അറിയാതെതന്നെ അവർ 1933 ഒക്ടോബർ മദ്ധ്യത്തോടുകൂടി ന്യൂയോക്കിലെത്തി.

തുറമുഖത്തിനു പുറത്തുവച്ചുതന്നെ കപ്പലിൽനിന്നു അവരെ ഒരു തീപ്പുടകിൽ(1) കയറ്റി കരയ്ക്കുകൊണ്ടുവന്നു. പിന്നീടു് അവർ നേരെ പ്രിൻസ്റ്റണിലേക്കു നയിക്കപ്പെട്ടു. സ്വന്തം നാടുവിട്ടുപോന്നപ്പോഴത്തെ അദ്ദേഹത്തിന്റെ ഭാവം എന്തായിരുന്നാലും കൂടുതൽ വയസ്സായ ലക്ഷണമൊഴികെ മറ്റൊന്നിലും പ്രൊ. ഐൻസ്റ്റായിനു് മാറ്റമുണ്ടായിരുന്നതായി തോന്നിയില്ല. അദ്ദേഹം അപ്പോഴും ഒരു അയഞ്ഞ പുറങ്കുപ്പായ(2)വും പരന്ന വക്കോടുകൂടിയ കറുത്ത ഹാറ്റും ധരിച്ചിരുന്നു. ഹാറ്റിനടിയിലായി എത്തിനോക്കുന്നുണ്ടായിരുന്ന അദ്ദേഹത്തിന്റെ തലമുടി. തനിക്കു് ഏറ്റവും പ്രിയമുള്ള വയോലിൻ അപ്പോഴും അദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നു.

ഐൻസ്റ്റായിൻദമ്പതികൾ പ്രിൻസ്റ്റണിൽ താമസം ആരംഭിച്ചുവെന്നു കണ്ടിച്ചു പറയാം. അപ്പോൾ നാസികൾ അവരുടെ വസ്തുവകകളെല്ലാം കൈക്കലാക്കിക്കഴിഞ്ഞു എന്ന വാർത്ത ലഭിച്ചു. അവരുടെ ബോട്ടും വീടുകളുമെല്ലാം പരാധീനമായി.

---

(1) tug. (2) Overcoat.

അദ്ധ്യായം ഇരുപത്.

ഹിറ്റ്ലറുടെ ശക്തി വർദ്ധിക്കുന്നു

പ്രൊ ഐൻസ്റ്റയിൻ പ്രിൻസ്റ്റണിലെ ഒരു ഇതിഹാസപുരുഷനായിത്തീർന്നു. അയഞ്ഞ കാലുറകളും, ഒരു സ്വറ്റർകോട്ടും ഇവ ധരിച്ചുകൊണ്ടും ക്രാപ്പുചെയ്യാത്ത വെളുത്ത തലമുടി കാറ്റിൽ പറത്തിക്കൊണ്ടും ചുറുചുറുക്കോടുകൂടി നടന്നു പോകുന്ന ഒരു വയസ്സനെ കാണുന്നതു്, പ്രശാന്തമായ ആ സർവ്വകലാശാലാകേന്ദ്രത്തിലെ ആളുകൾക്കു് ഒരു നിത്യസംഭവമായിരുന്നു.

ഒരു വ്യക്തിയുടെ പ്രത്യേകതകളെക്കുറിച്ചു ഗ്രഹിക്കുന്നതിനു്, അദ്ദേഹവുമായി അടുത്തു പെരുമാറുവാൻ ഇടകിട്ടിയ ആളുകളുടെ അനുഭവങ്ങളെ സംബന്ധിച്ചുള്ള അറിവു് ചിലപ്പോൾ സഹായകരമായിരുന്നേയ്ക്കും. ഒരു ഉദാഹരണംതന്നെയാകട്ടെ. ഇപ്പോൾ ടൊറൻറോ സർവ്വകലാശാലയിൽ ഒരു ഗണിതാദ്ധ്യാപകനായിരിക്കുന്ന ഡോ. ലിയോപ്പോൾഡ് ഇൻഫെൽഡ്(1) ആദ്യം ഐൻസ്റ്റയിനെ കണ്ടതു് ബർലിനിൽവച്ചായിരുന്നു. ബർലിൻ സർവ്വകലാശാലയിൽ ചേർന്നു പഠിക്കണമെന്ന മോഹംകൊണ്ടു് പോളണ്ടിൽനിന്നു് ബർലിനിലേയ്ക്കു വന്ന ഒരു ചെറുപ്പക്കാരനായിരുന്നു ഇൻഫെൽഡ്. ഇൻഫെൽഡിന്റെ അപേക്ഷയെ സർവ്വകലാശാലാധികൃതർ തിരസ്കരിച്ചു. അതിനുശേഷം ഒരു സ്പെഷൽ വിദ്യാർത്ഥിയായി ക്ലാസ്സുകളിൽ ചെന്നിരിപ്പാൻ ആ യുവാവിനു് അനുവാദം നേടിക്കൊടുത്തതു് ഐൻസ്റ്റയിന്റെ ഒരു കത്തായിരുന്നു.

(1) Dr. Leopold Infeld.

ഇൻഫെൽഡ് വീണ്ടും ഐൻസ്റ്റയിനെ കണ്ടത് പതിനാറു കൊല്ലത്തിനു ശേഷമായിരുന്നു. ഐൻസ്റ്റയിന്റെ ശുപാർശയനുസരിച്ച് ഒരു കൊല്ലം പ്രിൻസ്റ്റണിലെ ഉപരിപഠനത്തിനായുള്ള ഇൻസ്റ്റിറ്റ്യൂട്ടിൽ കഴിഞ്ഞുകൂടുവാൻ ഇൻഫെൽഡ് വന്നതായിരുന്നു സന്ദർഭം. പ്രിൻസ്റ്റണിലെ താമസത്തിനിടയ്ക്ക് 'ദി ഇവല്യൂഷൻ ഒഫ് ഫിസിക്സ്"(1) എന്ന ഗ്രന്ഥത്തിന്റെ രചനയിൽ പ്രൊ. ഐൻസ്റ്റയിന്റെ സഹകാരിയായിരിക്കുവാനുള്ള അപൂർവ്വഭാഗ്യം ഡോ. ഇൻഫെൽഡിനു ലഭിക്കുകയുണ്ടായി. ഡോ. ഇൻഫെൽഡിന്റെ കൃതിയായ കെസ്റ്റ് ദി ഇവല്യൂഷൻ ഒഫ് ഏ സയന്റിസ്റ്റ്"(2) എന്ന ഗ്രന്ഥത്തിൽനിന്ന് ഐൻസ്റ്റയിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായം ചുവടെ പകർത്തുന്നു.

"ഐൻസ്റ്റയിൻ ഇംഗിതജ്ഞനും ക്ഷമാശീലനും ഉദാരമതിയുമായിരുന്നു എങ്കിലും അദ്ദേഹവുമായി സഹകരിച്ചു പ്രവർത്തിക്കുക അത്ര എളുപ്പമായിരുന്നില്ല. അദ്ദേഹത്തിന്റെ ഭാവനകളുടെ സമൃദ്ധിയായിരുന്നു അതിനു കാരണം. അതായത് ഏതു സമയത്തും അദ്ദേഹം പ്രദർശിപ്പിച്ചുവന്ന വൈദഗ്ദ്ധ്യം എന്നെ വളരെയധികം പിന്നിലാക്കുക മാത്രമല്ല സദാ സംഭ്രമത്തോടുകൂടി പ്രവർത്തിക്കുവാനും നിർബ്ബന്ധിച്ചുകൊണ്ടിരുന്നു. ചലനവിഷയകമായി സഹകരിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്നകാലത്തു ഞങ്ങൾക്ക് അഭിമുഖീകരിക്കേണ്ടിയിരുന്ന ഗഹനങ്ങളായ

(1) The evolution of Physics. (2) Quest: the evolution of a Scientist.

കുഴപ്പങ്ങളെ തരണം ചെയ്യുന്ന കാര്യത്തിൽ, അദ്ദേഹത്തോടൊത്തു മുന്നേറുവാൻ എനിക്കു വളരെയധികം പണിപ്പെടേണ്ടിയിരുന്നു.

ഞങ്ങൾ പിരിഞ്ഞുകഴിഞ്ഞാൽ, അവസാനമായി ചർച്ചചെയ്ത കാര്യത്തെപ്പറ്റി ചില രാത്രികളിൽ ഞാൻ ആലോചന തുടരുമായിരുന്നു. ഒരു പുതിയ കാഴ്ചപ്പാടിൽ നിന്ന് ആ വിഷയത്തെ വിശദീകരിക്കുവാൻ പോരുന്ന ഒരു നൂതനാശയം എനിക്കു പെട്ടെന്നു തോന്നിയേക്കാം. അടുത്ത ദിവസം ഐൻസ്റ്റയിനെ കാണുവാൻ ഞാൻ ബദ്ധപ്പെട്ടു ചെല്ലും. ഞാൻ കണ്ടെത്തിയ നിഗമനത്തിൽത്തന്നെ അദ്ദേഹവും എത്തിയിരിക്കുന്നുവെന്നും ആ വിചിന്തനത്തിൽ അദ്ദേഹം കുറെക്കൂടി പുരോഗമിച്ചിട്ടുണ്ടെന്നുമായിരിക്കും പലപ്പോഴും ഞാൻ കണ്ടെത്തുന്നതു്."

മറ്റു പലരും ഡോ. ഐൻസ്റ്റയിനിൽ ദർശിച്ചിരുന്ന ഒരു പ്രത്യേകത ഡോ. ഇൻഫെൽഡിനെറ ശ്രദ്ധയിലും പെട്ടകയുണ്ടായി. സമുദായത്തോടുള്ള അത്യധികമായ താത്പര്യവും, വ്യക്തികളോടുള്ള ബന്ധം തിരസ്കരിക്കുവാനുള്ള അഭിലാഷവുമായിരുന്ന അതു്. മാനവവർഗ്ഗത്തിനെറ ഭാവിയെക്കുറിച്ചു് അദ്ദേഹം മനഃക്ഷോഭത്തോടുകൂടി വേവലാതിപ്പെടാറുണ്ടായിരുന്നു. അതേ സമയംതന്നെ മറ്റുള്ളവരുടെ ശല്യമില്ലാതെ തനെറ ജോലിയിൽ വ്യാപൃതനായി കഴിയുവാനും അദ്ദേഹം ആശിച്ചിരുന്നു. തനെറ ഭാവനകളുടെയും ചിന്തകളുടെയും ലോകത്തിൽ കഴിഞ്ഞുകൂടുവാൻ അദ്ദേഹം ആഗ്രഹിച്ചു.

അങ്ങിനെയുള്ള ലോകത്തിൽ തനിക്കു വല്ല സഹായത്തിനും ആരുമുണ്ടോ എന്നു് അദ്ദേഹം ഗൌനിച്ചിരുന്നില്ല.

1936 മുതൽ 1938 വരെ ഡോ ഇൻഫെൽഡ് പ്രിൻസ്റ്റണിൽ ഉണ്ടായിരുന്നു. ആ കാലഘട്ടത്തിൽ അദ്ദേഹം ഡോ. ഐൻസ്റ്റയിനെ സന്ദർശിക്കാത്ത ദിവസം ചുരുങ്ങും. അദ്ദേഹത്തിന്റെ ഭാഷയിൽതന്നെ പറയുന്നതായാൽ 'ഐൻസ്റ്റയിന്റെ ജീവിതത്തിലെ ധീരമായ മുന്നേറ്റം അദ്ദേഹത്തിന്റെ മനസ്സിനേറ്റതാണു്' എന്നും ഇൻഫെൽഡ് ഗ്രഹിച്ചു. ആൽബർട്ട് ഐൻസ്റ്റയിൻ അദ്ദേഹത്തിനേറ്റതായ ഒരു പ്രത്യേക ലോകത്തിൽ ജീവിച്ചിരുന്നു. ജാഗ്രദവസ്ഥയിൽ വർത്തിച്ച ഓരോ നിമിഷവും അദ്ദേഹത്തിന്റെ മനസ്സ് നവനവങ്ങളായ ധീരചിന്തകളിൽ നിമഗ്നമായിരുന്നു. താൻ ഒരു ലൈറ്റ് ഹൌസ് സൂക്ഷിപ്പുകാരനായിരിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെന്നു് ഐൻസ്റ്റയിൻ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. അങ്ങിനെയാണെങ്കിൽ മുഴുവൻ സമയവും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാമല്ലൊ. ഒരു ലൈറ്റ് ഹൌസ് സൂക്ഷിപ്പുകാരനായിരുന്നെങ്കിൽ പ്രൊ. ഐൻസ്റ്റയിൻ സംതൃപ്തനായിരിക്കുമായിരുന്നു. പക്ഷെ മറ്റു പലർക്കും ആ ഏകാന്തവാസം അസഹ്യമായിട്ടായിരിക്കും തോന്നുക.

താൻ എത്ര പ്രസിദ്ധനാണെന്നു ഐൻസ്റ്റയിൻ ധരിച്ചിരുന്നില്ല എന്നും ഡോ ഇൻഫെൽഡ് മനസ്സിലാക്കി. ഒരു ദിവസം വൈകുന്നേരം അവരിരുവരും ചേർന്നു് (പ്രിൻസ്റ്റണിൽവച്ചു്) ഒരു ചലച്ചിത്രം കാണാ

വാൻ ചെന്നു. അവിടെ നടന്നതു് എന്തെന്നു് ഡോക്ടർ ഇൻഫെൽഡു് 'കൈസ്റ്റ്' എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നതു നോക്കുക. "പ്രിൻസ്റ്റണിൽപോലും ഐൻസ്റ്റയിനെ എല്ലാവരും ആത്തിയും അദ്ഭുതവും നിറഞ്ഞ കണ്ണുകളോടുകൂടിയാണു് വീക്ഷിച്ചുവന്നതു്. അതുകൊണ്ടു് ഞങ്ങൾ നടക്കുന്നതിനു് ആരംഭത്തിരക്കുള്ള തെരുവീഥികൾ വർജ്ജിച്ചിട്ടു് വിജനങ്ങളായ ഇടവഴികളും വയൽപ്പാതകളും സ്വീകരിച്ചുവന്നു. ഒരിക്കൽ ഒരു കാറു് ഞങ്ങളെ വഴിയിൽവച്ചു തടഞ്ഞുനിർത്തി. ഒരു ക്യാമറായും വഹിച്ചുകൊണ്ടു് ഒരു യുവതി ആ കാറിൽനിന്നു് ഇറങ്ങി. സംഭ്രമവും ലജ്ജയും കലർന്ന സ്വരത്തിൽ അവൾ ചോദിച്ചു :—

"പ്രൊ. ഐൻസ്റ്റയിൻ, നിങ്ങളുടെ ഒരു ഫോട്ടോ എടുക്കുവാൻ എന്നെ അനുവദിക്കുമോ ?"

"അതെ, തീർച്ചയായിട്ടും."

ഒരു നിമിഷത്തേയ്ക്കു് അദ്ദേഹം അനങ്ങാതെ നിന്നു. പിന്നീടു് സംഭാഷണം തുടർന്നു.

അങ്ങനെ ഒരു രങ്ഗം ഉണ്ടായതായി അദ്ദേഹത്തിനു് ബോധമുണ്ടായിരുന്നില്ലെന്നു പറയാം. എന്തെന്നാൽ ഏതാനും മിന്നിട്ടുകഴിഞ്ഞു് അവിടെ നടന്നതെന്തെന്നു് അദ്ദേഹം ഓർമ്മിച്ചില്ല എന്നതു നിശ്ചയമാണു്.

ഒരിക്കൽ പ്രിൻസ്റ്റണിൽവച്ചു് 'എമിലിസോളായുടെ ജീവിതം' എന്ന ചലച്ചിത്രം കാണുവാൻ ഞങ്ങളിരുവരുംകൂടി പോയി. ടിക്കറ്റു മേടിച്ചുകഴിഞ്ഞു് തിരക്കുള്ള

ഒരു വെയിറ്റിങ്ങ്റൂമിൽ ചെന്നു. പതിനഞ്ചു മിനിട്ട് കാത്തിരിക്കേണ്ടതുണ്ടെന്നു വെളിവായി. ഒന്നു നടന്നിട്ടു വരാമെന്ന് പ്രൊ. ഐൻസ്റ്റയിൻ അഭിപ്രായപ്പെട്ടു. ഞങ്ങൾ പുറത്തു് ഇറങ്ങിയപ്പോൾ ഞാൻ ഭാരവാഹകനോട് പറഞ്ഞു :—"ഞങ്ങൾ അല്പം കഴിഞ്ഞു മടങ്ങിവരും."

പക്ഷെ ഐൻസ്റ്റയിനു് വ്യാകുലത തോന്നി. അദ്ദേഹം ശ്രുതഗതിയായി ഇപ്രകാരം പറഞ്ഞു:—"ഞങ്ങളുടെ പക്കൽ ടിക്കറ്റില്ല. ഞങ്ങളെ കണ്ടാൽ തിരിച്ചറിയുമോ ?"

ഞങ്ങൾ നേരമ്പോക്കു പറയുകയാണെന്നു് ഭാരവാഹകൻ വിചാരിച്ചു. അയാൾ ചിരിച്ചുകൊണ്ടു പറഞ്ഞു : "അതേ, പ്രൊ. ഐൻസ്റ്റയിൻ തീച്ചയായും."

യുദ്ധകാലത്തു് പ്രിൻസ്റ്റണിൽപോലും അദ്ദേഹത്തിന്റെ ബന്ധവസ്സു് പ്രമാണിച്ചു് വളരെ കരുതലുകൾ ചെയ്യേണ്ടിയിരുന്നു. എന്തെന്നാൽ നാസികൾക്കു് ലോകമൊട്ടുക്കു് ഏജൻറന്മാരുണ്ടായിരുന്നു. അവരുടെ ആയിരം പവൻ പ്രതിഫലം അന്നും ഉയർന്നിരിക്കുകതന്നെ ചെയ്തു. ഐൻസ്റ്റയിനെ സംബന്ധിച്ചിടത്തോളം, അദ്ദേഹത്തിന്റെ ബന്ധവസ്സു്, ക്ലേശകരമായ ജോലിയിൽ ഏർപ്പെട്ടവാനുള്ള ഒരു സന്ദർഭം മാത്രമായിരുന്നു. അദ്ദേഹം ഇൻസ്റ്റിട്ട്യൂട്ടിലെ ഇതരശാസ്ത്രജ്ഞന്മാരോടുകൂടി ഗവേഷണത്തിലേർപ്പെട്ടു. ഐക്യനാടുകളിലെ പ്രമുഖയുദന്മാരോടൊത്തു് സ്വസമുദായാംഗങ്ങളുടെ കാര്യങ്ങൾക്കുവേണ്ടിയും അദ്ദേഹം പ്രവർത്തിച്ചുവന്നു.

അദ്ദേഹത്തിന്റെ രണ്ടു പുത്രന്മാരുടെ ജീവരക്ഷയെപ്പറ്റി അദ്ദേഹം വ്യാകുലനായി. പക്ഷെ രണ്ടുപേരും അന്ന് സുരക്ഷിതരായിരിക്കുകയായിരുന്നു. മൂത്തയാളായ ഫ്രാൻസ് ആൽബർട്ട് കാലിഫോർണിയായിൽ 'യു. എസ്. സോയിൽ കാൺസർവേഷൻ സർവീസി(1)ൽ കഴിഞ്ഞുവന്നിരുന്നു. രണ്ടാമനായ എഡ്വേർഡ് അയാളുടെ മാതാവായ, ഐൻസ്റ്റയിന്റെ പ്രഥമഭാര്യയോടുകൂടി സ്വിറ്റ്സർലണ്ടിൽ താമസിച്ചുവന്നു.

ഹിറ്റ്ലർ ക്രൂരത്വം ശക്തിമാനാവുകയും യൂറോപ്പിനെ ഒരു യുദ്ധരംഗമാക്കിത്തീർക്കുവാൻ കച്ചകെട്ടുകയും ചെയ്തുകൊണ്ടിരുന്ന ആ കാലഘട്ടത്തിൽ ജർമ്മനിയിലും പോളണ്ടിലും ഉണ്ടായിരുന്ന യൂദന്മാരുടെ നിലയെക്കുറിച്ച് ഡോ. ഐൻസ്റ്റയിൻ അധികമധികം ചിന്താക്രാന്തനായി. യൂറോപ്പു വിട്ടുപോകുവാൻ കഴിയാത്തവരും അതിന് ഉദ്ദേശിക്കാത്തവരുമായ അനുകൂലർക്കുവേണ്ടി ഐക്യനാട്ടുകളിൽ ഇരുന്നുകൊണ്ട് അദ്ദേഹത്തിന് എന്തു ചെയ്യുവാൻ കഴിയുമോ അതു പരമാവധി ചെയ്തുപോന്നു.

സിയോണിസ്റ്റുസംഘടനയും മറ്റു യൂദസംഘങ്ങളും നടത്തിയ വിരുന്നുകളിൽ അദ്ദേഹം സന്നിഹിതനായി; പ്രസംഗങ്ങളും നടത്തി; ലേഖനങ്ങളും രചിച്ചു പ്രസിദ്ധംചെയ്തു തന്റെ പേരു് ഉപയോഗിക്കുന്നതുകൊണ്ടു് വല്ല മെന്നയും സിദ്ധിക്കുമെന്നു് ബോദ്ധ്യമായപ്പോൾ എല്ലാം അതു് ഉപയോഗിക്കുവാൻ അദ്ദേഹം അനുവാദം നൽകിവന്നു.

---

(1) U. S. Soil Conservation Service.

പരസ്യമായി വയോലിൻ വായിക്കുകയില്ല എന്ന നിശ്ചയംപോലും അദ്ദേഹം ലംഘിക്കുകയുണ്ടായി. ജർമ്മനിയിലുണ്ടായിരുന്ന ശാസ്ത്രമണ്ഡലത്തിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകരുടെ നന്മയെ ഉദ്ദേശിച്ചു് ഒരു 'കച്ചേരി' നടത്തി. ന്യൂയോർക്കുനഗരത്തിലെ ഫിഫ്ത് അവന്യൂവിലുണ്ടായിരുന്ന മി. അഡോൾഫ് ല്യൂയിസന്റെ(1) ഗൃഹത്തിൽ ഒരു രഹസ്യസമ്മേളനം കൂടി. അവിടെ വച്ചായിരുന്നു ഡോ. ഐൻസ്റ്റയിന്റെ സംഗീതവിഷയകമായ അരങ്ങേറ്റം. ഇരുന്നൂറൻപതിൽപരം ആളുകൾ ആ ശാസ്ത്രജ്ഞന്റെ വയോലിൻവായന കേൾക്കുവാൻ സന്നിഹിതരായിരുന്നു. ഐൻസ്റ്റയിൻ വയോലിന്റെ ഒരറ്റം താടിക്കു താഴെ വച്ചു് ബോ കൊണ്ടു വായന തുടങ്ങിയപ്പോൾ ഒരു വിദഗ്ധസംഗീതജ്ഞന്റെ കച്ചേരിയാണു് അതെന്നു് അവിടെ കൂടിയിരുന്നവർക്കു് ബോദ്ധ്യമായി. വിനോദാർത്ഥം വയോലിൻവായനയിൽ ഏർപ്പെട്ടുവന്ന ഒരു സംഗീതപ്രിയനെക്കാൾ കച്ചേരി ആരംഭിക്കുവാൻ പോന്ന നിലയെത്തിയ ഒരു സംഗീതജ്ഞനായി ആ ശാസ്ത്രജ്ഞനെക്കുറിച്ചു് അവർക്കു തോന്നി.

പാലസ്തീനിലേക്കു പോകുവാൻ ഉദ്ദേശിക്കുന്ന യൂദന്മാർക്കുവേണ്ടി 'സംയുക്ത പാലസ്തീൻഅപ്പീൽ (2) പണപ്പിരിവു് നടത്തുവാൻ ആരംഭിച്ചതു് പ്രൊ. ഐൻസ്റ്റയിന്റെ 57-ാം പിറന്നാൾദിവസമായിരുന്നു. അതിനെ അവർ 'പാലസ്തീനിലേക്കുള്ള ഐൻസ്റ്റയിൻഫണ്ടു്'(3)

(1) AdolphLewisohn. (2) United Palestine appeal. (3) Einstein fund for Palestine.

എന്ന വിളിച്ചുവന്നു. അതു് ധനികന്മാരുടെ കാര്യം മാത്രമായിരുന്നില്ല; നേരെമറിച്ചു് എല്ലാവരെയും സംബന്ധിക്കുന്നതായിരുന്നു. ഒരു ഡോളറിലധികം സംഭാവന നൽകുവാൻ ആരെയും അനുവദിച്ചിരുന്നില്ല. അതായിരുന്നു ഐൻസ്റ്റയിനു് ഇഷ്ടമായ രീതിയും.

എൽസാഐൻസ്റ്റയിൻ 'പാലസ്തീനിലേക്കുള്ള വനിതകളുടെ ലീഗി'(1)ൽ ചേർന്നു പ്രവർത്തിച്ചുവന്നു. അങ്ങനെയുള്ളവരെ സഹായിക്കുന്ന കാര്യത്തിൽ അവർ ഭർത്താവിനോടു സഹകരിച്ചിരുന്നു. പക്ഷേ അവരിരുവരും ഐക്യനാടുകളിൽ ചെന്നെത്തി അല്പകാലത്തിനുള്ളിൽത്തന്നെ എൽസായുടെ ആരോഗ്യം ക്ഷയിച്ചുതുടങ്ങി. തൽഫലമായി അവർക്കു് വളരെയൊന്നും പ്രവർത്തിക്കുവാൻ ശേഷിയുണ്ടായിരുന്നില്ല. 1935 ഡിസംബറിൽ ഉണ്ടായ വൃക്കയ സംബന്ധമായ സുഖക്കേടുകാരണം ഒരുമാസത്തിലധികം കാലം ബ്രോൺക്സി(2)ലുള്ള മോൻറിഫ്ളോർ(3)ആശുപത്രിയിൽ അവർക്കു കിടക്കേണ്ടിവന്നു. ഒടുവിൽ പ്രിൻസ്റ്റണിലേക്കു മടങ്ങുവാൻ അവർക്കു ഡാക്ടറുടെ അനുവാദം ലഭിച്ചതു് 'മേലാൽ ഒരിക്കലും ക്ലേശകരമായ പ്രവൃത്തിയിൽ ഏർപ്പെടരുതു്' എന്ന കർശനമായ ആജ്ഞയോടുകൂടിയായിരുന്നു.

അന്നു് ഐൻസ്റ്റയിൻദമ്പതികൾ പ്രിൻസ്റ്റണിൽ 'മെർസർ' തെരുവി(4)ൽ ഒരു കെട്ടിടം വാങ്ങിക്കഴിഞ്ഞിരുന്നു. അവിടെയായിരുന്ന ഡോ. ഐൻസ്റ്റയിനും,

(1) Women's league for Palestine. (2) Bronx. (3) Montefiore. (4) Mercer Street.

മർഗാട്ടം, അദ്ദേഹത്തിന്റെ സെക്രട്ടറിയായിരുന്ന കുമാരി ഷെലൻഡ്യൂക്കാസും താമസിച്ചിരുന്നതു്. അതു് ഒരു ഒതുങ്ങിയ രണ്ടുനിലക്കെട്ടിടമാണു്. കപൂത്തിലെ കെട്ടിടം പോലെതന്നെ കുറഞ്ഞ ചെലവിൽ നിർമ്മിക്കപ്പെട്ടതായിരുന്ന ആ ഭവനം. എങ്കിലും അതു് കലാപരമായി സംവിധാനംചെയ്യപ്പെട്ടിരുന്നു. പിൻഭാഗത്തു് ഒരു പൂന്തോട്ടവും മുൻവശത്തു് പൂമുഖത്തിന്റെ മുകളിൽ പടർന്നുകിടക്കുന്ന ഒരു മുന്തിരിക്കൊടിയുമുണ്ടു്. ഡോ. ഐൻസ്റ്റയിന്റെ വായനമുറി രണ്ടാംനിലയിലാണു്. അതിനകത്തു് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും എഴുത്തുമേശയുമുണ്ടു്. എഴുത്തുമേശയ്ക്കു മുൻപിലുള്ള ചുമരിന്റെ സ്ഥാനത്തു് ഒരു നീണ്ട ജനാലയാണുള്ളതു്. അവിടെനിന്നാൽ ആ പൂന്തോട്ടം കാണാം.

പുസ്തകങ്ങളും, മഷിയും പേനയും, എഴുതുവാനുള്ള കടലാസ്സു് ഇത്രയുമേ അദ്ദേഹത്തിനു് ആവശ്യമുണ്ടായിരുന്നുള്ളു. അദ്ദേഹത്തിനു് ഒരു വലിയ പണക്കാരനാകാമായിരുന്നു. പക്ഷെ പണം സമ്പാദിക്കുന്നതിൽ അദ്ദേഹത്തിനു് ഒരിക്കലും താത്പര്യമുണ്ടായിരുന്നില്ല. യൂറോപ്പിൽവച്ചു് ഒരിക്കൽ അദ്ദേഹം ഒരു പത്രികയ്ക്കു് ഒരു ലേഖനമയച്ചു 'ഒരു ചില്ലിപോലും പ്രതിഫലം നൽകുകയില്ല' എന്ന വ്യവസ്ഥയിൽവേണം അതു പ്രസിദ്ധീകരിക്കുവാൻ എന്നും പത്രാധിപർക്കു് അദ്ദേഹം എഴുതുകയുണ്ടായി.

അദ്ദേഹം ആഡംബരങ്ങളുടെയോ നാട്ടുനടപ്പുകളുടെയോ ദാസനായിരുന്നില്ല. അദ്ദേഹത്തിനു ഏറ്റവും സൌകര്യ

മായി തോന്നിയിരുന്ന വേഷധാരണം ഉലഞ്ഞുകിടക്കുന്ന (മടക്കിത്തേയ്ക്കാത്ത) കാല്വറകം അയച്ചു ബെൽറ്റുചെയ്യുക, ടൈ കെട്ടാതെ ഉടുപ്പിന്റെ പുറത്തായി ഒരു സെവറർ ധരിക്കുക എന്നിവയായിരുന്നു. അങ്ങിനെയായിരുന്ന അദ്ദേഹം സാധാരണയായി വസ്ത്രധാരണം ചെയ്യാറു്. അദ്ദേഹം ഏറ്റവും സന്തോഷകരമായിരിക്കുന്നതു് വയോലിൻ വായിച്ചു വിനോദിക്കുമ്പോളും, പുകവലിച്ചുകൊണ്ടു വിശ്രമിക്കുമ്പോളും, ഗ്രന്ഥപാരായണത്തിൽ ഏർപ്പെട്ടിരിക്കുമ്പോളും ആയിരുന്നു. അതാണു് അദ്ദേഹം സ്വീകരിച്ചിരുന്ന പരിപാടികളും.

വള്ളംകളി അദ്ദേഹത്തിനു് ഇഷ്ടമുള്ള ഒരു വിനോദമായിരുന്നു. കപ്പൂത്തിലെ തടാകത്തിൽ കഴിച്ചുകൂട്ടിയ ആഹ്ലാദകരങ്ങളായ നിമിഷങ്ങളെ അദ്ദേഹത്തിനു് ഒരിക്കലും മറക്കുവാൻ കഴിഞ്ഞില്ല. 1935-ൽ, കണക്ടിക്കട്ടിൽ, കണക്ടിക്കട്ടുനദീതീരത്തുള്ള 'ഓൾഡ് ലൈം'(1) എന്ന പ്രദേശത്തു സ്ഥിതിചെയ്യുന്ന ഒരു വേനൽക്കാലവസതി അദ്ദേഹം വാടകയ്ക്കു് എടുത്തു. അയിടയ്ക്കുതന്നെ അദ്ദേഹം ഒരു 'പായ്ത്തോണി'യും സമ്പാദിച്ചു. നല്ല സൂര്യപ്രകാശമുണ്ടായിരുന്ന ഒരു ദിവസം, വേലിയിറക്കമുണ്ടായിരുന്നപ്പോൾ ലോകത്തിലെ ഏറ്റവും വലിയ ഗണിതജ്ഞൻ നദിയുടെ ആഴം നിർണ്ണയിച്ചതു തെറ്റിപ്പോയി. തന്നിമിത്തം അദ്ദേഹത്തിന്റെ തോണി മണൽപ്പരപ്പിൽ ചെന്നു് ഉറച്ചു. എന്താണു് അതിൽ വിഷമിക്കുവാനുള്ളതു്? ഒന്നുമില്ല. വേലിയേറ്റം ഉണ്ടാകുമ്പോൾ

(1) Old Lyme.

ആ തോണി മണൽപ്പരപ്പിൽനിന്ന് ഉയർത്തപ്പെടുകയും അങ്ങനെ അതു് ഇളകികിട്ടുകയും ചെയ്യുമല്ലോ. അതിനു വേണ്ടി അദ്ദേഹം കാത്തിരിപ്പായി. പക്ഷെ അതിനിടയ്ക്ക് ഒരു മോട്ടർബോട്ടിൽ വന്ന കുറെ സന്ദർശകന്മാർ തോണി വലിച്ചു വെള്ളത്തിലിറക്കുവാൻ അദ്ദേഹത്തെ സഹായിച്ചു. തങ്ങൾ ആരെയാണു് വൈഷമ്യത്തിൽ നിന്നു മോചിപ്പിക്കുന്നതെന്നു് അവർക്കു് അപ്പോൾ ബോദ്ധ്യമായിരുന്നില്ല.

കുറെ കൊല്ലങ്ങളായി ഡോ. ഐൻസ്റ്റയിൻ ഐക്യനാടുകളെ ഇഷ്ടപ്പെടുന്നുണ്ടായിരുന്നു. 1921-ൽ നടത്തിയ പ്രഥമസന്ദർശനം മുതല്ക്കുതന്നെ അദ്ദേഹത്തിനു് ആ നാട്ടിനോടുള്ള താത്പര്യം ക്രമേണ വരികയായിരുന്നു. ജാതിവ്യത്യാസമില്ലാത്തതും, ഏതൊരു വ്യക്തിക്കും — അയാൾ എത്ര താണനിലയിൽപ്പെട്ടിരുന്നവനായിരുന്നാലും ശരി — മുന്നേറുവാൻ സന്ദർഭവും സൌകര്യവും നൽകുന്നതുമാണു് ആ നാടു്.

1936 ജനുവരി 15-ാംതീയതി ആൽബർട്ടു് ഐൻസ്റ്റയിൻ ടെൻറണി(1)ലുള്ള മെർസർ താലൂക്കുകച്ചേരിയിൽചെന്നു് പൌരത്വത്തിനുള്ള അപേക്ഷാഫാറം ആവശ്യപ്പെട്ടു. "അതിനു് നിങ്ങൾ പോകേണ്ടതു് പോസ്റ്റാഫീസിലേയ്ക്കാണു്" എന്നായിരുന്നു അദ്ദേഹത്തിനു് ലഭിച്ച മറുപടി.

സന്തോഷത്തോടുകൂടി തലകുലുക്കിക്കൊണ്ടു് അദ്ദേഹം പോസ്റ്റാഫീസിലേയ്ക്കു യാത്രയായി. പതിനഞ്ചു

(1) Trenton.

മിന്നിട്ടുവേണ്ടിയിരുന്ന നടന്ന പോസ്റ്റാഫീസിലെത്തുവാൻ. മഴ പെയ്യുന്നുണ്ടായിരുന്ന. ഡോ. ഐൻസ്റ്റയിൻ ഹാറ്റ് ധരിച്ചിരുന്നില്ല. അദ്ദേഹം പോസ്റ്റാഫീസിൽ എത്തിയപ്പോഠം അദ്ദേഹത്തിന്റെ നീണ്ട നരച്ച തലമുടി നനഞ്ഞു കുതിന്ന് ശിരസ്സിനോട് ചേന്ന് ഒട്ടിക്കിടക്കുകയായിരുന്ന. അദ്ദേഹമാകട്ടെ അതൊന്നും അറിയാത്തമട്ടിലാണ് കാണപ്പെട്ടത്. അദ്ദേഹം പോസ്റ്റാഫീസിൽനിന്ന് അപേക്ഷാഫാറം വാങ്ങി അടയ്ക്കേണ്ട ചെറിയ ഫീസ് അടച്ചിട്ട വീട്ടിലേയ്ക്ക തിരിച്ചു. പൌരത്വം സംബന്ധിച്ചുള്ള ഏർപ്പാട്ട പൂത്തിയാകുവാൻ ഏതാണ്ട കൊല്ലങ്ങഠംകൂടി കഴിയേണ്ടിവന്ന.

1936 ഡിസംബറിൽ ഐൻസ്റ്റയിന്റെ കുടുംബത്തിൽ ഒരു നഷ്ടമേർപ്പെട്ടു. എൽസാഐൻസ്റ്റയിന്റെ ആരോഗ്യം ഏതാണ്ട മാസങ്ങളായി വളരെ മോശമാവുകയും ആ ശിശിരകാലത്ത് അവർ ഇഹലോകവാസം വെടിയുകയും ചെയ്തു. ബാഹ്യലോകത്തിന്റെ ദൃഷ്ടിയിൽ അത്രയേ നടന്നുള്ളൂ. പക്ഷെ ഭർത്തൃഭക്തിയും സ്നേഹവും നിറഞ്ഞ ഒരു പങ്കാളിയുടെ നഷ്ടമായിരുന്നു അത്. അത്.

ആ കുടുംബത്തിന്റെ ഉറ്റമിത്രമായിക്കഴിഞ്ഞിരുന്ന ഡോ. ഫ്ളെക്സ്നർ ഇപ്രകാരം ഒരു സന്ദേശം അയയിടയ്ക്ക പുറപ്പെടുവിച്ചു. "ദുഃഖത്തിൽ തങ്ങളുടെ ഏകാന്തതയെ സാഠ്ഠുക്കരം മാനിച്ചാൽ കൊള്ളാം എന്നതാണ് ഐൻസ്റ്റയിന്റെയും കുടുംബാംഗങ്ങളുടെ ആഗ്രഹം."

എൽസായുടെ മൃതശരീരം പ്രിൻസ്റ്റണിനു സമീപമുള്ള ശ്മശാനത്തിൽ സംസ്കരിക്കപ്പെട്ടു. പ്രൊ. ഐൻ

സ്റ്റയിൻ വീണ്ടും ഗവേഷണപ്രവർത്തനങ്ങളിൽ നിമഗ്നനായി. അദ്ദേഹത്തിന്റെ വ്യസനം ഒരു സ്വപ്നം കാര്യമായിരുന്നു. അതു് അദ്ദേഹം മാന്യമായും അടക്കത്തോടുക്കുടിയും സഹിച്ചു.

ഏതാനും മാസങ്ങൾ കഴിഞ്ഞു് കാലിഫോർണിയാ ഇൻസ്റ്റിട്യൂട്ടിലേയ്ക്കുള്ള പുതിയ വ്യോമദർശിനിയുടെ ഭീമാകാരമായ കുഴൽ പൂർത്തിയാക്കുന്നതു കാണുവാൻ അദ്ദേഹം ഫിലാഡൽഫിയായിലേയ്ക്കു പോയി. ആ ഉദ്ദേശത്തോടുക്കുടിത്തന്നെ കാലിഫോർണിയായിൽനിന്നു് ഡോ. മില്ലിക്കനും ഫിലാഡൽഫിയായിൽ ചെന്നിരുന്നു. മുൻപു സഹകരിച്ചു പ്രവർത്തിച്ചിരുന്ന ആ രണ്ടു ശാസ്ത്രജ്ഞന്മാരും ആ വ്യോമദർശിനിയുടെ കുഴലിന്റെ 'അവസാനപ്പണി' നോക്കിക്കൊണ്ടുനിന്നു. അതുവരെ നിർമ്മിക്കപ്പെട്ടതിൽ വച്ചു് ഏറ്റവും വലുതായിരുന്ന ആ സ്റ്റീൽ കുഴൽ. അതിനു് എഴുപത്തഞ്ചു ടൺ ഭാരമുണ്ടായിരുന്നു. ഭാവിയിൽ എന്നെങ്കിലും അതു് ലോകത്തിലെ ഏറ്റവും വലിയ വ്യോമദർശിനിയുടെ ഒരു ഭാഗമായിരിക്കുന്നതാണു്.

പ്രൊ. ഐൻസ്റ്റയിന്റെ ശ്രദ്ധ വീണ്ടും യൂറോപ്പിലെ കുഴപ്പങ്ങളിലേയ്ക്കു തിരിഞ്ഞു. ഹിറ്റ്ലർ ലോകത്തെ ഒരു പോക്കളമാക്കുവാൻ ഒരുമ്പെടുകയാണെന്നു് അദ്ദേഹത്തിനു തോന്നി. ഹിറ്റ്ലരെ തോല്പിക്കുവാൻ ലോകത്തിലെ ഇതരശക്തികളെല്ലാം യുദ്ധം ചെയ്യേണ്ടിവരുമെന്നും അദ്ദേഹത്തിനു് അറിയാമായിരുന്നു.

ഹിറ്റ്ലറുടെ ശക്തി വർദ്ധിച്ചുവരുന്നതും ലോകത്തിലെ ഇതരശക്തികൾ അതനുവദിച്ചുകൊണ്ടിരുന്നതും

അദ്ദേഹം നിരീക്ഷിച്ചുകൊണ്ടേയിരുന്നു. ജർമ്മനി 1936-ൽ റയിൻലാൻഡും 1938-ൽ ആസ്ട്രിയാ, ചെക്കോസ്ലൊവേക്കിയ എന്നീ രാജ്യങ്ങളും പിടിച്ചടക്കി. ജർമ്മൻകാർ പറഞ്ഞതു് ഇപ്രകാരമായിരുന്നു. ആസ്ട്രിയായും ചെക്കോസ്ലൊവേക്കിയായുംകൂടി കിട്ടിക്കഴിഞ്ഞാൽ പിന്നെ ഞങ്ങൾക്കു് കൂടുതലായി ഒന്നുംവേണ്ടാ. ഞങ്ങൾക്കു വികസിക്കുവാൻ കുറെ സ്ഥലം വേണം. അതുയേ ആവശ്യമുള്ളൂ".

ലോകത്തിലെ ഇതരരാഷ്ട്രങ്ങൾ ജർമ്മനിയെ വിശ്വസിച്ചു. തന്നിമിത്തം അതു് ആവശ്യപ്പെട്ടതു് എതിർത്തില്ല.

ഡോ. ഐൻസ്റ്റയിൻ ജർമ്മനിയിൽ താമസിച്ചിട്ടുണ്ടല്ലൊ. 1921-ൽ ഡോ. റത്തനായെ വധിച്ചതുമുതൽ ആ ആക്രമസംഘത്തിന്റെ വളർച്ചയെ അദ്ദേഹം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അലംഭാവമുണ്ടാകത്തക്കവണ്ണം അതുയുടെ അധികാരം നാസികൾക്കു് ഒരിക്കലും ലഭിക്കുന്നതല്ലെന്നും, അവർ ക്രൂരകൃത്യങ്ങളും കൊലപാതകങ്ങളും തുടർന്നുകൊണ്ടേയിരിക്കുമെന്നും അദ്ദേഹം ഗ്രഹിച്ചിരുന്നു.

ശാസ്ത്രത്തിന്റെതായിരിക്കും അവസാനത്തെ ഉത്തരമെന്നും ഡോ. ഐൻസ്റ്റയിനു് അറിയാമായിരുന്നു. ഏറ്റവുമധികം ശാസ്ത്രീയവിഷ്കാരങ്ങൾ കൈവരിച്ച ദേശം ജയിക്കുമെന്നും അദ്ദേഹം അറിഞ്ഞിരുന്നു. അതുകൊണ്ടു് ലോകമൊട്ടുക്കുള്ള ശാസ്ത്രീയവികാസങ്ങളെ അദ്ദേഹം അപ്പോളപ്പോൾ മനസ്സിലാക്കിവന്നു.

അദ്ധ്യായം ഇരുപത്തൊന്ന്

ആറ്റംബോമ്പ്.

ജർമ്മനിയിലെ കൈസർവിൽഹം ഇൻസ്റ്റിറ്റ്യൂട്ടിൽ ലബോറട്ടറിയും, വളരെയധികം പൊക്കമില്ലാത്തവളുമായ (സാധാരണമട്ടിലുള്ള) ഒരു യുദശാസ്ത്രജ്ഞ കുറെ കൊല്ലങ്ങളായി റേഡിയോ ആക്ടീവ് മൂലധാതുക്കളെക്കുറിച്ച് പരീക്ഷണങ്ങൾ നടത്തിവരികയായിരുന്നു. ഡോ. ലിസെ മെയ്റ്റ്നർ(1)എന്നാണ് അവരുടെ പേര്. അവരുടെ ശോഭനമായ ഗവേഷണജീവിതം ബർലിൻ സർവ്വകലാശാലയിൽ ഡോ. മാക്സ് പ്ലാങ്കിന്റെ അസിസ്റ്റന്റായി 1908-ൽ ആരംഭിച്ചു. ഒന്നാം ലോകമഹായുദ്ധകാലത്ത് ഫിസിക്കൽ റേഡിയോ ആക്ടിവിറ്റി (2) വകുപ്പു സംവിധാനംചെയ്യുന്നതിനുള്ള പരിപൂർണ്ണാധികാരം കൈസർവിൽഹം ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് അവർക്ക് ലഭിച്ചു.

1938-നോടടുപ്പിച്ച് ആ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് ഡോ. ഓട്ടോഹാൻ(3)ഡോ. ഈ. സ്ട്രാസ്മൻ(4)എന്നിവരുടെ സഹായസഹകരണങ്ങളോടുകൂടി അവർ യൂറാനിയം എന്ന മൂലധാതു ഉപയോഗിച്ച് ചില പരീക്ഷണങ്ങൾ നടത്തിവരികയായിരുന്നു. ആ മൂന്നു ശാസ്ത്രജ്ഞരും ന്യൂട്രോൺ വെടിയുണ്ടകൾ പ്രയോഗിച്ച് യൂറാനിയം പരമാണുക്കളെ(5) മർദ്ദിച്ചുവന്നു. യൂറാനിയത്തെക്കാൾ ശക്തിയുള്ളതും പുതിയതുമായി തോന്നിയ ഒരു റേഡിയോ

---

(1) Dr. Lise Meitner. (2) Physical Radioactivity.
(3) Otto Hahn. (4) Dr. E. Strassmann. (5) Atoms.

ആക്ടീവ് മൂലധാതു ഉത്പാദിതമായി. അപ്പോഠം ആ പ്രതിഭാസത്തിന് ശരിയായ വിശദീകരണം അവർക്ക് കണ്ടെത്തുവാൻ കഴിഞ്ഞില്ല. യുറാനിയം പരമാണു ഭേദിക്കപ്പെട്ട എന്ന അഭിപ്രായം ഡോ. ഹാനും, ഡോ. സ്ട്റാസ്മനും സ്വീകാര്യമായി തോന്നിയില്ല. നേരേ മറിച്ച് ഡോ. മെയ്റ്റ്നർ അതു സ്വീകരിക്കുവാൻ സന്നദ്ധയായി; മാത്രമല്ല ആ അടിസ്ഥാനത്തിൽ അവർ പ്രവർത്തനം തുടരുകയും ചെയ്തു.

1938-ൽ ജർമ്മനി ചരിത്രാതീതകാലത്തെ കിരാതത്വത്തിൽ വീണ്ടും അമഗ്നമായി. ഡോ. മെയ്റ്റ്നർ അവരുടെ ഗവേഷണത്തിലെ സുപ്രധാനവും രസകരവുമായ ഘട്ടത്തിൽ എത്തിയപ്പോഠം, താൻ ഒരു 'ആര്യേതര'(1)യായി മുദ്രയടിക്കപ്പെട്ടിരിക്കുന്നുവെന്നു ഗ്രഹിച്ചു അവർ ജോലി അവസാനിപ്പിച്ചിട്ട് ജീവനുംകൊണ്ട് ഓടി രക്ഷപ്പെടുവാൻ നിശ്ചയിച്ചു. ജർമ്മനിയിൽ താമസിച്ചുകൊണ്ട് പരമാണുപരമായ ഗവേഷണപ്രവർത്തനം തുടർന്നുകൊണ്ടു പോകുന്നതിന് ഡോ. മെയ്റ്റ്നറുടെ മേൽ ഹിറ്റ്ലർ വളരെയധികം സമ്മർദ്ദം ചെലുത്തുകയുണ്ടായി. പക്ഷെ അവർക്ക് അതു സ്വീകാര്യമായി തോന്നിയില്ല. ഒടുവിൽ സുഹൃത്തുക്കളുടെയും സഹപ്രവർത്തകരുടെയും സഹായത്തോടുകൂടി അവർ സ്വീഡൻരാജ്യത്തിലെ സ്റ്റോക്ക്ഹോം പട്ടണത്തിൽ ചെന്നുചേർന്നു. യുദ്ധത്തിൽ ജർമ്മനിയെ ജയിപ്പിക്കുമായിരുന്ന ചില രഹസ്യവിവരങ്ങളും

---

(1) Non-aryan.

തന്റെ നോട്ടുബുക്കിലും മനസ്സിലും ഒതുക്കിക്കൊണ്ടാണ് അവർ നാട്ടുവിട്ടത്.

സ്റ്റോക്ക്ഹോമിൽ ചെന്നുചേർന്ന് അധികം ചെല്ലും മുൻപ് അറാമിക് ഫിഷൻ(1) (പരമാണുഭേദനം) സംബന്ധിച്ചുള്ള പരീക്ഷണത്തിലെ ഗണിതരഹസ്യം ആ ശാസ്ത്രജ്ഞ കണ്ടെത്തി; അക്കാര്യം ഒരു ശാസ്ത്രപത്രികയിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

ഡോ. മെയ്റ്റ്നറുടെ പരീക്ഷണഫലങ്ങളെ, അവരുടെ മരുമകനായ ഡോ. ഓട്ടോ. ആർ. ഫ്രിസ്ച്(2) ആയിരുന്ന സ്വയോക്പേട്ടണത്തിലെ കൊളംബിയാ സർവ്വകലാശാലയിൽ ജോലിനോക്കിവന്ന ഡോ. നീൽസ് ഭോറി(3)ന് എഴുതി അയച്ചതു്. ഡോ. മെയ്റ്റ്നർ നടത്തിയ പരീക്ഷണങ്ങളെ, പ്രൊ. എൻറിക്കോ ഫെർമി(4)യുടെ സഹായത്തോടുകൂടി ഡോ. ഭോർ ആവർത്തിച്ചുനോക്കി.

ചിക്കാഗോ സർവ്വകലാശാലയിൻ ഡോ. ലിയോ സിലാർഡ്(5) എന്ന ശാസ്ത്രജ്ഞനും ഏതാണ്ടു് അതേ മാർഗ്ഗത്തിലൂടെയായിരുന്ന പ്രവർത്തിച്ചുവന്നതു്. സിലാർഡ്, ഫെർമി, ഭോർ തുടങ്ങിയവർക്ക് ഡോ. മെയ്റ്റ്നറുടെ ആവിഷ്കാരങ്ങളുടെ യുക്തിസംബന്ധമായ പ്രാധാന്യത്തെ—സാധ്യതകളെ—കുറിച്ചു സമ്യക്കായ ബോധമുണ്ടായി. അവർ പ്രൊ. ഐൻസ്റ്റയിനെ ആ വിവരം അറിയിച്ചു.

---

(1) Atomic fission. (2) Dr. Otto R. Frisch. (3) Dr. Niels Bohr. (4) Prof. Enrico Fermi. (5) Dr. Leo Szilard

പരമാണുപരമായ യുദ്ധംകൊണ്ടു് ഉണ്ടാകാവുന്ന അപകടങ്ങളെ വിശദീകരിച്ചുകൊണ്ടുള്ള ഭീർഘവും സൂക്ഷ്മവുമായ ഒരു ശാസ്ത്രീയപ്രബന്ധം ഡോ. സിലാർഡു് തയ്യാറാക്കി. ഗവേഷണവിഷയത്തിൽ ജർമ്മൻകാരെക്കാൾ തങ്ങൾ പുരോഗമിച്ചിട്ടുണ്ടെന്നു്, അമേരിക്കൻശാസ്ത്രജ്ഞന്മാക്കു് ആത്മവിശ്വാസമില്ലെന്നും ആ പ്രബന്ധത്തിൽ ഊന്നിപ്പറഞ്ഞിരുന്നു.

ഡോ. സിലാർഡിന്റെ പ്രബന്ധത്തെ സശ്രദ്ധം വായിച്ചുനോക്കിയിട്ടു്, 1939 ആഗസ്റ്റു് രണ്ടാംതീയതി —അതായതു് രണ്ടാംലോകമഹായുദ്ധം ആരംഭിക്കുന്നതിനു കൃത്യമായി ഒരു മാസം മുൻപു്—ഡോ. ഐൻസ്റ്റയിൻ പ്രസിഡൻറു് ഫ്രാങ്ക്ളിൻ ഡി. റൂസ്വെൽറ്റിനു്(1) ഒരു കത്തയച്ചു

1939 ആഗസ്റ്റു് 2.

സർ,

ഈ ഫെർമിയും, എൽ. സിലാർഡും ചേർന്നു് അടുത്ത കാലത്തു നടത്തിയ ചില പരീക്ഷണങ്ങളെക്കുറിച്ചു് അവർ എനിക്കു് എഴുതി അയച്ചിട്ടുണ്ടു്. ആസന്നഭാവിയിൽ യുറാനിയം എന്ന മൂലധാതു ഊർജ്ജത്തിന്റെ നൂതനവും സുപ്രധാനവുമായ ഒരു ഉറവിടമായി പരിണമിച്ചേയ്ക്കുവാൻ ഇടയുണ്ടെന്നു് ആ ലിഖിതത്തിൽനിന്നു് ഞാൻ മനസ്സിലാക്കുന്നു. ഇപ്പോൾ ഉളവായിട്ടുള്ള സ്ഥിതിഗതികളിൽപ്പെട്ട ചില കാര്യങ്ങൾ ജാഗ്രൂകമായ മേൽനോട്ടവും, വേണ്ടിവന്നാൽ ഭരണക്രൂടത്തിൽനിന്നുള്ള സജീവ

(1) Franklin D. Roosevelt.

നടപടികളും അർഹിക്കുന്നവയാണെന്ന് എനിക്കു തോന്നുന്നുണ്ട്.....

ഗണ്യമായ തോതിലുള്ള യുറാനിയത്തിൽ ഒരു ന്യൂക്ലിയർ ശൃംഖലാപ്രവർത്തനം(1) ആരംഭിക്കുവാൻ കഴിയുമെന്നും അങ്ങനെ വിപുലമായ തോതിൽ ഊർജ്ജവും, റേഡിയത്തെപ്പോലെയുള്ള ചില മൂലധാതുക്കളും ഉത്പാദിപ്പിക്കാമെന്നും വിശ്വസിക്കുവാൻ, ഫ്രാൻസിൽ ഡോ. ജോലിയോയും(2) അമേരിക്കയിൽ ഫെർമിയും സിലാർഡും കഴിഞ്ഞ നാലുമാസങ്ങളായി ചെയ്തുപോരുന്ന ഗവേഷണങ്ങളും വഴിതെളിച്ചിട്ടുണ്ട്. അടുത്തുതന്നെ അതു കൈവരുത്താമെന്ന കാര്യം മിക്കവാറും തീർച്ചപ്പെട്ടതുപോലെ തോന്നുന്നു.

ഈ പുതിയ പ്രതിഭാസം ബോമ്പു നിർമ്മാണത്തിനുപയോഗിച്ചു വഴിതെളിക്കുന്നതാണു്. അങ്ങനെ അത്യന്തം ശക്തിമത്തായ ഒരു പുതിയതരം ബോമ്പു് നിർമ്മിക്കപ്പെട്ടേയ്ക്കുമെന്നതു്—അതു തീർച്ചപ്പെട്ടതാവുന്നതല്ലെങ്കിലും—സങ്കല്പിക്കാവുന്നതുതന്നെ. ഈ ഇനത്തിൽപ്പെട്ട ഒരൊറ്റ ബോമ്പു് ഒരു ബോട്ടിൽകൊണ്ടുപോയി ഒരു തുറമുഖത്തിൽ വച്ചുപൊട്ടിച്ചാൽ, ആ തുറമുഖം മുഴുവൻ മാത്രമല്ല ചുറ്റുപാടുമുള്ള പ്രദേശങ്ങളും നശിക്കുവാൻ മതിയായേയ്ക്കും.

ജർമ്മനി കൈയടക്കിക്കഴിഞ്ഞ ചെക്കോസ്ലോവേക്കിയായിലെ ഖനികളിൽനിന്നുള്ള യുറാനിയം വില്പന തടഞ്ഞുകഴിഞ്ഞിരിക്കുന്നുവെന്നും ഞാൻ അറിയുന്നു. യുറാനിയം

(1) Chain Reaction (2) Dr. Joliot

സംബന്ധിച്ചു് അമേരിക്കയിൽ നടക്കുന്ന ചില ഗവേഷണ പ്രവർത്തനങ്ങളും ബർലിനിലെ കൈസർവിൽഹം ഇൻസ്റ്റിറ്റ്യൂട്ടിൽ അവതരിപ്പിച്ചുപോരുന്നുണ്ടു്. ആ ഇൻസ്റ്റിറ്റ്യൂട്ടുമായി ജർമ്മൻസേറ്റർ അണ്ടർ സെക്രട്ടറിയുടെ പുത്രനായ ഫാൺ വൈസേക്കറി(1)നു് ബന്ധമുള്ളതുകൊണ്ടാണു് അവിടെ കാലേക്രൂട്ടി ഇങ്ങനെ ഒരു നടപടി സ്വീകരിച്ചതെന്നും മനസ്സിലാക്കാവുന്നതാണു്.

എന്നു്,

നിങ്ങളുടെ വിശ്വസ്തനായ
ഏ. ഐൻസ്റ്റയിൻ.

നാസികളുടെ പടയേറ്റംകൊണ്ടു് പോളണ്ടു് തകർന്ന രണ്ടാഴ്ച കഴിഞ്ഞപ്പോൾ, അതായതു് 1939 ഒക്ടോബർ 11-ാം തിയതി ഡോ. സിലാർഡിന്റെ പ്രബന്ധവും അതോടുകൂടി അയയ്ക്കപ്പെട്ട ഡോ. ഐൻസ്റ്റയിന്റെ കത്തും പ്രസിഡൻറു് റൂസ്വെൽറ്റിനു കിട്ടി.

ലോകരുടെ ഭാഗ്യം കൊണ്ടെന്നു പറയട്ടെ, ഡോ. ഐൻസ്റ്റയിൻ നല്കിയ മുന്നറിയിപ്പിനെ പ്രസിഡൻറു് റൂസ്വെൽറ്റ് കാര്യമായിതന്നെ വീക്ഷിച്ചു. ആ വിഷയത്തെ സംബന്ധിച്ചുള്ള ഗവേഷണങ്ങളും ആരംഭിക്കുന്നതിനുവേണ്ടി ഒരു സംഘം ശാസ്ത്രജ്ഞന്മാരെ രഹസ്യമായി കൂടിക്കാഴ്ചകളിൽ സംയോജിപ്പിക്കുവാനുള്ള ആലോചന തുടങ്ങുകയും ചെയ്തു. ആൽബെർട്ട് ഐൻസ്റ്റയിൻ ആ സംഘത്തിലെ

(1) Von Weizsacker

ഒരു അംഗമായിരുന്നില്ല. ആറ്റംബോമ്പിന്റെ നിർമ്മിതിക്കുവേണ്ടി അദ്ദേഹം തന്റെ മെയ് അനക്കീട്ടേയില്ല. എന്തെന്നാൽ ആളുകളെ നശിപ്പിക്കുകയും അനർത്ഥങ്ങൾ ഉളവാക്കുകയും ചെയ്യുന്ന ഒരു ആയുധത്തിന്റെ നിർമ്മിതിക്കുവേണ്ടി അദ്ദേഹത്തിനു ഒരിക്കലും ജോലിചെയ്യാൻ സാധ്യമല്ലായിരുന്നു.

സാപേക്ഷതാവാദം സംബന്ധിച്ച് ആൽബർട്ട് ഐൻസ്റ്റയിൻ 1905-ൽ പ്രസിദ്ധംചെയ്ത പ്രഥമപ്രബന്ധങ്ങളിലൊന്നിൽ ഊർജ്ജവും പിണ്ഡവും തമ്മിലുള്ള ബന്ധം വെളിവാക്കുന്ന ഒരു ഗണിതസൂത്രം ഉരുത്തിരിച്ചെടുത്തിയിരുന്നു. പരമാണുവിന്റെ ഘടനയെക്കുറിച്ച് മനസ്സിലാക്കിയിട്ടില്ലാത്തവർക്ക് അക്കാര്യത്തെപ്പറ്റി നിരൂപിക്കുവാൻ കുറെയേറെ ബുദ്ധിമുട്ടുണ്ട്.

ഏതു പദാർത്ഥവും പരമാണുക്കൾ ചേർന്നുണ്ടായതാണ്. (സ്ഥിതിചെയ്യുന്നതിന്) സ്ഥലം (1) ആവശ്യമുള്ളതും പിണ്ഡം (2) തൂക്കം (3) എന്നീ ധർമ്മങ്ങളോടുകൂടിയതുമായ ഏതൊരു സാധനത്തെയും പദാർത്ഥം (4) എന്നാണ് ശാസ്ത്രജ്ഞന്മാർ വിളിച്ചുപോരുന്നത്. പദാർത്ഥങ്ങൾക്ക് മൂന്ന് അവസ്ഥകളുണ്ട്. ഘനം, ദ്രവം, വാതകം എന്നിവയാണവ.

പരമാണുക്കളെക്കുറിച്ചു പ്രതിപാദിക്കുമ്പോൾ സ്വർണ്ണം, വെള്ളി, ഇരുമ്പ് എന്നീ ലോഹങ്ങളിൽ ഒന്നിനെക്കുറിച്ചു ചിന്തിക്കുന്നതു സൌകര്യപ്രദമായി

(1) Space. (2) Mass. (3) Weight. (4) Matter.

രിക്കും. ഓക്സിജൻ, ഹൈഡ്രജൻ, ചെമ്പു്, യൂറാനിയം എന്നിവയെപ്പോലെതന്നെ മൻഡെലീഫ് മുന്നോറോളം മൂലധാതുക്കളെയും ഇതര പദാർത്ഥങ്ങളായി വിശകലനം ചെയ്യുന്നതിനു് സാദ്ധ്യമല്ല. അത്തരത്തിലുള്ള പദാർത്ഥങ്ങളെയാണു് മൂലധാതുക്കൾ (1) എന്നു വിളിച്ചുപോരുന്നതു്. വെള്ളം ഒരു മൂലധാതുവല്ല; അതു് ഒരു സംയുക്തക (2) മാണു്. ഓക്സിജൻ, ഹൈഡ്രജൻ എന്ന രണ്ടു മൂലധാതുക്കൾ സംയോജിച്ചു് ഉണ്ടാകുന്നതാണു് വെള്ളം.

ലോകത്തിലുള്ള എല്ലാ മൂലധാതുക്കളും മോളിക്യൂളുകൾ (3) കൊണ്ടു നിർമ്മിക്കപ്പെട്ടതാണു്. ഓരോ മോളിക്യൂളും ഒന്നോ അതിലധികമോ ആറ്റംകൊണ്ടുണ്ടാക്കപ്പെട്ടതാകുന്നു. നമുക്കു ചിന്തിക്കുവാൻപോലും വയ്യാത്തവണ്ണം അത്രയധികം ചെറുതായ ആറ്റത്തിനും ചില ഘടകങ്ങളുണ്ടു്. അതിന്റെ കേന്ദ്രഭാഗത്തായി ഒരു ന്യൂക്ലിയസ്സു(4)ണ്ടു്. ആ ന്യൂക്ലിയസ്സിനു ചുറ്റും ഏലക്ട്രോണുകൾ(5) എന്നു വിളിക്കപ്പെടുന്ന അതിസൂക്ഷ്മമാത്രങ്ങളായ ഗ്രഹങ്ങൾ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണു്. കുറെക്കൂടി സ്പഷ്ടമാക്കാൻ മറ്റൊരു വിശദീകരണം നല്കാം. സൂര്യനും, സൂര്യനെ ചുറ്റി നിയതങ്ങളായ പന്ഥാക്കളിൽക്കൂടി സദാ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഭൂമി, ശുക്രൻ, വ്യാഴം, ചൊവ്വ തുടങ്ങിയ ഗ്രഹങ്ങളും ഉൾപ്പെടുന്ന സൌരയൂഥത്തെപ്പറ്റി ചിന്തിക്കുക. സൌരയൂഥത്തെ അപ്പാടെ ചെറുതാക്കുവാൻ കഴിയുമെന്നിരിക്കട്ടെ. അതുകൊണ്ടു കാണുവാൻ വയ്യാത്ത

(1) Elements. (2) Compound. (3) Molecules.
(4) Nucleus. (5) Electrons.

വണ്ണം അത്രയധികം ചെറുതാക്കികഴിഞ്ഞാൽ അതു് ഒരു ആറ്റത്തപ്പോലെയിരിക്കും. അതായതു് സൂര്യനു് കേന്ദ്ര ഭാഗത്തിലെ ന്യൂക്ലിയസ്സിന്റെയും, സൂര്യനെ ചുറ്റിവരുന്ന ഗ്രഹങ്ങൾക്കു് എലക്ട്രോണുകളുടെയും സ്ഥാനമാണു് ഉണ്ടായിരിക്കുക.

നിങ്ങൾ വച്ചെഴുതുന്ന മേശ, നിങ്ങൾ വിചാരിക്കുന്നതുപോലെ ചത്തു വിറങ്ങലിച്ച ഒരു സാധനമല്ല. നേരേ മറിച്ചു് അതു് ഒരു വിശ്വമാകുന്നു. ചുറ്റിത്തിരിയുകയും കറങ്ങുകയും ചെയ്യുകൊണ്ടിരിക്കുന്ന നിരവധി സൌരയൂഥങ്ങളുടെ സമാഹാരമാണു് ആ വിശ്വം.

ഓരോ മൂലധാതുവിന്റെ പരമാണുവിനും ഓരോ പ്രത്യേക രൂപമാണുള്ളതു്. ഇതു് പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണു്. ഹൈഡ്രജൻ വാതകത്തിന്റെ പരമാണുവിനാണു് ഏറ്റവും ലളിതമായ രൂപം. എന്തെന്നാൽ അതിലെ ന്യൂക്ലിയസ്സിനെ ഒരൊറ്റ എലക്ട്രോൺ മാത്രമേ ചുറ്റിവരുന്നുള്ളൂ. വെള്ളി എന്ന ലോഹത്തിന്റെ പരമാണുവിൽ, ന്യൂക്ലിയസ്സിനെ ചുറ്റിവരുന്ന എലക്ട്രോണുകളുടെ എണ്ണം 47 ആകുന്നു. വളരെയധികം കനമുള്ള ഈയം എന്ന ലോഹത്തിന്റെ ആറ്റത്തിൽ 82 എലക്ട്രോണുകൾ ന്യൂക്ലിയസ്സിനെ ചുറ്റിവരുന്നുണ്ടു്. പരമാണുക്കൾക്കുള്ള രൂപങ്ങൾ ശാശ്വതങ്ങളാകുന്നു. ഈയം എന്ന ലോഹത്തിന്റെ പരമാണുവിൽ ന്യൂക്ലിയസ്സിനെ ചുറ്റിവരുന്ന എലക്ട്രോണുകളുടെ സംഖ്യയിൽ വ്യത്യാസം വരുത്തുവാൻ പോരുന്ന വല്ലതും സംഭവിച്ചു എന്നു വിചാരിക്കുക. പിന്നീടു് ആ 'ഈയം' ഈയമല്ലാതെയായി

ത്തീരുന്നു. അതു് മറെറാരു ലോഹമായി പരിണമിക്കുന്നു. അപ്പോഴും അതു് കാഴ്ചയിൽ എന്നപോലെ പെരുമാറ്റത്തിലും വ്യത്യസ്തമായിരിക്കും.

ഓരോ പരമാണുവിന്റെയും ഘടകങ്ങളിൽ ചിലതിനെ തമ്മിൽ ബന്ധിപ്പിച്ചുനിർത്തുന്ന ഒരു പ്രബലശക്തിയാണു് അറാമിക് ശക്തി.

ഊർജ്ജവും പിണ്ഡവും തമ്മിലുള്ള ബന്ധം വെളിവാക്കുന്ന ഗണിതസൂത്രം സ്ഥാപിച്ചപ്പോഴും, ബന്ധനത്തിലായ ഊർജ്ജമാണു് പിണ്ഡം എന്നും, എന്നെങ്കിലും ഒരു ദിവസം പരമാണുവിനെ തകർക്കുവാനും അങ്ങിനെ അതിൽ കുടികൊള്ളുന്ന ഊർജ്ജം വിമോചിതമാക്കുവാനും പോരുന്ന ഒരു മാർഗ്ഗം ആവിഷ്കൃതമാകുമെന്നും ഐൻസ്റ്റയിൻ വെളിവാക്കുകയുണ്ടായി.

മുപ്പത്തിനാലുകൊല്ലത്തിനുശേഷം 1939-ൽ യുറാനിയം എന്നമൂലധാതുവിന്റെ പരമാണുവിനെ പിളർക്കുവാൻ കഴിഞ്ഞുവെന്നും, അതു് വളരെയധികം ഊർജ്ജം വിമോചിപ്പിക്കുവാൻ കാരണമായിത്തീർന്നുവെന്നും പ്രസ്താവിച്ചിരുന്ന ഡോ. സിലാർഡിന്റെ പ്രബന്ധം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെട്ടപ്പോൾ അതിലെ പ്രസ്താവനകളുടെ പൊരുൾ അദ്ദേഹത്തിന് ശരിക്കു ബോദ്ധ്യമായി. ഉടൻതന്നെ അദ്ദേഹം പ്രസിഡൻറു റൂസ്വെൽററിനയച്ച ചരിത്രപ്രധാനമായ കത്തു് എഴുതുവാനിരുന്നു.

ഡോ. മെയ്റ്റ്നറും ഇതരജർമ്മൻശാസ്ത്രജ്ഞന്മാരും മറെറാരു റേഡിയോ ആക്ടിവു് മൂലധാതുവിൽനിന്നുണ്ടായ

വികിരണങ്ങളെ 'വെടിയുണ്ട'പോലെ പ്രയോഗിച്ചു് യുറാനിയത്തിന്റെ പരമാണുവിനെ പൊളിച്ചിരുന്നു. അവക്കു് (ആ വെടിയുണ്ടകളെ) യുറാനിയം പരമാണുവിന്റെ ഉള്ളിലേയ്ക്കു് പ്രയോഗിക്കുവാൻ കഴിഞ്ഞതുകൊണ്ടു് അതിലെ ന്യൂക്ലിയസ്സുകളം രണ്ടായി പിരിഞ്ഞു. ബേറിയവും, ക്രിപ്റ്റാൺ എന്നു് അവർ സങ്കല്പിച്ച അപൂർവ്വ വാതകവുമായിരുന്ന പിരിഞ്ഞുകിട്ടിയ പദാർത്ഥങ്ങളം. പിളർന്നുപോകുന്നതിനിടയ്ക്കു് യുറാനിയംപരമാണു വളരെയേറെ അറാമിക്ശക്തി വിമോചിപ്പിക്കുകയുണ്ടായി. അതിന്റെ ഉള്ളിലേയ്ക്കു കടത്തിവിട്ടതിന്റെ അരുപതു ലക്ഷം മടങ്ങിൽ കുറയാത്തതായിരുന്ന പുറത്തുവന്ന ഊർജ്ജം.

ലോകം ദഹിച്ചു ചാമ്പലാവുകയാണെന്ന വസ്തുതയാണു് പ്രൊ. ഐൻസ്റ്റയിനെ ക്ലേശത്തിൽ ചിന്താകുലനാക്കിയതു്. ലോകർക്കു് തമ്മിൽത്തല്ലി തലകീറിക്കൊണ്ടിരിക്കുവാനും, വസ്തുക്കളെ നശിപ്പിച്ചുകൊണ്ടിരിക്കുവാനും എന്നും കഴിയുന്നതല്ല. അതുകൊണ്ടു് ശരിയായ ലക്ഷ്യം ലോകസമാധാനമാണെന്നു് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. ലോകത്തിൽ സമാധാനവും സന്തോഷവും കൈവരുത്തുവാൻ തന്റെ കഴിവുകളെ പരമാവധി വിനിയോഗിക്കുവാൻ അദ്ദേഹം തയ്യാറായി.

1939-ാമാണ്ടു് വേനൽക്കാലത്തു് അദ്ദേഹം സമാധാനത്തെയും ഡെമോക്രസിയെയുംപറ്റി ലോകനേതാക്കന്മാർ(1) എന്ന ചലച്ചിത്രത്തിൽ പ്രത്യക്ഷപ്പെട്ടവാൻ

(1) World leaders on Peace and Democracy.

സമ്മതിച്ചു. ലോകത്തിൽ എങ്ങനെ സമാധാനം കൈവരുത്താം എന്ന വിഷയത്തെക്കുറിച്ചുള്ള ചെറുപ്രഭാഷണങ്ങളായിരുന്നു ആ ചിത്രത്തിലെ ഉള്ളടക്കം. കോർഡൽ ഹാം(1) തോമസ് മൻ(2) തുടങ്ങിയ മഹാന്മാരായിരുന്നു പ്രഭാഷകന്മാർ. സമാധാനപരിപാലനത്തിനു് ഒരു ലോകഗവർമ്മെൻറു് ഉണ്ടായിരിക്കേണ്ടതാണെന്നും ലോകത്തിലെ സകല രാഷ്ട്രങ്ങളാലും ആദരിക്കപ്പെടുന്നതായിരിക്കണം ആ ലോകഗവർമ്മെൻറെന്നും ഈ ചലച്ചിത്രത്തിൽ ആൽബർട്ടു് ഐൻസ്റ്റയിൻ പ്രസ്താവിക്കുകയുണ്ടായി. ന്യൂയോർക്കുപട്ടണത്തിലെ 'വേൾഡ് ഫെയറി'(3)ൽ ഈ ചലച്ചിത്രം ദിവസംതോറും ആയിരക്കണക്കായുള്ള ആളുകളെ പ്രദർശിപ്പിച്ചുവന്നു.

യൂറോപ്പിൽ സമരകോലാഹലങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. നാർവേ, ഡെൻമാർക്കു്, നെതർലാണ്ടു്, ബൽജിയം, ഫ്രാൻസ് എന്നീ രാജ്യങ്ങളെയെല്ലാം ഒരു കൊല്ലത്തിനകം ആക്രമിച്ചുകൊണ്ടു് ജർമ്മൻസേന കാട്ടുതീപോലെ പരന്നു. ഉദ്ദേശം വ്യക്തമായി; ഹിറ്റ്ലർ ലോകത്തെ ആക്രമിക്കുവാൻ തുനിഞ്ഞു് ഇറങ്ങിയിരിക്കുകയായിരുന്നു. അദ്ദേഹത്തെ അടിച്ചമർത്തേണ്ടതുണ്ടു്. അദ്ദേഹത്തിനു മനസ്സിലാകുന്നതു് സൈന്യങ്ങളുടേയും തോക്കുകളുടേയും ഭാഷ മാത്രമാണു്.

പ്രൊ. ഐൻസ്റ്റയിൻറെ നേതൃത്വത്തിൽ പതിനേഴു ശാസ്ത്രജ്ഞന്മാർക്രൂടി ഗ്രേറ്റ് ബ്രിട്ടനെയും മറ്റു സഖ്യകക്ഷികളെയും ഐക്യനാടുകളും സഹായിക്കണമെന്നു്

(1) Cordell Hull. (2) Thomas Mann. (3) World fair.

അപേക്ഷിച്ചുകൊണ്ടുള്ള ഒരു കത്ത് പ്രസിഡൻറ് റൂസ് വെൽറ്റിനയച്ചു. എല്ലാം തകർത്തു തരിപ്പണമാക്കുന്നതിനു മുൻപു് ഹിറ്റ്ലറെ തടഞ്ഞുനിർത്തണമെന്നു്.

ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഐൻസ്റ്റയിന്റെ ചിന്താഗതി വളരെയധികം മാറിക്കഴിഞ്ഞിരുന്നു. യുദ്ധം ഉണ്ടാകാതിരിക്കുന്നതിനു് ഒരാൾ ചെയ്യേണ്ടിയിരുന്നതു് യുദ്ധത്തിൽ ഏർപ്പെടുവാൻ വിസമ്മതിക്കുക മാത്രമാണെന്നു് അദ്ദേഹം ആദ്യകാലത്തു് വിചാരിച്ചിരുന്നു. ഹിറ്റ്ലറുടെ ഉഗ്രതയുടെ മുമ്പിൽ ഒരാൾ യുദ്ധത്തിൽ ഏർപ്പെടുവാൻ വിസമ്മതിച്ചുവെങ്കിൽ ആ നിമിഷം അയാളുടെ കഥ കഴിഞ്ഞതുതന്നെ. വേട്ടയാടി കീഴ്പെടുത്തേണ്ടിയിരുന്ന ഒരു വന്യമൃഗംപോലെതന്നെയായിരുന്നു ഹിറ്റ്ലർ.

പിന്നീടു് അഭിമാനിക്കുവാനിടയായ മറെറാരു കാര്യം 1940-ാമാണ്ടു് വേനൽക്കാലത്തു് ഡോ. ഐൻസ്റ്റയിൻ നിർവ്വഹിക്കുകയുണ്ടായി. അമേരിക്കൻ പൌരത്വത്തിനുള്ള അവസാനത്തെ പരിശോധനയുടെ വിധേയനാവുക എന്നതായിരുന്നു അതു്. പുതിയായ മർഗാട്ട്, 1933-ൽ യൂറോപ്പിൽനിന്നു് ആ കുടുംബത്തോടുകൂടി പോന്ന അദ്ദേഹത്തിന്റെ സെക്രട്ടറിയായ കുമാരി ഹെലൻഡുക്കാസ് എന്നിവരോടുകൂടി പരിശോധനയ്ക്കായി അദ്ദേഹം ന്യൂ ജെർസിയിൽപെട്ട ട്രെൻറൺ എന്ന സ്ഥലത്തുള്ള താലൂക്കുകച്ചേരിയിൽ ചെന്നു. അദ്ദേഹത്തിന്റെ തലമുടി ഉഷാറനികരംപോലെ വെളുത്തിരുന്നു. ശാന്തതയും ആർദ്രതയും കളിയാടുന്ന അദ്ദേഹത്തിന്റെ മുഖത്തിനു

ചുറ്റും ഒരു പ്രകാശപരിവേഷമെന്നപോലെ അതു കിടക്കുന്നുണ്ടായിരുന്നു.

ആ സന്ദർഭത്തിലും പത്രലേഖകന്മാർ അദ്ദേഹത്തിന്റെ പിന്നാലെക്കൂടുകയുണ്ടായി. "ഒരു പൌരനാകുവാൻ പോകുന്നു എന്ന പ്രതീക്ഷയിൽ നിങ്ങൾ സന്തോഷിക്കുന്നുണ്ടോ?" എന്ന് അദ്ദേഹത്തോട് ഒരാൾ ചോദിച്ചു.

"തീർച്ചയായും. ആരാണ് സന്തോഷിക്കാത്തത് " എന്നായിരുന്നു ഉന്മേഷത്തോടുകൂടി അദ്ദേഹം നൽകിയ മറുപടി.

ആ നവംബർമാസത്തിൽ അദ്ദേഹത്തിന് ഒന്നാമതായി വോട്ടുചെയ്യുവാൻ സാധിച്ചു.

ഒരു കൊല്ലത്തിനുമേൽ കഴിഞ്ഞു. 1941 ഡിസംബർ 7-ാംതീയതി ജപ്പാൻകാർ ഐക്യനാടുകളിലെ നാവികസേനയെ പേൾഹാർബറിൽചെന്നാക്രമിച്ചു. സഖ്യകക്ഷികളെ ഐക്യനാടുകൾ സഹായിക്കണോ എന്ന ചോദ്യം പിന്നീട് അവശേഷിച്ചില്ല. ഐക്യനാടുകൾ യുദ്ധരംഗത്തിലായിക്കഴിഞ്ഞുവല്ലൊ.

മുൻപു പ്രസ്താവിച്ചതുപോലെ യുദ്ധകാലത്തു് ആറ്റംബോമ്പിനുവേണ്ടിയോ മറ്റു മാരകായുധങ്ങൾക്കുവേണ്ടിയോ ഡോ. ഐൻസ്റ്റയിൻ ഒരു ജോലിയും ചെയ്തിരുന്നില്ല. അദ്ദേഹം ഐക്യനാടുകളിലെ നാവികവകുപ്പിൽ ഒരു ഉപഭോഷ്ടാവാ(1)യി ജോലി നോക്കിവരികയായിരുന്നു.

---

(1) Consultant to the United States Navy Departments' Bureau of ordnance on Special Mathematical problems.

ഈ പ്രവൃത്തിയിൽ ഏർപ്പെട്ടിരുന്ന കാലത്തും അദ്ദേഹം പ്രിൻസ്റ്റണിലെ ഇൻസ്റ്റിട്ട്യൂട്ടിൽതന്നെയായിരുന്നു വർത്തിച്ചത്.

യുദ്ധകാലത്തെ—1941 മുതൽ 1945 വരെയുള്ള—കഥ എല്ലാവർക്കും അറിവുള്ളതാണല്ലൊ. യൂറോപ്പിൽ ഹിറ്റ്ലറെ തോല്പിക്കുന്നതിനു് ആയിരക്കണക്കായുള്ള ആയുധങ്ങളും കോടിക്കണക്കായുള്ള ഉരുപ്പടിക വിലയുരുന്ന സാമഗ്രികളും വേണ്ടിവന്നു. യുദ്ധത്തിന്റെ അവസാനത്തെയല്ലാ V-E ദിനം കുറിക്കുന്നതു്. പിന്നീടും ജപ്പാൻകാരെ സൂക്ഷിക്കേണ്ടിയിരുന്നു.

1945-ൽ, തന്റെ അറുപത്താറാം പിറന്നാൾ കഴിഞ്ഞു് ഐൻസ്റ്റയിൻ പ്രിൻസ്റ്റണിലെ ഉപരിപഠനത്തിനായുള്ള ഇൻസ്റ്റിട്ട്യൂട്ടിലെ ഉദ്യോഗത്തിൽനിന്നു വിരമിച്ചു. ഉദ്യോഗത്തിൽനിന്നു വിരമിച്ചു എന്നു പ്രയോഗം കണ്ടു തെറ്റിദ്ധരിക്കരുതു്. പ്രൊ. ഐൻസ്റ്റയിനെപ്പോലെ സാമർത്ഥ്യവും മുറുമുറുക്കും ഉള്ള ഒരു വ്യക്തിക്കു് ഉദ്യോഗത്തിൽനിന്നു വിരമിക്കുവാൻ സാധ്യമല്ല. എന്തെന്നാൽ അതിനുശേഷവും അദ്ദേഹം ബഹുലകൃത്യൻതന്നെയായിരുന്നു. ദിവസംതോറും കുറെയേറെ സമയം അദ്ദേഹം ആ ഇൻസ്റ്റിട്ട്യൂട്ടിൽതന്നെയായിരുന്നു കഴിച്ചുവന്നതു്. അക്കാലത്തു് അദ്ദേഹത്തിന്റെ പ്രധാന ജോലി 1905-ൽ ആരംഭിച്ച ഗണിതസിദ്ധാന്തങ്ങളെ പൂർത്തിയാക്കുക എന്നതായിരുന്നു.

1945-മാണ്ടു് വേനൽക്കാലത്തു് ലോകസംഭവങ്ങൾ നടന്നതു് മിന്നൽവേഗത്തിലായിരുന്നു. യുദ്ധത്തിൽ ഉപ

യോഗിക്കേണ്ടിവന്ന ഒന്നാമത്തെ ആറ്റംബോമ്പ് ആഗ സ്റ്റുമാസം 6-ാംതീയതി ഹിറോഷിമയിൽ വീണു. 1941-ൽ 'പേറം ഹാർബർ' എന്ന പെട്ടെന്ന് ഐക്യ നാടുകളെ യുദ്ധത്തിലേയ്ക്കു നയിച്ചുവോ അതു പെട്ടെന്നു തന്നെ നാലു കൊല്ലത്തിനുശേഷം ആറ്റംബോമ്പ് യുദ്ധത്തെ അവസാനിപ്പിക്കുകയും ചെയ്തു.

പെട്ടെന്ന് യുദ്ധത്തിലെ ഏറ്റവും വലിയ രഹസ്യം പുറത്തായി. പരമാണുപരമായ ഗവേഷണങ്ങൾക്കുവേണ്ടി നിർമ്മിക്കപ്പെട്ട മൂന്നു നഗരങ്ങളും പൊതുജനദൃഷ്ടിയിൽ പെട്ടു. 1939-ൽ പ്രസിഡന്റ് റൂസ്വെൽറ്റിനു്, പ്രൊ. ഐൻസ്റ്റയിൻ കത്തയച്ചതിനുശേഷം, ആറ്റംബോമ്പു നിർമ്മാണം സംബന്ധിച്ചുള്ള ജോലിയിൽ ഏർപ്പെട്ടവന്നവരുടെ സംഖ്യ ഒരുലക്ഷത്തോളമായിരുന്നു. 1905-ൽ സ്പിറ്റ്സർലണ്ടിലുണ്ടായിരുന്ന 'പ്രഖ്യാതനല്ലാത്ത ഒരു യൂദവിദ്യാർത്ഥി' പ്രസിദ്ധം ചെയ്ത ഒരു ഗണിതസൂത്രത്തിൽ അധിഷ്ഠിതമായിരുന്ന ആ ശാസ്ത്രീയപ്രവർത്തനങ്ങളിൽ ഏറിയക്രൂരം. ആ യൂദവിദ്യാർത്ഥിയുടെ തലയ്ക്ക് പിന്നീട് ആയിരം പവൻ മാത്രമായിരുന്നു നാസികൾ കല്പിച്ച പ്രതിഫലം.

ഹിറോഷിമയിൽ ബോമ്പ് വീണദിവസം ഡോ. ഐൻസ്റ്റയിൻ സറനക് തടാക(1)ത്തിൽ വിശ്രമിക്കുകയായിരുന്നു. പത്രപ്രതിനിധികൾ അദ്ദേഹത്തെ കാണുവാൻ എത്തിയപ്പോൾ അദ്ദേഹത്തിന് വളരെയൊന്നും പറയുവാൻ ഉണ്ടായിരുന്നില്ല. ബോമ്പ് പ്രയോഗിച്ചതു് അറി

(1) Saranac lake.

ഞ്ഞപ്പോൾ അദ്ദേഹം എത്രമാത്രം ദുഃഖപരവശനായി എന്നോ, അവിടത്തെ മരണങ്ങളും മറ്റുനാശങ്ങളും അദ്ദേഹത്തിന്റെ ആർദ്രമനസ്സിനെ എത്രമാത്രം ക്ലേശിപ്പിച്ചു എന്നോ ആക്കും അറിയുവാൻ സാദ്ധ്യമായിരുന്നില്ല.

സനനക് തടാകത്തിൽ തന്റെ ബോട്ടുതുഴഞ്ഞു കൊണ്ടുപോകുന്നതുപോലെ അത്രസ്വാഭാവികമായ ഒന്നാണ് അറാമിക് ശക്തി എന്ന് അദ്ദേഹം അവിടെവച്ച്, തന്നെ കാണുവാൻ വന്നിരുന്ന പത്രലേഖകന്മാരോട് പറഞ്ഞു. അറാമിക് ശക്തികൊണ്ട് വീട്ടകർക്ക് ചൂട്ട നൽകുന്നതിനും, യന്ത്രങ്ങളോ വാഹനങ്ങളോ നടത്തുന്നതിനും കുറെ സംവത്സരങ്ങൾകൂടി കഴിയേണ്ടിവരുമെന്നും അദ്ദേഹം അവരെ അറിയിച്ചു.

അറാമിക് ശക്തി എത്രമാത്രം അപകടകരമാണെന്ന് മറ്റു് ആരെയുംകാൾ ക്രൂട്തലായി അദ്ദേഹത്തിന് ബോദ്ധ്യമായിരുന്നു അതിനു് മാനവസൌഖ്യത്തിനുള്ള മഹാശക്തിയായിരിക്കുവാൻ കഴിയും; അല്ലെങ്കിൽ മാനവസമുദായത്തെ നശിപ്പിക്കുവാനുള്ള സംഹാരശക്തിയായിരിക്കുവാൻ കഴിയും.

അറാമിക് ശക്തിയുടെ ഉപയോഗത്തെ നിയന്ത്രിക്കുവാൻ, വിശ്വാസ്യമായ ഒരു ലോകഗവർമ്മെന്റു് സ്ഥാപിക്കുന്നതുവരെ ഐക്യനാട്ടകം അറാമിക് ബോമ്പിന്റെ രഹസ്യം സൂക്ഷിച്ചുകൊള്ളേണ്ടതു് പ്രഥമവും പ്രധാനവുമായ ഒരു കാര്യമാണെന്ന് അദ്ദേഹം ഒരു പത്രികാലേഖനത്തിൽ എഴുതുകയുണ്ടായി.

അറാമിക് പവ്വർ നിമിത്തം ഉണ്ടാകാവുന്ന ആപത്തുകളെക്കുറിച്ച് താൻ ഗ്രഹിച്ചിരുന്നതുപോലെ മറ്റുള്ളവരെയും ഗ്രഹിപ്പിക്കുക എന്നതായിരുന്ന അദ്ദേഹം അടുത്തതായി സ്വയം ഏറ്റെടുത്ത ജോലി.

അദ്ധ്യായം ഇരുപത്തിരണ്ട്

ആനന്ദപ്രദവും ആശ്ചര്യജനകവുമായ ഭാവി.

"നമ്മുടെ ആത്മരക്ഷ ആയുധക്കോപ്പുകളിലോ ശാസ്ത്രവികാസങ്ങളിലോ രഹസ്യസങ്കേതങ്ങളിലോ അല്ല സ്ഥിതിചെയ്യുന്നതു്; പിന്നെയോ അതു് ക്രമങ്ങളെയും നിയമങ്ങളെയും ആണു് ആശ്രയിച്ചിരിക്കുന്നതു്" എന്നു് ഐൻസ്റ്റയിൻ പ്രസ്താവിച്ചിട്ടുണ്ടു്.

അറാമിക് ശക്തി എന്ന വിഷയത്തെക്കുറിച്ച് ആൽബർട്ടു് ഐൻസ്റ്റയിൻ ഗാഢമായി ചിന്തിച്ചിരുന്നു. അതിന്റെ അപകടങ്ങളെപ്പറ്റി ലോകത്തിലുള്ള മറ്റാരെയുംകാൾ കൂടുതൽ അദ്ദേഹം ഗ്രഹിച്ചിരുന്നു. അറാമിക് ശക്തി ഉപയോഗപ്പെടുത്താതെയിരിക്കുവാൻ വല്ലതും ചെയ്യേണ്ടതുണ്ടെന്നും അദ്ദേഹം നല്ലപോലെ ധരിച്ചി

ട്ടുണ്ടായിരുന്നു. അതിനുവേണ്ടി ചിലനടപടികളും അദ്ദേഹം കൈക്കൊള്ളുകയും ചെയ്തു.

1946-ാമാണ്ടു് മേയ്മാസത്തിൽ അറ്റോമിക് ഗവേഷകന്മാരുടെ ഒരു 'അടിയന്തിരകമ്മിറ്റി' (Emergency Committee) രൂപവത്കൃതമായി. ആ സമിതിയിലെ അദ്ധ്യക്ഷൻ പ്രൊ. ഐൻസ്റ്റയിനും, ഉപാദ്ധ്യക്ഷൻ ചിക്കാഗോ സർവ്വകലാശാലയിലെ പ്രൊഫസ്സർ ഹരോൾഡ് സി. യുറെയുമായിരുന്നു' പല പ്രമുഖ ശാസ്ത്രജ്ഞന്മാർ * ആ സമിതിയിലെ അംഗങ്ങളായിരുന്നു.

ആയിടയ്ക്കു് ആവിഷ്കൃതമായ നൂതനവും അപായകരവുമായ ആ ശക്തിയെക്കുറിച്ചു് അമേരിക്കൻജനതയ്ക്കു് ശരിയായ ബോധം നൽകുക എന്ന ഉദ്ദേശത്തോടുകൂടി രൂപംകൊണ്ടതും സമ്മേളിച്ചതുമാണു് ആ അടിയന്തിരകമ്മിറ്റി. ഈ ശാസ്ത്രജ്ഞന്മാരിൽ, ഐൻസ്റ്റയിൻ ഒഴികെ, മറ്റെല്ലാവരും യുദ്ധത്തിനുവേണ്ടി അറ്റോമിക് ശക്തി സംബന്ധിച്ചു് ഗവേഷണത്തിൽ ഏർപ്പെട്ടിരുന്നവരായിരുന്നു. അതുകൊണ്ടുണ്ടാകാവുന്ന ആപത്തിനെക്കുറിച്ചും അവർ ഗ്രഹിച്ചിരുന്നു.

---

* Selig Hecht, Professor of Biophysics, Columbia University. Hans A. Bethe, Professor of Chemistry, University of Chicago. Philip M. Morse, Prof. of Physics, Massachusetts Inst. of Tech. Linus Pauling, Prof. of Chemistry, California Inst. of Tech. Leo Szilard, Prof. of Biophysics, University of Chicago Victor F. Weisskopf, Prof. of Physics, Massachusetts Inst. of Tech.

അതു കമ്മിറ്റി രൂപവത്കൃതമായതിൽ പിന്നീട് അവർ അറ്റാമിക് ശക്തി സംബന്ധിച്ചുള്ള വിവരങ്ങൾ ജനങ്ങളുടെ ഇടയിൽ പരത്തുന്നതിന് വിദ്യാഭ്യാസപരമായ പ്രചരണം നടത്തുന്നുണ്ടായിരുന്നു. അറ്റാമിക് ശക്തി നിയന്ത്രണാധീനമാക്കി വയ്ക്കുന്നതിന്റെ ആവശ്യകത ജനങ്ങൾക്ക് മനസ്സിലാകേണ്ടതുണ്ടല്ലൊ.

അറ്റാമിക് ശക്തിയെ ഏതു വിധത്തിൽ നിയന്ത്രിക്കാം ? വിശ്വാസ്യമായ ഒരു ലോകഗവർമ്മെൻറുമുഖേന മാത്രമേ അതു സാധിക്കുകയുള്ളു എന്നതാണ് അവരുടെ വിശ്വാസം. ഭിന്നഭിന്നരാഷ്ട്രങ്ങളായിക്കിടക്കുന്ന ലോകത്തിൽ സമാധാനം ഉണ്ടായിരിക്കുവാൻ സാദ്ധ്യമല്ല. അതിന് ക്രട്ടതൽ ശക്തിമത്തായ അറ്റാറം ബോമ്പുകൾ അത്യുമായി നിർമ്മിക്കുവാൻ കഴിയുമെന്ന് രാഷ്ട്രങ്ങൾ തമ്മിൽ മത്സരിച്ചുകൊണ്ടിരിക്കുന്ന ലോകത്തിൽ സമാധാനം ഉണ്ടാകുന്നതെങ്ങനെ ?

1946 നവമ്പറിൽക്കൂടിയ ആ കമ്മിറ്റിയുടെ സ്പെഷൽ സമ്മേളനത്തിൽവച്ച് ഡോ. യുറെ, ഡോ. ഹോഗ്നെസ്സ്, ഡോ. മോറിസൺ, ഡോ. സിലാർഡ്, പ്രൊഫെക്റ്റർ എന്നീ ശാസ്ത്രവിചക്ഷണന്മാർ ആ വിഷയത്തിന്റെ ഗൌരവത്തെക്കുറിച്ചു ചർച്ചചെയ്യുകയുണ്ടായി. അടുത്ത പ്രാസംഗികൻ ഡോ. ഐൻസ്റ്റയിനാണെന്നു പ്രഖ്യാപിച്ചപ്പോൾ അവിടെ ഉണ്ടായിരുന്നവരെല്ലാം ണ്ടീറ്റുനിന്ന് കൈകൊട്ടി.

ഡോ. ഐൻസ്റ്റയിൻ ഇപ്രകാരം ആരംഭിച്ചു. "ആറ്റംബോമ്പു്, മറ്റു മാരകായുധങ്ങൾ എന്നിവയിൽ നിന്നു രക്ഷനേടുന്നതിനു് നാം യുദ്ധത്തെയാണു് തടയേണ്ടതു്. നമുക്കു യുദ്ധത്തെ തടയുവാൻ കഴിഞ്ഞില്ലെങ്കിൽ ഓരോ രാജ്യവും അതിനു കൈയിൽ കിട്ടുന്ന സകലവിധത്തിലുള്ള ആയുധങ്ങളും പ്രയോഗിക്കുകതന്നെ ചെയ്യും".

അദ്ദേഹം അഞ്ചോ പത്തോ മിനിട്ടുനേരത്തേയ്ക്കു സംസാരിച്ചുള്ളു. എങ്കിലും ആ ചുരുങ്ങിയ സമയത്തിനുള്ളിൽ അദ്ദേഹം വളരെയേറെ കാര്യങ്ങൾ പറഞ്ഞു. "ഈ വിപൽഘട്ടത്തെക്കുറിച്ചു് ശക്തിമത്തായ പൊതുജനബോധം ഉണ്ടായില്ലെങ്കിൽ നാം അപകടത്തിൽചെന്നു ചാടുമെന്നു് ഞാൻ വിശ്വസിക്കുന്നു...അതുകൊണ്ടു്, ഈ പ്രാഥമികവസ്തുതയെക്കുറിച്ചു മനസ്സിലാക്കുവാൻ, ചുരുങ്ങിയ സമയംകൊണ്ടു് ആളുകളെ തയ്യാറാക്കണം. ഇത്രയേ എനിക്കു പറയുവാനുള്ളൂ" എന്നാണു് അദ്ദേഹം ആ പ്രസങ്ഗം അവസാനിപ്പിച്ചതു്.

അദ്ദേഹത്തിന്റെ പ്രസങ്ഗം ശ്രോതാക്കളുടെ വ്യഥയത്തിൽ നല്ലവണ്ണം പതിഞ്ഞു. അദ്ദേഹം പറഞ്ഞതു് അക്ഷരംപ്രതി ശരിയാണെന്നു് അവർക്കു ബോദ്ധ്യമായി. യുദ്ധങ്ങളെ തടയാതിരുന്നാലുള്ള അപകടങ്ങളെപ്പറ്റി മനസ്സിലാക്കുവാൻ പൊതുജനങ്ങളെ—അമേരിക്കയിലെ ജനങ്ങളെമാത്രമല്ല ലോകത്തിലെ ജനങ്ങളെ എല്ലാവരെയും—പഠിപ്പിക്കേണ്ടതുണ്ടു്. അടിയന്തിരകമ്മറ്റി സ്വയം ഏറ്റെടുത്ത ഒരു ജോലിയാണു് ഇതു്.

അടിയന്തിരകമ്മിറ്റി ശ്രുപവത്കൃതമായി രണ്ടു കൊല്ലംകഴിഞ്ഞപ്പോൾ പ്രൊ. ഐൻസ്റ്റയിന് മറെറാരു ബഹുമതി ലഭിച്ചു. ഏകലോകസമ്മാനം(1) ആണ് അതു്. ഐക്യനാട്ടുകളിലെ സ്റ്റേറ്റു് ഗവർണറന്മാർ, കാൺഗ്രസ്സുകാർ, സെനറേറഴ്സ്, ഗ്രന്ഥകാരർ, അദ്ധ്യാപകർ, പൌരനേതാക്കന്മാർ തുടങ്ങിയവരുടെ ഉത്തരവാദിത്വത്തിലുള്ള ഏകലോകസമ്മാനകമ്മിറ്റി അദ്ദേഹത്തിനു നല്കിയതാണ് ആ സമ്മാനം. 1948 ഏപ്രിൽ 27-ാം തിയതി പ്രൊ. ഐൻസ്റ്റയിന്—മറെറാരു രണ്ടു് അമേരിക്കാക്കാരോടൊത്തു്—കാർണീഗിഹാളിൽവച്ചു് ഒരു വെള്ളിഗ്ലോബും, ഒരു സൌഹൃദഅംബാസിഡർ എന്ന മട്ടിൽ, വെൻഡൽ വിൽക്കിയുടെ ഏകലോകപര്യടനമാർഗ്ഗത്തിൽക്കൂടിയുള്ള ഒരു പര്യടനസൌകര്യവും നൽകപ്പെട്ടു.

ആ സമ്മാനദാനവേളയിൽ ആ ഹാളിൽ സന്നിഹിതനായിരിക്കുവാൻ പ്രൊഫസ്സർ ഐൻസ്റ്റയിന്റെ ആരോഗ്യം അനുവദിച്ചില്ല. അതുകൊണ്ടു് അദ്ദേഹം ആ സമ്മേളനത്തിലേക്കു് ഒരു 'അംഗീകാരസന്ദേശം' അയച്ചുകൊടുത്തു. "വിധിയുടെ കൈകളിൽ അമർന്നിരിക്കുന്ന ഈ നിർണ്ണായകഘട്ടത്തിൽ നമ്മുടെ സഹപൌരന്മാരോടു പറയുവാനുള്ള ഏറ്റവും പ്രധാനപ്പെട്ട സങ്ഗതി ഇതാകുന്നു: രാഷ്ട്രീയജീവിതത്തിൽ നൈതികശക്തിക്കാണു് സർവ്വപ്രാധാന്യം എന്ന വിശ്വാസം എവിടെ പ്രബലമാകുന്നുവോ, അവിടെ ആ 'ശക്തിയുടെ ജീവിതം' ആരംഭിച്ചു. പിന്നീടു് ആ ശക്തിയെ ഒരു ഉപകരണമായി ഉപയോ

(1) One-world Award

ഗിക്കുവാൻ ഉദ്ദേശിക്കുന്ന മനുഷ്യരെക്കാൾ അല്പം ശക്തി മത്തായിതീരുകയും ചെയ്യുന്നു.....സമാധാനത്തിനും ഭദ്രതയ്ക്കും ഒരൊറ്റ മാർഗ്ഗമേയുള്ളൂ. ദേശീയതാതീതസംഘടന(1)യുടെ മാർഗ്ഗമാണ് അത്." ഇതായിരുന്നു ആ സന്ദേശത്തിലെ ഒരു ഭാഗം.

ഭാവി ആനന്ദകരവും അദ്ഭുതജനകവുമാണ്. അതിനെ അങ്ങിനെയാക്കുവാൻ നാം അനുവദിക്കണമെന്നേ ഉള്ളൂ. അയൽക്കാരനു് ശല്യംകൂടാതെ ജീവിക്കുവാനുള്ള അവകാശം അനുവദിക്കുന്ന ലോകത്തിൽ, സമാധാനവും സഹിഷ്ണുതയുമുള്ള ലോകത്തിൽ, ശാസ്ത്രമണ്ഡലത്തിലെ ആവിഷ്കാരങ്ങൾക്കു് മാനവജീവിതത്തെ സുഖകരവും സന്തോഷപ്രദവും ആക്കുവാൻ കഴിയുന്നതാണു്.

---

(1) Supra-national organisation.

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
7 AUG 1994		
22/1/98		
28 AUG 2000		
29 AUG 2004		

DC Library
0000 9914
LS EN49

ആന്ത്വർട്ട് ഐ

★

1905–ാമാണ്ട് അജ്ഞാതനായിരുന്ന ഒരു യുവാവ് ഏതാനും ശാസ്ത്രപ്രബന്ധങ്ങൾ പ്രസിദ്ധം ചെയ്തുതുടങ്ങി. പ്രകൃതിയെക്കുറിച്ചും പ്രപഞ്ചനത്തെക്കുറിച്ചും [illegible] ങ്ങിവച്ച ആ വേഖനങ്ങൾ [illegible] യിൽപ്പെട്ട [illegible] ങ്ങൾക്ക് [illegible] രിക്കുകയുണ്ടായി. അതോടുകൂടി ശാസ്ത്രലോകത്തിൽ ഒരു മഹാപ്രതിഭ ഉദയം ചെയ്തിരിക്കുന്നതായി [illegible] ടുകയുണ്ടായി. **ഉച്ചരവിൽ ഉദിച്ച്, ഉച്ചര[illegible] സന്ധ്യ, ഉച്ചത്തിൽ [illegible] രു** [illegible] പ്രതിഭാവിശേഷമാണ് ആൽബർട്ട് ഐൻസ്റ്റീൻ.

1879 മാർച്ച് [illegible] തി ആരംഭിച്ച ആദ്ദേഹത്തിന്റെ ജൈത്രയാത്ര 1955 ഏപ്രിൽ 18-ാം തീയതി അവസാനിച്ചു. ഏതാണ്ട് ഏഴര പതിറ്റാണ്ടുകാലത്തോളം [illegible] ന്ന മാനവരാശിയുടെ [illegible] ഭൂമിയിലെ [illegible] ഈ ഭൂഖണ്ഡത്തിലെ [illegible] ച്ച ഒരു മഹാപ്രതിഭ [illegible] ക്കുവേണ്ടി ധൈര്യം സന്തുലനം കൈവിടാതെ കാത്തുകാത്തിരുന്നു എന്നതാണ് ചരിത്രസത്യം.

ആ മഹാശാസ്ത്രജ്ഞന്റെ [illegible] മനുഷ്യസ്നേഹിയും, ധാരാളമായുള്ള ഉപകാരിയുമായിരുന്നു.